# കേരളത്തിലെ പാഠ്യപദ്ധതിയും വിദ്യാഭ്യാസ നിലവാരവും

371.20954
83

ഡോ. കെ. ശിവദാസൻപിള്ള

29.6.74

# കേരളത്തിലെ പാഠ്യപദ്ധതിയും വിദ്യാഭ്യാസനിലവാരവും

(Malayalam)

# KERALATHILE PATYAPADHATHIYUM VIDYABHYASANILAVARAVUM

Abstract of Ph. D. Thesis (Education)

**By Dr. K. SIVADASAN PILLAI, M. A., M. Ed., Ph. D.**
University of Kerala, Trivandrum_14

First Published October 1970

PRINTED AT VALSA PRINTERS, TRIVANDRUM–14

Price Rs. 8·00

Copyright
Dr. K. Sivadasan Pillai

Published by the Author

Distributors:

NATIONAL BOOK STALL
KOTTAYAM - TRIVANDRUM - ERNAKULAM - TRICHUR
PALGHAT - CANNANORE - QUILON - KOZHIKODE

# കേരളത്തിലെ പാഠ്യപദ്ധതിയും വിദ്യാഭ്യാസനിലവാരവും

7944

ഡോക്ടർ കെ. ശിവദാസൻപിള്ള

PG Library & Research Center

വിതരണം

**നാഷനൽ ബുക്ക്സ്റ്റാൾ**

കോട്ടയം

വില ക. 8·00

## ഡോ. കെ. ശിവദാസൻപിള്ളയുടെ

## കൃതികൾ

കേരളത്തിലെ പാഠ്യപദ്ധതിയും വിദ്യാഭ്യാസനിലവാരവും
നമ്മുടെ വിദ്യാഭ്യാസരംഗം
വിദ്യാഭ്യാസത്തിലെ കാലികപ്രശ്നങ്ങൾ
വിദ്യാഭ്യാസചിന്തകൾ
വിദ്യാഭ്യാസവും സമൂഹവും
Measurement and Evaluation in Education
Creativity in Education

371.2095483

1–1000

# മുഖവുര



1954 ജൂണിൽ ആണു് ഞാൻ അദ്ധ്യാപകവൃത്തി ആരംഭിച്ചതു്. അന്നാണു് നീരാവിൽ S. N. D. P. ഹൈസ്കൂളിൽ ഞാനൊരു ഗ്രാഡ്വേററദ്ധ്യാപകനായി നിയമിതനായതു്. പ്രായംകൊണ്ടും കായബലംകൊണ്ടും എന്നേക്കാൾ വളരെ മുന്നിലായിരുന്നു എൻെറ ആദ്യബാച്ചു് വിദ്യാൎത്ഥികളധികവും. പയററിത്തെളിഞ്ഞ കളരിയുടെ ഗുണമാകാം പിൽക്കാലത്തു് അദ്ധ്യാപനം എനിക്കു് പ്രിയംകരമായ കലയായിത്തീൎന്നു. 1962–വരെ പ്രസ്തുത സ്കൂളിൽ തുടൎന്ന എനിക്കു് B. T. യും M. Ed–ം ബിരുദങ്ങൾ നേടാനും വിദ്യാഭ്യാസത്തെപ്പററി ധാരാളം ചിന്തിക്കാനും പരീക്ഷണങ്ങൾ നടത്താനും അവസരങ്ങൾ ലഭിച്ചിരുന്നു. അദ്ധ്യാപകർ ആത്മാൎത്ഥമായി ശ്രമിച്ചാൽ, അവരോടൊപ്പം വിദ്യാൎത്ഥികളും രക്ഷകൎത്താക്കളും സൎവ്വാത്മനാ സഹകരിച്ചാൽ, മെച്ചപ്പെട്ട ഫലങ്ങൾ സിദ്ധിക്കുമെന്നു് അനുഭവത്തിലൂടെ തെളിയിക്കാൻ ഇതിനിടയ്ക്കു് എനിക്കു് കഴിഞ്ഞിരുന്നു. ഗവണ്മെൻറു് സർവീസിൽ ആകൃഷ്ടനായി 1962–ൽ ആദ്യസ്കൂൾ വിട്ട എനിക്കു് പുതിയ രണ്ടു സ്കൂളുകളിലായി–പടിഞ്ഞാറേക്കൊല്ലവും അഞ്ചാലുംമൂട്ടും– പലേ നൂതനാനുഭവങ്ങളും ഉണ്ടായി. സ്കൂളിലെ സാഹചര്യം വിദ്യാഭ്യാസനിലവാരം നിലനിൎത്തുന്നതിലും ഉയൎത്തുന്നതിലും കാര്യമായപങ്കു് വഹിക്കുന്നുണ്ടെന്ന എൻെറ വിശ്വാസം കൂടുതൽ ബലവത്തായി തീൎന്നു. മെച്ചപ്പെട്ട ശമ്പളത്തിനും പദവിക്കും

ഉണ്ടാകാവുന്ന സഹജമായ ആഭിമുഖ്യം എന്നെ 1963 ഫെബ്രു വരിയിൽ കൊച്ചിൻ നേവൽബേസിലെ സിവിലിയൻ എഡ്യു ക്കേഷൻ ഇൻസ്ട്രക്ടർ ജോലിയിൽകൊണ്ടെത്തിച്ചു. അന്നുവരെ യുണ്ടായിരുന്നതിൽനിന്നു് തികച്ചും വ്യത്യസ്തമായ സാഹചര്യ ങ്ങളാണവിടെ കണ്ടതു്. വെള്ളത്തിൽനിന്നും കരയ്ക്കുകയറിയ മത്സ്യത്തിന്റെ സ്ഥിതിയിലായി ഞാൻ. അവിടെനിന്നും രക്ഷ പ്പെടാനുള്ള അഭിവാഞ്ഛ എന്നെ കേരള സർവ്വകലാശാലാ വിദ്യാഭ്യാസവകുപ്പിൽ കൊണ്ടെത്തിച്ചെന്നു് പറഞ്ഞാൽ കഴി ഞ്ഞല്ലോ.

ദേശീയ വിദ്യാഭ്യാസഗവേഷണകൗൺസിലിന്റെ ആഭി മുഖ്യത്തിൽ 1963 മേയിൽ അവിടെ ആരംഭിച്ച ഒരു ഗവേഷണ പരിപാടിയിൽ ഞാൻ നിയമിതനായി. S.S.L.C. വിദ്യാർത്ഥി കളുടെ വിജയത്തെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങൾ അപഗ്രഥിക്കുന്നതായിരുന്നു പ്രസ്തുതപഠനം. അദ്ധ്യാപകർ എത്ര തന്നെ ആത്മാർത്ഥമായി ശ്രമിച്ചാലും പ്രതികൂലസാഹചര്യത്തിൽ ലഭ്യമാകാവുന്ന നേട്ടങ്ങൾക്കു് പരിമിതിയുണ്ടെന്നതായിരുന്നു പഠനത്തിലെ പ്രധാന നിഗമനം. ഈ വഴിക്കു് കൂടുതൽ പഠന ങ്ങൾ നടത്താൻ ഇതെന്നെ പ്രേരിപ്പിച്ചു. അതോടൊപ്പം 1963 ജൂണിൽ ഡാ. എൻ. പി. പിള്ളയുടെ ദൂരവീക്ഷണഫലമായി രൂപംകൊണ്ട ഫോറം ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആൻഡ് സ്റ്റഡീസിൽ ജോയിന്റു് സെക്രട്ടറിയായി തിരഞ്ഞെടു ക്കപ്പെട്ടതു് ഗവേഷണരംഗത്തേക്കെന്നെ കൂടുതൽ അടുപ്പിച്ചെന്നു പറയാം. വിദ്യാഭ്യാസനിലവാരത്തെപ്പററി നടത്തിയ സെമി നാറുകൾ പാഠ്യപദ്ധതിക്കു് നിലവാരത്തിന്റെ കാര്യത്തിൽ ഗണ്യമായ സ്ഥാനമുണ്ടെന്നു് വ്യക്തമാക്കുന്നവയായിരുന്നു. രണ്ടോ മൂന്നോ ദശകങ്ങളിലെ പാഠ്യപദ്ധതിപരിഷ്കാരങ്ങൾ അപഗ്രഥിച്ചാൽ വിദ്യാഭ്യാസനിലവാരത്തെ അതെങ്ങനെ ബാ ധിക്കുന്നുവെന്നു് കാണാൻ കഴിയുമെന്നും പ്രസ്തുതചർച്ചകൾ തെ ളിയിക്കയുണ്ടായി. ഈ സാഹചര്യത്തിലാണു് പ്രസക്തപഠനം സർവകലാശാലാധനസഹായക്കമ്മിഷന്റെ ഫെല്ലോഷിപ്പി നായി സമർപ്പിക്കപ്പെട്ടതും അന്നത്തെ വിദ്യാഭ്യാസവകുപ്പ്

മേധാവിയും ഡീനുമായിരുന്ന ഡാ: എൻ. പി. പിള്ളയുടെ നേതൃത്വത്തിൽ ഗവേഷണം നടത്തുന്നതിനു് അനുമതിലഭിച്ചതും 1964 ആഗസ്റ്റു് 5–നു് ആരംഭിച്ചതും.

''1934 മുതലിങ്ങോട്ടു് കേരളത്തിലെ പ്രൈമറി, സെക്കൻററി വിദ്യാലയങ്ങളിലെ പാഠ്യപദ്ധതിയിൽ വരുത്തിയ മാറ്റങ്ങൾ വിദ്യാഭ്യാസനിലവാരത്തെ എങ്ങനെ ബാധിച്ചിരിക്കുന്നു'' എന്നതായിരുന്നു ഞാൻ തിരഞ്ഞെടുത്തവിഷയം. പ്രസിദ്ധമായ സ്റ്റാത്താംകമ്മിറ്റി റിപ്പോർട്ടു് 1933-ൽ സമർപ്പിക്കപ്പെടുകയും 1934-ൽ പ്രാവത്തികമാക്കപ്പെടുകയും ചെയ്തതുകൊണ്ടും 1964-ൽ പഠനം ആരംഭിക്കുന്നതുകൊണ്ടു് അന്നുമുതൽ 30 കൊല്ലം പിറകോട്ടു് കണക്കാക്കിയുമാണു് എൻെറ ജനനത്തിനു ഒരു വർഷം മുമ്പു മുതലുള്ള പാഠ്യപദ്ധതി അപഗ്രഥിക്കാമെന്നു് നിശ്ചയിച്ചതു്. വിവിധ റിപ്പോർട്ടുകൾ കണ്ടെത്തി അപഗ്രഥിച്ചതിൽ നിന്നും എന്നെല്ലാമാണു് പാഠ്യപദ്ധതിപരിഷ്കാരങ്ങൾ ഉണ്ടായതെന്നു് നിർണ്ണയിക്കാൻ കഴിഞ്ഞു. അങ്ങനെ 7 തവണ പാഠ്യപദ്ധതിനവീകരണം നടന്നതായി മനസ്സിലായി. ഇവയെല്ലാം സംഭരിക്കുന്നതിനു് കഠിനാദ്ധ്വാനംതന്നെ വേണ്ടിവന്നു. അതുപോലെതന്നെ ഈ കാലഘട്ടത്തിൽ നിലവിലിരുന്ന പാഠപുസ്തകങ്ങളും ഉപയോഗിച്ച ചോദ്യക്കടലാസ്സുകളും സംഭരിക്കുന്നതും ഗവേഷകൻെറ ക്ഷമ പരീക്ഷിച്ച സന്ദർഭങ്ങളായിരുന്നു. അയൽ സംസ്ഥാനമായ തമിഴ്നാട്ടിലെ സിലബസ് നേടുന്നതിനേക്കാൾ പ്രയാസങ്ങൾ സഹിക്കേണ്ടിവന്നു നമ്മുടെ സംസ്ഥാനത്തേതു് കിട്ടുന്നതിനു്. കുട്ടികളുടെ ഉത്തരക്കടലാസ്സുകൾ ലഭ്യമല്ലാതിരുന്നതിനാൽ അവയുടെ അപഗ്രഥനം ഒഴിവാക്കയാണു് ചെയ്തതു്. അദ്ധ്യാപകർ, ഹെഡ്മാസ്റ്റർമാർ, ഭരണാധികാരികൾ, വിദ്യാഭ്യാസവിദഗ്ദ്ധർ എന്നിവരുൾപ്പെട്ട, ദകരളത്തിലെ ഇരുപ്പരെ പ്രതിനിധാനം ചെയ്യുന്ന, ഒരു സാമ്പിൾ കണ്ടെത്തി അവക്കു് പ്രത്യേകം തയാർ ചെയ്ത അഭിപ്രായാവലി വിതരണം ചെയ്തു് പൂരിപ്പിച്ചു വാങ്ങുകയും ചെയ്തു. ഇത്രയും ജോലി 966 നവംബറിനകം തീർക്കാൻ കഴിഞ്ഞു. ഈ ഘട്ടത്തിലാണു് ദേശീയ വിദ്യാഭ്യാസഗവേഷണകൗൺസിലിൻെറ പുതിയ

ഗവേഷണപദ്ധതി–7 മുതൽ 16 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കായി വാചികബുദ്ധിപരീക്ഷകൾ തയാറാക്കൽ–സർവകലാശാലാ വിദ്യാഭ്യാസവകുപ്പിൽ സമാരംഭിച്ചതു്. ഗവേഷണപ്രബന്ധം പൂർത്തിയാക്കും മുമ്പുതന്നെ പ്രസ്തുത പ്രോജക്ടിൽ സീനിയർ റിസർച്ച്ഫെല്ലോ ആയി ഞാൻ നിയമിതനാവുകയും ചെയ്തു. തുടർന്നു് 1967 മേയ്മാസത്തിനകം തീസിസ് പൂർത്തിയാക്കി യൂണിവേഴ്സിററിക്കു് സമർപ്പിക്കാൻ കഴിഞ്ഞു. ഓക്സ്ഫോർഡു് യൂണിവേഴ്സിററിയിലെ പ്രൊഫ: പീറേറഴ്സൺ, ബർമിംഗ്ഹാം യൂണിവേഴ്സിററിയിലെ പ്രൊഫ: ബറോസ്, ലക്നൗയൂണിവേഴ്സിറ്റിയിലെ പ്രൊഫ: മാത്തൂർ എന്നിവരടങ്ങിയ വിദഗ്ദ്ധസമിതിയുടെ പരിശോധനാറിപ്പോർട്ട് ലഭിച്ചതിനെത്തുടർന്നു് 1968 മേയിലാണു് എനിക്കു് കേരളായൂണിവേഴ്സിറ്റി ഡോക്ടറേറ്റു് നൽകിയതു്.

ഗവേഷണപഠനത്തിൻെറ നിഗമനങ്ങളും അവയുടെ അടിസ്ഥാനത്തിൽ മുന്നോട്ടു വച്ചിട്ടുള്ള നിർദ്ദേശങ്ങളും കേരളത്തിലെ സാമാന്യജനങ്ങൾക്കുകൂടി ലഭ്യമാക്കണമെന്നു് വിദ്യാഭ്യാസചിന്തകരും അദ്ധ്യാപകസുഹൃത്തുക്കളും മററാളുകളും തുടരെ കത്തുമൂലവും നേരിട്ടും ആവശ്യപ്പെട്ടതുകൊണ്ടാണു് ഒരു മലയാള പരിഭാഷ തയാറാക്കാൻ ഞാനൊരുമ്പെട്ടതു്. ഗവേഷണപ്രബന്ധത്തിൻെറ ഭാവത്തിനു് കോട്ടം തട്ടാതെയും എന്നാൽ വായനക്കാരെ അധികം മുഷിപ്പിക്കാതെയും പരിഭാഷ നടത്താൻ ശ്രമിച്ചിട്ടുണ്ടു്. കേരളസർവകലാശാലയിലെ വിദ്യാഭ്യാസഫാക്കൽറ്റിയിൽ നിന്നു് ഇദംപ്രഥമമായി ഒരു ഗവേഷണപ്രബന്ധം മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെടുകയാണെന്നതും ചാരിതാർത്ഥ്യജനകമാണു്. കലാശാലാമാദ്ധ്യമം മാതൃഭാഷയായിക്കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ ഈ സമീപനം ഒരടിയന്തിരാവശ്യവുമാണല്ലോ.

കേരളഭാഷാഇൻസ്റ്റിട്യൂട്ടിൻെറ സമയോചിതമായ ധനസഹായം, പരിമിതമാണെങ്കിൽക്കൂടി (೬00രൂ), ഈ ഗ്രന്ഥപ്രസാധനത്തിനു് വളരെയേറെ സഹായിച്ചിട്ടുണ്ടു്. ഇൻസ്റ്റിട്യൂട്ട് ഭാരവാഹികളോടു് എനിക്കുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തട്ടെ.

ഗവേഷണപ്രബന്ധം ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധീകരിക്കാൻ അനുമതി നൽകിയ സർവകലാശാലാഭാരവാഹികളോടും എനിക്കു് അതിയായ കൃതജ്ഞതയുണ്ടു്.

ഈ ഗവേഷണപഠനത്തിനു് രണ്ടരവർഷക്കാലം ഫെല്ലോഷിപ്പു് നൽകി സഹായിച്ച യൂണിവേഴ്സിററി ഗ്രാൻറ്സ് കമ്മീഷനോടുള്ള കടപ്പാടും വിസ്മരിക്കാവതല്ല.

വിദ്യാഭ്യാസഗവേഷണരംഗത്തെ എൻെറ വഴികാട്ടിയും ഉപദേഷ്ടാവുമായ ഡാ: എൻ. പി. പിള്ളയാണു് ഈ പഠനത്തിലും എന്നെ നയിച്ചതു്. ഇപ്പോഴദ്ദേഹം യുണെസ്കോയുടെ ഫിലിപ്പയിൻസിലുള്ള ഏഷ്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് ററീച്ചർ എഡ്യൂക്കേഷനിൽ വിദ്യാഭ്യാസഗവേഷണ വിദഗ്ദ്ധനായി ജോലി നോക്കുകയാണു്. അദ്ദേഹത്തോടു് എനിക്കു് അഗാധമായ കൃതജ്ഞതയാണുള്ളതു്.

പഠനത്തിനാവശ്യമായ റഫറൻസ്ഗ്രന്ഥങ്ങൾ, പാഠപുസ്തകങ്ങൾ, ഭരണറിപ്പോർട്ടുകൾ, സിലബസുകൾ, ചോദ്യക്കടലാസുകൾ മുതലായവ നൽകിയും അഭിപ്രായാവലി പൂരിപ്പിച്ചു തന്നും വേണ്ട സഹകരണവും പ്രോത്സാഹനവും നൽകിയ എല്ലാപേർക്കും പ്രത്യേകം പ്രത്യേകം നന്ദി രേഖപ്പെടുത്തട്ടെ.

ഗവേഷണത്തിലേർപ്പെട്ടിരുന്ന കാലത്തു് തങ്ങൾക്കു് ലഭിച്ചിരുന്ന സ്നേഹവാത്സല്യങ്ങൾക്കു് കോട്ടം തട്ടിയിരുന്നെങ്കിൽ കൂടി, എനിക്കു് വേണ്ടത്ര പ്രചോദനവും പ്രോത്സാഹനവും നൽകിയിരുന്ന എൻെറ കുടുംബാംഗങ്ങളോടും ഞാൻ കടപ്പെട്ടിരിക്കയാണു്.

ലക്ഷ്യപ്രാപ്തിയിലേക്കു് എന്നെ നയിച്ച എല്ലാപേർക്കും തുടന്നു് സഹകരിക്കുന്ന എല്ലാ നല്ലയാളുകൾക്കും നന്മ നേർന്നുകൊണ്ടു് ഈ ഗവേഷണഗ്രന്ഥപരിഭാഷ ഞാൻ കേരളത്തിലെ പ്രബുദ്ധരും സഹൃദയരുമായ ജനസമക്ഷം സമർപ്പിക്കുകയാണു്.

തിരുവനന്തപുരം
19-10-1970.

കെ. ശിവദാസൻപിള്ള

## ദളങ്ങൾ


പേജ്.

1. പ്രശ്നത്തിൻെറ പ്രാധാന്യവും വ്യാപ്തിയും 1
2. പാഠ്യപദ്ധതിയും വിദ്യാഭ്യാസനിലവാരവും 16
3. ബന്ധപ്പെട്ട പഠനങ്ങൾ 32
4. നിലവാരനിർണ്ണയം 43
5. കേരളത്തിലെ വിദ്യാഭ്യാസഘടന 57
6. പാഠ്യപദ്ധതിയുടെ സവിശേഷതകൾ 76
7. മലയാള പാഠപദ്ധതി 86
8. ഇംഗ്ലീഷ് പാഠപദ്ധതി 95
9. ഹിന്ദി പാഠപദ്ധതി 105
10. ഗണിതശാസ്ത്രപാഠപദ്ധതി 113
11. സയൻസ് പാഠപദ്ധതി 224
12. സാമൂഹ്യപാഠ പാഠപദ്ധതി 134
13. വിദ്യാഭ്യാസഘടനയും ഉള്ളടക്കവും കേരളത്തിലും തമിഴ്നാട്ടിലും— താരതമ്യപഠനം 143
14. പരീക്ഷാസമ്പ്രദായം 164
15. ചോദ്യക്കടലാസ്സുകളുടെ വിശകലനം 175
16. പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും 195
17. അഭിപ്രായാവലി 210
18. അഭിപ്രായാവലി അപഗ്രഥനം 224
19. നിഗമനങ്ങൾ 245
20. നിർദ്ദേശങ്ങൾ 273

സഹായകഗ്രന്ഥങ്ങൾ, ആനുകാലികപ്രസിദ്ധീകരണങ്ങൾ etc. 282

# കേരളത്തിലെ പാഠ്യപദ്ധതിയും വിദ്യാഭ്യാസ നിലവാരവും

## 1. പ്രശ്നത്തിൻെറ പ്രാധാന്യവും വ്യാപ്തിയും

വിദ്യാഭ്യാസനിലവാരം താണുപോകുന്നെന്ന മുറവിളി കേട്ടു തുടങ്ങിയിട്ട് കുറെ നാളായി. കേരളത്തിൽ മാത്രമല്ല, ഭാരതത്തിലും ലോകരാഷ്ട്രങ്ങളിലും ഈ മുറവിളി മുഴങ്ങുന്നുണ്ട്. നിലവാരം താണിട്ടുണ്ടെന്നു പറയുമ്പോൾ പലരും പലതാണ് അർത്ഥമാക്കുന്നത്. മുതിർന്ന തലമുറ, തങ്ങൾ വിദ്യാഭ്യാസം നേടിയ കാലത്ത് പഠിച്ച വിഷയങ്ങളും അവയുടെ ആഴവും പരപ്പും ഇന്നത്തേതുമായി താരതമ്യപ്പെടുത്തുകയാണ് ചെയ്യുന്നത്. തങ്ങൾ വിദ്യാർത്ഥികളായിരുന്നപ്പോൾ പഠിച്ചതിൻെറ പകുതിപോലും ഇന്നത്തെ കുട്ടികൾ പഠിക്കുന്നില്ലെന്നു അവർ ആരോപിക്കുന്നു. അവരിൽ തന്നെ ചിലർ അന്നത്തെ ഒന്നാംകിട വിദ്യാർത്ഥികൾ ഇന്നത്തെ ഒന്നാംകിട വിദ്യാർത്ഥികളേക്കാൾ മെച്ചമായിരുന്നെന്നു അവകാശപ്പെടുന്നില്ല. പണ്ടുകാലത്ത് അപ്രാപ്യങ്ങളായിരുന്ന പല കാര്യങ്ങളും ഇന്നത്തെ വിദ്യാർത്ഥിക്ക് സുഗ്രഹമാണെന്നും പൊതുവിജ്ഞാനത്തിൽ ഇന്നത്തെ വിദ്യാർത്ഥി പഴയ തലമുറയിലെ വിദ്യാർത്ഥികളെക്കാൾ മുൻപന്തിയിലാണെന്നും ഒട്ടു വളരെയാളുകൾ സമ്മതിക്കുന്നുണ്ട്. ശാസ്ത്രസാങ്കേതികരംഗങ്ങളിൽ ഉണ്ടായിട്ടുള്ള നൂതന പ്രവണതകൾ കൊച്ചുകുട്ടികൾക്കു പോലും അറിയാമെന്നും ചാന്ദ്രയാത്ര, ടെലിവിഷൻ, ഹൃദയം മാററിവയ്ക്കൽ മുതലായവയും കുടുംബാസൂത്രണത്തിൻെറ വിവിധ വശങ്ങളുംഇന്നത്തെ കുട്ടികൾ അറിയുന്നുണ്ടെന്നും ഒരുക്കൂട്ടർ വാദിക്കുന്നുണ്ട്. പൊതുവിജ്ഞാനം ഇന്നത്തെ കുട്ടിക്ക് ഏറെമെന്ന

തിൽ സംശയത്തിനവകാശമില്ല. അതേ സമയം സെക്കൻററി വിദ്യാഭ്യാസം പൂത്തിയാക്കി പുറത്തു വരുന്ന വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് പരിജ്ഞാനം തുലോം പരിമിതമാണെന്നും മാതൃഭാഷയിൽ ഏതാനും വാചകങ്ങൾ ശരിയായി എഴുതാനോ സംസാരിക്കാനോ കഴിയില്ലെന്നും ആരോപിക്കപ്പെടുന്നുണ്ട്. കലാശാലാബിരുദവുമായി പുറത്തിറങ്ങുന്നവരുടെ ഇംഗ്ലീഷ് പരിജ്ഞാനം കുറെ നാളായി വിമർശന വിധേയമായിട്ടുണ്ട്. തൊഴിലാളികളുടെ പ്രവത്തനങ്ങൾ തൊഴിലുടമകൾക്ക തൃപ്തികരമാകുന്നില്ല. വിദ്യാലയങ്ങളിലെ അച്ചടക്കരാഹിത്യവും പൊതുവിൽ യുവാക്കളിൽ കാണുന്ന അസ്വസ്ഥതകളും അക്രമപ്രവണതകളും വിദ്യാഭ്യാസനിലവാരം താണതിന്റെ ലക്ഷ്യമായി ചിലർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പൊതുപരീക്ഷാഫലത്തെ അടിസ്ഥാനമാക്കിയാണ് ഭരണാധികാരികൾ നിലവാരം നിർണ്ണയിക്കുന്നത്. അതുപോലെ തന്നെ പൊതുജനങ്ങളും. പരീക്ഷാഫലം പുറത്തു വരുമ്പോഴാണ് അദ്ധ്യാപകർക്കെതിരെ രക്ഷകത്താക്കളും പൊതുജനങ്ങളും രാഷ്ട്രീയനേതാക്കളും ചക്രായുധവുമായി ഇറങ്ങുന്നത്. ഭരണാധികാരികൾ വിശദീകരണങ്ങളാവശ്യപ്പെടുകയും ഇംക്രിമെൻറ് തടയുവാൻ നിർദ്ദേശിക്കയുമായി. അദ്ധ്യാപകൻെറ ഉപേക്ഷ കൊണ്ടാണോ പരീക്ഷാഫലം മോശമായത്, അതോ സാമൂഹ്യസാമ്പത്തികസാഹചര്യങ്ങളുടെ സമ്മർദ്ദവും വിദ്യാലയത്തിലെ ഉപകരണങ്ങളുടെയും പഠനസഹായികളുടെയും കുറവും കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധനവും ആണോ അതിനു കാരണമെന്നും നിർണ്ണയിക്കേണ്ടതുണ്ട്. ആവശ്യാനുസരണം അദ്ധ്യാപകർ യഥാസമയം നിയമിക്കപ്പെടാതിരുന്നതുകൊണ്ടും നടുവർഷത്തിലുള്ള സ്ഥലംമാററം കൊണ്ടും അദ്ധ്യാപകൻേറതല്ലാത്ത കുററത്തിന് അയാൾ ശിക്ഷിക്ക

പ്പെടുകയാണോ ചെയ്യുന്നതെന്നും നോക്കേണ്ടതുണ്ട്. നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസംലഭിക്കുമ്പോൾ പഠിക്കാനുള്ള താല്പര്യം അല്പമൊന്ന് കുറയാനാണ് സാദ്ധ്യത. മുൻകാലങ്ങളിൽ പഠിക്കണമെന്നാഗ്രഹമുള്ളവർ മാത്രമാണ് വിദ്യാലയങ്ങളിൽ പോവുക; ഇന്നതല്ല, എല്ലാവരും നിശ്ചിത പ്രായപരിധിയ്ക്കകത്താണെങ്കിൽ വിദ്യാലയത്തിൽ പോയേ തീരു. ഇതര ജോലികളിലേർപ്പെടേണ്ടിയിരുന്നവരും പഠിക്കാനുള്ള ബുദ്ധിശക്തി ഇല്ലാത്തവരും പലേ തരം പ്രശ്നങ്ങൾ അലട്ടുന്നവരുമായ കുട്ടികളുടെ സാന്നിദ്ധ്യമാണ് നിലവാരവും പരീക്ഷയിലെ വിജയശതമാനവും കുറയ്ക്കുന്നതെന്നും അഭിപ്രായമുണ്ടായിട്ടുണ്ട്.

വിദ്യാഭ്യാസചരിത്രം പരിശോധിച്ചാൽ നിലവാരത്തകർച്ചയെച്ചൊല്ലിയുള്ള മുറവിളി ഇന്നും ഇന്നലെയും തുടങ്ങിയതെല്ലന്നും കേരളത്തിലെയോ ഭാരതത്തിലെയോ മാത്രം പ്രവണതയല്ലിതെന്നും പലേ ശതകങ്ങളായി ഈ മുറവിളി നിലനിന്നിരുന്നുവെന്നും ലോകമൊട്ടാകെ ഇതുണ്ടായിരുന്നുവെന്നും കാണാൻ കഴിയും. നുരുള്ളായും നായിക്കും (Syed Nurullah and J. P. Naik) തങ്ങളുടെ ഇന്ത്യയിലെ വിദ്യാഭ്യാസചരിത്രത്തിൽ (A History of Education in India) ഹർട്ടോഗ് (Hartog) കമ്മററിയെ*പ്പററി പ്രതിപാദിക്കുന്ന ഭാഗത്ത് പ്രസ്തുത കമ്മിററിയുടെ പ്രധാന നിഗമനം എണ്ണത്തിലുള്ള വർദ്ധനവിന് (quantity) ശ്രമിച്ചതോടെ ഗുണം (quality) കുറഞ്ഞിട്ടുണ്ടെന്നും അടിയന്തിരാവശ്യം ഗുണവശം മെച്ചപ്പെടുത്തുകയാണെന്നും രേഖപ്പെടുത്തിയിരുന്നതു് ഉദ്ധരിച്ചിട്ടുണ്ട്. 1929–ൽ ഈ നിർദ്ദേശം ഉണ്ടായതിനു ശേഷമുള്ള എല്ലാ വിദ്യാഭ്യാസ കമ്മിഷനുകളും ഇതാവർത്തിച്ചു പറഞ്ഞിട്ടുമുണ്ട്.

* പേജ് 624

പരീക്ഷയിലെ വിജയശതമാനം കുറയുമ്പോഠം പ്രത്യേകിച്ചും ഈ ആരോപണം എല്ലാ ഭാഗത്തുനിന്നും ഉണ്ടാകാറുണ്ടു്. ഗുണവശത്തെ അവഗണിച്ചുകൊണ്ടു് പരിമാണത്തിൽ മാത്രം വരുത്തുന്ന വർദ്ധനവു് ഒരിക്കലും ആശാസ്യമല്ലെന്നു് വിദഗ്ദ്ധ കമ്മിഷനുകളെല്ലാം ഊന്നിപ്പറഞ്ഞിട്ടുണ്ടു്.

വിവിധഘട്ടങ്ങളിൽ എണ്ണത്തിലുണ്ടായിട്ടുള്ള വർദ്ധനവു്; വിദ്യാഭ്യാസം പ്രജായത്തമാക്കിയതു്; സമുദായത്തിലെ താണ തലത്തിലുള്ളവർക്കുകൂടി വിദ്യാഭ്യാസസൗകര്യം നൽകിയതു്; ചിലവിനുള്ള പണത്തിൻെറ പരിമിതി; അദ്ധ്യാപകർ, ലൈബ്രറി, ലബോറട്ടറി, അദ്ധ്യയനസഹായികഠം, പാഠപുസ്തകങ്ങഠം എന്നിവയിൽ അനുഭവപ്പെട്ട പരിമിതിയും ഗുണവൈകല്യവും എന്നിവ നിലവാരത്തകർച്ചയ്ക്കു് കാരണമായിട്ടുള്ളതായി വിദ്യാഭ്യാസ വിദഗ്ദ്ധർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. അഖിലേന്ത്യാതലത്തിൽ നടത്തിയ ഒരു സിമ്പോസിയം (1964 മാർച്ചിലെ എഡ്യൂക്കേഷൻ ക്വാർട്ടർലിയിൽ റിപ്പോർട്ടു ചെയ്തിട്ടുണ്ടു്)* നിലവാരത്തകർച്ചയിലേക്കു് നയിച്ച കാരണങ്ങളുടെ ഒരു പട്ടിക തന്നെ തയ്യാറാക്കിയിട്ടുണ്ടു്. "നമ്മുടെ പാഠ്യപദ്ധതി സങ്കീർണ്ണവും കുട്ടികളുടെ കഴിവിനനുയോജ്യമല്ലാത്തതുമാണു്; വിദ്യാലയ പരിപാടികഠം ശരിയായിട്ടല്ല ആസൂത്രണം ചെയ്യപ്പെടുന്നതു്; പാഠപുസ്തകങ്ങഠം നിശ്ചിത നിലവാരത്തിലുള്ളവയല്ല; ബോധനരീതികഠം പ്രായോഗിക പ്രാധാന്യമുള്ളവയല്ല; ലൈബ്രറി, ലബോറട്ടറി തുടങ്ങിയ സജ്ജീകരണങ്ങഠം തുലോം പരിമിതമാണു്; പരീക്ഷാസമ്പ്രദായം പോരായ്മകഠം നിറഞ്ഞതാണു്; വിദ്യാലയപരിശോധന കാര്യക്ഷമമല്ല; വിദ്യാലയ ഭരണത്തിനും പരിശോധനയ്ക്കും ഉള്ള ആളുകളെ തിരഞ്ഞെടുക്കുന്ന രീതിയിൽ പോരായ്മകളുണ്ടു്;

---

* പേജ് 3

അദ്ധ്യാപകപരിശീലന പരിപാടികളിൽ പരാധീനതകളും പാകപ്പിഴകളും ഉണ്ട്". ഇവയെല്ലാം ഭാഗികമായെങ്കിലും വിദ്യാഭ്യാസനിലവാരം താഴ്ത്താൻ കാരണമായിട്ടുണ്ടെന്നാണ് സിമ്പോസിയം ഏകകണ്ഠമായി അഭിപ്രായപ്പെട്ടത്*.

ഇവയിലോരോന്നും പ്രത്യേകം അപഗ്രഥന വിഷയമാക്കേണ്ടതാണ്. അനൗപചാരികപഠനം കൊണ്ട് ഇവ എത്രത്തോളം യാഥാർത്ഥ്യമാണെന്നു മനസ്സിലാക്കാൻ കഴിയുകയില്ല. ശാസ്ത്രീയമായ വിശകലനത്തിനും പഠനത്തിനും ഇവ വിഷയമാക്കേണ്ടതുണ്ട്. എല്ലാ വിഷയങ്ങളും ഒന്നിച്ച് പഠനവിധേയമാക്കാൻ അസാദ്ധ്യമാണ്. പിന്നെ കരണീയമായുള്ളത് താരതമ്യേന പ്രധാനപ്പെട്ട കാരണം അപഗ്രഥിക്കുകയാണ്. വിദ്യാഭ്യാസനേട്ടങ്ങളിൽ അഥവാ സിദ്ധികളിൽ വൈകല്യമുണ്ടെന്നത് സത്യമാണ്. എസ്സ്. എസ്സ്. എൽ. സി. പരീക്ഷയ്ക്കു ചേരുന്ന വിദ്യാർത്ഥികൾക്ക് മോഡറേഷന്റെ ആനുകൂല്യം നൽകിയിട്ടുപോലും 50 ശതമാനത്തിലധികം പരാജയപ്പെടുകയാണ്. ഹൈസ്ക്കൂൾ ക്ലാസ്സുകളിലോരോന്നിലും ഒരു നിശ്ചിത ശതമാനം വിദ്യാർത്ഥികളെമാത്രം പാസ്സാക്കിയിട്ടും ഇതാണ് സ്ഥിതി. പരീക്ഷ പാസ്സാകുന്നതിനാവശ്യമായ മാർക്ക് നിശ്ചയിക്കുന്നതിൽ വലിയ മാററമൊന്നും അടുത്ത കാലത്തു് ഉണ്ടായിട്ടില്ല. അപ്പോൾപിന്നെ വിജയശതമാനം കുറയുന്നതു് കുട്ടികളുടെ ജ്ഞാനസമ്പാദനശേഷിക്കുറവോ ബുദ്ധിമാന്ദ്യമോ പഠനപാഠന പ്രക്രിയയിലെ തകരാറുകളോ കൊണ്ടാകണം. ഉയന്ന ക്ലാസ്സുകളിൽ താരതമ്യേന മെച്ചപ്പെട്ട വിജയശതമാനം പ്രതീക്ഷിക്കാൻ വകയുണ്ട്. കാരണം, താഴ്ന്ന ക്ലാസ്സുകളിൽനിന്നും നിശ്ചിതയോഗ്യതയുള്ളവരെ മാത്രമേ ഉയന്ന ക്ലാസ്സുകളിലേക്ക് കടത്തിവി

* പേജ് 25, 26

ട്ടുന്നുള്ളൂ. 1922-23 ൽ ഒന്നാംക്ലാസ്സിൽ ചേൻ 100 വിദ്യാത്ഥികളിൽ 18 പേർ മാത്രമാണ് 1926-27 ൽ അഞ്ചാം ക്ലാസ്സിലെത്തിയതെന്നു് ഒരു പഠനം സമത്ഥിച്ചിട്ടുണ്ടു്. നരള്ളായും നായിക്കും റിപ്പാർട്ടുചെയ്തിട്ടുള്ള ഈ പഠനം[1] തെളിയിക്കുന്നതു് വിദ്യാഭ്യാസരംഗത്തു് പരാജയവും തദ്വാരായുള്ള പാഴ്ച്ചിലവും സഹജമാണെന്നാണു്. കേരള സർവകലാശാല നടത്തിയ ഒരു പഠനത്തിൽ[2] ഫസ്റ്റ്ഫാറത്തിൽ (ഇപ്പോഴത്തെ അഞ്ചാംസ്റ്റാൻഡാർഡ്) ചേൻ 100 പേരിൽ 18 പേർ മാത്രമാണ് ആറാംവർഷം എസ്. എസ്. എൽ. സി. പരീക്ഷക്കു് ചേരാൻ ഉണ്ടായിരുന്നതു്. ഇതു വിവിധ ഘട്ടങ്ങളിലെ പരാജയത്തിൻെറ തോതു് വിളിച്ചറിയിക്കുന്നതാണു്. ഇങ്ങനെ അരിച്ചെടുത്ത വിദ്യാത്ഥികൾ മാത്രം പരീക്ഷക്കു ചേരുന്ന S. S. L. C. തലത്തിൽ വിജയശതമാനം കുറഞ്ഞിരുന്നാൽ വിദ്യാഭ്യാസനിലവാരം കുറഞ്ഞിട്ടുണ്ടെന്നു് പറയാതിരിക്കാൻ പററുമോ ?

വിദ്യാഭ്യാസചിന്തകരോ ഭരണാധികാരികളോ നിർദ്ദേശിക്കുന്ന മാററങ്ങൾ പാഠ്യപദ്ധതിയിൽ പരീക്ഷണമൊന്നും കൂടാതെ നടപ്പിലാക്കുന്നതുകൊണ്ടാണ് നിലവാരത്തകർച്ചയുണ്ടാകുന്നതെന്നും പറയുന്നുണ്ടു്. കേരളത്തിൽ കഴിഞ്ഞ മൂന്നു് ദശകങ്ങളിൽ (1934 മുതലിങ്ങോട്ടു്) പലതരം പരിവത്തനങ്ങൾ വിദ്യാഭ്യാസരംഗത്തുണ്ടായിട്ടുണ്ടു്. പാഠ്യപദ്ധതികളും പാഠപുസ്തകങ്ങളും പരീക്ഷാസമ്പ്രദായവും ബോധനരീതികളും വിദ്യാഭ്യാസഘട്ടങ്ങളും സമ്പ്രദായങ്ങളുമെല്ലാം പരിഷ്കരിക്കപ്പെട്ടിട്ടുണ്ടു്. 1946-47 ൽ ബോധനമാദ്ധ്യമം ഇംഗ്ലീഷിൽ നിന്നു് മലയാളത്തിലേക്കു് മാററിയതു് നിലവാരത്തകർച്ചയുടെ പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടു്.

1 പേജ് 671

2 M. Ed. Thesis by K. K. Kuruvila

എല്ലാ വിഷയങ്ങളും ഇംഗ്ലീഷിൽ പഠിപ്പിച്ചിരുന്നതിന്റെ സ്ഥാനത്തു് അതൊരു രണ്ടാം ഭാഷയായി മാത്രം പഠിപ്പിച്ചാൽ സ്വാഭാവികമായും അതിൻെറ നിലവാരം ഒട്ടൊന്നു് താഴാതെ തരമില്ലല്ലോ. എന്നുവച്ചു് അതു് പൊതുനിലവാരത്തെ തകർക്കണമെന്നുണ്ടോ ? പാഠ്യപദ്ധതിയിൽ തുടരെത്തുടരെ വരുത്തിയ മാററങ്ങൾ വിദ്യാഭ്യാസനിലവാരത്തെ സാരമായി ബാധിച്ചിട്ടുണ്ടോ എന്നു് തീരുമാനിക്കുന്നതു് വിശദമായ പഠനത്തിനുശേഷമേ സാദ്ധ്യമാകൂ. വിദ്യാലയത്തിലെ പാഠ്യവിഷയങ്ങളെല്ലാം അപഗ്രഥിച്ചു് അവയിലെന്തു് മാററം വന്നിട്ടുണ്ടെന്നു് നിർണ്ണയിച്ചാലേ നിലവാരം മെച്ചപ്പെടുത്താനോ താഴ്ത്താനോ അതു് സഹായകമായതെന്നു് കാണാൻ കഴിയൂ. പ്രത്യേകവിഷയങ്ങൾ പ്രത്യേകം അപഗ്രഥിക്കപ്പെടേണ്ടതും ആവശ്യമാണു്. അതിനു് പ്രാരംഭമായി വിദ്യാഭ്യാസപദ്ധതികളിലും 'പാറേറണി'ലും വന്നിട്ടുള്ള വ്യതിയാനങ്ങൾ സമഗ്രമായ പരിശോധനയ്ക്കു് വിഷയീഭവിപ്പിക്കേണ്ടതുണ്ടു്.

1933 ലെ തിരുവിതാംകൂർ വിദ്യാഭ്യാസ പരിഷ്കരണ കമ്മററി റിപ്പോർട്ടിൽ **E. S. L. C** പരീക്ഷയുടെ നിലവാരം ക്രമേണ കുറഞ്ഞുവരുന്നതായി ചൂണ്ടിക്കാണിക്കുകയുണ്ടായി * 1916–ൽ ഇംഗ്ലീഷിനും ഒരു ഐച്ഛികവിഷയത്തിനും 40% വും മററു് വിഷയങ്ങൾക്കു് 35% വീതവും നേടുന്നവർ ജയിക്കുമെന്നിരിക്കെ 1932–ൽ ഇംഗ്ലീഷിനും മലയാളത്തിനും മററു് മൂന്നു് വിഷയങ്ങൾക്കും 35% വീതവും ശേഷിച്ച രണ്ടു വിഷയങ്ങൾക്കു് 25% വീതവും നേടുന്നവരെ ജയിച്ചതായി പ്രഖ്യാപിച്ചിരുന്നതാണു് ഈ നിഗമനത്തിനു് ഉപോൽബലകമായി കമ്മിഷൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതു്. ലഭ്യമാകുന്ന

---

* പേജ് 177

E. S. L. C വിജയശതമാനം മോഡറേഷനുശേഷമുള്ളതാണെന്നത്ത് സ്ഥിതിഗതികഠം കൂടുതൽ വഷളാക്കുന്നു. ഹൈസ്കൂഠം ക്ലാസ്സുകളിലെ പൊതുനിലവാരം താണിട്ടുണ്ടെന്നും കമ്മിഷൻ അഭിപ്രായപ്പെട്ടിരുന്നു. താഴ്ന്ന ക്ലാസ്സുകളിൽനിന്നും കൂടുതൽ കുട്ടികളെ ജയിപ്പിക്കുന്നതു്, ഡിററൻഷൻ കൂടാതെ ക്ലാസ്സിലെ എല്ലാ കുട്ടികളേയും E. S. L. C പരീക്ഷയ്ക്കു് ചേരാൻ അനുവദിക്കുന്നതു്, പ്രതിവർഷം വിദ്യാലയത്തിൽ പ്രവേശിക്കപ്പെടുന്ന കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധനവു് ഇവ നിലവാരം അധഃപതിപ്പിക്കാൻ കാരണമായിട്ടുണ്ടെന്നു് കമ്മീഷൻ കരുതി. വർദ്ധിച്ചു വരുന്ന ജനസംഖ്യയ്ക്കാനുപാതികമായി വിദ്യാഭ്യാസം സിദ്ധിക്കേണ്ട കുട്ടികളുടെ എണ്ണവും വർദ്ധിക്കുന്നു. നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം പതിനാലുവയസ്സുവരെയുള്ള കുട്ടികഠംക്കു് നൽകണമെന്നു് ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും അതിനുവേണ്ടി സ്വീകരിക്കുന്ന നടപടികളും വിദ്യാലയ പ്രവേശനത്തിനെത്തുന്ന കുട്ടികളുടെ എണ്ണം ക്രമാതീതമായി വർദ്ധിപ്പിക്കുന്നു. 1935-ൽ E. S. L. C പരീക്ഷയ്ക്കു് ചേന്ന വിദ്യാത്ഥികഠം 4000-ത്തിൽ താഴെ ആയിരുന്നതു് 66 മാച്ചിൽ 1.75 ലക്ഷവും 67 മാച്ചിൽ 1.82 ലക്ഷവുമായി വർദ്ധിച്ചു. (69 മർച്ചിൽ അതു് 1.81 ലക്ഷവും 1970 മാർച്ചിൽ 1.95 ലക്ഷവും ആയി വർദ്ധിച്ചിരിക്കയാണു്) ഇംഗ്ലീഷിനും മാതൃഭാഷയ്ക്കും 40% വീതവും ഹിന്ദിയുഠംപ്പെടെയുള്ള മറെറല്ലാ വിഷയങ്ങഠംക്കും 35% വീതവും മാക്കു നേടുന്ന കുട്ടികഠംക്കു് സർവകലാശാലാവിദ്യാഭ്യാസത്തിനു് അർഹതയുണ്ടെന്ന യോഗ്യതാസർട്ടിഫിക്കററു് നൽകുകയെന്നതാണു് ഇപ്പോഴത്തെ പതിവു്. മോഡറേഷന്റെ ആനുകൂല്യം നിശ്ചിത ശതമാനം മാക്കു് ലഭിക്കാത്ത കുറേപേരെക്കൂടി വിജയികളായി പ്രഖ്യാപിക്കും. ഇവയെല്ലാം കഴിഞ്ഞിട്ടും S. S. L. C വിജയശതമാനം കഴിഞ്ഞ ഏതാനും

വർഷങ്ങളായി 35 നും 40 നും മദ്ധ്യേയാണ്. മാറിച്ച സിലബസ്സ്, പരീക്ഷാചോദ്യങ്ങളുടെ പ്രത്യേകതകൾ, ബോധനരീതികളുടെ പോരായ്മകൾ, കർശനമായ പരിശോധനാസമ്പ്രദായം എന്നിവയും രക്ഷകർത്താക്കളുടെയും കുട്ടികളുടെയും മോശപ്പെട്ട സാമൂഹികസാമ്പത്തിക പരിതസ്ഥിതിയും സ്കൂൾ സജ്ജീകരണങ്ങളുടെ പരിമിതിയും ഈ വിജയ ശതമാനക്കുറവിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. ദേശീയവിദ്യാഭ്യാസഗവേഷണ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കേരളാസർവ്വകലാശാലാവിദ്യാഭ്യാസവകുപ്പ് നടത്തിയ ഒരു പഠനം* തെളിയിച്ചത് രക്ഷകർത്താക്കളുടെ മോശപ്പെട്ട സാമൂഹികസാമ്പത്തിക നിലവാരവും വിദ്യാലയങ്ങളിലെ പാഠ്യേതരഘടകങ്ങളുടെ ശോചനീയസ്ഥിതിയും പ്രതികൂലമായി നില്ക്കുന്നിടത്തോളംകാലം അദ്ധ്യാപകരെത്രതന്നെ ആത്മാർത്ഥതയുള്ളവരായാലും എത്രതന്നെ കാര്യശേഷിയുള്ളവരായാലും കൈവരുത്താവുന്ന നേട്ടങ്ങൾക്ക് പരിമിതിയുണ്ടെന്നാണ്. ഈ നിഗമനം അതിൽ ഭാഗഭാക്കാകാൻ സാധിച്ച ഈ ഗവേഷകന് പാഠ്യപദ്ധതി അപഗ്രഥിച്ചുനോക്കി അതിൻെറ പര്യാപ്തത നിർണ്ണയിക്കുന്നതിന് പ്രേരണ നൽകിയിരുന്നു. മാറിവന്ന വിദ്യാഭ്യാസലക്ഷ്യങ്ങൾക്കനുസൃതമായി പാഠ്യപദ്ധതിയിൽ വരുത്തിയ മാററങ്ങൾ വിദ്യാഭ്യാസനിലവാരത്തെ എങ്ങനെ ബാധിച്ചിട്ടുണ്ട് എന്ന് കണ്ടുപിടിക്കാനുള്ള ശ്രമമാണ് ഈ പഠനത്തിൽ നടത്തിയിട്ടുള്ളത്.

മുൻകാലത്ത് എഴുതാനും വായിക്കാനും മററുള്ളവരുമായി ആശയവിനിമയം നടത്താനും വേണ്ട കഴിവ് നേടുകയായിരുന്നു വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം. എഴുത്ത്, വായന, കണക്കുകൂട്ടൽ ഇവയായിരുന്നു വിദ്യാഭ്യാസത്തിൻെറ ഘടക

---

* Studies in Education. No. 3.

ങ്ങൾ. വിദ്യാർത്ഥിയുടെ സർവ്വതോമുഖമായ വികസനം വിദ്യാഭ്യാസലക്ഷ്യമായതോടെ പാഠ്യവിഷയങ്ങളുടെ എണ്ണം വർദ്ധിക്കുകയും സമീപനം മാറുകയുംചെയ്തു. വിദ്യാഭ്യാസം ഉപയോഗക്ഷമമാകണം എന്ന വാദമാണ് അടിസ്ഥാനവിദ്യാഭ്യാസത്തിനു് അടിത്തറപാകിയതു് എന്നു് പറയാം. വിദ്യാർത്ഥി ആയിരിക്കുമ്പോഴേ ഏതെങ്കിലും ഒരു കൈത്തൊഴിലിൽ പരിശീലനം നേടിയാൽ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം സൗകര്യാനുസരണം അതു് തുടർന്നുപോകാമെന്നും അങ്ങനെ ജീവിതവൃത്തിനേടാമെന്നും ഗാന്ധിജി വിശ്വസിച്ചു. ജീവിതം ജീവിച്ചുതന്നെ പഠിക്കുക എന്നതും ബേസിക് വിദ്യാഭ്യാസസമ്പ്രദായത്തിന്റെ തത്വങ്ങളിൽപെടുന്നു. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഒരു ദേശീയഭാഷ ഉണ്ടാകേണ്ടതിന്റെ അവശ്യം ബോദ്ധ്യമാകയും ഹിന്ദി ആ സ്ഥാനത്തേക്കു് നിർദ്ദേശിക്കപ്പെടുകയുംചെയ്തു. ബോധനമാദ്ധ്യമം ഇംഗ്ലീഷിൽനിന്നും മാതൃഭാഷയിലേക്കു് അഥവാ പ്രാദേശികഭാഷയിലേക്കു് മാററപ്പെട്ടു. ഇംഗ്ലീഷ്മീഡിയം സ്കൂളുകളും ഡിവിഷനുകളും ഇന്നും നിലനിന്നുപോരുന്നു. അഭിരുചിക്കും കഴിവിനും അനുസരണമായി സ്പെഷ്യലൈസേഷൻ നൽകാൻ ഉദ്ദേശിച്ചു് ഐച്ഛികസമ്പ്രദായം പരീക്ഷിച്ചുനോക്കി. സാങ്കേതികശാസ്ത്രം, കാർഷികശാസ്ത്രം, സുന്ദരകലകൾ തുടങ്ങി പ്രത്യേക വിഷയങ്ങൾ പഠിപ്പിക്കാൻ വിവിധോദ്ദേശ സ്കൂളുകൾ അങ്ങിങ്ങു് സ്ഥാപിതമായി. ഐച്ഛികസമ്പ്രദായത്തെ ആളുകൾ എതിർത്തുകൊണ്ടും അന്നത്തെ സാഹചര്യത്തിൽ അതൊരു പരാജയമാണെന്നു് ബോദ്ധ്യമായതുകൊണ്ടും രണ്ടുതവണ പരീക്ഷിക്കപ്പെട്ടശേഷം അതു് താല്ക്കാലികമായി ഉപേക്ഷിക്കപ്പെട്ടിരിക്കയാണു്. ഇപ്പോൾ പ്രീഡിഗ്രിതലത്തിലേ പ്രത്യേകവിഷയങ്ങൾ തിരഞ്ഞെടുത്തു്പഠിക്കുന്നതിനുള്ള സൗകര്യം നൽകി

ത്തുടങ്ങുന്നുള്ളൂ. ഈ മാററങ്ങളെല്ലാം നമ്മുടെ വിദ്യാഭ്യാസ രംഗത്ത് അതാതിന്റേതായ സ്വാധീനം കാണിച്ചിട്ടുമുണ്ട്. അവ സമഗ്രമായ പരിശോധനയ്ക്കും അപഗ്രഥനത്തിനും വിഷയമാക്കേണ്ടതു് പാഠ്യപദ്ധതിയെ സംബന്ധിച്ച വ്യക്ത മായ നിഗമനങ്ങളിലെത്തിച്ചേരാൻ അത്യന്താപേക്ഷിത മാണു്.

വിദ്യാഭ്യാസലക്ഷ്യങ്ങളാണു് പാഠ്യപദ്ധതിയുടെ ഉള്ള ടക്കം, സ്വീകരിക്കപ്പെടേണ്ട ബോധനരീതികൾ, സ്ഥാപിക്ക പ്പെടേണ്ട വിദ്യാലയങ്ങളുടെ രീതി, ഓരോ കുട്ടിക്കും നൽ കേണ്ട അറിവിന്റെ തോതു് ഇവ നിശ്ചയിക്കുന്നതു്. ഒരു പ്രത്യേകവിഷയം പാഠ്യപദ്ധതിയിലുൾപ്പെടുത്തുന്നതു് സമൂ ഹത്തിൽ അതിനുള്ള ഡിമാന്റനുസരിച്ചാണു്. ഒരിക്കൽ പാഠ പദ്ധതിയിൽ ഉൾപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥാനത്തുനിന്നു് അതിനെ പിടിച്ചിറക്കുക അത്ര എളുപ്പമല്ല. അതിന്റെ മെച്ച പ്പെടുത്തലിലൂടെ മാത്രമേ പാഠ്യപദ്ധതിപരിഷ്കരണം സാദ്ധ്യ മാകൂ. അറിവു്, പ്രവർത്തനസാമർത്ഥ്യം, സർഗ്ഗാത്മകത, സന്മാർഗ്ഗ പ്രവണതകൾ എന്നിവ ഉൾപ്പെട്ട വിദ്യാഭ്യാസമാണു് പൗര സഞ്ചയത്തിനു് നൽകേണ്ടതെന്നു് ഇരുപതാം നൂററാണ്ടിലെ സമൂഹം വ്യക്തമായി മനസ്സിലാക്കിയിട്ടുണ്ടു്. പാഠ്യപദ്ധതി, കുട്ടികളുടെ ആവശ്യങ്ങൾക്കും താല്പര്യങ്ങൾക്കും അനുസരണ മായി സംവിധാനം ചെയ്യപ്പെടുകയാണു് അഭിലഷണീയം. സ്പെഷ്യലൈസേഷനു് പ്രാധാന്യം നൽകുന്നതു് "ഏററവും സങ്കുചിതമായ ഒരു മണ്ഡലത്തിൽ മൂങ്ങകളെപ്പോലെ ബുദ്ധി ശാലികളും വിശാലമായ ലോകത്തു് വവ്വാലുകളെപ്പോലെ (bats) അന്ധരും ആയ അദ്ധ്യാപകരെ സൃഷ്ടിക്കാനേ പര്യാപ്ത മാകൂ" എന്നു് പാഠ്യപദ്ധതി പരിഷ്കരണക്കമ്മററിയുടെ റി പ്പോർട്ടിൽ (The content of education–interim report of

the council on curriculum reform) രേഖപ്പെടുത്തിയിട്ടുണ്ട്.*

പാഠ്യപദ്ധതി പരസ്പരം ബന്ധിക്കപ്പെടാത്തതും വെള്ളം കേറാത്ത അറകളായി തിരിച്ചിട്ടുള്ളതുമായ വിവിധ വിഷയങ്ങളുടെ ഒരു സമാഹാരമാണെന്ന വിമർശനവും പരിശോധനയ്ക്കു് വിഷയീഭവിപ്പിക്കണം. സാമൂഹ്യപാഠങ്ങൾ, സാമാന്യശാസ്ത്രം എന്നീ വിഷയങ്ങൾ ചരിത്രം, ഭൂമിശാസ്ത്രം, പൗരധർമ്മം, സാമ്പത്തികശാസ്ത്രം എന്നിവയേയും ഊർജ്ജതന്ത്രം, രസതന്ത്രം, ജൈവശാസ്ത്രം, കൃഷിശാസ്ത്രം, പ്രകൃതിപാഠം, അനുദിനവിജ്ഞാനം എന്നിവയേയും യഥാക്രമം മാററി പ്രതിഷ്ഠിച്ച വിഷയങ്ങളാണ്. ഇത്തരം പരിവർത്തനങ്ങളും വിവിധവിഷയങ്ങൾ പഠിപ്പിക്കുന്നതിനുള്ള ഉദ്ദേശലക്ഷ്യങ്ങളും പാഠ്യപദ്ധതി അപഗ്രഥിക്കുമ്പോൾ പ്രത്യേക പരിഗണന അർഹിക്കുന്നു.

തിരുവിതാംകൂർ വിദ്യാഭ്യാസപരിഷ്കരണക്കമ്മീഷൻ നിർദ്ദേശങ്ങൾ 1934–35 ലാണ് നടപ്പാക്കിത്തുടങ്ങിയതു്. സ്റ്റാതാം (Statham) അദ്ധ്യക്ഷനായുള്ള പ്രസ്തുതകമ്മററി തിരുവിതാംകൂറിലെ വിദ്യാഭ്യാസരംഗത്തു് പലേ പരിവർത്തനങ്ങളും വരുത്തുകയുണ്ടായി. ഈ കാലഘട്ടം മുതലുള്ള പാഠ്യപദ്ധതിയിലെ മാററങ്ങൾ അപഗ്രഥിക്കാമെന്നു് തീരുമാനിച്ചതു് ഇക്കാരണത്താലാണ്. കേരളത്തിലെ വിദ്യാഭ്യാസപഠനഗവേഷണഫാറം (FERSK) നിലവാരത്തെ കുറിച്ച് നടത്തിയ പഠനങ്ങളും ഗവേഷകനെ പ്രസ്തുത വിഷയം തിരഞ്ഞെടുക്കാൻ പ്രേരിപ്പിച്ചിട്ടുണ്ട്. പാഠ്യപദ്ധതിയിലെ മാററങ്ങളും വിദ്യാഭ്യാസനിലവാരവും സമാന്തരമായി അപഗ്രഥിക്കുന്നതു് നിലവാരത്തിൽ ഉയർച്ചയോ താഴ്ചയോ ഉണ്ടായിട്ടുണ്ടോ എന്നു്

* പേജ് 19

നിർണ്ണയിക്കുന്നതിന് സഹായകമാകുമെന്ന 'ഫോറ'ത്തിന്റെ അഭിപ്രായവും പ്രേരകഘടകങ്ങളിൽ പെടുന്നു. സെക്കൻററി സ്കൂളുകളിലെ വിദ്യാർത്ഥികളുടെ നേട്ടങ്ങളെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളെപ്പററി നടത്തിയ ഗവേഷണത്തിൽ പങ്കെടുക്കാനിടയായതും പ്രസ്തുതവിഷയം തെരഞ്ഞെടുക്കാൻ കാരണമായിട്ടുണ്ട്. ഓരോ തവണ പാഠ്യപദ്ധതി നവീകരിക്കുമ്പോഴും അതു് നിലവാരം ഉയർത്താനാണെന്നു് പറയാറുണ്ടെങ്കിലും ഇക്കാര്യം തെളിയിക്കപ്പെട്ടിട്ടില്ല. ആഗ്രഹങ്ങളും നേട്ടങ്ങളും തമ്മിലുള്ള വിടവു് വർദ്ധിക്കുന്തോറും യഥാർത്ഥത്തിൽ നേട്ടങ്ങൾ ഉണ്ടായാൽപോലും അതു് അംഗീകരിക്കപ്പെടാനിടയില്ല. ഇത്തരം ഒരു വിടവാണോ നിലവാരത്തകർച്ചയെന്ന മുറവിളിക്കു് കാരണമെന്നും പരിശോധിക്കേണ്ടതുണ്ടു്.

മുൻവിവരിച്ച സംഗതികളാണു് "കേരളത്തിലെ പ്രൈമറി സെക്കൻററിവിദ്യാലയങ്ങളിൽ 1934 മുതലിങ്ങോട്ടു് പാഠ്യപദ്ധതിയിൽ ഉണ്ടായിട്ടുള്ള മാററങ്ങൾ വിദ്യാഭ്യാസനിലവാരം ഉയർത്താൻ സഹായിച്ചിട്ടുണ്ടോ" എന്നു് നിർണ്ണയിക്കാൻ ഗവേഷകനെ പ്രേരിപ്പിച്ചതു്.

കേരളം ഇന്നു കാണുന്ന രീതിയിൽ രൂപം കൊണ്ടതു് 1956 നവംബർ ഒന്നിനാണു്. 1949 ജൂലൈ ഒന്നുവരെ തിരുവിതാംകൂറും കൊച്ചിയും നാട്ടുരാജാക്കന്മാരുടെ ഭരണത്തിലായിരുന്ന രണ്ടു് ചെറുസംസ്ഥാനങ്ങളായിരുന്നു. ഇവ സംയോജിപ്പിച്ചുണ്ടായ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിൽ നിന്നു് കന്യാകുമാരിഡിസ്ട്രിക്ററും ചെങ്കോട്ടയും മദ്രാസിനു് വിട്ടുകൊടുത്തു് മലബാർ പ്രദേശം കൂടി ചേർത്താണു് ഇന്നത്തെ കേരളം രൂപീകരിച്ചതു്. അങ്ങനെ പഠനത്തിനു് തിരഞ്ഞെടുത്തിരിക്കുന്ന 1934 മുതലുള്ള കാലഘട്ടം മൂന്നു് പ്രത്യേകവിഭാഗങ്ങളായാണു് നോക്കിക്കാണേണ്ടതു്.

1. 1934 മുതൽ '49 വരെ—തിരു:കൊച്ചി രൂപീകരണത്തിനു മുൻപുള്ള ഘട്ടം.

2. 1949 മുതൽ '56 വരെ—കേരളാരൂപീകരണത്തിന് മുമ്പും തിരു:കൊച്ചി സംയോജനത്തിനു ശേഷവുമുള്ള കാലഘട്ടം.

3. 1956 നു ശേഷമുള്ള കാലം.

പ്രധാനമായും 1934 മുതൽ 49 വരെ തിരുവിതാംകൂർ പ്രദേശത്തും 1949 മുതൽ 56വരെ തിരു:കൊച്ചിപ്രദേശത്തും 1956 നു ശേഷം കേരളമൊട്ടാകെയുമുള്ള സ്ഥിതിഗതികളും പരിഷ്കാരങ്ങളുമാണ് കണക്കിലെടുത്തിട്ടുള്ളത്.

ഓരോ പാഠ്യപദ്ധതിപരിഷ്കരണവും അതിൻെറ ഘടനാപരവും ഉള്ളടക്കത്തിലധിഷ്ഠിതവുമായ മാററങ്ങളുടെ അടിസ്ഥാനത്തിലാണ് വിലയിരുത്തപ്പെടുക. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൻെറ ഭരണറിപ്പോർട്ടുകളെയും വിവിധ കമ്മീഷൻ റിപ്പോർട്ടുകളെയും ആധാരമാക്കി കേരളത്തിലെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ ആവിഷ്കാരം വ്യക്തമാക്കാൻ ശ്രമിച്ചിട്ടുണ്ട്. അതതു് കാലത്തു് വിദ്യാഭ്യാസത്തിൻെറ ഉദ്ദേശ്യലക്ഷ്യങ്ങളിലുണ്ടായ മാററങ്ങൾക്കനുസൃതമായാണോ പരിഷ്കാരങ്ങൾ നടപ്പിലാക്കിയതെന്നും സിലബസിൽ വരുത്തിയ ഏററക്കുറച്ചിലുകൾ ന്യായയുക്തമായിരുന്നോ എന്നും മാററങ്ങളുടെ ഫലമായി നിലവാരം എങ്ങനെ ബാധിക്കപ്പെട്ടു എന്നും പരിശോധിക്കാൻ ഈ പഠനത്തിൽ യത്നിച്ചിട്ടുണ്ട്. കേരളത്തിലെ ആധുനിക പാഠ്യപദ്ധതിയും അയൽ സംസ്ഥാനമായ തമിഴ്നാട്ടിലേതുമായി ഒരു താരതമ്യപഠനവും നടത്തിയിട്ടുണ്ട്. കൂടാതെ, പ്രതീക്ഷിത നിലവാരം (expected standard) എന്തെന്ന് വ്യക്തമാക്കാൻ S. S. L. C. ചോദ്യക്കടലാസ്സുകളുടെ വിശദമായ അപഗ്രഥനവും (1950 മുതലുള്ള

ളളതു്) ഈ പഠനത്തിന്റെ പരിധിയിൽപെടുത്തിയിട്ടുണ്ടു്. നിർദ്ദിഷ്ട കാലഘട്ടത്തിൽ ഉപയോഗത്തിലിരുന്ന പാഠപുസ്തകങ്ങളുടെ പര്യാപ്തത, വിലനിലവാരം, ജീവിതദൈർഘ്യം എന്നിവയും പരിശോധനാവിധേയമാക്കിയിട്ടുണ്ടു്. ഇവയുടെ അടിസ്ഥാനത്തിൽ വ്യക്തമായ നിഗമനങ്ങളിലെത്തിച്ചേരാവുന്നതേയുള്ളൂ. എന്നാൽ പ്രത്യേകം തയാർ ചെയ്ത ഒരു ചോദ്യാവലി അദ്ധ്യാപകർ, ഹെഡ്മാസ്റ്റർമാർ, വിദ്യാഭ്യാസ വകുപ്പുദ്യോഗസ്ഥന്മാർ, വിദ്യാഭ്യാസവിദഗ്ധർ എന്നിവർക്ക് നൽകി, അവരുടെ അഭിപ്രായങ്ങൾ സമാഹരിച്ച് അവയും മുൻനിഗമനങ്ങളുമായി പൊരുത്തമുണ്ടോ എന്ന പരിശോധനയും പഠനത്തിന്റെ അവസാനഭാഗമായി ഏറ്റെടുത്തിട്ടുണ്ടു്.

പാഠ്യപദ്ധതിയിലുണ്ടായിട്ടുള്ള മാററങ്ങൾ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ പര്യാപ്തമായിട്ടില്ലെങ്കിൽ നിലവാരം ആഗ്രഹത്തിനൊത്തുയർത്താനോ, ഇന്നുള്ളതിൽ താഴാതെ സൂക്ഷിക്കാനോ പര്യാപ്തമായ നിർദ്ദേശങ്ങൾ പഠനവിവരങ്ങളുടെ അടിസ്ഥാനത്തിൽ മുന്നോട്ടുവയ്ക്കുന്നതും ശ്രദ്ധിച്ചിട്ടുണ്ടു്.

★

## 2. പാഠ്യപദ്ധതിയും വിദ്യാഭ്യാസനിലവാരവും

### A. നിർവ്വചനങ്ങൾ

പാഠ്യപദ്ധതി (Curriculum)

വിദ്യാഭ്യാസ ഗവേഷണത്തിനൊരു മുഖവുര (Introduction to Educational Research) എന്ന തന്റെ ഗ്രന്ഥത്തിൽ ട്രാവേഴ്സ് (R. M. W. Travers) ഏതാണ്ടൊരു ശതാബ്ദക്കാലം മുമ്പുവരെ പാഠ്യപദ്ധതിയെന്നതു് വിദ്യാർത്ഥിയുടെ മുമ്പിൽ അനാവരണം ചെയ്യപ്പെട്ടുന്ന വിഷയജ്ഞാനത്തിന്റെ ആകത്തുകയായിരുന്നു എന്നു് സൂചിപ്പിച്ചിട്ടുണ്ടു്.[1] ഗവേഷകരും ചിന്തകരും ഇന്നു് പാഠ്യപദ്ധതികൊണ്ടർത്ഥമാക്കുന്നതു് വിജ്ഞാനവർദ്ധനവിനുവേണ്ടി വിദ്യാർത്ഥിക്കു് നൽകുന്ന ആസൂത്രിതമായ സാഹചര്യങ്ങൾക്കും പ്രവൃത്തികൾക്കും പുറമേ അവയ്ക്കൊരു ഏകീകൃത രൂപം നൽകുന്ന തത്വശാസ്ത്രത്തിന്റെ രൂപരേഖയുമാണു്.

'ഒരു വിദ്യാർത്ഥി അഭ്യസിക്കുന്ന വിഷയങ്ങൾ' എന്ന പഴയ നിർവചനത്തിന്റെ സ്ഥാനത്തു് വിദ്യാഭ്യാസ ലക്ഷ്യങ്ങൾ നേടുന്നതിനു് വിദ്യാലയം സംഘടിപ്പിക്കുന്ന പഠനാനുഭവങ്ങളുടെ ആകത്തുകയെന്നതാണു് പാഠ്യപദ്ധതിയുടെ നിർവചനമായി മൺറോ (Walter S. Monroe) നിർദ്ദേശിച്ചിട്ടുള്ളതു്.

ഗുഡ്ഡിന്റെ (C. V. Good) വിദ്യാഭ്യാസ നിഘണ്ടുവിൽ (Dictionary of Education) പാഠ്യപദ്ധതിക്കു് വിഭിന്നങ്ങളായ മൂന്നു് നിർവചനങ്ങളാണു് നൽകിയിട്ടുള്ളതു്.[2]

---

1 പേജ് 61, 62

2 പേജ് 113

(i) ഒരു പ്രത്യേക പഠനമണ്ഡലത്തിൽ യോഗ്യതാ സർട്ടിഫിക്കററ് നേടാനായി പഠിക്കേണ്ട വിഷയങ്ങളുടെ അഥവാ കോഴ്സുകളുടെ വിവരമാണ് പാഠ്യപദ്ധതി.

(ii) തൊഴിൽ രംഗത്തോ പ്രൊഫഷണൽ കാളേജിലോ പ്രവേശിക്കാനാവശ്യമായ നിശ്ചിതയോഗ്യത ഉറപ്പുചെയ്യുന്നതും വ്യക്തിക്ക് പരമാവധി പരിശീലനം നൽകുന്നതിന്റെ ആകെത്തുകയുമാണത്.

(iii) താൻ പ്രതിനിധാനം ചെയ്യുന്ന സമൂഹത്തിലെ ഒരംഗമാകാനുള്ള യോഗ്യത നേടാനായി വിദ്യാലയത്തിൻെറ നിയന്ത്രണത്തിൽ ഓരോ വ്യക്തിയും നേടുന്ന പരിശീലനത്തിൻെറ ആകെത്തുകയാണ് പാഠ്യപദ്ധതി.

ഗുഡ്‌ലാഡിൻെറ (J. L. Goodlad) അഭിപ്രായത്തിൽ വിദ്യാലയത്തിൽ നല്കേണ്ട വിദ്യാഭ്യാസത്തിന്റെ രൂപരേഖ, പ്രത്യേക സ്ഥലത്തും സമയത്തും നൽകേണ്ട പഠനാനുഭവങ്ങളുടെ ഏകദേശരൂപം, വിദ്യാഭ്യാസ സ്ഥാപനത്തിൽ വിദ്യാർത്ഥികളിൽ മനഃശാസ്ത്രപരമായ മാററങ്ങൾ കൈവരിക്കാനുതകുന്ന പ്രവർത്തനങ്ങളുടെ വിവരം ഇവയിലേതുമാകാം പാഠ്യപദ്ധതി.

വിദ്യാർത്ഥികൾ, തങ്ങളുടെ അറിവും ഭാവനയും പെരുമാററരീതികളും പ്രവർത്തനസാമർത്ഥ്യവും, തങ്ങളുടെ ചുററുപാടുമുള്ള ലോകവുമായി ബന്ധിച്ച് വികസിപ്പിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പഠനാനുഭവങ്ങളുടെ ആകെത്തുകയായി പാഠ്യപദ്ധതിയെ കണക്കാക്കണമെങ്കിൽ ഈ അനുഭവങ്ങൾ അവരിലുണ്ടാക്കുന്ന മനഃശാസ്ത്രപരമായ സ്വാധീനം അഥവാ ഫലം നിർണ്ണയിക്കപ്പെടേണ്ടതുണ്ടെന്ന് മനശാസ്ത്രവും പാഠ്യപദ്ധതിയും (Psychology and the Curriculum)

എന്ന ലേഖനത്തിൽ തിയോഡർറൈസും ചന്ദോസ്റൈസും (Dr. Theodore D. Rice & Dr, Chandos Reid Rice) വ്യക്തമാക്കിയിട്ടുണ്ട്.[1]

വിദ്യാലയത്തിൻെറ പ്രവർത്തനപരിധിയിലുള്ള എല്ലാ പഠനാനുഭവങ്ങളും ഉൾപ്പെട്ടതാണ് പാഠ്യപദ്ധതി; വിദ്യാഭ്യാസം നൽകുന്ന ചുററുപാടുകൾക്കനുസരണമായി പഠനം, ശീലങ്ങൾ, പ്രവർത്തനവൈദഗ്ദ്ധ്യം, മനോഭാവം എന്നിവയിലൂടെ സ്വന്തം പെരുമാററത്തിന് രൂപംകൊടുക്കത്തക്ക വിധം കുട്ടി സ്വന്തമാക്കിയിട്ടുള്ളതെല്ലാമാണ് പാഠ്യപദ്ധതി; കുട്ടികളെയും യുവാക്കളെയും അച്ചടക്കമുള്ളവരാക്കാനായി അവരുടെ ചിന്തയും പ്രവൃത്തിയും ചിട്ടപ്പെടുത്തുന്ന അനുഭവങ്ങളുടെ തുകയാണ് പാഠ്യപദ്ധതി[2] എന്നിങ്ങനെ മൂന്ന് വിഭിന്ന നിർവചനങ്ങളാണ് ബീച്ചാം (Beauchamp) മുന്നോട്ടു വച്ചിട്ടുള്ളത്.

സയ്യിദയിൻെറ (K. G. Saiyidain) അഭിപ്രായത്തിൽ ദൈനംദിനജീവിതത്തിലും ലോകരംഗത്തും നേരിടേണ്ടി വന്നേക്കാവുന്ന പ്രവർത്തനങ്ങളിൽ പൊരുത്തപ്പെടലുകൾ വരുത്താൻ സഹായിക്കുന്നതാണ് പാഠ്യപദ്ധതി.

വിദ്യാലയത്തിൻെറ സഹായത്തിലും നിയന്ത്രണത്തിലും പഠിതാവ് ഉൾക്കൊള്ളുന്നഅനുഭവങ്ങളുടെആകെത്തുകയായും ഇതിനെ നിർവചിച്ചിട്ടുണ്ട്. ഒരു വിദ്യാഭ്യാസസ്ഥാപനത്തിൽ പഠിക്കുന്ന കുട്ടികൾ തുടർന്നു പോകുന്ന പാഠ്യവിഷയങ്ങളുടെ ആകെത്തുകയാണ്അദ്ധ്യാപകർ,വിദ്യാഭ്യാസഉദ്യോഗസ്ഥർ, ആസൂത്രകർ എന്നിവരെ സംബന്ധിച്ചിടത്തോളം പാഠ്യപദ്ധതിയെന്നും സിലബസ് എന്ന വാക്കിന് സമാനമായി ഇതു്

1 T. K. N. Menon. Recent Trends in Education. p. p. 46-54
2 The Curriculum of the Elementary School. p. 5

ഉപയോഗിക്കാറുണ്ടെന്നും* അഹല്യാചാരി (Miss Ahalya-Chari) പാഠ്യപദ്ധതി ഗവേഷണത്തിലെ മുൻഗണനകൾ (Priorities in Curriculum Research) എന്ന ലഘുലേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനായി ആസൂത്രിതപദ്ധതിയുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് പ്രദാനം ചെയ്യുന്ന അറിവും അനുഭവങ്ങളും ഒരുക്കൂട്ടിയാൽ അതു് പാഠ്യപദ്ധതിയുടെ ആധുനിക നിർവ്വചനമാകും. ക്ലാസ്സുമുറിയിലെ പ്രവർത്തനങ്ങൾ, കളികൾ, പ്രത്യേകപ്രാജക്ടുകൾ, സംഘടിതപ്രവർത്തനങ്ങൾ എന്നിങ്ങനെ വിദ്യാലയത്തിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ ആകെത്തുക വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം പാഠ്യപദ്ധതിയാണെന്നു പറയാം. സാധാരണഗതിയിൽ പാഠ്യേതര പ്രവർത്തനങ്ങളെന്ന് വിശേഷിപ്പിക്കുന്ന പ്രവർത്തനങ്ങളും പാഠ്യപദ്ധതിയിൽ പെടുത്താറുണ്ട്.

പ്രസക്തപഠനത്തിൽ S. S. L. C. പരീക്ഷയിൽ പരിശോധിക്കപ്പെടുന്ന വിഷയങ്ങൾ മാത്രമേ പാഠ്യപദ്ധതിയെന്ന പദത്തിന്റെ പരിധിയിൽ പെടുത്തിയിട്ടുള്ളൂ. [പ്രഖ്യാപിതലക്ഷ്യങ്ങൾ, പ്രതീക്ഷിതനിലവാരം, യഥാർത്ഥ നിലവാരം എന്നിവ താരതമ്യപ്പെടുത്താൻ മററുള്ളവയിൽ സാദ്ധ്യത കുറവാണെന്നതാണിതിനു കാരണം] 5 വയസ്സു കഴിയുമ്പോൾ ഒന്നാംസ്റ്റാൻഡാർഡിൽ പ്രവേശിക്കുന്ന കുട്ടികൾ 4 വർഷത്തെ ലോവർപ്രൈമറി, 3വർഷത്തെ അപ്പർപ്രൈമറി ഇവയ്ക്കുശേഷം 3 വർഷത്തെ സെക്കന്ററികോഴ്സും കഴിച്ച ശേഷമാണ് S. S. L. C പരീക്ഷയ്ക്കു ചേരുന്നതു്.

---

* പേജ് 1

സിലബസ്

ഒരു സ്കൂൾവർഷം ഏതെങ്കിലും ഒരു വിഷയത്തെപ്പററി എന്തുമാത്രം അറിവ് കുട്ടികൾക്ക് നൽകണമെന്നതിൻെറ വ്യക്തമായ രൂപമാണ് ആ വിഷയത്തിൻെറ പ്രസക്തവർഷത്തേക്കുള്ള സിലബസ്സ് (പാഠപദ്ധതി). നിലവിലുള്ള സിലബസ് അനുസരിച്ച് ഏതെല്ലാം തരം പഠനാനുഭവങ്ങൾ ആവിഷ്കരിക്കണമെന്ന് വ്യക്തമാക്കുന്നത് പാഠ്യപദ്ധതിയിലാണ്. പഠിപ്പിക്കേണ്ടതിന്റെ ഉള്ളടക്കം വ്യക്തമാക്കുന്നത് സിലബസ്സും രീതി വ്യക്തമാക്കുന്നത് 'കരിക്കുല'വുമാണെന്നാണ് ഡോട്ടേൺസ് ( Robert Dotterns ) ൻെറ അഭിപ്രായം.* കുട്ടികൾ പഠിക്കേണ്ടതെന്തെന്ന് വ്യക്തമാക്കുന്ന അച്ചടിച്ച ഗൈഡാണ് സിലബസെന്നും അതു് തയാറാക്കുന്നതു് പാഠ്യപദ്ധതി മെച്ചപ്പെടുത്തുന്നതിൻെറ ആദ്യപടിയാണെന്നും ഹെൻട്രിഹാരപ്പ് (Henry Harap) 'പാഠ്യപദ്ധതി ആസൂത്രണം ചെയ്യുന്നതിൽ അദ്ധ്യാപകർക്കുള്ള പങ്കു്' എന്ന ലേഖനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

നിലവാരം (Standard)

ഒരളവുതോതു് അഥവാ ലക്ഷ്യമാക്കിയതോ, ലക്ഷ്യമാക്കപ്പെട്ടതോ, സാദ്ധ്യമായതോ ആയ, യോഗ്യതയാണ് നിലവാരംകൊണ്ടു് അർത്ഥമാക്കുന്നതു്. തരംതിരിക്കലിനുള്ള ഒരു ഉപകരണമായി വിദ്യാലയങ്ങളിൽ ഇതിനെ കരുതിപ്പോരുന്നു. യഥാർത്ഥ നേട്ടങ്ങളുടെ ശരാശരിയായും പ്രതീക്ഷിത ലക്ഷ്യത്തിൻെറ ഏകകമായും ജയിക്കാൻവേണ്ട ഏററവും കുറഞ്ഞ മാർക്കായും ആളുകൾ ഇതിനെ കണക്കാക്കാറുണ്ടു്. നേടിയ അറിവ്, പ്രവർത്തന സാമർത്ഥ്യം, വികസിപ്പിച്ച മനോഭാവങ്ങളുടെ തീഷ്ണത ഇവയിലൊന്നോ ഇവയുടെ ആകെത്തുകയോ

* The Primary School Curriculum. p. 81

നിലവാരമായി കരുതപ്പെടാറുണ്ട്. കോഠാരിക്കമ്മിഷൻെറ അഭിപ്രായത്തിൽ സ്കൂൾ വിദ്യാഭ്യാസത്തിൻെറ പൊതുലക്ഷ്യങ്ങൾക്കനുസരണമായി വികസിപ്പിക്കപ്പെടുന്ന അറിവ്, പ്രവർത്തനശേഷി, കഴിവ്, മനോഭാവം ഇവ ഉൾപ്പെട്ടതാണ് നിലവാരം.

വിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളം അവയുടെ പ്രത്യേകതകൾ മറെറാന്നിൻേറതുമായി തുലനം ചെയ്യാൻ സഹായകമാകുന്ന പാഠ്യപദ്ധതികളോ ഒരു സർട്ടിഫിക്കററു നേടുന്നതിനാവശ്യമായ മിനിമം യോഗ്യതയോ അംഗീകരിക്കപ്പെടുന്ന നേട്ടങ്ങളുടെ തോതോ ആകാം നിലവാരം. ഏററവും കുറഞ്ഞ തോതിൽ അംഗീകരിക്കപ്പെടുന്നതിന് വേണ്ട വ്യവസ്ഥകളേവയെന്ന് ഓരോ വിദ്യാലയവും മുൻകൂട്ടി നിശ്ചയിക്കയാണ് വേണ്ടതു്.

വിദ്യാഭ്യാസരംഗത്തു് നിലവാരമെന്നതു് പല വ്യാഖ്യാനങ്ങൾ നൽകാവുന്ന, അയവുള്ള, ഒരു പദമാണ്. പൊതുപരീക്ഷകളിലെ നേട്ടങ്ങൾ, ശാരീരികയോഗ്യതകൾ, സാന്മാർഗ്ഗികപ്രവണതകൾ, ജീവിതമൂല്യങ്ങളിലുള്ള വിശ്വാസം, പ്രത്യേക പെരുമാററരീതികൾ ഇവയിലേതെങ്കിലുമാകാം സന്ദർഭോചിതമായി നിലവാരത്തിൻെറ അർത്ഥം. ചലനാത്മകവും നിരന്തര പരിവർത്തനത്തിന് വിധേയവുമാണ് വിദ്യാഭ്യാസം എന്നതു കൊണ്ടു് ആ രംഗത്തു് വ്യക്തവും സ്ഥിരവുമായ നിലവാരം ഉണ്ടാകാൻ പ്രയാസമാണ്.

ലക്ഷ്യം, ശരാശരി, മിനിമം ഇങ്ങനെ മൂന്നുതരം സമീപനം നിലവാരത്തെ സംബന്ധിച്ചുണ്ടാകണം. പ്രതീക്ഷിത നിലവാരം എന്നും യഥാർത്ഥ നിലവാരം എന്നും രണ്ടിനമായും നിലവാരത്തെ വിഭജിക്കാം. യഥാർത്ഥനിലവാരമെന്നതു് ശരാശരി നിലവാരമോ മിനിമം നിലവാരമോ ആകാം. ഒരു പ്രത്യേകഘട്ടത്തിലെ പ്രതീക്ഷിത

നിലവാരം മനസ്സിലാക്കാൻ അവിടത്തെ സിലബസ്, പാഠപുസ്തകങ്ങൾ, പൊതുപരീക്ഷാചോദ്യങ്ങൾ എന്നിവ അപഗ്രഥിച്ചാൽ മതിയാകും. ഈ മൂന്ന് കാര്യങ്ങളിലും ബാഹ്യഏജൻസികളാണ് ഉത്തരവാദിത്വം വഹിക്കുന്നത്. പാഠപദ്ധതി തയ്യാറാക്കുന്നതിലും പാഠപുസ്തകം രചിക്കുന്നതിലും അദ്ധ്യാപകരെക്കൂടി പങ്കെടുപ്പിച്ചു തുടങ്ങിയത് അടുത്തകാലത്തു മാത്രമാണ്. പൊതുവിൽ വകുപ്പ് മേലുദ്യോഗസ്ഥന്മാരും മററു ഭരണാധികാരികളുമാണ് പ്രതീക്ഷിത നിലവാരം എന്തെന്ന് നിജപ്പെടുത്തുന്നത്. എന്നാൽ യഥാർത്ഥനിലവാരമാകട്ടെ, കുട്ടികൾ തങ്ങളുടെ പരീക്ഷകളിലും പൊതുപ്രവൃത്തികളിലും പ്രകടമാക്കുന്നതാണ്. ആന്തരികമോ ബാഹ്യമോ വാചികമോ ലിഖിതമോ പ്രവൃത്തിപരമോ ആയ പരീക്ഷകളിൽ ഓരോ കുട്ടിക്കും കിട്ടുന്ന മാർക്കാണ് ഇതിന്റെ ഏകകം. ഇതിനെ വർത്തമാനകാലനേട്ടമെന്നും പറയാം. ഇതിൽനിന്ന് വ്യത്യസ്ഥമായി ഒരു പ്രത്യേകഘട്ടം വരെ പഠിച്ചതിനു ശേഷം ഉപരിപഠനത്തിലോ, തൊഴിൽരംഗത്തോ, ജീവിതത്തിൽ തന്നെയോ പുലർത്തുന്ന നിലവാരത്തെ തുടർനേട്ടമെന്ന് പറയാം. ഇവ-രണ്ടും ബന്ധപ്പെടുത്തിയാണ് ചിലർ നിലവാരത്തെ വീക്ഷിക്കുന്നത്.

നിലവാരം വസ്തുനിഷ്ഠമായി നിർണ്ണയിക്കപ്പെടുന്നതിനു പ്രതീക്ഷിതനിലവാരവും യഥാർത്ഥനിലവാരവും തമ്മിൽ തുലനം ചെയ്തുനോക്കണം. ഇവതമ്മിലുള്ള അന്തരം എത്രത്തോളം കുറഞ്ഞിരിക്കുമോ അത്രത്തോളം നിലവാരത്തിന്റെ അനുയോജ്യത ഏറിയിരിക്കും. പൊതുപരീക്ഷകളിലുള്ള പരാജയശതമാനവും വിവിധ വിഷയങ്ങളിൽ വിദ്യാർത്ഥികൾ നേടുന്ന മാർക്കിന്റെ ശതമാനവും കണക്കാക്കി നിലവാരം താണെന്നു പറയുന്നത് വർത്തമാനകാലനേട്ടങ്ങളുടെ വിലയി

രുത്തലാണ് കാണിക്കുന്നത്. തൊഴിലാളികളുടെ ഉത്തരവാദിത്വബോധത്തേയും ഉല്പന്നങ്ങളുടെ ഗുണക്കുറവിനേയും വിമർശിക്കുന്ന തൊഴിലുടമ, വിദ്യാഭ്യാസത്തിൻെറ തുടർ നേട്ടത്തിലുള്ള പോരായ്മയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ജോലിയിലുള്ള അലസത, ഉത്തരവാദിത്വബോധക്കുറവ്, പൊതു മുതലിനോടുള്ള അനാശാസ്യമനോഭാവം മുതലായവ മോശപ്പെട്ടുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസനിലവാരത്തിൻെറ പ്രതീകങ്ങളായി കണക്കാക്കപ്പെടുന്നു. എന്നാൽ ഇത്തരം നിലവാരം പൂർവ്വകാലനിലവാരത്തോടോ പ്രതീക്ഷിത നിലവാരത്തോടോ താരതമ്യപ്പെടുത്താൻ യാതൊരു മാർഗ്ഗവുമില്ല. സമൂഹം പ്രതീക്ഷിക്കുന്ന തരത്തിലുള്ള പെരുമാററം അഥവാ പ്രവർത്തനം അംഗങ്ങളിൽ നിന്നു ലഭിക്കാതെ വരുമ്പോഴും നിലവാരത്തെക്കുറിച്ച് മുറവിളി ഉണ്ടാകാറുണ്ട്. സമൂഹത്തിൻെറ ആഗ്രഹങ്ങളും യഥാർത്ഥത്തിലുള്ള നേട്ടങ്ങളും തമ്മിൽ അന്തരമുണ്ടാകാതെ തരമില്ല. കാരണം സമൂഹം പുരോഗമിക്കുന്ന അത്ര വേഗതയിൽ വിദ്യാഭ്യാസപ്രക്രിയ പുരോഗമിക്കാത്തതും അതിൻെറ ഫലം അറിയാൻ കാലദൈർഘ്യം വേണമെന്നതുമാണ്.

## B. അഭിപ്രായഭേദങ്ങൾ

സെക്കൻററി വിദ്യാഭ്യാസഘട്ടത്തിൽ നിലവാരം നിർണ്ണയിക്കുമ്പോൾ കണക്കിലെടുക്കേണ്ട സംഗതികൾ ഇവയാണ്.

1. പ്രസ്തുതഘട്ടത്തിൻെറ അവസാനത്തിൽ നടത്തുന്ന പൊതുപരീക്ഷയിൽ ഓരോ വിഷയങ്ങളിലും കുട്ടികൾക്ക് ലഭിക്കുന്ന മാർക്കും എല്ലാവിഷയങ്ങളിലും മിനിമം മാർക്ക് നേടി ജയിക്കാനർഹരാകുന്നവരുടെ എണ്ണവും.

2. തൊഴിൽരംഗത്തോ, തൊഴിൽ പരിശീലനരംഗത്തോ, ഉപരിവിദ്യാഭ്യാസരംഗത്തോ, S. S L. C. പരീക്ഷ പാസ്സായവർ കാട്ടുന്ന നിലവാരം.

3. തൊഴിലുടമകളുടെ അഭിപ്രായത്തിൽ S. S. L. C. പരീക്ഷപാസ്സായവർ തൊഴിൽരംഗത്തു് കാട്ടുന്ന കാര്യക്ഷമത.

4. ജീവിതപ്രശ്നങ്ങളുമായി ഒത്തിണങ്ങുന്നതിനു നേടിയിട്ടുള്ള കഴിവു്.

കോഠാരിക്കമ്മീഷൻെറ അഭിപ്രായത്തിൽ നിലവാരത്തിനു് ത്രിവിധസമീപനമാണാവശ്യം. ഏതൊന്നിനോടു് ബന്ധപ്പെടുത്തിയാണോ നിലവാരം എന്ന പദം ഉപയോഗിക്കുന്നതു്, അവിടെ അതിനുള്ള അനുയോജ്യത; ആധുനികീകരിച്ചുകൊണ്ടിരിക്കുന്ന സമൂഹത്തിൻെറ ആവശ്യങ്ങൾക്കനുസരണമായി മാറുകയും അറിവു്, പ്രവത്തനവൈദഗ്ദ്ധ്യം, സ്വഭാവവിശേഷം എന്നിവയിൽ അനുനിമിഷം മുന്നേറുകയും ചെയ്യുാനുള്ള ശേഷി; അന്തർദേശീയതലത്തിൽ ബന്ധപ്പെട്ട മണ്ഡലങ്ങളുമായി തുലനം ചെയ്യപ്പെടാനുള്ള സാദ്ധ്യത, ഇവയാണു് കമ്മീഷൻ നിർദ്ദേശിക്കുന്ന ഗുണവിശേഷങ്ങൾ. * ഇവ നിർണ്ണായകഘടകങ്ങളായംഗീകരിച്ചാൽ നിലവിലുള്ള സ്ഥിതി തീരെ തൃപ്തികരമല്ല എന്നും കമ്മീഷൻ അഭിപ്രായപ്പെട്ടിട്ടുണ്ടു്. വിദ്യാഭ്യാസനിലവാരം മോശമായിട്ടില്ലെന്നു കരുതുന്നവർ വളരെ കുറവാണു്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം വിദ്യാഭ്യാസരംഗത്തുണ്ടായിട്ടുള്ള ഇരമ്പിക്കയററമാണൊരു കൂട്ടർ നിലവാരത്തകൎച്ചയ്ക്കു കാരണമായി ചൂണ്ടിക്കാണിക്കുന്നതു്. ഇംഗ്ലീഷിനെ അദ്ധ്യയനഭാഷയുടെ സ്ഥാനത്തുനിന്നു് നീക്കിയതിനെയാണു് ചിലർ പഴിക്കുന്നതു്. അദ്ധ്യാപകരുടെ താല്പര്യക്കുറവും പരിശീലനം സിദ്ധിക്കാത്ത അദ്ധ്യാപകർ

* പേജ് 41

സ്വീകരിക്കുന്ന അപര്യാപ്തമായ ബോധനരീതികളും പരീക്ഷിച്ചു നോക്കാതെ പ്രാവർത്തികമാക്കപ്പെടുന്ന പരിഷ്കാരങ്ങളും ഈ ദുഃസ്ഥിതിക്ക് കാരണമായി പറയപ്പെടുന്നു. പരീക്ഷാസമ്പ്രദായത്തിലെ വൈകല്യങ്ങളും കാരണങ്ങളുടെ പട്ടികയിലുണ്ട്. നിലവാരത്തെക്കുറിച്ചുള്ള ധാരണകൾ പലതാണ്. അതുകൊണ്ടുതന്നെ അഭിപ്രായപ്രകടനങ്ങൾ മുഖവിലയ്ക്ക് സ്വീകരിക്കാൻ പ്രയാസമാണ്. ആപേക്ഷികമായല്ലാതെ ഇവയെ കാണുക സാദ്ധ്യമല്ല. ഒരു മനഃശാസ്ത്രസമീപനമാണീ പ്രശ്നത്തിനാവശ്യമെന്നു കരുതുന്നവരും അതല്ല ശാസ്ത്രീയസമീപനത്തിലൂടെയുള്ള അപഗ്രഥനമാണ് വേണ്ടതെന്ന് കരുതുന്നവരുമുണ്ട്.

എന്നാണ് നിലവാരത്തകർച്ചയെന്ന മുറവിളി ആദ്യമുണ്ടായതെന്നതിന് തെളിവുകളൊന്നും കാണുന്നില്ല. ഇരുപതാം ശതകത്തിന്റെ ആദ്യപാദത്തിൽ ഈ മുറവിളി ഉണ്ടായിരുന്നതായി കാണാം. ഇന്നുള്ള നിലവാരത്തേക്കാൾ മെച്ചപ്പെട്ട നിലവാരം തങ്ങളുടെ കാലത്ത് ഉണ്ടായിരുന്നതായി മുതിർന്നയാളുകൾ വിശ്വസിച്ചുപോരുന്നു. മുൻകാലനേട്ടങ്ങളുമായി തുലനംചെയ്യുമ്പോൾ സമകാലീനനേട്ടങ്ങൾ മോശമാണെന്ന് പറയാനാവില്ലെന്നും വിദ്യാലയപ്രവേശനത്തിനുള്ള തിരക്ക്, വിഭവങ്ങളുടെ പരിമിതി മുതലായ അടിയന്തിര പ്രശ്നങ്ങൾ ഉടനടി പരിഹരിക്കപ്പെടേണ്ടതു് വിദ്യാഭ്യാസസംവിധാനം നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും അത്യന്താപേക്ഷിതമാണെന്നുമാണ് ചിന്തകരുടെ അഭിപ്രായം.

വിദ്യാഭ്യാസനിലവാരത്തെക്കുറിച്ച് സൂര്യനാരായണപ്പ (Suryanarayanappa H. K.–Educational India, March 1966) ഇപ്രകാരം എഴുതി: "നിലവാരം മോശപ്പെട്ടതു് ഒരു രാത്രിയോ ഒരു ദിവസമോ കൊണ്ടല്ല എന്നും വർഷങ്ങളായി

ഈ പ്രക്രിയ നടക്കുന്നുണ്ടെന്നും പ്രത്യേകിച്ചും സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷമാണീ സ്ഥിതി വഷളായതെന്നും നാം മനസ്സി ലാക്കണം. ഈ കാലഘട്ടത്തിൽ ഗവണ്മെൻറ് സ്വീകരിച്ച നടപടികളുടെ അപര്യാപ്തതയാണു് വിദ്യാഭ്യാസനിലവാരം താഴ്ത്തിയതു്. വിദ്യാഭ്യാസം കൂടുതൽ വ്യാപകമാകാനുള്ള തങ്ങളുടെ ആകാംക്ഷയിൽ ഗുണത്തെപ്പററി ചിന്തിക്കാനേ അവർ ഒരുമ്പെട്ടില്ല. കുട്ടികളുടെ ക്ലാസ്സുകയററക്കാര്യത്തിലും അദ്ധ്യാപകരുടെ നിയമനത്തിലും നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ ലഘൂകരിച്ചതും സ്ഥിതിഗതികൾ മോശമാ കാൻ സഹായകമായി......അദ്ധ്യാപകരുടെ ശമ്പളത്തോതു് ആകർഷകമല്ലാത്തതിനാൽ മെച്ചപ്പെട്ട യോഗ്യതകളുള്ള പലരും അദ്ധ്യാപകവൃത്തിയിൽനിന്നും അകന്നു കഴിയാനാ ണാഗ്രഹിക്കുന്നതു്..." തുടന്നു് നിലവാരം താഴാനുള്ള സാഹ ചര്യങ്ങൾ വ്യക്തമാക്കിക്കൊണ്ടു് വ്യക്തമായ തകർച്ച വിദ്യാ ഭ്യാസനിലവാരത്തിലുണ്ടായിട്ടുണ്ടെന്നു് അദ്ദേഹം വ്യക്തമാ ക്കിയിട്ടുണ്ടു്.

എട്ടാമതു് അഖിലേന്ത്യാ അദ്ധ്യാപക പരിശീലക സംഘടനയുടെ വാർഷികത്തിൽ ആദ്ധ്യക്ഷം വഹിച്ച പ്രൊ: ദേവഗൗഡയുടെ (A. C. Deve Gowda) മറെറാരു വശമാണു് ചൂണ്ടിക്കാണിക്കാനുള്ളതു്. അദ്ദേഹം ഇങ്ങനെ പറഞ്ഞു:

"സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഭാരതത്തിലെ ജനങ്ങൾ നിലവാരത്തകർച്ചയെപ്പററിയും നിലവാരം നിലനിർത്തേണ്ട തിന്റെ ആവശ്യകതയെപ്പററിയും സംസാരിച്ചുകേൾക്കുന്നുണ്ടു്. എന്നാൽ വിദ്യാഭ്യാസരംഗം മൊത്തമായി നോക്കിയാൽ അവിടെ നിലവാരവദ്ധനവാണു് കാണുന്നതെന്നും തകർച്ച യല്ലെന്നും അഭിപ്രായപ്പെടുന്നവരും ഉണ്ടു്......സെക്കന്ററി സ്കൂളുകൾക്കുകെത്തു് കടന്നുചെല്ലാമെന്നു് സ്വപ്നംപോലും

കാണാൻ കഴിയാതിരുന്ന ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ ഇന്ന് വിദ്യാലയങ്ങളിലുണ്ട്. അവരിലധികവും സാമൂഹിക പാരമ്പര്യത്തിലും സാമ്പത്തികസാഹചര്യങ്ങളിലും തുലോം താഴ്ന്നനിലയിലുള്ളവരാണ്. ഈ ഘട്ടത്തിലെ വിദ്യാഭ്യാസ പാഠ്യപദ്ധതി വിപുലപ്പെടുത്തിയിട്ടുമുണ്ട്. ഒരു കാര്യം സമ്മതിക്കാതെ തരമില്ല. കഴിഞ്ഞ 15-20 വർഷങ്ങളായി ഇംഗ്ലീഷിൻെറ നിലവാരത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. അതേ സമയം കണക്ക്, സയൻസ് എന്നിവയിൽ ഏതെങ്കിലും തരത്തിലുള്ള നിലവാരത്തകർച്ച ഉണ്ടായതായി പറയാൻ സാദ്ധ്യമല്ല......"

വിദ്യാഭ്യാസനിലവാരത്തെ പരാമർശിക്കവേ ററി എസ്സ് റാവു പറയുന്നത് ഏതാനും ദശകങ്ങൾക്ക മുമ്പുണ്ടായിരുന്ന വിദ്യാർത്ഥികൾ സാംസ്കാരികമായും സാമ്പത്തികമായും മെച്ചപ്പെട്ട സാഹചര്യങ്ങളിൽ നിന്ന് വന്നവരും വിദ്യാഭ്യാസരംഗത്തു് മുൻപന്തിയിൽ നിന്ന സമൂഹത്തിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ടവരും ആകയാൽ അവർക്ക് പഠനസൗകര്യങ്ങൾ സുലഭമായിരുന്നെന്നാണ്. ഇന്നത്തെ സ്ഥിതി അതല്ലെന്നും ഈ ഒരൊററ കാര്യംകൊണ്ടു തന്നെ പഴയ നിലവാരം നിലനിർത്താൻ സാദ്ധ്യമല്ലെന്നും അവരുടെ ശരാശരി നേട്ടം പണ്ടു കാലത്തേതിൽ നിന്നും വ്യക്തമായും കുറഞ്ഞിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർക്കുകയുണ്ടായി. ഇന്നത്തെ വിദ്യാർത്ഥികളിൽ ഏററവും മുകളിലുള്ള പത്തു ശതമാനം എടുത്തു പരിശോധിച്ചാൽ സമാനനിലയിൽ 20-30 വർഷങ്ങൾക്ക മുമ്പുണ്ടായിരുന്ന വിദ്യാർത്ഥികളേക്കാൾ ഒട്ടും പിന്നണിയിലല്ല അവർ എന്ന് മനസ്സിലാക്കാമെന്നും അദ്ദേഹം വിശ്വസിക്കുന്നു. ഇംഗ്ലീഷിന്റെ കാര്യത്തിൽ എല്ലാഘട്ടങ്ങളിലും വ്യക്തമായ കുറവു് അനുഭവപ്പെട്ടിട്ടുണ്ടെന്നും റാവു സമ്മതിക്കുന്നുണ്ട്.

വിദ്യാഭ്യാസനിലവാരം നിർണ്ണയിക്കുന്നതിന് പരീക്ഷയിലെ വിജയശതമാനം ഒരു ഏകകമായി യാതൊരു തരത്തിലും അംഗീകരിക്കാൻ നിവർത്തിയില്ലെന്നും അദ്ദേഹം വ്യക്തമായ ഭാഷയിൽ പ്രഖ്യാപിക്കുന്നു. [സാധാരണക്കാർ മിക്കപ്പോഴും S. S. L. C വിജയശതമാനമാണ് നിലവാരത്തെക്കുറിച്ച് നിഗമനങ്ങളിലെത്താൻ കണക്കിലെടുക്കുന്നതു്]

ഇംഗ്ലീഷിലുള്ള താരതമ്യേന മോശപ്പെട്ട കഴിവാണ് ഒട്ടുവളരെപ്പേർ നിലവാരത്തകർച്ചയുമായി ബന്ധിപ്പിച്ചിട്ടുള്ളതു്. അപ്രതിരോധ്യമായിരുന്ന ഇംഗ്ലീഷിൻെറ സ്ഥാനത്തുനിന്നും അതിനെ തള്ളിമാററി രണ്ടാംഭാഷയുടെ പദവിയിലേക്ക് നീക്കി നിർത്തിയതു് സ്വാഭാവികമായും നിലവാരത്തിൽ കുറവു് വരുത്തിയിട്ടുണ്ടെന്നു പറയാം. ഇങ്ങിനിവരാത്തവണ്ണം ഇംഗ്ലീഷിൻെറ നിലവാരം അധഃപതിച്ചിട്ടുണ്ടെന്നു് പറയുന്നവരുമുണ്ടു്. ഇണക്കഭാഷയായി മാത്രം ഇംഗ്ലീഷ് തുടരാൻ തീരുമാനിക്കപ്പെട്ടിരിക്കുന്ന സാഹചര്യവും ഈ നില മെച്ചപ്പെടുത്തുമെന്നു തോന്നുന്നില്ല. ഇംഗ്ലീഷിന്റെ നിലവാരം പൊതു വിദ്യാഭ്യാസനിലവാരമായി വ്യാഖ്യാനിക്കപ്പെടുക ശരിയല്ല. ചിലർ ആകെ നിലവാരത്തിൻെറ പ്രധാന ഭാഗമായി ഇംഗ്ലീഷിൻെറ നിലവാരം കണക്കാക്കുമ്പോൾ മററുചിലർ അതിനൊരു ചെറുഘടകത്തിൻെറ പ്രാധാന്യം പോലും നൽകാൻ കൂട്ടാക്കുന്നില്ല.

കാരണങ്ങളെന്തുതന്നെയായാലും ഘടകങ്ങളെന്തുതന്നെയായാലും നിലവാരം നിർണ്ണയിക്കപ്പെടുന്നതെങ്ങനെയായാലും നിലവാരത്തകർച്ച ഒരു യാഥാർത്ഥ്യമാണെന്നും അല്പംപോലും വൈകാതെ ഈ നില മെച്ചപ്പെടുത്താൻ വേണ്ടതു ചെയ്യണമെന്നും നിർദ്ദേശിക്കുന്നവരാണധികം. നിലവാരം ഉയർത്താൻ പലരും പല മാർഗ്ഗങ്ങളും നിർദ്ദേശിച്ചിട്ടുണ്ടു്. സിലബ

സിലും പാഠപുസ്തകങ്ങളിലും വരുത്തിയ മാററങ്ങൾ നിലവാരം ഉയർത്താൻ സഹായകമായിട്ടില്ലെന്നും അതുകൊണ്ട് ഈ ലക്ഷ്യം നേടണമെങ്കിൽ പ്രശ്നത്തിന്റെ കാതലായ ഭാഗംമുതൽ പരിഷ്കരിക്കണമെന്നും ചിന്തകന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. വിദ്യാലയങ്ങളിലെ ദുർവ്യയവും നിശ്ചലതയും പരകാഷ്ഠയെ പ്രാപിച്ചിരിക്കുന്ന ഇക്കാലത്ത് ഗുണവർദ്ധനവിനുള്ള യത്നമായിരിക്കണം അടുത്ത പത്തുവർഷക്കാലത്തെ പ്രധാന യത്നമെന്ന് കോഠാരിക്കമ്മിഷൻ നിർദ്ദേശിച്ചിട്ടുണ്ട്. അടുത്ത പത്തുവർഷങ്ങൾക്കകം ഇന്നത്തെ പ്രീ-ഡിഗ്രി വിദ്യാർത്ഥികളുടെ നിലവാരം S. S. L. C. പാസ്സാകുന്നവർക്കുണ്ടാകണമെന്നതാണ് ലക്ഷ്യം. ഇത് സാദ്ധ്യമാകുമോ എന്നതിനെപ്പററി ഭിന്നാഭിപ്രായമാണുള്ളത്. കാലഗതിക്കനുസരണമായി വിദ്യാഭ്യാസലക്ഷ്യങ്ങളിൽ മാററമുണ്ടാകുന്നുണ്ട്. തദനുസരണമായി സമൂഹം വിദ്യാർത്ഥികളിൽനിന്ന് മെച്ചപ്പെട്ട നിലവാരം പ്രതീക്ഷിക്കാറുമുണ്ട്. ആഗ്രഹത്തിലുള്ള അമിതമായ വർദ്ധനവും നിലവാരത്തിലുള്ള പരിമിതമായ നേട്ടവും തമ്മിലുള്ള വിടവ് എന്നെന്നും വർദ്ധിച്ചുവരികയേ ഉള്ളൂ എന്നും ആ വിടവ് കുറയ്ക്കാനോ ഇല്ലാതാക്കാനോ കഴിയുന്ന കാര്യം സംശയമാണെന്നും പലേ വിദ്യാഭ്യാസചിന്തകരും അഭിപ്രായപ്പെട്ടിട്ടുണ്ട്.

കേരളത്തിലെ വിദ്യാഭ്യാസ ഗവേഷണ, പഠന ഫോറം നിലവാരത്തെക്കുറിച്ച് നടത്തിയ പഠനം താഴെപ്പറയുന്ന വിവരങ്ങളിലേക്ക് വിരൽചൂണ്ടിയിരുന്നു: "ആഗ്രഹങ്ങളും നേട്ടങ്ങളും തമ്മിലുള്ള അന്തരം മനുഷ്യരെ ചിന്തിപ്പിക്കുന്നു. ഇതുതന്നെയാണ് വിദ്യാഭ്യാസരംഗത്തെയും സ്ഥിതി. സമൂഹത്തിന്റെ പ്രതീക്ഷയ്ക്കൊത്ത് വിദ്യാർത്ഥികളുടെ നേട്ടങ്ങൾ വളരുന്നില്ല. അപ്പോഴാണ് ഈ വിടവ് നികത്താനുള്ള

യത്നം ആരംഭിക്കുന്നത്. പരിഷ്കാരങ്ങൾ അതിന്റെ ഫലം പ്രദാനം ചെയ്യുമ്പോഴേക്കും സമൂഹം ഒരു പടികൂടി മുന്നേറിയിരിക്കും; സ്വാഭാവികമായി ആഗ്രഹങ്ങളും പ്രതീക്ഷകളും വർദ്ധിക്കുകയും ചെയ്യും. മുൻകാലത്തെ ആഗ്രഹങ്ങളും നേട്ടങ്ങളും തമ്മിലുണ്ടായിരുന്ന അന്തരം ഒട്ടും കുറയാത്ത തോതിൽ പില്ക്കാലനേട്ടങ്ങളും പ്രതീക്ഷകളും തമ്മിലും നിലനില്ക്കുന്നു. ഇതാണ് സ്ഥിതി. ഡിമാൻറിനെ നേരിടാനും മുന്നേറാനും നിലവാരം എത്ര ശ്രമിച്ചാലും സാധിക്കാത്തസ്ഥിതിയിൽ ഒരു തുടർമത്സരമായി ഇതു് നിലനില്ക്കുകയാണ്. സമൂഹം സ്ഥിരമായിരുന്നെങ്കിൽ ഒരൊററ ശ്രമംകൊണ്ടുതന്നെ ലക്ഷ്യം നേടാൻ കഴിഞ്ഞേനേ! എന്നാൽ അതല്ലല്ലോ നിലവിലുള്ള സാഹചര്യം. കുറെയേറെ വർഷങ്ങൾ മുന്നിൽ കണ്ടുകൊണ്ടു് സമൂഹത്തിലുണ്ടാകാവുന്ന മാററങ്ങൾ ഊഹിച്ച് അതിനനുസരണമായി വിദ്യാഭ്യാസനയങ്ങൾ ആസൂത്രണം ചെയ്തു് നടപ്പിലാക്കിയാലേ വിദ്യാഭ്യാസനിലവാരത്തിലെ തകർച്ചയെപ്പററിയുള്ള മുറവിളിക്കു് ഒരു പരിഹാരം നേടാൻ കഴികയുള്ളൂ."

ഫോറത്തിന്റെ ചർച്ചകളിൽ വിവിധങ്ങളായ അഭിപ്രായങ്ങൾ അവതരിക്കപ്പെട്ടിരുന്നു. ഇന്നത്തെ വിദ്യാർത്ഥി നേടുന്ന ആകെവിജ്ഞാനം ഇതേ സ്റ്റാൻഡാർഡിൽ പണ്ടത്തെ വിദ്യാർത്ഥി നേടിയിരുന്നതിനേക്കാൾ കൂടുതലാണെന്നും എന്നാൽ പ്രത്യേക വിഷയങ്ങൾ എടുത്തു പരിശോധിച്ചാൽ ചിലവയിൽ കുറവ് കണ്ടേക്കാമെന്നും പലരും വാദിക്കയുണ്ടായി. പ്രത്യേക വിഷയങ്ങളിൽ കഴിഞ്ഞ മൂന്നോ നാലോ ദശകങ്ങളിൽ എന്തു് മാററംവന്നിട്ടുണ്ടെന്നു് അപഗ്രഥിക്കുന്നതു് ഉള്ളടക്കത്തിന്റെ വെളിച്ചത്തിൽ നിലവാരം എങ്ങനെ വ്യത്യാസപ്പെട്ടു എന്നു് വ്യക്തമാക്കുമെന്നും അഭിപ്രായ

മുണ്ടായി. പാഠ്യപദ്ധതി, പാഠപുസ്തകങ്ങൾ, പരീക്ഷാസമ്പ്രദായം എന്നിവ നിലവാരം നിർണ്ണയിക്കുന്നതിലെ മൂന്നു് പ്രധാനഘടകങ്ങളാണെന്നും പൊതുവിൽ അംഗീകരിക്കയുണ്ടായി. ഇവയിൽ പലതും പ്രതീക്ഷിതനിലവാരമാണു് സൂചിപ്പിക്കുന്നതെങ്കിലും യഥാർത്ഥനിലവാരത്തോടു് ബന്ധപ്പെടുത്താവുന്നതായി ലഭ്യമാകുന്നതും ഇവ മാത്രമാണു്. അതുകൊണ്ടു് പ്രസക്തപഠനം പ്രധാനമായും പാഠ്യപദ്ധതി, പാഠപുസ്തകം, പരീക്ഷാചോദ്യങ്ങൾ ഇവയെ അധികരിച്ചാകണമെന്നു് തീരുമാനിക്കപ്പെട്ടു.

★

## 3. ബന്ധപ്പെട്ട പഠനങ്ങൾ

ലോകത്തെ മിക്ക രാഷ്ട്രങ്ങളിലും പാഠ്യപദ്ധതിയെയും ബന്ധപ്പെട്ട വിഷയങ്ങളെയും പററി ഗവേഷണപഠനങ്ങൾ നടത്തിയിട്ടുണ്ട്. കേരളത്തിൽ ഇത്തരം പഠനങ്ങൾ താരതമ്യേന കുറവാണെങ്കിലും ഭാരതമൊട്ടാകെ നോക്കുമ്പോൾ ഒട്ടു വളരെയെണ്ണം നടന്നിട്ടുള്ളതായി കാണാം.

കേരളത്തിലെ വിദ്യാഭ്യാസ ഗവേഷണഏജൻസികൾ സർവകലാശാലാവിദ്യാഭ്യാസവകുപ്പും സംസ്ഥാന വിദ്യാഭ്യാസഇൻസ്റ്റിട്യൂട്ടും ട്രെയിനിംഗ് കാളേജുകളുമാണ്. ഇവയിൽ ആദ്യത്തേതിനോട് ബന്ധപ്പെട്ട് M. Ed., Ph. D. എന്നീ ബിരുദങ്ങൾക്കുവേണ്ടിയും സർവകലാശാലാ ധനസഹായക്കമ്മിഷൻ, ദേശീയവിദ്യാഭ്യാസ ഗവേഷണകൗൺസിൽ, സർവകലാശാല എന്നിവയുടെ ധനസഹായത്തോടെ പ്രോജക്ടുകളായും ഗവേഷണങ്ങൾ നടത്തിവരുന്നുണ്ട്. M. Ed. തലത്തിൽ 5 പഠനങ്ങൾ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ടതായുണ്ട്. സോഷ്യൽസ്റ്റഡീസിലെയും ജനറൽസയൻസിലെയും പാഠ്യപദ്ധതിയുടെ ഉള്ളടക്കവും വ്യാപ്തിയുമാണ് രണ്ടെണ്ണത്തിലെ പ്രതിപാദ്യവിഷയമെങ്കിൽ മൂന്നാമത്തേത് വിദ്യാലയങ്ങളിലെ ഹിന്ദി അഭ്യസനത്തെക്കുറിച്ചുള്ളതാണ്. വിവിധഘട്ടങ്ങളിലെ ദുർവ്യയത്തെയും നിശ്ചലതയെയും കുറിച്ചുള്ളതാണ് ഒരു പഠനം. മറെറാന്ന് വിദ്യാഭ്യാസനിലവാരത്തെക്കുറിച്ചുള്ളതുമാണ്. കണക്കിലെയും സയൻസിലെയും പദസൂചി (Vocabulary) അപഗ്രഥിക്കുന്ന ഒരു പഠനവും ഹിന്ദിയിലെ വാക്യരീതികൾ വിവരിക്കുന്ന മറെറാന്നും

ഇതോട് ബന്ധപ്പെട്ട പഠനങ്ങളാണെന്ന പറയാം. വിദ്യാഭ്യാസഗവേഷണ, പഠനഫാറം അതിന്റേതായ സംഭാവനകൾ ഈ രംഗത്ത് നൽകിയിട്ടുണ്ട്. കേരളത്തിലെ വിദ്യാഭ്യാസഘടന, 1964 മാർച്ചിലെ S. S. L. C. പരീക്ഷാചോദ്യങ്ങളുടെ വിമർശനാത്മകമായ അപഗ്രഥനം, നിലവാരത്തകർച്ചയുടെ വിവിധഭാവങ്ങൾ എന്നിവ പ്രസക്തപഠനവുമായി ബന്ധമുള്ളവയാണ്. 1947 മുതലിങ്ങോട്ടുള്ള പാഠപുസ്തകങ്ങളുടെ വിലനിലവാരവും ജീവിതദൈർഘ്യവും വ്യക്തമാക്കുന്ന ഒരു പഠനം സംസ്ഥാനവിദ്യാഭ്യാസ ഇൻസ്റ്റിട്യൂട്ട് നടത്തിയിട്ടുണ്ട്. കൂടാതെ പാഠ്യപദ്ധതികളും പാഠപുസ്തകങ്ങളും പരിഷ്കരിക്കുന്ന നടപടികളും അവിടെയാണ് നടന്നുവരുന്നത്. ഇതൊക്കെയാണെങ്കിലും ഈ രംഗത്തെ പഠനഗവേഷണങ്ങൾ തൃപ്തികരമായ നിലവാരം പുലർത്തുന്നുണ്ടെന്ന് തോന്നുന്നില്ല. നിലവാരം മെച്ചപ്പെടുത്തുകയെന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ ഇനിയും വളരെയേറെ പ്രസക്തപ്രശ്നങ്ങൾ തിരഞ്ഞെടുത്ത് വിശകലനം ചെയ്യേണ്ടതായിട്ടാണിരിക്കുന്നത്.

1939 മുതൽ 1961 വരെയുള്ള കാലത്ത് ഭാരതത്തിലെ സർവകലാശാലകളിൽ M. Ed; Ph. D എന്നീ ബിരുദങ്ങൾക്കായി നടത്തിയിട്ടുള്ള ഗവേഷണവിഷയങ്ങളുടെ ഒരു സമാഹൃതരൂപം ദേശീയ വിദ്യാഭ്യാസ ഗവേഷണ കൗൺസിൽ 1963 ആഗസ്റ്റിൽ 'ഇന്ത്യൻ സർവകലാശാലകളിലെ വിദ്യാഭ്യാസപഠനങ്ങൾ' (Educational Investigations in Indian Universities) എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1962 ലും 63 ലും തിരഞ്ഞെടുത്ത വിഷയങ്ങൾ ചേർത്ത് ഒരു സപ്ലിമെന്റും പ്രസിദ്ധീകൃതമായിട്ടുണ്ട്. ഇവയുടെ വിശദപരിശോധനയിൽ Ph. D യ്ക്കായി രണ്ട് വിഷയങ്ങൾ മാത്രമേ പാഠ്യ

പദ്ധതിയുമായി ബന്ധപ്പെട്ട് ഈ കാലഘട്ടത്തിൽ അപഗ്ര ഥിക്കപ്പെട്ടിട്ടുള്ളു എന്ന് കാണാൻ കഴിഞ്ഞു. "ബോംബേ പ്രോവിൻസിലെ സെക്കൻററിസ്കൂൾ പാഠ്യപദ്ധതി— അതിൻെറ ഇന്നത്തെ ഘടനയുടെയും ഭാവിസംവിധാനത്തി ൻെറയും വിമർശനാത്മക അപഗ്രഥനം" എന്നതായിരുന്നു 1947 ൽ ഗോത്‌വിറേക്കർ **(S. R. Gothivrekar)** ബോം ബേ യൂണിവേഴ്സിററിയിൽനിന്നും **Ph. D** നേടിയ വിഷയം. 1950 ൽ അതേ യൂണിവേഴ്സിററിയിൽ നിന്നും കേൽക്കർ **(S. V. Kelkar) "S. S. C** പരീക്ഷയ്ക്കു വേണ്ടിയുള്ള ജനറൽ സയൻസ് പ്രാഠ്യപദ്ധതി" എന്ന വിഷയം അപഗ്രഥിച്ച് **Ph. D** ബിരുദം നേടുകയുണ്ടായി.

**M. Ed.** തലത്തിൽ പാഠ്യപദ്ധതിയും വിദ്യാഭ്യാസനി ലവാരവുമായി ബന്ധപ്പെട്ട ഒട്ടനവധി വിഷയങ്ങൾ അപഗ്ര ഥിക്കപ്പെട്ടിട്ടുണ്ട്. ഈ പഠനങ്ങളെ ഏതാനും വിഭാഗങ്ങ ളായി തിരിക്കാം. ആദ്യത്തേതിൽ പെടുന്നവ അടിസ്ഥാനവി ദ്യാലയങ്ങളിലെയും സാധാരണവിദ്യാലയങ്ങളിലെയും പാഠ്യ പദ്ധതികളുടെ താരതമ്യപഠനം (187),* വിവിധ പ്രദേശ ങ്ങളിൽ പെൺപള്ളിക്കൂടങ്ങളിൽ പ്രയോഗത്തിലിരിക്കുന്ന സിലബസിൻെറ താരതമ്യപഠനം (2539), ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽ സെക്കൻററി വിദ്യാലയങ്ങളിൽ സ്വീകരിച്ചിട്ടുള്ള പാഠ്യപദ്ധതികളുടെ താരതമ്യപഠനം (1902), സെക്കൻററിഘട്ടത്തിൽ പാഠ്യപദ്ധതി തയാറാക്കുന്ന രീതികളുടെ താരതമ്യപഠനം (2637), പഞ്ചാബിലെയും രാ ജസ്ഥാനിലെയും ഹയർസെക്കൻററി സ്കൂളുകളിൽ പ്രാബല്യ ത്തിലുള്ള സോഷ്യൽസ്റ്റഡീസ് സിലബസിൻെറ താരതമ്യ

* **Educational Investigations in Indian Universities** ലെ സീരിയൽ നമ്പറാണ് ബ്രാക്കററിൽ കൊടുത്തിരിക്കുന്നതു്.

പഠനം(3211), സെക്കൻററിസ്കൂളുകളിലെ സയൻസ് സിലബസുകളുടെ താരതമ്യപഠനം (3215), എന്നിവയും ഗുജറാത്തിലേക്ക് ഒരു സോഷ്യൽസ്റ്റഡീസ് സിലബസ് തയ്യാറാക്കാൻവേണ്ടി ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽ നിലവിലുള്ള സാമൂഹ്യപാഠം, ചരിത്രം, ഭൂമിശാസ്ത്രം ഇവയുടെ വിമർശാപഗ്രഥനവും (3514) ആണ്.

സെക്കൻററിസ്കൂളിലെ പാഠ്യപദ്ധതി (1119), മദ്ധ്യപ്രദേശിലെ പ്രൈമറിസ്കൂളുകളിലേതു് (2705), വയോജനവിദ്യാഭ്യാസത്തിൻേറതു് (2250), ബേസിക് വിദ്യാലയങ്ങളിലേതു് (2812, 3082, 3090), സെറാമിക്സിൻേറതു് (433), സെക്കൻററിഘട്ടത്തിലെ ഇംഗ്ലീഷിൻേറതു് (622, 1286), സെക്കൻററി സ്കൂളുകളിലെ ഭൂമിശാസ്ത്രത്തിൻേറതു്(2692), ഹോംസയൻസിന്റേതു് (485), പ്രൈമറിസ്കൂളുകളിലെ കണക്കിന്റേതു് (2149, 3473), സെക്കന്ററിസ്കൂളുകളിലെ കായികവിദ്യാഭ്യാസത്തിൻേറതു് (195), ഗൈഡൻസ് (2918), സെക്കന്ററിഘട്ടത്തിലെ സയൻസിൻേറതു് (581, 1661, 3107), അന്തരഘട്ടത്തിലെ സോഷ്യൽസ്റ്റഡീസിന്റേതു് (1446, 1772, 2385, 2479, 2737, 3420), ഗുജറാത്തിലെ അദ്ധ്യാപക പരിശീലന കാളേജുകളിലേതു് (1995) എന്നിവ പാഠ്യപദ്ധതി വിശകലനം ചെയ്യുന്ന വിഭാഗത്തിൽ പെടുന്നു.

പ്രാഥമിക ക്ലാസ്സുകളിലെ കണക്കിനുള്ള സിലബസ് (1259), സെക്കൻററിഘട്ടത്തിലേതു് (1096, 1690) മദ്രാസിലെ സെക്കൻററിസ്കൂളുകളിലേതു് (1852) ഇവ തയ്യാറാക്കിയവിധം; ഹയർസെക്കൻററിസ്കൂളുകളിലെ സിലബസ് നടപ്പിലാക്കുന്നതിലുള്ള വൈഷമ്യം (1427), പഞ്ചാബിലെ പുതിയ സയൻസ് സിലബസിനോടു് അദ്ധ്യാപകർക്കുള്ള പ്രതികരണം (2346), പോസ്റ്റ്ബേസിക് സ്കൂളുകളിലെ പാഠ്യപദ്ധതിനവീകരണം (291), പാഠ്യപദ്ധതിയും മുഷിവു

തോന്നലും (fatigue) തമ്മിലുള്ള ബന്ധം (1909), യുവാക്കളുടെ ആവശ്യങ്ങളും പാഠ്യപദ്ധതിയിലെ സൗകര്യങ്ങളും തമ്മിലുള്ള ബന്ധം (1692), പാഠ്യപദ്ധതിയുടെ മനശാസ്ത്രപരവും സാമൂഹികവുമായ അടിസ്ഥാനങ്ങൾ (2213), സെക്കൻററിഘട്ടത്തിൽ വിവിധോദ്ദേശ കോഴ്സുകൾ ആസൂത്രണം ചെയ്യുന്നതു് (1762) ഭൗമിശാസ്ത്രീകഘടകങ്ങളും പാഠ്യപദ്ധതിയും (3029) മുതലായവ മൂന്നാമതൊരു വിഭാഗമായി കണക്കാക്കാം.

പാഠ്യപദ്ധതി തയ്യാറാക്കുന്നതിൽ പ്രേരകങ്ങളായ ഘടകങ്ങളെക്കുറിച്ചുള്ള അപഗ്രഥനം (162, 513, 998, 1465, 1490, 1575, 1602, 1621, 2086) ഏതാനുംപേർ നടത്തിയിട്ടുണ്ടു്. പരാജയം, നിശ്ചലത, ദുർവ്യയം ഇവ വിദ്യാഭ്യാസരംഗത്തു് ബാധിക്കുന്നതെങ്ങനെയെന്നു് വ്യക്തമാക്കുന്ന പല പഠനങ്ങളും ഇതിനകം നടത്തിയിട്ടുണ്ടു്. പരാജയശതമാനം വദ്ധിക്കാനുള്ള കാരണങ്ങൾ (719), പൊതുപരീക്ഷകളിൽ വിദ്യാൎത്ഥികളുടെ പ്രകടനം (2904), ബുദ്ധിശക്തിയുള്ള കുട്ടികൾ വിദ്യാഭ്യാസരംഗത്തു് പരാജയപ്പെടാനുള്ള കാരണങ്ങൾ (2958), കുട്ടികൾ ഇടയ്ക്കുവച്ചു് വിദ്യാഭ്യാസം നിൎത്താനിടയാക്കുന്ന സാഹചര്യങ്ങൾ (3104) ഭോപ്പാലിലെ കുട്ടികൾ 'അക്കഡെമിക് നിലവാരത്തിൽ മോശപ്പെടാൻ കാരണം (3272)മുതലായവ ഈ വിഭാഗം പഠനങ്ങളിൽപെടുന്നു.

<u>വിദേശങ്ങളിൽ</u>

ദി റിവ്യൂ ഓഫ് എഡ്യൂക്കേഷനൽ റിസർച്ച് (The Review of Educational Research Vol XXXII No. 3) ൻെറ 1962 ജൂൺ ലക്കം അമേരിക്കയൊഴികെയുള്ള രാഷ്ട്രങ്ങളിലെ വിദ്യാഭ്യാസഗവേഷണം വിലയിരുത്താനായി ഉപയോ

ഗിച്ചിരിക്കയാണു്. ലോകരാഷ്ട്രങ്ങളിൽ പലതിലും പാഠ്യപദ്ധതിഗവേഷണം എങ്ങനെ പുരോഗമിക്കുന്നുവെന്നു് വ്യക്തമാക്കാൻ ഇതു് പര്യാപ്തമാണു്. പ്രധാനപ്പെട്ട ഏതാനും വിവരങ്ങൾ താഴെ ചേക്കുന്നു.

ന്യൂസിലണ്ടിലെ പഠനങ്ങളെക്കുറിച്ചു് വിവരിക്കുന്നതു് പാക്കിനാണു് (Parkyn G. W). അദ്ധ്യാപകരുടെ സഹകരണത്തോടെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർ നടത്തുന്ന പരീക്ഷണങ്ങളും പ്രായോഗിക ഗവേഷണങ്ങളുമാണു് അവിടത്തെ പാഠ്യപദ്ധതിരംഗത്തെ സജീവമാക്കിക്കൊണ്ടിരിക്കുന്നതെന്നു് അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. ബ്യൂബി (Buby) 1958 ൽ സെക്കൻററിഘട്ടത്തിൽ തൊട്ടുമുമ്പുള്ള 15 വർഷംകൊണ്ടു് ഉണ്ടായിട്ടുള്ള പാഠ്യപദ്ധതി മാററങ്ങളെ അപഗ്രഥിച്ചതു് ശ്രദ്ധേയമായ പഠനമായി ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. 1958 ൽ സാവിക്കി (Sawicki) ആൽബെർട്ടായിലെ (Alberta) ഇംഗ്ലീഷു് സിലബസ് അപഗ്രഥിച്ചതും 1956 ൽ ബക്കിൾസ് (Buckles) കണക്കിന്റെ സിലബസ് രൂപീകരണം വിശകലനം ചെയ്തതും പ്രധാന ഗവേഷണപഠനങ്ങളായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു്.

പൂർവ്വാഫ്രിക്കയിലെ വിവരങ്ങൾ നൽകിയിരിക്കുന്നതു് വിൻഗാർഡ് (Wingard P. G.) ആണു്. അദ്ദേഹം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. "പൂർവ്വാഫ്രിക്കയിലെ ക്ലാസ്സുമുറികളിൽ പാഠ്യപദ്ധതിഗവേഷണം കാര്യമായി പുരോഗമിക്കുന്നുണ്ടു്. മാക്കെറെറെ (Mackerere) യൂണിവേഴ്സിററി വിദ്യാഭ്യാസഇൻസ്റ്റിട്യൂട്ടിലെ ക്രീസർ (Creaser. H) വിദ്യാലയങ്ങളിലെ ഏഴും എട്ടും വഷങ്ങളിൽ പഠിപ്പിക്കേണ്ട സയൻസ് സിലബസിനെക്കുറിച്ചു് പഠനം നടത്തുകയുണ്ടായി. പ്രാദേശികവിഭവങ്ങൾകൊണ്ടു് നിർമ്മിച്ച ഉപകരണങ്ങൾ

ധാരാളമായി ഉപയോഗിക്കാനും അന്വേഷണശീലവും നിരീക്ഷണപാടവവും വർദ്ധിപ്പിക്കാനും ഇവിടത്തെ ഗവേഷണപഠനങ്ങൾ അദ്ധ്യാപകരെ ആഹ്വാനം ചെയ്തിട്ടുണ്ട്. പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട ഒട്ടനവധി ഗവേഷണങ്ങൾ അദ്ധ്യാപകപരിശീലനകാളേജുകളിലാണ് നടത്തിയിട്ടുള്ളതു്. കെനിയായിലെ കഗുമോ (Kagumo), സിറിബാ (Siriba) എന്നിവിടങ്ങളിലെയും താംഗനിക്കയിലെ മൊറോഗൊറാ (Morogora), മപാപ്പുറാ (Mpwapura) എന്നിവിടങ്ങളിലെയും ഉഗാണ്ടയിലെ ക്യംബോഗായിലും (Kyambago)ഉള്ള ഗവണ്മെൻറ്സ്ഥാപനങ്ങളിലാണ് ഇത്തരം ഗവേഷണങ്ങൾ അധികവും നടന്നിട്ടുള്ളതു്".

ബെൽജിയം, ഫ്രാൻസ്, സ്വിററ്സർലണ്ട് എന്നിവിടങ്ങളിലെ സ്ഥിതി റിപ്പോർട്ടുചെയ്ത ഹോട്യാററും മിലാറെററും (Hotyat and Mialaret) രേഖപ്പെടുത്തിയിട്ടുള്ളതിങ്ങനെയാണ്. "ഇവിടങ്ങളിൽ പാഠ്യപദ്ധതിയും ബോധനവുമായി ബന്ധപ്പെട്ട മണ്ഡലങ്ങളിലെ ഗവേഷണങ്ങൾക്ക് അടുത്ത കാലത്തു് പ്രത്യേക പരിഗണന നൽകിവരുന്നുണ്ട്. മിക്കവാറും പ്രത്യേക വിഷയങ്ങളോട് ബന്ധപ്പെട്ടാണ് ഈ പഠനങ്ങൾ നടത്തിയതെങ്കിലും അവ ബോധനരീതികളിലും പഠനോപാധികളിലും ശ്രദ്ധപതിപ്പിച്ചിരുന്നു."

ലുഡിംഗാണ് (Luding von Friedeberg) പശ്ചിമജർമ്മനിയിലെ വിദ്യാഭ്യാസഗവേഷണരംഗം വിശകലനം ചെയ്തിരിക്കുന്നതു്. ജർമ്മൻ ഫെഡറൽ റിപ്പബ്ലിക്കിലെ വിദ്യാലയങ്ങളിൽ രാഷ്ട്രീയവിദ്യാഭ്യാസം നൽകുന്നതിനെക്കുറിച്ചുള്ള ഒരു റിപ്പോർട്ട് എൽവെയിൻ (Ellwein) മ്യൂണിച്ച് കോളേജ് ഓഫ് പൊളിററിക്കൽ സയൻസിൻെറ സഹായത്തോടെ തയാറാക്കുകയുണ്ടായെന്നു് അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു.

പ്രസ്തുത റിപ്പോർട്ടിനാധാരമായ ഡേററാ (data)ശേഖരിച്ചതു് വിവിധ പാഠപദ്ധതികളുടെ താരതമ്യപഠനം; ഹൈസ്കൂളുകൾ, അദ്ധ്യാപകപരിശീലനകേന്ദ്രങ്ങൾ, ട്രെയിനിംഗ്കാളേജുകൾ എന്നിവിടങ്ങളിൽ നൽകിയ ചോദ്യാവലികളിൽ ലഭിച്ച വിവരങ്ങൾ; ക്ലാസ്സ്മുറികൾ സന്ദർശിക്കുകയും വിദ്യാർത്ഥികൾ, അദ്ധ്യാപകർ, പ്രിൻസിപ്പൽമാർ മുതലായവരുമായി ചർച്ച നടത്തുകയും ചെയ്തതിൽനിന്നു് ശേഖരിച്ച വിവരങ്ങൾ എന്നിവയിലൂടെയായിരുന്നുവെന്നും ലൂഡിംഗ്ഗ് വ്യക്തമാക്കിയിട്ടുണ്ടു്.

ഹ്യൂസെനും സ്വെൻസണും (Husen and Svensson) ആണു് സ്വീഡനിലെ നില വ്യക്തമാക്കിയിരിക്കുന്നതു്. 1957 ലെ സ്കൂൾ കമ്മിററിയും സോഷ്യൽ ആൻഡു് എക്കണോമിക് സ്റ്റഡീസിനു വേണ്ടിയുള്ള ഇൻഡസ്ട്രിയൽ കൗൺസിലും സംഘടിപ്പിച്ച് കണക്കു്, ഊർജ്ജതന്ത്രം, രസതന്ത്രം, പൗരതന്ത്രം, സ്വീഡിഷ് ഭാഷ എന്നിവയെ സംബന്ധിച്ച് വിശദമായ പഠനം നടത്തി ഒൻപതു വർഷ കോംപ്രിഹെൻസീവ് സ്കൂളിനുള്ള പുതിയ സിലബസ് പരിശോധിച്ചതാണു് പ്രധാന വസ്തുതയായി അവർ രേഖപ്പെടുത്തിയിട്ടുള്ളതു്.

പ്രൈമറി ഘട്ടത്തിൽ കണക്കു് പഠിപ്പിക്കുന്നതിനെക്കുറിച്ചുള്ള ലീ (Lee) യുടെ പഠനം (1959), കണക്കു് പഠിക്കുന്നതിലുള്ള പ്രയാസങ്ങളെപ്പററി സ്കെമ്പിൻെറ (Skemp) പഠനം (1961) ഇവയും സയൻസ്പഠനത്തെ സംബന്ധിച്ച കറി (Curr) ൻെറയും (1960), കിംഗ്സ് (King) (1961), പീൽ (Peel) (1955)എന്നിവരുടെയും പഠനങ്ങളും പ്രത്യേകം ചൂണ്ടിക്കാണിക്കാൻ ഇംഗ്ലണ്ടിലെ വിദ്യാഭ്യാസഗവേഷണരംഗം വിവരിക്കുന്ന വാളും മില്ലറും(Wall W.D. and Miller K.M.)

ശ്രമിച്ചിട്ടുണ്ട്. പീലിൻെറ പഠനം മററു ഗവേഷകർക്കു് മനഃശാസ്ത്രപ്രക്രിയകൾക്കു് ബോധനരീതികളോടും പാഠ്യപദ്ധതി ആസൂത്രണത്തിനോടും ഉള്ള ബന്ധം വ്യക്തമാക്കി ക്കൊടുക്കുന്നതാണെന്നും ഇവർ പ്രസ്താവിച്ചിട്ടുണ്ട്.

അമേരിക്കയിലെ ഈ രംഗം പ്രതിപാദിക്കുന്നതു് മാക് ഡൊണാൾഡും റാററനും (Macdonald J.B.and Ratton J.D.) കൂടിയാണു്. അവർ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "പാഠ്യപദ്ധതിഗവേഷണരംഗത്തു് വളരെയൊന്നും നടന്നുകാണുന്നില്ലെങ്കിലും നടന്ന വിഷയങ്ങളുടെയും അവയുടെ നിഗമനങ്ങളുടെയും അടിസ്ഥാനത്തിൽ പറയാൻ കഴിയുന്നതു് വളരെ വിദഗ്ധമായും സൂക്ഷ്മമായും പരിശോധിക്കപ്പെടേണ്ട പലപ്രശ്നമേഖലകളും ഈ രംഗത്തുണ്ടെന്നാണു്. വിദ്യാഭ്യാസതത്വങ്ങളും ഗവേഷണവുമായി ബന്ധപ്പെടുത്താതെ മുൻകാല ഗവേഷണഫലങ്ങൾ ലഭ്യമാക്കാനും ബന്ധപ്പെട്ട ഇതരമണ്ഡലങ്ങളുമായി ചേർന്നു് ഗവേഷണങ്ങൾ സംഘടിപ്പിക്കാനും ഉള്ള സാദ്ധ്യതകൾ ആരായാനും വികസിപ്പിക്കാനും ഉള്ള ശ്രമങ്ങളാണു് അമേരിക്കയിൽ നടന്നുവരുന്നതു്". അതേ സമയം പാഠ്യപദ്ധതിഗവേഷണത്തിന്റെ വിവിധവശങ്ങളെ പരാമർശിച്ചു് കൊളംബിയാ യൂണിവേഴ്സിററി ററീച്ചേഴ്സ് കോളേജിലെ റഗ്ഗും (H. O. Rugg) മിന്നെസോട്ടാ യൂണിവേഴ്സിററിയിലെ പെയിക്കും (W. E. Peik) വിദഗ്ധമായ വിശകലനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നു് വിററ്നി (Whitney F. L.) തന്റെ എലിമെൻറ്സ് ഓഫ് റിസർച്ച് (Elements of Research) എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

വ്യക്തിതചവ്യതിയാനങ്ങളെ സംബന്ധിച്ച ഗവേഷണങ്ങൾ ഏററവും കൂടുതൽ ബാധിക്കുന്നതു് പാഠ്യപദ്ധതി

അപഗ്രഥിക്കുമ്പോഴാണ് എന്നു പറയാം. ക്ലാസ്സുകളിൽ കുട്ടികളെ പ്രമോട്ടു(Promote)ചെയ്യുന്ന നയംരൂപീകരിക്കുക; അവശ്യയോഗ്യതകൾ നിശ്ചയിക്കുക; ബുദ്ധിമതികളും മന്ദബുദ്ധികളും ആയ കുട്ടികൾക്ക് അനുയോജ്യമായ പാഠ്യപദ്ധതി തയ്യാറാക്കുക; പാഠപുസ്തകങ്ങളുടെ ഉള്ളടക്കവും ഘടനയും നിർണ്ണയിക്കുക; അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും വിദ്യാഭ്യാസാസൂത്രണത്തിൽ സഹകരിപ്പിക്കുക; ഹാജർ നിയമങ്ങൾ നവീകരിക്കുക; അദ്ധ്യാപകർക്ക് പരിശീലനസൗകര്യങ്ങൾ കാളേജുകളിൽ ഏർപ്പെടുത്തുക; ഇൻസർവീസ് എഡ്യൂക്കേഷൻ പ്രചരിപ്പിക്കുക; ശിശുസംരക്ഷണം ഉറപ്പു ചെയ്യുക; അച്ചടക്കം പാലിക്കുക; മാനസികാരോഗ്യം സ്ഥാപിക്കുക; വിദ്യാഭ്യാസഘട്ടങ്ങൾ നിജപ്പെടുത്തുക; വിദ്യാലയങ്ങളിൽ നിദർശനസൗകര്യങ്ങൾ ഏർപ്പെടുത്തുക, ആവശ്യമായ സന്ദർഭങ്ങളിൽ അഡ്വാൻസ്ഡ് കോഴ്സുകൾ നൽകുക; കഴിവിനനുസരിച്ച് ക്ലാസ്സ്ഡിവിഷനുകൾ രൂപവൽക്കരിക്കുക തുടങ്ങിയ സംഗതികളിൽ ഇത്തരം ഗവേഷണപഠനങ്ങൾ വെളിച്ചം വീശിയിട്ടുണ്ടെന്നു് അവർ അവകാശപ്പെടുന്നു. ഈ വിവരം രേഖപ്പെടുത്തിയിട്ടുള്ളതു് ചെസ്റ്റർ ഹാരിസിൻെറ (Harris, Chester W.) വിദ്യാഭ്യാസ ഗവേഷണ വിജ്ഞാന കോശത്തിൽ* (Encyclopaedia of Educational Research) ആണു്.

പാഠ്യപദ്ധതിയെപ്പററിയുള്ള ഗവേഷണം ഇതരരംഗങ്ങളിലേക്കും കടന്നുചെല്ലുക സ്വാഭാവികമാണു്. നിലവാരത്തെ സംബന്ധിക്കുന്ന ഗവേഷണത്തിന്റെ കാര്യവും ഇങ്ങനെ തന്നെ. ഈ രണ്ടുതരം സമീപനവും വിദ്യാഭ്യാസരംഗത്തെ സജീവമാക്കാൻ സഹായിക്കാതിരിക്കയില്ല. സമൂഹം ചലനാ

* പേജ് 362

ത്മകമായതുകൊണ്ടു് മാററങ്ങൾ വിദ്യാഭ്യാസപദ്ധതിയിലും അനിവാര്യമാണു്. നിലവിലുള്ള സ്ഥിതിഗതികൾ അവലോകനം ചെയ്യുകയും ഭാവിയിലേക്കു വേണ്ട പരിപാടികൾ ആസൂത്രണംചെയ്യുകയും അവശ്യം ഏറെറടുക്കേണ്ട ഗവേഷണവിഷയങ്ങളിൽപ്പെടുന്ന അനുസ്യൂതം നടക്കേണ്ട ഒരു പ്രക്രിയയാണു് പാഠ്യപദ്ധതിയേയും നിലവാരത്തെയും പററിയുള്ള ഗവേഷണം.

ക്രെഡോയുടെ രൂപീകരണം (Curriculum Renewal and Educational Development Overseas–CREDO) നഫീൽഡ് ഫൗണ്ടേഷൻെറയും (Nuffield Foundation) ഓവർസീസ് ഡവലപ്പ്മെൻറ് മന്ത്രികാര്യാലയത്തിൻെറയും (Ministry of overseas development) ആഭിമുഖ്യത്തിൽ നടന്നതു് പാഠ്യപദ്ധതിയുടെ ആസൂത്രണവും ഗവേഷണവും വളരെദൂരം മുന്നോട്ടു കൊണ്ടുപോകുമെന്നാശിക്കാം. ക്രെഡോ, കാമൺവെൽത്തു് രാജ്യങ്ങളുടെ അപേക്ഷപ്രകാരം അതതു് പ്രദേശങ്ങളിലെ പാഠ്യപദ്ധതിയുടെ ഉള്ളടക്കം പരിശോധിച്ചു്, ബ്രിട്ടനിലേയും ഇതര കാമൺവെൽത്തു് രാജ്യങ്ങളിലേതുമായി അതു് താരതമ്യപ്പെടുത്തി, അവയുടെ പരിഷ്ക്കരണത്തിനോ മാററിമറിക്കലിനോ വേണ്ടതു് ചെയ്യാൻ സന്നദ്ധമായിരിക്കുമെന്നു് കോമൺവെൽത്തു് എഡ്യൂക്കേഷൻ ലെയിസാൺ കമ്മററിയുടെ 1967 മാർച്ചിൽ പുറപ്പെടുവിച്ച ലഘുലേഖയിൽ (News letter–Common wealth Education Laison Committee, London, March 1967) വ്യക്തമാക്കിയിട്ടുണ്ടു്. ശുഭോദർക്കമായ ഒരു വിജ്ഞാപനമാണിതു്. പാഠ്യപദ്ധതി അന്തർദേശീയ നിലവാരത്തോളമെത്തിക്കാൻ ഈ സഹകരണം സഹായിക്കാതിരിക്കയില്ല.

★

## 4. നിലവാരനിർണ്ണയം

### സാദ്ധ്യമായ രീതികൾ

പ്രത്യേക വിഷയങ്ങളിൽ ഓരോ കുട്ടിക്കും ഉള്ള അറിവിന്റേയും കഴിവിന്റേയും നിലവാരം ആ വിഷയത്തിനുള്ള പരീക്ഷയിൽ കുട്ടികൾക്ക് ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കാം. പൊതുവായ ചോദ്യക്കടലാസ്സുകളും പരിശോധനാസമ്പ്രദായവും പൊതുവായ പരീക്ഷാ അന്തരീക്ഷവും ഉണ്ടായാലേ ഇങ്ങനെയുള്ള നിലവാരനിർണ്ണയം സാദ്ധ്യമാകൂ. പൊതുപരീക്ഷകൾക്കുള്ള ചോദ്യങ്ങൾ പരിചയസമ്പന്നനായ ഒരു അദ്ധ്യാപകനോ പ്രഥമാദ്ധ്യാപകനോ ആയിരിക്കും തയാർചെയ്യുക. പൊതുപരീക്ഷയ്ക്ക് മാത്രമേ ഈ നടപടി സ്വീകരിക്കപ്പെടുകയുള്ളൂ. ക്ലാസ്സ്പരീക്ഷകൾക്കും വർഷാവസാന പരീക്ഷകൾക്കും അതതു് വിഷയം പഠിപ്പിക്കുന്ന അദ്ധ്യാപകരോ അതതു് വിദ്യാലയത്തിലെ മററദ്ധ്യാപകരോ ആണു് ചോദ്യക്കടലാസ്സ് തയാർചെയ്യുക. പൊതുപരീക്ഷ ആയാൽപോലും അതിന്റെ പരിശോധനാസമ്പ്രദായത്തിൽ അന്തരം ഉണ്ടാകാറുണ്ടു്. പ്രത്യേക നിർദ്ദേശങ്ങൾ നൽകാറുണ്ടെങ്കിലും പലയാളുകൾ പല സ്ഥലത്തുവച്ചു് വിഭിന്നങ്ങളായ സാഹചര്യങ്ങളിൽ ഉത്തരക്കടലാസ്സുകൾ പരിശോധിക്കുമ്പോൾ വൈവിദ്ധ്യം സഹജമാണല്ലോ. വ്യക്തിപ്രഭാവം ആവുംമട്ടു് കുറയ്ക്കാൻ ശ്രമം നടക്കുന്നുണ്ടെങ്കിലും ഐകരൂപ്യം നേടിക്കഴിഞ്ഞിട്ടുണ്ടെന്നു് പറയാനാവില്ല. പരീക്ഷ നടത്തുന്ന സാഹചര്യങ്ങളെ സംബന്ധിച്ചും ഇതാണു് സ്ഥിതി. പല കേന്ദ്രങ്ങളിൽവച്ചു് പരീക്ഷ നട

ത്തുമ്പോഴുണ്ടാകുന്ന പോരായ്മകൾ ഉദാഹരിക്കാവുന്നതാണല്ലോ. എന്നിരിക്കിലും പൊതുപരീക്ഷകൾക്കു് ലഭിക്കുന്ന മാർക്കു് അതതു് വിദ്യാർത്ഥികളുടെ നിലവാരത്തിൻെറ തോതായി കണക്കാക്കുന്നതിൽ തെററില്ലെന്നാണു് അഭിജ്ഞമതം.

ഈ രീതി അനുവർത്തിക്കാവുന്നതു് തൻവർഷത്തിലെ കുട്ടികളുടെ കാര്യത്തിലോ ഏറിയാൽ ഒന്നോ രണ്ടോ വർഷങ്ങൾക്കുമുമ്പു് പഠിച്ച കുട്ടികളുടെ കാര്യത്തിലോ മാത്രമാണു്. അതിനു്മുമ്പുള്ള കാലത്തെ ഉത്തരക്കടലാസ്സുകൾ, മാർക്കു് ലിസ്റ്റ് മുതലായവ സൂക്ഷിച്ചുവയ്ക്കുന്ന രീതി നമ്മുടെ പൊതു പരീക്ഷാബോർഡുകൾക്കില്ല അപ്പോൾപിന്നെ ഇരുപതോ മുപ്പതോ വർഷം മുമ്പുള്ള ഉത്തരക്കടലാസ്സുകളുടേയും മാർക്കു് ലിസ്റ്റിൻേറയും കാര്യം പറയേണ്ടതില്ലല്ലോ. അപ്പോൾ രണ്ടോ മൂന്നോ ദശകങ്ങൾക്കുമുമ്പു് സ്കൂൾഫൈനൽ ക്ലാസ്സുകളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികളുടെ നിലവാരം ഇന്നത്തെ വിദ്യാർത്ഥികളുടേതുമായി താരതമ്യപ്പെടുത്തുന്നതിനു് ഉത്തരക്കടലാസ്സുകളെ ആശ്രയിക്കുക സാദ്ധ്യമല്ലെന്നു് വ്യക്തമാണല്ലോ.

മറെറാരു സമീപനം പരീക്ഷ പാസായവരുടെ പിൽക്കാലനേട്ടങ്ങൾ—തൊഴിൽരംഗത്തായാലും ഉപരിപരിശീലനരംഗത്തായാലും താരതമ്യപ്പെടുത്തുകയാണു്. ഇതിൽ ഒരു പ്രയാസം വരുന്നതു് തൻവർഷം പഠിക്കുന്ന കുട്ടികളുടേതു് താരതമ്യം ചെയ്യണമെങ്കിൽ ഒന്നോ രണ്ടോ വർഷമെങ്കിലും കാത്തിരിക്കണമെന്നതാണു്. ഇപ്പോൾ ലഭ്യമായേക്കാവുന്നതു് രണ്ടോ മൂന്നോ വർഷം മുൻപു് പരീക്ഷ പാസായവരുടെ വർത്തമാനകാലനേട്ടങ്ങളായിരിക്കും. ഇരുപതോ മുപ്പതോ വർഷം മുൻപു് പാസായവർ അന്നു് എങ്ങനെ പെരുമാറിയിരുന്നെന്നു് രേഖപ്പെടുത്തിയിട്ടില്ലാത്തതും ഒരു പരാധീനതയാണു്. അവരുടെ ഇന്നത്തെ നേട്ടങ്ങൾ അന്നു് പരീക്ഷ

പാസായപ്പോൾ കിട്ടിയതിലുപരി തുടർന്നുണ്ടായ പരിശീലനത്തിൻെറ ഫലമായി ലഭിച്ചതായിരിക്കും. അതായത്‌ ഇന്ന്‌ നാം കുട്ടികളുടെ മാർക്കോ അടുത്ത വർഷങ്ങളിൽ അവർ പ്രകടിപ്പിക്കുന്ന നേട്ടങ്ങളോ രേഖപ്പെടുത്തിവച്ചാൽ ഏതാനും വർഷങ്ങൾക്കുശേഷം അന്നത്തെ കുട്ടികളുടെ കഴിവുകളും നേട്ടങ്ങളുമായി അതിനെ താരതമ്യപ്പെടുത്താൻ കഴിഞ്ഞേക്കും. ഇന്നത്തെ നിലവാരത്തേക്കാൾ അന്നത്തേത്‌ കൂടുതലോ കുറവോ എന്ന്‌ അനുമാനിക്കാൻ ഈ രീതി സഹായകമാകും. നേരത്തേക്കൂട്ടി ഇത്തരം വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതുകൊണ്ട്‌ പ്രസ്തുത പഠനത്തിൽ ഈ സമീപനവും സ്വീകാര്യമല്ല.

ഇന്നത്തെ മുതിർന്ന തലമുറ, അവരുടെ കാലത്തേതിനെ അപേക്ഷിച്ച്‌ ഇന്നത്തെ നിലവാരം തുലോം മോശമാണെന്ന്‌ അഭിപ്രായപ്പെടുന്നുണ്ട്‌. ദീർഘകാലത്തെ അനുഭവസമ്പത്തിൻെറ പേരിൽ പുറപ്പെടുവിക്കുന്ന ഈ അഭിപ്രായം പ്രഥമദൃഷ്ട്യാ തള്ളിക്കളയുക സാദ്ധ്യമല്ല. എന്നാൽ മുതിർന്ന തലമുറയിലും രണ്ടഭിപ്രായക്കാരുണ്ട്‌. പ്രത്യേകവിഷയങ്ങളിലുള്ള അഗാധമായ ജ്ഞാനം ഇന്നത്തെ വിദ്യാർത്ഥിക്ക്‌ കുറവാണെങ്കിൽപോലും അയാളുടെ പൊതുവിജ്ഞാനത്തിൻെറ ആകെത്തുക പണ്ടത്തേതിൻെറ എത്രയോ മടങ്ങ്‌ കൂടുതലാണെന്ന്‌ അവരിൽ ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്‌. ഇരുപതോ മുപ്പതോ വർഷങ്ങൾക്കു മുൻപ്‌ സ്കൂൾഫൈനൽവരെയെങ്കിലും വിദ്യാഭ്യാസം നേടിയവരും വിദ്യാഭ്യാസരംഗത്തെ തുടർന്നുണ്ടായ പ്രവണതകളേയും മാററങ്ങളേയും കുറിച്ച്‌ ബോധവാന്മാരും ആയ ആളുകളെ കണ്ടെത്തി അവർക്കു് ഒരു അഭിപ്രായാവലി (opinionaire) നൽകുന്നതു് ചിന്തിക്കാവുന്ന ഒരു മാർഗ്ഗമാണ്‌. ഇത്തരം പ്രശ്നങ്ങളെക്കുറിച്ച്‌ വസ്തുനിഷ്ഠമായ

അഭിപ്രായം രേഖപ്പെടുത്താൻ കഴിവും സന്നദ്ധതയുമുള്ള ആളു കളെ കണ്ടെത്തുകയാണ് ഈ മാർഗ്ഗത്തിനുള്ള വൈഷമ്യം. അതുകൊണ്ട് ഈ മാർഗ്ഗം മാത്രമായി സ്വീകരിക്കാൻ സാദ്ധ്യ മല്ല. മററ് ഏതെങ്കിലും സമീപനങ്ങളോടൊത്ത് ഇതുംകൂടി ആകാവുന്നതേയുള്ളു.

ഇന്ന് നിലവിലുള്ള പാഠ്യപദ്ധതികളും ഇരുപതോ മുപ്പതോ വർഷം മുൻപ് നിലവിലിരുന്ന പാഠ്യപദ്ധതികളും തമ്മിൽ തുലനം ചെയ്യുകയാണ് സാദ്ധ്യമായ മറെറാരുരീതി. കാലാകാലങ്ങളിൽ ഡിപ്പാർട്ടുമെൻറ് ചുമതലയിൽ സില ബസ് അച്ചടിച്ച് വിതരണം ചെയ്യുന്നതുകൊണ്ട് ചുരുക്കം ചില സ്കൂളുകളിലെങ്കിലും അവയുടെ പ്രതി കണ്ടേക്കും. വെറു മൊരു താരതമ്യപഠനം കൊണ്ട് നിഗമനങ്ങളിലെത്തുക ശാസ്ത്രീയമായിരിക്കുകയില്ല. ഓരോ സിലബസ് പരിഷ്കരണവും അവഗാഢമായി ചർച്ച ചെയ്യപ്പെടണം. സിലബസിൽ വരുത്തിയ മാററങ്ങൾ—ഏററക്കുറച്ചിലുകൾ എന്തൊക്കെ യാണെന്നും അവ സമകാലീനത, (contemporaneity) സാധുത (relevance) എന്നിവയുടെ അടിസ്ഥാനത്തിൽ വിശ കലനം ചെയ്യപ്പെടേണ്ടതുമാണ്. ഇത്തരം ഒരു പഠനം നിഗ മനങ്ങളിലെത്തിച്ചേരാൻ സഹായകമായേക്കും.

സാദ്ധ്യമായ മറെറാരു സമീപനം S. S. L. C. പരീക്ഷാ ചോദ്യക്കടലാസ്സുകളുടെ അപഗ്രഥനമാണ്. പ്രതീക്ഷിതനി ലവാരത്തിൻെറ തോതായി ചോദ്യക്കടലാസുകളെ കണക്കാ ക്കാം. ഇവ പ്രതീക്ഷിതനിലവാരത്തെ പ്രതിനിധീകരിക്കു ന്നില്ലെന്നും അതുകൊണ്ട് ശരിയായ മാനദണ്ഡമാവില്ലെന്നും അഭിപ്രായപ്പെടുന്നവരുണ്ട്. എന്നാൽ ഒരു ബാഹ്യ പരീക്ഷ ആകയാൽ S. S. L. C. പരീക്ഷക്കടലാസുകൾ നിർദ്ദിഷ്ടമായ സിലബസിനും നിലവാരത്തിനും അനുസരണമായിരിക്കു

മെന്നു വേണം കരുതാൻ. വിഷയങ്ങൾക്കും അവയുടെ അവാന്തരവിഭാഗങ്ങൾക്കും നൽകുന്ന പ്രാധാന്യത്തിലും ചോദ്യങ്ങൾക്ക് നൽകുന്ന മാർക്കിലും അന്തരമുണ്ടാവുക സ്വാഭാവികമാണ്. എന്നിരുന്നാലും ആകെ മൊത്തത്തിൽ ചോദ്യക്കടലാസ്സുകൾ നിലവാരത്തിന്റെ പ്രതീകങ്ങളാണെന്ന് കരുതാം. ചോദ്യക്കടലാസ്സുകളുടെ ലഭ്യതയനുസരണമായി ഈ സമീപനവും പ്രസക്തപഠനത്തിന് സ്വീകരിക്കാവുന്നതാണ്.

വിഭിന്നകാലഘട്ടങ്ങളിൽ അംഗീകരിക്കുന്ന പാഠപുസ്തകങ്ങൾ അതാതു കാലത്തെ പ്രതീക്ഷിതനിലവാരം ഏറെക്കുറെ മനസിലാക്കാൻ പോന്നവയാണ്. മുൻകാലങ്ങളിൽ ഗ്രന്ഥകാരന്മാരും പ്രസാധകന്മാരും തയാറാക്കുന്ന പുസ്തകങ്ങളിൽ നിന്നും ചിലവ ഗവണ്മെൻറ് അംഗീകരിക്കയും ആ ലിസ്റ്റിൽനിന്ന് തങ്ങൾക്കിഷ്ടമായതു് പ്രഥമാദ്ധ്യാപകൻ തിരഞ്ഞെടുക്കുകയുമായിരുന്നു പതിവ്. നിശ്ചിത സിലബസ് അനുസരിച്ച് പ്രതീക്ഷിത നിലവാരം ലക്ഷ്യമാക്കി എഴുതപ്പെട്ടുന്നപുസ്തകങ്ങൾ ആണ് അന്നു് ഉണ്ടായിരുന്നതു്. ഇന്നാകട്ടെ മിക്ക പുസ്തകങ്ങളും ഗവണ്മെന്റ്തന്നെ തയ്യാറാക്കിച്ച് വിതരണം ചെയ്യുകയാണ്. നോൺഡീറെയിൽഡ് പുസ്തകങ്ങൾ മാത്രമാണ് പ്രൈവററ് മേഖലയിൽനിന്ന് തിരഞ്ഞെടുക്കുന്നതു്. മുമ്പ് പ്രചാരത്തിലിരുന്ന പുസ്തകങ്ങളും ഇന്ന് ഉപയോഗത്തിലിരിക്കുന്ന പുസ്തകങ്ങളും താരതമ്യം ചെയ്താൽ നിലവാരത്തിൽ ഉണ്ടായിട്ടുള്ള മാററം ഏറെക്കുറെ വ്യക്തമാകും. പുസ്തകങ്ങളുടെ ലഭ്യതയെ ആശ്രയിച്ചിരിക്കും ഈ മാർഗ്ഗം സ്വീകരിക്കപ്പെടുന്നതു്.

ആശാസ്യമായ മറെറാരു മാർഗ്ഗം നമ്മുടെ സിലബസ് മററ് സംസ്ഥാനങ്ങളിലുള്ളതിനോടോ ദേശീയതലത്തിൽ ഒരു സിലബസ് ഉണ്ടെങ്കിൽ അതിനോടോ തുലനം ചെയ്യുന്ന

രീതിയാണു്. അന്താർദേശീയതലത്തിൽ ഏതെങ്കിലും വിഷയങ്ങൾക്കു് സിലബസ്സ് തയാർ ചെയ്തിട്ടുണ്ടെങ്കിൽ അവയും നമ്മുടേതുമായി താരതമ്യപ്പെടുത്തുന്ന കാര്യവും പര്യാലോചിക്കാവുന്നതാണു്. അയൽസംസ്ഥാനങ്ങളിലെ സിലബസ്സ് നമ്മുടേതുമായി താരതമ്യപ്പെടുത്തി നേട്ടങ്ങളും കോട്ടങ്ങളും മനസ്സിലാക്കുന്നതും അഭികാമ്യമായ ഒരു രീതിയാണു്. ഈ തരം താരതമ്യപഠനത്തെ തിരശ്ചീനതലത്തിലുള്ള പഠനം എന്നു് പറയാം.

നിലവാരം നിർണ്ണയിക്കുന്നതിനും നിലവാരം താരതമ്യം ചെയ്യുന്നതിനും സ്വീകരിക്കാവുന്ന മാർഗ്ഗങ്ങൾ ഇവയാണു്:

1. സിലബസുകൾ തുലനം ചെയ്യുക.
2. ചോദ്യക്കടലാസുകൾ താരതമ്യപ്പെടുത്തുക.
3. പാഠപുസ്തകങ്ങൾ അപഗ്രഥിക്കുക.
4. മററു സംസ്ഥാനങ്ങളിലെ സിലബസ്സ്, ചോദ്യക്കടലാസ്സ്, പാഠപുസ്തകം ഇവയുമായി തുലനം ചെയ്യുക.
5. ഇവയുടെ അടിസ്ഥാനത്തിൽ ചെന്നെത്തുന്ന നിഗമനങ്ങൾ സാധൂകരിക്കുന്നതിനു വേണ്ടി ബന്ധപ്പെട്ട ആളുകൾക്കിടയിൽ ഒരു അഭിപ്രായപഠനം (opinion survey) നടത്തുക.

## ഈ പഠനത്തിൽ ഉപയോഗിച്ചിട്ടുള്ള സമീപനം (procedure)

ഒരു ഗവേഷണം, അതെത്രതന്നെ ചെറുതോ വിശാലമോ ആകട്ടെ ഒരു വ്യക്തി നടത്തുന്നതോ ഒന്നിലധികം ആളുകൾ കൂട്ടായി നടത്തുന്നതോ ആകട്ടെ, ഡിഗ്രിക്കോ അംഗീകാരത്തിനോവേണ്ടി നടത്തുന്നതോ, സഹായധനം പററിക്കൊണ്ടു് നടത്തുന്നതോ ആകട്ടെ അനുവർത്തിക്കപ്പെടുന്ന നടപടിക്രമം

വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഒരു പ്രശ്നം അഥവാ വിഷയം തിരഞ്ഞെടുത്തു കഴിഞ്ഞാൽ ലഭ്യമായ നടപടിക്രമങ്ങളിൽ ഏററവും അനുയോജ്യമായതു് ഏതെന്ന് കണ്ടെത്തുകയാണ് അടുത്തപടി. നടപടിക്രമത്തിൽ അധിഷ്ഠിതമാണ് ചെന്നെത്തുന്ന നിഗമനങ്ങളെന്ന് പരക്കെ വിശ്വസിച്ചുപോരുന്നു. തുടക്കത്തിൽ ഉണ്ടാകുന്ന 'പിഴച്ചകാൽ വയ്പ്' പഠനത്തെ പാടേ താറുമാറാക്കാൻ പര്യാപ്തമാകും. നടപടിക്രമങ്ങളുടെ അനുയോജ്യത മാത്രമല്ല ബന്ധപ്പെട്ട വസ്തുതകൾ, സമയം, ധനം ഇവയുടെ ലഭ്യതയും പരിഗണിക്കപ്പെടണം. ഓരോ പഠനത്തിനും അനുയോജ്യമായ ഒന്നിലധികം രീതികളുണ്ടാകാമെങ്കിലും അവയിൽ നിന്നേററവും മെച്ചപ്പെട്ടതു് തിരഞ്ഞെടുക്കുകയാണ് വേണ്ടതു്.

പാഠ്യപദ്ധതിഗവേഷണത്തിലെ പ്രശ്നങ്ങളും രീതികളും സാദ്ധ്യതകളും അപഗ്രഥിക്കവേ മാക്ഡൊണാൾഡ് (Macdonald) പ്രസ്താവിച്ചിട്ടുള്ളതു്, ഈ മേഖലയിൽ താല്കാലികമായി 'പരീക്ഷണ ഡിസൈനുകൾ' വേണ്ടെന്ന് വയ്ക്കുന്നതിൽ തകരാറില്ലെന്നാണ്. ഗവേഷകർക്ക് പൊതുവിൽ അംഗീകാര്യമായ രീതികളും വിവരണങ്ങളും വസ്തുതകളും ഉണ്ടാകുന്നിടം വരെ സൂക്ഷ്മമായ അവലോകനവും വിവരണവും നിഗമനങ്ങളിലെത്തിച്ചേരുന്നതിന് സ്വീകരിക്കാമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ട്. താല്കാലികനിഗമനങ്ങൾ (Hypotheses) രൂപപ്പെടുത്തുന്നതും പരിശോധിക്കപ്പെടുന്നതും പിന്നീട് മതിയാകുമെന്നും മാക്ഡൊണാൾഡ് പ്രസ്താവിച്ചിട്ടുണ്ട്. പാഠ്യപദ്ധതിയുമായും നിലവാരവുമായും ബന്ധപ്പെട്ട പല പഠനരീതികളും ഇവിടെ വിവരിക്കപ്പെട്ടെങ്കിലും പ്രസക്തപഠനത്തോട് നേരിട്ട് ബന്ധമുള്ള യാതൊന്നും തന്നെ ലഭ്യമായിട്ടില്ല. പാഠ്യപദ്ധതിരൂപീകരണം, നവീകരണം എന്നിവയ്ക്കും

പാഠപുസ്തകങ്ങളുടെ ഉള്ളടക്കം വിശകലനം ചെയ്യുന്നതിനും പലേ മാറ്റങ്ങളും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നിലവാരവുമായി ബന്ധപ്പെടുത്തി പാഠ്യപദ്ധതിയുടെ ഉള്ളടക്കവും വ്യാപ്തിയും വിലയിരുത്തുന്നതിന് ഒരു ഗവേഷണരീതിയും നിർദ്ദേശിച്ചു കണ്ടിട്ടില്ല.

ചില പ്രത്യേകപഠനങ്ങൾക്ക് ഏതെങ്കിലും ഒരു ഗവേഷണരീതി മാത്രം മതിയായേക്കാം. എന്നാൽ പ്രസക്തപഠനം പോലെയുള്ളവയ്ക്കു് ഒന്നിലധികം രീതികൾ സമന്വയിക്കേണ്ടതു് അത്യന്താപേക്ഷിതമാണ്. ചരിത്രപരവും അപഗ്രഥനാത്മകവുമായ രീതികൾക്കു് പുറമേ സർവ്വേരീതി കൂടി ഈ പഠനത്തിൽ ഉപയോഗിക്കപ്പെടുന്നുണ്ടു്.

ഗവേഷണവിഷയം, '1934മുതലിങ്ങോട്ടു് കേരളത്തിലെ പ്രൈമറി, സെക്കൻററി വിദ്യാലയങ്ങളിലെ പാഠ്യപദ്ധതിയിലുണ്ടായിട്ടുള്ള മാററങ്ങൾ നിലവാരം മെച്ചപ്പെടുത്തുന്നതിനു് എന്തുമാത്രം സഹായകമായിട്ടുണ്ടു്' എന്നതാണ്. സ്വാഭാവികമായും വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ കഴിഞ്ഞ മൂന്നോ നാലോ ദശകങ്ങളിലെ ഭരണ റിപ്പോർട്ടുകൾ ചരിത്രപരമായി അപഗ്രഥിക്കപ്പെടേണ്ടതുണ്ടു്. 1934-നു് മുമ്പുള്ള ഏതാനും വർഷത്തെ റിപ്പോർട്ടുകളും വിവിധ വിദ്യാഭ്യാസ കമ്മിഷനുകളുടെ റിപ്പോർട്ടുകളും വിശകലനം ചെയ്യാൻ ശ്രമിച്ചിട്ടുണ്ടു്. ആവശ്യമായത്ര ഭരണറിപ്പോർട്ടുകളും കമ്മിഷൻ റിപ്പോർട്ടുകളും സംഭരിക്കയായിരുന്നു ആദ്യത്തെ നടപടി. 1949 വരെയുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനു് തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിലെ വിദ്യാഭ്യാസവകുപ്പിന്റെ ഭരണറിപ്പോർട്ടുകൾ ഉപയോഗിക്കേണ്ടിവന്നു. 1949–മുതൽ 56 വരെയുള്ള കാലത്തു് തിരു:കൊച്ചി പ്രദേശത്തിന്റെയും മലബാർ ഡിസ്ട്രിക്ടിന്റെയും പ്രത്യേകം

പ്രത്യേകം അവലോകനം ചെയ്യേണ്ടിയിരുന്നു. എന്നാൽ 56 –ന് ശേഷമാകട്ടെ കേരളസംസ്ഥാനത്തിന്റെ പൊതുവായ റിപ്പോർട്ട് വേണ്ടത്ര വിവരങ്ങൾ നൽകാൻ പര്യാപ്തമാണ്. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറ്, തിരുവനന്തപുരം സെക്രട്ടറിയേററ് ലൈബ്രറി, തിരുവനന്തപുരം പബ്ലിക്ലൈബ്രറി, എറണാകുളം പബ്ലിക്ലൈബ്രറി എന്നിവിടങ്ങളിൽ തുടർച്ചയായ അന്വേഷണം നടത്തിയതിന്റെ ഫലമായിട്ടാണ് ആവശ്യമായിരുന്നതിന്റെ ഒട്ടുമുക്കാലും റിപ്പോർട്ടുകൾ ലഭിച്ചത്. സ്റ്റേററ് മാനുവലും വിവിധ കമ്മിഷൻറിപ്പോർട്ടുകളും പ്രസക്ത വിവരങ്ങൾ നേടുന്നതിന് സഹായിച്ചിട്ടുണ്ട്. വിദ്യാഭ്യാസഗവേഷണവിജ്ഞാനകോശവും ദേശീയവിദ്യാഭ്യാസഗവേഷണകൗൺസിലിന്റെ പ്രസിദ്ധീകരണങ്ങളും സമയോചിതമായി റഫർ ചെയ്തിരുന്നു. പ്രസക്തപഠനവുമായി വിദൂരബന്ധമെങ്കിലും ഉള്ള എല്ലാവിവരങ്ങളും ശേഖരിക്കാൻ പരമാവധി ശ്രമം നടത്തിയിട്ടുണ്ട്. '66–ൽ പ്രസിദ്ധീകരിച്ച കോഠാരി കമ്മീഷൻ റിപ്പോർട്ടും വിലപിടിപ്പുള്ള പല വിവരങ്ങളും ഗവേഷകന് നൽകുകയുണ്ടായി.

വിവിധ കമ്മിഷനുകളുടെ ശുപാർശകളും ഡിപ്പാർട്ടുമെൻറിന്റെ ഭരണറിപ്പോർട്ടുകളും 1934 മുതലിങ്ങോട്ടുള്ള കാലത്ത് പ്രാബല്യത്തിൽ വന്ന സിലബസിലും പാഠപുസ്തകങ്ങളിലുമുള്ള മാററങ്ങൾ വ്യക്തമായി മനസിലാക്കാൻ ഗവേഷകനെ സഹായിച്ചിട്ടുണ്ട്. ഈ സിലബസുകളും പാഠപുസ്തകങ്ങളും സംഭരിക്കുകയെന്നത് വളരെ പ്രയാസപ്പെട്ട ഒരു ജോലിയായി അനുഭവപ്പെട്ടു. സംസ്ഥാന വിദ്യാഭ്യാസഡയറക്റാഫീസിലോ, വിദ്യാഭ്യാസ ഇൻസ്റ്റിററ്യൂട്ടിലോ, ഡിസ്ട്രിക്ട് ഓഫീസുകളിലോ പഴക്കം ചെന്ന വിദ്യാലയങ്ങളിലോ ആവശ്യമുള്ളത്ര സിലബസും പാഠപുസ്തകങ്ങളും ലഭ്യ

മായിരുന്നില്ല. വിദ്യാഭ്യാസവിദഗ്ദ്ധർ, ഗ്രന്ഥകാരന്മാർ, ഹെഡ്മാസ്റ്ററന്മാർ, പെൻഷൻ പററിയ അദ്ധ്യാപകർ എന്നിവരെ കണ്ടെത്തി അവരിൽ നിന്നും ഇവ ശേഖരിക്കാൻ കുറെയേറെ സമയവും ധനവും വിനിയോഗിക്കേണ്ടി വന്നിട്ടുണ്ട്. അനുസ്യൂതം നടത്തിയ അന്വേഷണത്തിന്റേയും പരിശ്രമത്തിന്റേയും ഫലമായി സിലബസ് മുഴുവനും ശേഖരിക്കാൻ കഴിഞ്ഞു (ഓരോ മാററത്തിലും കൂട്ടുകയും കുറയ്ക്കുകയും ചെയ്ത ഭാഗങ്ങൾ കണ്ടുപിടിച്ച് അതിനുപോൽബലകമായി പറഞ്ഞിട്ടുള്ള കാരണങ്ങളുമായി ഒത്തുനോക്കി വിശദമായി അപഗ്രഥിച്ചതിന്റെ വിവരങ്ങൾ പ്രത്യേകാദ്ധ്യായമായി അന്യത്ര ചേർത്തിട്ടുണ്ട്.) സെക്കൻററി ഘട്ടത്തിന് പ്രത്യേക പരിഗണന നൽകിയിട്ടുണ്ടെന്നതും പ്രത്യേകം പ്രസ്താവ്യമാണ്. തൊട്ട് അയൽ സംസ്ഥാനമായ തമിഴ്നാട്ടിലേയും ഇവിടത്തേയും സിലബസുകൾ താരതമ്യം ചെയ്യാനും ഒരു ശ്രമം നടത്തിയിട്ടുണ്ട്. കേരളത്തിലെ പത്തുവർഷ ഹൈസ്കൂൾ കോഴ്സിനുപകരം തമിഴ്നാട്ടിൽ പതിനൊന്നു വർഷ കോഴ്സാണുള്ളത്. അതുകൂടി കണക്കിലെടുത്തുകൊണ്ടാണ് പ്രധാനവിഷയങ്ങൾ ഉള്ളടക്കത്തിലും വ്യാപ്തിയിലും തുലനം ചെയ്തുനോക്കിയിട്ടുള്ളത്. [ഈ അപഗ്രഥനത്തിന്റെ ഫലവും പ്രത്യേകാദ്ധ്യായമായി അന്യത്ര കൊടുത്തിട്ടുണ്ട്]:

പ്രസംഗത്തിനും പ്രവൃത്തിക്കും തമ്മിൽ ബന്ധമുണ്ടായിരിക്കണമെന്ന് പറയുംപോലെ ലക്ഷ്യംവയ്ക്കലിനും നേട്ടത്തിനും തമ്മിലും ബന്ധമുണ്ടായിരിക്കണം. പഠിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഭാഗവും പഠിപ്പിക്കുന്ന ഭാഗവും പരീക്ഷിക്കപ്പെടുന്ന ഭാഗവും തമ്മിൽ തമ്മിൽ സാദൃശ്യമുണ്ടായിരിക്കണം. വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതും പരീക്ഷയിലൂടെയാണ്. ഒരു പൊതു

പരീക്ഷാദബോർഡിന്റെ ചുമതലയിൽ പത്തുവർഷക്കാലത്തെ വിദ്യാഭ്യാസത്തിനിടയ്ക്കു് നടത്തുന്ന ഏക പരീക്ഷയാണു് പത്താംസ്റ്റാൻറാർഡിൻെറ അവസാനം നടത്തുന്ന S.S.L.C. പരീക്ഷ. ഉപന്യാസരീതിയിലുള്ള ചോദ്യങ്ങൾക്കു് മുൻതൂക്കം നൽകിയിരുന്ന കാലത്തു് പഠിപ്പിക്കുന്നതിൽനിന്നും തിരഞ്ഞെടുത്ത ഏതാനും ഭാഗങ്ങൾ മാത്രമേ ചോദ്യക്കടലാസ്സിൽ ഉൾപ്പെടുത്താൻ സാധിക്കുമായിരുന്നുള്ളു. ഇന്നാകട്ടെ ഉദ്ദേശ്യാധിഷ്ഠിതബോധനരീതിയും വസ്തുനിഷ്ഠമായ ചോദ്യങ്ങളും സർവസാധാരണമായതോടെ സിലബസിലെ എല്ലാ ഭാഗങ്ങളും പ്രതിനിധീകരിച്ചു് ചോദ്യങ്ങൾ ഉണ്ടാകാമെന്ന സ്ഥിതി ആയിട്ടുണ്ടു്. പരീക്ഷാചോദ്യക്കടലാസു് സിലബസിൽ മാററമുണ്ടാകുന്നതനുസരിച്ചു് മാറാതെ തരമില്ലല്ലോ. അതുകൊണ്ടു് പരീക്ഷയുടെ ദൈർഘ്യം, നൽകുന്ന പരമാവധി മാർക്കു്, പ്രതീക്ഷിക്കപ്പെടുന്ന ഏററവും കുറഞ്ഞ മാർക്കു്, ചോദ്യം തിരഞ്ഞെടുക്കുന്നതിനുള്ള സൗകര്യങ്ങൾ (choices) ചോദ്യങ്ങളുടെ രീതി, ഓരോ ചോദ്യത്തിനും ഉള്ള മാർക്കു് എന്നിവയെ ആധാരമാക്കി S. S. L. C. ചോദ്യക്കടലാസുകളുടെ പരിശോധനയും ഈ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. ഇക്കാര്യത്തിലും വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽനിന്നു് ലഭിച്ച സഹകരണം തുലോം പരിമിതമായിരുന്നുവെന്നു് ഖേദപൂർവ്വം പ്രസ്താവിക്കട്ടെ. ഗവേഷണ തല്പരരും വിദ്യാഭ്യാസപ്രശ്നങ്ങളിൽ സജീവതാല്പര്യമുള്ളവരുമായ ആളുകളുടെ സഹകരണത്തിൽ അടിയുറച്ചു് വിശ്വസിച്ചുകൊണ്ടു് നടത്തിയ യത്നത്തിൻെറ ഫലമായി 1949 മുതലിങ്ങോട്ടുള്ള ചോദ്യക്കടലാസുകൾ സംഭരിക്കാൻ ഗവേഷകനു് കഴിഞ്ഞു. [അവയുടെ വിശദമായ അപഗ്രഥനം അന്യത്രചേർത്തിട്ടുണ്ടു്].

ഗവേഷണത്തിന് തിരഞ്ഞെടുത്ത കാലഘട്ടത്തിൽ ഓരോ കാലഘട്ടത്തിലേക്കും നിശ്ചയിച്ചിരുന്ന പാഠപുസ്തകങ്ങളുടെ ലിസ്റ്റ് തയാറാക്കി. പഴയ പുസ്തകങ്ങൾ വില കൊടുത്തു വാങ്ങുന്ന നയമാണ് സ്വീകരിക്കേണ്ടിവന്നത്. പുസ്തകശേഖരണത്തിനും കുറേസമയം വേണ്ടിവന്നു. പുസ്തകങ്ങളുടെ വിലനിലവാരവും ജീവിതദൈർഘ്യവും വിശകലനം ചെയ്തിട്ടുണ്ട്. സാമ്പത്തിക പരിതസ്ഥിതികൾക്ക് അനുകൂലമായിട്ടാണോ പുസ്തകങ്ങൾക്ക് വില നിശ്ചയിച്ചിരുന്നതെന്ന് കണ്ടുപിടിക്കുകയായിരുന്നു ഒരു ലക്ഷ്യം. പാഠപുസ്തകങ്ങൾ ദേശസാൽക്കരിക്കപ്പെട്ടതോടെ അവയുടെ വിലയിൽ കാര്യമായ മാററങ്ങൾ വന്നുകൂടിയിട്ടുണ്ട്. ഓരോ പുസ്തകവും എത്ര വർഷത്തേക്ക് അംഗീകരിച്ചിരുന്നു എന്നതും പഠന വിഷയമാക്കിയിട്ടുണ്ട്. വർഷംതോറും പാഠപുസ്തകങ്ങൾ മാറാതിരുന്നാൽ പാവപ്പെട്ടവരുടെ കുട്ടികൾക്ക് പഴയപുസ്തകങ്ങൾ വാങ്ങി പഠിക്കാൻ കഴിയുമല്ലോ. ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങളുടെ ഉള്ളടക്കമാണ് പ്രത്യേകാപഗ്രഥനത്തിന് വിഷയീഭവിച്ചിട്ടുള്ളത്. ഈദൃശവിവരങ്ങളും അന്യത്ര നൽകിയിട്ടുണ്ട്.

സാധാരണ നമുക്ക് ലഭിക്കുന്ന ഉത്തരങ്ങൾ ശരിയാണോ എന്ന് വീണ്ടും പരിശോധിക്കുന്ന സമ്പ്രദായം കണക്കിലാണല്ലോ നിലവിലുള്ളത്. ഗവേഷണത്തിലാകട്ടെ ഒരു ചോദ്യാവലിക്ക് നൽകുന്ന ഉത്തരങ്ങൾ ഒരു കൂടിക്കാഴ്ച മുഖേനയോ നേരിട്ടുള്ള സ്ഥലസന്ദർശനത്തിലൂടെയോ ശരിയാണോ എന്ന് പരിശോധിക്കപ്പെടാറുണ്ട്. ഒരു അഭിപ്രായാവലിയിൽ ഒരു ഭാഗത്തു് നൽകുന്ന ഉത്തരം മറെറതെങ്കിലും ഭാഗത്തു് സമാനാശയമുള്ള, എന്നാൽ വ്യത്യസ്തരൂപത്തിലുള്ള, ചോദ്യത്തിലൂടെ പരിശോധിക്കപ്പെടുകയാണ് പതിവ്.

നിഗമനങ്ങളുടെ സൂക്ഷ്മത ഉറപ്പ് ചെയ്യാൻ ഈ രീതി അനുപേക്ഷണീയമാണ്. പ്രസക്തപഠനത്തിൽ ഗവേഷകന് ഒട്ടേറെ താത്കാലികനിഗമനങ്ങളിൽ എത്തിച്ചേരാൻ കഴിഞ്ഞു. അവയുടെ സാധുത പരിശോധിക്കപ്പെടണമെന്ന് തീരുമാനിച്ചതു് ഒരു അഭിപ്രായാവലി രൂപീകരണത്തിലേക്ക് ഗവേഷകനെ കൊണ്ടെത്തിച്ചു. നിലവാരത്തിൻെറ അർത്ഥം, ഘടകങ്ങൾ, നിർണ്ണയരീതി, പോരായ്മകൾ, ചോദ്യക്കടലാസുകളേയും ഉത്തരക്കടലാസുകളേയും സംബന്ധിച്ച അഭിപ്രായങ്ങൾ, പാഠപുസ്തകങ്ങൾ, നിലവാരം ഉയർത്താനുള്ള നിർദ്ദേശങ്ങൾ മുതലായവക്ക് ഇതിൽ സ്ഥാനം നൽകി അദ്ധ്യാപകർ, പ്രഥമാദ്ധ്യാപകർ, വിദ്യാഭ്യാസവകുപ്പ് ഉദ്യോഗസ്ഥന്മാർ, വിദ്യാഭ്യാസവിദഗ്ദ്ധർ എന്നിങ്ങനെ നാലു തരക്കാർക്ക് ഒരേഅഭിപ്രായാവലി നൽകിആശയങ്ങളിലുള്ള അന്തരം നിർണ്ണയിക്കയാണ് ചെയ്തിട്ടുള്ളതു്. നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകാനുള്ള ചോദ്യത്തിന് മാത്രം സാദ്ധ്യമായ ഉത്തരങ്ങൾ (alternatives) നൽകിയിരുന്നില്ല. നാലു വിഭാഗങ്ങളിലുമായി 505 പേരുടെ അഭിപ്രായങ്ങൾ ലഭിച്ചതു് സാംഖ്യകം (Statistics) ഉപയോഗിച്ച് വിശകലനം ചെയ്തിട്ടുള്ളതു് പ്രത്യേകം കൊടുത്തിട്ടുണ്ട്.

ആളുകൾ പറഞ്ഞുപരത്തുന്നതുപോലെ നിലവാരത്തിൽ കാര്യമായ തകർച്ച ഇല്ലെന്നും യാഥാർത്ഥത്തിൽ അനുഭവപ്പെടുന്നതു് പ്രതീക്ഷിതനിലവാരവും യാഥാർത്ഥ്യവും തമ്മിലുള്ള വിടവാണെന്നും ഉള്ള അഭ്യൂഹത്തിലാണ് ഈ പഠനം ആരംഭിച്ചതു്. ലഭിച്ച നിഗമനങ്ങളെല്ലാം പ്രത്യേകമായി തരംതിരിച്ചു കൊടുത്തിട്ടുണ്ട്.

പ്രൈമറിഘട്ടത്തിന് പൊതുവായി പരിശോധിക്കപ്പെടാവുന്ന പരീക്ഷകളോ മററു സംഗതികളോ ഇല്ലാത്തതു

കൊണ്ടു് സെക്കൻററി ഘട്ടത്തിനാണു് ഈ പഠനത്തിൽ പ്രത്യേകപരിഗണന നൽകിയിട്ടുള്ളതു്. അതിനും പുറമേ സെക്കൻററിഘട്ടത്തിൻെറ ഒരു ഘടകമായിട്ടാണു് പ്രൈമറി ഘട്ടം കണക്കാക്കി പോരുന്നതും. പ്രൈമറിഘട്ടം ഉൾപ്പെടുത്തിക്കൊണ്ടാണു് സെക്കന്ററിഘട്ടത്തിലെ സിലബസ് വിശകലനം ചെയ്തിട്ടുള്ളതു്. ഈ പഠനം ഏറെറടുത്തതു് പാഠ്യപദ്ധതിയിലെ മാററങ്ങൾ നിലവാരത്തെ ബാധിച്ചിട്ടുണ്ടോ എന്നും ബാധിച്ചിട്ടുണ്ടെങ്കിൽ പരിമിതമായ സമയത്തിനുള്ളിൽ ഏററവും എളുപ്പമായ മാർഗ്ഗത്തിലൂടെ നിലവാരം മെച്ചപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ ഉദ്ദേശിച്ചുമാണു്. വിശദമായ പഠനത്തിനും അപഗ്രഥനത്തിനുംശേഷം ചെന്നെത്തിയ നിഗമനങ്ങളുടെ വെളിച്ചത്തിൽ മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങൾ ഇന്നുള്ള നിലവാരത്തെ ഒട്ടെങ്കിലും മെച്ചപ്പെടുത്താൻ സഹായിക്കുമെന്നു് പ്രതീക്ഷിക്കയാണു്.

★

## 5, കേരളത്തിലെ വിദ്യാഭ്യാസഘടന

ഒൻപതു് റവന്യൂഡിസ്ട്രിക്റ്റുകളും 55 താലൂക്കുകളും ഉണ്ടായിരുന്ന കേരളത്തിൽ 24 വിദ്യാഭ്യാസജില്ലകളും 147 വിദ്യാഭ്യാസ സബ്ജില്ലകളുമാണു് പഠനസമയത്തുണ്ടായിരുന്നതു്. [മലപ്പുറംജില്ല രൂപീകരിക്കപ്പെട്ടതോടെ റവന്യൂജില്ലകൾ പത്തായും തുടർന്നുണ്ടായ പരിഷ്കാരങ്ങളിൽ വിദ്യാഭ്യാസജില്ലകൾ 27 ആയും വർദ്ധിച്ചിട്ടുണ്ടു്] 1961 ലെ സെൻസസ് അനുസരിച്ചു് 168.75 ലക്ഷം ജനങ്ങളാണു് കേരളത്തിലുണ്ടായിരുന്നതു്. പഠനം നടക്കുന്ന സമയത്തു് ആകെ 1282 സെക്കൻററിസ്കൂളുകളും 2479 അപ്പർപ്രൈമറിസ്കൂളുകളും 6931 ലോവർപ്രൈമറിസ്കൂളുകളുമാണു് കേരളത്തിലുണ്ടായിരുന്നതു്. [ഇപ്പോൾ 1375 സെക്കൻററിസ്കൂളുകളും 2595 അപ്പർപ്രൈമറിസ്കൂളുകളും 7051 ലോവർപ്രൈമറിസ്കൂളുകളും ആണു് ഉള്ളതു്.] സാക്ഷരതാശതമാനത്തിൽ കേരളം ഭാരതത്തിലെ ഇതര സംസ്ഥാനങ്ങളുടെ മുന്നണിയിൽ തന്നെയാണു്. ചരിത്രപശ്ചാത്തലം അപഗ്രഥിക്കുമ്പോൾ വളരെ രസകരങ്ങളായ സംഗതികളാണു് നമുക്കു് കാണാൻ കഴിയുക.

### 1933 നു മുമ്പുള്ള സ്ഥിതി

തിരുവിതാംകൂറിലെ വിദ്യാഭ്യാസചരിത്രത്തിൽ ഒരു നാഴികക്കല്ലാണു് 1817-ാമാണ്ടത്തെ റാണി ഗൗരി പാർവതീബായിയുടെ വിളംബരം. സംസ്ഥാനത്തെ ജനങ്ങളുടെ വിദ്യാഭ്യാസത്തിൻെറ മുഴുവൻ ഉത്തരവാദിത്വവും ഏറ്റെടുക്കുന്നതായും വിജ്ഞാനത്തിന്റെ കാര്യത്തിൽ പിന്നാക്കാവസ്ഥ ഒരി

ത്തും അനുഭവപ്പെടാത്തവിധം വിദ്യാഭ്യാസവിതരണം സുസാദ്ധ്യമാക്കി ജനങ്ങളെ നല്ല പൗരന്മാരും പൊതുജനോപകാരികളുമാക്കി മാററി സംസ്ഥാനത്തിന്റെ പ്രശസ്തി നിലനിർത്തണമെന്നാവശ്യപ്പെടുന്നതായും പ്രസ്തുത വിളംബരം ഉദ്ഘോഷിച്ചിരുന്നു. 1818 ൽ ആണ് റവ. മീഡ് ( Rev. Mead ) ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകുന്ന പ്രഥമസ്ഥാപനം, നാഗർകോവിൽ സെമിനാരി, സ്ഥാപിച്ചത്. 1834 ൽ തിരുവനന്തപുരത്ത് ഒരു ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചതിനെത്തുടർന്ന് പല ജില്ലാതലസ്ഥാനങ്ങളിലും സ്കൂളുകൾ ആരംഭിക്കുകയുണ്ടായി. തിരുവിതാംകൂർ പ്രദേശത്ത് സ്റ്റേറ്റുടമയിലുള്ള വിദ്യാഭ്യാസം ആരംഭിച്ചത് ഈ ഘട്ടത്തിലാണെന്നു പറയാം. 1844 ൽ അന്നത്തെ തിരുവിതാംകൂർ മഹാരാജാവ്, ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയവർക്ക് ഉദ്യോഗനിയമനത്തിൽ മുൻഗണന നൽകുമെന്ന് പ്രഖ്യാപിച്ചത് ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രചരിക്കാൻ സഹായകമായിത്തീർന്നു.

1864 ലാണ് തിരുവിതാംകൂർ പ്രദേശത്തുനിന്നും ആദ്യമായി ഏഴുപേർ മെട്രിക്കുലേഷൻ പരീക്ഷയ്ക്കു ചേർന്നത്. അവരിൽ 3 പേരാണ് വിജയികളായത്. വിദ്യാർത്ഥികളിൽ നിന്ന് ഫീസ് ഈടാക്കുന്ന സമ്പ്രദായവും ഈ ഘട്ടത്തിലാണ് ആരംഭിച്ചത്. 1885 ൽ തിരുവനന്തപുരത്താരംഭിച്ച ആദ്യത്തെ നോർമൽസ്കൂൾ 1911 ലാണ് ഒരു ട്രെയിനിംഗ് കോളേജായി രൂപം പ്രാപിച്ചത്. 1909 ലാണ് ആദ്യമായി ഒരു വിദ്യാഭ്യാസഡയറക്ടറെ നിയമിച്ചത്. അടുത്തവർഷം ഇന്ന് നിലവിലുള്ള വിദ്യാഭ്യാസസമ്പ്രദായത്തിന് മുഖവുര കുറിച്ച വിദ്യാഭ്യാസനിയമം (Education and Inspection Code) നടപ്പിലാക്കിയത് പ്രത്യേകം പ്രസ്താവ്യമാണ്.

കൊച്ചി പ്രദേശത്ത് ഒരു വിളംബരത്തോടെ 33

വെർണാക്കലർ സ്കൂളുകൾ സ്ഥാപിച്ചുകൊണ്ടാണ് ഗവണ്മെൻറ് വിദ്യാഭ്യാസരംഗത്തേക്ക് കടന്നുവന്നതു്. 1818 ൽ റവ. ഡാസൺ (Rev. Dawson) മട്ടാഞ്ചേരിയിൽ ഒരു ഇംഗ്ലീഷ് സ്കൂൾ സ്ഥാപിച്ചതു് ഈ പ്രദേശത്തെ ഇംഗ്ലീഷ്പഠനത്തിൻെറ പ്രാരംഭം കുറിച്ചു. തുടന്ന് തൃശ്ശൂർ, തൃപ്പൂണിത്തുറ, എറണാകുളം എന്നിവിടങ്ങളിലും ഇംഗ്ലീഷ് സ്കൂളുകൾ സ്ഥാപിതമായി. 1868 ലാണ് ആദ്യബാച്ച് മെട്രിക്കുലേഷൻ പരീക്ഷക്ക് അയയ്ക്കപ്പെട്ടതു്.

1834 ലെ മലബാർ ലോക്കൽ ബോർഡ് ആക്റ്റാണ് ആ ഭാഗത്തു് വിദ്യാലയങ്ങൾ സ്ഥാപിക്കാൻ കാരണമായതു്. തുടർന്നുണ്ടായ എലിമെൻററി എഡ്യൂക്കേഷൻ ആക്ററും അനവധി എലിമെൻററി സ്കൂളുകൾ സ്ഥാപിക്കാൻ സഹായകമായിട്ടുണ്ടു്.

1911 ൽ കൊച്ചിൻ വിദ്യാഭ്യാസ കോഡ് (Cochin Education Code) രൂപീകൃതമായതോടെ അവിടത്തെ വിദ്യാഭ്യാസരംഗം കൂടുതൽ സജീവമായി. വിവിധതരം വിദ്യാലയങ്ങളുടെ വൎദ്ധനവും ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം കൂടിയതും ഈ കാലഘട്ടത്തിലെ പ്രത്യേകതകളായി കരുതാം. കോഡ് നടപ്പിലാക്കിയതാണിതിനു കാരണമെന്നു് പറയപ്പെടുന്നു. 1914 ൽ പ്രൈമറി വിദ്യാലയങ്ങളിലെ ആദ്യത്തെ ക്ലാസ്സ് കുറവുചെയ്യുകയും കോഴ്സിന്റെ ദൈർഘ്യം അഞ്ചിൽ നിന്നും നാലുവർഷമായി കുറയ്ക്കുകയും ചെയ്തു. 1916 ൽ സിലബസ് പരിഷ്കരിക്കപ്പെട്ടതും എല്ലാ പ്രൈമറി സ്കൂളുകളോടും അനുബന്ധിച്ച് പ്രിപ്പാറട്ടറി ക്ലാസ്സുകൾ തുടങ്ങിയതും പ്രത്യേക പരാമർശമർഹിക്കുന്ന സംഭവങ്ങളാണ്. 1920 ൽ വിദ്യാഭ്യാസ കോഡ് പരിശോധിക്കുന്നതിനും പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാനും നിയുക്തമായ

കമ്മററി, വെർണാക്കുലർ സ്കൂളുകളും ഇംഗ്ലീഷ് സ്കൂളുകളും ഏകോപിപ്പിച്ച്, സൗജന്യമായി ഇംഗ്ലീഷ് കൂടി പഠിപ്പിക്കുന്ന പ്രൈമറിസ്കൂളുകളായി അവയെ മാററണമെന്ന് നിർദ്ദേശിക്കയാണ് ചെയ്തതു്.

മലയാളം, തമിഴ് സ്കൂളുകൾ; ഇംഗ്ലീഷ് സ്കൂളുകൾ എന്നിവയും കാളേജുകളുമായിരുന്നു വിദ്യാഭ്യാസസംവിധാനത്തിലെ മൂന്നുതരം സ്ഥാപനങ്ങൾ. പ്രൈമറി സ്കൂളുകളിൽ നാലാംക്ലാസ്സുവരെയാണുണ്ടായിരുന്നതു്. അവിടെ എഴുത്തും വായനയും കണക്കുകൂട്ടലും പഠിപ്പിച്ചതിനുപുറമേ ചരിത്രം, ഭൂമിശാസ്ത്രം എന്നിവയെ സംബന്ധിച്ച ലഘുപാഠങ്ങളും പഠിപ്പിച്ചുപോന്നു. പെൺപള്ളിക്കൂടങ്ങളിൽപാട്ടു്, തയ്യൽ, ഗൃഹശാസ്ത്രത്തിന്റെ ബാലപാഠങ്ങൾ എന്നിവയും അഭ്യസിപ്പിച്ചിരുന്നു. സ്റ്റേററാട്ടക്കും പ്രൈമറിവിദ്യാഭ്യാസം സൗജന്യമായിരുന്നു. പ്രൈമറിഘട്ടം കഴിയുമ്പോൾ മലയാളം, തമിഴ് സ്കൂളുകളിലെ അഞ്ചാം ക്ലാസ്സിലോ ഇംഗ്ലീഷ് സ്കൂളിലെ പ്രിപ്പാറട്ടറി ക്ലാസ്സിലോ ആയിരുന്നു ചേരേണ്ടിയിരുന്നതു്. ഇംഗ്ലീഷ് ഹൈസ്കൂളുകളിൽ 4–ം, 5–ം, 6–ം ഫാറങ്ങളായിരുന്നു. ഈ കാലഘട്ടത്തിൽ പ്രൈവററ്മേഖല വിദ്യാഭ്യാസരംഗത്തു് കാര്യമായ സ്വാധീനംചെലുത്തിയിരുന്നെന്നു് അവർ നടത്തിയിരുന്ന വിവിധ തലങ്ങളിലുള്ള വിദ്യാലയങ്ങളുടെ എണ്ണം സൂചിപ്പിക്കുന്നു.

## 1933 ലെ സ്റ്റാത്താംകമ്മററി റിപ്പോർട്ട്

തിരുവിതാംകൂർ സംസ്ഥാനത്തു് നിലവിലുള്ള വിദ്യാഭ്യാസസമ്പ്രദായം പുനരവലോകനം ചെയ്യുന്നതിനും പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ഗവണ്മെൻറിനെ ഉപദേശിക്കാനുമായി 1932 ഡിസംബറിൽ സ്റ്റാത്താം (R. M. Statham)

അദ്ധ്യക്ഷനായി ഒരു വിദ്യാഭ്യാസ പരിഷ്കരണക്കമ്മിററിയെ നിയമിക്കുകയും കമ്മററി 1933 ൽ അവരുടെ റിപ്പോർട്ട് സമർപ്പിക്കുകയുംചെയ്തു.

## പ്രധാന ശുപാശ്കൾ

1. തിരുവിതാംകൂറിലെ പ്രൈമറിവിദ്യാഭ്യാസഘട്ടം ദീർഘിപ്പിച്ച് അഞ്ചുവർഷമാക്കണം. അതോടൊപ്പം അപൂർണ്ണസ്കൂളുകളെല്ലാം നിർത്തലാക്കുകയും വേണം.

2. അഞ്ചു വയസ്സിൽ കുറവായ കുട്ടികളെ പ്രൈമറി ക്ലാസ്സുകളിൽ പ്രവേശിപ്പിക്കരുത്.

3 പ്രൈമറി ക്ലാസ്സുകളിൽ സഹവിദ്യാഭ്യാസമാണ് നൽകേണ്ടതു്.

4 എല്ലാ ഘട്ടങ്ങളിലും ദുർവ്യയവും നിശ്ചലതയും (wastage and stagnation) ഒഴിവാക്കപ്പെടണം.

5. ചുററുപാടുകളിൽ കാണുന്ന പ്രതിഭാസങ്ങളിലൂടെ അറിവ് നേടാൻ കുട്ടികളെ സഹായിക്കണം.

6. ഇംഗ്ലീഷ്സ്കൂൾലീവിംഗ് സർട്ടിഫിക്കററ്ബോർഡാണ് സ്കൂൾഫൈനൽ ക്ലാസ്സിലെ പാഠപുസ്തകങ്ങൾ നിശ്ചയിക്കേണ്ടതു്. മററു ക്ലാസ്സുകളിൽ മാനേജുമെൻറ് തന്നെ ടെക്സ്ററുബുക്കു കമ്മിററി അംഗീകരിച്ചവയിൽ നിന്നു് പുസ്തകങ്ങൾ തെരഞ്ഞെടുക്കണം.

7. പ്രൈമറിസ്കൂൾ പാഠ്യപദ്ധതിയിൽ ഭാഷ, കണക്കു്, ചരിത്രം, ഭൂമിശാസ്ത്രം, പ്രകൃതിപാഠം, ആരോഗ്യരക്ഷ, കായികാഭ്യാസം എന്നിവ ഉൾപ്പെടുത്തണം. പെൺകുട്ടികൾക്കു് പ്രത്യേകമായി തയ്യലും സംഗീതവും ഏർപ്പെടുത്തുകയും വേണം.

8. അഞ്ചാംക്ലാസ്സിൽ ഇംഗ്ലീഷ് ഐച്ഛികവിഷയമായിരിക്കണം.

## സ്വീകരിച്ച നടപടികൾ

1. പ്രൈമറിവിദ്യാഭ്യാസത്തിന്റെ ദൈർഘ്യം അഞ്ചു വർഷമായി മാററാൻ തൃപ്തികരമല്ലാത്ത ധനസ്ഥിതി കണക്കിലെടുത്തു് 1934-35-ൽ പ്രസ്തുതനയം നടപ്പിലാക്കേണ്ടതില്ലെന്നു് നിർദ്ദേശിച്ചു.

2. അദ്ധ്യയനമാദ്ധ്യമം മലയാളഭാഷയിലേക്കു് മാററണമെന്നുള്ള നിർദ്ദേശം അഡ്വൈസറി കമ്മററി അംഗീകരിക്കുകയും എത്ര കാലയളവിനുള്ളിൽ ഈ പരിവർത്തനം സാദ്ധ്യമാക്കാൻ വിദ്യാലയങ്ങൾക്കു കഴിയുമെന്നതിനെപ്പററി റിപ്പോർട്ടു് സമർപ്പിക്കാൻ സ്കൂൾഇൻസ്പെക്ടർമാർക്കു് നിർദ്ദേശം നൽകുകയും ചെയ്തു.

3. പാഠപുസ്തകകമ്മററി പരിഷ്കരിക്കണമെന്ന നിർദ്ദേശം അംഗീകരിക്കുകയും ഭാഷേതര വിഷയങ്ങൾക്കു് പ്രത്യേകം പുസ്തകങ്ങൾ അംഗീകരിക്കേണ്ടതില്ലെന്നു് നിർദ്ദേശിക്കുകയും ചെയ്തു.

## 1934 നു് ശേഷമുള്ള മാററങ്ങൾ:—

1934 മുതലിങ്ങോട്ടു് നമ്മുടെ വിദ്യാഭ്യാസരംഗത്തു് വളരെയേറെ മാററങ്ങളുണ്ടായിട്ടുണ്ടു്. പണ്ടു് ക്ലാസ്സ് എന്നും ഫാറമെന്നും വിളിച്ചിരുന്നതു് ഇന്നു് സ്റ്റാൻറേർഡു് എന്നാണു് അറിയപ്പെടുന്നതു്. ബോധനമാദ്ധ്യമം ഇംഗ്ലീഷിൽനിന്നു് മലയാളമായി മാറി. പഠിപ്പിക്കുന്ന വിഷയങ്ങളുടെ രീതിയിലും മാററം വന്നിട്ടുണ്ടു്. സിലബസ് പല തവണ മാറിയതിൻെറ ഫലമായി വിദ്യാഭ്യാസരീതിക്കു് തന്നെ മാററം വന്നിട്ടുണ്ടു്. വെർണാക്കുലർസ്കൂളുകളും ഇംഗ്ലീഷ്സ്കൂളുകളും ആദ്യകാലത്തു് സമാന്തരമായി നിലനിന്നുപോന്നു. ഇംഗ്ലീഷു സ്കൂളുകളിലെ തേഡ്ഫാറത്തിൽ നടത്തിവന്ന ഇംഗ്ലീഷ്

മിഡിൽസ്ക്കൂൾ പരീക്ഷയുടെ സ്ഥാനത്തു് വെർണാക്കുലർ സ്ക്കൂളിലെ ഏഴാം ക്ലാസ്സിൽ വെർണാകുലർസ്ക്കൂൾ ലീവിംഗ്സർട്ടിഫിക്കററ് പരീക്ഷ (V. S. L. C.) നടത്തി പോന്നു. ഇംഗ്ലീഷുസ്ക്കൂളിലെ ആറാംഫാറത്തിൽ നടത്തി യിരുന്ന ഇംഗ്ലീഷ്സ്ക്കൂൾ ലീവിംഗ് സർട്ടിഫിക്കററ് പരീക്ഷയുടെ സ്ഥാനത്തു് വെർണാകുലർസ്ക്കൂളിലെ ഒൻപതാം ക്ലാസ്സിൽ മലയാളം ഹയർ സർട്ടിഫിക്കററ്പരീക്ഷ (M. H. C.) നടത്തിവന്നു. ഇംഗ്ലീഷ്സ്ക്കൂളുകളിൽ ബോധനമാദ്ധ്യമം ഇംഗ്ലീഷായിരുന്നെങ്കിൽ വെർണാകുലർസ്ക്കൂളിൽ അതു് രണ്ടാംഭാഷ മാത്രമായിരുന്നു. V. S. L. C. പാസായവരെ 'സെക്കൻറ് ഫാറത്തിലും M. H. C. പാസായവരെ ഫോത്തുഫാറത്തിലുമാണു് പ്രവേശിപ്പിച്ചിരുന്നതു്. വെർണാകുലർസ്ക്കൂളുകളിൽ നിന്നു് വരുന്ന വിദ്യാർത്ഥികൾക്കു് ഇംഗ്ലീഷിന്റെ നിലവാരം തീരെ മോശമായിരിക്കുമെന്നതാണു് ഇതിനു് കാരണമായി പറഞ്ഞിരുന്നതു്. ഇന്നാകട്ടെ മലയാളം അദ്ധ്യയനമാദ്ധ്യമമായിട്ടുള്ള സെക്കൻററിസ്ക്കൂളുകൾ മാത്രമാണു് നിലവിലുള്ളതു്. ഏതാനും സ്ക്കൂളുകളിൽ ഇംഗ്ലീഷു്, തമിഴ്, കർണ്ണാടകം എന്നീ ഭാഷകളിൽ അദ്ധ്യയനം നടത്തുന്ന ഏതാനും ഡിവിഷനുകളും നിലവിലുണ്ടു്.

ഇന്നു് നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിൽ ഒന്നുമുതൽ നാലുവരെയുള്ള ലോവർ പ്രൈമറി വിഭാഗവും അഞ്ചു മുതൽ ഏഴുവരെയുള്ള അപ്പർ പ്രൈമറി വിഭാഗവും 8 മുതൽ 10 വരെയുള്ള സെക്കൻററി വിഭാഗവുമാണു് പ്രാബല്യത്തിലുള്ളതു്. പത്താം സ്റ്റാൻറാർഡിൻെറ അവസാനത്തിലാണു് S. S. L. C. പരീക്ഷ നടത്തുന്നതു്. ഇതിനുശേഷം രണ്ടുവർഷത്തെ പ്രീഡിഗ്രി കോഴ്സുകൂടി കഴിഞ്ഞാലേ ഡിഗ്രി ക്ലാസ്സിൽ പ്രവേശനം ലഭിക്കയുള്ളു. 1964 ൽ ഈ പരിഷ്കാരം

നടപ്പിലാക്കും മുമ്പ് രണ്ടു വർഷത്തെ പ്രീഡിഗ്രിക്കു പകരം ഒരു വർഷത്തെ പ്രീയൂണിവേഴ്സിററിയാണ് നിലവിലിരുന്നതു്. ഭാരതത്തിലെ ചില സംസ്ഥാനങ്ങളിൽ പ്രീഡിഗ്രിക്ക് പകരം പതിനൊന്നും പന്ത്രണ്ടും സ്റ്റാൻറാർഡുകൾ ഉൾപ്പെട്ട ഹയർ സെക്കൻററിഘട്ടമാണ് ഉള്ളതു്. കേരളത്തിൽ പേരിനു് മാത്രമായി ഏതാനും ഹയർ സെക്കൻററി സ്ക്കൂളുകൾ ഉണ്ടു്. പതിനൊന്നും പന്ത്രണ്ടും സ്റ്റാൻറാർഡുകളുള്ളതുകൊണ്ടല്ല; പ്രത്യുത വിവിധോദ്ദേശസ്ക്കൂളുകളായി ഒരു കാലത്തു് പരിവർത്തനം ചെയ്യപ്പെട്ടതുകൊണ്ടാണ് ഇവ ഇന്നും ഈ പേരിലറിയപ്പെടുന്നതു്. ഹൈസ്ക്കൂൾ തലത്തിൽ രണ്ടു പ്രാവശ്യം ഷെഫ്റ്റികസമ്പ്രദായം പരിശോധിച്ചു് നോക്കുകയുണ്ടായി. ആദ്യ തവണ രണ്ടു വർഷവും രണ്ടാംതവണ ഒരു വർഷവും മാത്രമാണ് അതു് നിലനിന്നതു്. ഇപ്പോൾ പ്രീഡിഗ്രിക്കാണ് ഷെഫ്റ്റികസമ്പ്രദായം ഉള്ളതു്. 4+4+3 എന്നതു് ഇന്നു് 4+3+3 എന്നു് ആയി മാറിയിരിക്കുകയാണ്. ഇതു് S. S. L. C. പരീക്ഷയ്ക്കു് മുമ്പു് ചില വഴിക്കുന്ന വർഷങ്ങളുടെ ഘട്ടംതിരിച്ചുള്ള കണക്കാണ്. ഈ മാററങ്ങളുടെ വിശദരൂപം താഴെ ചേർക്കുന്നു.

1. <u>1934 മുതൽ '46 വരെ:—</u> ഒന്നാം ക്ലാസ്സിൽ കുട്ടികളെ പ്രവേശിപ്പിക്കുന്നപ്രായം 5+–ഉം വിദ്യാലയത്തിൽ ചിലവാക്കേണ്ടിയിരുന്നതു് പതിനൊന്നു വർഷവും ആയിരുന്നു. തുടർന്നു് രണ്ടു വർഷത്തെ ഇൻറർമീഡിയററും രണ്ടു വർഷത്തെ ഡിഗ്രി കോഴ്സും ആണ് ഉണ്ടായിരുന്നതു്. അങ്ങനെ പ്രഥമഡിഗ്രി കരസ്ഥമാക്കുന്നതിനു് പതിനഞ്ചു് വർഷത്തെ വിദ്യാഭ്യാസമാണ് വേണ്ടിയിരുന്നതു്. വിദ്യാലയഘട്ടത്തിലെ ആദ്യത്തെ നാലുവർഷം പ്രൈമറിസ്ക്കൂളെന്നും പിന്നത്തെ നാലുവർഷം മിഡിൽസ്ക്കൂളെന്നും ശേഷിച്ച മൂന്നു് വർഷം ഹൈസ്ക്കൂൾ

എന്നുമാണ് വിളിക്കപ്പെട്ടത്. ഇതിന് സമാന്തരമായി ഉണ്ടായിരുന്നത് നാലാംക്ലാസ്സിനും ഏഴാംക്ലാസ്സിനും ശേഷം തിരിഞ്ഞുപോകാനുള്ള സൗകര്യത്തോടെ ഒൻപത് വർഷം നീണ്ടു നിൽക്കുന്ന വെർണാക്കുലർ കോഴ്സായിരുന്നു. നാലാം ക്ലാസ്സിനുശേഷം പ്രിപ്പാറട്ടറിക്ലാസ്സിലും ഏഴാംക്ലാസ്സിനുശേഷം രണ്ടാംഫാറത്തിലും ഒൻപതാംക്ലാസ്സിനു ശേഷം നാലാംഫാറത്തിലും ചേരാൻ വെർണാക്കുലർസ്കൂളിൽ പഠിച്ചകുട്ടികൾക്ക് അവസരം നൽകിയിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രചാരം നേടുന്നതുവരെ വെർണാക്കുലർ സ്കൂളുകളിലായിരുന്നു തിക്കും തിരക്കും. എന്നാൽ കാലക്രമത്തിൽ ഇതു് നേരെ മറിച്ചാവുകയും ചെയ്തു.

ഒരു രണ്ടാംഭാഷയെന്നുള്ള നിലയിൽ തിരുവിതാംകൂർ പ്രദേശത്തു് ആദ്യമായി ഹിന്ദി പഠിപ്പിച്ചു തുടങ്ങിയതു് 1935-ൽ തിരുവനന്തപുരം S. M. V. ഹൈസ്കൂളിലാണ്. അടുത്തവർഷം പല ഗവണ്മെൻറും പ്രൈവററും സ്കൂളുകളിൽ ഇതു് വ്യാപിക്കപ്പെടുകയും ചെയ്തു. പ്രസ്തുത വർഷം വെർണാക്കുലർ മിഡിൽസ്കൂളുകളിൽ ഇംഗ്ലീഷ് ഐച്ഛികവിഷയമായി ആരംഭിക്കണമെന്ന് പല നിവേദനങ്ങളും ഉണ്ടായതിനെ തുടർന്ന് സംസ്ഥാനത്തെ എട്ട് സ്കൂളുകളിൽ ഇതിനുള്ള സൗകര്യം നൽകി. 1938-39-ൽ സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങൾക്കും പൊതുവായ പാഠപുസ്തകങ്ങൾ വിദ്യാഭ്യാസ ഡയറക്ടറാണ് അംഗീകരിച്ച് പ്രസിദ്ധം ചെയ്തതു്. 1940-41-ൽ മൂന്നാംഫാറത്തിൻെറ അവസാനം ഒരു പൊതുപരീക്ഷ ഏർപ്പെടുത്തി. അതേവർഷം നാലാം ക്ലാസ്സിൽനിന്നും കുട്ടികളെ പ്രമോട്ടു ചെയ്യുന്നതിന് ജില്ലാതലത്തിൽ ഒരു പൊതുപരീക്ഷയും ഏർപ്പെടുത്തി. പ്രമോഷനുള്ള മാനദണ്ഡം ഇംഗ്ലീഷിന് 40% വും രണ്ടാം ഭാഷയ്ക്കു്

35% വും ശേഷിച്ച മൂന്നു് ഭാഷേതരവിഷയങ്ങൾക്കു് 33% വീതവും ആയി നിശ്ചയിച്ചതും ഇതേ വർഷം തന്നെയാണു്. 1944-45-ൽ പ്രൈമറി വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമാക്കിക്കൊണ്ടുള്ള ഗവണ്മെൻറു് തീരുമാനം പ്രഖ്യാപിക്കപ്പെട്ടു. 1945-46-ൽ അഞ്ചാംക്ളാസ്സിലും പ്രിപ്പാറട്ടറിക്ളാസ്സിലും സമാനപഠനം ഉറപ്പു ചെയ്യുകയും അടുത്തവർഷം രണ്ടു കൂട്ടരേയും ഒന്നാംഫാറത്തിലേക്കു് പ്രമോട്ടു ചെയ്യുകയും ചെയ്തു. ഇതിനു് കാരണം 45-46-ൽ പ്രിപ്പാറട്ടറിക്ളാസ്സു് നിറുത്തലാക്കാനും അഞ്ചാംക്ളാസ്സു് പ്രൈമറി വിഭാഗത്തിൽ ചേർക്കാനും ആറാംക്ളാസ്സു് നിറുത്തലാക്കാനും ഉള്ള തീരുമാനങ്ങളായിരുന്നു.

2. <u>1946 മുതൽ 56 വരെ:</u>— 1945 മേയിൽ തിരുവിതാംകൂർ വിദ്യാഭ്യാസ പരിഷ്കരണക്കമ്മററി സമർപ്പിച്ച റിപ്പോർട്ടിൽ താഴെ പറയുന്ന പ്രധാന നിർദ്ദേശങ്ങൾ അടങ്ങിയിരിക്കുന്നു.

1. അഞ്ചിനും പത്തിനും മദ്ധ്യേ പ്രായമുള്ള എല്ലാ ആൺകുട്ടികൾക്കും സൗജന്യമായും നിർബന്ധമായും പ്രൈമറിവിദ്യാഭ്യാസം നൽകണം.

2. അഞ്ചുവയസ്സു് പൂർത്തിയാക്കിയ കുട്ടികളെ മാത്രമേ പ്രൈമറിക്ളാസ്സുകളിൽ പ്രവേശിപ്പിക്കാൻ പാടുള്ളു.

3. സാമ്പത്തികബാദ്ധ്യത ഉളവാക്കുന്നതും അപൂർണ്ണവുമായ എല്ലാ സ്ക്കൂളുകളും നിറുത്തലാക്കുകയും നാലാംക്ളാസ്സുവരെയുള്ള സ്ക്കൂളുകളിലെല്ലാം അഞ്ചാംക്ളാസ്സു് ആരംഭിക്കുകയും വേണം.

4. ക്ളാസ്സുകളിൽ കുട്ടികളുടെ എണ്ണം അധികരിക്കാൻ പാടില്ല.

5. പാഠ്യപദ്ധതി, നൽകേണ്ട അറിവിന്റെ തോതായി പരിഗണിക്കാതെ വികസിപ്പിക്കേണ്ട താല്പര്യങ്ങളും മനോഭാവങ്ങളുമായും പ്രോത്സാഹിപ്പിക്കപ്പെടേണ്ട പ്രവർത്തനങ്ങളായും കരുതണം.

6. ആദ്യത്തെ അഞ്ചു ക്ലാസ്സുകൾ അവസാനിക്കുമ്പോൾ മാത്രമേ പൊതുപരീക്ഷ നടത്തേണ്ടതുള്ളൂ.

7. പാഠ്യപദ്ധതിയുടെ ഐകരൂപ്യവും സ്ഥിരതയും ഒഴിവാക്കപ്പെടാം. സർവകലാശാലകളിൽ പ്രവേശനം ലഭിക്കുന്നതിനുള്ള അർഹത നേടുകയെന്ന ധാരണമാറി S.S.L.C. പാസാകുന്നവർക്ക് ജീവിതത്തിൽ തങ്ങളുടെ സ്ഥാനം ഏറ്റെടുക്കാനുള്ള കഴിവുണ്ടെന്നുള്ള ധാരണ വളർത്തുകയാണ് വേണ്ടത്.

8. അദ്ധ്യയനമാദ്ധ്യമം മാതൃഭാഷയാക്കുകയും ഇംഗ്ലീഷിന് നിർബന്ധിത രണ്ടാംഭാഷയുടെ സ്ഥാനം നൽകുകയും വേണം.

ഈ ശുപാർശകൾ പരിഗണിച്ച ഗവണ്മെൻറ് 1946–47–ൽ അദ്ധ്യയനമാദ്ധ്യമം മലയാളത്തിലേക്ക് മാററുകയും ഐച്ഛികസമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്തു. അതേവർഷം മിഡിൽസ്ക്കൂളിലെ പ്രിപ്പാറട്ടറി ക്ലാസ്സ് നിർത്തലാക്കുകയും പകരം പ്രൈമറിസ്ക്കൂളിൽ അഞ്ചാംക്ലാസ്സ് ആരംഭിക്കുകയും ചെയ്തു. 49 മാർച്ചിലും 50 മാർച്ചിലുമാണ് ഐച്ഛികസമ്പ്രദായത്തിൽ വിദ്യാർത്ഥികൾ E.S.L.C. പരീക്ഷയ്ക്കു ചേർന്നത്. തുടർന്ന് ഈ സമ്പ്രദായം നിറുത്തലാക്കപ്പെട്ടു. 1949 ജൂലൈയിൽ തിരുവിതാംകൂർ കൊച്ചി എന്നീ നാട്ടുരാജ്യങ്ങൾ ചേർത്ത് തിരു കൊച്ചി സംസ്ഥാനം രൂപീകരിച്ചതിൻെറ ഫലമായി ആ വർഷം ഒരു യൂണിഫൈഡ് സ്കീം തയാറാക്കി വിദ്യാലയങ്ങളിൽ നടപ്പിലാക്കുകയും ചെയ്തു.

47-48-ൽ ഏഴാംക്ളാസ്സ് നിറുത്തലാക്കുകയും അവയിൽ ചില സ്ക്കൂളുകളിൽ രണ്ടാംഫാറം ആരംഭിക്കുകയും ചെയ്തു. 1949 ആരംഭത്തിൽ പുതിയ പാഠ്യപദ്ധതി നാലാംഫാറത്തിൽ തുടങ്ങി വച്ചു. ഇംഗ്ലീഷ്മിഡിൽസ്ക്കൂൾ പരീക്ഷയും മൂന്നാംഫാറത്തിലെ പൊതുപരീക്ഷയും നിറുത്തലാക്കിയതിൻെറ സ്ഥാനത്ത് ഈ ഘട്ടത്തിൻെറ അവസാനം വിദ്യാഭ്യാസം പൂത്തിയാക്കി തൊഴിൽരംഗത്തേക്കു തിരിയുന്നവക്കുവേണ്ടി 1950 മുതൽ ഒരു പുതിയ മിഡിൽസ്ക്കൂൾ സട്ടിഫിക്കററ് പരീക്ഷ നടത്താനും വ്യവസ്ഥ ചെയ്തു. 1952 മാർച്ചിലാണ് യൂണിഫൈഡ്സ്കീം അനുസരിച്ചുള്ള ആദ്യ ബാച്ച് S. S. L. C. പരീക്ഷയ്ക്കു ചേന്നതു്. 1951-52-ൽ ഒന്നുരണ്ടും ക്ളാസുകളിൽ തുടങ്ങിവച്ച പുതുക്കിയ സിലബസ് 52-53-ൽ മൂന്നും, നാലും, അഞ്ചും ക്ളാസ്സുകളിലും ഒന്നും രണ്ടും ഫാറങ്ങളിലും സമാന്തരമായി നടപ്പിലാക്കി. അതുപോലെ 51-52-ൽ നാലാംഫാറത്തിൽ നടപ്പിലാക്കിയ പുതിയ സിലബസിൻെറ തുടച്ചയായി 52-53-ൽ അഞ്ചാം ഫാറത്തിലും പരിഷ്ക്കാരം ഏപ്പെടുത്തി. 53 മാർച്ചിൽ ജില്ലാടിസ്ഥാനത്തിൽ മൂന്നാംഫാറത്തിൽ ഒരു പൊതുപരീക്ഷ നടത്തുകയുണ്ടായി. സംസ്ഥാനത്തെ എല്ലാ മിഡിൽസ്ക്കൂൾ ക്ളാസ്സുകളിലും ഹൈസ്ക്കൂൾക്ളാസ്സുകളിലും ഹിന്ദി നിർബന്ധിതപാഠ്യവിഷയമാക്കിയതു് 1953-54-ൽ ആയിരുന്നു. ആഴ്ചയിൽ 3 പീരിയഡ്ഡ് വീതമാണ് ഓരോ ക്ളാസ്സിലും ഹിന്ദി പഠനത്തിന് നീക്കി വച്ചിരുന്നതു്.

1954-55 ആരംഭം മുതൽ ഒന്നും രണ്ടും ഫാറങ്ങളിൽ ഫീസ്സൗജന്യം ഏർപ്പെടുത്തി. തിരഞ്ഞെടുക്കപ്പെട്ട ഏതാനും സ്ക്കൂളുകളിൽ ഡൈവേഴ്സിഫൈഡ്കോഴ്സ് ഏപ്പെടുത്തിയതും പ്രത്യേകം പ്രസ്താവ്യമാണ്. സാങ്കേതികവും തൊഴിൽപരവുമായ വിഷയങ്ങൾ സംസ്ഥാനത്തെ

ചില സ്ക്കൂളുകളിലെ നാലാംഫാറത്തിൽ പഠിപ്പിക്കാൻ വ്യവസ്ഥ ചെയ്തു. സെക്കൻററി എഡ്യുക്കേഷൻ കമ്മിഷൻ റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നതനുസരിച്ച് നിലവിലുള്ള പ്രൈമറി, സെക്കന്ററി പാഠ്യപദ്ധതികൾ വിലയിരുത്താനും രണ്ടു ഘട്ടത്തിലേക്കും പുതിയ സിലബസ് തയാറാക്കാനുമായി പതിനാറംഗങ്ങളുള്ള ഒരു സമിതിരൂപീകരിക്കപ്പെട്ടു 1955–56 ൽ മൂന്നാംഫാറത്തിലും ഫീസ് സൗജന്യം ഏർപ്പെടുത്തിയതോടെ അപ്പർപ്രൈമറി ഘട്ടംവരെയുള്ള വിദ്യാഭ്യാസം പൂർണ്ണമായും സൗജന്യമാക്കിയെന്നു പറയാം.

3. <u>1956 നു ശേഷം:–</u> 1956 മുതലിങ്ങോട്ട് നാലു പ്രാവശ്യം കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് പരിഷ്ക്കാരങ്ങളുണ്ടായിട്ടുണ്ട്. 1956 നവമ്പറിലാണ് കേരളസംസ്ഥാനം രൂപംകൊണ്ടത്. 1956–ലെ പരിഷ്കാരം ഒരു ഗവണ്മെൻറ് ഉത്തരവിൻെറ പേരിലാണ് നടപ്പിലാക്കിയത്. അഞ്ചുവയസ്സ് പൂർത്തിയാകുന്ന കുട്ടി സ്ക്കൂൾരംഗത്ത് പന്ത്രണ്ടു് വർഷം ചിലവഴിക്കണമെന്ന് ഈ സർക്കുലർ നിർദ്ദേശിച്ചു. ഇതു് പ്രൈമറി എന്നും സെക്കൻററി എന്നും രണ്ടുഘട്ടങ്ങളായും രണ്ടുതരം സ്ക്കൂളുകളായും വിഭജിക്കപ്പെടണമെന്നും നിർദ്ദേശിച്ചിരുന്നു അന്നുവരെ ക്ലാസ്സെന്നും ഫാറമെന്നും അറിഞ്ഞിരുന്നതു് അഖിലേന്ത്യാടിസ്ഥാനത്തോട് സാദൃശ്യം വരുത്താൻ 'സ്റ്റാൻറാർഡു്' എന്ന് വിവക്ഷിക്കപ്പെടണമെന്ന് നിർദ്ദേശിച്ചതും 1956 ൽ പുറപ്പെടുവിച്ച ഗവണ്മെൻറ് സർക്കുലറിലൂടെയാണ്. ഒന്നു മുതൽ അഞ്ചുവരെ സ്റ്റാൻറാർഡുകൾ ലോവർപ്രൈമറി എന്നും ആറ് മുതൽ എട്ടുവരെയുള്ളവ അപ്പർപ്രൈമറി എന്നും വിളിക്കപ്പെടണമെന്നും നിർദ്ദേശിച്ചിരുന്നു. ക്ലാസ്സ്, ഫാറം, മിഡിൽസ്ക്കൂൾ മുതലായ പദങ്ങൾ 1956 ജൂൺ മുതൽ വിദ്യാഭ്യാസരംഗത്തു് നിന്നു് തുടച്ചു്

മാററപ്പെടണമെന്നും വ്യക്തമാക്കിയിരുന്നു. കേരളസംസ്ഥാന രൂപീകരണത്തിനു മുമ്പ് മലബാർപ്രദേശത്തെ സ്കൂളുകൾ മദ്രാസ് സംസ്ഥാന വിദ്യാഭ്യാസഡയറക്ടരുടെ ഭരണത്തിൻ കീഴിലായിരുന്നു. അവിടെ പ്രത്യേകരീതിയും ഘട്ടങ്ങളുമാണ് നിലവിലിരുന്നത്. എന്നാൽ 56-ൽ കേരളാരൂപീകരണത്തെ തുടർന്ന് പൊതുവായ സിലബസും വിദ്യാഭ്യാസസംവിധാനവും അവിടേക്കും വ്യാപിപ്പിക്കപ്പെട്ടു.

സെക്കൻററിഎഡ്യൂക്കേഷൻ കമ്മിഷൻെറ നിർദ്ദേശാനുസരണം അഖിലേന്ത്യാ പാഠ്യക്രമവുമായി പൊരുത്തപ്പെടുന്നതിന് കേരളത്തിലെ കുറേ സ്കൂളുകളും വിവിധോദ്ദേശസ്കൂളുകളായി മാറുകയുണ്ടായി. അങ്ങനെ മൂന്നുവർഷഹൈസ്കൂളുകളും നാലുവർഷഹയർസെക്കൻററിസ്കൂളുകളും കേരളത്തിൽ രൂപംകൊണ്ടു. പത്താംസ്റ്റാൻറാർഡിലാണ് ഡൈവേഴ്സിഫൈഡ്കോഴ്സ് നൽകിത്തുടങ്ങിയത്. പ്രധാനവിഷയങ്ങൾക്കു പുറമേ ഓരോ വിദ്യാർത്ഥിയും മൂന്ന് ഐച്ഛികവിഷയങ്ങൾക്കൂടി തിരഞ്ഞെടുക്കേണ്ടിയിരുന്നു. ഹ്യൂമാനിററീസ്, സയൻസ്, ടെക്നോളജി, കോമേഴ്സ്, അഗ്രിക്കൾച്ചർ, ഫൈൻആർട്ട്സ്, ഹോംസയൻസ് എന്നീ ഏഴ് ഗ്രൂപ്പുകളിൽ ഏതെങ്കിലും ഒന്നിൽനിന്ന് മൂന്ന് വിഷയങ്ങൾ തിരഞ്ഞെടുക്കാനാണ് നിർദ്ദേശിച്ചിരുന്നത്.

ഈ പുതിയ പദ്ധതിപ്രകാരം ഡിഗ്രി കോഴ്സിനു ചേരുന്നതിനു മുമ്പ് ഓരോ വിദ്യാർത്ഥിയും ഒരു വർഷത്തെ പ്രീയൂണിവേഴ്സിററികോഴ്സ് പാസായിരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഹയർസെക്കൻററിസ്കൂളിൽ നിന്നും പാസാകുന്നവർക്ക് നേരിട്ട് ഡിഗ്രികോഴ്സിന് ചേരാൻ അനുമതി നൽകിയിരുന്നു. 56-57-ൽ 33 ഹൈസ്കൂളുകൾ ഹയർ സെക്കൻററിസ്കൂളുകളാക്കി മാററി. പുതുക്കിയ

പാഠ്യപദ്ധതി 1956 ജൂണിൽ ഒന്നു മുതൽ ആറുവരെ സ്റ്റാൻഡാർഡുകളിലും ഒൻപതാം സ്റ്റാൻഡാർഡിലും നടപ്പിലാക്കി. മൂന്നാംഫാറത്തിന്റെ അവസാനം നടത്തിവന്ന പൊതുപരീക്ഷ 57 മാർച്ചു മുതൽ വേണ്ടെന്നു വച്ചു 60 പ്രൈമറിസ്കൂളുകൾ ബേസിക് രീതിയിലേക്കു് പരിവർത്തനം ചെയ്തതും പത്താംസ്റ്റാൻറാർഡിൽ ഐച്ഛികസമ്പ്രദായം ഏർപ്പെടുത്തിയതും 57-58 സ്കൂൾവർഷത്തിന്റെ പ്രത്യേകതകളായിരുന്നു. വിദ്യാഭ്യാസപരിഷ്കാരത്തിൻെറ പേരിൽ 57 മാർച്ചിൽ അഞ്ചാംഫാറത്തിൽ പരീക്ഷയ്ക്കിരുന്ന എല്ലാ വിദ്യാർത്ഥികളെയും ആറാംഫാറത്തിലേക്കു് പ്രമോട്ടു ചെയ്തതും ശ്രദ്ധേയമായ സംഗതിയാണു്. പത്താം സ്റ്റാൻറാർഡിൽ 57-58-ൽ തുടങ്ങിവച്ച ഐച്ഛികസമ്പ്രദായം ഒരു വർഷക്കാലമേ നിലനിന്നുള്ളു.

1958 ലെ പുതുക്കിയ പദ്ധതി അനുസരിച്ചു് ഹൈസ്കൂൾകോഴ്സിൻെറ ദൈർഘ്യം പതിനൊന്നിൽ നിന്നു് പത്തായും ഹയർസെക്കന്ററിയുടേതു് 12 ൽനിന്നു് 11 ആയും കുറവു ചെയ്തു അതിൻെറ ഫലമായി 4-ം 5-ം സ്റ്റാൻറാർഡുകളിൽനിന്നു് വിജയികളായ കുട്ടികളെ 5-ം 6-ം സ്റ്റാൻറാർഡുകളിൽ പ്രവേശിപ്പിക്കുന്നതിനു പകരം പുതിയ അഞ്ചാം സ്റ്റാൻറാർഡിലാണു് പ്രവേശിപ്പിച്ചതു്. 1958 മേയിൽ പുറപ്പെടുവിച്ച ഒരു ഓർഡർ അനുസരിച്ചാണു് ഈ സംവിധാനം നിലവിൽ വന്നതു്.

ഈ പദ്ധതിയുടെ ഫലമായി അക്കാഡമിക് എന്നും ഡൈവേഴ്സിഫൈഡ് എന്നും രണ്ടുതരം കോഴ്സുകൾ നിലവിൽ വന്നു ഹൈസ്കൂളുകളിൽ അക്കാഡമിക്കോഴ്സും ഹയർസെക്കൻററിയിൽ ഡൈവേഴ്സിഫൈഡ്കോഴ്സും നടത്താനാണു് നിർദ്ദേശിച്ചതു്. 1956 ലെ പദ്ധതി ഓരോ കുട്ടിയും മൂന്നു് ഐച്ഛികവിഷയങ്ങൾ വീതം എടുത്തിരിക്ക

ണമെന്ന് നിർബന്ധിച്ചിരുന്നു. 1958 ലേതിൽ ഡൈവേഴ്സിഫൈഡ് കോഴ്സ് തിരഞ്ഞെടുക്കുന്നവർ മാത്രം അവയിലേതെങ്കിലും ഒന്ന് — എൻജിനീയറിംഗ്, കോമേഴ്സ്, അഗ്രിക്കൾച്ചർ, ഫൈൻആർട്ട്സ്, ഹോംസയൻസ് ഇവയിൽ നിന്ന് — ഐച്ഛികമായി സ്വീകരിക്കേണ്ടിയിരുന്നു. ഡൈവേഴ്സിഫിക്കേഷൻ ആരംഭിച്ചത് ഒൻപതാം സ്റ്റാന്റേർഡിൽ ആയിരുന്നു എന്നതും ശ്രദ്ധേയമായ സംഗതിയാണ്. പ്രായോഗികതലത്തിൽ പ്രാധാന്യമുള്ള വിഷയങ്ങൾ മാത്രമാണ് ഈ പദ്ധതിയിൽ ഐച്ഛികവിഷയങ്ങളായി നൽകിയിരുന്നത്. അതുകൊണ്ട്, 1958 ലെ പദ്ധതി 1956 ലേതിനെക്കാൾ മെച്ചമായിരുന്നു എന്ന് കരുതിപ്പോരുന്നു

1957 സെപ്റ്റംബറിൽ കേരളാ അസംബ്ലി പാസ്സാക്കിയ കേരളവിദ്യാഭ്യാസച്ചട്ടങ്ങൾ '58-'59 ൽ ഇൻഡ്യൻ പ്രസിഡൻറിൻെറ അനുമതി നേടി നടപ്പിലാക്കിയതു് ഈ കാലഘട്ടത്തിലെ സുപ്രധാനസംഭവമായിരുന്നു. ഒന്നാംസ്റ്റാൻറാർഡിൽ ചേരുന്നതിനുള്ള പ്രായം 5½-വയസ്സായി ഉയർത്തി. 5-ം 6-ം സ്റ്റാൻറാർഡുകളിൽ ഹിന്ദിപഠനം നിർബന്ധിതമാക്കി. പ്രൈമറിസ്കൂളുകളിലെ പുതിയ അഞ്ചാം സ്റ്റാന്റേർഡിൽ നിന്നും പാസ്സായ കുട്ടികളെ അപ്പർപ്രൈമറിവിഭാഗത്തിലെ പുതിയ ആറാം സ്റ്റാൻറാർഡിലാണ് പ്രവേശിപ്പിച്ചതു്. അഞ്ചാം സ്റ്റാൻറാർഡ് പ്രൈമറിസ്കൂളുകളിൽ തന്നെ തുടരാൻ അനുവദിച്ചെങ്കിലും ആറാംസ്റ്റാൻറാർഡിൽ തോററ കുട്ടികളുടെ എണ്ണം പരിഗണിച്ച് ഏതാനും അപ്പർ പ്രൈമറിസ്കൂളുകളിലും അഞ്ചാംസ്റ്റാൻറാർഡ് തുടർന്നു പോകാൻ അനുവദിച്ചു.

ഇൻഡ്യാഗവൺമെൻറിൻെറ അസസ്മെൻറ് കമ്മററി നിർദ്ദേശിച്ച പഞ്ചമുഖ പരിപാടിയുടെ അടിസ്ഥാനത്തിൽ

പ്രൈമറിക്ലാസ്സുകളിൽ ബേസിക് ചായ്‌വുള്ള പാഠ്യപദ്ധതി ഈ ഘട്ടത്തിൽ സമാരംഭിച്ചു. 11 വർഷ പാഠ്യരീതിയനുസരിച്ചുള്ള പദ്ധതി 1959 ൽ ആസൂത്രണം ചെയ്തെങ്കിലും 1960-61 ൽ പതിനൊന്നാം സ്റ്റാൻറാർഡ് സംസ്ഥാനത്തെ ഒരു സ്കൂളിലും ആരംഭിച്ചില്ലെന്നതു് പ്രത്യേകം പ്രസ്താവ്യമാണു്. മൂന്നാംസ്റ്റാൻറാർഡുമുതൽ ഇംഗ്ലീഷ് പഠിപ്പിച്ചു തുടങ്ങിയതും ഇക്കാലത്താണു്.

1962 ലെ പദ്ധതി സിലബസിനെ മാത്രം ബാധിക്കുന്നതായിരുന്നു. ഡൈവേഴ്സിഫൈഡ്കോഴ്സിൽ ചേരുന്നവർ ഏതെങ്കിലും ഒരു ഐച്ഛികവിഷയം പഠിച്ചാൽ മതിയെന്നു് വ്യവസ്ഥ ചെയ്തു. സിലബസ് പൊതുവിൽ കുറച്ചൊന്നു് നേർപ്പിച്ചെങ്കിലും പ്രത്യേക കഴിവുകളും താല്പര്യങ്ങളും ഉള്ള കുട്ടികൾക്കുവേണ്ടി 9-ം 10-ം സ്റ്റാൻറാർഡുകളിൽ അഡ്വാൻസ്ഡ്കോഴ്സ് ഏർപ്പെടുത്താൻ നിഷ്കർഷിക്കുകയുണ്ടായി. കണക്കു്, ജനറൽസയൻസ്, സോഷ്യൽസ്റ്റഡീസ് എന്നീ വിഷയങ്ങൾക്കാണു് ഈ പ്രത്യേക കോഴ്സ് ഏർപ്പെടുത്തിയതു്. ഊർജ്ജതന്ത്രം, രസതന്ത്രം, ജൈവശാസ്ത്രം, അന്തരീക്ഷവിജ്ഞാനം എന്നിവ ചേർത്തു് ജനറൽസയൻസും, ചരിത്രം, ഭൂമിശാസ്ത്രം, പൗരധർമ്മം, സാമ്പത്തികശാസ്ത്രം ഇവ ഒരുമിച്ചു് സോഷ്യൽസ്റ്റഡീസും രൂപീകരിച്ചതു് ഈ കാലത്തെ പരിഷ്കാരങ്ങളിൽപെടുന്നു.

വിദ്യാഭ്യാസോദ്ദേശ്യങ്ങളുടെയും പെരുമാററവ്യതിയാനങ്ങളുടെയും അടിസ്ഥാനത്തിലാണു് 1962 ലെ സിലബസ് പരിഷ്കരിക്കപ്പെട്ടതു്. ഓരോ വിഷയം പഠിപ്പിക്കുന്നതിലും അദ്ധ്യാപകൻ ഊന്നേണ്ട ലക്ഷ്യങ്ങൾ അതാതു വിഷയത്തിൻെറ സിലബസിനോടു് ചേർത്തു് നൽകിയതു് അദ്ധ്യാപകരുടെ ബോധനരീതി മെച്ചപ്പെടുത്തുന്നതിനു് ഉപകരിച്ചി

ട്ടുണ്ട്. സ്കൂൾപാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഓരോ വിഷയവും പൊതുലക്ഷ്യങ്ങളിൽ ഏതേതു് കാര്യങ്ങൾക്കായി ഉപയോഗിക്കപ്പെടാമെന്നു് വ്യക്തമാക്കുന്നതു് കാര്യക്ഷമമായ ബോധനം ഉറപ്പു ചെയ്യുന്നുണ്ടു്. ആ നിലയ്ക്കു് 1962 ലെ പരിഷ്ക്കാരങ്ങൾ ശ്രദ്ധേയങ്ങളാണു്.

1964 ന്റെ പ്രത്യേകത ഹയർസെക്കൻററിസമ്പ്രദായവും ഡൈവേഴ്സിഫൈഡ് കോഴ്സുകളും പ്രോത്സാഹിപ്പിക്കേണ്ടെന്നു് തീരുമാനിച്ചതാണു്. അങ്ങനെ പത്തുവർഷ ഹൈസ്കൂൾ കോഴ്സുകൾ മാത്രമാണിന്നുള്ളതെന്നു് പറയാം. ഭാഷേതരവിഷയങ്ങളിൽ അഡ്വാൻസ്ഡ് കോഴ്സുകൾ നൽകാൻ സിലബസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. 1964 മാർച്ച് മുതൽ S. S. L. C. പരീക്ഷയിൽ ന്യൂടൈപ്പ് ചോദ്യങ്ങൾ ധാരാളമായി ഉപയോഗിക്കാൻ തുടങ്ങിയതും ആശാസ്യമായ നടപടിയായി കരുതപ്പെടുന്നു.

1964 ലാണു് ഡിഗ്രികോഴ്സിനു് ചേരുംമുമ്പു് രണ്ടു വർഷത്തെ പ്രീ-ഡിഗ്രി പാസ്സായിരിക്കണമെന്നു് വ്യവസ്ഥ ചെയ്തതു്. ഇതനുസരിച്ചു് ഏതാനും ജൂനിയർ കാളേജുകളും സംസ്ഥാനത്തു് സമാരംഭിക്കുകയുണ്ടായി. പത്തു വർഷഹൈസ്കൂളിനുശേഷം ഒരു വർഷ പ്രീയൂണിവേഴ്സിററി മാത്രമായാൽ നിലവാരം മോശപ്പെടുമെന്നും അതുകൊണ്ടു് ഹൈസ്കൂളിനും ഡിഗ്രിക്കും ഇടയ്ക്കു് ഒരു ദ്വിവത്സരകോഴ്സ് ആവശ്യമാണെന്നും തീരുമാനിക്കപ്പെട്ടു. ഒരു പ്രത്യേക ഹയർസെക്കൻററിബോർഡ് രൂപീകരിച്ചു് അതിന്റെ ചുമതലയിൽ ഈ രണ്ടുവർഷകോഴ്സ് നടത്തണമെന്നു് നിർദ്ദേശിക്കപ്പെട്ടെങ്കിലും പിന്നീടതു വേണ്ടെന്നു വയ്ക്കുകയും ജൂനിയർ കാളേജുകൾ സ്ഥാപിച്ചാൽ മതിയെന്നു് തീരുമാനിക്കുകയും ചെയ്തു.

ഇന്നു് നിലവിലുള്ള പാറേറൺ 1 മുതൽ 4 വരെ സ്റ്റാൻറാർഡുകളുള്ള ലോവർ പ്രൈമറി, 5 മുതൽ 7 വരെയുള്ള

അപ്പർപ്രൈമറി, 8 മുതൽ 10 വരെയുള്ള ഹൈസ്കൂൾ എന്നീ വിഭാഗങ്ങളാണ്. ഇവയ്ക്കു പുറമേ ഒട്ടനവധി സാങ്കേതികവിദ്യാലയങ്ങളും പോളിടെക്നിക്കുകളും സംസ്ഥാനത്ത് നിലവിലുണ്ട്. ഇവയ്ക്കു പുറമേ കേന്ദ്രഗവണ്മെൻറുടമയിലുള്ള 3 സെൻട്രൽസ്കൂളുകളും കേരളത്തിൽ പ്രവൎത്തനം നടത്തുന്നുണ്ട്. ഇംഗ്ലീഷ്മീഡിയം ഡിവിഷനുകൾ പല വിദ്യാലയങ്ങളിലുമുണ്ട്. അതുപോലെ ന്യൂനപക്ഷാവകാശസംരക്ഷണാൎത്ഥം തമിഴ്, കന്നഡ മീഡിയം ക്ലാസ്സ്ഡിവിഷനുകളും പ്രവൎത്തിക്കുന്നുണ്ട്. [ഇംഗ്ലീഷ്മീഡിയം ഡിവിഷനുകൾ പ്രോത്സാഹിപ്പിക്കേണ്ടതില്ലെന്നും മൂന്നാംസ്ററാൻറാർഡിൽ ഇംഗ്ലീഷ് പഠിപ്പിക്കേണ്ടതില്ലെന്നും ഗവണ്മെൻറ് അടുത്തകാലത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ലോവർപ്രൈമറി ഘട്ടത്തിൽ ഒരു ഭാഷ—മാതൃഭാഷ മതിയാകുമെന്നും രണ്ടാം ഭാഷ അപ്പർപ്രൈമറി ഘട്ടത്തിലും മൂന്നാമത്തേതു് ഹൈസ്ക്കൂൾതലത്തിലും ആരംഭിച്ചാൽ മതിയാകുമെന്നും സംസ്ഥാന വിദ്യാഭ്യാസോപദേശക സമിതി ശുപാർശ ചെയ്തിട്ടുണ്ട്]. പത്തു വർഷ ഹൈസ്കൂൾകോഴ്സ് വിജയകരമായി പൂൎത്തിയാക്കുന്നവർ T. T. C. കോഴ്സിനു് ചേൎന്ന് അദ്ധ്യാപകരാകുകയോ ദ്വിവത്സര പ്രീ-ഡിഗ്രി കഴിച്ച് ഉന്നതവിദ്യാഭ്യാസത്തിനു് ശ്രമിക്കുകയോ ആണ് ചെയ്യുന്നതു്. പോളിടെക്നിക്കുകളിൽ ചേരാനുള്ള സാദ്ധ്യതകളും ഉണ്ട്. പ്രീ-ഡിഗ്രി ഘട്ടത്തിനു ശേഷമാണ് എൻജിനീയറിംഗ്, മെഡിസിൻ, അഗ്രിക്കൾച്ചർ എന്നീ പ്രൊഫഷനൽ കോഴ്സുകൾക്കു ചേരുക. ഡിഗ്രി കഴിഞ്ഞ ശേഷവും ഇവയിൽ ചേൎന്നു് പഠിക്കാം. മറെറാന്നുള്ളതു് B. Ed. നു് ചേൎന്നു് അദ്ധ്യാപകരാകാനുള്ള സൗകൎയ്യമാണ്. നമ്മുടെ വിദ്യാഭ്യാസരംഗം പൊതുവിൽ വളരെ മെച്ചപ്പെട്ടതിൻെറ ലക്ഷണമാണ് ബിരുദാനന്തരപഠനത്തിനും ഗവേഷണത്തിനും ഇന്നു് ലഭ്യമായിരിക്കുന്ന വമ്പിച്ച സൗകൎയ്യങ്ങൾ എന്നു പറയാം.

## 6. പാഠ്യപദ്ധതിയുടെ സവിശേഷതകൾ

പാഠ്യപദ്ധതിയുടെ അർത്ഥവും നിർവചനങ്ങളും രണ്ടാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ. ഈ അദ്ധ്യായത്തിൽ പാഠ്യപദ്ധതിയുടെ നേട്ടങ്ങളും കോട്ടങ്ങളും കമ്മീഷനുകളും വ്യക്തികളും വിവരിച്ചിട്ടുള്ളതും നിലവിലുള്ള കേരളാസിലബസ് എങ്ങനെയെന്നതുമാണ് അപഗ്രഥിക്കപ്പെടുന്നത്.

വിദ്യാർത്ഥികളുടെ ജീവിതത്തെമുഴുവനും സ്പർശിക്കുന്നതും സമതുലിതമായ വ്യക്തിത്വം വികസിപ്പിച്ചെടുക്കാൻ പര്യാപ്തമായതുമായ വിദ്യാലയത്തിലെ ജീവിതം മുഴുവനും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താമെന്നാണ് സെക്കൻററി എഡ്യൂക്കേഷൻ കമ്മീഷൻ അഭിപ്രായപ്പെട്ടിട്ടുള്ളത്. നിലവിലുള്ള പാഠ്യപദ്ധതി നിശിതമായി വിമർശിക്കപ്പെട്ടിട്ടുണ്ട്. അതിനെതിരായി കമ്മീഷൻ ഉന്നയിച്ചിട്ടുള്ള പ്രധാന ആരോപണങ്ങൾ ഇവയാണ്* .

1. പാഠ്യപദ്ധതി തീരെ സങ്കുചിതമാണ്.
2. അത് പുസ്തകകേന്ദ്രിതവും താത്വികവുമാണ്.
3. ഉള്ളടക്കം മെച്ചമല്ലെങ്കിലും ഭാരിച്ചതാണ് അത്.
4. വ്യക്തിവികസനത്തിനുപയോഗ്യമായ പ്രായോഗികപ്രവർത്തനങ്ങൾക്ക് മതിയായ സ്ഥാനം നൽകിയിട്ടില്ല.
5. യുവാക്കളുടെ വിവിധങ്ങളായ ആശയങ്ങളും കഴിവുകളും പ്രശ്നങ്ങളും അത് കണക്കിലെടുക്കുന്നില്ല.

---

* പേജ് 80

6. പരീക്ഷയ്ക്കു് അതിൽ അമിതപ്രാധാന്യം നൽകുന്നു.
7. രാജ്യത്തിന്റെ സാങ്കേതികവും വ്യാവസായികവും സാമ്പത്തികവുമായ വികസനത്തിൽ ഭാഗഭാക്കാകാൻ ഉപകരിക്കുമാറു് സാങ്കേതികവും തൊഴിൽപരവുമായ വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഈ ആരോപണങ്ങളുടെ വിവിധ വശങ്ങൾ അപഗ്രഥിച്ച കമ്മിഷൻ,

1. വിദ്യാർത്ഥിയേയും പ്രവൃത്തിയേയും കേന്ദ്രമാക്കി പാഠ്യപദ്ധതി ആസൂത്രണം ചെയ്യുക.
2. സെക്കൻററിഘട്ടത്തിൽ ഐച്ഛികസമ്പ്രദായം ഏർപ്പെടുത്തുക.
3. എട്ടാംസ്റ്റാൻറാർഡിനുശേഷം ഡൈവേഴ്സിഫൈഡ് കോഴ്സുകൾ ആരംഭിക്കുക.
4. പ്രാദേശികതലത്തിൽ സ്വീകാര്യമായ ഏതെങ്കിലും തൊഴിൽ കേന്ദ്രമാക്കി വിദ്യാഭ്യാസം നൽകുക.
5. ജനറൽസയൻസ്, സോഷ്യൽസ്റ്റഡീസ് എന്നീ സങ്കരവിഷയങ്ങൾ ആരംഭിക്കുക.
6. പൊതുവിൽ സിലബസ് പരിഷ്കരിക്കുക എന്നീ

നിർദ്ദേശങ്ങളാണു് മുന്നോട്ടുവച്ചതു്. പഴഞ്ചനും മുഷിപ്പനുമായ ഒരു വിദ്യാഭ്യാസസമ്പ്രദായത്തിന്റെ സ്ഥാനത്തു് പ്രവൃത്തികേന്ദ്രിതവും സന്തോഷപ്രദവുമായ സംവിധാനം ഉണ്ടാകണമെങ്കിൽ ഈ നിർദ്ദേശങ്ങൾക്കനുസരണമായി സിലബസ് നവീകരിക്കുകയും മെച്ചപ്പെട്ട ബോധനരീതികൾ സ്വീകരിക്കുകയും വേണമെന്നു് കമ്മിഷൻ പ്രസ്തുത റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടു്.

ഇതിൻപ്രകാരം ഇൻഡ്യാഗവണ്മെൻറു് ഒരു 'ഡ്രാഫ്റ്റു് സിലബസ്' തയാറാക്കി അഭിപ്രായത്തിനായി എല്ലാ

സംസ്ഥാനങ്ങൾക്കും അയച്ചുകൊടുത്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 'പുതുക്കിയ സിലബസ്' കേരളത്തിൽ പ്രയോഗത്തിൽ വരുത്തുകയും ചെയ്തു. ആ ഘട്ടത്തിലാണ് ക്രാഫ്റ്റ് അടിസ്ഥാനമാക്കി വിദ്യാഭ്യാസം നൽകാൻ തുടങ്ങിയത്. സോഷ്യൽസ്റ്റഡീസും ജനറൽസയൻസും പുതുതായി പാഠ്യപദ്ധതിയിൽ സ്ഥാനം പിടിച്ചു. മനുഷ്യവിജ്ഞാനത്തിന്റെയും താല്പര്യങ്ങളുടെയും അടിസ്ഥാനത്തിൽ പാഠ്യവിഷയങ്ങൾ പരസ്പരം ബന്ധിപ്പിച്ച് കൂടുതൽ കാര്യക്ഷമമായി അദ്ധ്യയനം നടത്താനുള്ള കമ്മിഷന്റെ ശുപാർശയാണ് ഈ മാററത്തിന് വഴി തെളിച്ചത്. പാഠ്യവിഷയങ്ങളിലെ മാററത്തിനു പുറമേ ഉള്ളടക്കത്തിന്റെ കാര്യത്തിലും വ്യക്തമായ പരിഷ്ക്കാരങ്ങൾ വരുത്തുകയുണ്ടായി.

വിദ്യാഭ്യാസനിഘണ്ടുവിൽ ( Dictionary of Education) പഠനകോഴ്സിനെ ഇങ്ങനെയാണ് നിർവചിച്ചിട്ടുള്ളത്. "അദ്ധ്യാപകർ, വിദ്യാഭ്യാസവകുപ്പ്മേലദ്ധ്യക്ഷന്മാർ മുതലായവർക്ക് ഒരു വിഷയത്തിലോ ഏതാനും വിഷയങ്ങളിലോ പ്രത്യേകക്ലാസ്സുകളിൽ പഠിപ്പിക്കേണ്ടതെന്തെന്ന് സൂചന നൽകുന്ന ഒരു ഗൈഡാണിത്. അതിൽ ഓരോ കോഴ്സിന്റെയും ലക്ഷ്യങ്ങൾ, പ്രതീക്ഷിതഫലങ്ങൾ, ഉള്ളടക്കത്തിന്റെ രൂപവും പ്രാധാന്യവും എന്നിവ വിശദീകരിക്കുന്നതിനു പുറമേ പാഠപുസ്തകങ്ങൾ, പഠനാനുഭവങ്ങൾ, ബോധനരീതികൾ, നേട്ടങ്ങൾ പരിശോധിക്കാനുള്ള രീതികൾ ഇവയും വിവരിച്ചിരിക്കും. പലപ്പോഴും ഇതു് കരിക്കുലത്തിന് സമാനമായും ഉപയോഗിക്കാറുണ്ട്".* 1962-ൽ കേരളാഗവണ്മെൻറ് തയാറാക്കി പ്രസിദ്ധീകരിച്ച സെക്കൻററിസ്കൂളുകൾക്കുവേണ്ടിയുള്ള സിലബസിൽ ഈ വക സംഗതിക

---

* പേജ് 109

ളൊക്കെ കണക്കിലെടുത്തിട്ടുണ്ടെന്നു് കാണാം. കൂടാതെ കുട്ടികളുടെ ധാരണ, ആസ്വാദനം, കഴിവു് ഇവ മെച്ചപ്പെടുത്തുന്നതും ബുദ്ധിപൂർവമായും സന്തോഷപ്രദമായും മനസ്സിലാക്കാൻ കഴിയുന്നതും ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പരിശീലനം നൽകുന്നതും ആയ വിഷയങ്ങളും പാഠഭാഗങ്ങളുമാണു് സിലബസിൽ ഉൾക്കൊള്ളിക്കേണ്ടതെന്ന കമ്മിഷന്റെ നിർദ്ദേശത്തോടു് പൂർണ്ണമായ യോജിപ്പും ഈ സിലബസു് പ്രകടിപ്പിക്കുന്നുണ്ടു്. പ്രസ്തുത സിലബസിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. "വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം ജീവിതവ്യാപാരങ്ങളോടും ജീവിതത്തോടു തന്നെയും ബന്ധപ്പെട്ടിരിക്കുകയും വിദ്യാർത്ഥികളുടെ സാഹചര്യങ്ങളുമായി പൊരുത്തപ്പെടാൻ അവരെ സജ്ജരാക്കുകയും വേണം. ജീവിതസാഹചര്യത്തിൽ നിന്നു് ഉയർന്നുവരുന്നതാകണം പഠനവിഷയങ്ങൾ. അവയ്ക്കു് ദൈനംദിനജീവിതപ്രശ്നങ്ങളുമായി ഉററ ബന്ധമുണ്ടായിരിക്കണം. കുട്ടികളുടെ വർത്തമാനകാലത്തേയും ഭാവിയിലേയും ആവശ്യങ്ങൾക്കനുസരണമായ വിഷയങ്ങളാണു് ഈ സിലബസിൽ ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുള്ളതു്"[1]

സമകാലീനതയും അനുയോജ്യതയുമാണു് ഒരു നല്ല സിലബസിന്റെ ഗുണങ്ങൾ. ജെഫ്രിസിന്റെ അഭിപ്രായത്തിൽ[2] പാഠപദ്ധതിയിലേക്കു് ഭാഗങ്ങൾ [വിഷയങ്ങൾ] തിരഞ്ഞെടുക്കുമ്പോൾ സമകാലീനതയെക്കാൾ മുൻതൂക്കം നൽകേണ്ടതു് അനുയോജ്യതയ്ക്കാണു്. ആധുനിക പാഠ്യപദ്ധതി നവീകരണ ശ്രമങ്ങളിലെല്ലാം അടങ്ങിയിരിക്കുന്ന പൊതുതത്വം വിദ്യാർത്ഥികേന്ദ്രിതമായിരിക്കണം പാഠ്യപദ്ധതി

---

1. Kerala Syllabi for Secondary Schools. 1962, p. ii
2. M. V. C. Jeffreys, Glaucom. p. 70

എന്നതാണെന്നും വികസനഘട്ടങ്ങൾക്കനുസരണമായിവേണം അവ തിരഞ്ഞെടുക്കാനെന്നും അവയ്ക്ക് ലോകവ്യാപാരങ്ങളിൽ പ്രാതിനിധ്യം ഉണ്ടായിരിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തിട്ടുണ്ട്. സമൂഹത്തിലെ മാററങ്ങൾക്കനുസരണമായി പഠനാനുഭവങ്ങളും വ്യത്യസ്ഥപ്പെടുത്തുന്നതിന് പാഠപദ്ധതിയുടെ ഉള്ളടക്കം തുടർപരിശോധനയ്ക്ക് വിധേയമാക്കണമെന്നാണ് എറിക്ജെയിംസിന്റെ അഭിപ്രായം.

1962 ലെ സിലബസിൽ ഓരോ വിഷയത്തിനും ലോവർപ്രൈമറി, അപ്പർപ്രൈമറി, സെക്കൻററി ഘട്ടങ്ങളിൽ ഉണ്ടായിരിക്കേണ്ട വിദ്യാഭ്യാസോദ്ദേശ്യങ്ങൾ ഏവയെന്ന് വ്യക്തമാക്കിയിരിക്കുന്നതു് അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും പ്രയോജനപ്രദമാണ്. ഓരോ ക്ലാസ്സിലും ഓരോ വിഷയത്തിന്റെ ഏതാനും ഭാഗങ്ങൾ ആവർത്തിക്കുന്ന ഏകകേന്ദ്രിത വൃത്തരൂപത്തിലുള്ള (concentric plan) വിഷയങ്ങളുടെ വികസനം ഇതിൽ ഉപേക്ഷിച്ചിരിക്കയാണ്. ഒരു പാഠഭാഗം ഒന്നിലധികം ക്ലാസ്സുകളിൽ ആവർത്തിക്കപ്പെടുന്നതും വിദ്യാർത്ഥികളിൽ താൽപര്യക്കുറവുണ്ടാകാൻ കാരണമാണല്ലോ. ഓരോ വിഷയങ്ങൾക്കും ഏതെല്ലാം തരം ചോദ്യങ്ങൾ തയാറാക്കണം, പരീക്ഷയ്ക്ക് ആകെ എന്തു ദൈർഘ്യം ഉണ്ടായിരിക്കണം, ആകെ മാർക്കും ജയിക്കാൻ വേണ്ട മാർക്കും എന്തായിരിക്കണം എന്നിങ്ങനെ പരീക്ഷാരീതികളും സിലബസിൽ തന്നെ വിവരിച്ചിട്ടുണ്ട്. ഒൻപതും പത്തും സ്റ്റാൻഡാർഡുകളിൽ കണക്ക്, സയൻസ്, സാമൂഹ്യപാഠങ്ങൾ എന്നീ വിഷയങ്ങളിൽ മെച്ചപ്പെട്ട കുട്ടികൾക്ക് അഡ്വാൻസ്ഡ് കോഴ്സ് നൽകാനും ഈ സിലബസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അങ്ങനെ പ്രത്യേക ബുദ്ധിശക്തിയുള്ളവർ, സാധാരണ കഴിവുള്ളവർ, കഴിവു കുറഞ്ഞവർ എന്നിങ്ങനെ

എല്ലാത്തരക്കാർക്കും തങ്ങൾക്കനുയോജ്യമായ പാഠഭാഗവും അഭ്യാസങ്ങളും കണ്ടെത്താൻ പററിയ ഒരു സിലബസാണു് ഇതെന്നു പറയാം.

സിലബസിൽ ഓരോ പാഠഭാഗത്തിനും നൽകേണ്ട പ്രാധാന്യവും വ്യക്തമാക്കിയിട്ടുണ്ടു്. വിഷയങ്ങളുടെ വ്യാപ്തി വിവരിക്കവെ ചില വിഷയങ്ങളിൽ നേർപ്പിക്കൽ നടത്തിയിട്ടുണ്ടെന്നു് പ്രസ്താവിച്ചിട്ടുണ്ടു്. ഭാഷാവിഷയങ്ങളുടേയും സാമൂഹ്യപാഠങ്ങളുടേയും സിലബസ് തയ്യാറാക്കുന്നതിൽ ദേശീയോദ്ഗ്രഥനാശയം ലാക്കാക്കിയിട്ടുണ്ടെന്നും സിലബസ് തയ്യാറാക്കിയവർ അവകാശപ്പെടുന്നു തൊട്ടുമുൻപിലത്തെ സിലബസിനെ അപേക്ഷിച്ചു് കണക്കിൻേറയും സയൻസിൻേറയും സിലബസിൽ കാര്യമായ കുറവു് വരുത്തിയിട്ടുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ടു്. വിവിധ വിഷയങ്ങളുടെ സിലബസ് ഈ അവകാശവാദങ്ങളുടെ വെളിച്ചത്തിൽ അപഗ്രഥിക്കേണ്ടതായുണ്ടു്. വ്യക്തമാക്കപ്പെട്ട വിദ്യാഭ്യാസോദ്ദേശ്യങ്ങൾക്കു് അനുരൂപമായിട്ടാണോ പാഠഭാഗങ്ങൾ എന്നും നിർണ്ണയിക്കപ്പെടണം. വിവിധ ഘട്ടങ്ങളിൽ ഉള്ളടക്കം കൂട്ടുകയും കുറയ്ക്കുകയും ചെയ്തതിൻേറ ന്യായീകരണവും പരിശോധിക്കപ്പെടേണ്ടതുണ്ടു്. ഇവ അടുത്ത ഏതാനും അദ്ധ്യായങ്ങളിൽ ചേർത്തിരിക്കുന്നു.

<u>വിശകലനം:</u>— പൊതുവിദ്യാഭ്യാസപദ്ധതിയുടെ വെളിച്ചത്തിലാണു് ഏതൊരു പാഠപദ്ധതിയും വിലയിരുത്തപ്പെടേണ്ടതു്. വിവിധരംഗങ്ങളിൽ അടുത്ത കാലത്തുണ്ടായിട്ടുള്ള വിജ്ഞാനവിസ്ഫോടനം പാഠപദ്ധതികളിൽ എങ്ങനെ പ്രതിഫലിച്ചിട്ടുണ്ടു് എന്നും പരിശോധിക്കപ്പെടണം. മുൻകാലത്തു് 'കരിക്കലം' എന്നതു് ഒരു കുട്ടി പഠിക്കുന്നവിഷയങ്ങളായിരുന്നെങ്കിൽ ഇന്നതു് വിദ്യാഭ്യാസലക്ഷ്യങ്ങൾ

നേടുന്നതിനായി കുട്ടിക്കു് ലഭിക്കുന്ന പഠനാനുഭവങ്ങളുടെ ആകെത്തുകയാണു്. അപ്പോൾ പാഠ്യപദ്ധതി വിലയിരുത്തപ്പെടേണ്ടതു് വിദ്യാഭ്യാസാദർശങ്ങളുടേയും മാറിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസലക്ഷ്യങ്ങളുടേയും വെളിച്ചത്തിലാണെന്നു് സിദ്ധിക്കുന്നു. ലഭ്യമായ ഏററവും പുതിയ സിലബസ്സു് ഇക്കാര്യത്തിൽ തൃപ്തികരമാണെന്നു് പറയാം. എന്നാൽ ലോകം അനുനിമിഷം പുരോഗതി പ്രാപിക്കുന്നതു കൊണ്ടു് പുതിയ കണ്ടുപിടിത്തങ്ങളും സംഭവവികാസങ്ങളും അപ്പപ്പോൾ പഠിപ്പിക്കുന്നതിനായി ഭാഷേതരവിഷയങ്ങളിൽ ആകെ സമയത്തിൻെറ അഞ്ചുശതമാനമെങ്കിലും പ്രത്യേകം നീക്കിവയ്ക്കുന്നതു് കൊള്ളാം. ചരിത്രസംഭവങ്ങൾ, ശാസ്ത്രത്തിൻെറ നേട്ടങ്ങൾ, പുതിയ കണ്ടുപിടിത്തങ്ങൾ, ഇൻകംടാക്സിലെ പുതിയ സ്ലാബ്സിസ്ററം, കണക്കിലെ സെററ്തിയറി, ചെടികളുടെ ആശയവിനിമയശേഷി മുതലായവ അദ്ധ്യാപകർക്കു് ഈ സമയം ഉപയോഗിച്ചു് വിദ്യാർത്ഥികളെ പറഞ്ഞുമനസ്സിലാക്കാവുന്നതാണു്.

ചിലപാഠഭാഗങ്ങൾ അവ പഴഞ്ചനായി പോയതിന്റെ പേരിൽ സിലബസിൽ നിന്നും ഒഴിവാക്കപ്പെട്ടുകയാണു് നല്ലതു്. എന്നാൽ ചരിത്രത്തിലെ പഴയ വിവരങ്ങൾ അറിയുന്നതു് അതിനേയും വർത്തമാനകാലപ്രവണതകളേയും ആധാരമാക്കി ഭാവിപരിപാടികൾ ആസൂത്രണം ചെയ്യാൻ സഹായകമാകും. ശാസ്ത്രത്തിലെ പുതിയ കണ്ടുപിടിത്തങ്ങളെല്ലാം തന്നെ നേരത്തേയുള്ള തത്വങ്ങളേയും കണ്ടുപിടിത്തങ്ങളേയും ആശ്രയിച്ചാണു് ഇരിക്കുന്നതു്. ഒരു കാലത്തു് ശരിയായിരുന്നവയും എന്നാൽ പിൽക്കാലത്തു് തെററാണെന്നു് സമർത്ഥിക്കപ്പെട്ടുകയും ചെയ്ത ശാസ്ത്രതത്വങ്ങൾ പഠിപ്പിക്കുന്നതിനെപ്പററി ഭിന്നാഭിപ്രായങ്ങളാണു് ഉള്ളതു്. കണക്കിലെ തിയറങ്ങളുടെ പ്രൂഫു് ഇന്നും പഴഞ്ചൻ രീതിയിലാണു്

വിദ്യാർത്ഥികൾക്ക് നൽകുന്നതു്. കഴിവുള്ള മാററങ്ങൾ ഉൾക്കൊണ്ടുകൊണ്ടു് ശാസ്ത്രീയ സമീപനം എല്ലാരംഗങ്ങളിലും സ്വീകരിക്കയാണു് ഇന്നത്തെ അടിയന്തിരാവശ്യം. കോഠാരിക്കമ്മീഷന്റെ അഭിപ്രായത്തിൽ ഇപ്പോൾ തന്നെ ഭാരിച്ച സ്കൂൾ കരിക്കലത്തിൽ അവശ്യം ചേക്കേണ്ട പുതിയ വസ്തുതകൾക്കു് സ്ഥാനം നൽകാനായി പഴയവയും ഉപയോഗമില്ലാത്തതുമായ പാഠഭാഗങ്ങൾ ഒഴിവാക്കാവുന്നതേയുള്ളൂ. ആവശ്യമായ അറിവു് വിദ്യാർത്ഥികൾക്ക് നൽകുന്നതിനു് കൂടുതൽ ഊർജ്ജസ്വലവും പ്രചോദനാത്മകവുമായ രീതികൾ സ്വീകരിക്കപ്പെടണമെന്നും കമ്മിഷൻ നിർദ്ദേശിച്ചിട്ടുണ്ടു്. കുട്ടികളുടെ സാമൂഹികസാമ്പത്തികസാഹചര്യങ്ങൾ, വിദ്യാലയത്തിലെ സജ്ജീകരണങ്ങളും സാദ്ധ്യതകളും, അദ്ധ്യാപകരുടെ യോഗ്യതകളും പരിചയവും ഇവയെല്ലാം കണക്കിലെടുത്തു വേണം പാഠ്യപദ്ധതിക്ക് അവസാനരൂപം നൽകേണ്ടതെന്നു് കമ്മിഷനു് അഭിപ്രായമുണ്ടു്.

ജനറൽസയൻസ്, സോഷ്യൽസ്ററഡീസ് എന്നീ വിഷയങ്ങൾ വിദ്യാഭ്യാസരംഗത്തെ പുതുമുഖങ്ങളാണു്. ഇവ പഠിപ്പിക്കുന്നതിനു് പ്രത്യേകപരിശീലനം സിദ്ധിച്ച അദ്ധ്യാപകരുടെ അഭാവം ഇവ ആരംഭിച്ചപ്പോൾ വലിയ പ്രശ്നമായിരുന്നു. 'കാലക്രമത്തിൽ അതു് പരിഹരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഒരു തിരിച്ചുപോക്കിനുള്ള ശ്രമമാണു് ഇപ്പോൾ നടക്കുന്നതു്. ഭൗതികശാസ്ത്രമോ ജൈവശാസ്ത്രമോ മാത്രം പഠിച്ച ഒരദ്ധ്യാപകനു് സാമാന്യശാസ്ത്രം പഠിപ്പിക്കുക പ്രയാസമായിരിക്കും. മറിച്ചാണെങ്കിൽ ഇത്രയും വൈഷമ്യം അനുഭവപ്പെടുകയില്ല. അതുപോലെ തന്നെയാണു് സാമൂഹ്യപാഠങ്ങളുടെ സ്ഥിതിയും. പല അദ്ധ്യാപകരും ഈ രണ്ടു വിഷയങ്ങൾക്കും എതിരായിരുന്നതു് ഇക്കാരണത്താലാണു്. ഉപകരണങ്ങളുടെ ദൌർലഭ്യം, പരീക്ഷണശാലകളുടെ അഭാവം ഇവയും

മെച്ചപ്പെട്ട സിലബസിനെപ്പോലും തരം താഴ്ത്താൻ പോന്നതാണ്.

നമ്മുടെ സാമൂഹ്യസാമ്പത്തികപരിതസ്ഥിതി പരിഗണിക്കുമ്പോൾ വിദ്യാഭ്യാസരംഗത്ത് ഒരു വിപ്ലവം സൃഷ്ടിച്ച് വിദേശരാജ്യങ്ങളോടൊപ്പം എത്തിച്ചേരുന്നതിന് പററിയ അന്തരീക്ഷമല്ല ഇപ്പോഴുള്ളത് എന്ന് കാണാം. വിദേശരാജ്യങ്ങളിൽ അനുനിമിഷംവികസിതമായിക്കൊണ്ടിരിക്കുന്ന പാഠ്യപദ്ധതിയുമായി താരതമ്യപ്പെടുത്തുമ്പോൾ ഭാരതത്തിലേതു് എത്രയോ സങ്കുചിതവും കാലം ചെന്നതുമാണെന്ന കോഠാരി കമ്മീഷന്റെ അഭിപ്രായം സവിശേഷശ്രദ്ധ അർഹിക്കുന്നുണ്ട്. ഇതിനൊരു പരിഹാരമായിട്ടാണ് അടുത്ത പത്തു വർഷങ്ങൾക്കകം ഇപ്പോഴത്തെ ഹയർ സെക്കൻററിക്ലാസ്സിലെ നിലവാരം പത്താം സ്ററാൻറാർഡിൽ ഉണ്ടായിരിക്കണമെന്ന് കമ്മിഷൻ നിർദ്ദേശിച്ചിട്ടുള്ളത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇന്നത്തെ പ്രീഡിഗ്രിയുടെ നിലവാരം പത്തു വർഷത്തിനകം S. S. L. C. ക്കാരനുണ്ടാകണമെന്നതാണ് ആശയം.

നിലവിലുള്ള പാഠ്യപദ്ധതി വിവിധ വിഷയങ്ങളിൽ നൂതനങ്ങളായ പാഠഭാഗങ്ങൾ ഉൾക്കൊള്ളിച്ചും മെച്ചപ്പെട്ട ബോധനരീതികൾ സ്വീകരിച്ചും മൂല്യനിർണ്ണയം കൂടുതൽ വസ്തുനിഷ്ഠമാക്കിയും അഭിവൃദ്ധിപ്പെടുത്തേണ്ടതായിട്ടാണിരിക്കുന്നത്. ഇംഗ്ലീഷൊഴികെ മററു വിഷയങ്ങളിൽ സമാനക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ നിലവാരം മററു രാജ്യങ്ങളെ അപേക്ഷിച്ച് കേരളത്തിലേതു് മെച്ചമാണെന്നു കാണാം. പ്രവത്തനശേഷി നേടുക, വ്യക്തമായ ചിന്ത, അഭിപ്രായപ്രകടനശേഷി സ്വരാജ്യസ്നേഹം, ശാസ്ത്രീയമനോഭാവം, ഉല്പാദനക്ഷമത മുതലായ മനോഭാവങ്ങളും ഗുണവിശേഷങ്ങളും

വളൎത്തിയെടുക്കുക എന്നീ ലക്ഷ്യങ്ങളോടെ സെക്കന്ററിസ്കൂൾ പാഠ്യപദ്ധതി മെച്ചപ്പെടുത്താനാണു് കമ്മിഷൻ നിൎദ്ദേശിക്കുന്നതു്. കായികാഭ്യാസം, ക്രാഫ്റ്റു്, കല, സംഗീതം, ഡാൻസു്, സാന്മാൎഗ്ഗികവും ആത്മീയവുമായ വിദ്യാഭ്യാസം എന്നിവയ്ക്കും പാഠ്യപദ്ധതിയിൽ സ്ഥാനം നൽകണമെന്നു് കോഠാരിക്കമ്മിഷൻ വ്യക്തമാക്കിയിട്ടുണ്ടു്. ഈ നിൎദ്ദേശങ്ങൾ കേരളത്തിലും പ്രാവൎത്തികമാക്കുകയാണു് വേണ്ടതു്.

★

## 7. മലയാള പാഠപദ്ധതി

1946-47 ലാണ് മലയാളം അദ്ധ്യയനമാദ്ധ്യമം ആയതു്. അന്നുവരെ മലയാളത്തിനു് രണ്ടാം ഭാഷയുടെ സ്ഥാനം മാത്രമേ ഉണ്ടായിരുന്നുള്ളു. പ്രത്യേക താല്പര്യമുള്ള വർക്ക് ഐച്ഛികഭാഷയായി മലയാളം പഠിക്കുന്നതിനുള്ള സൗകര്യങ്ങൾ നൽകിയിരുന്നു. അദ്ധ്യയനമാദ്ധ്യമമായതോടെ മലയാളത്തിനു് മെച്ചപ്പെട്ട അംഗീകാരം ലഭിച്ചെന്നു പറയാം. പ്രസക്തപഠനത്തിൽ ഉൾപ്പെട്ട 32 വർഷക്കാലത്തിനിടയ്ക്കു് ഏഴുപ്രാവശ്യം മലയാളത്തിന്റെ സിലബസ് പരിഷ്കരിച്ചിട്ടുണ്ടു്.

<u>നാലാം ഫാറം</u> (എട്ടാം സ്റ്റാൻറാർഡു്)

1932 ലെ സിലബസനുസരിച്ചു് ഗദ്യം നൂറു പേജും പദ്യം 600 വരിയുമാണു് പഠിക്കാനുണ്ടായിരുന്നതു്. ഇരുനൂറു് പേജോളം വരുന്ന ഒരു ഉപപാഠപുസ്തകവും ഗൃഹാദ്ധ്യയനത്തിനായി അംഗീകരിച്ചിരുന്നു. മദ്ധ്യമവ്യാകരണം എന്ന പുസ്തകത്തിലേതായിരുന്നു വ്യാകരണ സിലബസ്. 200 വരി പദ്യം കാണാതെ പഠിക്കാനും വ്യവസ്ഥ ചെയ്തിരുന്നു.

1936 ൽ പദ്യം 900 വരിയായി വർദ്ധിപ്പിച്ചു. ആധുനികപദ്യസാഹിത്യത്തിനു് പ്രാധാന്യം നൽകണമെന്നും നിർദ്ദേശിക്കപ്പെട്ടു. 50 മാർക്കു് വീതവും രണ്ടു മണിക്കൂർ വീതവുമുള്ള രണ്ടു് പേപ്പർ പരീക്ഷയ്ക്കുണ്ടായിരിക്കണമെന്നും വ്യവസ്ഥ ചെയ്തു. പാഠപുസ്തകവും വ്യാകരണവും ആദ്യത്തേതിലും ഉപപാഠപുസ്തകവും രചനയും രണ്ടാമത്തേതിലുമാണു് ഉൾപ്പെടുത്തിയിരുന്നതു്.

1941-ലെ സിലബസ് പരിഷ്കരണത്തിൽ മലയാള ത്തിൻെറ സിലബസിൽ യാതൊരു മാററവും വരുത്തിയില്ല.

1946 ലെ സിലബസിൽ ഗദ്യം നൂറ് പേജും പദ്യം 600 വരിയും എന്ന് നിജപ്പെടുത്തിയിരുന്നു. പദ്യത്തിൽ 350 വരി ആധുനികകാലത്തേതാകണമെന്നും എല്ലാം ഇനത്തിലു മായി 200 വരി കാണാതെ പഠിക്കണമെന്നും വ്യവസ്ഥ ചെ യ്തിരുന്നു ആധുനികപദ്യം ഏതെങ്കിലും ഒരു കവിയുടേതാകു ന്നതു് നന്നായിരിക്കുമെന്നും അതൊരു പ്രത്യേക പുസ്തകമാകാ മെന്നും വ്യക്തമാക്കിയിരുന്നു. 200 പേജോളം വരുന്ന ഒരു ഉപപാഠപുസ്തകമോ ആകെ 200 പേജു വരുന്ന രണ്ടു് ഉപ പാഠപുസ്തകങ്ങളോ അംഗീകരിക്കാനും വ്യവസ്ഥ ചെയ്തിരുന്നു.

1949-ൽ രണ്ടു വിഭാഗത്തിലുമായി 100 വരി പദ്യം അധികം പഠിക്കാൻ നിർദ്ദേശിച്ചിരുന്നു. ഉപപാഠപുസ്തകങ്ങ ളിലൊന്നു് ചെറുകഥാസമാഹാരമോ ജീവചരിത്രമോ നോവൽ സംഗ്രഹമോ ആകാമെന്നും രണ്ടാമത്തേതു് യാത്രാവിവരണമോ പൊതുവിജ്ഞാനമോ ശാസ്ത്രപഠനങ്ങളോ ആകാമെന്നും വ്യക്തമാക്കിയിരുന്നു.

ഗദ്യഭാഗം 150 പേജായി വർദ്ധിപ്പിക്കുകയും പദ്യം 400 വരിയായി കുറയ്ക്കുകയും ചെയ്തതു് 1956 ലെ സില ബസ് പരിഷ്കാരത്തോടനുബന്ധിച്ചാണ്. ഉപപാഠപുസ്തക ത്തിൻെറ പേജു് 250 ആയി വർദ്ധിപ്പിക്കാനും തർജ്ജിമയ്ക്കു് പ്രത്യേകസ്ഥാനം നൽകാനും ഈ പരിഷ്കാരം സഹായക മായി.

1962 ലാകട്ടെ ഗദ്യം 120 പേജ് മതിയാകുമെന്നും കാണാതെ പഠിക്കാനുള്ള 50 വരി ഉൾപ്പെടെ പദ്യം 350 വരി മതിയെന്നും വ്യവസ്ഥ ചെയ്തു. ഉപപാഠപുസ്തകത്തിനു്

200 ലേറെ പേജ് ആവശ്യമില്ലെന്നും ഈ ഘട്ടത്തിൽ നിർദ്ദേശിക്കപ്പെട്ടു.

ഗദ്യഭാഗത്തിന്റെ പേജുകളുടെ എണ്ണവും പദ്യത്തിലെ വരികളുടെ എണ്ണവും കണക്കാക്കിയാൽ പ്രതീക്ഷിതനിലവാരത്തിൽ വർദ്ധനവുണ്ടായില്ലെന്നു് കാണാം. എന്നാൽ വിദ്യാഭ്യാസോദ്ദേശ്യങ്ങളും മൂല്യനിർണ്ണയരീതികളും മെച്ചപ്പെടുത്തിയതു് പൊതുനിലവാരം മെച്ചപ്പെടുത്താൻ സഹായിച്ചിട്ടുണ്ടെന്നു് പറയാം. വ്യാകരണം, രചന ഇവയെ സംബന്ധിച്ചിടത്തോളം വലിയ മാററങ്ങളൊന്നും ഉണ്ടായിട്ടില്ല.

## അഞ്ചാംഫാറം [ഒൻപതാംസ്റ്റാന്റേർഡ്]

1932 ലെ സിലബസിൽ 100 പേജ് ഗദ്യം പഠിക്കാൻ വ്യവസ്ഥ ചെയ്തിരുന്നതു് 56 വരെയും അങ്ങനെ തുടരുകയും 62 ൽ 120 പേജായി ഉയർത്തുകയും ചെയ്തു. പദ്യമാകട്ടെ 1932-ൽ 800 വരിയും 36 ൽ 950 വരിയും 41-ൽ വീണ്ടും 800 വരിയും 50 ൽ 900 വരിയും 62 ൽ 650 വരിയും ആയി മാറി. 1932, 36, 41 എന്നീ വർഷങ്ങളിൽ 200 വരി പദ്യം വീതം കാണാതെ പഠിക്കാൻ വ്യവസ്ഥ ചെയ്തിരുന്നു. 1946 ലാണു് ആധുനികപദ്യത്തിനു് 500 വരി പ്രത്യേകം നീക്കിവച്ചതു്. എന്നാൽ 62 ൽ അതു് 300 വരിയാക്കി കുറച്ചു. പദ്യാസ്വാദനം സിലബസിന്റെ ഒരു ഭാഗമാക്കിയതും 1962 ലാണു്.

1932 മുതൽ 46 വരെ 200 ഓളം പേജുകളുള്ള ഒരു ഉപപാഠപുസ്തകം പഠിക്കാനാണു് വ്യവസ്ഥ ചെയ്തിരുന്നതു്. 1950 ൽ ഒന്നോ രണ്ടോ പുസ്തകങ്ങളിലായി 250 ഓളം പേജുകൾ ഉണ്ടായിരിക്കണമെന്നു് നിർദ്ദേശിക്കപ്പെട്ടു. ഉപന്യാസസമാഹാരം, നോവൽസാഗ്രഹം, ജീവിതകഥ, ചെറുകഥാ

സമാഹാരം ഇവയാണു് ഉപപാഠപുസ്തകങ്ങളായിതിരഞ്ഞെടുക്കപ്പെടാൻ വ്യവസ്ഥ ചെയ്തിരുന്നതു്. 1962-ൽ 250 ഓളം പേജുകളുള്ള ഒരു നോവലോ യാത്രാവിവരണമോ തിരഞ്ഞെടുക്കാനാണു് നിർദ്ദേശിച്ചതു്. ഉപപാഠപുസ്തകത്തെ സംബന്ധിച്ചിടത്തോളം അതു് ക്ലാസ്സിൽ പഠിപ്പിക്കേണ്ടതില്ലെന്നും വീട്ടിൽ വച്ചു് വായിക്കുന്നതിനും തർജ്ജിമയ്ക്കുമായി ഉപയോഗിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. ശബ്ദശോധിനിയെ ആസ്പദമാക്കി വ്യാകരണം പഠിക്കാൻ 1932-ൽ വ്യവസ്ഥ ചെയ്തിരുന്നതു് പിൽകാലങ്ങളിലും തുടർന്നുപോന്നു. സന്ധിയും സമാസവും പഠിപ്പിക്കാൻ നിർദ്ദേശിച്ചതു് 1946-ലാണു്. രചനയെ സംബന്ധിച്ചിടത്തോളം ഈ കാലഘട്ടത്തിനിടയ്ക്കു് കാര്യമായ മാററങ്ങളൊന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

### ആറാംഫാറം (പത്താംസ്റ്റാന്റാർഡു്)

1932 ൽ 120 പേജു് ഗദ്യമാണു് സ്കൂൾഫൈനൽക്ലാസ്സിൽ പഠിക്കാനുണ്ടായിരുന്നതു്. 36 ൽ അതു് നൂറായി കുറക്കുകയും 41 ൽ വീണ്ടും 120 ആയി വർദ്ധിപ്പിക്കുകയും ചെയ്തു. 1946 ലും 51 ലും ഇതേ നില തുടരുകയും 56 ൽ 160 പേജായി വർദ്ധിപ്പിക്കുകയും 62 ൽ അതു് 150 ആയി കുറയ്ക്കുകയും ചെയ്തു.

1000 വരി പദ്യം പഠിക്കാനാണു് 1932 ൽ നിർദ്ദേശിച്ചിരുന്നതു് മൂന്നു് സിലബസ്സു് പരിഷ്കാരങ്ങൾക്കുശേഷം ഇതു്. 1951-ൽ 700 വരി ആധുനികപദ്യം ഉൾപ്പെടെ 1200 വരിയായി വർദ്ധിപ്പിച്ചു. എന്നാൽ 1956 ൽ അതു് 800 വരിയായി കുറച്ചതു് 62 ലും സ്വീകരിക്കപ്പെട്ടു. ഈ പരിഷ്കാരങ്ങളിലെല്ലാം ഇരുനൂറുവരി പദ്യം കാണാതെ പഠിക്കാനാണു് വ്യവസ്ഥ ചെയ്തിരുന്നതു്. പദ്യാസ്വാദനത്തിനു

പുറമേ വൃത്തവും അലങ്കാരവും പഠിക്കുന്നതിനും പ്രാധാന്യം നൽകിയിരുന്നു.

1932 മുതൽ 50 വരെയും 200 ഓളം പേജുള്ള ഒരു ഉപപാഠപുസ്തകമാണ് പഠിക്കാനുണ്ടായിരുന്നത്. 1951 ൽ 300 ഓളം പേജുകളുള്ള രണ്ടു പുസ്തകങ്ങൾ പഠിക്കാൻ നിർദ്ദേശിക്കപ്പെട്ടു. ലഘുനോവൽ, നാടകം, കഥാസമാഹാരം, ആത്മകഥ, യാത്രാവിവരണം, ഉപന്യാസസമാഹാരം ഇവയിലേതെങ്കിലും രണ്ടെണ്ണം 300 ഓളം പേജു വരുന്നതു് തിരഞ്ഞെടുക്കാനാണ് 1962 ലും നിർദ്ദേശിക്കപ്പെട്ടതു്.

തർജ്ജിമ, ഉപന്യാസം, സംഗ്രഹം, പരാവർത്തനം മുതലായവയ്ക്കു് രചനയിൽ പ്രാധാന്യം നൽകിയിരുന്നു. വ്യാകരണത്തിന്റെ കാര്യത്തിൽ എടുത്തു പറയത്തക്ക മാററമൊന്നും കാണാനില്ല.

## നിഗമനങ്ങൾ.

ഗദ്യപേജുകൾ, പദ്യങ്ങളുടെവരി, ഉപപാഠപുസ്തകത്തിന്റെ പേജുകൾ, വ്യാകരണത്തിനും രചനയ്ക്കും നൽകിയിട്ടുള്ള പ്രാധാന്യം ഇവയിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ലെങ്കിലും മലയാളത്തിന് ലഭിച്ച മെച്ചപ്പെട്ട സ്ഥാനത്തിന്റെ പേരിൽ പൊതുവീക്ഷണത്തിലും താല്പര്യത്തിലും പുരോഗമനം കൈവന്നിട്ടുള്ളതായി കാണാം. അദ്ധ്യയനമാദ്ധ്യമമായതോടെ മലയാളത്തിന് പ്രത്യേക പരിഗണന ലഭിച്ചുതുടങ്ങി. ഔദ്യോഗികഭാഷയായും സർവകലാശാലാബോധനമാദ്ധ്യമമായും മലയാളം താമസംവിനാ സ്വീകരിക്കപ്പെട്ടുമെന്നുള്ളതുകൊണ്ടു് അതിൽ, കൂടുതൽ മെച്ചപ്പെട്ട നിലവാരം ജനങ്ങൾ പ്രതീക്ഷിക്കുന്നുണ്ടു്. എഴുതാനും വായിക്കാനും മനസ്സിലാക്കാനും മാത്രമല്ല ബുദ്ധിപൂർവ്വം കൈകാര്യം ചെയ്യാൻ

കഴിയുന്ന ഭാഷയായും മലയാളത്തെ S. S. L. C. കഴിയുന്ന ഓരോ കുട്ടിയും കാണണം. നിലവാരം മെച്ചപ്പെടുത്തുന്നതിന്ന് പാഠപദ്ധതിയിൽ ഇനിയും മാററങ്ങൾ വരുത്തേണ്ടിവരും. അപ്പോൾ മാത്രമേ പ്രതീക്ഷയ്ക്കൊത്ത് മലയാളത്തിന്റെ നിലവാരം ഉയരുകയുള്ളു.

സെക്കന്ററിഎഡ്യുക്കേഷൻ കമ്മിഷൻ പ്രസ്താവിച്ചിരുന്നത് മാതൃഭാഷാപഠനം, എഴുതാനും വായിക്കാനും പഠിക്കാനും എങ്ങനെയെങ്കിലും കുറെ പദങ്ങൾ മനസ്സിലാക്കാനുമല്ലെന്നും മറിച്ച് വിദ്യാർത്ഥിയുടെ മൊത്തം വ്യക്തിത്വം വികസിപ്പിക്കാനുള്ള വിശാലമായ മാദ്ധ്യമമായി അതിനെ കണക്കാക്കണമെന്നുമാണ്. വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നായ ചിന്താശീലം വളർത്താൻ അദ്ധ്യാപകന് മാതൃഭാഷാപഠനത്തിലൂടെ കഴിയുമെന്നും ജനായത്തഭരണസംവിധാനത്തിൽ നല്ല പൗരനായി കഴിയാനുള്ള സാമൂഹ്യനേട്ടങ്ങളിലൊന്നായ വ്യക്തവും ലളിതവുമായ ഭാഷാശൈലി, അഭിപ്രായപ്രകടനശേഷി എന്നിവ നേടാനും അതു കൂടിയേ തീരൂ എന്നും കമ്മിഷൻ വ്യക്തമാക്കിയിട്ടുണ്ട്. പൗരാണികസംസ്കാരത്തെക്കുറിച്ചറിയാനും ഉൾക്കാഴ്ച നേടുന്നതിനും സഹായിക്കുന്നതിനു പുറമേ ഇതു് സാഹിത്യാസ്വാദനവും നല്ല ശീലങ്ങളും വളർത്താനും ഉപകരിക്കുമെന്നും കരുതപ്പെടുന്നു.

1962 ലെ സിലബസിൽ ലഘുവും വ്യക്തവും ശരിയുമായ ഭാഷ എഴുതാൻ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകണമെന്ന് നിർദ്ദേശിച്ചു കാണുന്നു. പദശേഷി വർദ്ധിപ്പിക്കുകയാണു് മറെറാരു ലക്ഷ്യം. വ്യാകരണനിയമങ്ങൾ അഭ്യസിക്കേണ്ടതും നല്ല ശൈലി സ്വായത്തമാക്കേണ്ടതും കുട്ടികളുടെ ആവശ്യമാണെങ്കിൽ കവിതാസ്വാദനശേഷി വർദ്ധി

പ്പിക്കേണ്ടതു് അദ്ധ്യാപകൻെറ കർത്തവ്യമാണു്. പദ്യഭാഗങ്ങൾ പഠിപ്പിക്കുമ്പോൾ പദശേഷി വർദ്ധിപ്പിക്കാനോ അറിവു വർദ്ധിപ്പിക്കാനോ ശ്രമിക്കേണ്ടതില്ലെന്നും ആസ്വാദനമാണവിടെ പ്രധാനലക്ഷ്യമാക്കേണ്ടതെന്നും ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. വായനശീലം വളർത്താനും ഭാഷയോടുള്ള മമത വർദ്ധിപ്പിക്കാനാമണു് ഉപപാഠപുസ്തകങ്ങൾ ഉപയോഗപ്പെടുത്തേണ്ടതു്. ക്ലാസ്സിൽ അതു് വായിക്കുകയോ പഠിപ്പിക്കുകയോ ചെയ്യേണ്ടതില്ലെന്നും വീട്ടിൽവച്ചു് വായിച്ചു കൊണ്ടുവരാൻ നിർദ്ദേശിച്ചാൽ മതിയെന്നും നിഷ്കർഷിച്ചിട്ടുണ്ടു്. അദ്ധ്യാപകൻ നൽകുന്ന ചോദ്യങ്ങൾക്കുത്തരം തയാറാക്കുകയാണു് ഉപപാഠപുസ്തകത്തെ സംബന്ധിച്ചിടത്തോളം കുട്ടികളുടെ ജോലി. ഗദ്യഭാഗത്തോടനുബന്ധിച്ചു് വ്യാകരണം പഠിപ്പിക്കുന്നതിനു പുറമേ പ്രത്യേക പീരിയഡിലും അതു് പഠിപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടു്. സാഹിത്യചരിത്രത്തിൻെറ ഏകദേശരൂപമെങ്കിലും വിദ്യാർത്ഥികൾ അറിഞ്ഞിരിക്കണമെന്നും അതിനായി അതു് പരീക്ഷയിൽ ഉൾപ്പെടുത്തണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

പദ്യവും ഗദ്യവും ഉൾപ്പെട്ട പാഠപുസ്തകം, വ്യാകരണം എന്നിവ ഏ പാർട്ടിലും ഉപപാഠപുസ്തകം, തർജ്ജമ, രചന എന്നിവ ബി പാർട്ടിലുമാണു് ഉൾപ്പെടുത്തിയിരിക്കുന്നതു്. രണ്ടിനും 50 മാർക്കു് വീതമുള്ള ഓരോ രണ്ടു മണിക്കൂർ പേപ്പറാണു് നിർദ്ദേശിച്ചിട്ടുള്ളതു്. നേരത്തെ സൂചിപ്പിച്ചതുപോലെ പാഠ്യപദ്ധതിയിൽ വ്യക്തമായ വർദ്ധനവൊന്നും കാണാനില്ല. അതുപോലെ വ്യക്തമായ കുറവും വന്നിട്ടില്ല. ഇംഗ്ലീഷിൻെറ കാര്യത്തിലുള്ളപോലെ പദസൂചിയോ [vocabulary] വാചകശൈലികളോ (sentence pattern) പ്രയോഗങ്ങളോ (structures) മലയാളത്തിൻെറ കാര്യത്തിൽ കാലേക്കൂട്ടി നിശ്ചയി

ച്ചിട്ടില്ല. പാഠപുസ്തകത്തിൽ കുറെയേറെ പാഠങ്ങളുള്ളവയിൽ
നിന്നു് ഓരോ വർഷത്തേക്കും പാഠങ്ങൾ നിർദ്ദേശിക്കുകയാണു്
പതിവു്. സ്വാഭാവികമായും അപഗ്രഥനം പ്രയാസമായി
ത്തീരുകയാണിവിടെ. കരണീയമായുള്ളതു് സിലബസിൽപറ
ഞ്ഞിട്ടുള്ള വിദ്യാഭ്യാസോദ്ദേശ്യങ്ങൾക്കനുരൂപമാണോ പാഠഭാ
ഗങ്ങൾ എന്നു് പരിശോധിക്കുകയാണു്. ദേശീയോദ്ഗ്രഥനം
ലാക്കാക്കിയുള്ള ഏതാനും പാഠങ്ങൾ ഹൈസ്ക്കൂൾക്ലാസ്സുക
ളിലെ പാഠപുസ്തകത്തിൽ കാണാനുണ്ടു്. സന്ധി, സമാസം
ഇവയുടെ പഠനം ലളിതവും തെററില്ലാത്തതുമായ ഭാഷ എഴു
താൻ കുട്ടികളെ സഹായിക്കുമെന്നു് പ്രതീക്ഷിക്കാം. കവിതാ
ഭാഗങ്ങളധികവും ആസ്വാദനപരങ്ങളാണു്. കവികളെപ്പ
ററിയും സാഹിത്യത്തെപ്പററിയും കൂടുതലറിയാനുള്ള ജിജ്
ഞാസ വളർത്താൻ പര്യാപ്തമാണവ. ന്യൂടൈപ്പു് ചോദ്യ
ങ്ങൾ ധാരാളമായി ഉൾപ്പെടുത്തുന്നതുകൊണ്ടു് എല്ലാ പാഠ
ങ്ങളും കുട്ടികൾ പഠിക്കാതെ വരില്ല. ധാരണാശക്തി വളർ
ത്താൻ ഈ സംരംഭം സഹായകമാണു്.

അടുത്തകാലത്തു് മലയാളത്തിനു് കൂടുതൽ പ്രാമുഖ്യം
ലഭിച്ചിരിക്കയാണു്. സംസ്ഥാനഭാഷയായി അതു് അംഗീക
രിക്കപ്പെട്ടതോടെ ഭാഷാപഠനത്തിനു് വ്യക്തമായ ഊന്നൽ
നൽകേണ്ടിയിരിക്കയാണു് കലാശാലാതലത്തിലും മലയാളം
മാധ്യമം വന്നു കഴിഞ്ഞാൽ ഇന്നത്തേതിലും മെച്ചപ്പെട്ട നില
വാരം പ്രതീക്ഷിക്കുകയും ലഭ്യമാവുകയും ചെയ്യും. തർജ്ജമ
ക്കാര്യത്തിൽ പ്രത്യേകശ്രദ്ധ പതിപ്പിക്കേണ്ടതുണ്ടു്. 1934
നെ അപേക്ഷിച്ചു് മലയാളത്തിന്റെ നിലവാരം സാരമായി
ഉയർന്നിട്ടുണ്ടെങ്കിലും 1946 ൽ അദ്ധ്യയനമാദ്ധ്യമമായതിനു
ശേഷമുള്ളതുമായി താരതമ്യം ചെയ്താൽ വലിയ പുരോഗതി

യൊന്നും വന്നിട്ടില്ലെന്നു കാണാം. നിലവാരം താണിട്ടില്ലെന്നതു് ആശ്വാസത്തിനു് വക നൽകുന്നു. പുതിയ സ്ഥാനലബ്ധിയിൽ മലയാളത്തിന്റെ നിലവാരം എല്ലാ ഘട്ടത്തിലും മെച്ചപ്പെട്ടുതന്നെ ഉണ്ടു്. ആധുനികസാഹിത്യകാരന്മാരുടെ കൃതികൾ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തുന്നതു് സമകാലീനസാഹിത്യവുമായി കുട്ടികൾക്കു് കൂടുതലടുക്കുവാൻ സൗകര്യം നൽകും. ശാസ്ത്രപാഠങ്ങളും ആധുനികസംഭവങ്ങളും വിശദീകരിക്കുന്ന പാഠഭാഗങ്ങളും പാഠപുസ്തകത്തിൽ ഉൾക്കൊള്ളിക്കുന്നതും നിലവാരം മെച്ചപ്പെടുത്താനുപകരിക്കും.

★

## 8. ഇംഗ്ലീഷ് പാഠപദ്ധതി

S. S. L. C. വരെയുള്ള എല്ലാം ക്ലാസ്സുകളിലും 1946 വരെ ഇംഗ്ലീഷായിരുന്നു അദ്ധ്യയനമാദ്ധ്യമം. 1946 ൽ അന്നത്തെ നാലാം ഫാറത്തിൽ (Std. VIII) ചെന്ന കുട്ടികൾ മലയാളം മീഡിയത്തിലൂടെയാണ് ഭാഷേതരവിഷയങ്ങൾ അഭ്യസിച്ചത്. അന്നുവരെ അതിനുണ്ടായിരുന്ന മഹത്വപൂർണ്ണമായ സ്ഥാനത്തുനിന്നു് ഒരു രണ്ടാംഭാഷ എന്ന നിലയിലേക്ക് താഴേണ്ടിവന്നു ഇംഗ്ലീഷിനു്. ഇംഗ്ലീഷിന്റെ നിലവാരം മോശപ്പെടുന്നതിനു് ഇതാണു് പ്രധാനകാരണം. നിലവാരം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് മൂന്നാം സ്റ്റാൻറാർഡ് മുതൽ ഇംഗ്ലീഷ് അഭ്യസിച്ചുതുടങ്ങിയതും ബോധനത്തിൽ ഘടനാരീതി (structural approach) സ്വീകരിച്ചതും. ഇന്നും ഇംഗ്ലീഷിന്റെ നിലവാരം തൃപ്തികരമല്ലതന്നെ. ഇംഗ്ലീഷ് മീഡിയം ഡിവിഷനുകളിലേക്കുള്ള തിക്കും തിരക്കും ആ ഭാഷ പഠിക്കുന്നതിനുള്ള വ്യഗ്രതയാണ് കാണിക്കുന്നതു്. ലോകഭാഷയായ ഇംഗ്ലീഷിലൂടെമാത്രമേ ഔന്നത്യത്തിലെത്താൻ കഴിയൂ എന്നു് പലരും ദൃഢമായി വിശ്വസിക്കുന്നുണ്ടു്. ഭാരതത്തിൽ ഇപ്പോൾ ഇംഗ്ലീഷിനു നൽകിയിരിക്കുന്നതു് 'ഇണക്കഭാഷ'യുടെ സ്ഥാനമാണു്. ഇംഗ്ലീഷിന്റെ മോശപ്പെട്ട നിലവാരമാണു് പൊതുവായ നിലവാരത്തകർച്ചയായി പലരും വ്യാഖ്യാനിക്കുന്നതു്. പുതുക്കിയ ഇംഗ്ലീഷ് സിലബസിൽ അതിന്റെ നിലവാരം മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടു്. സംസാരത്തിലും എഴുത്തിലും ലാഘവും തെററില്ലാത്തതുമായ ഇംഗ്ലീഷ് ഉപയോഗിക്കാനും സംസാരഭാഷ മനസ്സിലാക്കാനും ഉള്ള കഴിവു് വിദ്യാർത്ഥികളിൽ

വളർത്തുകയാണ് സെക്കൻററിഘട്ടത്തിലെ ഇംഗ്ലീഷുബോധനം കൊണ്ടുദ്ദേശിക്കുന്നത്. കേരളാ ഗവണ്മെൻറിൻെറ 1962-ലെ പുതുക്കിയ സിലബസിലാണ് ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളത്. അപ്പർ പ്രൈമറി ക്ലാസ്സുകളിൽ ഉപയോഗിച്ചുവന്ന സ്ട്രക്ചർ രീതി എട്ടിലും ഒൻപതിലും തുടരാനും 105 പുതിയ സ്ട്രക്ചർ പഠിപ്പിക്കാനും ഈ സിലബസിൽ നിർദ്ദേശം ഉണ്ട്. പത്താം സ്റ്റാൻറാർഡിൽ കുറേക്കൂടി പ്രയാസമുള്ളതോ സർവ്വസാധാരണമല്ലാത്തതോ ആയ ഏതാനും സ്ട്രക്ചർ കൂടി പുതുതായി നൽകുന്നതിനും വ്യവസ്ഥയുണ്ട്.

സാധാരണ വേഗത്തിൽ ലഘുവായ ഇംഗ്ലീഷ് ഭാഷ സംസാരിക്കുക, പടങ്ങളോ വസ്തുക്കളോ കണ്ടതിനെപ്പററി ചെറുവിവരം നൽകുക, തയാറെടുക്കലിന് സമയം നൽകിയാൽ ഒരു ലഘുപ്രസംഗം നടത്തുക എന്നിവ സെക്കൻററി സ്ക്കൂൾ വിദ്യാർത്ഥികളിൽ നിന്നും പ്രതീക്ഷിക്കുന്നുണ്ട്. ഖണ്ഡികാകരണത്തോടെ ഒരു കഥയോ സംഭവമോ വിവരിക്കുന്നതിനും സുഹൃത്തുക്കൾ, മേലുദ്യോഗസ്ഥന്മാർ, വ്യാപാരികൾ എന്നിവർക്ക് കത്തുകൾ എഴുതാനും കുട്ടികൾക്ക് കഴിയണം. സെക്കൻററി ഘട്ടത്തിലെ വിദ്യാർത്ഥികൾ ദിനപ്പത്രങ്ങൾ, നോവലുകൾ, യാത്രാവിവരണങ്ങൾ ഇവ വായിക്കാനുള്ള ശേഷിയും ഉൾക്കൊള്ളണം. തൻെറ അനുഭവങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളെപ്പററിയുള്ള സംഭാഷണം, പ്രസംഗം, റേഡിയോ പ്രഭാഷണം എന്നിവ മനസ്സിലാക്കാനുള്ള ശേഷിയും ഇംഗ്ലീഷുപഠനത്തോടെ കുട്ടികൾ നേടണമെന്നാണ് സിലബസ് തയാറാക്കിയവർ നിർദ്ദേശിക്കുന്നത്. സ്ട്രക്ചർ രീതിയിൽ പഠിപ്പിക്കുന്നതുകൊണ്ട് വ്യാകരണത്തിനുവേണ്ടി പ്രത്യേകം പീരിയഡുകൾ നീക്കിവയ്ക്കേണ്ടതില്ലെന്നും എല്ലാ അവസരങ്ങളും പ്രയോജനപ്പെടുത്തി പ്രായോഗിക വ്യാകരണം

കുട്ടികളെ അഭ്യസിപ്പിക്കണമെന്നും സിലബസിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇംഗ്ലീഷ് കൂടുതലായി വായിക്കാനുള്ള താത്പര്യം വളർത്താനും ക്ളാസിക്കുകളും കവിതകളും നാടകങ്ങളും വഴി ഇംഗ്ലീഷുസാഹിത്യത്തിലേക്ക് കുട്ടികളെ ആകർഷിക്കാനുമാണ് നോൺഡീറെറയിൽഡ് പഠനംകൊണ്ട് ഉദ്ദേശിക്കുന്നത്. ആഴ്ചയിൽ ആകെയുള്ള ആറു പീരിയഡിൽ ഓരോന്ന് രചനയ്ക്കും (Composition) ഉപപാഠപുസ്തകത്തിനും (Supplementary Reader) നീക്കിവച്ചതിനു ശേഷം ബാക്കി നാലു പീരിയഡ് പാഠപുസ്തകത്തിനും വ്യാകരണത്തിനും സമ്മിളിതമായി ഉപയോഗിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. സാധാരണഗതിയിൽ ബുദ്ധിപൂർവ്വകമല്ലാതെ കാണാപ്പാഠം പഠിക്കുന്ന പ്രവണത അവസാനിപ്പിക്കാനും ലഘുവും തെററില്ലാത്തതുമായ ഇംഗ്ലീഷുപയോഗിക്കാൻ പ്രേരിപ്പിക്കാനും പററിയതാകണം പരീക്ഷാചോദ്യങ്ങൾ എന്നും കാണാപ്പാഠം പഠിച്ചതുകൊണ്ടുള്ള തെററുകൾക്ക് വ്യക്തമായ ശിക്ഷ നൽകണമെന്നും പ്രസ്തുത സിലബസിൽ വ്യക്തമാക്കിയിട്ടുണ്ട്. പരീക്ഷാപേപ്പറുകളിൽ ഏതുതരം ചോദ്യങ്ങൾ എത്രമാർക്കിനുവീതം ഉൾപ്പെടുത്തണമെന്ന് 1962 ലെ സിലബസിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.

സിലബസിൻെറ വിശദമായ അപഗ്രഥനം ചുവടെ ചേർക്കുന്നു.

## നാലാം ഫാറം (സ്റ്റാൻറാർഡ് VIII)

1934 ൽ നാലാം ഫാറത്തിലെ സിലബസിൽ ഗദ്യം 80 പേജും പദ്യം 300 വരിയുമാണ് പഠിക്കാൻ നിർദ്ദേശിച്ചിരുന്നത്. 80 പേജിൽ കുറയാത്ത രണ്ടു പുസ്തകങ്ങൾ നോൺഡീറെറയിൽഡായും ഉണ്ടായിരുന്നു. വ്യാകരണത്തിൽ പതിനൊന്നിനങ്ങൾ വേർതിരിച്ച് പ്രസ്താവിച്ചിരുന്നു. 1941 ലെ

സിലബസിൽ ഇതിൽ നിന്നു ഭിന്നമായി യാതൊന്നുമില്ലായിരുന്നു. 1947 ലെ പരിഷ്കാരത്തിൽ വ്യാകരണവിഭാഗത്തിൽ മാത്രം ചില്ലറ മാററങ്ങൾ വരുത്തിയിരുന്നു. 1956-ൽ ഗദ്യഭാഗം 80 ൽ നിന്നും 60 പേജായി കുറച്ചു. പദ്യത്തിലും 100 വരികൾ കുറവുചെയ്യാൻ നിർദ്ദേശിച്ചു. നോൺഡീറെറയിൽഡു് ഒന്നു മതിയെന്നും അതിന്നു് 80 പേജോളം മതിയെന്നും നിർദ്ദേശിക്കപ്പെട്ടു. സ്ട്രക്ചർ രീതി ഈ ഘട്ടത്തിലാണു് പ്രാബല്യത്തിൽ വരുത്തിയതു്. വസ്തുതകൾ അധികമില്ലാത്തതും പ്രായത്തിനനുയോജ്യമായതും താല്പര്യം നിലനിരത്തുന്നതും ആയ പാഠഭാഗങ്ങളാണു് സിലബസിൽ ഉൾപ്പെടുത്തേണ്ടതെന്നു് വ്യവസ്ഥചെയ്തതിനുപുറമേ ഡിക്ഷ്ണറി നിർബന്ധമായി ഉപയോഗിക്കണമെന്നും ലൈബ്രറി പുസ്തകങ്ങൾ വായിച്ചു് നോട്ടുകുറിക്കണമെന്നും ഈ സിലബസിൽ നിർദ്ദേശിച്ചിരുന്നു. വ്യാകരണഭാഗത്തിൽ കാര്യമായ വ്യതിയാനമൊന്നും വരുത്തിയിരുന്നില്ല. 400 പുതിയ വാക്കുകൾ പഠിപ്പിക്കാൻ ഈ പരിഷ്കാരം ആവശ്യപ്പെട്ടിരുന്നു.

1958 ലാകട്ടെ പദ്യഭാഗം 180 വരി മതിയാകുമെന്നു് വ്യവസ്ഥചെയ്തതൊഴിച്ചാൽ മുൻപിലത്തേതിൽ നിന്നു് കാര്യമായ മാററമൊന്നും അതിലുണ്ടായിരുന്നില്ല. 1962-ൽ എട്ടാം സ്റ്റാൻറാർഡിൽ 500 പുതിയ വാക്കുകൾ പഠിപ്പിക്കണമെന്നു് നിർദ്ദേശിക്കുകയുണ്ടായി. പദ്യവിഭാഗത്തിൽ 150വരിയാണു് പഠിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നതു്. ഇതിൽ 80വരികാണാതെ പഠിക്കാനും നിർദ്ദേശിച്ചിരുന്നു. അദ്ധ്യാപകൻ നിർദ്ദേശിക്കുന്ന 50 വരിയും സ്വയം തെരഞ്ഞെടുക്കുന്ന 30 വരിയും ആണു് കാണാതെ പഠിക്കേണ്ടിയിരുന്നതു്. വ്യാകരണം പ്രത്യേകമായി പഠിപ്പിക്കണമെന്നു് നിർദ്ദേശിച്ചതും ഈ സിലബസിൻെറ പ്രത്യേകതയാണു്. 80 പേജുള്ള ഒരു പുസ്ത

കമാണ് നോൺഡീറെറയിൽഡായി തിരഞ്ഞെടുക്കാനാവശ്യ പ്പെട്ടതു്. എട്ടാം സ്റ്റാൻറാർഡിൽ 53 പുതിയ സ്ട്രക്ചറ കഠം പഠിപ്പിക്കാനും അദ്ധ്യാപകരെ ഉദ്ബോധിപ്പിച്ചിരുന്നു.

അഞ്ചാംഫാറം [സ്റ്റാൻറാർഡു് IX]

1934 ലേയും 41 ലേയും സിലബസുകഠം എല്ലാ കാര്യ ത്തിലും ഒന്നുപോലെ ആയിരുന്നു. 400 വരി പദ്യത്തോടൊപ്പം വിവിധ ലേഖകന്മാരുടേതായ 80 പേജ് ഗദ്യവും ഈ ക്ളാ സ്സിൽ പഠിക്കാൻ നിർദ്ദേശിച്ചിരുന്നു. നോൺഡീറെറയിൽ ഡാകട്ടെ 100 ഓളം പേജുവരുന്ന രണ്ടു പുസ്തകങ്ങളും. വ്യാ കരണത്തിൻേറയും രചനയുടേയും കാര്യം പ്രത്യേകം നിഷ്കർ ഷിച്ചിരുന്നു. 1958 ലാണ് സിലബസിൽ കാര്യമായ വ്യതി യാനം വന്നതു്. ഗദ്യത്തിൽ നിന്നു് ഇരുപതു് പേജും പദ്യ ഭാഗത്തിൽ നിന്നു് 150 വരിയും ഒരു നോൺഡീറെറയിൽഡു് റീഡറും കുറവു ചെയ്യാൻ ഈ പരിഷ്കാരം നിർദ്ദേശിച്ചു. എന്നാൽ ഗദ്യത്തിലെ 60 പേജു് മുൻവർഷങ്ങളിലേതിനേക്കാഠം മെച്ചപ്പെട്ട നിലവാരമുള്ളതായിരിക്കണമെന്നു് പ്രത്യേകം നിഷ്കർഷിച്ചിരുന്നു. പല ലേഖകരെഴുതിയതും വിവിധ താല്പര്യങ്ങളെ പ്രതിനിധാനം ചെയ്യുന്നതും എന്നാൽ പ്രായ ത്തിനനുയോജ്യവുമായിരിക്കണം തിരഞ്ഞെടുക്കപ്പെടുന്ന പാഠ ഭാഗങ്ങളെന്നു് വ്യവസ്ഥ ചെയ്തിരുന്നു. ഇംഗ്ലീഷു് പഠനത്തിന്റെ പ്രത്യേകലക്ഷ്യം വിവിധ വാചകരീതികളും വ്യാകരണമാ തൃകകളും പരിചയപ്പെടുകയെന്നതാണു്. പദശേഷി രണ്ടാ യിരം എത്തിക്കാനായി 600 പുതിയവാക്കുകഠം ഈ ക്ലാസ്സിൽ പഠിക്കണമെന്നു് നിർദ്ദേശിച്ചു. തന്നിരിക്കുന്ന ഖണ്ഡികയിൽ നിന്നു് ആശയം മനസ്സിലാക്കി സ്വന്തംഭാഷയുപയോഗിച്ചു് തെററുകൂടാതെ എഴുതാനുള്ളശേഷി കുട്ടികഠം നേടണമെന്നും ഈ സിലബസിൽ വ്യക്തമാക്കിയിരുന്നു.

1962 ലാകട്ടെ പദ്യഭാഗം 200 വരിയായി കുറവുചെയ്തു. ഇതിൽ നിന്നും അദ്ധ്യാപകൻെറ നിർദ്ദേശാനുസരണം 60 വരിയും തന്നിഷ്ടപ്രകാരം 40 വരിയും കാണാതെ പഠിക്കാൻ കുട്ടികളെ ആഹ്വാനം ചെയ്തിരുന്നു. 80 നും 100 നും മദ്ധ്യേ പേജുള്ള ഒരു നോൺഡീറെറയിൽഡു പുസ്തകം മതിയാകുമെന്നും നിർദ്ദേശിക്കപ്പെട്ടു. പുതുതായി പഠിക്കേണ്ടവാക്കുകളുടെ എണ്ണം 50 ആയി കുറയ്ക്കുകയും 54 സ്ട്രക്ചറുകൾ പുതുതായി ചേർക്കുകയും ചെയ്തു. "സീക്വൻസ് ഓഫ് ടെൻസ്" ഇവിടെ പഠിപ്പിക്കാൻ നിർദ്ദേശിച്ചതാണ് വ്യാകരണവിഭാഗത്തിൽ വരുത്തിയ വ്യതിയാനം.

## ആറാം ഫാറം (സ്റ്റാൻറാർഡ് X)

80 പേജ് ഗദ്യം, 500 വരി പദ്യം എന്നിവയ്ക്കുപുറമേ 125 പേജുവീതമുള്ള രണ്ടു നോൺഡീറെറയിൽഡു പുസ്തകങ്ങൾ ഇവയാണ് 1934-ൽ ആറാം ഫാറത്തിൽ ഒരു കുട്ടി പഠിക്കേണ്ടിയിരുന്നത്. നാലും അഞ്ചും ഫാറങ്ങളിലെ വ്യാകരണവും രചനയും ആവർത്തിക്കുന്നതിനും പുതുതായി വൃത്തം അലങ്കാരം, ശൈലി ഇവ പഠിക്കാനും നിർദ്ദേശിച്ചിരുന്നു. '41 ലേയും '46 ലേയും പരിഷ്കാരങ്ങൾ വ്യാകരണത്തിലും രചനയിലും ചെറിയമാററങ്ങൾ വരുത്തിയതേയുള്ളു. എന്നാൽ 1951 ആയപ്പോഴേക്കും 'നേർപ്പിക്കൽ' തുടങ്ങിയെന്നു് പറയാം. 1951 ന് മുൻപ് ഗദ്യം 80 പേജായിരുന്നതു് 51 ൽ 60 പേജായി കുറവുചെയ്തു. പദ്യഭാഗമാകട്ടെ 500 വരിയിൽ നിന്നും 300 ലേക്കും.

1959 ലെ സിലബസിൽ ഇംഗ്ലീഷ് പഠനത്തിൻെറ ലക്ഷ്യം 'തെററില്ലാത്ത ലളിതമായശൈലിയിൽ ഇംഗ്ലീഷ് എഴുതാനും പറയാനും കുട്ടികളെ സജ്ജരാക്കുക' യെന്നതായി

രുന്നു. 80 പേജ് ഗദ്യവും 450 വരിപദ്യവുമുള്ള ഒരു പാഠപുസ്തകത്തിൽ നിന്നും വർഷംതോറും ഏതെങ്കിലും 60 പേജ് ഗദ്യവും 300 വരി പദ്യവും പഠിപ്പിക്കാനാണ് സിലബസിൽ നിർദ്ദേശിച്ചിരുന്നതു്. 640 പുതിയ വാക്കുകൾ ഈ ക്ലാസ്സിൽ പഠിക്കാനായി ഉണ്ടായിരുന്നു. 1959 വരെയും നോൺഡീറെയിൽഡ് പുസ്തകങ്ങൾ രണ്ടെണ്ണമായിരുന്നതു് 59-ൽ ഒന്നായി കുറയ്ക്കുകയും അതിനു് 120 പേജിനകം മതിയാകുമെന്നു് നിർദ്ദേശിക്കുകയും ചെയ്തു. ലൈബ്രറിയും ഡിക്ഷ്ണറിയും ഉപയോഗിക്കുന്നതു് പ്രോത്സാഹിപ്പിക്കണമെന്നും സിലബസിൽ പ്രത്യേകം പ്രസ്താവിച്ചിരുന്നു. 1962-ൽ വരുത്തിയ മാററം നോൺഡീറെയിൽഡിൻെറ കാര്യത്തിൽ മാത്രമായിരുന്നു. ആകെ 150 പേജുകൾ വരുന്ന രണ്ടു നോൺഡീറെയിൽഡ് പുസ്തകങ്ങൾ ആകാമെന്നു് ഈ വർഷം നിർദ്ദേശിക്കപ്പെട്ടു. അവയിലൊന്നു് ഒരു ജീവചരിത്രമോ യാത്രാവിവരണമോ ആകാമെന്നും രണ്ടാമത്തേതു് ഒരു നോവൽസംഗ്രഹമോ ചെറുകഥാസമാഹാരമോ ആകാമെന്നും സിലബസിൽ രേഖപ്പെടുത്തിയിരുന്നു. സ്കൂൾഫൈനൽ ക്ലാസ്സിൽ പതിനെട്ടു പുതിയ സ്ട്രക്ചറുകൾ പഠിപ്പിക്കാനും വ്യവസ്ഥ ചെയ്തിരുന്നു.

നിഗമനങ്ങൾ

സ്ട്രക്ചർരീതി ഇംഗ്ലീഷുബോധനരംഗത്തു് ആവിഷ്ക്കരിച്ചതാണു് 30 വർഷക്കാലത്തിനിടയ്ക്കുണ്ടായിട്ടുള്ള ഏററവും വലിയ പരിഷ്കാരം. 1946 നുശേഷം ഇംഗ്ലീഷുസിലബസ് താരതമ്യേന ലഘൂകരിക്കപ്പെട്ടതിൻെറ പ്രകടമായ തെളിവാണു് പിന്നീടുള്ള ഓരോ സിലബസും നൽകുന്നതു്. എന്നാൽ മൂന്നാം സ്റ്റാൻഡേർഡിൽ ഇംഗ്ലീഷുപഠനം ആരംഭിച്ചതും സ്ട്രക്ചർ രീതി സ്വീകരിച്ചതും 'സിലബസ്' നേർ

പ്പിക്കലി'നെ അതിജീവിക്കുന്ന രണ്ടു സംഭവങ്ങളായി നില കൊള്ളുന്നു.

ഇംഗ്ലീഷ്, രണ്ടാംഭാഷയുടെ സ്ഥാനത്തേക്ക് താഴ്ത്തപ്പെട്ടതും വിദ്യാർത്ഥികൾ മൂന്നാമതൊരു ഭാഷകൂടി പഠിക്കാൻ നിർദ്ദേശിച്ചതും ഇംഗ്ലീഷിൻെറ നിലവാരത്തെ സാരമായി ബാധിച്ചിട്ടുണ്ട്. മുൻകാലത്ത് അഞ്ചാംക്ലാസ്സു മുതലാണ് ഇംഗ്ലീഷ് അഭ്യസിപ്പിച്ചിരുന്നെങ്കിൽ ഇപ്പോൾ അത് മൂന്നാംസ്റ്റാൻറാർഡുമുതൽ ആരംഭിച്ചിരിക്കയാണ്. സ്വാഭാവികമായും പത്താംസ്റ്റാൻറാർഡിലെത്തുമ്പോഴേക്കും കുട്ടികൾക്ക് മെച്ചപ്പെട്ട നിലവാരം ഉണ്ടാകേണ്ടതാണ്. എന്നാൽ ഇത് നേടിയിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. എട്ടുവർഷം ഇംഗ്ലീഷ് അഭ്യസിച്ചതിനു ശേഷമാണ് കുട്ടികൾ S. S. L.C പരീക്ഷയ്ക്ക് എഴുതുന്നത്. അദ്ധ്യയനമാദ്ധ്യമം അല്ലെങ്കിൽ പോലും ഒരു ഭാഷയിൽ വൈദഗ്ധ്യം നേടാൻ പററിയ കാലദൈർഘ്യമാണ് ഇത്. പോരെങ്കിൽ ആദ്യത്തെ പത്തുവർഷങ്ങളിൽ ഒരു വിദ്യാർത്ഥി, വിദ്യാലയങ്ങളിൽ ചിലവഴിക്കുന്നതിൻെറ ആറിലൊരുഭാഗത്തോളം സമയം ഇംഗ്ലീഷുപഠനത്തിനാണ് വിനിയോഗിക്കുന്നത്.

മുൻകാലങ്ങളിൽ ഇംഗ്ലീഷ്ബോധനം ലക്ഷ്യമാക്കിയിരുന്നത് 'ഇംഗ്ലീഷുകാരനെപോലെ ആ ഭാഷ സംസാരിക്കുന്നതിനും എഴുതുന്നതിനും കഴിവ് നേടുകയും സാഹിത്യാസ്വാദനത്തിൽ താല്പര്യം വർദ്ധിപ്പിക്കുക'യുമായിരുന്നു. പിൽക്കാലത്ത് ഈ ലക്ഷ്യങ്ങൾക്ക് മാററം സംഭവിച്ചിട്ടുണ്ട്. സെക്കൻ്ററി എഡ്യൂക്കേഷൻ കമ്മിഷൻെറ അഭിപ്രായത്തിൽ ഇംഗ്ലീഷ് പഠനം ലിഖിതരൂപത്തിലുള്ള ഇംഗ്ലീഷ് പ്രയാസം കൂടാതെയും അർത്ഥം മനസിലാക്കിയും വായിക്കാനും മററുള്ളവർക്ക് മനസിലാകത്തക്ക രീതിയിൽ ഇംഗ്ലീഷിൽ സംസാ

രിക്കാനും സ്വന്തം ആശയങ്ങളും വിവരണങ്ങളും ലിഖിതരൂപത്തിൽ തെററുകൂടാതെ പ്രദർശിപ്പിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ്. 1962 ലെ സിലബസിലും ഇംഗ്ലീഷുപഠനത്തിൻെറ പുതിയ ലക്ഷ്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഇംഗ്ലീഷ് മനസിലാക്കാനും വാചികമായും ലിഖിതരൂപത്തിലും ലാഘവും തെററില്ലാത്തതുമായ ഇംഗ്ലീഷ് ഉപയോഗിക്കാനും കഴിവ് നേടുകയാണ് സെക്കൻററി ഘട്ടത്തിലെ ഇംഗ്ലീഷുപഠനംകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് അതിൽ വ്യക്തമാക്കിയിട്ടുണ്ട്. സ്ട്രക്ചർരീതി ആദ്യം അപ്പർപ്രൈമറി വിഭാഗത്തിലാണ് പ്രായോഗികമാക്കിയതെങ്കിലും പിന്നീടത് ഹൈസ്കൂൾതലത്തിലേക്കും വ്യാപിപ്പിച്ചു. രണ്ടായിരത്തിഅഞ്ഞൂറ വാക്കുകളാണ് ഒരു ഹൈസ്കൂൾ വിദ്യാർത്ഥി പഠിക്കേണ്ടതു്. ഡീറെറയിൽഡും നോൺഡീറെറയിൽഡും പുസ്തകങ്ങൾ കുട്ടികളുടെ താല്പര്യം നിലനിറുത്താൻ പററിയവയാകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വ്യാകരണം ഗദ്യപാഠത്തിന്റെ ഭാഗമായി അപ്പപ്പോൾ പഠിപ്പിക്കുന്നതാണ് സ്വീകാര്യമെന്ന് പറഞ്ഞിട്ടുണ്ട്. കവിതാശകലങ്ങൾ അഭ്യസിപ്പിക്കുന്നതു് അതിലെ സൗന്ദര്യവുംഭാവനയും ആസ്വദിക്കാനാണ്. റെഡിമെയിഡ് ഉത്തരങ്ങൾ കാണാതെപഠിച്ച് മാർക്കുവാങ്ങുന്ന രീതി നിരുത്സാഹപ്പെടുത്താനും സ്വന്തം ഭാഷയും ശൈലിയും ഉപയോഗിക്കുന്നതു് പ്രോത്സാഹിപ്പിക്കാനും ഉതകുന്ന പരീക്ഷാസമ്പ്രദായം ആണ് സ്വീകരിക്കപ്പെടേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇവയെല്ലാം 1962 ലെ സിലബസിൻെറ അനുബന്ധമായി നൽകിയിട്ടുള്ള നിർദ്ദേശങ്ങളാണ്.

സിലബസിൽ പൊതുനിർദ്ദേശങ്ങളിൽ പറഞ്ഞിരിക്കുന്ന ഉദ്ദേശ്യങ്ങൾക്കും ലക്ഷ്യങ്ങൾക്കും അനുസരണമായിട്ടാണ് പാഠഭാഗങ്ങൾ ഓരോവഷവും തിരഞ്ഞെടുത്തിട്ടുള്ളതു്. ഓരോ

വർഷവും പാഠപുസ്തകത്തിലെ ഏതാനും പാഠങ്ങൾ മാത്രം തിരഞ്ഞെടുക്കുന്നതുകൊണ്ട് പേജിന്റേയും വരികളുടേയും എണ്ണം പ്രതീക്ഷിത നിലവാരത്തിന്റെ ഏകകമായി കരുതാനാവില്ല. 1946 മുതലിങ്ങോട്ട് ഇംഗ്ലീഷുസിലബസിൽ കാര്യമായ 'വെട്ടിച്ചുരുക്കലുകൾ' ഉണ്ടായിട്ടുണ്ട്. വൃത്തം, അലങ്കാരം മുതലായവ മുമ്പ് പഠിപ്പിച്ചിരുന്നെങ്കിലും ഇപ്പോൾ അതിന്റെ പേരുപോലും പറയാറില്ല. ഗദ്യവും പദ്യവും പേജിന്റെയും വരികളുടേയും എണ്ണംവച്ചു നോക്കിയാൽ വളരെ കുറവു ചെയ്തിട്ടുണ്ട്. മൂന്നാം സ്റ്റാൻഡാർഡിൽ ഇംഗ്ലീഷുപഠനം ആരംഭിച്ചതും സ്ട്രക്ചർരീതി സ്വീകരിച്ചതും നിലവാരം ഉയർത്താൻ സഹായിച്ചിട്ടുണ്ടെന്ന് ഒരു കൂട്ടരും അതല്ല ഈ നീക്കങ്ങൾ കൊണ്ട് പ്രത്യേക പ്രയോജനമൊന്നും കൈവന്നിട്ടില്ലെന്ന് മററൊരു കൂട്ടരും വാദിക്കുന്നുണ്ട്. ഏതായാലും സിലബസിനെ മാത്രം അധികരിച്ച് ഇംഗ്ലീഷിന്റെ നിലവാരത്തെപ്പററി ഖണ്ഡിതമായി എന്തെങ്കിലും പറയുക സാദ്ധ്യമല്ല. പൊതുപരീക്ഷകളിൽ കുട്ടികൾക്കുള്ള നേട്ടം കൂടി പരിഗണിക്കേണ്ടതായുണ്ട്. അദ്ധ്യയനമാദ്ധ്യമം അല്ലാതായതോടെ ഇംഗ്ലീഷിനോട് ഒരു വെറുപ്പ് തോന്നിത്തുടങ്ങിയിരുന്നു. ഔദ്യോഗികഭാഷ, സർവകലാശാലാതലത്തിലെ അദ്ധ്യയനമാദ്ധ്യമം എന്നീ സ്ഥാനങ്ങളും ഇംഗ്ലീഷിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കയാണ്. പകരം മലയാളം ആ രംഗങ്ങൾ കയ്യടക്കുകയാണ്. സ്വാഭാവികമായും ഇംഗ്ലീഷിന്റെ നിലവാരത്തെപ്പററി ഈ സാഹചര്യത്തിൽ ആരും വളരെയൊന്നും ശ്രദ്ധിക്കാനിടയില്ല. ഒന്നു വ്യക്തമാണ്; ഉള്ളടക്കംമാത്രം പരിഗണിച്ചാൽ ഇംഗ്ലീഷിന്റെ നിലവാരം 1946 നു മുമ്പുണ്ടായിരുന്നതിൽനിന്ന് വളരെ കുറവാണിന്ന്. കാരണമോ, സാമൂഹികപ്രവണതകളാണുതാനും.

## 9. ഹിന്ദി പാഠപദ്ധതി

1935-'36 ൽ തിരുവനന്തപുരം S. M. V. ഹൈസ്കൂളിൽ ആണു് ഇദംപ്രഥമമായി കേരളത്തിൽ ഹിന്ദി പഠിപ്പിച്ചു തുടങ്ങിയതു്. തുടർന്നു് മററു ജില്ലാതലസ്ഥാനങ്ങളിലും ഹിന്ദി പഠനം ആരംഭിക്കയുണ്ടായി. 1946-'47 ൽ ഐച്ഛികസമ്പ്രദായം ഏർപ്പെടുത്തിയപ്പോൾ ഹിന്ദിക്കും അവയുടെ കൂട്ടത്തിൽ സ്ഥാനം നൽകി. ഈ രീതി അവസാനിപ്പിച്ചപ്പോൾ ഒരു നിർബന്ധിത മൂന്നാംഭാഷയുടെ സ്ഥാനം ഹിന്ദിക്കു് നൽകപ്പെട്ടു. 1948-'49 ലാണു് ഈ നയം സ്വീകരിക്കപ്പെട്ടതു്. അതുകൊണ്ടു് ഹിന്ദിയുടെ താരതമ്യപഠനം 1948-'49 മുതലേ ആരംഭിക്കുന്നുള്ളു. എന്നാൽ 1946-'47 ലെ സിലബസിൽ ഐച്ഛികസമ്പ്രദായം ഹിന്ദിക്കു് നൽകിയിരുന്ന സ്ഥാനം വ്യക്തമാക്കാനായി അന്നത്തെ പാഠപദ്ധതിയും ഇവിടെ വിവരിച്ചിട്ടുണ്ടു്.

നാലാംഫാറം (സ്റ്റാൻറാർഡു് VIII)

100 പേജു് ഗദ്യവും 250 വരി പദ്യവും ആണു് ഡീറെറയിൽഡു് പഠനത്തിനു് 1946ൽ ഉണ്ടായിരുന്നതു്. ഇതിൽ 50 വരി പദ്യം കാണാതെ പഠിക്കേണ്ടിയിരുന്നു. നൂറോളം പേജുള്ള ഒരു ഉപപാഠപുസ്തകം—ജീവചരിത്രമോ കഥയോ യാത്രാവിവരണമോ-വേണമെന്നും നിർദ്ദേശിച്ചിരുന്നു. തർജ്ജമയും രചനയും വ്യാകരണപാഠങ്ങളും ഉൾക്കൊള്ളിക്കാനും ആവശ്യപ്പെട്ടിരുന്നു.

1948ൽ ഐച്ഛികഭാഷയെന്ന നിലയിൽനിന്നും മൂന്നാംഭാഷയായി ഹിന്ദി മാറിയപ്പോൾ പാഠ്യഭാഗങ്ങളിൽ സാര

മായ കുറവ് നിർദ്ദേശിക്കപ്പെട്ടു. 70 പേജ് ഗദ്യവും 200 വരി പദ്യവും 70 പേജുള്ള ഒരു ഉപപാഠപുസ്തകവുമാണ് പഠിക്കാൻ നിർദ്ദേശിക്കപ്പെട്ടതു്. പദ്യവിഭാഗത്തിൽ മൂന്നു ഘട്ടത്തിനും പ്രാധാന്യം നൽകണമെന്നു് വ്യവസ്ഥ ചെയ്തിരുന്നു. കാണാതെ പഠിക്കാൻ 50 വരിതന്നെയാണ് പ്രിസ്ക്രൈബ് ചെയ്തിരുന്നതു്.

1958 ൽ ഗദ്യം 80 പേജായി ഉയർത്തുകയും പദ്യം 120 വരിയായി കുറയ്ക്കുകയും ചെയ്തു. 60 വരി കാണാതെ പഠിക്കാനാണ് നിർദ്ദേശിക്കപ്പെട്ടതു്. നോൺഡീറെയിൽഡ് 40 പേജ് മതിയാകുമെന്നും വ്യക്തമാക്കപ്പെട്ടു. പ്രതിവാരം 3 പേജ് വീതം പകർത്തിയെഴുത്തു് നിർബന്ധമാക്കി. വ്യാകരണം, രചന എന്നിവയിൽ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്നും സിലബസിൽ സൂചിപ്പിച്ചിരുന്നു.

പേജ് 1958 ലേതുപോലെ നിലനിർത്തിക്കൊണ്ടു് അതിൽ കഥ, യാത്രാവിവരണം, വിദ്യാർത്ഥിജീവിതം, ഉപന്യാസം, ശാസ്ത്രവിജ്ഞാനം എന്നിവ ഉൾപ്പെടുത്തണമെന്നു് 1962 ലെ സിലബസിൽ വ്യക്തമാക്കിയിട്ടുണ്ട്. ആകെ 100 വരി ആധുനികപദ്യം പഠിച്ചാൽ മതിയെന്നും അതിൽ 40 വരി കാണാതെ പഠിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടു. 40 പേജുള്ള ഒരു ഉപപാഠപുസ്തകം—കഥകൾ മാത്രം ഉൾപ്പെടുത്തിയതു്—തിരഞ്ഞെടുക്കാനും വ്യവസ്ഥ ചെയ്തിരുന്നു. പ്രതിവാരം 2 പേജ് പകർത്തിയെഴുതണമെന്നും ഓരോ വ്യാകരണവിഭാഗത്തിലും 40 വാചകം വീതം തർജ്ജമ ചെയ്യണമെന്നും കേട്ടെഴുത്തിനു് പ്രാധാന്യം നൽകണമെന്നും വ്യക്തമാക്കിയതും 1962 ലായിരുന്നു. ഈ കാലമായപ്പോഴേക്കും 5-ാം സ്റ്റാൻറാർഡു മുതൽ ഹിന്ദി പഠിച്ചു വന്ന കുട്ടികളായതുകൊണ്ടു്

കുറെക്കൂടി കടുത്ത സിലബസ് അഭികാമ്യമായിരുന്നു. ഗദ്യ പദ്യഭാഗങ്ങളിൽ വർദ്ധനവുണ്ടായില്ലെങ്കിലും വ്യാകരണത്തിലും രചനയിലും പ്രത്യേകം ശ്രദ്ധപതിപ്പിച്ചതു് പൊതുവേ ഭാഷാപരമായ കഴിവുയർത്താൻ പോന്നതാണു്.

അഞ്ചാംഫാറം [സ്റ്റാൻറാർഡ് IX]

1947 ൽ 120 പേജ് ഗദ്യവും 350 വരി പദ്യവുമാണു് ഈ ക്ലാസ്സിലേക്കു് നിർദ്ദേശിക്കപ്പെട്ടതു്. 50 വരി കാണാതെ പഠിക്കാനും ജീവചരിത്രം, ഏകാങ്കം, കഥാസമാഹാരം, യാത്രാവിവരണം ഇവയിലേതെങ്കിലും ഒരു വിഭാഗത്തിൽപ്പെട്ട 100 പേജുള്ള ഒരു പുസ്തകം നോൺഡീറെറയിൽഡായി സ്വീകരിക്കാനും പ്രസ്തുത സിലബസിൽ നിർദ്ദേശിച്ചിരുന്നു. നാലാംഫാറത്തിലെ വ്യാകരണം, രചന എന്നിവയുടെ ആവർത്തനവും തുടർച്ചയുമാണു് അക്കാര്യത്തിൽ നിർദ്ദേശിക്കപ്പെട്ടതു്.

1949 മുതൽ ഗദ്യം 70 പേജായും പദ്യം 200 വരിയായും കാണാതെ പഠിക്കേണ്ട ഭാഗം 40 വരിയായും നോൺഡീറെറയിൽഡിൻെറ പേജ് 60 ആയും കുറവുചെയ്യപ്പെട്ടു. ഹിന്ദിയുടെ സ്ഥാനമാററം ഈ കുറവു് സാധൂകരിക്കുന്നുണ്ടു്. നോൺഡീറെറയിൽഡ് ഒരു ജീവചരിത്രമോ ഇന്ത്യയിലെ പ്രതിഭാശാലികളുടെ ലഘുജീവചരിത്രസമാഹാരമോ ഇന്ത്യാചരിത്രത്തിലെ മെച്ചപ്പെട്ട ഭാഗങ്ങളോ ആയിരിക്കണമെന്നും വ്യക്തമാക്കിയിരുന്നു. 1958 ലെ സിലബസ് ഗദ്യം 60 പേജായും പദ്യം 120 വരിയായും പരിമിതപ്പെടുത്തിയതല്ലാതെ മററു് വ്യതിയാനങ്ങളൊന്നും നിർദ്ദേശിച്ചിരുന്നില്ല.

1962 ലാകട്ടെ ചെറുകഥകൾ, യാത്രാക്കുറിപ്പുകൾ, ജീവചരിത്രങ്ങൾ, സംഭവവിവരണങ്ങൾ, ഏകാങ്കങ്ങൾ

എന്നിവയുൾപ്പെടുത്തി 100 പേജ് ഗദ്യവും 150 വരി ആധുനികപദ്യവും 40 വരി പൗരാണികപദ്യവും പഠിക്കാനും നിർദ്ദേശിക്കപ്പെട്ടു. രണ്ടു വിഭാഗത്തിനെയും പ്രതിനിധീകരിച്ച് 40-ം 20-ം വരികൾ കാണാതെ പഠിക്കാനും വ്യവസ്ഥ ചെയ്തിരുന്നു. ഏതാനും കഥകളുടെയോ ജീവചരിത്രക്കുറിപ്പുകളുടെയോ സമാഹാരമായിരിക്കണം 60 പേജോളം വരുന്ന ഉപപാഠപുസ്തകമെന്നും നിർദ്ദേശിക്കപ്പെട്ടു. പ്രാദേശികഭാഷകളിൽ നിന്നു് ഹിന്ദിയിലേക്കുള്ള പരിഭാഷ പ്രത്യേകം നിർബന്ധിച്ചിരുന്നതു കൂടാതെ മുൻക്ലാസ്സിലെ വ്യാകരണവും രചനയും തുടർന്നുപോകാനും നിർദ്ദേശിച്ചിട്ടുണ്ടു് ഈ സിലബസിൽ.

## ആറാംഫാറം (സ്റ്റാൻറാർഡ് X)

1946 ൽ പദ്യം 600 വരിയും ഗദ്യം 120 പേജുമായി ക്ലിപ്തപ്പെടുത്തിയിരുന്നു. കബീർ, തുളസീദാസ്, റഹിം, ബിഹാരി, വൃന്ദ് എന്നിവരുടേതിൽനിന്നു് തിരഞ്ഞെടുത്ത ഏതാനുംവരികൾ പദ്യത്തിൽ ഉൾപ്പെടുത്തണമെന്നു് പ്രത്യേകം നിർദ്ദേശിക്കപ്പെട്ടു. ആകെ 100 വരി പദ്യമാണു് കാണാതെ പഠിക്കാൻ നിർദ്ദേശിക്കപ്പെട്ടതു്. 100 പേജ് വീതമുള്ള രണ്ടു് പുസ്തകങ്ങളാണു് നോൺഡീറ്റെയിൽഡായി അംഗീകരിക്കാൻ വ്യവസ്ഥ ചെയ്തിരുന്നതു്. അവയിലൊന്നു് കഥാസമാഹാരമോ ജീവചരിത്രമോ നാടകമോ ആകാമെന്നും മറേറതു് പൊതുവിവരമോ യാത്രാവിവരണമോ ആയിരിക്കണമെന്നും വ്യക്തമാക്കിയിരുന്നു. മുൻക്ലാസ്സുകളിലെ വ്യാകരണവും രചനയും തുടർന്നുപോകാനും അവയ്ക്കു് പ്രത്യേകം സ്ഥാനം നൽകാനും നിർദ്ദേശമുണ്ടായിരുന്നു.

ഐച്ഛികസമ്പ്രദായത്തിൽനിന്നും പുതുക്കിയ പദ്ധതിയിലേക്കു് മാറിയപ്പോൾ ഉള്ളടക്കം ഏതാണ്ടു് പകുതിയോളം

കുറവു ചെയ്യപ്പെട്ടു. 1951–'52 ൽ ഗദ്യം 60 പേജ്, പദ്യം 300 വരി, നോൺഡീറെറയിൽഡ് 80 പേജ് എന്നിങ്ങനെയാണ് വിഭജിക്കപ്പെട്ടതു്. കഥാസമാഹാരമോ നോവലോ ആണ് ഉപപാഠപുസ്തകമായി തിരഞ്ഞെടുക്കാൻ പറഞ്ഞിരുന്നതു്. വ്യാകരണനിയമങ്ങൾ ഒഴിവാക്കിക്കൊണ്ടു് സാന്ദർഭികമായി അതു് പഠിപ്പിച്ചാൽ മതിയെന്നും നിർദ്ദേശിക്കപ്പെട്ടു. ഹിന്ദിക്കു് ഒരു പേപ്പർ മതിയാകുമെന്നും അതിനു് $2\frac{1}{2}$ മണിക്കൂറും 100 മാർക്കും ആയിരിക്കണം നൽകുന്നതെന്നും വ്യക്തമാക്കിയതു കൂടാതെ ഡീറെറയിൽഡിനു് 1 മണിക്കൂർ, നോൺഡിറെറയിൽഡിനു് ഒരു മണിക്കൂർ, വ്യാകരണത്തിനു് 15 മിനിട്ടു്, രചന, തർജ്ജമ ഇവയ്ക്കു് 15 മിനിട്ടു് എന്നിങ്ങനെ സമയക്ലിപ്തിയും വരുത്തിയിരുന്നു.

1959 ൽ വീണ്ടും ഉള്ളടക്കം കുറവു ചെയ്യപ്പെട്ടു. ഗദ്യം 50 പേജ്, പദ്യം 240 വരി, നോൺഡീറെറയിൽഡ് 50 പേജ് എന്നിങ്ങനെയാണ് അപ്പോഴുണ്ടായിരുന്ന ക്രമം. വ്യാകരണം, രചന എന്നിവ പഴയതുപോലെ തന്നെ നിലനിത്തിയിരുന്നു.

ഹിന്ദിസാഹിത്യത്തിലേക്കു് വിദ്യാർത്ഥികളിൽ അഭിമുഖ്യം വളർത്താനും ഭാഷ വശമാക്കുന്നതിനാവശ്യമായ വിവിധ കഴിവുകൾ മെച്ചപ്പെടുത്താനുമാണ് ഹിന്ദി പഠനംകൊണ്ടു് 1962 ൽ ഉദ്ദേശിച്ചതു്. ഈ ഘട്ടമായപ്പോഴേക്കും 5–ാംസ്റ്റാൻഡാർഡിൽ ഹിന്ദി പഠിച്ചുതുടങ്ങിയവർ 10–ാം സ്റ്റാൻഡാർഡിൽ എത്തിയതു കൊണ്ടു് ഉള്ളടക്കത്തിൽ ഗണ്യമായ വർദ്ധനവു് നിർദ്ദേശിക്കപ്പെട്ടു. കഥകൾ, ഉപന്യാസങ്ങൾ, ശാസ്ത്രവിഭാഗങ്ങൾ, ഏകാങ്കം എന്നിവയുൾപ്പെടെ 120 പേജ് ഗദ്യവും 300 വരി പദ്യവുമാണ് സ്കൂൾഫൈനൽക്ലാസ്സിൽ ഒരു വിദ്യാർത്ഥിക്കു് പഠിക്കാനുണ്ടായിരുന്നതു്. 70 വരി

പദ്യം രണ്ടു് കാലഘട്ടത്തിലേതുമായി കാണാതെ പഠിക്കാനും വ്യവസ്ഥ ചെയ്തിരുന്നു. 10 ചെറുകഥാസമാഹാരങ്ങളോ 6 ഏകാങ്കങ്ങളോ ജീവചരിത്രസംക്ഷേപങ്ങളോ ഉൾപ്പെടെ 100 പേജുള്ള ഒരു പുസ്തകമാണു് നോൺഡീറെയിൽഡായി നിർദ്ദേശിക്കപ്പെട്ടതു്. വ്യാകരണത്തിന്റെ എല്ലാം അവശ്യ ഘടകങ്ങൾക്കും പ്രാധാന്യം നൽകി പഠിപ്പിക്കാനും ആവശ്യപ്പെട്ടിട്ടുണ്ടു്. പകർത്തിയെഴുത്തും കേട്ടെഴുത്തും നിർബന്ധിതമാക്കിയതും ഈ സിലബസിന്റെ പ്രത്യേകതയായി കണക്കാക്കാം.

## നിഗമനങ്ങൾ

1962 ൽ മൂന്നാം ഭാഷയായി S. S. L. C. വിദ്യാർത്ഥി പഠിക്കാൻ നിർദ്ദേശിച്ച ഭാഗങ്ങൾ 1948–49 ൽ ഐച്ഛിക പദ്ധതി അനുസരിച്ചു് പഠിച്ചതിനോടൊപ്പമാണെന്നു കാണാം. ഇടക്കാലത്തു് ഹിന്ദിയുടെ സ്ഥാനം കുറഞ്ഞു വരികയും വീണ്ടും മെച്ചപ്പെടുകയുമാണു് ചെയ്തതു്. സിലബസ് മെച്ചപ്പെടാൻ കാരണം 8–ാം സ്റ്റാന്റാർഡിൽ പഠിപ്പിച്ചുതുടങ്ങിയതു് 5–ാം സ്റ്റാൻറാർഡു മുതൽ പഠിപ്പിക്കാൻ വ്യവസ്ഥ ചെയ്തതാണെന്നു പറയാം. പോരെങ്കിൽ, ഹിന്ദി ഭാരതത്തിന്റെ ദേശീയ ഭാഷയായി അംഗീകരിച്ചിരിക്കയുമാണല്ലോ. ഇണക്ക ഭാഷയായി ഇംഗ്ലീഷുണ്ടെങ്കിലും ഭാരതത്തിൽ ജീവിക്കുന്നതിനു് ഹിന്ദി കൂടി ആവശ്യമാണെന്നു് സാധാരണക്കാർ പോലും മനസ്സിലാക്കിയതു കൊണ്ടാകണം ഹിന്ദി പഠനത്തിനു് നമ്മുടെ സംസ്ഥാനത്തു് പ്രത്യേക താല്പര്യം കാണുന്നതു്. ഉള്ളടക്കത്തിലും സമീപനത്തിലും ഹിന്ദി പഠനം 1948 ലേതിനെക്കാൾ ഇക്കാലത്തു് മെച്ചപ്പെട്ടിട്ടുണ്ടെന്നു് കാണാം. ഇന്നും 3 പീരിയഡാണു് ഹിന്ദിക്കു് ലഭിക്കുന്നതു്. അതു് വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉന്നയിച്ചിട്ടുമുണ്ടു്.

സിലബസിൻെറ ഉള്ളടക്കം വർദ്ധിപ്പിച്ചാൽ അതിനനുസരണമായി പഠിപ്പിക്കാനുള്ള സമയവും വർദ്ധിപ്പിക്കേണ്ടതാണല്ലോ. [ഭാഷകളുടെ സ്ഥാനനിർണ്ണയം വീണ്ടും പ്രശ്നമായിരിക്കയാണു്. മാതൃഭാഷ പ്രൈമറിഘട്ടത്തിൽ പഠിച്ചു കഴിഞ്ഞാൽ അപ്പർപ്രൈമറി വിഭാഗത്തിൽ തുടങ്ങേണ്ടതു് ഹിന്ദിയോ ഇംഗ്ലീഷോ എന്നതു് വ്യക്തമായി തീരുമാനിക്കപ്പെട്ടിട്ടില്ല. 5-ാം സ്റ്റാൻറാർഡിൽ ഇംഗ്ലീഷും 8 ൽ ഹിന്ദിയും തുടങ്ങാൻ ഒരു നിർദ്ദേശമുള്ളതായി അറിയുന്നു. മനഃശാസ്ത്രദൃഷ്ട്യാ ഈ സമീപനം നന്നായിരിക്കും. എന്നാൽ ഇവയിൽ ഏതു് ആദ്യം തുടങ്ങണമെന്നു് തീരുമാനിക്കുന്നതു് മററു പല ഘടകങ്ങളെയും ആശ്രയിച്ചാണിരിക്കുന്നതു്]. പേജുകളും വരികളും മാത്രം വർദ്ധിപ്പിച്ചതു കൊണ്ടായില്ല; അതു് വഴിയാംവണ്ണം അഭ്യസിപ്പിക്കുന്നതിനുള്ള സമയം കൂടി നൽകിയാലേ നിലവാരം മെച്ചപ്പെടുത്താനാകൂ.

തമിഴ്നാട്ടിൽ ഹിന്ദിപഠനം നിർബന്ധിതമല്ല. S. S. L. C. പരീക്ഷയിൽ ജയിക്കാൻ ഹിന്ദിയെ മിനിമം മാർക്കിൽനിന്നു് ഒഴിവാക്കിയിട്ടുണ്ടു്. കേരളത്തിൽ നിർബന്ധിത മൂന്നാംഭാഷയുടെ സ്ഥാനമാണു് ഹിന്ദിക്കു് ഇപ്പോഴുള്ളതു്. മുമ്പുണ്ടായിരുന്ന സമയം മാത്രമനുവദിച്ചുകൊണ്ടു് സിലബസിൻെറ ഉള്ളടക്കം വർദ്ധിപ്പിച്ചിരിക്കയാണു് കേരളത്തിൽ. 1948 ലെ സിലബസിനു സമാനമാണു് ഇന്നത്തെ ഹിന്ദി സിലബസ്. അന്നതിനു് ആഴ്ചയിൽ 5 പീരിയഡ് നീക്കിവച്ചിരുന്നു. ഹിന്ദി സാഹിത്യത്തിനൊരു പ്രാരംഭം മാത്രമല്ല ഇന്നത്തെ സിലബസ്; പ്രസ്തുതഭാഷയുടെ ഏതാണ്ടൊരു രൂപം S. S. L. C. പാസ്സാകുമ്പോഴേക്കും കിട്ടാറുണ്ടു്. ഇന്നത്തെ പാഠപദ്ധതി വിജയകരമായി കൈകാര്യം ചെയ്യുന്നതിനു് ആഴ്ചയിൽ 4 പീരിയഡെങ്കിലും നൽകേണ്ടതുണ്ടു്.

താംക്ലാസ്സു മുതലേ പഠിപ്പിച്ചു തുടങ്ങുന്നതുകൊണ്ടു് ഇന്നു് ആവശ്യപ്പെട്ടിരിക്കുന്ന നിലവാരം അധികമാണെന്നു് പറയാനാവില്ല. ഭാരതത്തിലങ്ങോളമിങ്ങോളമുള്ളവക്കു് ഇണക്കഭാഷയാണു് ഹിന്ദി. ഇന്നു് കേരളത്തിൽ ലഭ്യമായ അനുക്രൂലാന്തരീക്ഷം ഉപയോഗപ്പെടുത്തി സാഹിത്യാസ്വാദനത്തിനും പരിഭാഷയ്ക്കുമുള്ള കഴിവു് വികസിപ്പിക്കാൻ ശ്രമിക്കുന്നതു കൊള്ളാം.

കോഠാരിക്കമ്മീഷൻെറ അഭിപ്രായത്തിൽ "ഹിന്ദി, ഭാരതത്തിലെ ഇണക്കഭാഷയായതു കൊണ്ടു് എല്ലാം ഭാരതീയപൗരന്മാർക്കും ആ ഭാഷയിൽ പ്രാദയാഗികജ്ഞാനം ഉണ്ടായിരിക്കുന്നതിനു പുറമേ സംസ്ഥാനതലത്തിലോ കേന്ദ്രതലത്തിലോ ഔദ്യോഗികരംഗത്തുപയോഗിക്കേണ്ടിവരുന്നവർ ഹിന്ദിയിൽ മെച്ചപ്പെട്ട കഴിവു് നേടുകയും വേണം" *. കേരളത്തിൽ ഔദ്യോഗികഭാഷയായി അവരോധിക്കപ്പെടുന്നതു് മാതൃഭാഷയായ മലയാളമാണു്. എന്നാലും കേന്ദ്രവുമായുള്ള ഇടപാടുകൾക്കു് ഹിന്ദി ആവശ്യമായി വരും. ഇക്കാര്യം മുൻക്രൂട്ടി കണ്ടുകൊണ്ടു് താരതമ്യേന ഭാരിച്ച സിലബസാണു് ഹിന്ദിക്കു് തയാർ ചെയ്തിരിക്കുന്നതു്. 1950 നുശേഷം ഹിന്ദിയുടെ നിലവാരം—പ്രതീക്ഷിതവും യഥാർത്ഥവും—മെച്ചപ്പെട്ടിട്ടുണ്ടെന്നു പറയാം. പാഠപദ്ധതിയുടെ അപഗ്രഥനം ഈ സംഗതി വ്യക്തമാക്കുന്നുണ്ടു്. ഉള്ളടക്കത്തിനനുസരിച്ചു് പഠനസമയം വർദ്ധിപ്പിച്ചില്ലെന്നതു് ഒരു പോരായ്മയായി അവശേഷിക്കുന്നു. യഥാത്ഥനിലവാരം മെച്ചപ്പെടുത്താൻ ഇതും കൂടി ആവശ്യമാണു്.

* പേജ് 196

★

## 10. ഗണിതശാസ്ത്ര പാഠപദ്ധതി

1934 മുതലുള്ള 30 വർഷങ്ങളിൽ ഗണിതശാസ്ത്രപാഠപദ്ധതിയിൽ വരുത്തിയ മാററങ്ങളാണ് ഈ വിഭാഗത്തിൽ അപഗ്രഥിക്കപ്പെടുന്നത്. 1934 മുതൽ 46 വരെ, 46 മുതൽ 56 വരെ, 56 നുശേഷം എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളായി തിരിച്ചാണ് ഈ അപഗ്രഥനം നടത്തുന്നത്.

### 1934 – 46

1932 ൽ തിരുവിതാംകൂറിൽ നടപ്പിലാക്കിയ പാഠപദ്ധതിയാണ് 1934 ലും നിലവിലിരുന്നത്. അതിനുശേഷം 1941 ലും 46 ലും പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്. 1932 ലേതുമായി താരതമ്യം ചെയ്യുമ്പോൾ 41 ലേത് കാര്യമായ മാററങ്ങൾ ഉൾക്കൊണ്ടിരുന്നില്ല. എന്നാൽ 46 ലാകട്ടെ കണക്ക് ഐച്ഛികവിഷയമായി മാറുകയും തൽഫലമായി കൂടുതൽ പാഠഭാഗങ്ങൾ ഉൾപ്പെടുത്തപ്പെടുകയും ചെയ്തു. മാതൃഭാഷയിലൂടെ കണക്ക് അഭ്യസിച്ചുതുടങ്ങിയതും 1946ലാണ്. 1932 നെ അപേക്ഷിച്ച് 46 ലെ സിലബസ് ഉള്ളടക്കത്തിലും സമീപനത്തിലും മെച്ചമായിരുന്നെന്ന് കാണാം. 1946 ലേതിൽ ഇനി പറയുന്ന വിഷയങ്ങൾ കൂടുതലായി ചേർത്തിരുന്നു: നാലാംഫാറത്തിൽ ചതുരശ്രമാനത്തിലെ പ്രയാസപ്പെട്ട അഭ്യാസങ്ങൾ; റെക്ടാംഗിൾ, ട്രയാംഗിൾ, ട്രപ്പീസിയം, സർക്കിൾ ഇവയുടെ വിസ്തീർണ്ണം; ഫീൽഡുബുക്ക് എന്നിവ. അഞ്ചാംഫാറത്തിൽ പങ്കുകച്ചവടം, ബാങ്ക്ഡിസ്കൗണ്ട്, ചിഹ്നസംഖ്യകൾ, ബീജഗണിതത്തിലെ പദങ്ങളുടെ വിശദീകരണം എന്നിവ. ആറാംഫാറത്തിൽ മൂന്നാം

ഡിഗ്രിവരെയുള്ള ധർമ്മങ്ങളുടെ വിപുലീകരണം, നാലാംഡിഗ്രിവരെയുള്ള സർവസമവാക്യങ്ങൾ, കൃത്യങ്കനിയമങ്ങൾ, ലഘ്വുസമവാക്യങ്ങളും, ദ്വിമാനസമവാക്യങ്ങളും.

1946 ലെ സിലബസിൽ എല്ലാം തിയറങ്ങൾക്കും (Theorems) വ്യക്തമായ പ്രൂഫ് നൽകാൻ നിർദ്ദേശിച്ചിരുന്നു. സിംബലുകളും ബീജഗണിതചിഹ്നങ്ങളും ധാരാളമായി ഉപയോഗിക്കാനും അനുവദിച്ചിരുന്നു.* ബീജഗണിതത്തിനും ക്ഷേത്രഗണിതത്തിനും 1946 ലെ സിലബസിൽ പ്രത്യേക പരിഗണന നൽകിയിരുന്നതു് ശ്രദ്ധേയമാണു്.

1946—56

ഈ കാലത്തു് മൂന്നു പ്രാവശ്യം സിലബസ് പരിഷ്കരിക്കപ്പെട്ടു. മൂന്നു ക്ലാസ്സിലേക്ക് മൂന്നു തവണയായി പരിഷ്കാരങ്ങൾ നടന്നതുകൊണ്ടു് ക്ലാസ്സടിസ്ഥാനത്തിലുള്ള അപഗ്രഥനമാണു് ഇവിടെ സ്വീകരിച്ചിട്ടുള്ളതു്.

നാലാംഫാറം

1949-50 ലും 50-51 ലും സിലബസ് ഐകരൂപ്യമുള്ളതായിരുന്നു. 51-52 ൽ 'സ്റ്റാററിസ്റ്റിക്കൽ ഗ്രാഫി'ന്റെ സ്ഥാനം 'റിവിഷ'നാണു് നൽകിയിരിക്കുന്നതു്. ഓരോ യൂണിററിനും നിർദ്ദേശിച്ചിട്ടുള്ള പീരിയഡിൻെറ എണ്ണം സിലബസിൽ തന്നെ വ്യക്തമാക്കിയിരുന്നതു് ഈ ഘട്ടത്തിൻെറ പ്രത്യേകതയാണെന്നു് പറയാം. അങ്കഗണിതം, ബീജഗണിതം, ക്ഷേത്രഗണിതം എന്നിവയ്ക്കു് ആനുപാതികമായി പീരിയഡ് വിഭജിച്ചുമിരുന്നു. ഓരോ യൂണിററും എന്തുമാത്രം പ്രാധാന്യം നൽകിയും സമയമെടുത്തും പഠിപ്പിക്കണമെന്നു്

* Consolidated syllabus 1946. p. 123

അദ്ധ്യാപകർക്ക് നിർദ്ദേശം നൽകുന്നതു് അവയുടെ ആപേക്ഷിക പ്രാധാന്യം നിശ്ചയിക്കാൻ സഹായകമാണു്. 1946 ലേതും 1951 ലേതുമായി തുലനം ചെയ്താൽ ക്രമമായ പാഠപദ്ധതിലഘൂകരണവും പ്രായോഗികവശത്തിനു് പ്രാധാന്യം വർദ്ധിപ്പിക്കലുമാണു് ശ്രദ്ധേയമായ സംഗതികൾ. 1951–52 സിലബസിൽ 46 ൽ ഉണ്ടായിരുന്നതിൽ നിന്നു് ബാങ്കു ഡിസ്കൗണ്ടു്, സ്ഥൂലനിർണ്ണയം (approximation) സ്റ്റാററിസ്റ്റിക്കൽഗ്രാഫ്, ഇക്വേഷൻെറ ലേഖാരൂപം, പാരലലഗ്രത്തെ സംബന്ധിച്ച തിയറങ്ങൾ, അന്തഃഖണ്ഡത്തെ സംബന്ധിച്ച തിയറവും അനുബന്ധങ്ങളും എന്നിവ ഒഴിവാക്കിയിരുന്നു. തിയറങ്ങളുടെ പ്രൂഫിനു് പ്രത്യേകസ്ഥാനം നൽകേണ്ടതില്ലെന്ന പ്രവണതയാണീ പരിഷ്കരണത്തിൽ കാണുന്നതു്.

### അഞ്ചാംഫാറം

1949–50, 50–51 വർഷങ്ങളിൽ സിലബസ് ഐകരൂപ്യമുള്ളതായിരുന്നെങ്കിലും 1952–53 ൽ ഏതാനും കൂട്ടിച്ചേർക്കലുകളും കുറവുകളും ഉള്ളതായികാണാം. ലേഖ (graph), ഇക്വേഷൻെറ ലേഖാരൂപം, ബീജഗണിതത്തിലെ ഉസാഘ, ല. സ ഗു (HCF, LCM) എന്നിവയും സമവാക്യങ്ങളും ഒഴിവാക്കപ്പെടുകയും സ്റ്റാററിസ്റ്റിക്കൽ ഗ്രാഫ്, റിവിഷൻ എന്നിവ പുതുതായി ചേർക്കുകയും ചെയ്തതായി കാണാം. ഈ ക്ലാസ്സിലും ഉള്ളടക്കം 1946 ലേതിൽ നിന്നു് കുറവു ചെയ്തിട്ടുണ്ടെന്നു് വ്യക്തമാണു്. ഉപയോഗക്ഷമതയാണു് പാഠഭാഗങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള കാരണമായി പറയുന്നതു്. ദൈനംദിന ജീവിതത്തിൽ പ്രയോജനപ്പെടുന്ന പല ഭാഗങ്ങളും അങ്കഗണിതത്തിൽ ഉൾപ്പെടുത്തിയിരുന്നതായി കാണാം. ബാങ്കു്ഡിസ്കൗണ്ടു്, കൂട്ടുപലിശ, സേവിംഗ്സ് ബാങ്കു്അക്കൗണ്ടു്, സമയവും ജോലിയും, സമയവും ദൂരവും

എന്നിവ 52-53 ലെ സിലബസിൽ ഉൾപ്പെട്ടിട്ടുണ്ട്. പാര ലലഗ്രത്തെ സംബന്ധിച്ച തിയറങ്ങൾ അവയുടെ വിപരീതോപപാദ്യങ്ങളുൾപ്പെടെ നൽകിയതും ബീജഗണിത സർവസമവാക്യങ്ങൾ ക്ഷേത്രഗണിതരീതിയിൽ തെളിയിക്കപ്പെടുന്ന രീതി ഉൾപ്പെടുത്തിയതും കണക്ക്, കൂടുതൽ പ്രയോഗക്ഷമമാക്കാൻ ഉപകരിച്ചിട്ടുണ്ട്. 1946 ൽ നാലാംഫാറത്തിൽ പഠിപ്പിച്ചിരുന്ന ഗ്രാഫ് പിന്നീട് വേണ്ടെന്നു വയ്ക്കുകയും 52-53 ൽ വീണ്ടും അഞ്ചാംഫാറത്തിൽ ഉൾപ്പെടുത്തുകയുമാണ് ചെയ്തതു്.

### ആറാം ഫാറം

1953-54 ലെ സിലബസ് 1946 ലേതുമായി താരതമ്യപ്പെടുത്തിയാൽ കൃത്യങ്കനിയമങ്ങൾ (law of indices), ലോഗരിതം, ത്രികോണമിതിയിലെ റേഷ്യോകൾ (Trigonometrical ratios) എന്നിവയും കുറെ തിയറങ്ങളും ഒഴിവാക്കിയിട്ടുള്ളതായി കാണാം.

1946-56 കാലത്തു് നയപരമായ വലിയ മാററങ്ങളൊന്നും തന്നെ ഉണ്ടായിട്ടില്ല. കൂടുതൽ പ്രാധാന്യം പ്രാക്ററിക്കലിനു് നൽകിയതു മാത്രമാണു് ശ്രദ്ധേയമായ സംഗതി. ജീവിതവുമായി ബന്ധപ്പെട്ട ഭാഗങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകാൻ ശ്രമിച്ചിട്ടുണ്ടെന്നു കാണാം. മുൻകാലങ്ങളിലെപ്പോലെ ഓർമ്മശക്തി പരിശോധിക്കാനുള്ള തിയറങ്ങളും നിർവചനങ്ങളും 56 ലും തുടർന്നുപോന്നു—പരിമിതമായ തോതിലാണെങ്കിലും. ഉള്ളടക്കം പൊതുവിൽ കുറവു ചെയ്തിട്ടുണ്ട്. ഈ ഘട്ടത്തിൽ മൂന്നു തവണ സിലബസ് പരിഷ്കാരമുണ്ടായതിൽ ആദ്യത്തേതു് ഒരു വർഷം മാത്രമേ നിലനിന്നുള്ളു. പൊതുവിൽ സിലബസിൽ വരുത്തിയ മാററങ്ങൾ പ്രയോജനപ്രദങ്ങളും ലക്ഷ്യബോധത്തോടുകൂടിയവയുമാണെന്നു പറയാം.

1956

സെക്കന്ററിഎഡ്യൂക്കേഷൻ കമ്മിഷൻെറ നിർദ്ദേശങ്ങൾ ക്കനുസരണമായി ഡൈവേഴ്സിഫിക്കേഷൻ ലക്ഷ്യമാക്കി ക്കൊണ്ടു് തയാറാക്കിയ സിലബസാണു് 1956 ൽ പുതു തായി ആവിഷ്കരിച്ചതു്. ജനറൽ മാത്തമാററിക്സ് എന്ന പേരിൽ നിർബന്ധിത വിഷയമായി പഠിപ്പിക്കുന്നതിനു പുറമേ ആൾജിബ്രായും ജോമട്രിയും ഐച്ഛികങ്ങളായി പഠി ക്കാനും വ്യവസ്ഥ ചെയ്തിരുന്നു. ഇതേ സമീപനം സയൻ സിനും സോഷ്യൽസ്റ്റഡീസിനും അനുവർത്തിച്ചിരുന്നു. പൊതു വിഷയത്തിലെ ഉള്ളടക്കം താരതമ്യേന ലഘുവും ഐച്ഛിക ഭാഗത്തിലേതു് താരതമ്യേന മെച്ചപ്പെട്ടതും ആയിരുന്നെന്നു പറയാം.

അങ്കഗണിതം കൂടുതൽ പ്രായോഗികവശത്താണു് ശ്രദ്ധി ച്ചതു്. ബീജഗണിതത്തിൽ ലഘുപ്രശ്നങ്ങളും ക്ഷേത്രഗണി തത്തിൽ പ്രാക്ടിക്കലിനു് മുൻതൂക്കവുമാണു് നൽകിയതു്. ഒൻപതാം സ്റ്റാൻറാർഡിൽ തിയറത്തിനൊന്നും പ്രൂഫ് നൽ കേണ്ടതില്ലെന്നു് നിർദ്ദേശിക്കപ്പെട്ടു. 1956 ലെ പാഠപദ്ധതി നവീകരണത്തിൻെറ പ്രധാന ഊന്നം* പരസ്പരബന്ധം ഉറപ്പു് ചെയ്യുകയായിരുന്നു എന്നു പറയാം. വിവിധ പാഠ്യ വിഷയങ്ങൾ തമ്മിലും ഓരോന്നിൻെറയും അവാന്തരവിഭാഗ ങ്ങൾ തമ്മിലും പരസ്പരബന്ധം ഉണ്ടാകണമെന്നു് സില ബസിൽ നിർദ്ദേശിച്ചിരുന്നു. പഠനവിഷയങ്ങൾ കുട്ടികളുടെ അഭിരുചി, കഴിവു്, താല്പര്യം എന്നിവയോടു് ബന്ധപ്പെടു ത്തണമെന്നും യഥാർത്ഥ ജീവിതവുമായി പാഠ്യവിഷയങ്ങ ൾക്കു് കാര്യമായ ബന്ധം ഉണ്ടായിരിക്കണമെന്നു് സിലബ സിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ടു്. ദേശീയവും അന്തർദേശീ

* Our academic schools. 1956. p. 3

വവുമായ ജീവിതസാഹചര്യങ്ങളുമായി അടുത്ത ബന്ധം പുല ത്താൻ പര്യാപ്തമായ വിധത്തിൽ താത്വികവശം ലഘൂകരിച്ചു കൊണ്ടു് പ്രാക്ററിക്കലിനു് മുൻതൂക്കം നൽകണമെന്നും ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. മാനമിതി (mensuration) —സർക്കിൾ, ട്രയാംഗിൾ എന്നിവയുടേതു്, സ്റ്റോക്കു് & ഷെയർ, ആദായനികുതി ഇവ 1956 ലെ സിലബസിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ടു്.

പ്രാക്ററീസ്, സ്ഥൂലനിർണ്ണയം (approximation) ഘനരൂപങ്ങളുടെ മാനമിതി, സർവസമവാക്യങ്ങൾ (Identities), ഘടകക്രിയ (factorisation) മുതലായവ സിലബ സിൽ നിന്നും നീക്കപ്പെട്ട ഭാഗങ്ങളിൽപെടുന്നു. പാഠപദ്ധ തിയിൽ നിന്നും ഒഴിവാക്കപ്പെട്ട തിയറങ്ങളുടെ പട്ടിക പരി ശോധിച്ചാൽ മുൻസിലബസിലുണ്ടായിരുന്ന മിക്ക തിയറ ങ്ങളും അവയുടെ പ്രൂഫും ഒഴിവാക്കപ്പെട്ടിരിക്കുന്നതായി കാണാം. ജോമട്രിയിൽ പ്രാക്ററിക്കലിനു മാത്രമേ സ്ഥാനം നൽകിയിട്ടുള്ളൂ. അങ്കഗണിത പാഠപദ്ധതി ദൈനംദിനജീവി തവുമായി ബന്ധം പുലർത്തിയെന്നതാണു് എടുത്തു പറയാ വുന്ന നേട്ടം.

എന്നാൽ ഐച്ഛികസമ്പ്രദായത്തിൽ കണക്കിലുൾപ്പെ ടുത്തിയിട്ടുള്ള ഭാഗങ്ങൾ കൂടി ചേർത്തു് പരിശോധിച്ചാൽ ആകെയുള്ളതു് 1946 ലേതിനു് തുല്യമാണെന്നു കാണാം. ഐച്ഛികവിഷയത്തിൽ ഉള്ളടക്കം മെച്ചമാവുക സ്വാഭാവി കമാണല്ലോ. അതുമാത്രമാണിവിടെ കാണുക. എന്നിരുന്നാലും പ്രായോഗികസമീപനം 1956 ലെ സിലബസിൻെറ നേട്ടം തന്നെയാണു്.

1958

---

1956 ലെ ജനറൽ മാത്തമറ്ററിക്സ് സിലബസിനെ

അപേക്ഷിച്ച് 58 ലേത്ത് മെച്ചമാണെന്നു പറയാം. ഐഎസ്റ്റി കസമ്പ്രദായം ഒരു വർഷംമാത്രം പരിശോധിച്ചശേഷം നിർത്തലാക്കിയതുകൊണ്ട് പുതിയ സിലബസിൽ പുരോഗതി സ്വാഭാവികമായും ഉണ്ടാകണമല്ലോ. ശരാശരി (Average), സ്ഥൂല നിർണ്ണയം (Approximation), ലേഖ (graph), ഘനരൂപങ്ങളുടെ മാനമിതി എന്നിവയും ഏതാനും തിയറങ്ങളും അവയുടെ പ്രൂഫും പുതുതായി 1958 ലെ സിലബസിൽ ഉൾപ്പെടുത്തപ്പെട്ടു. നിസ്വത (Bankruptcy) മൂന്നാം ഡിഗ്രിയിലുള്ള സർവസമവാക്യങ്ങൾ, അവയെ അധികരിച്ചുള്ള ഘടകക്രിയ, ഘാതാങ്കനിയമങ്ങൾ, ഉ. സാ. ഘ, ല. സ. ഗു, ദ്വിമാനസമവാക്യങ്ങൾ (Quadratic Equations) എന്നിവയാണ് 1956 ലെ ആകെ സിലബസിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളത്.

ഐഎസ്റ്റികഗണിതശാസ്ത്രത്തിൽ നിന്നാണ് പല ഭാഗങ്ങളും കുറവു ചെയ്തത്. ജനറൽമാത്തമാററിക്സിന്റെ ഉള്ളടക്കം മെച്ചപ്പെടുത്താൻ പററിയ വിധം പുതിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിരുന്നു. തിയറങ്ങളുടെ പ്രൂഫ് പ്രാക്ററിക്കലിനോടൊപ്പം വീണ്ടും സിലബസിൽ സ്ഥാനം പിടിച്ചതാണ് ഇതിൻെറ പ്രത്യേകതയായി പറയാവുന്നത്.

1962

സിലബസിൻെറ ഉള്ളടക്കം കൂടുതൽ വ്യക്തമാക്കുന്നതും ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുന്നതുമായ പാഠ്യപദ്ധതിയാണ് 1962 ൽ തയാറാക്കിയത്. കുട്ടികൾക്ക് വിഷയത്തിൽ പ്രത്യേക താല്പര്യം ഉണ്ടാക്കാനും നിലനിർത്താനും പററിയവിധം വേണം ബോധനം നടത്തുന്നതെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. പ്രായോഗിക സമീപനം സ്വീകരിച്ച് കണക്ക് കൂടുതൽ താല്പര്യപൂർണ്ണമാക്കാൻ ഈ സിലബസ്

അദ്ധ്യാപകരെ ഉദ്ബോധിപ്പിക്കുന്നുണ്ട്. കുട്ടികളുടെ ആവശ്യങ്ങളും അനുഭവങ്ങളുമായി ബന്ധപ്പെട്ട യഥാർത്ഥ പ്രശ്നങ്ങൾ വേണം അഭ്യാസമായി നൽകുന്നതെന്നും വ്യക്തമാക്കിയിട്ടുണ്ട്. പാഠ്യപദ്ധതിയിലെ ഇതരവിഷയങ്ങളുമായി പരസ്പരബന്ധം സ്ഥാപിച്ച് കണക്ക് കൂടുതൽ സ്വീകാര്യമാക്കിത്തീർക്കണമെന്നും യഥാർത്ഥാനുഭവങ്ങളിലും വ്യക്തിപര അനുഭവങ്ങളിലും നിന്നും തത്വങ്ങൾ കണ്ടെത്താനുള്ള ശീലം കുട്ടികളിൽ വളർത്തണമെന്നും സിലബസിൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.[1]

കണക്കിലെ പദങ്ങൾ, വസ്തുതകൾ, രീതികൾ, തത്വങ്ങൾ, അടയാളങ്ങൾ മുതലായവ മനസിലാക്കുക; ക്ലാസ്സുമുറിയിൽ പഠിക്കുന്നതു് ബാഹ്യലോകത്തിലും സയൻസ് പഠനത്തിലും ഉപയോഗിക്കാനുള്ള കഴിവു നേടുക; വാചികവിവരങ്ങൾ ഗ്രാഫ്, ചിത്രം, സിംബൽ ഇവയിലൂടെ പ്രതിനിധീകരിക്കുക; ഗ്രാഫ്, സിംബൽ, പടം ഇവ വ്യാഖ്യാനിക്കാൻ കഴിവ് സമ്പാദിക്കുക; പ്രശ്നം അപഗ്രഥിക്കാനും ആവശ്യമായ വസ്തുവിവരങ്ങൾ ശേഖരിക്കാനും അല്ലാത്തവ തള്ളാനും പഠിച്ചിട്ടുള്ള തത്വങ്ങൾ ഉപയോഗിച്ച് പ്രശ്നപരിഹാരം നേടാനും കഴിവു നേടുക; തന്നിട്ടുള്ള പ്രവർത്തനരീതിയിൽ ഉൾപ്പെട്ടിട്ടുള്ള തത്വങ്ങൾ കണ്ടെത്തുക; ആവശ്യമായ സന്ദർഭങ്ങളിൽ ഫലം പുന:പരിശോധനയ്ക്കു് വിധേയമാക്കുക; ഫലങ്ങൾ ഊഹിച്ചെടുക്കാനുള്ള കഴിവ് നേടുക; കണക്കിന്റെ സൗന്ദര്യം ആസ്വദിക്കാൻ കഴിയുക; വൃത്തി, വേഗത, സൂക്ഷ്മത എന്നീ സ്വഭാവവിശേഷങ്ങൾ വളർത്തുക ഇവയാണ് ഗണിതശാസ്ത്രപഠനത്തിൻെറ വിദ്യാഭ്യാസോദ്ദേശ്യങ്ങളായി 1962 ലെ സിലബസിൽ[2] രേഖപ്പെടുത്തിയിട്ടുള്ളതു്.

1. Syllabi for secondary schools. 1962. p. 77
2. do pp. 78, 79.

റഫറൻസ്ബുക്കുകളുടെ ഒരു ലിസ്ററും ഗണിതശാസ്ത്ര പഠനത്തിൽ ഉപയോഗപ്പെടുത്താവുന്ന ദൃശ്യശ്രാവ്യോപകരണങ്ങളുടേയും പഠനസഹായികളുടേയും ഒരു ലിസ്ററും സിലബസിനോടൊപ്പം കൊടുത്തിട്ടുള്ളതു് ഈ സിലബസിനെ മററുള്ളവയിൽ നിന്നും വേർതിരിച്ചു നിറുത്താൻ പര്യാപ്തമാണു്. പ്രത്യേകശേഷിയും താല്പര്യവുമുള്ള വിദ്യാർത്ഥികൾക്കായി അഡ്വാൻസ്ഡ് കോഴ്സ് നൽകാൻ സിലബസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. കുട്ടികളുടെ വർത്തമാനകാലത്തേയും ഭാവിയിലേയും ആവശ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണു് ഈ സിലബസ് തയാറാക്കിയിട്ടുള്ളതു്. എട്ടാം സ്റ്റാൻറാർഡിൽ കണക്കിൻെറ പ്രായോഗികവശത്തിനാണു് മുൻതൂക്കമെങ്കിൽ ഒൻപതും പത്തും സ്ററാൻറാർഡുകളിൽ താത്വികവശത്തിനാണു് കൂടുതൽ പ്രാധാന്യം നൽകിയിരുന്നതു്. 1964 ൽ പ്രത്യേക പരിഷ്കാരമൊന്നും കൂടാതെ സിലബസ് ആവിഷ്കരിക്കുകയാണു് ചെയ്തതു്.

## നിഗമനങ്ങൾ

പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ 1934 ലും 46 ലും സ്കൂൾഫൈനൽ ക്ലാസ്സിലെ വിദ്യാർത്ഥിയിൽനിന്നും പ്രതീക്ഷിച്ച നിലവാരത്തിൽ നിന്നു് കുറവായി മാത്രമേ ഇന്നത്തെ വിദ്യാർത്ഥിയിൽ നിന്നും പ്രതീക്ഷിക്കുന്നുള്ളുന്നു് കാണാം. എന്നാൽ ഉപയോഗക്ഷമതാവാദവും പാഠ്യവിഷയങ്ങളുടെ സമഞ്ജസരൂപവും എല്ലാവർക്കും വേണ്ടിയുള്ള ജനറൽമാത്തമാററിക്സും പുതിയ സിലബസിൻെറ പ്രത്യേകതകളായി കണക്കാക്കാം. ദൈനംദിനജീവിതവുമായി ബന്ധമുള്ളതും പ്രായോഗികപ്രാധാന്യമുള്ളതുമായ വിഷയങ്ങൾ ഉൾപ്പെടുത്തിയും ഓർമ്മശക്തി മാത്രം നിലനിറുത്താൻ ഉപകരി

ക്കുന്ന "തീയറങ്ങളുടെ പ്രൂഫ്" ഒഴിവാക്കിയും ആണു് സിലബസ് തയ്യാറാക്കിയതു്.

നാണയവിവത്തനം (exchange), സ്റ്റോക്കു്, സാംഖ്യകത്തിന്റെ (statistics) പ്രാഥമികപാഠങ്ങൾ എന്നിവ ഹൈസ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതു് അഭികാമ്യമായിരിക്കും. അതുപോലെ ആൾജിബ്രായിൽ ശിഷ്ടസൂത്രം (Remainder theorem), ദ്വിമാനസമവാക്യങ്ങൾ, (Qudratic equations) അങ്കഗണിത പ്രശ്നങ്ങളുടെ ബീജഗണിത രീത്യായുള്ള സമീപനം എന്നിവ കൂടുതൽ ചേർക്കാവുന്നതാണു്. ചിന്താശക്തി വളത്തുന്നതിനും കാര്യകാരണശേഷി വിപുലീകരിക്കുന്നതിനും ജാമട്രിയിൽ പ്രശ്നകങ്ങൾ (riders) ഉൾപ്പെടുത്തുന്നതു് നന്നായിരിക്കും. ഇന്നത്തെ സമൂഹവുമായി ഗണിതശാസ്ത്രം കൂടുതൽ അടുപ്പിക്കുന്നതിനു് ശാസ്ത്രീയ സമീപനം ഉണ്ടാകേണ്ടിയിരിക്കുന്നു.

1962 ലെ സിലബസിൽ ഗണിതശാസ്ത്രക്ലാസ്സുമുറി, വിദ്യാർത്ഥികൾ എണ്ണുകയും കണക്കു് കൂട്ടുകയും അളക്കുകയും വരയ്ക്കുകയും നിർമ്മിക്കുകയും ചെയ്യുന്ന ഒരു 'പരീക്ഷണശാല'യായി മാറണമെന്നു് പ്രസ്താവിച്ചിട്ടുണ്ടു്. ഈ നിർദ്ദേശം പ്രാവത്തികമാക്കിയാൽ കുട്ടികൾക്കു് കണക്കിനോടു് പ്രത്യേക താല്പര്യം ഉണ്ടാവുകയും അങ്ങനെ നിലവാരം ഉയർത്തപ്പെടുകയും ചെയ്യും. സമയവും ദൂരവും, സേവിംഗ്സ് ബാങ്കു് മുതലായ പാഠഭാഗങ്ങൾ സിലബസിൽ ഉണ്ടായിരുന്നെങ്കിൽ എന്നാശിച്ചുപോവുകയാണു്. വളരെ കുറച്ചു് തിയറങ്ങളുടെ പ്രൂഫു് മാത്രമേ കുട്ടികൾ പഠിക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളൂ. അതും ഉള്ളടക്കത്തിന്റെ കാര്യത്തിൽ ഒരു പോരായ്മയായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഉന്നതവിദ്യാഭ്യാസത്തിനും എൻജിനീയറിംഗ്പഠനത്തിനും പോകുന്നവർക്കു്

അഡ്വാൻസ്ഡ് കോഴ്സ് പ്രത്യേക പ്രയോജനം ചെയ്യാതിരിക്കയില്ല. അതേ സമയം സാധാരണക്കാർക്ക് വേണ്ടിയുള്ള ജനറൽമാത്തമാററിക്സ് ലഘുവായിരുന്നാൽ മതിയെന്ന അഭിപ്രായമുണ്ട്. ആധുനിക വിദ്യാഭ്യാസരംഗത്ത് മെച്ചപ്പെട്ട സ്ഥാനമുള്ള ഗണിതശാസ്ത്രത്തിന് കൂടുതൽ പരിഗണന നൽകിയേ മതിയാകൂ. ഇന്ന് നിലവിലുള്ള ഗണിതശാസ്ത്രപാഠ പദ്ധതി തൃപ്തികരമല്ലെന്നതോ പോകട്ടെ അടിയന്തിരമായി അതു് പരിഷ്ക്കരിക്കുകയും നിലവാരം ഉയർത്തപ്പെടുകയും ചെയ്യില്ലെങ്കിൽ ഇനി ഒരു കാലത്തും പിടിച്ചുനിൽക്കാൻ സാദ്ധ്യമല്ലാത്തവിധത്തിൽ ആ രംഗത്ത് നമ്മുടെ നിലവാരം താണുപോകുക തന്നെ ചെയ്യും. (1970–71 ൽ ഒന്നു മുതൽ അഞ്ചുവരെ സ്റ്റാൻറാർഡുകളിലും 1971–72 ൽ ആറും ഏഴും സ്റ്റാൻറാർഡുകളിലും 1972–73 ൽ എട്ടാംസ്റ്റാൻറാർഡിലും 1973–74 ൽ ഒൻപതിലും 1974–75 ൽ പത്താംസ്റ്റാൻറാർഡിലും പ്രാബല്യത്തിൽ വരുത്താനായി ഒരു പുതിയ സിലബസ്സ് രൂപംകൊണ്ടിട്ടുണ്ട്).

★

## 11. സയൻസ് പാഠപദ്ധതി

സയൻസിന്റെ വിവിധ ശാഖകൾ ഉൾപ്പെട്ട ഒരു സങ്കരരൂപമാണ് ഇന്നത്തെ പാഠപദ്ധതിയിൽ നാം കാണുന്നത്. ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ഫിസിയോളജി, നേച്ചർസ്റ്റഡി, എവരിഡേ സയൻസ് എന്നിവയാണ് ജനറൽസയൻസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഓരോ വിഷയവും ഇതരഭാഗങ്ങളുമായി ബന്ധപ്പെടുത്തിയാണ് പാഠപുസ്തകത്തിൽ കൈകാര്യം ചെയ്യുക. 1935 ൽ ജനറൽസയൻസ് എന്ന ആശയം ആദ്യം രൂപംകൊണ്ടിരുന്നു. ഐച്ഛികസമ്പ്രദായം വന്നപ്പോൾ അതിൻെറ വിവിധ ശാഖകൾ വെവ്വേറെ പഠിപ്പിച്ചു തുടങ്ങുകയാണ് ചെയ്തത്. ഈ ശാസ്ത്രശാഖകളുടെ സമ്മിളിതരൂപമാണ് ഇന്നത്തെ പാഠപദ്ധതിയിൽ കാണാൻ കഴിയുക. ഇവയോരോന്നും വെള്ളം്കയറാത്ത അറകളിലാക്കി പഠിപ്പിച്ചാൽ ഓരോന്നിനെപ്പററിയും വ്യക്തമായ ജ്ഞാനമുണ്ടാകാം. എന്നാൽപരസ്പരംബന്ധപ്പെടുത്തിയുള്ള ജ്ഞാനത്തിനാണ് ഇന്ന് പ്രാധാന്യവും അംഗീകാരവും ഉള്ളത്. മനുഷ്യപ്രവർത്തനങ്ങളോരോന്നും ഏതെങ്കിലും ശാസ്ത്രശാഖയുമായി ബന്ധപ്പെട്ടിരിക്കുന്നതായി കാണാം. അത് ഏതുതരത്തിൽ, എങ്ങനെയെല്ലാം എന്ന് വ്യക്തമാക്കുന്നത് അറിവു കൂടുതൽ ഉപയോഗപ്രദമാക്കാൻ സഹായിക്കും. സയൻസിലെ ഉപവിഭാഗങ്ങളുടെയും യൂണിററുകളുടേയും ക്രമീകരണം പാടേ മാറിയിട്ടുണ്ട്. ഏററവും നൂതനമായ പാഠപദ്ധതിയിൽ സയൻസ്പഠനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം ഇത് സഹായകമാണ്. വിഷയങ്ങളുടെ പരസ്പരാശ്രിതത്വവും ബന്ധവും

കണക്കിലെടുത്താണ് ഇപ്പോഴത്തെ സിലബസ് ആസൂത്രണം ചെയ്തിട്ടുള്ളതു്. ശാസ്ത്രരംഗത്തെ ആധുനികപ്രവണതകൾക്കു് ഇന്നും മതിയായ സ്ഥാനം സിലബസിൽ ലഭിച്ചിട്ടില്ല.

നാലോ അഞ്ചോ വഷം കൂടുമ്പോഴെല്ലാം സയൻസിന്റെ പാഠപദ്ധതി പരിഷ്കരിച്ചിരുന്നതായി അപഗ്രഥനം വ്യക്തമാക്കുന്നു. ഇതു് സയൻസിൽ മാത്രമുള്ളതല്ല പാഠ്യപദ്ധതി പൊതുവിൽ പല തവണ പരിഷ്കരിക്കപ്പെട്ടിട്ടുണ്ടു്. 1946ൽ ഐച്ഛികസമ്പ്രദായം നിലവിലിരുന്നതുകൊണ്ടു് അന്നത്തെ സിലബസ് അതിനു മുമ്പും പിമ്പും ഉള്ളവയുമായി താരതമ്യപ്പെടുത്താൻ പ്രയാസമാണു്; അതുകൊണ്ടു് പ്രത്യേകപ്രയോജനമുണ്ടാകാനുമില്ല. അന്നു് ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവ പ്രത്യേക വിഷയങ്ങളായിരുന്നു. ഇവയുടെ ആകെ ഉള്ളടക്കം മറെറാരു പാഠപദ്ധതിയുമായും താരതമ്യം ചെയ്യാനാകാത്തിടത്തോളം വിപുലമാണുതാനും. ഇതൊഴികെ മററു് പരിഷ്ക്കാരങ്ങൾ കണക്കിലെടുത്താൻ 1932 ലേതും 1941 ലേതും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നും 1936 ൽ ചില്ലറ വ്യതിയാനങ്ങൾ ഉണ്ടായിരുന്നെന്നും കാണാം. വിശദമായ അപഗ്രഥനത്തിനു് 1932, 36, 50, 58, 62 എന്നീ വർഷങ്ങളിലെ സിലബസാണു് എടുത്തിട്ടുള്ളതു്.

### നാലാംഫാറം (സ്റ്റാൻറാർഡ് VIII)

1932 ലെ സിലബസിൽ ഊർജ്ജതന്ത്രം, രസതന്ത്രം, ചെടികളുടെ ജീവിതം, മൃഗങ്ങളുടെ ജീവിതം, മനുഷ്യശരീരശാസ്ത്രം, ഗൃഹശാസ്ത്രം, പൊതുജനാരോഗ്യം എന്നീ വിവിധ ഭാഗങ്ങളിയിട്ടാണു് വിഷയങ്ങൾ അവതരിപ്പിച്ചിരുന്നതു്. ഓരോന്നിനും എത്ര പീരിയഡ് വീതം ഉപയോഗിക്കണമെന്നും സിലബസിൽ വ്യവസ്ഥ ചെയ്തിരുന്നു. 1936 ൽ

വ്യത്യസ്തസമീപനമാണ് വിഷയാവതരണത്തിന് സ്വീകരിച്ചതു്. നാം ജീവിക്കുന്നലോകം, നാം ശ്വസിക്കുന്ന വായു, നാം കുടിക്കുന്ന ജലം, നാം കഴിക്കുന്ന ആഹാരം, നാം ഉപയോഗിക്കുന്ന തീയ് എന്നിങ്ങനെ ശാസ്ത്രശാഖകൾ ഒത്തിണക്കിയിരുന്നു പ്രസ്തുത പാഠപദ്ധതിയിൽ. ഉപവിഭാഗങ്ങൾ കൂടിയാകുമ്പോൾ പ്രായോഗികവും പ്രാകൃതികവുമായ സമീപനമാണിതിൽ കാണാൻ കഴിയുക. ക്ലാസ്സുമുറിയിലെ ബോധനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു് ഇതു് സഹായിച്ചിട്ടുണ്ടെന്നു് പറയപ്പെടുന്നു. 1932 ൽ ത്രാസ്, ഉത്തോലകം (lever), കപ്പി (pulley) മുതലായവ പ്രത്യേകം പ്രത്യേകമായാണ് പഠിപ്പിച്ചിരുന്നതെങ്കിൽ 1936 ൽ യാന്ത്രികോപകരണങ്ങൾ, സംഗീതോപകരണങ്ങൾ, ഇലക്ട്രിക്ബെൽ, ചരിവുപലക(inclined plane) എന്നിവ അടുത്തടുത്തായും ബന്ധപ്പെടുത്തിയും കപ്പി, ഉത്തോലകം എന്നിവയോട് ചേർത്തു് പഠിക്കാനാണ് നിർദ്ദേശിച്ചതു്. മനുഷ്യശരീരവും പ്രഥമശുശ്രൂഷാരീതികളും പുതിയ സിലബസിൽ ഒഴിവാക്കിയിരുന്നു. പുതിയ സംവിധാനത്തോടുള്ള എതിർപ്പുമൂലം 1941 ൽ വീണ്ടും 1932 ലെ പാറേറൺ സ്വീകരിക്കപ്പെട്ടു. 1947 ൽ ഐച്ഛികസമ്പ്രദായം അവസാനിപ്പിച്ച് യൂണിററിരീതി തുടങ്ങിയശേഷം വീണ്ടും സംവിധാനം മാറിയെന്നു പറയാം. ഇതു് 1941ലെ സിലബസിനുതുല്യമായിരുന്നുവെന്നു കാണാം. 1950 ലും ഈ സംവിധാനമാണ് തുടർന്നുപോന്നതു്.

1958 ൽ വീണ്ടും സങ്കരവിഷയമെന്ന ആശയമാണ് സിലബസിൽ കാണുക. 1936 ലേതിനു സമാനമായ അവതരണമായിരുന്നില്ല 1958 ൽ. ഫിസിക്സ്, കെമിസ്ട്രി, ബയോളജിഎന്നിവയിലെ വിഷയങ്ങൾ അനുക്രമമായിട്ടാണ് വിശദീകരിച്ചിരുന്നതു്. നമ്മുടെ ചുററുപാട്ട് എന്നതിനെ

ആസ്പദമാക്കി ഭൂമി, ഗ്രഹം, ചെടി, മൃഗങ്ങൾ എന്നിവയും വിശകലനം ചെയ്തിരുന്നു. ഓക്സിജൻ ശേഖരണവും ഗുണങ്ങളും കഴിഞ്ഞാണ് മെഷർമെൻറ് കാണിച്ചിരുന്നത്. ജലത്തെപ്പററിയുള്ള ചർച്ച ഹൈഡ്രജൻ ശേഖരണത്തിലേക്കും ജലത്തിൻെറ ഘടന ആർക്കിമിഡീസ് തത്വം, ഹൈഡ്രോമീററർ എന്നിവയിലേക്കും ചെന്നെത്തിയിരുന്നു ചൂട്, വെളിച്ചം, കാന്തം, വിദ്യുതി എന്നിവ തുടർന്ന് ചർച്ചചെയ്യുകയും ചെയ്തിരുന്നു. സിലബസിൻെറ 'ഏകകേന്ദ്രീതവൃത്തരൂപ'ത്തിലുള്ള അവതരണമാണ് ഈ പരിഷ്കാരത്തിലെ പ്രത്യേകത പിൽക്കാലത്ത് ഉയർന്ന ക്ലാസ്സുകളിൽ ആവർത്തിക്കപ്പെട്ടരീതിയിലിൺ പല ഭാഗങ്ങളും നാലാം ഫാറത്തിൽ തുടങ്ങിയതു്. പിൽക്കാലത്ത് ശാസ്ത്രപഠനം തുടരുന്നതിനുള്ള പ്രേരണ, ഹൈസ്കൂൾ ഘട്ടത്തിൽ നൽകണമെന്ന് സിലബസിൽ നിർദ്ദേശിച്ചിരുന്നു.

1962 ലെ സിലബസിലും പ്രത്യേക ശാസ്ത്രവിഭാഗങ്ങൾ വെവ്വേറെയാണ് പ്രതിപാദിക്കപ്പെട്ടുന്നതു്. പൊതുതാൽപ്പര്യമുള്ള വിഷയങ്ങളും ആധുനിക ശാസ്ത്ര വിജ്ഞാനവും പാഠപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. സിററിയിലെ ശുദ്ധജലവിതരണം, ഫയർ എൻജിൻ, മിശ്രിതത്തിൻെറ വേർതിരിക്കൽ, പ്രഥമശുശ്രൂഷ എന്നിവ എട്ടാം സ്റ്റാൻറാർഡിലെ സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. ഉപയോഗ്യതയും സമകാലീനത്വവും ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടെന്നതു് നേട്ടം തന്നെ.

<u>അഞ്ചാംഫാറം</u> (സ്റ്റാൻറാർഡ് IX)

1932 ൽ വസ്തുവിൻെറ വിവിധരൂപങ്ങൾ, സാന്ദ്രത, ആപേക്ഷികസാന്ദ്രത, പ്ലവനം, ചൂട്, ചൂടിൻെറ ഫലങ്ങൾ എന്നിവ ഫിസിക്സിലും രാസമാററം, ക്ലോറിൻ, ഹൈഡ്രോ

ക്ലോറിക് ആസിഡ്, സൾഫ്യൂറിക്കാസിഡ് എന്നിവയുടെ സംഭരണവും ഗുണങ്ങളും കെമിസ്ട്രിയിലും ഉൾപ്പെടുത്തിയിരുന്നു. പുഷ്പത്തിന്റെ ഭാഗങ്ങൾ, പോളിനേഷൻ, ഫെർട്ടിലൈസേഷൻ, മത്സ്യം, തവള എന്നിവ ബയോളജിയിലും പല്ല്, രക്തം, സ്കെലറററിസിസ്റ്റം, റെസ്പിറേററിസിസ്ററം എന്നിവ മനുഷ്യശരീരശാസ്ത്രത്തിലും കാണാനുണ്ട്. 1941 ലെ സിലബസിൽ ഇവയെല്ലാം പുറമെ ഏകകങ്ങൾ, വെള്ളത്തിന്റെ ഘടന, വിസർജ്ജനരീതി, കൃത്രിമശ്വാസോച്ഛ്വാസം, പ്രകാശത്തിന്റെ പ്രതിപതനം മുതലായവകൂടി ചേർത്തിരുന്നു. എലക്ട്രോളിസിസ്, പ്രിസം, സോപ്പുനിർമ്മാണം, ഇഴജന്തുക്കൾ, ഡൈജെസ്ററീവ് സിസ്ററം, ഖരം, ദ്രാവകം, വാതകം എന്നിവയുടെ വികാസം തുടങ്ങിയ പാഠങ്ങളാണ് 1950 ലെ പരിഷ്കാരം ഉൾക്കൊണ്ടത്.

1936 ലെ സിലബസ് നാലാംഫാറത്തിൽ വരുത്തിയ പോലെയുള്ള പരിഷ്കാരങ്ങൾ ഇവിടെയും വരുത്തിക്കൊണ്ടുള്ളതായിരുന്നു. വിഷയക്രമീകരണം പൊതുവിൽ വ്യത്യാസപ്പെട്ടിരുന്നു. രോഗം പരത്തുന്ന ജീവികൾ, കൃഷിപ്പണികൾ, ഫയർ എൻജിനുകളുടെ പ്രവർത്തനം, കണ്ണ്, ടെലസ്കോപ്പ്, മൈക്രോസ്കോപ്പ്, ഡയനാമോ, സ്റ്റെതസ്ക്കോപ്പ്, ഗ്രാമഫോൺ, റേഡിയോ, മനുഷ്യന് മൃഗങ്ങളുടെമേലുള്ള ആധിപത്യം, ക്വാറൻറയിൻ മുതലായവ യൂണിററുകളായിരുന്നു. 1932നെ അപേക്ഷിച്ച് ചിലഭാഗങ്ങൾ കുറവു ചെയ്തെങ്കിലും പ്രായോഗികശാസ്ത്രവും നൂതനപ്രവണതകളും നൽകാൻ അത് ശ്രദ്ധിച്ചിരുന്നു.

1958 ലേതും ഈ രീതിയിലുള്ള ഒരു മാററമായിരുന്നു. സൂര്യൻ, ചന്ദ്രൻ, കലണ്ടർ, ബ്ലീച്ചിംഗ്പൗഡർ, പേപ്പർ,

തീപ്പെട്ടി, ഗ്ലാസ്സ്, ഫീററർ, എയർകണ്ടീഷനിംഗ്, സമീകൃതാഹാരം, ഇന്ദ്രിയങ്ങൾ എന്നിവ 1950 ലെ സിലബസിനോട് കൂട്ടിച്ചേർക്കുകയും ഖര, ദ്രാവക, വാതകങ്ങളുടെ വികാസം, താപം, താപഫലങ്ങൾ, താപപ്രസരണം, ക്ലോറിൻതയാറാക്കലും ഗുണങ്ങളും, ഡൈജസ്റ്റീവ് സിസ്റ്റം, സർക്കുലേററി സിസ്റ്റം എന്നിവ കുറയ്ക്കുകയും ചെയ്തുള്ളതായിരുന്നു ഈ സിലബസ്.

റെഫ്രിജറേററർ, കാലാവസ്ഥാപ്രവചനം, വിമാനം, രോഗങ്ങൾ മുതലായ മുൻസിലബസുകളിലെങ്ങും ഇല്ലാതിരുന്നവിഷയങ്ങൾ 1962ലെ സിലബസിൽ കാണാൻകഴിയും. വിദ്യുതി, ലോഹങ്ങൾ, നമ്മുടെ ചുററുപാട്, ആഹാരക്രമം ഇവ ഒഴിവാക്കപ്പെട്ടുമിരുന്നു. വിഷയങ്ങളുടെ സമന്വയീകരണം പ്രത്യക്ഷമായി കാണാനില്ലെങ്കിലും ആധുനികനേട്ടങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതു് ആശാസ്യമായ സമീപനമാണ്.

## ആരാംഫാറം [സ്റ്റാൻറാർഡ് X]

ക്യാമറ, സൺഡയൽ, കാന്തികവേശനം, കാന്തഫലങ്ങൾ, സെല്ലുകൾ, എലക്ട്രിക്ബെൽ, എലക്ട്രോളിസിസ്, എലക്ട്രോപ്ലേററിംഗ് എന്നിവ ഫിസിക്സിലും ലോഹങ്ങളുടെ വേർതിരിക്കൽ, ഗുണങ്ങൾ, ഉപയോഗങ്ങൾ എന്നിവയും സൾഫേററ്, ഫാസ്ഫേററ്, കാർബണേററ്, നൈട്രേററ് മുതലായവ കെമസ്ട്രിയിലും 1932 ലെ സിലബസിൽ ഉണ്ടായിരുന്നു. ജീവിതരീതി, ചെടികളുടെക്രോസ്ബ്രീഡിംഗ്, മൃഗങ്ങൾ, എക്സ്ക്രീററിസിസ്റ്റം, നെർവസ്സിസ്റ്റം, വാക്സിനേഷൻ, ക്വാറന്റയിൻ എന്നിവ പ്രകൃതിശാസ്ത്രവിഭാഗത്തിലും ഉൾപ്പെടുത്തിയിരുന്നു. ചെടികളുടെയും മൃഗങ്ങളുടെയും ജീവിതം, മനുഷ്യശരീരശാസ്ത്രം, ആരോഗ്യരക്ഷ എന്നിവയാണ്

ഇതിൽ ഉൾപ്പെടുത്തിയിരുന്നതു്. നൈട്രിക്‌ആസിഡു് തയാറാക്കലും ഗുണങ്ങളും; കട്ടിയുള്ളതും ഇല്ലാത്തതുമായ ജലം; കാസ്റ്റിക്‌സോഡാ; സീഡ്, സോയിൽ, സംസ്ഥാനത്തെവിള വുകൾ; കണ്ണു്, ചെവി എന്നിവയുടെ പ്രവർത്തനം ഇവ കൂട്ടിച്ചേർത്തു് വിപുലപ്പെടുത്തിയതാണു് 1941 ലെ സിലബസ്.

1951 ലെ സിലബസിൽ സൾഫർ, ഫോസ്ഫറസ്, കാർബൺ ഇവയെ സംബന്ധിച്ച വിശദപഠനം ഉൾപ്പെടുത്തിയിരുന്നതിനുപുറമേ പല പക്ഷികളെയും മൃഗങ്ങളെയും പററി പഠിക്കാനും നിർദ്ദേശിച്ചിരുന്നു. 1959 ലെ സിലബസ് ചില മാററങ്ങൾ ഉൾക്കൊണ്ടിരുന്നു. രാസമാററം, ഓക്സിജൻ, ഹൈഡ്രജൻ, ഹൈഡ്രജൻ ക്ലോറൈഡ്, അമോണിയ ഇവയുടെ തയാറാക്കലും ഉപയോഗവും അലൂമിനിയം, സിങ്ക് എന്നീ ലോഹങ്ങൾ, വെർണിയർ, ഹെയർ ഉപകരണം, ബോയിൽനിയമം, കാന്തികവേശനം, സെല്ലകൾ,ഓംനിയമം, ഇലക്ട്രോളിസിസ്, ഇലക്ട്രോപ്ലേററിംഗ് പുഷ്പങ്ങൾ, വിത്തുകൾ, ഇഴജന്തുക്കൾ, പക്ഷികൾ, ശുചീകരണപ്രവർത്തനങ്ങൾ ഇവ ഈ സിലബസിൽ ഉൾപ്പെടുത്തിയിരുന്നു. എട്ടും ഒൻപതും സ്ററാൻേറർഡുകളിൽ കണ്ടനൂതനസമീപനം ഈ ക്ലാസ്സിലേയ്ക്കുള്ള സിലബസിൽ കാണാനില്ല. ചില പുതിയ പാഠഭാഗങ്ങൾ സിലബസിലുണ്ടെന്നതു് ആശാവഹമാണു്.

1962 ലെ സിലബസിലാകട്ടെ ലെൻസ്, ലൈററ്, സൗണ്ടു്, ഗ്രാമഫോൺ, സെൽ, ഇലട്രിക്‌ബെൽ, ഹീററർ, ടെലഫോൺ, വയർലസ്സ്, അററാമിക്‌എനർജി, ബ്ലീച്ചിംഗ്പൗഡർ, പെട്രോളിയം, ആൾക്കഹോൾ, സോപ്പ്, തോറിയം, യുറാനിയം, റേഡിയം, ടൈററാനിയം, ഗ്ലാസ്സ്, സിമൻറ്, പുഷ്പങ്ങളുടെ ഭാഗങ്ങൾ, കായ്കളും വിത്തുകളും,

അമീബാ, തൊലി, നെർവസ്സ്സിസ്റ്റം, ഫാർമോണുകൾ, സാംക്രമികരോഗങ്ങൾ, ആരോഗ്യത്തെ ബാധിക്കുന്ന മാനസികഘടകങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ പലതും ആധുനികജീവിതവുമായി അഭേദ്യമായ ബന്ധം പുലത്തുന്നവയാണ്. വിവിധഭാഗങ്ങൾ പഠിപ്പിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട ശാസ്ത്രകാരന്മാരുടെജീവിതവും നേട്ടങ്ങളും വിവരിച്ചു കൊടുക്കണമെന്നും സിലബസിൽ വ്യക്തമാക്കിയിട്ടുണ്ട്. മൊത്തത്തിൽ ശാസ്ത്രീയമനോഭാവവും ശാസ്ത്രാഭിരുചിയും വളത്തുകയാണ് ഹൈസ്കൂൾതലത്തിലെ സയൻസ് പഠനം കൊണ്ടുദ്ദേശിക്കുന്നതു്.

## നിഗമനങ്ങൾ

സിലബസിൽ വ്യക്തമാക്കിയിട്ടുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമാണ് പാഠപദ്ധതി. ന്യൂടൈപ്പ് ചോദ്യങ്ങൾ ഉപയോഗപ്പെടുത്തുന്നതു് കുട്ടികളുടെ അറിവു് സൂക്ഷ്മമായി വിലയിരുത്താൻ ഉതകുമെന്നു് പ്രത്യാശിക്കുന്നു. പാഠപദ്ധതിയിലെ എല്ലാ ഭാഗങ്ങളും തുല്യപ്രാധാന്യം നൽകി പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും ഈ നയം പ്രേരണ നൽകുന്നു. അധുനാതനമായ ശാസ്ത്രീയനേട്ടങ്ങൾ വിദ്യാത്ഥികൾക്കു് മനസിലാക്കിക്കൊടുക്കുന്നതിനായി ഏതാനും പീരിയഡു് നീക്കിവയ്ക്കുന്നതു കൊള്ളാം.

സെക്കൻററി എഡ്യൂക്കേഷൻ കമ്മിഷൻ റിപ്പോർട്ടിൽ നിർദ്ദേശിച്ചതനുസരിച്ചാണ് ജനറൽ സയൻസ് 1950 ൽ എട്ടാം സ്ററാൻറാർഡിൽ ഏർപ്പെടുത്തിയതു്. ഭൗതികശാസ്ത്രത്തിലെയും പ്രകൃതിശാസ്ത്രത്തിലെയും പാഠഭാഗങ്ങൾ സമന്വയിച്ചു് പഠിപ്പിക്കുന്നതാണ് ഈ സമ്പ്രദായം.

1962 ലെ സിലബസിൽ ഇനി പറയുന്ന ലക്ഷ്യങ്ങളാണ് സയൻസ് ബോധനത്തിന്ന് നിർദ്ദേശിച്ചിട്ടുള്ളത്.*

സചേതനവും അചേതനവുമായ വസ്തുക്കളെപ്പററി ബോധമുണ്ടാക്കുകയും താൽപ്പര്യം വളർത്തുകയും ചെയ്യുക; പ്രകൃതിയിലെ പ്രതിഭാസങ്ങൾ മനസ്സിലാക്കാനുള്ള ആകാംക്ഷ വളർത്തുക; സൂക്ഷ്മമായും ശ്രദ്ധയോടെയും വസ്തുതകൾ നിരീക്ഷിച്ചും വിവരങ്ങൾ ശേഖരിച്ചും വിശകലനം ചെയ്തും പൊതുതത്വങ്ങൾ കണ്ടെത്താനുള്ള ശേഷി വർദ്ധിപ്പിക്കുക; വസ്തുതകൾ ശേഖരിക്കുക, താൽക്കാലികനിഗമനങ്ങളിലെത്തിച്ചേരുക, അവ പരിശോധിച്ച് വ്യക്തമായ തീരുമാനങ്ങളിലെത്തിച്ചേരുക ഇവയടങ്ങിയ ശാസ്ത്രീയസമീപനം സ്വീകരിക്കാൻ പ്രേരിപ്പിക്കുക; നിത്യജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾ ശാസ്ത്രരീത്യാ അപഗ്രഥിക്കാനുള്ള കഴിവ് വളർത്തുക; പ്രാകൃതികപ്രതിഭാസങ്ങൾ വിശദീകരിക്കാൻ ശാസ്ത്രീയജ്ഞാനം ഉപയോഗപ്പെടുത്തുക; ശാസ്ത്രീയവിജ്ഞാനത്തിലൂടെ ചുററുപാടുകളെ ക്രമീകരിക്കാനുള്ള കഴിവ് മനുഷ്യനുണ്ടെന്നുള്ള വിശ്വാസം ഉറപ്പിക്കുക; പ്രാകൃതികതത്വങ്ങളുടെ ഉറപ്പിൽ വിശ്വസിക്കുക; കാര്യകാരണബന്ധത്തിൽ വിശ്വസിക്കുക; തെളിവ് കൂടാതെ വസ്തുതകൾ വിശ്വസിക്കാതിരിക്കുക; സ്വയം അന്വേഷിക്കാനും കണ്ടെത്താനുമുള്ള ശീലം വർദ്ധിപ്പിക്കുക; ശാസ്ത്രം ജീവിതരീതികളിൽ വരുത്തിയിട്ടുള്ള മാററം ആസ്വദിക്കുക; ശാസ്ത്രകാരന്മാരുടെ ജീവിതവും പ്രവർത്തനവും മനസിലാക്കുക; ശാസ്ത്രീയഹോബികൾ സ്വീകരിക്കാൻ തയാറാവുക; പോപ്പുലർ സയൻസുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ വായിക്കുകയും പ്രഭാഷണങ്ങൾ കേൾക്കുകയും ചെയ്യാൻ താൽപ്പര്യം വളർത്തുക; ആരോഗ്യപൂർണ്ണമായ ജീവി

* പേജ് 96, 97

തത്തിനുള്ള ശീലങ്ങൾ അഭ്യസിക്കുക; ദൈനംദിനജീവിതത്തിൽ ഉപയോഗിക്കുന്ന ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷി വൎദ്ധിപ്പിക്കുക; ശാസ്ത്രീയോപകരണങ്ങളുടെ പടം വരയ്ക്കാനും മാതൃക നിർമ്മിക്കാനും കഴിവ് വളൎത്തുക; അദ്ധ്യാപകനെ പരീക്ഷണങ്ങളിൽ സഹായിക്കാനും സ്വയം പരീക്ഷണങ്ങൾ നടത്താനും ഉള്ള തന്റേടം വളൎത്തുക. ഈ ലക്ഷ്യങ്ങൾക്കനുരൂപമാണ് പുതിയ സിലബസ്.

കോഠാരിക്കമ്മിഷന്റെ അഭിപ്രായത്തിൽ ആദ്യത്തെ പത്തു വർഷത്തെ സ്കൂൾ വിദ്യാഭ്യാസത്തിൽ സയൻസും കണക്കും നിർബന്ധ തപാഠ്യവിഷയങ്ങളാകണം. പ്രഖ്യാപിതലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും എല്ലാ വിദ്യാലയങ്ങളും നൽകണമെന്നും കമ്മിഷൻ നിർദ്ദേശിച്ചിട്ടുണ്ട്. നിത്യജീവിതത്തിലും വ്യവസായത്തിലും രസതന്ത്രത്തിനുള്ളസ്ഥാനം, ബഹിരാകാശയാത്ര, ഹൃദയംമാററിവയ്ക്കൽ ശസ്ത്രക്രിയ മുതലായ ആധുനികപ്രവണതകളും പാഠപദ്ധതിയിൽ ഉൾക്കൊള്ളിക്കുന്നതു കൊള്ളാം ഇത്തരം വിഷയങ്ങൾക്കായി എത്രാനും പീരിയഡുകൾ അദ്ധ്യാപകരുടെ സ്വാതന്ത്ര്യത്തിനു് വിട്ടുകൊടുക്കുന്നതു് അഭികാമ്യമായിരിക്കും. മുമ്പുണ്ടായിരുന്നത്ര വിഷയജ്ഞാനം ഇന്നു് കുട്ടികളിൽനിന്നു് പ്രതീക്ഷിക്കുന്നില്ല. അങ്ങനെ നോക്കുമ്പോൾ സയൻസിന്റെ ഇന്നത്തെ നിലവാരം മുമ്പത്തേതിൽ കുറവാണെന്നു പറയാം. എങ്കിലും പുതിയ സമീപനരീതിയും ബുദ്ധിശാലികൾക്കുവേണ്ടിയുള്ള അഡ്വാൻസ്ഡ്കോഴ്സും പരിഗണിക്കുമ്പോൾ സിലബസ് മെച്ചപ്പെട്ടില്ലെന്നല്ലാതെ മോശമെന്നു് പറയുക വയ്യാ. എങ്കിലും ഇന്നത്തെ ശാസ്ത്രീയയുഗത്തിൽ ലോകരാഷ്ട്രങ്ങളോടൊപ്പമെത്താൻ നമ്മുടെ ശാസ്ത്രനിലവാരം മെച്ചപ്പെടുത്തേണ്ടിയാണിരിക്കുന്നതു്.

## 12. സാമൂഹ്യപാഠ പാഠപദ്ധതി

1950 വരെയും വിദ്യാലയങ്ങളിൽ ഇന്ത്യാചരിത്രം, ബ്രിട്ടീഷ് ചരിത്രം, ലോകചരിത്രം, ഭൗതികഭൂമിശാസ്ത്രം, പ്രായോഗികഭൂമിശാസ്ത്രം, പൗരധർമ്മം, സാമ്പത്തികശാസ്ത്രം എന്നീ പേരുകളിലറിയപ്പെട്ടിരുന്ന സാമൂഹ്യശാസ്ത്രങ്ങൾ ഒന്നിച്ചു ചേർത്ത് തയാറാക്കിയതാണ് സോഷ്യൽസ്റ്റഡീസ് എന്ന സങ്കരവിഷയം.

1932 ലെ ചരിത്രത്തിൻെറ സിലബസ് 4, 5, 6 ഫാറങ്ങളിൽ പ്രത്യേകമായി രേഖപ്പെടുത്തിയിരുന്നില്ല. ബ്രിട്ടീഷ് ചരിത്രമെന്നും ഇന്ത്യാചരിത്രമെന്നും രണ്ടു ഭാഗങ്ങളായി തിരിച്ചിരുന്ന ഈ സിലബസ് മൂന്ന് വർഷത്തിനകം പൂർത്തിയാക്കണമെന്നു മാത്രമേ വ്യവസ്ഥ ചെയ്തിരുന്നുള്ളു. ബ്രിട്ടീഷു ചരിത്രത്തിനു പുറമേ മൗര്യസാമ്രാജ്യം, ശാകന്മാർ, കുശാനന്മാർ, പാണ്ഡ്യന്മാർ, ചേരന്മാർ, ചോളന്മാർ എന്നിവരെപ്പററിയുള്ള ചരിത്രം, മുഹമ്മദീയാക്രമണം, വിജയനഗരസാമ്രാജ്യം, മുഗൾചക്രവർത്തിമാർ എന്നിവയും ആധുനികഭാരതത്തിലെ ആധുനികപ്രവണതകളും ഇന്ത്യാചരിത്രമെന്ന പേരിൽ നൽകിയിരുന്നു. മാർത്താണ്ഡവർമ്മ മുതലിങ്ങോട്ടുള്ള തിരുവിതാംകൂർ ചരിത്രവും പ്രത്യേകപഠനത്തിന് നിർദ്ദേശിക്കപ്പെട്ടിരുന്നു. ഈ സിലബസിൽ പ്രത്യേകക്ലാസ്സുകളിലേക്കുള്ള ഭാഗമോ അവയ്ക്കുപയോഗിക്കേണ്ട പീരിയഡുകളുടെ എണ്ണമോ വ്യക്തമാക്കിയിരുന്നില്ല. പിൽക്കാലത്തു് ഈ വിഭജനക്രമം സ്വീകരിച്ചിരുന്നതാനും. അതുകൊണ്ടു് 1932 ലെ ചരിത്ര് സിലബസനുസരിച്ചുള്ള താരതമ്യപഠനം പ്രസക്തമല്ല.

ഇതേ കാലഘട്ടത്തിലെ ഭൂമിശാസ്ത്രസിലബസ് മൂന്ന്

ക്ലാസ്സിലേക്കും പ്രത്യേകമായി നിർദ്ദേശിച്ചിരുന്നു. ഭൂപ്രകൃതി വിഭാഗങ്ങൾ, ചൈനാ, ഈജിപ്റ്റ്, തെക്കേ അമേരിക്ക എന്നിവയുടേയും ആഫ്രിക്കയുടേയും വിശദപഠനവുമാണ് നാലാംഫാറത്തിലേക്ക് വകയിരുത്തിയിരുന്നതു്. ബ്രിട്ടൻ, ആസ്ട്രേലിയാ, ക്യാനഡാ എന്നിവയെക്കുറിച്ചുള്ള പ്രത്യേകപഠനവും ലോകത്തെ പ്രാകൃതികവിഭവങ്ങൾ തിരുവിതാംകൂറിലെ വാണിജ്യവും വ്യവസായവും എന്നിവ അഞ്ചാം ഫാറത്തിലേക്കും നിർദ്ദേശിച്ചിരുന്നു. ആറാംഫാറത്തിൽ ഇൻഡ്യയെ സംബന്ധിച്ച വിശദപഠനവും തിരുവിതാംകൂറിനെസംബന്ധിച്ച ശേഷിച്ചഭാഗങ്ങളും ആണ് പഠിക്കാൻ വ്യവസ്ഥ ചെയ്തിരുന്നതു്. ഭൗതികഭൂമിശാസ്ത്രം മൂന്നുക്ലാസ്സിലും പഠിപ്പിക്കാൻ വ്യവസ്ഥ ചെയ്തിരുന്നു.

1941 ലെ സിലബസിൽ പാഠഭാഗങ്ങൾ വിവരിക്കുന്നതിനുപകരം ചില പുസ്തകങ്ങളിലെ പ്രത്യേക ഭാഗങ്ങൾ പഠിക്കാനാണ് ചരിത്രത്തെ സംബന്ധിച്ചിടത്തോളം നിർദ്ദേശിച്ചതു്. ഹിൽഡാജോൺസൺ (Hilda Johnson) എഴുതിയ 'ഇംഗ്ലീഷ് ഹിസ്ററി ഫോർ ബിഗിനേഴ്സ്' എന്ന പുസ്തകത്തിലെ ഒന്നു മുതൽ 107 വരെ പേജുകൾ നാലാം ഫാറത്തിലും 107 മുതൽ 203 വരെ പേജുകൾ അഞ്ചാം ഫാറത്തിലും പഠിക്കാൻ നിർദ്ദേശിച്ചിരുന്നു. ആറാം ഫാറത്തിലാകട്ടെ ടിക്നർ (Tickner) എഴുതിയ 'ഔട്ട്ലൈൻസ് ഓഫ് ബ്രിട്ടീഷ് ഹിസ്റ്ററി' രണ്ടാംഭാഗത്തിൽനിന്നു് 366 മുതൽ 564 വരെ പേജുകൾ പഠിക്കാനാണ് നിർദ്ദേശിച്ചിരുന്നതു്. കെ. പി മിത്ര (K. P. Mitra) എഴുതിയ 'ഇന്ത്യൻ ഹിസ്റ്ററി ഫോർ മെട്രിക്കുലേഷൻ' എന്ന ഗ്രന്ഥത്തിലെ ഒന്നു മുതൽ 139 വരെ പേജുകൾ നാലാം ഫാറത്തിലും 140 മുതൽ 339 വരെ പേജുകൾ അഞ്ചാംഫാറത്തിലുമാണ് പഠിക്കേണ്ടി

യിരുന്നതു്. വി. രംഗാചാര്യ് എഴുതിയ 'ഏ ജൂനിയർ ഹിസ്റ്ററി ഓഫ് ഇന്ത്യ' എന്ന പുസ്തകത്തിലെ 219 മുതൽ 354 വരെ പേജുകളാണു് ആറാം ഫാറത്തിലേക്കു് നീക്കി വച്ചിരുന്നതു്. ഇവയോടൊപ്പം മൂന്നു ക്ലാസ്സിലുമായി മാർത്താണ്ഡവർമ്മ മുതലിങ്ങോട്ടുള്ളവരുടെ ചരിത്രം പഠിപ്പിക്കാനും വ്യവസ്ഥ ചെയ്തിരുന്നു.

ലോകത്തിലെ പ്രധാന ഭൂവിഭാഗങ്ങളിലെ ഭൗമിശാസ്ത്രീകവിവരങ്ങളും തിരുവിതാംകൂറിനെ സംബന്ധിച്ച് ജനങ്ങൾ, വ്യവസായം ഇവയും ആണു് നാലാംഫാറത്തിലെ സിലബസിൽ ഭൂമിശാസ്ത്രത്തിനായി വകയിരുത്തിയതു്. അഞ്ചാംഫാറത്തിലാകട്ടെ ഫ്രാൻസ്, ജർമ്മനി, അമേരിക്ക, ബ്രിട്ടൻ, ക്യാനഡാ, ആസ്ത്രേലിയാ, ന്യൂസിലൻറു് എന്നിവയുടെ പ്രാകൃതിക വിളവുകളുടെ പഠനമാണു് നിർദ്ദേശിക്കപ്പെട്ടതു്. ഇൻഡ്യയുടെ കാലാവസ്ഥ, പ്രാകൃതികവിഭവങ്ങൾ, വിളവുകൾ, ധാതുക്കൾ, വ്യവസായങ്ങൾ, ജനങ്ങൾ, വാർത്താവിനിമയം, വാണിജ്യം, പട്ടണങ്ങൾ, ഭരണം എന്നിവയുൾപ്പെട്ടതാണു് ആറാംഫാറത്തിലേക്കു് നിശ്ചയിച്ച പാഠഭാഗം. ഭൗതികഭൂമിശാസ്ത്രത്തിൽ കാലങ്ങൾ, കാററു്, വായുമർദ്ദം എന്നിവ നാലാംഫാറത്തിലും കടലുകൾ, ദ്വീപുകൾ, മത്സ്യബന്ധനം, കപ്പൽറൂട്ടുകൾ എന്നിവ അഞ്ചാംഫാറത്തിലും സൗരയൂഥം, ഭൂമിയുടെഘടന ഇവ ആറാംഫാറത്തിലും ആണു് പഠിപ്പിക്കാൻ നിർദ്ദേശിച്ചിരുന്നതു്.

1946ൽ ഒരു പാഠപദ്ധതി പരിഷ്കാരം ഉണ്ടായിരുന്നെങ്കിലും അന്നിവ നിർബന്ധിത വിഷയങ്ങളായിരുന്നില്ല. ഇവയിൽ ചിലവ ഐച്ഛികവിഷയങ്ങളായി നൽകിയിരുന്നെന്നേയുള്ളൂ.

ഐച്ഛികസമ്പ്രദായം നിർത്തിയതിനെ തുടർന്ന് രൂപം കൊണ്ട സിലബസിൽ ചരിത്രവും സിവിക്സും ഒന്നിച്ചും ഭൂമിശാസ്ത്രം പ്രത്യേകമായും ആണ് പഠിക്കാൻ വ്യവസ്ഥ ചെയ്യപ്പെട്ടത്. ആദ്യത്തേതിൽ ഭാരതത്തിന്റെ പൗരാണികവും ആധുനികവുമായ ചരിത്രം, ലോകചരിത്രം, പൗരധർമ്മം എന്നിവയും രണ്ടാമത്തേതിൽ പ്രായോഗികവും ഭൗതികവുമായ ഭൂമിശാസ്ത്രവുമാണുണ്ടായിരുന്നത്. 1949, 50, 51 എന്നീവർഷങ്ങളിലായി 4, 5, 6 ഫാറങ്ങളിലാണീ സിലബസ് പ്രയോഗത്തിൽ വരുത്തിയത്.

അടുത്ത സിലബസ് പരിഷ്കരണത്തിലാണ് സോഷ്യൽസ്റ്റഡീസ് രൂപം കൊണ്ടത്. പാഠഭാഗങ്ങളുടെ പുതുക്കിയ ക്രമീകരണമാണിതിൽ കാണുക. ഇതനുസരിച്ച് എട്ടാംസ്റ്റാൻറാർഡിൽ കേരളത്തിന്റെ ഭൗതികപശ്ചാത്തലം, പഞ്ചവത്സരപദ്ധതികൾ, നമ്മോടൊത്തു ജീവിക്കുന്ന ജനങ്ങൾ, നമ്മുടെ സ്വാതന്ത്ര്യം, സാമ്പത്തികസാംസ്കാരികബന്ധങ്ങൾ, ഇൻഡ്യയുടെ ഐക്യം, ഇൻഡ്യൻയൂണിയനിലെ സംസ്ഥാനങ്ങൾ എന്നിവയും നമ്മുടെ അയൽസംസ്ഥാനങ്ങളായ അഫ്ഗാനിസ്ഥാൻ, പാകിസ്ഥാൻ, ടിബറ്റ്, ചൈന, ബർമ്മ, സിലോൺ എന്നിവയും ആണ് ഉൾപ്പെടുത്തിയിരുന്നത്. ഒൻപതാം സ്റ്റാൻറാർഡിൽ ലോകത്തിലെ വിവിധഭാഗങ്ങളിലെ ജീവിതരീതി, ഇരുണ്ട ഭൂഖണ്ഡത്തിന്റെ നവോത്ഥാനം, ആധുനികലോകസംവിധാനം, കിഴക്കിന്റെ ഉണർവ്, ആഫ്രിക്കൻ കാളണികൾ, ലീഗ് ഓഫ് നേഷൻസ്, ലോകമഹായുദ്ധങ്ങൾ, യു. എൻ. ഓ, സമാധാനത്തിനു് ഇൻഡ്യയുടെ സംഭാവന, ഇൽഡ്യയിലെ ജനങ്ങൾ, ഇൻഡ്യൻഭരണഘടന എന്നിവയും പത്താം സ്റ്റാന്റാർഡിൽ മനുഷ്യനും മാനുഷികബന്ധങ്ങളും, മനുഷ്യനെന്ന പൗരൻ,

വിവിധതരം ഗവണ്മെൻറുകൾ, ബ്രിട്ടീഷ് പാർലമെൻറ്, ജനാധിപത്യം, മനുഷ്യനും അന്വേഷണങ്ങളും, രാഷ്ട്രീയസാമ്പത്തിക പരീക്ഷണങ്ങൾ, ആഫ്രോഏഷ്യൻ ഉയർത്തെഴുന്നേൽപ്പ്, ഇൻഡ്യൻ റിപ്പബ്ലിക്, ഇൻഡ്യൻ ഭരണഘടന എന്നിവയുമാണ് പഠിപ്പിക്കാൻ വ്യവസ്ഥ ചെയ്തിരുന്നത്.

1962 ലെ സിലബസ് സമന്വയിതസമീപനം ഒന്നുകൂടി ഉറപ്പുവരുത്തുന്നതാണ്. ലോകസംഭവങ്ങളെ സംബന്ധിച്ച് ഒരു പൊതുവീക്ഷണം ഉണ്ടാക്കാനും സമൂഹത്തിലെയും ലോകത്തിലെയും അംഗമെന്ന നിലയിൽ തനിക്കുള്ള ഉത്തരവാദിത്വത്തെപ്പററി പൗരന്മാർക്ക് ബോധം നൽകുന്നതിനും ഇതിൽ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. എട്ടാം സ്റ്റാൻഡാർഡിലേക്ക് നമ്മുടെ ഏററവും അടുത്ത അയൽക്കാർ–സിലോൺ, പാകിസ്ഥാൻ, ബർമ്മ, ററിബററ്, നേപ്പാൾ; മററ് ഏഷ്യൻ രാജ്യങ്ങൾ—ചൈന, ജപ്പാൻ, മലയാ, ഇൻഡോനേഷ്യ, ആസ്ട്രേലിയ, ആഫ്രിക്ക, യൂറോപ്പ്, വടക്കേഅമേരിക്ക, തെക്കേ അമേരിക്ക എന്നിവയാണ് നീക്കിവച്ചിട്ടുള്ളത്. നമ്മുടെ ഭൂമി, ഇന്ത്യ നമ്മുടെ മാതൃരാഷ്ട്രം, ഇന്ത്യ വർഷങ്ങളിലൂടെ, ഇന്ത്യയിൽ ജനാധിപത്യത്തിൻെറ ആവിർഭാവം എന്നിവയാണ് ഒൻപതാം സ്റ്റാൻഡാർഡിലേക്കുള്ള പ്രധാന യൂണിററുകൾ. ഇന്ത്യയുടെ വിദേശനയം, സാമ്പത്തികപ്രശ്നങ്ങൾ, പഞ്ചവത്സരപദ്ധതികൾ, ഇന്ത്യയിലെ സംസ്ഥാനങ്ങൾ, സാമ്പത്തിക സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം, സാമൂഹികസമത്വം, സാംസ്ക്കാരികപുരോഗതി, മനുഷ്യജീവിതത്തിൽ മതത്തിൻെറ സ്വാധീനം എന്നിവയാണ് പത്താം സ്റ്റാൻഡാർഡിലേക്ക് നിർദ്ദേശിക്കപ്പെട്ട പ്രധാന വിഷയങ്ങൾ,

## നിഗമനങ്ങൾ

സോഷ്യൽസ്റ്റഡീസിനെ സംബന്ധിച്ച് ഒരു നൂതന സമീപനം 1962 ലെ സിലബസിൽ വ്യക്തമായി കാണാൻ കഴിയും. നിത്യജീവിതത്തോടും സാമൂഹികസാഹചര്യങ്ങളോടും ബന്ധപ്പെടുത്തി ഇവ പഠിപ്പിക്കുന്നതുതന്നെ പുരോഗതിയുടെ ലക്ഷണമാണ്. ആധുനിക സംഭവങ്ങൾക്ക് സിലബസിൽ പ്രാതിനിധ്യം നൽകയിരിക്കുന്നത് ജനാധിപത്യ പ്രവണതകൾക്കനുകൂലമാണ്. വിവിധ ഭൂവിഭാഗങ്ങളെപ്പററി വെറുതെ അറിയുകയായിരുന്നു മുമ്പത്തെ ലക്ഷ്യമെങ്കിൽ ഇപ്പോഴത്തു് സാമ്പത്തികം, സാമൂഹികം, സാംസ്കാരികം, ഭൗമിശാസ്ത്രീകം എന്നീ വീക്ഷണകോണുകളിലൂടെ അപഗ്രഥിക്കപ്പെടുകയാണ്. വിഭാഗീകരണം കൂടാതെ ചരിത്രവും ഭൂമിശാസ്ത്രവും പൗരധർമ്മവും സാമ്പത്തികശാസ്ത്രവുമെല്ലാം ബന്ധിപ്പിച്ചിരിക്കുന്നതു് സമയോചിതമായ പ്രവൃത്തിയായി കണക്കാക്കാം. കൂടുതലായി ചേർത്തിട്ടുള്ള വിഷയങ്ങളെല്ലാം തന്നെ അനുയോജ്യവും സമകാലീനവുമാണ്. അദ്ധ്യാപകൎ ഏതാനും പീരിയഡുകൾ സ്വതന്ത്രമായി നൽകുന്നതു് പാഠപദ്ധതി തയാറാക്കിയതിനുശേഷം പലപ്പോഴായി ഉണ്ടാകുന്ന ചരിത്ര സംഭവങ്ങൾകൂടി വിവരിക്കാൻ സഹായകമാകും.

തൻെറ ചുററുപാടുകളെപ്പററി വിദ്യാർത്ഥി അറിവു നേടുന്നതു് സോഷ്യൽസ്റ്റഡീസ് പഠിച്ചുതുടങ്ങുമ്പോഴാണെന്നു പറയാം. പാശ്ചാത്യലോകത്തു് സുപരിചിതമായിരുന്ന ഇതു് 1956 ൽ മാത്രമാണ് നമ്മുടെ പാഠപദ്ധതിയിൽ സ്ഥലംപിടിച്ചതു്. മനുഷ്യൻ യുഗങ്ങളിലൂടെ എങ്ങനെയാണ് വളൎന്നുവന്നതെന്നും അവൻെറ പ്രയത്നം, അന്വേഷണം, നേട്ടങ്ങൾ, സ്വാതന്ത്ര്യസമരം, അവകാശസംരക്ഷണം,

മുതലായവ എങ്ങനെയായിരുന്നു എന്നും വ്യക്തമാക്കുന്നസാമൂഹ്യപാഠപഠനം ഒരടിയന്തിരാവശ്യമാണെന്നു് 1962 ലെ സിലബസ് പരിഷ്ക്കർത്താക്കൾ നിർദ്ദേശിച്ചുകാണുന്നു [1]. വിദ്യാർത്ഥികൾക്കു് സ്വയംഭരണാവകാശം നൽകി ഔദ്യോഗിക ഭാരവാഹികളുടെ തിരഞ്ഞെടുപ്പുവഴി അവർക്കു് പൗരത്വപരിശീലനം നൽകാവുന്നതാണെന്നും അറിവു് നൽകുന്നതിനേക്കാൾ ഉത്തേജനം നൽകുന്നതിനായിരിക്കണം അദ്ധ്യാപകൻ ശ്രദ്ധിക്കേണ്ടതെന്നും അതിൽ വ്യക്തമാക്കിയിട്ടുണ്ടു്.

1962 ലെ സിലബസിൽ സാമൂഹ്യപാഠപഠനത്തിന്റെ ഉദ്ദേശ്യങ്ങൾ വിവരിച്ചിട്ടുണ്ടു്.[2] അവ ഇങ്ങനെ സംഗ്രഹിക്കാം:

ഭൗതികവും സാമൂഹികവുമായ ചുററുപാടുകൾ നിരീക്ഷിക്കുവാൻ താല്പര്യം വർദ്ധിപ്പിക്കുക; മനുഷ്യൻ എങ്ങനെ ചുററുപാടുകളുമായി ഇണങ്ങിച്ചേരുന്നുവെന്നു് മനസ്സിലാക്കുക; ചുററുപാടുകളെ മനുഷ്യൻ സ്വാധീനിക്കുന്ന രീതി വശമാക്കുക; വിവരങ്ങൾ ശേഖരിച്ചു് യാഥാർത്ഥ്യസ്ഥിതി മനസ്സിലാക്കി നിഗമനങ്ങളിലെത്തിച്ചേരുക; മോഡൽ, ചിത്രം, ചാർട്ടു്, പട്ടിക മുതലായവ വ്യാഖ്യാനിക്കുക; തന്നിട്ടുള്ളവിവരങ്ങളിൽനിന്നും പൊതുതത്വം രൂപീകരിക്കാൻ കഴിയുക; സാമൂഹ്യവിധികല്പനകൾ നടത്തുക; മനുഷ്യൻെറ പ്രയത്നങ്ങളിൽ തൻെറ പങ്കു് കണ്ടെത്തുക; മനുഷ്യപുരോഗതിയിൽ സാമൂഹികസ്ഥാപനങ്ങൾക്കുള്ള പങ്കു് മനസ്സിലാക്കുക; തന്റെ സമുദായത്തിൻെറയും സംസ്ഥാനത്തിൻെറയും സംസ്കാരം, നേട്ടങ്ങൾ ഇവ അറിയുക; ചരിത്രപാഠങ്ങൾ വർത്തമാനകാല ജീവിതത്തിൽ ഉപയോഗിക്കുക; കുടുംബം, സമുദായം, രാഷ്ട്രം

1 പേജ് 135
2 പേജ് 137, 138

ഇവയിൽ തനിക്കുള്ള കടമ എന്തെന്നു് മനസ്സിലാക്കുക; സാമൂഹികവും ദേശീയവുമായ പരാധീനതകൾ മനസ്സിലാക്കി അവ പരിഹരിക്കാൻ ആവുംമട്ടു് പരിശ്രമിക്കുക; സമത്വവും സാഹോദര്യവും അംഗീകരിക്കുക; മററുള്ളവരുടെ അവകാശങ്ങളും കടമകളും എന്താണെന്നു് ധരിക്കുക; മററുള്ളവരുടെ അഭിപ്രായം മനസ്സിലാക്കാനുള്ള സന്നദ്ധത കാട്ടുക; നാം വിയോജിക്കുന്നവരുമായിപ്പോലും സഹകരിക്കാൻ സന്നദ്ധാനവുക;നേതൃത്വം അംഗീകരിക്കാനും സ്വയം സ്വീകരിക്കാനും തയാറാവുക; ഭൂരിപക്ഷത്തിനു് വഴങ്ങുക; പൊതുലക്ഷ്യങ്ങൾക്കായി മററുള്ളവരുമായി സഹകരിക്കുക; പരസ്പരചർച്ചകൾ വഴി പദ്ധതികൾ ആസൂത്രണംചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക; പൗരന്റെ കടമകളും കർത്തവ്യങ്ങളും അറിഞ്ഞു് നിറവേററുക; രാഷ്ട്രങ്ങളുടെ പരസ്പരാശ്രിതത്വം മനസ്സിലാക്കുക; ലോകപൗരന്റെ കടമകൾക്കനുസരിച്ചു് പ്രവർത്തിക്കുക; സത്യം, ശിവം, സുന്ദരം ഇവയുടെ മൂല്യം അംഗീകരിക്കുക; ഒരു സമതുലിതവ്യക്തിത്വവും ജീവിതോദ്ദേശവും നിലനിർത്തുക. ഈ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടു കൊണ്ടായിരിക്കണം അദ്ധ്യാപകൻ തന്റെ കുട്ടികളെ നേരിടേണ്ടതെന്നു് വ്യക്തമാക്കപ്പെട്ടിട്ടുണ്ടു്.

ഉദ്ദേശ്യങ്ങൾ അനവധിയാണെങ്കിലും അവയിൽ പലതും പരസ്പരബന്ധമുള്ളവയാണു്. വിഷയങ്ങളുടെ ക്രമീകരണം അഭിനന്ദനീയമാണു്. പ്രകൃതിവാദപരമായ സമീപനമാണു് മിക്കഭാഗങ്ങളിലും കാണുന്നതു്. മനുഷ്യരുടെ ജീവിതവുമായി ബന്ധപ്പെടുന്നതുകൊണ്ടു് പാഠഭാഗങ്ങളെല്ലാം തന്നെ താല്പര്യജനകങ്ങളായിരിക്കും. നമ്മുടെ സംസ്ഥാനത്തെ വിവിധ ഭാഗങ്ങളെപ്പററി പരാമർശിക്കുമ്പോൾ സമാനകാലാവസ്ഥയും ഭൂപ്രകൃതിയുമുള്ള ലോകത്തെ ഇതരഭാഗങ്ങൾ കൂടി പരാമർ

ശിക്കപ്പെടുന്നതും അഭികാമ്യമായ സമീപനമാണ്. വാണി ജ്യവും വ്യവസായവും, ലോകത്തിലെ നഗരങ്ങൾ, ഗതാഗത സൗകര്യവും വാർത്താവിനിമയവും, സാംസ്കാരിക പ്രവർത്ത നങ്ങൾ എന്നിവ ഇപ്പോഴത്തെ സിലബസിൽ സ്ഥാനം പിടി ച്ചിട്ടുണ്ട്.

തൻെറ ചുററുപാടുകളെപ്പററി കുട്ടികൾക്ക് ബോധം നൽകാനും മാനുഷികബന്ധങ്ങളെപ്പററി വിവരം നൽകാനും സമുദായം, സംസ്ഥാനം, രാഷ്ട്രം, ലോകം എന്നീ വിവിധ തലങ്ങളിൽ ബുദ്ധിപൂർവ്വം പെരുമാറുന്നതിനു പററിയ മനോ ഭാവങ്ങളും മൂല്യങ്ങളും വളർത്താനും ആണ് സാമൂഹ്യപാഠ പഠനം കൊണ്ടുദ്ദേശിക്കുന്നതെന്ന് കോഠാരിക്കമ്മീഷൻ വ്യക്ത മാക്കിയിട്ടുണ്ട്. ഈ ലക്ഷ്യം ഇന്നത്തെ സിലബസ് തികച്ചും സാർത്ഥകമാക്കുന്നുമുണ്ട്. അഡ്വാൻസ്ഡ് കോഴ്സിനു സൗകര്യം നൽകിയിരിക്കുന്നത് പ്രത്യേകവാസനയുംകഴിവും ഉള്ള കുട്ടികൾക്ക് സൗകര്യപ്രദമാണ്. സർവ്വേ—സാമ്പ ത്തികവും സാമൂഹികവും — കൂടുതൽ ഫലവത്താക്കാൻ പററിയ സാംഖ്യകത്തിൻെറ ബാലപാഠങ്ങൾകൂടി പാഠപദ്ധ തിയിൽ കൊള്ളിച്ചാൽ വേണ്ടില്ലെന്നു തോന്നുന്നു. ആധുനിക പ്രവണതകൾക്ക് കുറെക്കൂടി സ്ഥാനം നൽകുന്നതു കൊള്ളാം. രണ്ടോ മൂന്നോ ശതകങ്ങൾക്കു മുൻപ് സ്കൂൾഫൈനൽ കഴിഞ്ഞ കുട്ടികളുണ്ടായിരുന്നതിൽനിന്ന് കുറഞ്ഞ നിലവാര മല്ല ഇന്ന് നാം പ്രതീക്ഷിക്കുന്നത്. കാലഘട്ടത്തിൻെറ മാററത്തിനനുസരിച്ച് സമീപനത്തിലുള്ള വ്യതിയാനം ഈ നിഗമനത്തിനുപോൽബലകമാണ്. വിഷയക്രമീകരണവും ജീവിതവുമായുള്ള ബന്ധപ്പെടുത്തലും പ്രത്യേക പരാമർശ മർഹിക്കുന്നു. സാമൂഹ്യപാഠം ആ നിലയിൽ പ്രത്യക്ഷ പ്പെട്ട 1956 ലേതിനേക്കാളും മെച്ചപ്പെട്ട നിലവാരമാണ് ഇന്ന് കുട്ടികളിൽനിന്നും പ്രതീക്ഷിക്കുന്നതു്.

## 13. വിദ്യാഭ്യാസ ഘടനയും ഉള്ളടക്കവും-കേരളത്തിലും തമിഴ്നാട്ടിലും

[ഒരു താരതമ്യപഠനം]

### വിദ്യാഭ്യാസഘടന

വിദ്യാഭ്യാസസംവിധാനത്തിന്റെ പ്രത്യേകതകൾ, വിവിധഘട്ടങ്ങളിൽ ചിലവഴിക്കപ്പെടുന്ന കാലയളവ്, അദ്ധ്യാപകരുടെ യോഗ്യതകളും ലഭ്യതയും, ബോധനരീതികൾ, പാഠ്യപദ്ധതി എന്നിവയെപ്പററിയുള്ള ചർച്ച നിലവാരത്തെ സംബന്ധിച്ച നിഗമനങ്ങളിലേക്ക് നയിക്കാൻ പര്യാപ്തമാകുമെന്നാണ് പരക്കെയുള്ള വിശ്വാസം. ഇന്ത്യയിലെ വിവിധസംസ്ഥാനങ്ങൾ തമ്മിൽ വിദ്യാഭ്യാസകാല ദൈർഘ്യം, ഉള്ളടക്കം, കോഴ്സുകൾ എന്നിവയിൽ യാതൊരു ഐകരൂപ്യവും കാണാനില്ല. പ്രഥമഡിഗ്രിക്കു മുൻപായി ചിലവഴിക്കേണ്ടതു് ചില സംസ്ഥാനങ്ങളിൽ 14 വർഷവും ചിലയിടങ്ങളിൽ 15 വർഷവും ചുരുക്കം ചില സംസ്ഥാനങ്ങളിൽ 16 വർഷവും ആണ്. സെക്കൻററി ഘട്ടവും യൂണിവേഴ്സിററിയും തമ്മിൽ വേർതിരിക്കുന്നിടത്തും ഈ അന്തരം അനുഭവപ്പെടുന്നുണ്ട്.

1919 ലെ കൽക്കട്ടാ യൂണിവേഴ്സിററി കമ്മിഷൻ 12 വർഷത്തെ വിദ്യാലയത്തിനു ശേഷമുള്ള ഇൻററർമീഡിയററ് കോഴ്സായിരിക്കണം ഡിഗ്രിഘട്ടത്തിന്റെ മുന്നോടിയാകേണ്ടതു് എന്നു് പ്രസ്താവിച്ചിരുന്നു. 1948 ലെ യൂണിവേഴ്സിററി എഡ്യൂക്കേഷൻ കമ്മിഷൻ 12വർഷത്തെ സ്കൂൾ

വിദ്യാഭ്യാസത്തിനുശേഷം 3 വർഷത്തെ ഡിഗ്രികോഴ്സാണു നടത്തേണ്ടതെന്നും നിർദ്ദേശിക്കുകയുണ്ടായി. 1962 ൽ ദേശീയോദ്ഗ്രഥനക്കമ്മിററി ശുപാർശ ചെയ്തതു് 11 വർഷസ്കൂൾ കോഴ്സ് ഒരു വർഷംകൂടി ദീർഘിപ്പിക്കണമെന്നാണു്. 1964 ൽ സംസ്ഥാന വിദ്യാഭ്യാസമന്ത്രിമാരുടെ സമ്മേളനം ഡിഗ്രികോഴ്സിനു ചേരുംമുൻപ് 12 വർഷത്തെ വിദ്യാഭ്യാസം കഴിഞ്ഞിരിക്കണമെന്നു് അഭിപ്രായപ്പെടുകയുണ്ടായി. കോഠാരിക്കമ്മിഷനും ഈ അഭിപ്രായത്തോടു് യോജിക്കയാണു് ചെയ്യുന്നതു്. ഈ പരിഷ്ക്കാരം 1985 നകം നേടിയാൽ മതിയെന്നാണു് പ്രസ്തുത കമ്മിഷൻ നിർദ്ദേശിച്ചിട്ടുള്ളതു്.

ആസാമിലും നാഗാലാൻറിലും 12 വർഷത്തെ വിദ്യാഭ്യാസത്തിനുശേഷമാണു് സ്കൂൾഫൈനൽ പരീക്ഷ നടത്തുന്നതു്. അതേസമയം ആന്ധ്രാപ്രദേശ്, ബീഹാർ, ഗുജറാത്തു്, തമിഴ്നാട്, മഹാരാഷ്ട്ര, ഒറീസ്സ എന്നിവിടങ്ങളിൽ 11 വർഷത്തെ പഠനത്തിനുശേഷമാണീപരീക്ഷ. പത്തു വർഷത്തെപഠനത്തിനുശേഷം ഈ പരീക്ഷ നടത്തുന്ന സംസ്ഥാനങ്ങളാണു് കേരളം, ജമ്മുകാശ്മീർ, മദ്ധ്യപ്രദേശ്, മൈസൂർ, പഞ്ചാബ്, രാജസ്ഥാൻ, വെസ്റ്റ്ബംഗാൾ, ഉത്തരപ്രദേശ് ഇവ. 10 വർഷസ്കൂളുകളെന്നും 11 വർഷസ്കൂളുകളെന്നും രണ്ടു് വിഭാഗങ്ങൾക്കാണു് മുൻതൂക്കമെന്നിതിൽനിന്നു് മനസ്സിലാക്കാം. തൊട്ടയൽസംസ്ഥാനമായ തമിഴ്നാട്ടിലെ വിദ്യാലയഘടനയും സിലബസും നമ്മുടേതുമായി തുലനം ചെയ്യാനുള്ള ശ്രമമാണു് തുടർന്നു നടത്തുന്നതു്.

കേരളത്തിലും തമിഴ്നാട്ടിലും 15 വർഷപഠനത്തിനുശേഷമാണു് പ്രഥമഡിഗ്രി നേടാൻ കഴിയുക. കേരളത്തിലെ വിദ്യാർത്ഥി, കാളേജിൽ 5 വർഷം ചിലവഴിക്കുമ്പോൾ തമിഴ്

നാട്ടിലെ വിദ്യാർത്ഥി 4 വർഷമേ അവിടെ ചിലവഴിക്കു ന്നുള്ളു. കേരളത്തിൽ 2 വർഷ പ്രീഡിഗ്രിയും തമിഴ്നാട്ടിൽ ഒരു വഷം പ്രീ–യൂണിവേഴ്സിററിയുമാണ് പ്രാബല്യത്തിലു ള്ളതു്: 1964 ലാണ് കേരളത്തിൽ ദ്വിവത്സര പ്രീഡിഗ്രി കോഴ്സ് ഏർപ്പെടുത്തിയതു്. രണ്ടിടത്തും ഡിഗ്രികോഴ് സിന്റെ ദൈർഘ്യം 3 വർഷം തന്നെയാണ്.

സ്കൂൾതലത്തിലുള്ള അന്തരംകാണുന്നതു് ലോവർപ്രൈ മറിഘട്ടത്തിലാണ്. തമിഴ്നാട്ടിൽ 5 വഷമുള്ളപ്പോൾ കേര ളത്തിൽ 4 വർഷമാണ് ഈ ഘട്ടത്തിൽ ചിലവഴിക്കുന്നതു്. അപ്പർപ്രൈമറി,സെക്കന്ററി ഘട്ടങ്ങളിൽ രണ്ടിടത്തും 3 വഷം വീതമാണുള്ളതു്. ചിലവഴിക്കുന്ന വർഷങ്ങളിൽ വ്യത്യാസ മുണ്ടെങ്കിലും പ്രഥമബാഹ്യപരീക്ഷയെന്ന നിലയിലും കാളേ ജിലേക്കുള്ള പ്രവേശനം നിശ്ചയിക്കുന്ന പരീക്ഷയെന്ന നില യിലും സ്കൂൾലീവിംഗ് പരീക്ഷക്ക് പ്രത്യേക പ്രാധാന്യമാ ണുള്ളതു്. അതുകൊണ്ടു് ആ പരീക്ഷവരെയുള്ള പാഠ്യവിഷ യങ്ങളും പരീക്ഷാസമ്പ്രദായവും പാഠപദ്ധതിയുമാണ് അപ ഗ്രഥന വിഷയമാക്കുന്നതു്.

പാഠ്യവിഷയങ്ങൾ

കേരളത്തിൽ എട്ട്, ഒൻപതു്, പത്തു് സ്റ്റാൻറാർഡുക ളാണ് ഹൈസ്കൂൾ ഘട്ടമെന്നറിയപ്പെടുന്നതു്; തമിഴ്നാട്ടി ലാകട്ടെ 9, 10, 11 സ്റ്റാൻറാർഡുകളും. 1964 ലെ സില ബസിൽ ഹയർസെക്കൻററി ആരംഭിക്കണമെന്ന് നിർദ്ദേശി ച്ചിരുന്നെങ്കിലും അതു് പ്രാവർത്തികമായില്ല. അഗ്രിക്കൾച്ചർ, പ്രിൻറിംഗ്ടെക്നോളജി, എൻജിനിയറിംഗ്, ടൈപ്പ്റൈ ററിംഗ്, ഫിഷറിസയൻസ്, ഹോംസയൻസ്, ഡ്രായിംഗ്, പെയിൻറിംഗ് മുതലായവ പഠിക്കാൻ പ്രത്യേകസൗകര്യം

നൽകുന്ന ഏതാനും വിവിധോദ്ദേശസ്കൂളുകൾ ഹയർസെക്കൻററിസ്കൂളുകളെന്ന പേരിൽ കേരളത്തിൽ നിലവിലുണ്ട്. ഈ താരതമ്യപഠനത്തിൽ അക്കാഡമിക് സ്കൂളുകളെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളു.

തമിഴ്നാട്ടിൽ 9, 10 സ്റ്റാൻഡേർഡുകളിൽ ഐച്ഛിക സമ്പ്രദായം തുടങ്ങാൻ വ്യവസ്ഥചെയ്തിട്ടുണ്ട്. (68–69 ൽ ഭാഗികമായി ഇതു് ആരംഭിച്ചിട്ടുണ്ട്.) ഓരോ കുട്ടിയും ആൾജിബ്രായും ജാമട്രിയും, ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ഹിസ്റ്ററി, ക്ലാസിക്കൽ ലാംഗ്വേജ് ഇവ അടങ്ങിയ ഒന്നാംവിഭാഗത്തിൽനിന്നോ എൻജിനീയറിംഗ്, അഗ്രിക്കൾച്ചർ, ഹോംസയൻസ്, കോമേഴ്സ്, മ്യൂസിക്, പെയിൻറിംഗ്, ഡ്രായിംഗ് എന്നിവ അടങ്ങിയ രണ്ടാം വിഭാഗത്തിൽനിന്നോ ഇഷ്ടമുള്ള വിഷയം തിരഞ്ഞെടുക്കാനാണ് വ്യവസ്ഥചെയ്തിട്ടുള്ളതു്. ഒന്നാം വിഭാഗത്തിൽനിന്നാണെങ്കിൽ രണ്ടുവിഷയങ്ങളും രണ്ടാംവിഭാഗത്തിൽനിന്നായാൽ ഏതെങ്കിലും ഒരു വിഷയം മാത്രവുമാണ് തിരഞ്ഞെടുക്കേണ്ടതു്. ഒന്നാം വിഭാഗത്തിലെ ഐച്ഛികവിഷയങ്ങൾ ഉൾപ്പെടെയുള്ള അക്കാഡമിക്കോഴ്സാണ് കേരളത്തിലേതുമായി താരതമ്യം ചെയ്യുന്നതു്.

## ഭാഷകൾ

ത്രിഭാഷാപദ്ധതിയാണ് രണ്ടു സംസ്ഥാനങ്ങളിലും നിലവിലുള്ളതു്. കേരളത്തിൽ ഒന്നാം ഭാഷതന്നെ രണ്ടു വിഭാഗമായിട്ടാണ് 1962 ലെ സിലബസിൽ രേഖപ്പെടുത്തിയിട്ടുള്ളതു്* ഒന്നാം ഭാഗത്തിൽ മലയാളം, തമിഴ്, കന്നട, സംസ്കൃതം, അറബി, ഗുജറാത്തി, ഉറുദു, ഫ്രഞ്ച്, സിറിയക് ഇവയിൽ ഏതെങ്കിലും ഒന്നു് സ്വീകരിക്കാനാണ് നിർദ്ദേ

* പേജ് vi

ശിച്ചിട്ടുള്ളതു്. രണ്ടാം ഭാഗത്തിലാകട്ടെ മലയാളം, തമിഴ്, കന്നട, സ്പെഷ്യൽ ഇംഗ്ലീഷ് ഇവയാണ് ഉൾപ്പെടുത്തിയിട്ടുള്ളതു്. ഇംഗ്ലീഷ്മീഡിയത്തിൽ പഠിക്കുന്നവർക്കുവേണ്ടി മാത്രമാണ് രണ്ടാംഭാഗത്തിൽ സ്പെഷ്യൽ ഇംഗ്ലീഷ് നൽകുന്നതു്. ഇതിനു് പുറമേ രണ്ടാം ഭാഷയായി ഇംഗ്ലീഷും മൂന്നാം ഭാഷയായി ഹിന്ദിയും എല്ലാവരും പഠിക്കാൻ വ്യവസ്ഥചെയ്തിട്ടുണ്ടു്.

തമിഴ്നാട്ടിൽ ഭാഷകളെല്ലാംകൂടി ഗ്രൂപ്പ് ഏ എന്നാണ് അറിയപ്പെടുന്നതു്. 1964 സെപ്തംബറിൽ പുറപ്പെടുവിച്ച ഗസററ് നോട്ടിഫിക്കേഷൻ[1] അനുസരിച്ച് പ്രാദേശിക ഭാഷയോ മാതൃഭാഷയോ ഒന്നാം പാർട്ടായും ഹിന്ദിയോ മററതെങ്കിലും ഇന്ത്യൻ ഭാഷയോ രണ്ടാം പാർട്ടായും ഇംഗ്ലീഷോ മററതെങ്കിലും ആധുനിക യൂറോപ്യൻ ഭാഷയോ മൂന്നാം പാർട്ടായും പഠിക്കാനാണ് നിർദ്ദേശിച്ചതു്. 1966 ജൂലൈയിൽ ഗവണ്മെൻറ് ഓർഡർ[2] അനുസരിച്ച് പാർട്ട് ഒന്നിൽ 'തമിഴോ മാതൃഭാഷയോ' എന്നും തിരുത്തുകയുണ്ടായി.

രണ്ടു സംസ്ഥാനങ്ങളിലും മാതൃഭാഷയ്ക്കു് ആണ് പ്രഥമസ്ഥാനം കൽപ്പിച്ചിട്ടുള്ളതു്. കേരളത്തിൽ ഇംഗ്ലീഷിനു് രണ്ടാംഭാഷയുടെ സ്ഥാനവും തമിഴ്നാട്ടിലതിനു് മൂന്നാം ഭാഷയുടെ സ്ഥാനവുമാണ് ഉള്ളതെങ്കിലും കേരളത്തിലേതിനേക്കാൾ ഓരോ പീരിയഡ് കൂടുതൽ ഇംഗ്ലീഷിനു് തമിഴ്നാട്ടിൽ നൽകിയിട്ടുണ്ടു്. ഹിന്ദിക്കു് കേരളത്തിൽ മൂന്നാം ഭാഷയുടെ സ്ഥാനവും തമിഴ്നാട്ടിൽ രണ്ടാംഭാഷയുടെ സ്ഥാനവുമാണ് ഉള്ളതു്. രണ്ടു സംസ്ഥാനങ്ങളിലും ഹൈസ്കൂൾ

---

1 പേജ് 2

2 Go Ms No. 1386 Edn dt 21-7-'66.

ഘട്ടത്തിൽ ഹിന്ദിക്ക് മൂന്ന് പീരിയഡ് വീതമാണ് നീക്കി വച്ചിട്ടുള്ളത്.

മററു വിഷയങ്ങൾ

കേരളത്തിലെ ഹൈസ്കൂളുകളിൽ സോഷ്യൽസ്റ്റഡീസ്, ജനറൽ സയൻസ്, ജനറൽ മാത്തമാററിക്സ് എന്നിവയാണ് ഭാഷേതര വിഷയങ്ങൾ. ഈ മൂന്ന് വിഷയങ്ങളിലും കഴിവും പ്രത്യേക താൽപ്പര്യവും പരിഗണിച്ച് അഡ്വാൻസ്ഡ് കോഴ്സ് നൽകാൻ 1962 ലെ സിലബസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മ്യൂസിക്, ഡ്രായിംഗ്, ക്രാഫ്‌ററ് ഇവയ്ക്ക് ഒൻപതും പത്തും സ്റ്റാൻറാർഡുകളിൽ മൂന്ന് പീരിയഡ് വീതം നീക്കിവച്ചിട്ടുള്ളത് അഡ്വാൻസ്ഡ് കോഴ്സിന്ന് വിനിയോഗിക്കാനും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

തമിഴ്നാട്ടിൽ എലിമെന്ററിമാത്തമാററിക്സ്, സയൻസ്, ഹിസ്റ്ററി, ജോഗ്രഫി ഇവയാണ് പൊതുവിഷയങ്ങൾ. ഇവയ്ക്കുപുറമേ പത്തും പതിനൊന്നും സ്റ്റാന്റാർഡുകളിൽ ഐച്ഛികവിഷയങ്ങൾ പഠിക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. (വിശദവിവരം അന്യത്ര)

കേരളത്തിൽ ഓരോ വിഷയത്തിനും അഞ്ചുപീരിയഡു വീതമാണ് എട്ട്, ഒൻപത്, പത്ത് സ്റ്റാൻറാർഡുകളിൽ നീക്കിവച്ചിട്ടുള്ളത്. തമിഴ്നാട്ടിൽ കണക്കിന്ന് ഒൻപതാം സ്‌ററാൻറാർഡിൽ അഞ്ചും പത്തിലും പതിനൊന്നിലും നാലുവീതവും പീരിയഡാണ് നൽകിയിട്ടുള്ളത്. സയൻസ്, ഹിസ്‌ററി, ജോഗ്രഫി ഇവയ്ക്ക് 4, 2, 2 പീരിയഡുകൾ വീതമാണ് മൂന്ന് സ്‌ററാന്റാർഡുകളിലും നൽകിയിട്ടുള്ളത്. ഒന്നാം പാർട്ടിൽനിന്നും രണ്ട് ഐച്ഛികവിഷയങ്ങളെടുത്താൽ ഓരോന്നിനും അഞ്ചു പീരിയഡുവീതം നൽകാനും

അതല്ല രണ്ടാംഭാഗത്തിലെ ഒരു വിഷയമാണ് തിരഞ്ഞെടുക്കുന്നതെങ്കിൽ അതിന് പത്ത് പീരിയഡ് നൽകാനും സിലബസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കായികാഭ്യാസത്തിന് കേരളത്തിലെ ഹൈസ്കൂൾക്ലാസ്സുകളിൽ ആഴ്ചയിൽ ഒരു പീരിയഡ് നീക്കിവച്ചിട്ടുള്ളതിന്റെ സ്ഥാനത്ത് തമിഴ്നാട്ടിൽ രണ്ടു പീരിയഡുകൾ വീതമാണ് വച്ചിട്ടുള്ളത്. സാന്മാർഗ്ഗികപഠനത്തിന് തമിഴ്നാട്ട്സിലബസിൽ ആഴ്ചയിൽ ഓരോ പീരിയഡുവീതംനൽകിയിട്ടുണ്ട്.

## പാഠ്യവിഷയങ്ങളുടെ താരതമ്യപഠനം

### മാതൃഭാഷ

മാതൃഭാഷയ്ക്കാണ് രണ്ടു സംസ്ഥാനങ്ങളിലും ഒന്നാം ഭാഷയുടെ സ്ഥാനം നൽകിയിട്ടുള്ളത്. കേരളത്തിൽ ഇതിനു ആഴ്ചയിൽ ഏഴ്പീരിയഡുള്ളപ്പോൾ തമിഴ്നാട്ടിൽ ഇതിനു 6 പീരിയഡേ ഉള്ളു. ഇതു് കേരളത്തിലെ മാതൃഭാഷയുടെ ഉള്ളടക്കവും വ്യാപ്തിയും തമിഴ്നാട്ടിലേതിനേക്കാൾ മെച്ചമാണെന്ന അഭ്യൂഹത്തിന് വകനൽകുന്നു. എന്നാൽ 1964 ലെ തമിഴ്നാട്ട് സിലബസനുസരിച്ച് ഗദ്യപാഠങ്ങൾ ഭാഷാരീതികളുമായി വിദ്യാർത്ഥികളെ പരിചയപ്പെടുത്തുന്നതിനു പുറമേ നാളത്തെ പൗരന്മാരിൽ വിശാലവീക്ഷണവും ഉത്തനാശയഗതികളും വളത്താൻ ഉപകരിക്കണമെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.* പദ്യഭാഗങ്ങളാകട്ടെ, കുട്ടികളിൽ സൗന്ദര്യബോധവും കവിഭാവനയും വളർത്തുകയും നമ്മുടെ കവികളുടെ ഉത്തരകൃതികളുമായി അവരെ പരിചയപ്പെടുത്താൻ ഉതകുകയും വേണമെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. തെററു കൂടാത്ത ലളിതമായ ശൈലിയിൽ ഭാഷ കൈകാര്യം ചെയ്യാനുള്ള

* Supplement to Part II. Section III of Gaze dt 30-9-64. p 36.

കഴിവാണ് വ്യാകരണത്തിലും രചനയിലുംനിന്ന് പ്രതീക്ഷി ക്കുന്നതു്. കേരളാ സിലബസിൽ ഈ ലക്ഷ്യങ്ങൾക്കു പുറമേ സാഹിത്യചരിത്രത്തെക്കുറിച്ചും ഗ്രന്ഥകർത്താക്കളെക്കുറിച്ചും രൂപം നൽകാനും ഭാഷാപഠനം സഹായിക്കണമെന്ന് വ്യക്ത മാക്കിയിട്ടുണ്ടു്.

കേരളത്തിൽ 8, 9, 10 സ്റ്റാൻറാർഡുകളിൽ യഥാക്രമം 120, 120, 150 പേജാണ് ഗദ്യഭാഗത്തിനു് നൽകിയിരി ക്കുന്നതെങ്കിൽ തമിഴ്നാട്ടിൽ യഥാക്രമം, 100, 120, 150 പേജുകളാണ് നൽകിയിട്ടുള്ളതു്. എട്ടാം സ്റ്റാൻറാർഡിൽ ഉപന്യാസങ്ങൾ, ചെറുകഥകൾ, ജീവചരിത്രസംഗ്രഹങ്ങൾ, വിവരണങ്ങൾ മുതലായവ പാഠപുസ്തകത്തിൽ ഉൾപ്പെടാ മെന്നും ഒൻപതിൽ ഇവയ്ക്കുപുറമേ ഏകാങ്കങ്ങൾകൂടി ആകാ മെന്നും പത്തിൽ ഇവയുടെ എല്ലാം സമ്മിളിതരൂപമാകാ മെന്നും നിർദ്ദേശിച്ചിട്ടുള്ളതും രണ്ടു സംസ്ഥാനങ്ങൾക്കും പൊതുവേ ബോധകമാണ്.

കേരളത്തിലെ വിദ്യാലയങ്ങളിൽ ഹൈസ്കൂൾക്ലാസ്സുക ളിൽ യഥാക്രമം 350, 650, 800 വരി പദ്യംവീതവും തമി ഴ്നാട്ടിൽ യഥാക്രമം 500, 650, 700 വരി പദ്യംവീതവു മാണ് പൗരാണികം, മദ്ധ്യകാലം, ആധുനികം എന്നീ പദ്യ ശാഖകളെ പ്രതിനിധീകരിച്ച് പഠിക്കാനുള്ളതു്. കേരള ത്തിലെ ഓരോ ക്ലാസ്സിലും 200 വരിവീതം കാണാതെ പഠി ക്കുമ്പോൾ തമിഴ്നാട്ടിൽ 100 വരി വീതം മതിയാകും.

രണ്ടു സംസ്ഥാനങ്ങളിലും ഒന്നോ രണ്ടോ ഉപപാഠപുസ്ത കങ്ങൾ ഹൈസ്കൂൾക്ലാസ്സുകളിൽ ഒരോന്നിലും പഠിപ്പിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഈ പുസ്തകങ്ങൾ ചെറുകഥാസമാ ഹാരമോ ജീവചരിത്രമോ ആത്മകഥയോ ലഘുനോവലോ

നാടകമോ ഉപന്യാസസമാഹാരമോ ആകാമെന്നതിലും രണ്ടു സംസ്ഥാനങ്ങളും തമ്മിൽ ഐകരൂപ്യമുണ്ട്.

പൊതുവിൽ നോക്കുമ്പോൾ തമിഴ്നാട്ട് സിലബസിനേക്കാൾ കേരളാസിലബസിൽ കാണാൻ കഴിയുന്നതു് സാഹിത്യചരിത്രവും സാഹിത്യാസ്വാദനവും ഹൈസ്കൂൾഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നതാണ്. രണ്ടിടത്തും വ്യാകരണ, രചനാഭാഗങ്ങൾ ഏതാണ്ടു് ഒരുപോലെ തന്നെ. തമിഴ്നാട്ട്സിലബസിൽ പദ്യത്തിന് രണ്ടു പീരിയഡ്, ഗദ്യത്തിന് ഒന്ന്, രചനയ്ക്കു് ഒന്ന്, വ്യാകരണത്തിന് ഒന്ന്, ഉപപാഠപുസ്തകത്തിന് ഒന്ന് എന്നിങ്ങനെയാണ് പീരിയഡ് വിഭജിച്ചിട്ടുള്ളതു്. കേരളത്തിൽ ഇങ്ങനെ ഒരു വിഭജനം ഇല്ലെങ്കിലും പരീക്ഷാപദ്ധതിയുമായി ബന്ധപ്പെടുത്തി പാഠപുസ്തകം, വ്യാകരണം, സാഹിത്യചരിത്രം എന്നിവയ്ക്കായി നാല് പീരിയഡും ഉപപാഠപുസ്തകത്തിനും രചനയ്ക്കുമായി മൂന്ന് പീരിയഡും എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. ഏതെല്ലാം തരം ചോദ്യങ്ങളാണ് ഉൾപ്പെടുത്തേണ്ടതെന്ന് കേരളാസിലബസിൽ വ്യക്തമാക്കിയിട്ടുള്ളതു് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരനുഗ്രഹമാണ്.

ഒന്നാംഭാഷയുടെ സിലബസ് അപഗ്രഥിക്കുമ്പോൾ കാണാൻ കഴിയുന്നതു് കേരളത്തിലെ പത്തുവർഷ സ്കൂളിൽ നിന്നും തമിഴ്നാട്ടിലെ പതിനൊന്ന് വർഷസ്കൂളിൽനിന്നും പുറത്തുവരുന്ന വിദ്യാർത്ഥികളിൽനിന്നു പ്രതീക്ഷിക്കുന്ന നിലവാരം ഏതാണ്ടു് തുല്യമാണെന്നാണ്.

<u>ഇംഗ്ലീഷ്</u>

കേരളത്തിൽ ഇംഗ്ലീഷ് നിർബന്ധിത രണ്ടാംഭാഷയാണ്. തമിഴ്നാട്ടിൽ ഇതിനെ മൂന്നാംഭാഷയായി കണക്കാ

ക്കപ്പെട്ടിരിക്കുന്നു. ഇംഗ്ലീഷോ മറ്റേതെങ്കിലും ആധുനികയൂറോപ്യൻഭാഷയോ പഠിക്കാനാണ് തമിഴ്നാട്ടിൽ നിർദ്ദേശിക്കുന്നത്. എന്നാൽ കേരളത്തിൽ ഈ സൗകര്യം നൽകിയിട്ടില്ല. കേരളത്തിൽ ഇംഗ്ലീഷിനു് ആഴ്ചയിൽ ആറുപീരിയഡുവീതം നൽകുമ്പോൾ തമിഴ്നാട്ടിൽ ഏഴ് പീരിയഡ് വീതം ഉണ്ട്. ഇതിൽ ഒരു പീരിയഡ് തർജ്ജിമക്കായി നീക്കിവച്ചിരിക്കയാണ്. കേരളത്തിൽ ഇതിനു് മാതൃഭാഷാ പഠനത്തിനുള്ള സമയമാണ് നൽകിയിട്ടുള്ളത്. അങ്ങനെ നോക്കുമ്പോൾ രണ്ടിടത്തും തുല്യ പീരിയഡുകളാണ് നൽകിയിട്ടുള്ളതെന്നു് പറയാം.

കേരളത്തിലെ സെക്കൻററി സ്കൂളുകളിലെ ഇംഗ്ലീഷ് പഠനംകൊണ്ടുദ്ദേശിക്കുന്നത് ഭാഷ മനസ്സിലാക്കാനും ലളിതവും തെററില്ലാത്തതുമായ ഇംഗ്ലീഷ് എഴുതാനുള്ള കഴിവു നേടാനുമാണ്. ആദ്യത്തെ അഞ്ചു വർഷത്തെ ഇംഗ്ലീഷ് പഠനംകൊണ്ടു് 170 സ്ട്രക്ചറുകളും (ഘടന) 1250 ഓളം വാക്കുകളും പഠിക്കണം. തുടർന്നുള്ള മൂന്നു ക്ലാസ്സുകളിൽ 1500 പുതിയ വാക്കുകൾകൂടി പഠിക്കാൻ വ്യവസ്ഥചെയ്തിട്ടുണ്ട്. ഫൈനൽ ക്ലാസ്സിലെ ഇംഗ്ലീഷ്പഠനംകൊണ്ടു് ഇനി പറയുന്ന നേട്ടങ്ങൾ കൈവരുത്തണമെന്നാണ് കേരളാ സിലബസ് വ്യക്തമാക്കിയിരിക്കുന്നത്.*

a) സാധാരണവേഗതയിൽ ലളിതമായ ഇംഗ്ലീഷ് സംസാരിക്കുക, പടങ്ങളോ വസ്തുക്കളോ വിവരിക്കുക, ചെറിയ പ്രഭാഷണങ്ങൾ നടത്തുക.

b) ഒരു കഥയോ സംഭവമോ വിവരിക്കുക, സുഹൃത്തുക്കൾക്കും വ്യാപാരികൾക്കും എഴുത്തെഴുതുക.

c) ദിനപ്പത്രങ്ങൾ, നോവൽ സംഗ്രഹങ്ങൾ, യാത്രാവിവരണങ്ങൾ മുതലായവ വായിക്കുക.

---

* Syllabi for Secondary Schools. 1962, p. 44

d) തങ്ങളുടെ പരിചയപരിധിയിൽപ്പെട്ട വിഷയങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങളും പ്രസംഗങ്ങളും സംഭാഷണങ്ങളും മനസ്സിലാക്കുക.

തമിഴ്നാട്ട് സിലബസിൽ മൂന്നു മുതൽ എട്ടുവരെ സ്റ്റാൻറാർഡുകളിലായി 1750 വാക്കുകൾ പ്രത്യേകമായും സാന്ദർഭികമായും മനസ്സിലാക്കണമെന്നു് നിർദ്ദേശിച്ചിട്ടുണ്ടു്. ഹൈസ്കൂൾഘട്ടത്തിൽ ഇവയ്ക്കുപുറമെ 1250 ഓളം വാക്കുകൾകൂടി പഠിക്കാനും അവയോട്ട് ബന്ധപ്പെട്ട ശൈലികൾ മനസ്സിലാക്കാനും നിർദ്ദേശിച്ചിട്ടുണ്ടു്. എഴുത്തിലും സംസാരത്തിലും ലളിതവും തെററില്ലാത്തതുമായ ഇംഗ്ലീഷ് ഉപയോഗിക്കാനും പ്രയോഗക്ഷമമായ ഭാഷാശൈലി സ്വായത്തമാക്കാനും കുട്ടികളെ സജ്ജരാക്കുകയാണു് ഇംഗ്ലീഷ്പഠനത്തിന്റെ ലക്ഷ്യമെന്നു് 1964 ലെ തമിഴ്നാട്ട് ഗവണ്മെന്റ് നോട്ടിഫിക്കേഷനിൽ* കാണുന്നു.

രണ്ടു സംസ്ഥാനങ്ങളിലും മൂന്നാം സ്റ്റാൻറാർഡിലാണു് ഇംഗ്ലീഷുപഠനം ആരംഭിക്കുന്നതു്. തമിഴ്നാട്ടിലെ വിദ്യാർത്ഥികൾക്കു് ഒരു കൊല്ലം കൂടുതൽ കിട്ടുന്നതുകൊണ്ടു് അവരുടെ നിലവാരം സ്വാഭാവികമായി കേരളത്തിലേതിനെ അപേക്ഷിച്ചു് മെച്ചമായിരിക്കണം. സ്ട്രക്ചർരീതി രണ്ടു സംസ്ഥാനങ്ങളിലും സ്വീകരിച്ചിട്ടുണ്ടു്. കേരളത്തിൽ 125 സ്ട്രക്ചറുകളാണു് പട്ടികയായി കൊടുത്തിട്ടുള്ളതു്. തമിഴ്നാട്ട് സിലബസിൽ 97 സ്ട്രക്ചറുകളും അവയ്ക്കു പുറമേ 35 പേരജാളം വരുന്ന പുതിയ പദങ്ങളുടെ ഒരു പട്ടികയും കൊടുത്തിട്ടുണ്ടു്. എട്ടുവർഷത്തെ ഇംഗ്ലീഷുപഠനംകൊണ്ടു് കേരളത്തിലെ വിദ്യാർത്ഥികൾ 2500 വാക്കുകൾ ഉൾക്കൊള്ളു

* പേജ് 103

മ്പോൾ ഒൻപതു് വർഷംകൊണ്ടു് തമിഴ്നാട്ടിലെ വിദ്യാർത്ഥികൾ 3000 വാക്കുകൾ ഉൾക്കൊള്ളാനാണു് സാദ്ധ്യത. ഈ എണ്ണം സൂചിപ്പിക്കുന്നതു് തമിഴ്നാട്ടു്സിലബസ് കേരളത്തിലേതിനെക്കാൾ അല്പം മെച്ചമാണെന്നതാണു്.

ഭാഷാപഠനത്തിനു് ക്രമീകൃതപാഠങ്ങൾ നൽകുകയാണു് പാഠപുസ്തകത്തിൻെറ ഉദ്ദേശം. രസകരങ്ങളായ കഥകൾ, യാത്രാക്കുറിപ്പുകൾ, രാജ്യങ്ങളുടേയും സ്ഥലങ്ങളുടേയും വിവരണം, ധീരപ്രവൃത്തികൾ മുതലായവയ്ക്കു് പാഠപുസ്തകത്തിൽ സ്ഥാനം നൽകണമെന്നു് രണ്ടുസംസ്ഥാനങ്ങളിലേയും സിലബസിൽ വ്യക്തമാക്കിയിട്ടുണ്ടു്. കേരളാ സിലബസിൽ പാഠഭാഗത്തിനുശേഷം അഭ്യാസങ്ങൾ നൽകണമെന്നു് നിർദ്ദേശിച്ചിട്ടുണ്ടു്. തമിഴ്നാട്ടിലേതിൽ ഏതുതരം അഭ്യാസങ്ങൾ നൽകണമെന്നുകൂടി വ്യക്തമാക്കിയിട്ടുണ്ടു്. ഓരോ ക്ലാസ്സിലേയ്ക്കും ഗദ്യപാഠം എത്ര പേജുവീതം വേണമെന്നു് രണ്ടു സിലബസിലും പ്രത്യേകം നിഷ്കർഷിച്ചിട്ടില്ല.

എട്ടു്, ഒൻപതു് സ്റ്റാൻററാർഡുകളിൽ യഥാക്രമം 150, 200 വരി പദ്യം പഠിക്കണമെന്നും അവയിൽ 80, 100വരി വീതം കാണാതെ പഠിക്കണമെന്നും കേരളാസിലബസിൽ വ്യക്തമാക്കിയിട്ടുണ്ടു്. പത്താം സ്റ്റാൻററാർഡിൽ എത്ര വരി പഠിക്കണമെന്നു് പറഞ്ഞിട്ടില്ലെങ്കിലും 80 വരി കാണാതെ പഠിക്കണമെന്നു് നിർദ്ദേശിച്ചിട്ടുണ്ടു്. കാണാതെ പഠിക്കേണ്ട വരികളിൽ പകുതിയിലധികം അദ്ധ്യാപകൻെറ നിർദ്ദേശാനുസരണവും ബാക്കി സ്വന്തം നിലയിലും ആകണമെന്നും നിർദ്ദേശിച്ചിട്ടുണ്ടു്. പദ്യഭാഗത്തെപ്പററി തമിഴ്നാട്ടു് സിലബസിൽ പറയുന്നതു് അവ ലഘുവായിരിക്കണമെന്നും പാഠ്യഭാഗം തിരഞ്ഞെടുക്കുന്നതിനു് പഠിപ്പിക്കാനുള്ള സൗകര്യം പ്രത്യേകപരിഗണന ആയിരിക്കണമെന്നുമാണു്. കഥാകഥന

രീതിയിലുള്ളതോ വിവരണാത്മകമോ ആയ പദ്യഭാഗത്തിന് മൻതൂക്കം നൽകാനും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. പദാനുപദ തർജ്ജമയോ വിവരണമോ പദ്യഭാഗത്തിന് നൽകേണ്ടതി ല്ലെന്നും വ്യാകരണപ്രശ്നത്തെപ്പററി ചിന്തിക്കയേ വേണ്ടെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്.

നിശ്ശബ്ദം വേഗത്തിൽ വായിക്കാനും അർത്ഥം ഗ്രഹി ക്കാനും കുട്ടികൾക്ക് കഴിവുണ്ടാക്കിക്കൊടുക്കുകയാണ് ഉപ പാഠപുസ്തകത്തിൻെറ ധർമ്മം. കേരളാ സിലബസനുസരിച്ച് എട്ടും ഒൻപതും സ്റ്റാൻറാർഡുകളിൽ ഓരോ പുസ്തകവും പത്തിൽ, രണ്ടു പുസ്തകങ്ങളുമാണ് തിരഞ്ഞെടുക്കാൻ നിർദ്ദേ ശിച്ചിട്ടുള്ളതു്. തമിഴ്നാട്ടിലെ മൂന്ന് ക്ലാസ്സുകളിലും 100 മുതൽ 125 വരെ പേജുകൾ ആകെ വരുന്ന രണ്ടു പുസ്തകം വീതം പ്രിസ്ക്രൈബ് ചെയ്യാനാണ് വ്യവസ്ഥ. പുസ്തക ങ്ങളുടെ ഉള്ളടക്കത്തെ സംബന്ധിച്ചിടത്തോളം രണ്ടു സംസ്ഥാ നങ്ങൾക്കും യോജിപ്പാണുള്ളതു്. രണ്ടിടത്തും ഈ പുസ്തക ങ്ങൾ ഓരോ വർഷവും പുതുതായി തിരഞ്ഞെടുക്കപ്പെടുക യാണ്. വ്യാകരണ, രചനാഭാഗങ്ങളിൽ രണ്ടിടത്തേയും സിലബസ് തമ്മിൽ കാര്യമായ അന്തരമൊന്നുമില്ല. കേരളാ സിലബസിൽ സംഗ്രഹരചനയ്ക്ക് (Precis writing) സ്ഥാനം നൽകിയിട്ടില്ല. അതിനുപകരം കാര്യഗ്രഹണശേഷി പരി ശോധിക്കാനുള്ള എതാനും ചോദ്യങ്ങളാണ് നൽകുന്നതു്.

ഒരു സ്കൂൾഫൈനൽ വിദ്യാർത്ഥിയിൽനിന്നും തമിഴ് നാട്ടിൽ പ്രതീക്ഷിക്കുന്ന ഇംഗ്ലീഷിൻെറ നിലവാരം കേരള ത്തിലേതിൽനിന്ന് അൽപ്പം കൂടുതലാണെന്ന നിഗമനത്തി ലെത്താൻ സിലബസ്പഠനം വകനൽകുന്നു. ഒരു വർഷത്തെ അധികപഠനം കണക്കാക്കുമ്പോൾ ഈ നേട്ടം കാര്യമാക്കാനി-

ല്ലെങ്കിലും സെക്കൻററി ഘട്ടത്തിൻെറ അവസാനം കുറിക്കുന്ന പരീക്ഷയുടെ തോതാകയാൽ നിലവാരത്തിലുള്ള ഈ അന്തരം പരിഗണിക്കാതെ തരമില്ല.

ഹിന്ദി

വിദ്യാർത്ഥികളെ ഹിന്ദിഭാഷ വശമാക്കുന്നതിനും ഹിന്ദി സാഹിത്യത്തിലേക്കുള്ള വാതിൽ അവക്കായി തുറന്നു കൊടുക്കുന്നതിനുമാണ് കേരളത്തിലെ ഹിന്ദി പഠനം ലക്ഷ്യമാക്കുന്നതു്. തെററുകൂടാതെ ഹിന്ദി എഴുതുന്നതിനും ഹിന്ദിയിലെ ലഘുപുസ്തകങ്ങൾ വായിക്കുന്നതിനും ഈ പഠനം സഹായകമാകുമെന്നു് കരുതുന്നു.

കേരളത്തിൽ ഹിന്ദി നിർബന്ധിത മൂന്നാം ഭാഷയാണ്. തമിഴ്നാട്ടിൽ ഹിന്ദിയോ മറേറതെങ്കിലും ഭാരതീയ ഭാഷയോ രണ്ടാം ഭാഷയായി തിരഞ്ഞെടുക്കാനാണ് വ്യവസ്ഥ. രണ്ടു സംസ്ഥാനങ്ങളിലും മൂന്ന് പീരിയഡുവീതം പ്രതിവാരം ഹിന്ദിക്ക് നൽകിയിട്ടുണ്ടെങ്കിലും ഹിന്ദിയോടുള്ള മനോഭാവം തമിഴ്നാട്ടിൽ മോശമാണെന്നാക്ഷേപമുണ്ടു്.

ഹിന്ദിയിലെ പ്രതീക്ഷിത നിലവാരം കേരളത്തിലേതിനെ അപേക്ഷിച്ച് വളരെ താഴെയാണ് തമിഴ്നാട്ടിൽ. പുതിന്ന തലമുറ ഹിന്ദിയോടു കാട്ടുന്ന അവഗണനയയാണ് ഇതിനൊരു കാരണം. കേരളത്തിലെ കുട്ടികൾ അഞ്ചാം സ്റ്റാൻറാർഡുമുതൽ ഹിന്ദി പഠിക്കുമ്പോൾ തമിഴ്നാട്ടിലെ കുട്ടികൾ 9, 10, 11 സ്റ്റാൻറാർഡുകളിൽ മാത്രമാണ് പഠിക്കുക. **S. S. L. C.** പരീക്ഷയ്ക്കു ചേരുന്ന കേരളത്തിലെ വിദ്യാത്ഥി ആറുവർഷവും തമിഴ്നാട്ടിലെ വിദ്യാർത്ഥി മൂന്നു വർഷവുമാണ് ഹിന്ദി പഠനത്തിന് വിനിയോഗിക്കുന്നതെ

ന്നതുതന്നെ അവിടുത്തെ നിലവാരം ഏറ്റെക്കുറെ വ്യക്തമാക്കുമല്ലോ

9, 10, 11 സ്റ്റാൻറാർഡുകളിൽ യഥാക്രമം 60, 80, 100 പേജുകളുള്ള പുസ്തകമാണ് തമിഴ്നാട്ടിലെ കുട്ടികൾക്കു പഠിക്കാനുള്ളതെങ്കിൽ കേരളത്തിലെ ഇതിനു് സമാനമായ ക്ലാസ്സുകളിൽ 80, 100, 120 പേജുകളാണ് ഉള്ളതു്. പദ്യമാകട്ടെ തമിഴ്നാട്ടിലെ മൂന്നു ക്ലാസ്സുകളിൽ യഥാക്രമം 80, 150, 200 വരികളും കേരളത്തിൽ യഥാക്രമം 100, 190, 300 വരികളുമാണ് പ്രിസ്ക്രൈബ് ചെയ്തിട്ടുള്ളതു്. കാണാതെ പഠിക്കേണ്ട വരികളിൽ കാര്യമായ അന്തരം കാണുന്നില്ല.

കേരളത്തിൽ 8, 9, 10 സ്റ്റാൻറാർഡുകളിൽ യഥാക്രമം 40, 60, 100 പേജുകളുള്ള ഉപപാഠപുസ്തകം തിരഞ്ഞെടുത്തു് പഠിപ്പിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇവ കഥാസമാഹാരങ്ങളോ ഏകാങ്കങ്ങളോ ആകാമെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. തമിഴ്നാട്ട് സിലബസിൽ ഉപപാഠപുസ്തകങ്ങൾ ഒഴിവാക്കിയിരിക്കയാണ്. വ്യാകരണം, രചന എന്നിവയുടെ കാര്യത്തിലും കേരളത്തിന്റേതിനെ അപേക്ഷിച്ച് വളരെ പിന്നോക്കമാണ് തമിഴ്നാട്ടിലെ സിലബസ്സ്.

പൊതുവിൽ സിലബസിന്റെ അടിസ്ഥാനത്തിൽ തമിഴ്നാട്ടിലെ സ്കൂൾഫൈനൽ വിദ്യാർത്ഥിയിൽനിന്നു് പ്രതീക്ഷിക്കുന്നതിനേക്കാൾ വളരെ മെച്ചപ്പെട്ട നിലവാരമാണ് കേരളത്തിലെ വിദ്യാർത്ഥിയിൽനിന്നു് പ്രതീക്ഷിക്കുന്നതു് എന്നു് പറയാം.

കണക്ക്

അങ്കഗണിതം, ബീജഗണിതം, ക്ഷേത്രഗണിതം ഇവയുൾ

പ്പെട്ട ജനറൽ മാത്തമാററിക്സ് കേരളത്തിൽ നിർബന്ധിത പാഠ്യവിഷയമാണ്. തമിഴ്നാട്ടിൽ എലിമെൻററി മാത്തമാററിക്സ് പൊതുവിഷയവും 'ബീജഗണിതവും ക്ഷേത്രഗണിതവും' ഐച്ഛികവിഷയവുമാണ്.

കേരളത്തിലെ ജനറൽമാത്തമാററിക്സും തമിഴ്നാട്ടിലെ എലിമെൻററി മാത്തമാററിക്സും സിലബസുകൾ തുലനം ചെയ്താൽ താഴെപ്പറയുന്ന കാര്യങ്ങൾ വ്യക്തമാകുന്നതാണ്.

1. കേരളത്തിൽ പ്രതിവാരം 5 പീരിയഡ് ഉള്ളതിൻെറ സ്ഥാനത്ത് തമിഴ്നാട്ടിൽ 4 പീരിയഡേ നൽകിയിട്ടുള്ളൂ.

2. താത്വികക്ഷേത്രഗണിതത്തിന് കേരളത്തിൽ കാര്യമായ സ്ഥാനമുള്ളപ്പോൾ തമിഴ്നാട്ടിൽ അതിന് അല്പവും സ്ഥാനം നൽകിയിട്ടില്ല. ചില അനുസിദ്ധാന്തങ്ങളും നിയമങ്ങളും പ്രൂഫു കൂടാതെ പഠിപ്പിക്കാനാണ് തമിഴ്നാട്ട് സിലബസിൽ നിർദ്ദേശിച്ചിട്ടുള്ളത്.

3. കേരളാസിലബസിൽ അങ്കഗണിതം, ക്ഷേത്രഗണിതം, ബീജഗണിതം ഇവയ്ക്കു ഏതാണ്ട് തുല്യസ്ഥാനമാണുള്ളതെങ്കിൽ തമിഴ്നാട്ടിലേതിൽ അങ്കഗണിതമാണ് മുക്കാൽ ഭാഗവും.

4. കേരളാസിലബസിൽ ഉള്ളതിൽ കൂടുതലായി സമയവും ജോലിയും, സമയവും ദൂരവും, സ്റ്റോക്ക് എന്നിവയും ഗ്രാഫും സർവസമവാക്യങ്ങളുടെ ക്ഷേത്രഗണിത ചിത്രീകരണവും തമിഴ്നാട്ട് സിലബസിൽ കാണാൻ കഴിയും.

5. ബീജഗണിതത്തിലെ ഉ. സ. ഘ., ല. സ. ഗു. എന്നിവ; താത്വികക്ഷേത്രഗണിതം; ഇൻസർക്കിൾ, സർക്കംസർക്കിൾ, ടാൻജൻറ് എന്നിവയുടെ നിർമ്മിതി ഇവ തമിഴ്നാട്ട് സിലബസിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. കേരളാസിലബസ് 1962 ൽ പ്രഖ്യാപിച്ചിട്ടുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസരണമാണ്. തമിഴ്നാട്ടിൽ ഇത്തരം ലക്ഷ്യപ്രഖ്യാപനം നടത്തിയിട്ടില്ലാത്തതിനാൽ ആ തരം നിഗമനത്തിനു സാദ്ധ്യതയില്ല.

7. കേരളത്തിലെ 9-ം 10-ം സ്റ്റാൻറാർഡുകളിൽ അഡ്വാൻസ്ഡ് കോഴ്സിനു സ്വകര്യം നൽകിയിട്ടുണ്ട്. ഇതു് തമിഴ്നാട്ടിൽ 10-ം 11-ം സ്റ്റാൻറാർഡുകളിൽ ഐച്ഛികവിഷയമായുള്ള കണക്കിൻെറ ഭാഗവുമായി താരതമ്യപ്പെടുത്താം. രണ്ടിലും ബീജഗണിതത്തിനും ക്ഷേത്രഗണിതത്തിനുമാണ് പ്രാധാന്യം കല്പിച്ചിരിക്കുന്നതു്.

കേരളത്തിലെ സ്കൂൾലീവിംഗു് വിദ്യാൎത്ഥിയിൽനിന്നും കണക്കിനു പ്രതീക്ഷിക്കുന്ന നിലവാരം തമിഴ്നാട്ടിലേതിനെക്കാൾ മെച്ചമാണെന്നു് ഒരു തരത്തിൽ പറയാം. വ്യക്തമായ നിഗമനത്തിൽ എത്താൻ പററാത്തവിധം കോഴ്സുകളിൽ അന്തരമുണ്ടുതാനും. പ്രായോഗികതയും ജീവിതവുമായുള്ള ബന്ധവും കൂടുതൽ കാണുന്നതു് തമിഴ്നാട്ടു് സിലബസിലാണെന്നു പറയാം. താത്വികക്ഷേത്രഗണിതവും ചില നിർമ്മിതികളും മെച്ചപ്പെട്ട കുട്ടികൾക്കായി നീക്കിവച്ചിട്ടു് ഉപയോഗപ്രദമായ അങ്കഗണിതഭാഗങ്ങൾ കേരളാസിലബസിൽ ചേർക്കുന്നതു് ആശാസ്യമായ പരിവൎത്തനമായിരിക്കും. താത്വികക്ഷേത്രഗണിതം പാടേ ഉപേക്ഷിച്ചിരിക്കുന്നതു് തമിഴ്നാട്ടു സിലബസിൻെറ പോരായ്മയായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടു്. സമീപനം രണ്ടുവിധത്തിലാകയാൽ സിലബസിനെ മാത്രം അധികരിച്ചുള്ള നിഗമനം വസ്തുനിഷ്ഠമാകണമെന്നില്ല.

സയൻസ്

---

കണക്കിനെപ്പോലെ തന്നെയാണു് സയൻസിൻെറ

സ്ഥിതിയും. പീരിയഡ് വിഭജനവും കണക്കിന്റേതുപോലെ തന്നെ. സയൻസ്പഠനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കേരളാ സിലബസിൽ വ്യക്തമാക്കിയിട്ടുള്ളതു് അതിന്റെ ഒരു പ്രത്യേകതയായി കണക്കാക്കാം.

ഫിസിക്സ്, കെമിസ്ട്രി, ബയോളജി, നേച്ചർ സ്റ്റഡി ഡൊമസ്റ്റിക് സയൻസ്, എവരി ഡേ സയൻസ്, പബ്ലിക് ഹെൽത്തു് എന്നീ വിഷയങ്ങളുടെ സമ്മിളിതരൂപമാണു് കേരളത്തിലെ ജനറൽ സയൻസിൽ കാണുക. സയൻസ് പൊതുവിഷയമായും ഐച്ഛികവിഷയമായും തമിഴ്നാട്ടിൽ പഠിപ്പിക്കുന്നുണ്ട്.

വിഷയക്രമീകരണത്തിനു് രണ്ടിടത്തും പ്രത്യേക തത്വമൊന്നും കാണുന്നില്ല. പല പാഠഭാഗങ്ങളും ഏതു് ക്ലാസ്സിലേക്ക നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു എന്നതിലാണു് വ്യത്യാസമുള്ളതു്. മൂന്നു വർഷത്തെയും പാഠപദ്ധതിയുടെ ആകത്തുക കണക്കിലെടുത്താൽ സാധാരണ ത്രാസ്, കപ്പി, ആപ്പ് (wedge), പാരസൈററ്സ്, മാമൽസ്, പ്രഥമശുശ്രൂഷ, ഒടിവുകളും ചതവുകളും, കാലാവസ്ഥാപ്രവചനം, മത്സ്യം, കൃത്രിമ ശ്വാസോച്ഛ്വാസം, കാന്തകം, രോഗങ്ങൾ, ആരോഗ്യത്തെ ബാധിക്കുന്ന മാനസികഘടകങ്ങൾ, മുറിവുകൾക്കും പൊള്ളലുകൾക്കും ഉള്ള ശുശ്രൂഷ, മോഹാലസ്യം എന്നീ തലക്കെട്ടുകൾ (topics) തമിഴ്നാട്ടു് സിലബസിൽ ഒഴിവാക്കിയിരിക്കുന്നതായി കാണാം. കേരളാസിലബസിൽ ഇല്ലാത്ത യാതൊരു പാഠഭാഗവും തമിഴ്നാട്ടു് സിലബസിൽ കൂടുതലായില്ലതാനും.

ഹൈസ്ക്കൂൾക്ലാസ്സുകളിൽ സയൻസ് പഠിപ്പിക്കുന്നതിനാവശ്യമായ ഉപകരണങ്ങളുടെയും പരീക്ഷണങ്ങളുടെയും

പട്ടിക തമിഴ്നാട്ട് സിലബസിൽ കാണാൻ കഴിയും. പാഠഭാഗം ബോധനയൂണിററുകളായി വിഭജിച്ചിട്ടുള്ളതും അതിന്റെ പ്രത്യേകതയായി കണക്കാക്കാം.

കേരളത്തിലെ 9-ം 10-ം സ്റ്റാൻഡാർഡുകളിൽ സയൻസിനു് അഡ്വാൻസ്ഡു് കോഴ്സ് നൽകാൻ വ്യവസ്ഥയുണ്ടു്. അതിനു പകരം തമിഴ്നാട്ട് സിലബസിൽ 10-ം 11-ം സ്റ്റാന്റാർഡുകളിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ഇവ ഐച്ഛികവിഷയങ്ങളിലുൾപ്പെടുത്തിയിട്ടുണ്ടു്. ഇവ രണ്ടുംകൂടി കണക്കിലെടുത്താൽ സയൻസ് സിലബസിൽ കാര്യമായ അന്തരമുണ്ടെന്നു തോന്നുന്നില്ല.

ആധുനികശാസ്ത്രവിജ്ഞാനത്തിനു് രണ്ടു് സിലബസിലും പ്രത്യേകപരിഗണന നൽകിക്കാണുന്നില്ല. ഏതാനും പീരിയഡുകൾ ഇതിനായി നീക്കിവയ്ക്കുകയോ പാഠപുസ്തകത്തിനും സിലബസിനും സപ്ലിമെൻറു് ഇറക്കുകയോ ചെയ്തു് സമകാലീനവിജ്ഞാനം കുട്ടികൾക്കു് പകർന്നുകൊടുക്കാൻ വ്യവസ്ഥ ചെയ്യണം. നിലവാരം രണ്ടിടത്തേതും ഏതാണ്ടു് ഒന്നുപോലെ തന്നെന്നു പറയാം.

<u>സോഷ്യൽസ്റ്റഡീസ്</u>

ചരിത്രവും ഭൂമിശാസ്ത്രവും രണ്ടു് പ്രത്യേക പൊതുവിഷയങ്ങളായിട്ടാണു് തമിഴ്നാട്ടിൽ കരുതപ്പെടുന്നതു്. ഇതിനു പകരമായി കേരളത്തിൽ കാണുന്നതു് ചരിത്രം, ഭൂമിശാസ്ത്രം, പൗരധർമ്മം, സാമ്പത്തികശാസ്ത്രം, രാഷ്ട്രതന്ത്രം എന്നിവയുടെ സമാഹൃതരൂപമാണു്. സോഷ്യൽസ്റ്റഡീസ് എന്ന പേരിൽ ഇതൊരു നിർബന്ധിതവിഷയമാണു് കേരളത്തിൽ. ഇതിനു് പ്രതിവാരം 5 പീരിയഡുള്ളപ്പോൾ ചരിത്രത്തിനും ഭൂമിശാസ്ത്രത്തിനും 2 പീരിയഡ് വീതമാണു് തമിഴ്നാട്ടിൽ നൽകിയിട്ടുള്ളതു്.

പ്രത്യേക താൽപ്പര്യവും കഴിവും ഉള്ള വിദ്യാർത്ഥികൾക്കായി 9-ാം 10-ാം സ്റ്റാൻററാർഡുകളിൽ അഡ്വാൻസ്ഡ് കോഴ്സ് നൽകാൻ കേരളത്തിൽ വ്യവസ്ഥയുണ്ട്. തമിഴ്നാട്ടിലാകട്ടെ ചരിത്രത്തിനു മാത്രമേ ഐച്ഛികവിഷയങ്ങളുടെ പട്ടികയിൽ സ്ഥാനം നൽകിയിട്ടുള്ളൂ. സോഷ്യൽസ്റ്റഡീസിൻെറ പഠനോദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും വിവരിച്ചിട്ടുള്ളതു് കേരളാ സിലബസിൻെറ പ്രത്യേകതയാണ്.

പഴയ സംവിധാനത്തിൽ തന്നെയാണ് തമിഴ്നാട്ട് സിലബസിൽ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതു്. കേരളത്തിലാകട്ടെ ജനാധിപത്യത്തിൻെറ വളർച്ച, നാം എങ്ങനെ ഭരിക്കപ്പെടുന്നു, നമ്മുടെ സാമ്പത്തികപ്രശ്നങ്ങൾ, സാമ്പത്തികസമത്വത്തിനുവേണ്ടി മനുഷ്യൻെറ ശ്രമങ്ങൾ, സംസ്കാരത്തിൻെറ പുരോഗതി, മനുഷ്യജീവിതത്തിൽ മതത്തിനുള്ള സ്വാധീനം, ഇന്ത്യയിലെ സംസ്ഥാനങ്ങൾ എന്നിങ്ങനെയുള്ള പാഠ്യവിഷയങ്ങളാണ് അവതരിപ്പിക്കപ്പെടുന്നതു്. ഇവയിൽ ചിലതെല്ലാം തമിഴ്നാട്ട് സിലബസിലും കാണാമെങ്കിലും ആധുനികീകരണത്തിന്റെ മെച്ചം കേരളത്തിനുതന്നെയാണ്. സങ്കരവിഷയമായി ഇതു് പഠിപ്പിക്കുന്നതിനെക്കുറിച്ച് അഭിപ്രായവ്യത്യാസങ്ങളുണ്ടാകാം. എങ്കിലും കാലത്തിനൊത്ത ഒരു പരിഷ്കാരമായി അതിനെ കണക്കാക്കാമെന്നു് തോന്നുന്നു.

പ്രയോഗക്ഷമതയിലും ജീവിതവുമായുള്ള ബന്ധത്തിലും കേരളാ സിലബസാണ് മെച്ചമെന്നു് തോന്നുന്നു. നിലവാരത്തെ സംബന്ധിച്ച് വ്യക്തമായ നിഗമനം ഈ വിഷയത്തിൻെറ കാര്യത്തിലും പ്രയാസമാണ്.

കായികവിദ്യാഭ്യാസം, സന്മാർഗ്ഗപാഠങ്ങൾ മുതലായവ താരതമ്യപഠനത്തിൻെറ പരിധിയിൽ, അവ പൊതുനില

വാരമുണ്ടാകേണ്ട വിഷയങ്ങളല്ലാത്തതിനാൽ, ഉൾപ്പെടുത്തിയിട്ടില്ല.

## നിഗമനങ്ങൾ

പാഠ്യവിഷയങ്ങളുടെ മൊത്തം പരിഗണനയിൽ 11 വർഷ തമിഴ്നാട്ട് വിദ്യാർത്ഥിക്ക് സ്കൂൾഫൈനൽക്ലാസ്സിൽ പ്രതീക്ഷിക്കുന്ന നിലവാരം 10 വർഷ കേരളാ വിദ്യാർത്ഥിയെക്കാൾ വളരെയൊന്നും മെച്ചമാണെന്ന് പറയുകവയ്യ. തമിഴ്നാട്ടിലെ ഇംഗ്ലീഷ് നിലവാരം കേരളത്തിലേതിനേക്കാൾ മെച്ചമാണെങ്കിൽ ഒന്നാംഭാഷയുടേത് ഏതാണ്ട് തുല്യവും ഹിന്ദിയുടേത് കേരളത്തിൽ വ്യക്തമായും മെച്ചവും ആണ്. സയൻസിനും കണക്കിനും തമിഴ്നാട്ടിൽ പ്രായോഗിക വശത്തിന് മുൻഗണന നൽകുന്നെങ്കിൽ സോഷ്യൽ സ്റ്റഡീസിന് കേരളത്തിലാണ് സമീപനം. തമിഴ്നാട്ടിലെ കണക്കിലെ പ്രയോജനപ്രദങ്ങളായ ചില ഭാഗങ്ങൾ കേരളം പകർത്തുകയും കേരളത്തിൻെറ സാമൂഹ്യപാഠക്രമീകരണം തമിഴ്നാട്ട് അനുകരിക്കയും ചെയ്യുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. ഹിന്ദിയോടുള്ള പ്രതികൂല മനോഭാവമാണതിന്റെ നിലവാരം തമിഴ്നാട്ടിൽ വളരെ മോശമാകാൻ കാരണം. അഡ്വാൻസ്ഡ്കോഴ്സ് കടലാസിൽ മാത്രം നില്ക്കാതിരുന്നാൽ കേരളത്തിലെ വിദ്യാർത്ഥികൾക്ക് മെച്ചമെന്നപോലെയാണ് തമിഴ്നാട്ടിലെ ഐച്ഛികസമ്പ്രദായത്തിന്റെ കാര്യവും. പ്രത്യേക വിഷയങ്ങളുടെ അപഗ്രഥനം സൂചിപ്പിക്കുന്നതു് പൊതുനിലവാരത്തിൽ രണ്ട് സംസ്ഥാനങ്ങളും തമ്മിൽ വലിയ അന്തരമില്ലെന്നാണ്.

★

## 14. പരീക്ഷാസമ്പ്രദായം

വിദ്യാഭ്യാസമണ്ഡലത്തിൽ പരീക്ഷകൾക്ക് കാര്യമായ സ്ഥാനം ഉണ്ടായതു് ഇന്നും ഇന്നലെയുമല്ല. വിദ്യാർത്ഥികൾ എന്തു് പഠിക്കണമെന്ന് മുതിന്ന തലമുറ ആഗ്രഹിച്ചിരുന്നോ, അവ നേടിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ പണ്ടുകാലം മുതലേ പരീക്ഷകൾ ഉപയോഗപ്പെടുത്തിപ്പോന്നു. കുട്ടികളുടെ കഴിവുകൾക്കനുസൃതമായ ബോധനരീതികളാണോ സ്വീകരിക്കപ്പെടുന്നതു് എന്ന് നിർണ്ണയിക്കാനും പരീക്ഷകൾ ഉപയോഗപ്പെടാറുണ്ടു്. കുട്ടികളുടെ കഴിവിനും നേട്ടത്തിനും അനുസരണമായി അവർക്ക് ക്ലാസ്സ്കയററം നൽകുന്നതിനുള്ള പ്രധാന ഉപാധിയും പരീക്ഷ തന്നെയായിരുന്നു. ഇക്കാലത്താകട്ടെ ഉദ്യോഗനിയമനങ്ങൾക്കും സ്കോളർഷിപ്പുകൾ നൽകുന്നതിന് യോഗ്യതയുള്ളവരെ തിരഞ്ഞെടുക്കുന്നതിനുമെല്ലാം പലതരം പരീക്ഷകൾ ഉപയോഗപ്പെടുത്തി വരുന്നുണ്ടു്. ക്ലാസ്സുപരീക്ഷകളും വർഷാവസാനപരീക്ഷകളും സർവസാധാരണമാണ്. അവയുടെ ഉപയോഗ്യതയെപ്പററിയും വ്യക്തമായ ധാരണ ജനങ്ങൾക്കുണ്ടുതാനും.

കാലാകാലങ്ങളിൽ നിശ്ചയിക്കപ്പെട്ടിരുന്ന പാഠപദ്ധതിക്കനുസരണമായി അദ്ധ്യാപകർ തന്നെയാണ് മിക്കക്ലാസ്സുകളിലും പരീക്ഷ നടത്താറ് പതിവ്. ഇവയെ ആന്തരികപരീക്ഷകൾ എന്നാണ് പറയുന്നതു്. ഇവ എഴുത്തുപരീക്ഷകളോ വാചാപരീക്ഷകളോ ആകാം. ബുദ്ധിപരീക്ഷകളോ സിദ്ധിപരീക്ഷകളോ ആകാം അവ. ഇവയിൽനിന്ന് വ്യത്യസ്തമായി ബാഹ്യമായി ചോദ്യക്കടലാസ്സുകൾ തയാറാക്കുകയും

പരീക്ഷ നടത്തുകയും ചെയ്യുന്ന പല ഏജൻസികളും ഉണ്ട്. ഇവയെ ബാഹ്യപരീക്ഷകൾ എന്നാണ് പറയുന്നത്. സിലബസ്, ചോദ്യരീതി, ഉത്തരക്കടലാസ് പരിശോധന ഇവയെല്ലാം നിജപ്പെടുത്തിയിട്ടുള്ള പരീക്ഷകളെ പൊതുപരീക്ഷകൾ എന്നു പറയാറുണ്ട്. ആന്തരികപരീക്ഷകൾക്കും പൊതുപരീക്ഷകൾക്കും അതാതിന്റേതായ നേട്ടങ്ങളും കോട്ടങ്ങളും ഉണ്ട്. വിദ്യാഭ്യാസത്തിന്റെ ഏതെങ്കിലും ഘട്ടത്തിന്റെ അവസാനത്തിലാണ് പൊതുപരീക്ഷകൾ സാധാരണയായി നടത്തപ്പെടുന്നത്.

കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസഘട്ടത്തിൽ ആകെയുള്ള പൊതുപരീക്ഷ പത്താം സ്റ്റാന്റാർഡിന്റെ അവസാനമുള്ള S.S.L.C. പരീക്ഷയാണ്. ഹൈസ്കൂൾഘട്ടത്തിന്റെ അന്ത്യം കുറിക്കുന്ന ഈ പരീക്ഷ പാസ്സായാലേ പ്രീഡിഗ്രി കോഴ്സിലേക്ക് പ്രവേശനം നൽകുകയുള്ളു. മിക്ക തൊഴിലുകൾക്കും ഇതു് മിനിമം യോഗ്യതയായി അംഗീകരിച്ചിട്ടുമുണ്ട്. അങ്ങനെ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് S.S.L.C. പരീക്ഷ.

മുൻകാലങ്ങളിൽ ഒന്നിലധികം ബാഹ്യപരീക്ഷകൾ സ്കൂൾഘട്ടത്തിൽ ഉണ്ടായിരുന്നതായി കാണാം. മൂന്നാം ഫാറത്തിന്റെ (മിഡിൽസ്കൂൾ ഘട്ടത്തിന്റെ) അവസാനം ഇംഗ്ലീഷ് മിഡിൽ സ്കൂൾ സർട്ടിഫിക്കററ് (E. M. S) പരീക്ഷ നടത്തിയിരുന്നു. സംസ്ഥാന വിദ്യാഭ്യാസവകുപ്പിന്റെ ചുമതലയിലാണിതു് നടത്തിപ്പോന്നതു്. ഇടക്കാലത്തു് ഡിസ്ട്രിക്ററടിസ്ഥാനത്തിലും പിന്നീട് വിദ്യാഭ്യാസ സബ്ജില്ലാ അടിസ്ഥാനത്തിലും ഇതൊരു പൊതുപരീക്ഷയായി നടത്തിനോക്കി. ഇന്നാകട്ടെ ഏഴാം സ്റ്റാൻററാർഡിന്റെ അവസാനം ഒരു പൊതുപരീക്ഷ വേണമെന്ന ആവശ്യത്തിനു് വളരെ പ്രാധാന്യം ലഭിച്ചിട്ടുണ്ടെങ്കിലും അങ്ങനെയൊന്നില്ല തന്നെ.

നാലാം ക്ലാസ്സിൻെറ അവസാനം കുറിച്ചതും കുറേക്കാലം ഒരു പൊതുപരീക്ഷയായിരുന്നു. അതും പില്ക്കാലത്തു് വേണ്ടെന്നു വയ്ക്കുകയാണു് ചെയ്തതു്. വെർണാക്കുലർ സ്കൂളുകൾ നിലവിലിരുന്ന കാലത്തു് ഏഴാം ക്ലാസ്സിൽ V. S. L. C. യും ഒൻപതാം ക്ലാസ്സിൽ M. H. C. യും പരീക്ഷകൾ പൊതുപരീക്ഷകളായി നടത്തിപ്പോന്നു.

1951 നു മുൻപു് E. S. L. C. എന്നാണു് സ്കൂൾഫൈനൽ പരീക്ഷ അറിഞ്ഞിരുന്നതു്. ഇംഗ്ലീഷ് സ്കൂൾ ലീവിംഗ് സർട്ടിഫിക്കററു് പരീക്ഷ എന്നായിരുന്നു അതിൻെറ മുഴുരൂപം. അന്നു് രണ്ടുതരം സ്കൂളുകൾ നിലവിലിരുന്നതുകൊണ്ടു് ആ പേരിനു് സാംഗത്യമുണ്ടായിരുന്നു. ഇന്നാകട്ടെ ഒരുതരം സ്കൂളുകളേയുള്ളു. അതുകൊണ്ടു് സെക്കൻററി സ്കൂൾ ലിവിംഗ് സർട്ടിഫിക്കററു് പരീക്ഷ (S. S. L. C.) എന്നാണറിയപ്പെടുന്നതു്. 1949 ലെ തിരു: കൊച്ചി സംയോജനത്തെത്തുടർന്നു് രൂപംകൊണ്ട യൂണിഫൈഡു് സ്കീമാണു് ഈ പേരു് നിർദ്ദേശിച്ചതു്. ഘടനയിലും ഉള്ളടക്കത്തിലും മററും പലേ പരിവർത്തനങ്ങളും ഉണ്ടായെങ്കിലും ഇന്നും S. S. L. C. പരീക്ഷയെന്നാണിതു് വിളിക്കപ്പെടുന്നതു്.

പൊതുപരീക്ഷകൾ നിശ്ചിതസിലബസിൻെറ അടിസ്ഥാനത്തിൽ ചോദ്യങ്ങൾ തയാറാക്കിയാണു് നടത്തുക. അതതു് കാലത്തു് നിലനിന്നിരുന്ന സിലബസിനെയാണു് ചോദ്യക്കടലാസ്സുകൾ പ്രതിനിധീകരിക്കുക. പ്രതീക്ഷിത നിലവാരത്തിൻെറ ഏകകമാണു് ചോദ്യക്കടലാസ്സ് എന്നു പറയാം. വിദ്യാഭ്യാസലക്ഷ്യങ്ങളിലുള്ള വ്യതിയാനം പരീക്ഷാരീതിയിലും മാററങ്ങൾ വരുത്തിയിട്ടുണ്ടു്. വിദ്യാഭ്യാസത്തിൻെറ ഘടനയും പരീക്ഷാസംവിധാനത്തിൽ മാററങ്ങൾ വരുത്താൻ കാരണമായിട്ടുണ്ടു്. ഡാഃ ബഞ്ചമിൻ ബ്ലൂമിന്റെ

നേതൃത്വത്തിൽ ഒരു സംഘം വിദഗ്ദ്ധന്മാരുടെ ശ്രമഫലമായി പരീക്ഷാരീതി പാടേ മാറിയിട്ടുണ്ട്. 'ടാക്സോണമി ഗ്രൂപ്പ്' (Taxonomy group) എന്നറിയപ്പെടുന്ന ഈ സംഘം ഭാരതം സന്ദർശിക്കുകയും ബന്ധപ്പെട്ട ആളുകളുമായി ചർച്ചകൾ നടത്തുകയും ചെയ്തതിൻെറ ഫലമായി ന്യൂടൈപ്പ് ചോദ്യങ്ങൾ ധാരാളമായി നമ്മുടെ പരീക്ഷക്കടലാസ്സുകളിൽ ഉൾപ്പെടുത്തിത്തുടങ്ങി. വൈജ്ഞാനിക മേഖല, വൈകാരികമേഖല പ്രവൃത്തിമേഖല എന്നിങ്ങനെ മൂന്നായി വിദ്യാലയപ്രവർത്തനങ്ങളെ തിരിച്ച് അവയെല്ലാം വിലയിരുത്തപ്പെടണമെന്ന് നിർദ്ദേശിക്കപ്പെട്ടതു് ഈ കാലത്താണ്. 1964 മാർച്ച് മുതൽ ന്യൂടൈപ്പ് ചോദ്യങ്ങൾ S. S. L. C. പരീക്ഷയിൽ അധികമധികം ഉപയോഗിച്ചുവരുന്നു. ഈ സമീപനം വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്താൻ പര്യാപ്തമാവുമെന്ന് കരുതപ്പെടുന്നു.

കേരളത്തിലെ പരീക്ഷാസമ്പ്രദായത്തെക്കുറിച്ചുള്ള പഠനം രസകരങ്ങളായ പലേ വിവരങ്ങളും നൽകുമെന്നതുകൊണ്ട് അതും ഈ പഠനത്തിൻെറ ഭാഗമായി നടത്തിയതിൻെറ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1934 ൽ 1351 ആൺകുട്ടികളും 126 പെൺകുട്ടികളും പഴയ സ്കീമിലും 2231 ആൺകുട്ടികളും 426 പെൺകുട്ടികളും പുതിയ സ്കീമിലും E. S. L. C. പരീക്ഷയ്ക്കു ചേർന്നതായി വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൻെറ ഭരണറിപ്പോർട്ടിൽ രേഖപ്പെടുത്തിക്കാണുന്നു. പുതിയ പദ്ധതിയനുസരിച്ചുള്ള E. S. L. C. പരീക്ഷ 1934 മാർച്ചിലാണ് ആദ്യമായി നടത്തിയതെന്നും അതിൽ പഴയതിനെ അപേക്ഷിച്ച് വിജയ

ശതമാനവും വിദ്യാർത്ഥികളുടെ നേട്ടവും കുറവായിരുന്നു എന്നും റിപ്പോർട്ടിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്.[1]

1936 മാർച്ചിലെ E. S. L. C. പരീക്ഷ ചില പുതുമകൾ ഉൾക്കൊണ്ടിരുന്നതായി ഭരണറിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. 1936 ലെ E. S. L. C. പരീക്ഷയിൽ ചരിത്രവും ഇംഗ്ലീഷും ഒഴികെയുള്ള വിഷയങ്ങളിൽ ന്യൂടൈപ്പ് ചോദ്യങ്ങളായിരിക്കും കൂടുതൽ എന്ന് പ്രഥമാദ്ധ്യാപകർക്ക് നിർദ്ദേശം നൽകിയതായും അതനുസരിച്ച് പ്രസ്തുത പരീക്ഷ നടത്തിയതായും റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. യൂണിവേഴ്സിററി പഠനത്തിന് പ്രവേശനം ലഭിക്കാൻ ഇംഗ്ലീഷിനു 40% മാർക്ക് ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തതും 1936 ലായിരുന്നു.[2]

1936 ലെ സിലബസിൽ ഇംഗ്ലീഷിനു $2\frac{1}{2}$ മണിക്കൂർ വീതമുള്ള രണ്ട് പേപ്പർ ഉണ്ടായിരിക്കുമെന്നും ആദ്യത്തേതിൽ പാഠപുസ്തകത്തെ അധികരിച്ച് വ്യാകരണം, ശൈലി, വിശദീകരണങ്ങൾ, പദങ്ങൾ മുതലായവയുമായി ബന്ധപ്പെട്ട ചോദ്യങ്ങളുണ്ടായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിരുന്നു. ഗദ്യഭാഗങ്ങളും പദ്യങ്ങളും കാണാതെ പഠിക്കുന്നതിന് കുട്ടികൾക്കുള്ള കഴിവ് പരിശോധിക്കാനുതകുന്ന ചോദ്യങ്ങൾ ഒന്നാംപേപ്പറിൽ ഉണ്ടാകുമെന്ന് വ്യക്തമാക്കിയിരുന്നു. ഉപപാഠപുസ്തകത്തെ ആസ്പദമാക്കിയും അല്ലാതെയും രചന, പരാവർത്തനം മുതലായവയിലൂടെ ലളിതവും തെററില്ലാത്തതുമായ ശൈലിയിൽ ഇംഗ്ലീഷ് എഴുതുന്നതിനുള്ള കഴിവ് പരിശോധിക്കുകയാണ് രണ്ടാം പേപ്പറിന്റെ ഉന്നമെന്നും സിലബസിൽ രേഖപ്പെടുത്തിയിരുന്നു. രണ്ടാംഭാഷയ്ക്കും രണ്ടര

1. Admn Report. Govt of Travancore. 1109 M. E. p. 75.
2. „ „ 1110 M. E. p. 5.

മണിക്കൂർ വീതമുള്ള രണ്ടുപേപ്പറുകൾ ഉണ്ടായിരിക്കുമെന്നും അമ്പതു് മാർക്കുവീതം ആയിരിക്കുംപരമാവധി എന്നും കണക്കു് സയൻസ്, ചരിത്രം, ഭൂമിശാസ്ത്രം ഇവയ്ക്കു് മൂന്നു് മണിക്കൂർ വീതമുള്ള ഓരോ പേപ്പർ—ആകെ മാർക്കു് 100 – മാത്രമേ കാണുകയുള്ളുവെന്നും പ്രത്യേകം രേഖപ്പെടുത്തിയിരുന്നു.[1] ഈ വ്യവസ്ഥകൾക്കനുസരണമായി 1936 ൽ പരീക്ഷയ്ക്കു ചേന്ന 4341 പേരിൽ 2160 പേർ വിജയികളായി.

1937 ലെ പരീക്ഷയുടെ പ്രത്യേകത പബ്ലിക് പരീക്ഷയിൽ വിജയശതമാനം കുറവായ വിദ്യാലയങ്ങളിൽ പ്രത്യേക വിഷയങ്ങൾ കൈകാര്യം ചെയ്യുവരോടും ഹെഡ്മാസ്റ്റർമാരോടും റിസൾട്ട് മോശപ്പെടുന്നതിനു് സമാധാനം ബോധിപ്പിക്കാൻ ആവശ്യപ്പെട്ടു എന്നതാണു്.[2] 1941 ൽ E. S. L. C പരീക്ഷ പാസാകുന്നതിനു് ഇംഗ്ലീഷിനു് 40–ം രണ്ടാം ഭാഷയ്ക്കു് 35–ം മററു മൂന്നു് ഭാഷേതരവിഷയങ്ങൾക്കു് 33 മാർക്കു് വീതവുമാണു് വേണ്ടിയിരുന്നതു്.[3] 1941 മാർച്ചിൽ ആകെ 5677 പേർ E. S. L. C. പരീക്ഷയ്ക്കു് ചേന്നതായി കാണുന്നു.

1946 ൽ അദ്ധ്യയനമാദ്ധ്യമം മലയാളമാക്കിയും ഐച്ഛികവിഷയങ്ങൾ ഏർപ്പെടുത്തിയും വിദ്യാഭ്യാസം നവീകരിച്ചു. അന്നുവരെയും ക്ലാസ്സുപരീക്ഷകളിൽ നിശ്ചിതയോഗ്യത കാണിക്കാതിരുന്ന വിദ്യാർത്ഥികളെ പരീക്ഷയ്ക്കു് അയയ്ക്കാതെ തടഞ്ഞുവയ്ക്കാതിരുന്ന രീതി ഉടനടി നിറുത്തലാക്കിയതു് ഈ വർഷത്തെ ഒരു പ്രധാന പരിഷ്ക്കാരമായി ഭരണറിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. 1948 ൽ ഐച്ഛിക സമ്പ്ര

1. S. S. L. C. Syllabus 1936.
2. Admn. Report. 1112 M. E. p. 74.
3. Admn. Report. 1116 M. E. p. 72.

ദായത്തിൽ ആദ്യബാച്ച് പരീക്ഷയ്ക്കെഴുതുന്നതിന് തൊട്ടു മുൻപ് 11258 ആൺകുട്ടികളും 4105 പെൺകുട്ടികളും E. S. L. C. പരീക്ഷയ്ക്ക് ചേർന്നതായും അവരിൽ 5731 ആൺകുട്ടികളും 2097 പെൺകുട്ടികളും വിജയിച്ചതായും ഭരണറിപ്പോർട്ടിൽ കാണുന്നു. 1948 ലെ E. S. L. C. പരീക്ഷയിൽ പരാജിതരായവർക്ക് മൂന്ന് ചാൻസുകൂടി നൽകാൻ തീരുമാനിച്ചതു് പ്രത്യേക പരിഗണന നൽകി റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.[1]

ഐച്ഛികസമ്പ്രദായത്തിലുള്ള E. S. L. C. പരീക്ഷ 1949 മാർച്ചിലാണ് ഇദംപ്രഥമമായി നടത്തിയതു്. 50 ലും ഈ രീതി തുടർന്നു. ഇതിനിടെ തിരു:കൊച്ചി സംയോജനം നടന്നതിന്റെ ഫലമായി ഒരു യൂണിഫൈഡ് സ്കീം ഏർപ്പെടുത്തി. ഇതനുസരിച്ചുള്ള ആദ്യപരീക്ഷ 1952 മാർച്ചിൽ 239 കേന്ദ്രങ്ങളിൽവച്ച് നടത്തിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.[2] തൻവർഷം 19577 ആൺകുട്ടികളും 8853 പെൺകുട്ടികളും ഉൾപ്പെടെ 28430 പേർ S. S. L. C. പരീക്ഷയ്ക്ക് ചേർന്നിരുന്നു. 1953 ൽ ഈ സംഖ്യ 56436 ആയി വർദ്ധിച്ചു.

1953 ലെ സെക്കൻററി എഡ്യൂക്കേഷൻ കമ്മിഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ തിരു:കൊച്ചിയിലെ പ്രൈമറി, സെക്കൻററി വിദ്യാലയങ്ങളിലെ പാഠ്യപദ്ധതി പരിശോധിക്കുന്നതിനും പരിഷ്ക്കാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി 1954 ൽ പതിനാറംഗങ്ങളുള്ള ഒരു സമിതി രൂപീകരിക്കപ്പെട്ടു. വിദ്യാഭ്യാസഡയറക്ടർ അദ്ധ്യക്ഷനായുള്ള പ്രസ്തുത കമ്മററി ക്രാഫ്ററ് അടിസ്ഥാനമാക്കിയുള്ള ഒരു

1. Admn. Report 1123 M. E. p. 3.
2. ,, ,, 1951–52. p. 9.

പുതിയ പാഠ്യപദ്ധതി രൂപീകരിക്കാൻ ശുപാർശ ചെയ്തതിന്റെ ഫലമായി തെരഞ്ഞെടുക്കപ്പെട്ട ചില സ്കൂളുകളിൽ അഞ്ചാംഫാറത്തിൽ സാങ്കേതികവിഷയങ്ങൾകൂടി പഠിപ്പിച്ചുതുടങ്ങി. അഗ്രിക്കൾച്ചർ, കോമേഴ്സ്, പ്രിൻറിംഗ്ടെക്നോളജി, വയർമെൻ കോഴ്സ്, നീഡിൽവർക്ക്, ടെയിലറിംഗ്, ഡൊമസ്റ്റിക് സയൻസ് എന്നിവയിൽ ഏതെങ്കിലും ഒന്നോ അതിലധികമോ ചില സ്കൂളുകളിൽ പഠിപ്പിച്ചുതുടങ്ങി.

കേരളസംസ്ഥാന രൂപീകരണത്തെത്തുടർന്ന് S. S. L. C. പരീക്ഷയ്ക്ക് ചേരുന്നവരുടെ സംഖ്യ ക്രമാതീതമായി വർദ്ധിക്കയുണ്ടായി. 1958 മാർച്ചിൽ 68311 പേരാണ് S. S. L. C. പരീക്ഷയ്ക്ക് ചേന്നത്. 1959 മാർച്ചിൽ ഐച്ഛികസമ്പ്രദായത്തിൽ പഠിച്ചകുട്ടികളാണ് പുതിയ സ്കീം അനുസരിച്ച് പരീക്ഷയ്ക്ക് ചേന്നതെങ്കിൽ 1960 മാർച്ചിൽ ഐച്ഛികസമ്പ്രദായത്തിൽ തോററ കുട്ടികളും പുതിയ കുട്ടികളും പരീക്ഷക്ക ചേരുകയുണ്ടായി. 1961 ആയപ്പോഴേക്കും പരീക്ഷയ്ക്ക് ചേന്നവരുടെ സംഖ്യ 86623 ആയി വർദ്ധിച്ചു. ഇംഗ്ലീഷിനും പ്രാദേശികഭാഷക്കും 40 % വും മററെല്ലാ വിഷയങ്ങൾക്കും 35 % വുമാണ് ജയിക്കാൻ വേണ്ട മാർക്കെന്ന് അക്കൊല്ലം വ്യവസ്ഥ ചെയ്യപ്പെട്ടു.

1962 ലെ സിലബസനുസരിച്ച്* മലയാളത്തിനും ഇംഗ്ലീഷിനും 50 മാർക്കും രണ്ടുമണിക്കൂറും വീതമുള്ള രണ്ടു പേപ്പറുകളും ഹിന്ദിക്ക് 100 മാർക്കും രണ്ടരമണിക്കൂറുമുള്ള ഒരു പേപ്പറും മതിയാകുമെന്ന് നിർദ്ദേശിച്ചിരുന്നു. ജനറൽ മാത്തമാററിക്സ്, ജനറൽ സയൻസ്, സോഷ്യൽസ്റ്റഡീസ്

---

* Syllabi for Secondary Schools 1962. p vii

എന്നിവയ്ക്കു് രണ്ടു മണിക്കൂർ വീതമുള്ള രണ്ടു പേപ്പർ വീതമാണെന്നും ഓരോന്നിനും അൻപതു മാർക്കുവീതമാകാമെന്നും നിർദ്ദേശിച്ചിരുന്നു. കൂടാതെ അഡ്വാൻസ്ഡ് കോഴ്സെടുക്കുന്ന ഓരോ വിഷയത്തിനും രണ്ടു മണിക്കൂർ ദൈർഘ്യമുള്ള ഓരോ പേപ്പർ വയ്ക്കാമെന്നും അതിന്റെ മാക്സിമം മാർക്കു് 50 വീതമായിരിക്കുമെന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ അഡ്വാൻസ്ഡ് കോഴ്സ് ഉപരിപഠനത്തിനു് പ്രയോജനപ്പെടുമെങ്കിലും അതിന്റെ മാർക്കു് കാളേജ് പ്രവേശനത്തിനു് പരിഗണിക്കപ്പെടുകയില്ലെന്നും പ്രസ്തുത സിലബസിൽ ആദ്യഭാഗത്തുതന്നെ വ്യക്തമാക്കിയിരുന്നു.[1]

ഭാഷാവിഷയങ്ങളിൽ പത്താം സ്റ്റാൻറാർഡിലെ പാഠപുസ്തകത്തിൽനിന്നു മാത്രമേ ചോദ്യങ്ങൾ ഉണ്ടാകൂ എന്നും ഭാഷേതരവിഷയങ്ങൾക്കു് ഒൻപതും പത്തും സ്റ്റാൻറാർഡുകളിലെ പാഠഭാഗങ്ങളിൽ നിന്നും ചോദ്യമുണ്ടാകുമെന്നും സ്പഷ്ടമാക്കിയിരുന്നു. ഭാഷേതരവിഷയങ്ങളിൽ ഓരോന്നിനും ഏതേതുഭാഗങ്ങൾ ഓരോ പേപ്പറിലും ഉൾപ്പെടുത്തുമെന്നു് മുൻകൂട്ടി പറയുക സാദ്ധ്യമല്ലെന്നും രണ്ടു പേപ്പറും ഒരേ ദിവസം നടത്തുന്നതാണെന്നും നിർദ്ദേശങ്ങളിൽ വ്യക്തമാക്കിയിരുന്നു.[2]

ഇംഗ്ലീഷ്, മലയാളം എന്നിവയിൽ ഒന്നാംപേപ്പറിൽ ഉപന്യാസരീതിയിലുള്ള ചോദ്യങ്ങൾ 35% മാർക്കിനും ചെറിയഖണ്ഡികകളിൽ ഉത്തരമെഴുതാനുള്ള ചോദ്യങ്ങൾ 35% മാർക്കിനും ന്യൂടൈപ്പ് ചോദ്യങ്ങൾ 30% മാർക്കിനും ഉണ്ടായിരിക്കുമെന്നും രണ്ടാംപേപ്പറിൽ ഉപന്യാസരീതിയിലുള്ള ചോദ്യങ്ങൾ 60% മാർക്കിനും ചെറുചോദ്യങ്ങൾ 40% മാർക്കിനും

1. പേജ് iii
2. പേജ് viii

ഉണ്ടാകുമെന്നും 1962 ലെ സിലബസിൽ സൂചിപ്പിച്ചിരുന്നു. ഹിന്ദിക്കാകട്ടെ 40% മാർക്കിന് ഉപന്യാസരീതിയിലുള്ള ചോദ്യങ്ങളും 30% മാക്കിന് ചെറുചോദ്യങ്ങളും ശേഷിച്ച 30% മാക്കിന് ന്യൂടൈപ്പ് ചോദ്യങ്ങളും ആയിരിക്കുമെന്നും പ്രസ്താവിച്ചിരുന്നു. കണക്കിലുള്ള ചോദ്യങ്ങളെല്ലാം തന്നെ ന്യൂടൈപ്പ് ആയിരിക്കുമെന്നും സയൻസ്, സോഷ്യൽസ്ററഡീസ് ഇവയിൽ 40% ന്യൂടൈപ്പ് ചോദ്യങ്ങളും ബാക്കി ഉപന്യാസരീതിയിലുള്ള ചോദ്യങ്ങളോ ചെറുചോദ്യങ്ങളോ ആയിരിക്കുമെന്നും സിലബസിൽ തുടർന്ന് വ്യക്തമാക്കിയിരുന്നു.

ആധുനികമൂല്യനിർണ്ണയ പ്രവണതകൾ നമ്മുടെ വിദ്യാഭ്യാസരംഗത്തു് കൂടുതലായി ഉപയോഗിച്ചു വരുന്നതിൻെറ സൂചനകളാണ് പരീക്ഷാസമ്പ്രദായത്തിൻെറ ചരിത്രം പരിശോധിച്ചാൽ കാണുന്നതു്. മൂല്യനിർണ്ണയം ഒരു തുടർപ്രക്രിയയാണെന്നും അതു് വിദ്യാഭ്യാസപ്രക്രിയയിലെ ഒരു പ്രധാന കണ്ണിയാണെന്നും വിദ്യാഭ്യാസോദ്ദേശ്യങ്ങളുമായി അതിന്ന് നേരിട്ടു ബന്ധമുണ്ടെന്നും പരക്കെ സമ്മതിച്ചു കഴിഞ്ഞിട്ടുണ്ടു്.

ചോദ്യക്കടലാസുകൾ തയാറാക്കുന്നവക്കു് പ്രത്യേക പരിശീലനം നൽകി അവരുടെ കഴിവ് വർദ്ധിപ്പിക്കുക, നേടിയിട്ടുള്ള വിജ്ഞാനത്തിൻെറ തോതുമാത്രം പരിശോധിക്കാതെ പ്രായോഗികതലത്തിൽ അതു് ഉപയോഗപ്പെടുത്തുന്നതിനുള്ള കഴിവു കൂടി പരിശോധിക്കുക, ഉത്തരക്കടലാസുകൾ വസ്തുനിഷ്ഠമായി വിലയിരുത്തുന്നതു് ഉറപ്പുചെയ്യുക, കഴിയുമെങ്കിൽ ഈ സമ്പ്രദായം യന്ത്രവൽക്കരിക്കുക തുടങ്ങിയ നിർദ്ദേശങ്ങളാണ് ബാഹ്യപരീക്ഷകൾ മെച്ചപ്പെടുത്തുന്നതി

നായി കോഠാരിക്കമ്മീഷൻ* നിർദ്ദേശിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട ഏതാനും പേർക്ക് 66 സെപ്റ്റംബറിലും 67 ജനുവരിയിലു മായി പരിശീലനം നൽകുകയുണ്ടായി. ഈ നയം തുടർന്നു പോകുന്നത് സംസ്ഥാനത്തെ പരീക്ഷാസമ്പ്രദായം മെച്ചപ്പെ ടുത്താൻ സഹായിക്കാതിരിക്കയില്ല.

★

* പേജ് 246

## 15. ചോദ്യക്കടലാസ്സുകളുടെ വിശകലനം

**S. S. L. C.** പരീക്ഷാചോദ്യങ്ങൾ സംഭരിക്കുന്നതിനു നടത്തിയ ആത്മാർത്ഥമായ ശ്രമഫലമായി 1960 മുതൽ പിറകോട്ട് 1949 മാർച്ച് വരെയുള്ളവ സംഭരിക്കാൻ കഴിഞ്ഞു. അതുകൊണ്ട് 1949 മുതൽ 1966 വരെ (രണ്ടു വർഷവുമുൾപ്പെടെ) ഉള്ള ചോദ്യങ്ങളാണ് അപഗ്രഥനത്തിന് വിധേയമാക്കിയിട്ടുള്ളത്. മാർച്ച്, സെപ്റ്റംബർ എന്നിങ്ങനെ രണ്ടു പ്രാവശ്യം പരീക്ഷ നടത്താറുണ്ടെങ്കിലും മാർച്ചിലെ പരീക്ഷാചോദ്യങ്ങൾ മാത്രമേ ഈ വിശകലനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളു. പാഠ്യവിഷയങ്ങൾ അപഗ്രഥിച്ച ക്രമംതന്നെയാണ് ഇവിടെയും സ്വീകരിച്ചിട്ടുള്ളത്.

### 1. മലയാളം

1949 മുതൽ 1959 വരെ 2 മണിക്കൂർ വീതമുള്ള രണ്ടു പേപ്പറുകളാണ് മലയാളത്തിനുണ്ടായിരുന്നത്. ഓരോന്നിനും പരമാവധി 50 മാർക്ക് വീതമെന്നും നിശ്ചയിച്ചിരുന്നു. 1960 മുതൽ 1963 വരെ സമയവും പേപ്പറിന്റെ എണ്ണവും പഴയ പോലെയായിരുന്നെങ്കിലും മാർക്ക് ഓരോ പേപ്പറിനും 100 ആയി വർദ്ധിപ്പിക്കയുണ്ടായി. 1964 ൽ ഇതു് വീണ്ടും 50 മാർക്ക് വീതമായി കുറവു ചെയ്യപ്പെട്ടു.

1949 മുതൽ 1959 വരെ **S. S. L. C.** പരീക്ഷയ്ക്കു ചേർന്നവർ രണ്ടു പേപ്പറിലും ഉപന്യാസരീതിയിലുള്ള ഉത്തരങ്ങളായിരുന്നു എഴുതേണ്ടിയിരുന്നത്. ഒന്നാം പേപ്പറിൽ 8 മാർക്കിനുള്ള ഒരു ചോദ്യവും 4 മാർക്ക് വീതമുള്ള രണ്ടു ചോദ്യങ്ങളും രണ്ടാം പേപ്പറിൽ 12 മാർക്കുള്ള ഒരു ചോദ്യവും

6 മാർക്ക് വീതമുള്ള രണ്ടു് ചോദ്യങ്ങളും ആണുണ്ടായിരുന്നതു്. ഒന്നാം പേപ്പറിൽ വ്യാകരണചോദ്യങ്ങൾക്കു് 10 മാർക്കും രണ്ടാം പേപ്പറിൽ 10 മാർക്കു് തർജ്ജിമയ്ക്കും 6 മാർക്കു് പരാവർത്തനത്തിനും 4 മാർക്കു് ശൈലികളും പഴഞ്ചൊല്ലിനുമായും നീക്കിവച്ചിരുന്നു. വാക്കർത്ഥം, പദ്യാർത്ഥം, ചെറുചോദ്യങ്ങൾ, സന്ദർഭവിശദീകരണം, പദ്യം കാണാതെ എഴുതൽ എന്നിവയാണു് ഒന്നാം പേപ്പറിൽ ഉൾപ്പെട്ടത്തിയിരുന്ന മററിനം ചോദ്യങ്ങൾ. ന്യൂടൈപ്പു് ചോദ്യങ്ങളും ധാരണ പരിശോധിക്കുന്ന ചോദ്യങ്ങളും അക്കാലത്തു് ചോദ്യക്കടലാസ്സിൽ സ്ഥാനം പിടിച്ചിരുന്നില്ല.

പദ്യാർത്ഥത്തിനു് 1959 വരെ 50 ൽ 8 മാർക്കു് നൽകിയിരുന്നതു് 1960 ൽ 7 മാർക്കായി മാറി. അതും ഒരു പദ്യത്തിനു്. പക്ഷെ ആകെ മാർക്കു് 100 ആയിരുന്നതു് കണക്കിലെടുക്കുമ്പോൾ പദ്യാർത്ഥത്തിനുള്ള സ്ഥാനം കുറവുചെയ്തതായി കാണാം. അലങ്കാരത്തിനു് രണ്ടു വർഷവും 2 മാർക്കു് വീതമാണു് നൽകിയതു്. പദങ്ങളുടെ അർത്ഥത്തിനു് മുമ്പുണ്ടായിരുന്ന 6 %, 2 % ആയി കുറവുചെയ്തു. 1959 വരെ ഒരു പദ്യം കാണാതെ എഴുതാനുണ്ടായിരുന്നതു് 1960ൽ രണ്ടാക്കി വർദ്ധിപ്പിച്ചു. അതിനു് നൽകിയിരുന്ന മാർക്കു് കുറവുചെയ്യുകയും ചെയ്തു. ഓർമ്മശക്തിക്കുള്ള പ്രത്യേക പരിഗണന ഒഴിവാക്കാനാണു് മാർക്കു് കുറവുചെയ്തതെന്നു പറയാം. സന്ദർഭം വിശദീകരിക്കാൻ മുൻകൊല്ലങ്ങളിൽ 16 % മാർക്കു് നൽകിയതു് 10 % ആയി കുറവുചെയ്തു. ചെറു ചോദ്യങ്ങൾക്കു് 1960 ൽ 8 % മാർക്കു് നൽകാൻ വ്യവസ്ഥ ചെയ്തിരുന്നു. ഉപന്യാസരീതിയിലുള്ളവയ്ക്കു് 32 % മാർക്കു് നൽകിവന്നതു് 44% ആക്കി 1960 ൽ വർദ്ധിപ്പിച്ചു. ശരിയായ വാക്കു് തിരിച്ചറിയുക, വാചകങ്ങൾ തിരുത്തിയെഴുതുക, ശൈലികൾ

പ്രയോഗിക്കുക എന്നിവയും 1960 ലെ ഒന്നാംപേപ്പറിൽ ഉൾക്കൊള്ളിച്ചിരുന്നു.

രണ്ടാം പേപ്പറിൽ ഉപപാഠപുസ്തകങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് നൽകിവന്ന 52% മാർക്ക് നിലനിർത്തിക്കൊണ്ടുതന്നെ തർജ്ജമക്ക് നൽകിവന്ന 20% , 16% ആയി കുറവു ചെയ്തു പരാവർത്തനം, പഴഞ്ചൊല്ലിന്റെ വിശദീകരണം, ശൈലികൾ എന്നിവ ഒഴിവാക്കി പകരം ഉപന്യാസവും സംഗ്രഹവും യഥാക്രമം 20% -ം 16% -ം മാർക്ക് നൽകി ചോദ്യക്കടലാസ്സിൽ ഉൾപ്പെടുത്തി. ഈ പാറേറൺ 1963 മാർച്ചുവരെ തുടർന്നുപോയി.

1964 മാർച്ചിലെ ചോദ്യപേപ്പർ വ്യക്തമായ വ്യതിയാനങ്ങൾ ദൃശ്യമാക്കി. പദ്യാർത്ഥമെഴുതുന്നതിനു "ചോയിസ്" നൽകി വന്നതു് നിർത്തലാക്കി. 2 പദ്യങ്ങളുടെ അർത്ഥം എഴുതുന്നതിനു 1964 ലും 1965 ലും 4 മാർക്ക് വീതവും 1966ൽ 5 മാർക്കും നൽകി. വൃത്തവും അലങ്കാരവും നിർണ്ണയിക്കുന്നതിനു് യഥാക്രമം 4, 4, 2½ മാർക്കാണു് നീക്കിവച്ചതു്. 2 പദ്യഭാഗം കാണാതെ എഴുതാൻ 64 ലും 65 ലും 4 മാർക്ക് നൽകിവന്നതു് 66 ൽ ഒരു പദ്യഭാഗത്തിനു 3 മാർക്ക്‌ ആയി മാററി. സന്ദർഭം വിവരിച്ചു് ആശയം വിവരിക്കുന്ന ചോദ്യങ്ങൾക്കു കൂടുതൽ പ്രാധാന്യം നൽകിയതും ഒററ വാക്കിൽ ഉത്തരമെഴുതാവുന്ന ചോദ്യങ്ങൾ ഉൾപ്പെടുത്തിയതും ഈ പുതിയ രീതിയുടെ പ്രത്യേകതകളാണു്. ½ മാർക്കുവീതമാണു് ഓരോന്നിനും നൽകിയതു്. 4 ഖണ്ഡിക എഴുതാൻ 8 മാർക്കും ഒരുപന്യാസത്തിനു 8 മാർക്കും നിശ്ചയിച്ചിരുന്നു. ശൈലികളുടെ അർത്ഥം, ശരിയായ വാക്കു് കണ്ടുപിടിക്കൽ, വാചകം തിരുത്തൽ മുതലായവയും ചോദ്യക്കടലാസ്സിൽ ഉൾപ്പെടുത്തപ്പെട്ടു. 1964 ൽ ഇദംപ്രഥമമായി മൾട്ടിപ്പിൾ ചോയിസ്

ചോദ്യങ്ങൾ ഉൾപ്പെടുത്തി. സന്ധിയും സമാസവുമാണ് വ്യാകരണഭാഗത്തു നിന്നും ചോദ്യക്കടലാസ്സിൽ ഉണ്ടായിരുന്നതു്.

രണ്ടാം പേപ്പറിൽ സാധാരണ ചോദ്യങ്ങൾക്കുപുറമേ ധാരണാശേഷി (comprehension) പരിശോധിക്കുന്നതിനുള്ള ചോദ്യങ്ങളും ഉൾപ്പെടുത്തിയിരുന്നു 1964 ൽ. ഇതിനു് 5 മാർക്കും ഒരു പഴഞ്ചൊല്ലിലെ ആശയം വ്യക്തമാക്കുന്നതിനുള്ള 5 മാർക്കും ഉൾപ്പെടെ ഒരു ഉപന്യാസചോദ്യത്തിന്റെ ചോയിസ് ആയിട്ടാണ് 1964 ൽ നൽകിയതു്. 1960 മുതൽ നിർത്തിവച്ചിരുന്ന പരാവർത്തനം വീണ്ടും ഉൾക്കൊള്ളിച്ചു. 1964, 65 വർഷങ്ങളിൽ തർജ്ജമക്കു് 16% ആയിരുന്നതു് 1966ൽ 20% ആയി വർദ്ധിപ്പിച്ചു. 1966ൽ ധാരണാശേഷിക്കുള്ള ചോദ്യം ഉപന്യാസചോദ്യത്തിനു് ചോയിസ് ആയിരുന്നില്ല, പ്രത്യേകചോദ്യംതന്നെയായിരുന്നു.

ചോദ്യങ്ങൾ അപഗ്രഥിച്ചതിൽനിന്നും വ്യക്തമാകുന്നതു് അടുത്ത കാലത്തുള്ള ചോദ്യക്കടലാസ്സുകളിൽ അറിവ് ഉപയോഗപ്പെടുത്താനുള്ള കഴിവ്, മുൻകൂട്ടി കണ്ടിട്ടില്ലാത്ത ഖണ്ഡികകളിലെ കാര്യം ഗ്രഹിക്കൽ, തെററു കൂടാതെ വാചകങ്ങൾ എഴുതുന്നതിനുള്ളശേഷി, ശരിയായ പദപ്രയോഗം നിർണ്ണയിക്കാനുള്ള കഴിവ്, ആശയങ്ങൾ അടുക്കായും ചിട്ടയായും സമാഹരിക്കാനുള്ള ശേഷി എന്നിവ ആണ് പ്രധാന ലക്ഷ്യങ്ങൾ എന്നാണ്. ന്യൂടൈപ്പ് ചോദ്യങ്ങളുടെ ആധിക്യം പാഠഭാഗം മുഴുവൻ പഠിക്കാൻ പ്രേരണ നൽകുന്നു. ചോയിസിന്റെ എണ്ണം കുറവ് ചെയ്തതു് പാഠഭാഗം വിശദമായി പഠിക്കാൻ അവസരം നൽകുന്നു. പുതിയ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായിട്ടാണ് ഇപ്പോഴത്തെ ചോദ്യക്കടലാസ്സുകൾ തയാറാക്കിയിട്ടുള്ളതു്. അതായതു്, ഒരു പക്ഷേ മുൻ

പിലത്തേക്കാളും മെച്ചമല്ല ഇപ്പോഴത്തെ പ്രതീക്ഷിതനില വാരമെങ്കിലും പഴയതിൽനിന്നു് ഒട്ടും കുറവല്ല അതു് എന്നു് കാണാം. പൊതുപരീക്ഷാചോദ്യക്കടലാസ്സ് വിദ്യാഭ്യാസ ത്തിലെ പ്രതീക്ഷിതനിലവാരത്തിൻെറ തോതാണെങ്കിൽ ഇന്നത്തെ സ്കൂൾഫൈനൽ വിദ്യാർത്ഥികളിൽനിന്നും പ്രതീ ക്ഷിക്കുന്ന നിലവാരം ഒരു പക്ഷ മെച്ചമല്ലെങ്കിലും തൃപ്തിക രമാണെന്നു് പറയാം.

## 2. ഇംഗ്ലീഷ്

1949 മുതൽ 66 വരെയുള്ള വർഷങ്ങളിൽ രണ്ടു മണി ക്കൂർ വീതമുള്ള രണ്ടു പേപ്പറുകൾ വീതമാണു് ഉണ്ടായിരു ന്നതു്. ഓരോ പേപ്പറിനും 50 മാൎക്ക് വീതമാണു് നിശ്ചയി ച്ചിരുന്നതു്. ഈ ഘട്ടം മുഴുവനും ഇംഗ്ലീഷിനു് നിർബന്ധിത രണ്ടാംഭാഷയുടെ സ്ഥാനമായിരുന്നു.

1949 മുതൽ 63 വരെ ഒരേ തരത്തിലുള്ള ചോദ്യങ്ങ ളാണു് പരീക്ഷക്കടലാസ്സിൽ ഉൾപ്പെടുത്തിയിരുന്നതു്. പാഠ പുസ്തകത്തേയും വ്യാകരണത്തേയും ആശ്രയിച്ചുള്ളതായിരുന്നു ഒന്നാംപേപ്പർ; ചോദ്യങ്ങൾ അധികവും ഉപന്യാസരീതി യിലുള്ളവയും. ഒന്നു മുതൽ ഒന്നര പേജുവരെ ഉത്തരമെഴുതാ നുള്ള ഒരു ഉപന്യാസവും ഒരു പേജിൽ എഴുതാനുള്ള ഒരു ഉപന്യാസവും സ്ഥിരചോദ്യങ്ങളായിരുന്നു. ഇവയ്ക്കു് യഥാ ക്രമം 14 മുതൽ 16 വരെയും 10 മുതൽ 12 വരെയും ശത മാനം മാൎക്ക് നീക്കിവച്ചിരുന്നു. ഇവയ്ക്കുപുറമേ ഒരു ഖണ്ഡി കയിലോ നാലോ അഞ്ചോ വാചകങ്ങളിലോ ഉത്തരമെഴുതാ നുള്ള ചോദ്യങ്ങളും പതിവായി ഉൾപ്പെടുത്തിയിരുന്നു. പദ്യം കാണാതെ എഴുതുക, സന്ദർഭം വിവരിച്ചു് ആശയം വിശദമാ ക്കുക എന്നിവയും വ്യാകരണചോദ്യങ്ങളും സാധാരണമായി

രുന്നു. വാക്കുകളും ശൈലികളും വാചകങ്ങളിൽ പ്രയോഗി ക്കാനും ഒരു ജോടി വാക്കുകൾ തമ്മിലുള്ള വ്യത്യാസം വാച കങ്ങളിൽ പ്രയോഗിച്ച് വ്യക്തമാക്കാനും ആവശ്യപ്പെട്ടു പോന്നു.

രണ്ടാം പേപ്പറിനും ചോദ്യങ്ങൾക്ക് ഒരു പ്രത്യേകപാ റേറൺ ഉണ്ടായിരുന്നു. നോൺഡീറ്റെയിൽഡിനെ ആശ്ര യിച്ച് രണ്ടുമുതൽ രണ്ടരവരെ പേജിൽ ഉപന്യസിക്കാനുള്ള രണ്ടു ചോദ്യങ്ങൾക്ക് 40 മുതൽ 48 വരെ ശതമാനം മാർക്ക് നിശ്ചയിച്ചിരുന്നു. എഴുത്തെഴുതുക, പഴഞ്ചൊല്ലിലെ ആശയം വ്യക്തമാക്കുക പൊതുവിഷയത്തെ സംബന്ധിച്ച ഉപന്യാസം എഴുതുക എന്നിവ മററ് മൂന്നിനം ചോദ്യങ്ങളായിരുന്നു. പരാ വർത്തനവും സംഗ്രഹവും ഇടക്കിടെ ചോദ്യക്കടലാസ്സിൽ ഉൾ പ്പെടുത്തിയിരുന്നു.

1964 മാർച്ചിൽ 62 ലെ സിലബസിൽ നിർദ്ദേശിച്ച തനുസരിച്ചുള്ള ചോദ്യരീതിയാണ് സ്വീകരിച്ചിരുന്നതു്. കൂടു തലായി ന്യൂടൈപ്പ് ചോദ്യങ്ങൾ ഉൾപ്പെടുത്താൻ തുടങ്ങി യതു് ഈ വർഷത്തിന്റെ പ്രത്യേകതയായിരുന്നു. വാക്കുകൾ പ്രത്യേകമായും സാന്ദർഭികമായും മനസ്സിലാക്കുക, ശരിയായ വാക്കുകളും വാചകങ്ങളും ശൈലികളും തിരിച്ചറിയുക, പുതിയ ഖണ്ഡിക (unseen passage) കളിലെ ആശയം മന സ്സിലാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾക്ക് മുൻതൂക്കം നൽകി ക്കൊണ്ടു് ഓർമ്മശക്തിയെ പിൻതള്ളാനുള്ള ശ്രമവും ഈ ചോദ്യക്കടലാസ്സിൽ കാണാൻ കഴിയും. ഒന്നാംപേപ്പറിലെ ഉത്തരങ്ങളുടെ ദൈർഘ്യം പരമാവധി നാലോ അഞ്ചോ വാച കങ്ങളായിരുന്നെങ്കിൽ രണ്ടാം പേപ്പറിലേതു് ഒരു ഖണ്ഡിക യായിരുന്നു.

1963 വരെയും പദ്യം കാണാതെ എഴുതുന്നതിനു്

ചോയിസ് നൽകിയിരുന്നു. 64 ൽ അതു് നിർത്തലാക്കുകയും 8 % മാർക്ക് അതിനായി നീക്കിവയ്ക്കുകയുംചെയ്തു. 1966 ൽ ഇതു് 6 % മായി കുറവുചെയ്തു. ഉപന്യാസരീതിയിലുള്ള ചോദ്യങ്ങൾക്കുപകരം രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തര മെഴുതാനുള്ള എട്ടോ പത്തോ ചോദ്യങ്ങൾ ചോദ്യക്കടലാസ്സിൽ ഉൾപ്പെടുത്തി. സന്ദർഭം വിവരിച്ച് ആശയം വിശദമാക്കാനുള്ള ചോദ്യം രണ്ടായി വിഭജിച്ച് ഒന്നിൽ സന്ദർഭം മാത്രവും മററതിൽ ആശയം മാത്രവും ആവശ്യപ്പെട്ടുതുടങ്ങി. ഇത്തരം അഞ്ചു ചോദ്യങ്ങൾ ഉൾപ്പെടുത്താനും തുടങ്ങി. അര മാർക്ക് വീതമുള്ള 'ആസ് അല്ലെങ്കിൽ എന്തു്' എന്ന രീതിയിലുള്ള ചോദ്യങ്ങളും ചോദ്യക്കടലാസ്സിൽ സ്ഥാനംപിടിച്ചു. ഇവയ്ക്കു പുറമേ വ്യാകരണചോദ്യങ്ങളും ഉൾപ്പെടുത്താറുണ്ടു്. ധാരണാശേഷിപരിശോധിക്കുന്നതിനു് പാഠപുസ്തകത്തിലെ ഒരു ഭാഗം നൽകി അതുമായി ബന്ധപ്പെട്ട ഏതാനും ചെറുചോദ്യങ്ങൾ ചോദിക്കുന്ന രീതിയാണു് സ്വീകരിച്ചിട്ടുള്ളതു്.

രണ്ടാംപേപ്പറിലാകട്ടെ, ഒരു ഖണ്ഡികയിൽ ഉത്തരമെഴുതാനുള്ള ഒരു ചോദ്യമാണു് നൽകുന്നതു്. നോൺഡീററയിൽഡിൽനിന്നും പതിനാറു് ചെറുചോദ്യങ്ങൾ നൽകി അവയിൽനിന്നും പത്തെണ്ണത്തിനു് ചുരുങ്ങിയ വാചകങ്ങളിൽ ഉത്തരമെഴുതുന്നതിനു് 15 മാർക്ക് നീക്കി വയ്ക്കുന്നുണ്ടു്. തന്നിട്ടുള്ള ഔട്ട്‌ലൈൻ വികസിപ്പിച്ച് ഒരു കഥ തയാറാക്കുന്നതിനു് പത്തുമാർക്ക് നീക്കിവച്ചിരിക്കുന്നു. ഒരു എഴുത്തു് എഴുതാനും പരിചിതമല്ലാത്ത ഒരു ഖണ്ഡികയെ ആസ്പദമാക്കി ഏതാനും ചോദ്യങ്ങൾക്കു് ഉത്തരം എഴുതാനുള്ളതുമാണു് ഈ പേപ്പറിലെ മററു ചോദ്യങ്ങൾ.

ഇന്നത്തെ ചോദ്യക്കടലാസ്സിനു് എതിരായുള്ള പ്രധാന

വിമർശനം അതിൽ ഉപന്യാസരീതിയിലുള്ള ചോദ്യങ്ങൾ ഇല്ലെന്നതാണ്. ആശയങ്ങൾ ക്രമീകരിച്ച് തെററു കൂടാതെ എഴുതുന്നതിനുള്ള കഴിവ് പരിശോധിക്കാൻ ഈ ചോദ്യരീതി കൂടിയേ തീരൂ എന്നാണ് ചിലരുടെ വാദം. ധാരണാശേഷി പരിശോധിക്കുന്ന ചോദ്യങ്ങൾ നേട്ടം തന്നെയാണ്. ചോദ്യങ്ങളുടെ എണ്ണം വർദ്ധിച്ചിരിക്കുന്നതുകൊണ്ട് എല്ലാ ഭാഗത്തു നിന്നും ചോദ്യങ്ങൾ ഉൾപ്പെടുത്താൻ കഴിയുന്നു. ശരിയായി പഠിക്കുന്നവർക്ക് ഉയർന്ന മാർക്ക് നേടാൻ ഈ ചോദ്യരീതി സഹായകമാണ്. എന്നിട്ടും കുട്ടികളുടെ വിജയശതമാനവും നേടുന്ന മാർക്കും വളരെ കുറവാണ്. ഇതു സൂചിപ്പിക്കുന്നതു് കുട്ടികളുടെ ഇംഗ്ലീഷ് നിലവാരം മോശപ്പെട്ടിട്ടുണ്ടെന്നല്ലേ? 1962 ലെ സിലബസിൽ ഉള്ള ലക്ഷ്യങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമാണ് ചോദ്യക്കടലാസ്സുകൾ എന്നു് ഈ അപഗ്രഥനം തെളിയിക്കുന്നു. ഉപന്യാസരീതിയിലുള്ള ചോദ്യം ഒഴിവാക്കിയതിനെ ചിലർ വിമർശിക്കുമ്പോൾ മററു ചിലർ ന്യൂടൈപ്പ് ചോദ്യങ്ങൾ ഉൾപ്പെടുത്തിയതിനെ അഭിനന്ദിക്കുകയാണ്. കുട്ടികൾ പാഠഭാഗം മുഴുവൻ പഠിക്കുന്നതിനും കാണാപ്പാഠം പഠിച്ച് പരീക്ഷ പാസ്സാകുന്നരീതിയ്ക്കു പകരം ശരിയായ കഴിവുകൾ വിലയിരുത്തുന്നതിനും സഹായകമാണ് ഇപ്പോഴത്തെ പരീക്ഷാരീതി. ഇന്നത്തെ ഇംഗ്ലീഷ് നിലവാരം തൃപ്തികരമല്ലെന്നും അതു് മെച്ചപ്പെടുത്തുന്നതിനു് വേണ്ടിയാണ് സ്ട്രക്ചർ രീതിയും പുതിയ പരീക്ഷാസമ്പ്രദായവും സ്വീകരിച്ചിട്ടുള്ളതെന്നും ഊഹിക്കാം. ചോദ്യക്കടലാസ്സിനെമാത്രം അധികരിച്ച് പ്രതീക്ഷിതനിലവാരം മോശമാണെന്നു് പറയുക സാദ്ധ്യമല്ല.

3. ഹിന്ദി

1949 ലും 50 ലും S. S. L. C. പരീക്ഷയ്ക്കു് ഹിന്ദി,

ഐച്ഛികവിഷയമായി എടുത്തവർക്കേ എഴുതേണ്ടിയിരുന്നുള്ളു. 1951 മുതൽ 59 വരെ 2 മണിക്കൂറുള്ള ഒരു പേപ്പറും 50 മാർക്കും ആയിരുന്നു ഹിന്ദിക്കു് നൽകിയതു്. 1960 ൽ പരീക്ഷാസമയം ഭേദപ്പെടുത്താതെ മൊത്തംമാർക്കു് 100 ആയി ഉയർത്തി. 1964 ൽ പരീക്ഷാസമയം 2½ മണിക്കൂറായി വർദ്ധിപ്പിച്ചു. ഈ രീതിയാണിന്നും തുടരുന്നതു്.

1951 ൽ പുസ്തകത്തെ ആധാരമാക്കിയുള്ള ഉപന്യാസങ്ങളും ഒരു കഥയും ഒരു തർജ്ജമയും ചോദ്യക്കടലാസ്സിൽ ഉൾപ്പെടുത്തിയിരുന്നു അർത്ഥം എഴുതാൻ രണ്ടു് പദ്യങ്ങൾ നൽകിയതു കൂടാതെ സന്ദർഭം വിവരിച്ചു് ആശയം എഴുതാനുള്ള രണ്ടോ മൂന്നോ ഭാഗങ്ങളും നൽകിപ്പോന്നു. ശൈലി വാചകത്തിൽ പ്രയോഗിക്കാനും വാചകങ്ങളിലെ തെററു തിരുത്താനും ഇതിനുപുറമേ ആവശ്യപ്പെട്ടിരുന്നു. 1957 വരെയും ഈ രീതിയാണു് അനുവർത്തിച്ചുപോന്നതു്. 1958 ൽ പദ്യം കാണാതെ എഴുതാൻ ആവശ്യപ്പെട്ടുതുടങ്ങി. വാചകങ്ങൾ തിരുത്തുന്നതിനുപുറമേ പൂർത്തിയാക്കാനും നിർദ്ദേശിക്കപ്പെട്ടു. 1959 ൽ ഉപന്യാസം ഒന്നായി കുറവുചെയ്യുകയും ഒന്നിനു പകരം ചെറിയ കുറിപ്പുകളായി രണ്ടോ മൂന്നോ എണ്ണത്തിനു് ഉത്തരമെഴുതാൻ ആവശ്യപ്പെടുകയുംചെയ്തു. 1953 മുതൽ 59 വരെ എഴുത്തു് എഴുതൽ ഒരു പ്രത്യേകചോദ്യമായി സ്ഥാനം പിടിച്ചിരുന്നു.

1960 ൽ വ്യാകരണത്തിനു് 21% മാർക്കു് നീക്കിവച്ചതു് ആ വർഷത്തെ ഒരു പ്രത്യേകതയായി കണക്കാക്കാം. ഒരു പൊതുവിഷയത്തെപ്പററി ഉപന്യാസമെഴുതുന്നതിനോ കത്തെഴുതുന്നതിനോ 10% മാർക്കു് വകയിരുത്തിയതും ശ്രദ്ധേയമാണു്. നോൺഡീറെറയിൽഡിൽനിന്നുള്ള ഒരു കഥയ്ക്കു് 20% വും പാഠപുസ്തകത്തെ അടിസ്ഥാനമാക്കിയുള്ള ഒരുപന്യാസത്തിനു്

10% മാക്കും ആണു് നൽകിയിരുന്നതു്; രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക. സന്ദർഭം വിവരിച്ചു് ആശയം വിശദീകരിക്കുക എന്നിവയും ചോദ്യക്കടലാസ്സിൽ ഉൾപ്പെടുത്തിയിരുന്നു.

1964 ൽ ആണു് പേപ്പറിന്റെ ദൈർഘ്യം $2\frac{1}{2}$ മണിക്കൂറാക്കിയതു്. മററു വിഷയങ്ങളിൽ ന്യൂടൈപ്പു് ചോദ്യങ്ങൾക്കു് നൽകിയിടത്തോളം സ്ഥാനം ഹിന്ദിയിൽ അവയ്ക്കു് ലഭിച്ചില്ലെന്നു് കാണാം. വ്യാകരണചോദ്യങ്ങൾ ന്യൂടൈപ്പു് രീതിയിലാക്കി മാററിയതു കൂടാതെ ഒന്നോ രണ്ടോ വാചകങ്ങളിൽ ഉത്തരമെഴുതാനുള്ള ചോദ്യങ്ങളും ഈ വർഷത്തെപ്രത്യേകതകളാണെന്നു പറയാം. പാഠപുസ്തകത്തെ പരാമർശിച്ചും അല്ലാതെയും ഓരോ ഉപന്യാസങ്ങൾ യഥാക്രമം 10–ം 8–ം മാക്കിനു് ഉൾപ്പെടുത്തിയിരുന്നു. കഥ, പാഠപുസ്തകത്തെ ആസ്പദമാക്കി എഴുതുന്നതിനു് 20 മാക്കു് നീക്കിവയ്ക്കപ്പെട്ടിട്ടുണ്ടു്. പദ്യം കാണാതെ എഴുതുന്നതിനു് 4 മാക്കും നാമം, നാമവിശേഷണം ഇവയെ സംബന്ധിച്ച ചോദ്യങ്ങൾക്കു് 3 മാർക്കും നീക്കിവച്ചിരുന്നു.

ഹിന്ദിയുടെ സിലബസിൽ ഏതിനം ചോദ്യങ്ങൾ പരീക്ഷക്കടലാസ്സിൽ ഉൾപ്പെടുത്തണമെന്നു് വ്യക്തമാക്കിയിട്ടില്ല. അവിടെ പ്രതിപാദിക്കപ്പെട്ടിട്ടുള്ള ഉദ്ദേശ്യങ്ങൾക്കനുസൃതമാണു് ചോദ്യരീതി എന്നു പറയാം. ചോദ്യക്കടലാസ്സിൽനിന്നും മനസ്സിലാകുന്നതു് ഹിന്ദിയിലെ പ്രതീക്ഷിത നിലവാരം മെച്ചപ്പെട്ടിട്ടുണ്ടെന്നാണു്.

4. ജനറൽ മാത്തമാററിക്സ്

1949 ലും 50 ലും ഐച്ഛികവിഷയമായിരുന്നു കണക്കു്. അന്നതിനു് 50 മാക്കു് വീതമുള്ള 2 പേപ്പർ ഉണ്ടായിരുന്നു.

ഓരോന്നിനും 2 മണിക്കൂർ സമയവും. യൂണിഫൈഡ് സ്കീം ഏർപ്പെടുത്തിയപ്പോൾ പേപ്പറിന്റെ എണ്ണവും സമയദൈർഘ്യവും ആകെ മാർക്കും നിലനിർത്തുകയാണ് ചെയ്തത്. ഈ രീതി 1951 മുതൽ 1959 വരെ തുടർന്നു പോന്നു.

ഒന്നാം പേപ്പറിൽ അങ്കഗണിതത്തിലെയും ബീജഗണിതത്തിലെ പ്രാരംഭഭാഗങ്ങളിലെയും ചോദ്യങ്ങളും രണ്ടാം പേപ്പറിൽ ക്ഷേത്രഗണിതത്തിലെയും ബീജഗണിതത്തിലെ ബാക്കി ഭാഗങ്ങളിലെയും ചോദ്യങ്ങളുമാണ് ഉൾപ്പെടുത്തിയത്. ഒന്നാം പേപ്പറിൽ A വിഭാഗം അങ്കഗണിതത്തിനായി നീക്കിവച്ചിരുന്നു. 50 മുതൽ 70 വരെ മാർക്കിനുള്ള ചോദ്യം നൽകിയിട്ട് 40 മാർക്കിനുള്ളത് എഴുതാനാണ് നിർദ്ദേശിച്ചിരുന്നത്. B വിഭാഗത്തിലെ ബീജഗണിതചോദ്യങ്ങൾ നിർബന്ധിതമായിരുന്നു. അതിനാകെ 10 മാർക്കും വിട്ടുകൊടുത്തിരുന്നു. ന്യൂടൈപ്പ് ചോദ്യങ്ങളൊന്നും തന്നെ 1959 വരെയും ചോദ്യക്കടലാസ്സിൽ ഉൾപ്പെടുത്തിയിരുന്നില്ല. തന്നെയുമല്ല, ഒരൊററ ചോദ്യത്തിന് 8 മാർക്കുവരെ നൽകിയിരുന്നുതാനും. ഭാഷാവിഷയങ്ങളിലെ ഉപന്യാസചോദ്യങ്ങൾക്ക് സമാനമായി ഇവയെകണക്കാക്കാം. 1951 ൽ 8 മാർക്ക് വീതമുള്ള 4 ചോദ്യങ്ങളുണ്ടായിരുന്നു. ഇവയുടെ പ്രാധാന്യം കാലക്രമത്തിൽ കുറച്ചുവന്ന് 1958 ൽ 6 മാർക്കുള്ള ഒരു ചോദ്യം, 5 മാർക്കുവീതമുള്ള രണ്ടു ചോദ്യങ്ങൾ, 4 മാർക്കുവീതമുള്ള 7 ചോദ്യങ്ങൾ, 3 മാർക്കുവീതമുള്ള 2 ചോദ്യങ്ങൾ എന്നിങ്ങനെ ക്രമീകരിക്കപ്പെടുകയാണ് ചെയ്തത്.

രണ്ടാം പേപ്പറിൽ A വിഭാഗം ബീജഗണിതത്തിനും B, C വിഭാഗങ്ങൾ ക്ഷേത്രഗണിതത്തിനുമാണ് നീക്കിവച്ചത്. C വിഭാഗത്തിൽ നിർമ്മിതിപ്രശ്നങ്ങൾ മാത്രമേ

പ്പെടുത്തിയിരുന്നുള്ളൂ. ഈ വിഭാഗം നിർബന്ധിതമായിരുന്നു ആകെ 10 മാർക്കും. ഇവിടെ ചോയിസ് നൽകിയിരുന്നുമില്ല. 1951 മുതൽ '55 വരെ A വിഭാഗത്തിന് 25, B ക്ക് 35 മാർക്കുവീതം നൽകിയിട്ട് രണ്ടിലും 20 മാർക്കിനുവീതം ഉത്തരമെഴുതാനാണ് നിർദ്ദേശിക്കപ്പെട്ടത്. 1956 ൽ C വിഭാഗം നിർത്തലാക്കി അതുകൂടി B വിഭാഗത്തിൽ ചേർത്തു. അപ്പോഴതിനും ചോയിസ് ലഭിച്ചുതുടങ്ങി. 35 മുതൽ 40 മാർക്കുവരെയുള്ള ചോദ്യങ്ങളിൽനിന്നും 30 മാർക്കിനു് ഉത്തരമെഴുതാനാണ് നിർദ്ദേശം നൽകിയത്. മൂന്നോ നാലോ തിയററത്തിന്റെ പ്രൂഫ് എഴുതുക, മൂന്നോ നാലോ നിർമ്മിതി വരയ്ക്കുക, രണ്ടോ മൂന്നോ പ്രശ്നങ്ങൾ എന്നിവ ഓരോ ചോദ്യക്കടലാസ്സിലും ഉൾപ്പെടുത്തിയിരുന്നു.

1959 ൽ ഐച്ഛികസമ്പ്രദായം രണ്ടാംപ്രാവശ്യം വന്നപ്പോൾ ജനറൽ മാത്തമാററിക്സിന് 50 മാർക്കും 2 മണിക്കൂറുമുള്ള ഒരു പേപ്പറുമാണ് ഉണ്ടായിരുന്നത്. 1960 ൽ 2 മണിക്കൂർ ദൈർഘ്യമുള്ള ഒരു പേപ്പറായി കുറവുചെയ്തു് ആകെ 100 മാർക്ക് നൽകി. ഈ രീതി 1963 വരെ തുടർന്നുപോയി. ചോദ്യക്കടലാസ്സ് A, B, C എന്നു് മൂന്നായി വിഭജിച്ചു് 3 ശാഖകൾക്കും യഥാക്രമം 40, 30, 30 മാർക്കുവീതം പരമാവധി നൽകാൻ വ്യവസ്ഥ ചെയ്തിരുന്നു. A, B, C വിഭാഗങ്ങളിൽ 10 മുതൽ 15 വരെ മാർക്കിനുള്ള അധികചോദ്യങ്ങൾ നൽകിയിരുന്നതുകൊണ്ടു് മിക്ക പാഠഭാഗങ്ങളിൽനിന്നും ചോദ്യങ്ങൾ ഉൾപ്പെടുത്താൻ കഴിഞ്ഞിരുന്നു. 8 മാർക്ക് വീതമുള്ള മൂന്നോ നാലോ ചോദ്യങ്ങൾ, 7 മാർക്കുവീതമുള്ള നാലോ അഞ്ചോ ചോദ്യങ്ങൾ, 6 മാർക്കുവീതമുള്ള അഞ്ചോ ആറോ ചോദ്യങ്ങൾ, ഒരു മാർക്കുവീതമുള്ള ആറോ ഏഴോ ചോദ്യങ്ങൾ എന്നിങ്ങനെയായിരുന്നു ചോദ്യങ്ങളുടെ ക്രമീകരണം. ഈ

മാർക്കുകളെല്ലാം നൂറിനാണെന്നതുകൊണ്ടു് ഓരോന്നിനും നൽകിയിട്ടുള്ള സ്ഥാനം മുമ്പത്തേതിലും കുറവാണെന്നു് കാണാമല്ലോ.

1964 മാർച്ചിലെ ചോദ്യക്കടലാസ്സു് പലേ മാററങ്ങളും ഉൾക്കൊണ്ടതായിരുന്നു. 1962 ലെ സിലബസിൽ വച്ചിരുന്ന നിർദ്ദേശങ്ങൾ അധികവും ഇതിൽ പ്രാദേയാഗികമാക്കിയിരുന്നു. 50 മാർക്കുവീതമുള്ള രണ്ടു് പേപ്പർ (രണ്ടു മണിക്കൂർവീതം ദൈർഘ്യമുള്ളതു്) വീതമാണു് 1964 ൽ കണക്കിനു് നൽകിയതു്. രണ്ടു് പേപ്പറിലും ഏതേതു് ഭാഗങ്ങൾ ഉൾപ്പെടുത്തുമെന്നു് വ്യക്തമായിരുന്നില്ലെങ്കിലും രണ്ടിലും ആവർത്തിക്കപ്പെട്ട ചോദ്യങ്ങൾ ഇല്ലായിരുന്നു. ഒരു മാർക്കുവീതമുള്ള 33 ചോദ്യങ്ങൾ ഒന്നാം പേപ്പറിലും 27 എണ്ണം രണ്ടാം പേപ്പറിലും ഉൾപ്പെടുത്തിയതു് നൂതടൈപ്പു് ചോദ്യങ്ങൾക്കു് നൽകിയ പ്രാമാണ്യത്തിന്റെ അംഗീകാരമാണു് സൂചിപ്പിക്കുന്നതു്. 2 മാർക്കു് വീതമുള്ള 9 ചോദ്യങ്ങൾ ഒന്നാം പേപ്പറിലും 10 എണ്ണം രണ്ടാം പേപ്പറിലും ഉൾപ്പെടുത്തിയിരുന്നു. ഏററവും കൂടിയ മാർക്കു് 4 ആയിരുന്നു. ഒന്നാം പേപ്പറിൽ 2 ചോദ്യങ്ങളും രണ്ടാം പേപ്പറിൽ 3 എണ്ണവുമാണിത്തരം ചോദ്യങ്ങൾ. കാണാതെ പഠിക്കുന്നതിലുള്ള ഊന്നൽ കുറയ്ക്കാനായി രണ്ടു് തിയറങ്ങളുടെ പ്രൂഫ് മാത്രമേ എഴുതാനാവശ്യപ്പെട്ടിരുന്നുള്ളു.

1965 ൽ വീണ്ടും ചില മാററങ്ങൾ വരുത്തുകയുണ്ടായി. യഥാക്രമം 13, 7, 15, 15 മാർക്കുവീതം A, B, C, D എന്നിനാലു് വിഭാഗങ്ങൾക്കു് വകയിരുത്തപ്പെട്ടു. D വിഭാഗത്തിനു് ചോയിസ് നൽകിയിരുന്നില്ല. അതിൽ താരതമ്യേന പ്രയാസപ്പെട്ട ചോദ്യങ്ങളാണു് കൊള്ളിച്ചിരുന്നതു്. ബുദ്ധിശാലികൾക്കുവേണ്ടിയാണീവിഭാഗം സംഘടിപ്പിച്ചതെന്നു പറയാം.

സാധാരണകഴിവുള്ള വിദ്യാർത്ഥിക്ക് 70 % ത്തിലധികം മാർക്ക് വാങ്ങാൻ ഈ പരിഷ്ക്കാരം പ്രയാസമുണ്ടാക്കി. 1966ലും ഈ രീതിതന്നെയാണ് അനുവർത്തിച്ചത്. 1965ലും 1966 ലും ഒന്നാം പേപ്പറിൽ 10–ം രണ്ടാംപേപ്പറിൽ 6-ം ചോദ്യങ്ങൾ $\frac{1}{2}$ മാർക്കുവീതമുള്ളതായിരുന്നു. 1965 ൽ രണ്ടു പേപ്പറിലും യഥാക്രമം 14–ം 14–ം ചോദ്യങ്ങളാണ് 1 മാർക്കും 2 മാർക്കും ഉള്ളവയെങ്കിൽ 1966 ൽ അവ യഥാക്രമം 14–ം 12–ം ആയിരുന്നു. പരമാവധി ഒരു ചോദ്യത്തിനുള്ള മാർക്ക് 5 എന്ന് നിർണ്ണയിച്ച് അത്തരം 4 ചോദ്യങ്ങൾ 1965–ലും 5 എണ്ണം 1966 ലും പരീക്ഷക്കടലാസ്സിൽ ഉൾപ്പെടുത്തിയിരുന്നു. ഇവയധികവും D വിഭാഗത്തിലാണ് നൽകിയത്.

ഇന്നത്തെ ചോദ്യക്കടലാസ്സിൽ എല്ലാഭാഗത്തുനിന്നുമുള്ള ചോദ്യങ്ങൾ കാണാൻ കഴിയും. ന്യൂടൈപ്പ് ചോദ്യങ്ങളാണധികവും. യഥാർത്ഥകഴിവ് പരിശോധിക്കാനുതകുന്നവയാണ് ചോദ്യങ്ങൾ. പൂർത്തീകരണചോദ്യങ്ങൾ, ചെറുചോദ്യങ്ങൾ, മൾട്ടിപ്പിൾ ചോയിസ് ചോദ്യങ്ങൾ എന്നിവ രണ്ടു പേപ്പറിലും ഉൾപ്പെടുത്തിയിട്ടുണ്ട്. തിയറങ്ങളുടെ പ്രൂഫ് പരിമിതപ്പെടുത്തിയിരിക്കയാണ്. ശരാശരി നിലവാരമുള്ള കുട്ടിക്ക് ജയിക്കാൻ യാതൊരു പ്രയാസവുമില്ലാത്ത സ്ഥിതിയാണിന്നു കാണുന്നത്. എന്നാൽ ഉയർന്ന മാർക്ക് വാങ്ങാൻ പ്രതിഭാശാലികൾക്കേ കഴിയൂ എന്നതും പ്രസ്താവ്യമാണ്. ഈ നിലയിലും കണക്കിലെ പരാജയശതമാനം ഏറിവരികയാണ്. അതായത് യഥാർത്ഥനിലവാരം പ്രതീക്ഷിതനിലവാരത്തോളം എത്തുന്നില്ലെന്നുസാരം. കുട്ടികളുടെ ഗണിതശാസ്ത്രനിലവാരം മോശമെന്ന് പറയാൻ ഈ നിഗമനം വഴിതെളിക്കുകയാണ്. ചോദ്യംമാത്രം വച്ചുകൊണ്ട് അത് പറയാൻ സാദ്ധ്യവുമല്ല. ചോദ്യങ്ങളിൽ ഒരു ലഘൂകരണം (simplification) നടന്നിട്ടു

ണ്ടെന്ന് പറയാതെതരമില്ല. എന്നാൽ സിലബസിലെ നയ പ്രഖ്യാപനത്തിനനുസരണമായിട്ടാണതു് ചെയ്തിട്ടുള്ളതു്.

5. ജനറൽ സയൻസ്

1951 ലാണ് ഈ പേരിൽ ഇതൊരു വിഷയമായതു്. ഫിസിക്കൽ സയൻസിനും നാച്ചുറൽ സയൻസിനും പ്രത്യേകമായി 2 മണിക്കൂർ വീതമുള്ള ഓരോ പേപ്പർ ആണുണ്ടായിരുന്നതു്. ഓരോന്നിനും 50 മാർക്കും നിശ്ചയിച്ചിരുന്നു. എവരിഡേസയൻസ് എന്ന പേരിൽ പബ്ലിക്ഹെൽത്തും ഡൊമസ്റ്റിക് സയൻസും ഉൾപ്പെടുത്തിയ മറ്റൊരു പേപ്പറും 50 മാർക്കിനുണ്ടായിരുന്നു. ഇതിനും രണ്ടു് മണിക്കൂറാണ് സമയം നിർദ്ദേശിച്ചിരുന്നതു്. മൂന്നാമത്തേതിനു് പ്രത്യേകമായി മിനിമം മാർക്ക് വ്യവസ്ഥ ചെയ്തിരുന്നു. ഒന്നും രണ്ടും പേപ്പറുകൾക്ക് മൊത്തത്തിൽ മിനിമം മാർക്ക് നേടിയാൽ മതിയാകുമായിരുന്നു. മിക്ക ചോദ്യങ്ങൾക്കും ചോയിസും നൽകിപ്പോന്നു. ഫിസിക്കൽ സയൻസിൽ കണക്കുകൾ നൽകിവന്നതു് ഒരു പ്രത്യേകതയായി കണക്കാക്കാം. ഇതൊഴിച്ചാൽ ചോദ്യങ്ങൾ മിക്കവയും ഉപന്യാസരീതിയിലുള്ളവയായിരുന്നു. ഈ രീതി 1958 വരെ തുടർന്നുപോന്നു.

1959 ൽ ഐച്ഛികസമ്പ്രദായത്തിൽ ജനറൽസയൻസ് ഒരു നിർബന്ധിതവിഷയമെന്നതിനു പുറമേ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവ ഐച്ഛികമായി പഠിക്കുന്നതിനും സൗകര്യങ്ങളുണ്ടായിരുന്നു. 50 മാർക്കുള്ള ഒരു രണ്ടുമണിക്കൂർ പേപ്പറാണ് പൊതുവിൽ ഉണ്ടായിരുന്നതു്. ന്യൂടൈപ്പ് ചോദ്യങ്ങൾ കുറെയൊക്കെ ഉൾപ്പെടുത്തിത്തുടങ്ങിയതു് ഈ വർഷമായിരുന്നു ഇവയ്ക്കു പുറമേ ഉപന്യാസരീതിയിലുള്ള 5 ചോദ്യങ്ങളും ഉണ്ടായിരുന്നു. വിഷയത്തിൽ

അവഗാഢമായ ജ്ഞാനം വേണ്ട ഒരു ചോദ്യവും ഈ പേപ്പറിൽ കാണാനില്ലായിരുന്നു

1961 മുതൽ 63 വരെ സമയദൈർഘ്യം 2 മണിക്കൂറെന്ന് നിജപ്പെടുത്തിക്കൊണ്ട് മൊത്തം മാർക്ക് 100 ആയി ഉയർത്തുകയുണ്ടായി. പേരെഴുതാനുള്ള 10 ചോദ്യങ്ങൾക്ക് 10 മാർക്കും അതുപോലെ മൾട്ടിപ്പിൾചോയിസ് രീതിയിലുള്ളവയ്ക്കും എന്തു സംഭവിക്കുന്നു എന്ന രീതിയിലുള്ള വയ്ക്കും ഓരോ മാർക്കാണ് ഓരോ പിരിവിനും നൽകിയത്. ചിന്താശീലം വളർത്താനുതകുന്ന ചോദ്യങ്ങൾ ഈ വർഷങ്ങളിൽ കാണാനുണ്ടായിരുന്നു. ½ മാർക്ക് വീതം മാത്രമുള്ള 5 ചോദ്യങ്ങളെങ്കിലും ചേർത്തിരുന്നു. ഉപന്യാസരീതിയിലുള്ള 2 ചോദ്യങ്ങൾക്ക് 10 മാർക്ക് വീതം നൽകിയിരുന്നു. പാഠഭാഗങ്ങളിൽ നിന്നെല്ലാം ചോദ്യങ്ങൾ ഉൾപ്പെടുത്തുന്നതിന് ചോദ്യരീതി പരിഷ്കരിച്ചതു് ഉപകരിച്ചിട്ടുണ്ടെന്നു കാണാം.

1964 ൽ 2 മണിക്കൂർ വീതമുള്ള രണ്ടു പേപ്പറായി തിരിച്ച് ആകെ 100 മാർക്ക് നൽകാൻ നിശ്ചയിക്കയാണ് ചെയ്തതു്. ചോദ്യങ്ങളധികവും ഒബ്ജക്റ്റീവ് ടൈപ്പായിരുന്നു. 6 മാർക്കിലധികമുള്ള ചോദ്യങ്ങളൊന്നുംതന്നെ ഇല്ലായിരുന്നു. ഇവ തന്നെ ആകെ രണ്ടാമൂന്നോ എണ്ണമോ ഉണ്ടായിരുന്നുള്ളുതാനും. ഒന്നാംപേപ്പറിൽ 28-ം രണ്ടാംപേപ്പറിൽ 31-ം ചോദ്യങ്ങൾക്ക് ½ മാർക്ക് വീതമേ ഉണ്ടായിരുന്നുള്ളു. ¼ മാർക്ക് വീതമുള്ള 8 ചോദ്യങ്ങളും 1964 ലെ ഒന്നാംപേപ്പറിൽ ചേർത്തിരുന്നു.

സയൻസ് ചോദ്യക്കടലാസ്സിൽ എല്ലാവിധ ന്യൂടൈപ്പ് ചോദ്യങ്ങൾക്കും സ്ഥാനം നൽകിയിരുന്നു. അങ്ങനെ ചോദ്യങ്ങളുടെ എണ്ണം അധികരിച്ചതു് ഉള്ളടക്കത്തിന്റെ മുഴുവൻ ഭാഗവും പ്രതിനിധീകരിക്കാൻ അവസരം നൽകി. ഓർമ്മ

ശക്തി പരിശോധിക്കാനുള്ള ചോദ്യങ്ങൾക്ക് വളരെ പരിമിതമായ സ്ഥാനമേ നൽകിയിരുന്നുള്ളൂ. ആധുനികപ്രവണതകളെപ്പററിയും ചോദ്യങ്ങൾ കാണാനുണ്ട്. സാധാരണ നിലവാരക്കാർക്ക് ജയിക്കാൻ എളുപ്പമാണെങ്കിലും ബുദ്ധിശാലികൾക്കും വിഷയത്തിൽ അവഗാഢമായ ജ്ഞാനം നേടിയവർക്കും മാത്രമേ ഉയർന്ന മാർക്ക് ലഭ്യമാകാൻ സാദ്ധ്യതയുള്ളൂ ഈ ചോദ്യരീതിയിൽ എന്നു കാണാം ചില പാഠഭാഗങ്ങൾമാത്രം തിരഞ്ഞെടുത്തു പഠിച്ച് ജയിക്കാനുള്ള സാദ്ധ്യത തീരെ ഇല്ലാതായിരിക്കയാണ്. ചോദ്യക്കടലാസ്സുകളുടെ നിലവാരം മുമ്പിലത്തേതിൽ മെച്ചപ്പെട്ടിട്ടുണ്ടെന്ന് പറയുവാൻ വയ്യെങ്കിലും താണിട്ടില്ലെന്ന് തീർത്തു പറയാം ചോദ്യക്കടലാസ്സ് പ്രതീക്ഷിതനിലവാരത്തിൻെറ ഏകകമായി അംഗീകരിച്ചാൽ സയൻസിൻെറ പ്രതീക്ഷിതനിലവാരം തൃപ്തികരമാണെന്നു പറയാം.

## 6. സോഷ്യൽസ്റ്റഡീസ്

1959 ൽ മാത്രമാണ് S. S. L. C. പരീക്ഷയിൽ സോഷ്യൽസ്റ്റഡീസ് ഒരു വിഷയമായി ഉൾപ്പെടുത്തിയത്. അതിനുമുമ്പ് ചരിത്രവും പൌരധർമ്മവും ഒരു വിഷയവും ഭൂമിശാസ്ത്രം മറെറാരു വിഷയവും ആയിരുന്നു. ഓരോന്നിനും 50 മാർക്ക് വീതമുള്ള ഓരോ പേപ്പറാണുണ്ടായിരുന്നത്. രണ്ടിനും കൂടി പാസ്സാകാൻ വേണ്ട മിനിമം മാർക്ക് നേടിയാൽ മതിയാകുമെന്നും വ്യവസ്ഥ ചെയ്തിരുന്നു. മിക്ക ചോദ്യങ്ങളും ഉപന്യാസരീതിയിലുള്ളവയായിരുന്നു. പേരെഴുതുക, കാരണംപറയുക, പൂരിപ്പിക്കുക, സംഭവങ്ങളും അവ നടന്ന വർഷങ്ങളും ക്രമീകരിക്കുക, പട്ടണങ്ങളുടെ പ്രാധാന്യം വ്യക്തമാക്കുക എന്നിവയും പടത്തിൽ ഭാഗങ്ങളടയാളപ്പെടുത്താനുള്ളവയുമായിരുന്നു പ്രധാന ചോദ്യങ്ങൾ.

1959 ൽ സോഷ്യൽസ്റ്റഡീസ് പൊതുവിഷയമായി പഠിച്ചതിനു പുറമേ ചരിത്രം, ഭൂമിശാസ്ത്രം, സാമ്പത്തികശാസ്ത്രം എന്നിവ ഐച്ഛികമായി പഠിക്കുന്നതിനും സൗകര്യം നൽകിയിരുന്നു. പൊതുവിഷയത്തിന് 50 മാർക്കും 2 മണിക്കൂർ പരീക്ഷയുമാണ് നിശ്ചയിച്ചിരുന്നതു്. പകുതി ചോദ്യങ്ങൾ ഉപന്യാസരീതിയിലുള്ളവയും ബാക്കി ½ മാർക്കുവീതമുള്ള 36 ചെറുചോദ്യങ്ങളും ആയിരുന്നു. ചോദ്യങ്ങളധികവും മെച്ചപ്പെട്ട നിലവാരം പുലർത്തിയിരുന്നില്ല.

1960 മുതൽ 63 വരെ 2 മണിക്കൂർ പരീക്ഷയ്ക്ക് 100 മാർക്ക് നൽകാനാണ് നിശ്ചയിച്ചതു്. 4 ഉപന്യാസചോദ്യങ്ങൾക്കായി 48% മാർക്ക് നീക്കിവച്ചിരുന്നു. ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതാനുള്ള 4 ചോദ്യങ്ങൾക്ക് 16% മാർക്കും ബാക്കി ന്യൂടൈപ്പ് ചോദ്യങ്ങൾക്കുമാണ് വക കൊള്ളിച്ചിരുന്നതു്.

1964 ൽ മാർക്ക് 100 ആയി നിലനിർത്തിക്കൊണ്ടു് 2 മണിക്കൂർ വീതമുള്ള 2 പേപ്പർ ആണ് ഉണ്ടായിരുന്നതു്. ഒന്നാംപേപ്പറിൽ 48-ം രണ്ടാംപേപ്പറിൽ 52-ം ചോദ്യങ്ങൾ ½ മാർക്കു വീതം ഉള്ളവയായിരുന്നു. ഇവ പലതരം ന്യൂടൈപ്പ് ചോദ്യങ്ങളായിട്ടാണ് ഉൾപ്പെടുത്തിയിരുന്നതു്. ബാക്കി ഒരു ഖണ്ഡികയിലെഴുതാനുള്ള ചോദ്യങ്ങളും ഉപന്യാസരീതിയിലുള്ള ചോദ്യങ്ങളുമായിരുന്നു ഈ രണ്ടിനത്തിനും ചോയിസ് നൽകിയിരുന്നു.

പാഠഭാഗങ്ങളിൽ നിന്നെല്ലാം ചോദ്യമുണ്ടെന്നതു് ഈ രീതിയുടെ പ്രത്യേകതയാണ്. ഓർമ്മശക്തിക്ക് മുമ്പ് ലഭിച്ചിരുന്നത്ര പ്രാധാന്യം നൽകുന്നില്ല. സാധാരണകഴിവുകളുള്ള കുട്ടികൾക്ക് മിനിമം മാർക്ക് വാങ്ങാൻ പ്രയാസമില്ലെങ്കിലും ഉയർന്ന മാർക്ക് നേടാൻ മെച്ചപ്പെട്ട ബുദ്ധിശക്തിയോ കഠിനാ

ല്യാനുമാ കൂടാതെ കഴികയില്ലെന്നായിട്ടുണ്ട്. സിലബ സിന്റെ ഉപയോഗക്ഷമതയും ജനജീവിതത്തോടുള്ള ബന്ധവും ചോദ്യക്കടലാസ്സിലും പ്രതിഫലിച്ചിട്ടുണ്ടെന്നു കാണാം. 1962 ലെ സിലബസിൽ നിജപ്പെടുത്തിയിട്ടുള്ള ഉദ്ദേശ്യങ്ങളുടെ നീണ്ടപട്ടികയിൽ മിക്കതിനും അംഗീകാരം നൽകിക്കൊ ണ്ടാണ് ചോദ്യക്കടലാസ്സ് തയാറാക്കിയിട്ടുള്ളതു്. ഇവയെ ല്ലാം പരിഗണിക്കുമ്പോൾ ചോദ്യപേപ്പറിൻെറ അടിസ്ഥാന ത്തിൽ പറയാൻ കഴിയുന്നതു് സോഷ്യൽസ്റ്റഡീസിലെ പ്രതീക്ഷിതനിലവാരം സാമാന്യം തൃപ്തികരമാണെന്നാണ്.

## ഉപസംഹാരം

1964 മുതലിങ്ങോട്ടു് കേരളത്തിലെ S. S. L. C. ചോദ്യ കടലാസ്സിൽ ന്യൂടൈപ്പ് ചോദ്യങ്ങൾ ധാരാളമായി ഉൾപ്പെ ടുത്തിവന്നിരുന്നു. 1964 ൽ ചോദ്യങ്ങളിലുണ്ടായിരുന്ന തക രാറുകൾ വിവിധഭാഗങ്ങളിൽനിന്നു് ചൂണ്ടിക്കാണിച്ചതുകൊ ണ്ടാകാം 1965 ലും '66 ലും കുറെക്കൂടി മെച്ചപ്പെട്ട ചോദ്യ ങ്ങളാണ് എല്ലാവിഷയങ്ങൾക്കും നൽകിയതു്. ഈ ശ്രമം തുടർന്നുപോകുന്നതിന്റെ സൂചനയാണ് സംസ്ഥാനവിദ്യാഭ്യാസ ഇൻസ്റ്റിട്യൂട്ടിൻെറ ഇവാലുവേഷൻവിംഗും ദേശീയവിദ്യാ ഭ്യാസഗവേഷണകൗൺസിലുമായി സഹകരിച്ചു് ,1966 സെപ്തംബറിലും 1967 ജനുവരിയിലും തിരുവനന്തപുരത്തു വച്ചു് ചോദ്യം തയാറാക്കാൻ വിളിക്കപ്പെടാവുന്നവരെ ഉദ്ദേ ശിച്ചു് രണ്ടു് 'പണിപ്പുര'കൾ (workshops) നടത്തിയതു്. അവിടെ ചോദ്യങ്ങളുടെ രീതി, മാർക്ക്, ഉദ്ദേശ്യങ്ങളുമായുള്ള ബന്ധം മുതലായ വിഷയങ്ങൾ ചർച്ചചെയ്യപ്പെട്ടു. S. S. L. C. പരീക്ഷയിലെ ഓരോവിഷയത്തിനും ഓരോതരം ചോദ്യങ്ങൾ

എത്ര ശതമാനം മാർക്കിന്നുവീതം ഉണ്ടാകണമെന്നും ഓരോ ഒബ്ജക്റ്റീവിന്നും എത്രശതമാനം മാർക്ക് നീക്കിവയ്ക്കണമെന്നും ചർച്ചകളുടെ ഫലമായി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. കൂടുതൽ പരിശീലനകോഴ്സുകളും സെമിനാറുകളും പണിപ്പുരകളും സംഘടിപ്പിക്കുന്നതു് ചോദ്യങ്ങളുടെ വസ്തുനിഷ്ഠത ഉറപ്പുവരുത്താതിരിക്കയില്ല. മൂല്യനിർണ്ണയത്തിന്റെ ആധുനികവശം കേരളം തികച്ചും അംഗീകരിച്ചിട്ടുണ്ട്. കേരളം ഭാരതത്തിലെ സംസ്ഥാനങ്ങളുടെ മുന്നണിയിലാണിക്കാര്യത്തിൽ. പരീക്ഷകൾ നിലനിർത്തിയാൽ അവ പ്രതീക്ഷിതനിലവാരവും വിദ്യാർത്ഥികളുടെ യഥാർത്ഥനിലവാരവും വ്യക്തമാക്കാൻ ഉപയോഗപ്പെടുകതന്നെവേണം.

## 16. പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും

### പാഠപുസ്തകങ്ങളുടെ പ്രാധാന്യം

പ്രത്യേകവിഷയത്തിൽ അവഗാഢമായ ജ്ഞാനംനേടിയ വിദഗ്ദ്ധർ തയാറാക്കിയതും പ്രിൻറിംഗിൻെറ വിവിധവശങ്ങൾക്ക് പരിഗണനനൽകി, വേണ്ടത്ര വ്യാഖ്യാനങ്ങളും ചിത്രങ്ങളും സഹിതം പ്രസിദ്ധീകരിച്ചതുമായ പാഠപുസ്തകം കുട്ടികൾക്കും അദ്ധ്യാപകർക്കും ഒന്നുപോലെ പ്രയോജനപ്രദമായിരിക്കുമെന്ന് കോഠാരിക്കമ്മീഷൻ തങ്ങളുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്*. മെച്ചപ്പെട്ട നിലവാരം പുലർത്തുന്ന പാഠപുസ്തകങ്ങളും മററ് ബോധനോപാധികളും പഠനസഹായികളും വിദ്യാഭ്യാസനിലവാരം മെച്ചപ്പെട്ടതാക്കുന്നതിനുള്ള മെച്ചപ്പെട്ട, സ്വീകരിക്കപ്പെടാവുന്ന, മാർഗ്ഗങ്ങളാണെന്ന് കമ്മിഷൻ തുടർന്നു പറയുന്നു. പാഠപുസ്തകങ്ങളുടെ പ്രാധാന്യവും ഉപയോഗ്യതയും പ്രകീർത്തിക്കവേതന്നെ ഇന്ന് ലഭ്യമായ പാഠപുസ്തകങ്ങളുടെ ശോചനീയസ്ഥിതിയിൽ അവർ വിലപിക്കുന്നുമുണ്ട്. പ്രാദേശികഭാഷകളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഭാഷേതരവിഷയങ്ങളിലെ പുസ്തകങ്ങളധികവും താണനിലവാരത്തിലും അശ്രദ്ധമായും ധൃതിയിലും പുറപ്പെടുവിച്ചിട്ടുള്ളവയാണെന്നാണ് കമ്മിഷൻെറ അഭിപ്രായം. പാഠപുസ്തകങ്ങളുടെ മോശപ്പെട്ട നിലവാരത്തിന് കാരണമായ പലസംഗതികളും കമ്മിഷൻ വ്യക്തമാക്കിയിട്ടുണ്ട്.* ഈ മുറവിളി പല വർഷങ്ങളായി നിലനിന്നുപോന്നു. സെക്കൻററിഎഡ്യൂ

* പേജ് 229.

ക്കേഷൻകമ്മിഷൻ റിപ്പോർട്ടിലും ഇതു് വ്യക്തമാക്കപ്പെട്ടിട്ടുണ്ടു്.

വിവിധ ക്ലാസ്സുകളിലേക്കു് പ്രിസ്ക്രൈബ് ചെയ്തിരുന്ന പുസ്തകങ്ങളധികവും ഒന്നുകിൽ തീരെ എളുപ്പമുള്ളവയോ അല്ലെങ്കിൽ വളരെ പ്രയാസമുള്ളവയോ ആയിരുന്നു എന്നും ചിലവ ഭാഷ, ശൈലി, സംവിധാനം എന്നിവയിൽ താണ നിലവാരമാണു് പുലർത്തിയിരുന്നതെന്നും മററു ചില വസ്തുതകളുടെ കാര്യത്തിൽ തെററുകൾ ഉൾക്കൊണ്ടിരുന്നുവെന്നും പ്രസ്തുതകമ്മിഷൻ രേഖപ്പെടുത്തിയിരുന്നു * അക്കാലത്തു് പാഠപുസ്തകങ്ങൾ ദേശവൽക്കരിക്കപ്പെട്ടിരുന്നില്ല. ഈ റിപ്പോർട്ടിനുശേഷം 11 വഷങ്ങൾ കഴിഞ്ഞാണു് പുതിയ കമ്മിഷൻ നിയമിതമായതു്. ഈ കാലത്തു് പല സംസ്ഥാനങ്ങളും പാഠപുസ്തകങ്ങൾ ദേശസാൽക്കരിക്കയും അവയുടേതായ പുസ്തകങ്ങൾ എഴുതിച്ചു്, സംവിധാനം ചെയ്തു്, പ്രസിദ്ധീകരിക്കയും ചെയ്തിട്ടുണ്ടു്. എന്നിട്ടും സ്ഥിതിഗതികളിൽ കാര്യമായ മാററമൊന്നും ഉണ്ടായിട്ടില്ലെന്നാണു് കോഠാരിക്കമ്മിഷൻെറ അഭിപ്രായം സൂചിപ്പിക്കുന്നതു്. പല സംസ്ഥാനത്തും പുസ്തകങ്ങളുടെ നിലവാരം ഉള്ളടക്കത്തിൻെറ കാര്യത്തിൽ മെച്ചപ്പെട്ടിട്ടുണ്ടെന്നും പൊതുവിൽ പറഞ്ഞാൽ നിലവാരം മെച്ചപ്പെട്ടിട്ടുണ്ടെന്നു് പറയാനാവില്ലെന്നും പ്രസാധനത്തിൽ കാര്യമായ ശ്രദ്ധ പതിപ്പിക്കാത്തതാണു് പുസ്തകങ്ങളുടെ രൂപഭാവങ്ങളിൽ പോരായ്മ ദർശിക്കാൻ കാരണമെന്നും കോഠാരികമ്മിഷൻ തുടന്നു പറഞ്ഞിട്ടുണ്ടു്. പാഠപുസ്തകങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള പദ്ധതികളിൽ ഒന്നുമാത്രമേ ആകൂ സംസ്ഥാനചുമതലയിൽ പുസ്തകം തയാറാക്കുന്നതു് എന്നും ശരിയായ രീതിയിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്ക

* പേജ് 97.

ന്നതിന്ന കാര്യക്ഷമമായ ശ്രമം കൂടിയേ തീരൂ എന്നും കമ്മിഷനഭിപ്രായമുണ്ടു്.* വിവിധ സംസ്ഥാനങ്ങളിൽ വിഭിന്നനിലവാരത്തിലുള്ള പുസ്തകങ്ങൾ ഉണ്ടാകുന്നതു് ഒഴിവാക്കാനായി കഴിയുമെങ്കിൽ കേന്ദ്രതലത്തിൽ പൊതുസിലബസ്സിൻെറ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങൾ തയാറാക്കപ്പെടണമെന്നും അതു് അവയുടെ നിലവാരം ഉറപ്പുചെയ്യാൻ പര്യാപ്തമാകുമെന്നും ചിന്തകന്മാർ അഭിപ്രായപ്പെട്ടുതുടങ്ങിയിട്ടുണ്ടു്.

കേരളത്തിലിപ്പോൾ നോൺഡീറെറയിൽഡ് പുസ്തകങ്ങളൊഴിച്ചുള്ളവ സംസ്ഥാനതലത്തിൽ തയാറാക്കി പ്രസിദ്ധീകരിക്കപ്പെടുകയാണു്. ഓരോ വർഷവും വിവിധഭാഷകൾക്കുള്ള ഉപപാഠപുസ്തകങ്ങൾ ബുക്ക് സെലക്ഷൻകമ്മററി തിരഞ്ഞെടുക്കയും അതാതിൻെറ ഗ്രന്ഥകർത്താക്കളോ പ്രസാധകരോ ആവശ്യമുള്ളത്ര പ്രതി അച്ചടിച്ചു വിതരണം ചെയ്യുകയുമാണു് പതിവു്. 1958 മുതലാണു് ഈ സമ്പ്രദായം കേരളത്തിൽ സ്വീകരിക്കപ്പെട്ടതു്. ആദ്യം ദേശസാല്ക്കരിക്കപ്പെട്ടതു് മലയാളം പാഠപുസ്തകങ്ങളായിരുന്നു. തുടർന്നു് സയൻസും ഇംഗ്ലീഷും ഒടുവിലായി കണക്കും സോഷ്യൽസ്റ്റഡീസും പുസ്തകങ്ങളും ദേശസാല്ക്കരിക്കപ്പെടുകയാണു് ചെയ്തതു്. സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിട്യൂട്ടിൽ ഒരു പാഠപുസ്തകവിഭാഗം ഏതാനും കൊല്ലങ്ങളായി പ്രവർത്തിച്ചുവരുന്നുണ്ടു്. പാഠപുസ്തകങ്ങളും ഹാൻഡ് ബുക്കുകളും മാനുവലുകളും തയ്യാറാക്കി പ്രസിദ്ധീകരിക്കാനും അദ്ധ്യാപകർക്ക് പാഠപുസ്തകരചനയിൽ പരിശീലനം നൽകാനുമുള്ള യത്നങ്ങൾ അവിടെ നടന്നുവരുന്നു. സഹകരണാടിസ്ഥാനത്തിൽ പാഠപുസ്തകരചന നടത്തുകയാണു് ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നയം.

* പേജ് 97.

വിദ്യാഭ്യാസവകുപ്പിന്റെ ഭരണറിപ്പോർട്ടുകൾ പരിശോധിച്ചാൽ പാഠപുസ്തകങ്ങളെ സംബന്ധിച്ച് പലേ വിവരങ്ങളും ലഭ്യമാകുന്നതാണ്. പാഠപുസ്തകങ്ങൾ തയാറാക്കപ്പെട്ടതും അംഗീകരിക്കപ്പെട്ടതും എങ്ങനെയെന്ന് മനസ്സിലാക്കാനും ഈ അപഗ്രഥനം സഹായകമാണ്.

സ്റ്റാത്താംകമ്മററിയുടെ നിർദ്ദേശാനുസരണം പാഠപുസ്തകക്കമ്മിററി പുതുക്കി രൂപീകരിക്കുന്നതിനും ഭാഷേതരവിഷയങ്ങൾക്കുള്ള പുസ്തകങ്ങൾ സംസ്ഥാനാടിസ്ഥാനത്തിൽ അംഗീകരിക്കാനും 1934–35 ൽ ഗവണ്മെൻറ് തീരുമാനിച്ചതായി ആ വർഷത്തെ ഭരണറിപ്പോർട്ടിൽ[1] കാണുന്നു. 1934 നു മുമ്പും തിരുവിതാംകൂർപ്രദേശത്ത് ഒരു പാഠപുസ്തകക്കമ്മിററി പ്രവത്തിച്ചിരുന്നുവെന്നതിന് ഇതു് മതിയായ തെളിവാണ്. പൊതുപരീക്ഷാക്ലാസ്സുകളെ സംബന്ധിച്ചിടത്തോളം 1934–35 ലേക്കു പ്രിസ്ക്രൈബ് ചെയ്ത പുസ്തകങ്ങൾ 1935 1936 ലും തുടർന്നുപോകാൻ ഗവണ്മെന്റ് തീരുമാനിച്ചതായും[2] അടുത്തവർഷം പുതിയ, ഗവണ്മെൻറ് മലയാളം റീഡറുകൾ ചിത്തിരതിരുനാൾ പാഠാവലി എന്നപേരിൽ ഒന്നാംക്ലാസ്സ്, പ്രിപ്പാറട്ടറിക്ലാസ്സ്, ഒന്നാംഫാറം എന്നിവയിലേക്ക് തയാറാക്കിയതായും എല്ലാ സ്കൂളുകളും ഇവയും ഗവണ്മെൻറുവക കാപ്പിബുക്കുകളും തന്നെ ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചതായും ഭരണറിപ്പോർട്ടുകളിൽ[3] നിന്ന് വ്യക്തമാകുന്നു. പാഠപുസ്തകങ്ങൾ തയാറാക്കാൻ നിയുക്തമായിരുന്ന കമ്മററി

1. Admn Report 1109 M. E. p. 11.
2. Admn Report 1110 M. E. p. 6.
3. Admn Report 1111 M. E. p. 5.

തങ്ങളുടെ കൃത്യം പൂർത്തിയാക്കിയതിനെത്തുടർന്ന് 1936-'37 മുതൽ എല്ലാം ക്ലാസ്സിലും അവ ഉപയോഗിച്ചുതുടങ്ങിയെന്നും റിപ്പോർട്ടുകളിൽ[1] രേഖപ്പെടുത്തിയിട്ടുണ്ട്. വെർണാക്കുലർ സ്കൂളുകളിലെ 7, 8, 9 ക്ലാസ്സുകളിലേക്കുള്ള മലയാളം പാഠപുസ്തകങ്ങളും 1937-'38 ൽ പരിഷ്കരിക്കയുണ്ടായി ചരിത്രം, ഭൂമിശാസ്ത്രം, കണക്ക്, പൗരധർമ്മം, കൃഷിശാസ്ത്രം, പ്രകൃതിപാഠം എന്നിവയ്ക്ക് മലയാളത്തിൽ മിഡിൽസ്കൂളുകളിലേക്ക് തയ്യാറാക്കിയ 19 പുതിയ ഗവണ്മെന്റ് പുസ്തകങ്ങൾ 1938 '39ൽ ഉപയോഗിച്ചുതുടങ്ങി. 1939-'40ൽ സംസ്ഥാനത്തെ വിദ്യാലയങ്ങളിലെല്ലാം ഒരേ നിലവാരം പുലർത്താനായി എല്ലാ ഭാഷകൾക്കുമുള്ള ഡീറെറയിൽഡും നോൺഡീറെറയിൽഡുംപുസ്തകങ്ങളും മററുഗവണ്മെന്റ പുസ്തകങ്ങൾക്കു പുറമേ വിദ്യാഭ്യാസ ഡയറക്ടറാണ് പ്രിസ്ക്രൈബ് ചെയ്തതെന്ന് ഒരു റിപ്പോർട്ടിൽ[2] രേഖപ്പെടുത്തിയിരിക്കുന്നു. 1940-41 ൽ ഈ രീതി തുടർന്നുപോയതായും തൻവർഷം 13 ഗവണ്മെന്റ് പുസ്തകങ്ങൾ പരിഷ്കരിക്കപ്പെട്ടതായും റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുണ്ട്. യുദ്ധക്കെടുതികൾമൂലം കഷ്ടതയനുഭവിക്കുന്നവർക്ക് ആശ്വാസമെന്നോണം 1940-41 ൽ പ്രിസ്ക്രൈബ്ചെയ്ത പുസ്തകങ്ങൾ 1944-45 വരെയും തുടർന്നുപോകയാണ്ചെയ്തത്.

1944-45 ൽ ഇങ്ങനെ രേഖപ്പെടുത്തിക്കാണുന്നു "മിക്ക ക്ലാസ്സുകളിലും കഴിഞ്ഞ അഞ്ചു വർഷമായി ഒരേ പുസ്തകങ്ങൾ തന്നെയാണ് പഠിപ്പിച്ചുപോരുന്നത്. പാഠപുസ്തകക്കമ്മററിയും സ്കൂൾലീവിംഗ് സർട്ടിഫിക്കററ്ബോർഡും പൊതുപരീക്ഷാക്ലാസ്സിലെങ്കിലും ഭാഷാപുസ്തകങ്ങൾ പരിഷ്കരിക്ക

---

1. Admn Report 1112 M. E. p. 148.
2. Admn Report 1114 M. E. p. 79.

ണമെന്നു് നിർദ്ദേശിച്ചിട്ടുണ്ടു്. അതിന്റെ അടിസ്ഥാനത്തിൽ മൂന്നും ആറും ഫാറങ്ങളിലും ഏഴും ഒൻപതും ക്ലാസ്സുകളിലും ഉള്ള മലയാളം, ഇംഗ്ലീഷ് പുസ്തകങ്ങൾ പുതുതായി പ്രിസ്ക്രൈബ് ചെയ്യപ്പെടുകയും ശേഷമുള്ളവ തുടരാൻ അനുവദിക്കുകയുമാണു് ചെയ്തതു്".* 1945–46 ൽ ഒന്നാംക്ലാസ്സിലേക്കു് പുതിയ മലയാളം റീഡർ തയ്യാറാക്കി ആ വർഷംതന്നെ 1946–47 ലേക്കു് ഇംഗ്ലീഷ്, മലയാളം, തമിഴ്, സംസ്കൃതസ്കൂളുകളിലെ ആവശ്യത്തിനുള്ള പുസ്തകങ്ങൾ മുൻകൂട്ടി പ്രിസ്ക്രൈബ് ചെയ്യുകയും ചെയ്തു. 1946–47 ൽ രണ്ടാംക്ലാസ്സിലും 47–48ൽ മൂന്നാംക്ലാസ്സിലും പുതിയ മലയാളംറീഡറുകൾ ഉപയോഗിച്ചു തുടങ്ങി. രണ്ടും നാലും ഫാറങ്ങളിലേക്കുള്ള മലയാളം റീഡറുകൾ 1947–48 ലും നാലാംക്ലാസ്സിലേക്കും മൂന്നാംഫാറത്തിലേക്കും ഉള്ളവ 1948–49 ലും പുതുക്കിയിരുന്നു. ഒരു ടെക്സ്റ്റ്ബുക്കു് ഓഫീസ് പ്രത്യേകമായി പ്രവർത്തനമാരംഭിച്ചതു് 1949–50 ൽ ആയിരുന്നു. ഒന്നു മുതൽ അഞ്ചു വരെ ക്ലാസ്സുകൾക്കു് മലയാളംറീഡർ, ഒന്നു മുതൽ അഞ്ചുവരെ ഫാറങ്ങളിലേക്കു് മലയാളംറീഡർ, ആറാംഫാറത്തിലെ മലയാളംറീഡർ ഇവ തയ്യാറാക്കുന്നതിനായി ആ വർഷം മൂന്നു് പ്രത്യേക കമ്മററികൾ രൂപീകരിക്കയും ചെയ്തു.

ഹിന്ദിയുടെ പരിഷ്കരിച്ച സിലബസനുസരിച്ചു് 2 മുതൽ 6 വരെ ഫാറങ്ങളിലേക്കു് പുസ്തകങ്ങൾ തയ്യാറാക്കാൻ 1950–51 ൽ ഒരു കമ്മററി രൂപീകൃതമായി. 4, 5, 6 ഫാറങ്ങളിലേക്കു് ഇംഗ്ലീഷ് പാഠപുസ്തകം തയ്യാറാക്കുന്നതിനു് തീരുമാനിക്കുകയും അതിനായി ഒരു സ്പെഷ്യൽ കമ്മററിയെ നിയമിക്കുകയും ചെയ്തു. പദ്യവും ഗദ്യവും ഉൾപ്പെട്ട ഒരു റീഡർ ആറാംഫാറത്തിലേക്കു് ആദ്യം തയ്യാറാക്കാൻ കമ്മററിയെ

---

* Admn Report 1120 M. E. p. 79.

ചുമതലപ്പെടുത്താം. 1951–52 ൽ കേരളപഠ്യപാഠാവലി ഒന്നും രണ്ടും ഭാഗങ്ങൾ (ജി. ശങ്കരക്കുറുപ്പ് തയാറാക്കിയതും പരിശോധനാസമിതി അംഗീകരിച്ചതും) 4, 5, 6 ഫാറങ്ങളിലേക്കായി അംഗീകരിച്ചതിനുപുറമേ ആറാം ഫാറത്തിലെ ഇംഗ്ലീഷ് റീഡറും തയാറാക്കപ്പെട്ടു.[1] 1952–53 ൽ ഒന്നുമുതൽ ആറു വരെ ഫാറങ്ങളിൽ ഗവണ്മെൻറുവക ഇംഗ്ലീഷ് റീഡറുകൾ ഉപയോഗിച്ചുതുടങ്ങി. എല്ലാഭാഷാപുസ്തകങ്ങളും സ്വന്തമായി തയാറാക്കാനുള്ള ഗവണ്മെൻറ് തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ അഞ്ചാംഫാറത്തിലെ ഇംഗ്ലീഷ് റീഡർ, 2, 3, 4 ക്ലാസ്സുകളിലേക്കും 3, 4, ഫാറങ്ങളിലേക്കുമുള്ള മലയാളം റീഡറുകൾ, രണ്ടും മൂന്നും ഫാറങ്ങളിലേക്കുള്ള ഹിന്ദിറീഡറുകളും 3–ം 4–ം ഫാറങ്ങളിലേക്കുള്ള ഹിന്ദിരചനാപ്രബന്ധവും, എന്നിവകൂടാതെ പ്രൈമറി, മിഡിൽ, ഹൈസ്കൂൾ ക്ലാസ്സുകളിലേക്കായി 19 മററു പുസ്തകങ്ങളും 52–53 ൽ തയാറാക്കപ്പെട്ടു. ആറാംഫാറംവരെയുള്ള എല്ലാ ക്ലാസ്സുകളിലേക്കുംവേണ്ട എല്ലാഭാഷാപുസ്തകങ്ങളുടെയും അവകാശം ഗവണ്മെൻറ് വിലയ്ക്കുവാങ്ങി പാഠപുസ്തകദേശസാൽക്കരണമെന്ന 'ധൈര്യപൂർവമുള്ള കാൽവയ്പ്പ് നടത്തിയതു് ഈവർഷമായിരുന്നു'[2].

1953-54 ൽ 1 മുതൽ 4 വരെ ഫാറങ്ങളിലെ ഇംഗ്ലീഷ് റീഡർ, നാലാംഫാറത്തിലേക്കുള്ള ഹിന്ദിറീഡർ എന്നിവ ഗവണ്മെൻറ് ചുമതലയിൽ പ്രസിദ്ധീകരിക്കപ്പെട്ടു. 5–ം 6–ം ഫാറങ്ങളിലേക്കുള്ള ഹിന്ദിറീഡറുകളും 1–ം 2–ം ഫാറങ്ങളിലേക്ക് മലയാളത്തിലുള്ള കണക്കും ഭൂമിശാസ്ത്രവും പുസ്തകങ്ങളും 1954-55 ൽ തയാറാക്കപ്പെട്ടു. അഞ്ചാംക്ലാസ്സിലേക്കും

1 Admn Report 1951–52. p. 57.

2 Admn Report 1952-53. p. 50.

1-ം 2-ം ഫാറങ്ങളിലേക്കും ഉള്ള കേരളപാഠാവലികളാണ് 1955-56 ൽ പുതുതായി പുറത്തിറക്കിയത്.

1956-57 ൽ ദേശസാൽക്കരണത്തിൽ നിന്നൊഴിഞ്ഞു മാറി പുസ്തകങ്ങൾ അംഗീകരിക്കുന്ന രീതിയാണ് സ്വീകരിച്ചത്. പൊതുപരീക്ഷയുള്ള ക്ലാസ്സുകളിലെ നോൺഡീറ്റെയിൽഡ് പുസ്തകങ്ങൾ മാത്രം പ്രിസ്ക്രൈബ് ചെയ്യാനും അല്ലാത്ത ക്ലാസ്സുകളിലേക്ക് ഗവണ്മെൻറ് അംഗീകരിക്കുന്ന ലിസ്റ്റിൽനിന്ന് ഹെഡ്മാസ്റ്റർ യുക്തമായത് തിരഞ്ഞെടുക്കാൻ അവസരം നൽകാനുമാണ് ഗവണ്മെൻറ് ഈ വർഷം തീരുമാനിച്ചത്.[1] 1957-58 ലും ഈ നയം അനുവർത്തിച്ചുപോന്നു. ഒൻപതും പതിനൊന്നും സ്റ്റാൻഡേർഡുകളിലേക്കുള്ള ഇംഗ്ലീഷ്റീഡർ ഈ വർഷം പുതുതായി തയാറാക്കപ്പെട്ടു.

കേരളസംസ്ഥാനരൂപീകരണത്തോടെ മലബാർ പ്രദേശത്ത് മദ്രാസ് സംസ്ഥാനത്തുപയോഗിച്ചിരുന്ന പുസ്തകങ്ങൾക്കു പകരം തിരു:കൊച്ചിയിൽ ഉപയോഗിച്ചിരുന്നവ സ്വീകരിക്കാൻ വ്യവസ്ഥ ചെയ്യപ്പെട്ടു. ഒൻപതാംസ്റ്റാൻഡേർഡിലേക്ക് പുതുതായി തയാറാക്കിയ ഇംഗ്ലീഷ്റീഡർ കേരളമൊട്ടാകെ ഉപയോഗിച്ചു തുടങ്ങി. പ്രാദേശികഭാഷയിലുള്ള പുസ്തകങ്ങൾ മാത്രമേ പ്രൈമറിക്ലാസ്സുകളിലേക്ക് പ്രിസ്ക്രൈബ് ചെയ്തിരുന്നുള്ളു എന്നതു് 1958-59 ൻെറ പ്രത്യേകതയായിരുന്നു. 1960-61 ലും ദേശസാൽക്കരണനയമാണ് തുടർന്നുപോന്നതു്. ഈ വർഷമാണ് പുതിയ സോഷ്യൽസ്റ്റഡീസ്പുസ്തകങ്ങൾ കമ്മററി പുറത്തിറക്കിയതു്.[2] ചില നോൺഡീറ്റെയിൽഡ് പുസ്തകങ്ങളൊഴികെ മററുള്ളവയെല്ലാം

1 Admn Report 1956-57. p. 5.
2 Admn Report 1960-61. p. 12.

1959-60 ലേതുതന്നെ 1960-61 ലും തുടൎന്നുപോകാൻ അനുമതി നൽകയാണു് ചെയ്തതു്.

1962 ൽ പുതിയ സിലബസ് രൂപീകരിച്ചപ്പോൾ അതിനനുസരണമായി പുസ്തകങ്ങൾ പരിശോധനാവിധേയമാക്കി ചിലവ പുതുക്കുകയും ചിലവ പുതുതായെഴുതുകയും ചെയ്തു് എല്ലാ ക്ലാസ്സുകളിലേക്കും പുസ്തകങ്ങൾ ലഭ്യമാക്കി. പാഠപുസ്തകങ്ങളുടെകാര്യത്തിൽ തുടരെ മാററമുണ്ടായിക്കൊണ്ടിരുന്നുവെന്നാണു് ഈ അപഗ്രഥനം സൂചിപ്പിക്കുന്നതു്. നോൺഡീറെറയിൽഡ് പുസ്തകങ്ങൾ ഓരോവൎഷത്തേക്കാണു് അംഗീകരിച്ചുപോന്നതു്. മററു പുസ്തകങ്ങളുടെ ജീവിതകാലം 2 മുതൽ 6 വരെ വൎഷങ്ങളായിരുന്നു.

പാഠപുസ്തകങ്ങളുടെ ഉള്ളടക്കം വിശദമായ വിശകലനത്തിനു് വിധേയമാക്കുന്നതു് ചിലവഴിക്കേണ്ടിവരുന്ന സമയത്തിനു തക്ക ഫലം പ്രദാനം ചെയ്യുേക്കാനിടയില്ലാത്തതുകൊണ്ടു് അതിനായി മുതിൎന്നിട്ടില്ല. പാഠപദ്ധതിയിൽ വരുത്തിയ മാററങ്ങൾക്കും വിവിധ കമ്മീഷനുകളുടെ നിർദ്ദേശങ്ങൾക്കും അനുസരണമായാണു് പാഠപുസ്തകങ്ങൾ പരിഷ്കരിക്കപ്പെട്ടതെന്നു് പരിശോധനയിൽ തെളിഞ്ഞിട്ടുണ്ടു്. സിലബസ് പരിഷ്ക്കാരങ്ങൾ അന്യത്ര വിവരിച്ചിട്ടുള്ളതുകൊണ്ടു് അതാവൎത്തിക്കാനുള്ള ശ്രമവും ഇവിടെ നടത്തുന്നില്ല. ദേശസാൽക്കരണത്തിനു മുൻപുണ്ടായിരുന്ന ലാഭോദ്ദേശ്യം പിൽക്കാലത്തു് ഇല്ലാതായിട്ടുണ്ടു്. ഐച്ഛികസമ്പ്രദായം നിലവിലിരുന്ന കാലത്തു് പല ഗ്രന്ഥകൎത്താക്കളുടേയും പുസ്തകങ്ങളാണു് ഭാഷേതരവിഷയങ്ങൾക്കു് അംഗീകരിച്ചതു്. പാഠപുസ്തകത്തിനുണ്ടായിരിക്കേണ്ട യോഗ്യതകളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെട്ടവ തിരഞ്ഞെടുക്കാൻ സ്ഥാപനമേധാവികൾക്കു് അവസരം നൽകയാണു് ചെയ്തതു്. ഈ അവസരം

ദുരുപയോഗപ്പെടുത്തിയതായി ആരോപണങ്ങളുണ്ട്. ഏതായാലും ദേശസാൽക്കരണം നടന്നുകഴിഞ്ഞസ്ഥിതിക്ക് പാഠപുസ്തകങ്ങളുടെ നിലവാരം അടിയന്തിരമായി മെച്ചപ്പെടുത്തേണ്ടിയിരിക്കയാണ്. ഇപ്പോൾ നോൺഡീറെയിൽഡ് പുസ്തകങ്ങൾ മാത്രമേ പ്രൈവററ് മേഖലയിൽ നിന്നും അംഗീകരിക്കപ്പെടുന്നുള്ളൂ.

പാഠപുസ്തകങ്ങൾ ദേശസാൽക്കരിക്കപ്പെട്ടതുകൊണ്ട് ഉള്ളടക്കം, സമീപനരീതി, വിശദീകരണം, ഗെററപ്പ്, വില നിലവാരം എന്നിവയിൽ മെച്ചപ്പെട്ടസ്ഥിതി പ്രതീക്ഷിക്കാം. പ്രൈവററ് മേഖലയെ അപേക്ഷിച്ച് ദേശസാൽക്കരണത്തിനുശേഷം പുസ്തകങ്ങളുടെ വിലയിൽ കുറവുണ്ടായിട്ടുണ്ട്. സാമ്പത്തികമായി പിന്നാക്കംനിൽക്കുന്ന ജനങ്ങൾക്ക് ഇതൊരനുഗ്രഹമാണ്. വിവിധ പാഠഭാഗങ്ങൾക്ക് ആനുപാതിക പ്രാധാന്യം നൽകാനും ഈ സംവിധാനം ഉപകരിക്കുന്നുണ്ട്. ക്രമീകൃതരീതിയിൽ പഠനം തുടരുന്നതിനും പ്രയോജനപ്പെടുന്നതാണ് ഈ രീതി. ഇംഗ്ലീഷ് നോൺഡീറെയിൽഡായി അഞ്ചോ ആറോ പുസ്തകങ്ങൾ അംഗീകരിച്ചിരുന്ന പ്രവണതയിൽനിന്ന് എന്തുകൊണ്ടും മെച്ചമാണ് ആവശ്യാനുസരണം വേണ്ടവമാത്രം അംഗീകരിക്കുന്ന ഇന്നത്തെ രീതി.

**പാഠപുസ്തകങ്ങളുടെ ജീവിതദൈർഘ്യം**

ഒരു പാഠപുസ്തകം എത്ര വർഷം ഒരേ ക്ളാസ്സിൽ ഉപയോഗിക്കപ്പെടുന്നു എന്നതാണിതുകൊണ്ടർത്ഥമാക്കുന്നത്. തുടരെത്തുടരെ പുസ്തകങ്ങൾ മാറിക്കൊണ്ടിരുന്നാൽ പാവപ്പെട്ട രക്ഷിതാക്കളാണ് കഷ്ടത്തിലാവുക. പരീക്ഷണവിധേയമാക്കിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസമണ്ഡലം ഇന്നത്തെ പ്രശ്നങ്ങൾക്ക് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. ഒരേ

പുസ്തകം ഒന്നിലധികം വർഷത്തേക്ക് പ്രിസ്ക്രൈബ് ചെയ്താൽ സാധാരണക്കാർക്ക് പഴയ പുസ്തകം വാങ്ങാൻ സൗകര്യം ലഭിക്കും. കൂടുതൽ പേർക്ക് പാഠപുസ്തകം ഉണ്ടായിരുന്നാൽ അതിലൂടെ നിലവാരം മെച്ചപ്പെടുത്താൻ കഴിയുന്നതേയുള്ളു. സാധാരണഗതിയിൽ ഒരു പുസ്തകത്തിന്റെ കാലദൈർഘ്യം 3 വർഷമാകാമെന്നും പ്രത്യേകപരിതസ്ഥിതിയിൽ പുസ്തകത്തിന്റെ മേന്മകൂടി കണക്കിലെടുത്ത് 5 വർഷംവരെ ഒരേ പുസ്തകം ഉപയോഗിക്കാമെന്നും ചിന്തകരും വിദഗ്ദ്ധരും അഭിപ്രായപ്പെട്ടിട്ടുണ്ട്. നോൺഡീറെയിൽഡ് പുസ്തകങ്ങളെ ഇതിന്റെ പരിധിയിൽ പെടുത്തേണ്ടതില്ല. വിദ്യാഭ്യാസരംഗത്ത് ഒരു പുസ്തകം അംഗീകരിക്കപ്പെട്ടുകഴിഞ്ഞാൽ ഒരു കളിപ്ത കാലയളവിലേക്ക് അത് തുടർന്നുപോകുന്നതാണ് നല്ലതെന്നു തോന്നുന്നു. സയൻസ്, സോഷ്യൽസ്റ്റഡീസ് എന്നിവയിൽ പുതുതായി ഉൾപ്പെടുത്തേണ്ട വിവരങ്ങൾ അദ്ധ്യാപകർതന്നെ ക്ലാസ്സിൽ അവതരിപ്പിക്കാവുന്നതേയുള്ളു അതിനായി പുസ്തകം ആകെ പരിഷ്കരിക്കേണ്ടതില്ല. ഏറിയാൽ ചില സപ്ലിമെന്ററുകൾ ഇറക്കിയാൽ മതിയാകും.

സ്കൂൾഫൈനൽ ക്ലാസ്സിലെ പാഠപുസ്തകങ്ങളിലേക്ക് അപഗ്രഥനം സങ്കുചിതമാക്കിയാൽ കാണാൻ കഴിയുന്നത് മലയാളം പാഠപുസ്തകങ്ങൾ 1936 ലേതന്നെ ദേശസാൽക്കരിക്കപ്പെട്ടെന്നാണ്. ഇംഗ്ലീഷിലും ഹിന്ദിയിലും ഗവണ്മെന്റ് റീഡറുകൾ തയാറാക്കിത്തുടങ്ങിയത് 1952-53 മുതലാണ്. സോഷ്യൽസ്റ്റഡീസിന്റെ പുസ്തകം 1954 ലും കണക്കിന്റേതും സയൻസിന്റേതും 1958 ലും ആണ് ഗവണ്മെന്റുടമയിൽ പ്രസിദ്ധീകരിക്കാൻ തുടങ്ങിയത്. 1958-59 ൽ ഐച്ഛികസമ്പ്രദായം നിലവിലിരുന്നപ്പോൾ ഈ രീതി താല്ക്കാ

ലികമായി നിർത്തലാക്കുകയും 1959-60 ൽ വീണ്ടും തുടരുകയും ചെയ്തു.

1950 ന ശേഷം 1958 ലും '63 ലും മലയാളംറീഡർ പരിഷ്ക്കരിക്കപ്പെട്ടു. ഇംഗ്ളീഷാകട്ടെ 1952, '57, '62 എന്നീ വർഷങ്ങളിലും ഹിന്ദി 1952, '54, '63 എന്നീ വർഷങ്ങളിലുമാണ് പുതുക്കിയതു്. ഭാഷേതരവിഷയങ്ങളിലെ പാഠപുസ്തകങ്ങൾ 1951, '56, '58, '63 എന്നീവർഷങ്ങളിൽ പരിഷ്ക്കാരവിധേയമാക്കിയിട്ടുണ്ടു്. ഈ ക്ലാസ്സ് മാത്രം പരിഗണിച്ചാൽ ഭേദപ്പെട്ട ജീവിതദൈർഘ്യമാണ് ഓരോ പുസ്തകത്തിനും ഉണ്ടായിരുന്നതെന്നു് കാണാം.

## പുസ്തകങ്ങളുടെ വില നിലവാരം

മലയാളംറീഡറിന്റെ വില 1949 ന മുമ്പു് 50 പൈസയും 1950 മുതൽ 63 വരെ 1 രൂപയും 1963 ൽ 1രൂ 75 പൈസയുമായിരുന്നു. ഹിന്ദിറീഡറിന്റേതു് 1951 ൽ 81 പൈസ ആയിരുന്നതു് 1963 ൽ 1രൂ 50 പൈസ ആയി വർദ്ധിച്ചു. ഇംഗ്ലീഷിന്റേതാകട്ടെ 1950 ലെ 1രൂ 13പൈസയിൽ നിന്നും 1963 ആയപ്പോഴേക്കു് 1രൂ 75 പൈസ ആയി വർദ്ധിച്ചിട്ടുണ്ടു്. കണക്കിന്റേതു് 1950 ൽ 2രൂ 25 പൈസ ആയിരുന്നു. അന്നതു് ഐച്ഛികവിഷയമായിരുന്നതാനും 1950 മുതൽ 60 വരെയുള്ള കാലത്തു് ഒരു രൂപമുതൽ ഒരുരൂപ 25 പൈസ വരെയായിരുന്നു അതിന്റെ വില. 1963 ൽ ഇതു് 1രൂ 75പൈസ ആയി ഉയന്നു. ഐച്ഛിക സമ്പ്രദായം നിലവിലിരുന്നപ്പോൾ ഫിസിക്സ്, കെമസ്ട്രി, ബയോളജി ഇവയ്ക്കെല്ലാംകൂടി 6 രൂപയായിരുന്നു വിലയെങ്കിൽ പില്ക്കാലത്തു് വിവിധഗ്രന്ഥകാരന്മാർ പുസ്തകമെഴുതിയപ്പോൾ വില അഞ്ചു രൂപയ്ക്കുടുത്തായിരുന്നു. 1958ൽ ഈ വില

ഒരു രൂപയായി കുറയ്ക്കുവാൻ ഗവണ്മെൻറ് കമ്മററിയ്ക്കു് കഴിഞ്ഞു. എന്നാൽ 1963 ആയപ്പോഴേക്കും ഇതു് 1 രൂ 50 പൈസയായി വർദ്ധിച്ചു. ഇതുപോലെ തന്നെയായിരുന്നു 1950 നു മുമ്പ് ഇന്നത്തെ സോഷ്യൽസ്റ്റഡീസിൻെറ ഘടകവിഷയങ്ങളുടെ വിലയും. 1958 ൽ വില കുറവുചെയ്യുകയും പിന്നീട് വീണ്ടും ഉയർത്തുകയും ചെയ്തു. മററു പ്രസാധകന്മാരുടെ പുസ്തകങ്ങളേക്കാൾ കുറഞ്ഞവിലയാണു് ഗവണ്മെൻറുടമയിലുള്ള പുസ്തകങ്ങൾക്കു് പൊതുവിലുള്ളതു്. എന്നാൽ കാലികമായുണ്ടായ വിലവർദ്ധനവിൻെറ പ്രതീകമായി ഗവണ്മെൻറ് പുസ്തകങ്ങളുടെ വിലയും വർദ്ധിച്ചിട്ടുണ്ടു്. സാധാരണക്കാരൻെറ കുട്ടികൾക്കുകൂടി വാങ്ങിക്കത്തക്കവിധം പുസ്തകങ്ങളുടെ വില കുറഞ്ഞിരിക്കുന്നതു് കൂടുതൽ പേർ പുസ്തകം വാങ്ങാനും അങ്ങനെ നിലവാരം ഉയർത്താനും സഹായകമാകും.

## നിലവാരവുമായുള്ള ബന്ധം

പാഠപുസ്തകങ്ങളുടെ ഉള്ളടക്കംപരിശോധിച്ചാൽ അതു് നിശ്ചിതസിലബസുമായി പൊരുത്തമുള്ളതാണെന്നു് കാണാൻ കഴിയും. പാഠ്യപദ്ധതിപരിഷ്കരണത്തിനനുസരണമായി പുസ്തകങ്ങൾ പരിഷ്ക്കരിക്കപ്പെട്ടതുകൊണ്ടാണീ സ്ഥിതിവിശേഷം സംജാതമായിട്ടുള്ളതു്. പല ഗ്രന്ഥകർത്താക്കളുടെ പുസ്തകങ്ങൾ തെരഞ്ഞെടുത്തിരുന്നപ്പോൾ ഉള്ളടക്കത്തിലും വിവരണത്തിലും ചിത്രീകരണത്തിലും രൂപത്തിലും കെട്ടിലും മട്ടിലുമെല്ലാം അന്തരമുണ്ടായിരുന്നു. എന്നാൽ അവയിലധികവും ഗവണ്മെൻറ് തയ്യാറാക്കിയ പുസ്തകങ്ങളോട്ട് കിടനിൽക്കുന്നവയായിരുന്നു. വസ്തുതകളുടെ അവതരണത്തിൽ ദേശസാൽക്കരണത്തിനുശേഷം കൂടുതൽ ശ്രദ്ധ പതിച്ചുവരുന്നു. കുട്ടികളുമായി ഇടപെഴകുന്ന അദ്ധ്യാപകരുമായി ചർച്ചചെയ്തു് പാഠപുസ്തകരചന നടത്തുന്നതുകൊണ്ടാകാമിതു്. 1962 ലെ

സിലബസിൽ ഓരോ വിഷയവും ഓരോ ഘട്ടത്തിലും പഠിപ്പിക്കുന്നതിനുള്ള ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും വിവരിച്ചിട്ടുള്ളത് അദ്ധ്യാപകർക്ക് കുട്ടികൾക്കുമെന്നപോലെ പാഠപുസ്തകരചയിതാക്കൾക്കും സൗകര്യപ്രദമായിട്ടുണ്ട്. പരീക്ഷാസമ്പ്രദായത്തിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ പാഠപുസ്തകങ്ങളിലും അവയിൽ കൊടുത്തിട്ടുള്ള അഭ്യാസങ്ങളിലും പ്രതിഫലിച്ചിട്ടുണ്ട്. ഇംഗ്ലീഷൊഴികെയുള്ള വിഷയങ്ങളിൽ പാഠപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ നിലവാരക്കുറവുണ്ടെന്ന് പറയാനാവില്ലെങ്കിലും ഇംഗ്ലീഷിന്റെ കാര്യത്തിൽ പാഠപുസ്തകം തന്നെ മതിയായ തെളിവ് നൽകുന്നുണ്ട്.

"സെലക്ഷൻസ് ഇൻ ഇംഗ്ലീഷ് പ്രോസ് ആൻഡ് വേഴ്സ്" (Selections in English Prose and Verse) എന്ന പുസ്തകമാണ് 1962 ൽ ഗവൺമെന്റ് നിയോഗിച്ച കമ്മറ്റി തയ്യാറാക്കി S. S. L. C. ക്ലാസ്സിലേക്ക് പ്രിസ്ക്രൈബ് ചെയ്തത്. അതിന്റെ ആമുഖത്തിൽതന്നെ ഇംഗ്ലീഷിന്റെ നിലവാരം കുറയുന്നതിനെ പരാമർശിച്ചിട്ടുണ്ട്. ഇങ്ങനെയാണതിൽ രേഖപ്പെടുത്തിയിരിക്കുന്നത്: "യൂണിവേഴ്സിറ്റി നിലവാരത്തിലേക്ക് കടന്നുചെല്ലാനുള്ള ഒരു ചവിട്ടുപടിയായിട്ടാണ് ഈ പുസ്തകത്തെ കാണേണ്ടത് ... ഗദ്യപാഠങ്ങൾ, പ്രത്യേകിച്ച് ആദ്യമാദ്യം ഉള്ളവ, ഇന്നത്തെ വിദ്യാർത്ഥികളുടെ നിലവാരവുമായി പൊരുത്തപ്പെടാനായി ഒട്ടൊന്ന് ലഘൂകരിച്ചിട്ടുണ്ട്. 1951 ൽ തയ്യാറാക്കിയ പുസ്തകവുമായി താരതമ്യപ്പെടുത്തിയാൽ ഇപ്പോഴത്തേത് വളരെ എളുപ്പമുള്ളത് (easy) ആണെന്നു കാണാം. നിലവാരത്തിലുണ്ടായിട്ടുള്ള കുറവു നിമിത്തം അന്നത്തെ ഗദ്യഭാഗങ്ങൾ വിദ്യാർത്ഥികൾക്ക് വളരെ പ്രയാസമുള്ളതായിത്തീർന്നിട്ടുണ്ട്..."

ഇംഗ്ലീഷ് നിലവാരം മെച്ചപ്പെടുത്താനുള്ള ശ്രമമാണ്

സ്ട്രൂക്ചറൽ രീതി സ്വീകരിച്ചതിൽ നാം കാണുന്നതു്. അതിന്റെ പ്രയോജനം എന്തുമാത്രമെന്നു് വിലയിരുത്തിക്കഴിഞ്ഞിട്ടില്ല; അതിനു് കാലമാകുന്നതേയുള്ളു. ഹിന്ദിയുടെ നിലവാരം പഴയതിനേക്കാൾ വ്യക്തമായും മെച്ചമാണു്. കണക്കുകൂടി ഒഴിവാക്കിയാൽ മററുള്ളവയുടെ നിലവാരം മുമ്പിലത്തേതിനെക്കാൾ മോശമെന്നു് പറഞ്ഞുകൂടാ. കണക്കിലും സാരമായ കുറവു് കാണാൻ കഴിയുന്നുണ്ടു്. സിലബസിൽ വരുത്തിയ നേർപ്പിക്കൽ പാഠപുസ്തകങ്ങളെയും ബാധിച്ചിട്ടുണ്ടു്. നിലവാരം ഉയർത്താനുള്ള ശ്രമങ്ങളുടെ ഭാഗമാണു് സിലബസ് പരിഷ്കരണം. അതനുസൃതം നടക്കുന്നുമുണ്ടു്. അനുനിമിഷം പുരോഗമിക്കുന്ന ലോകരാഷ്ട്രങ്ങളുടെ മുൻപന്തിയിലേക്കു് ചെല്ലാൻ നാമിനിയും ബഹുദൂരം സഞ്ചരിക്കേണ്ടതുണ്ടു്. ആ പ്രയാണത്തിൽ പാഠപുസ്തകനവീകരണം ഒരടിയന്തിരഘടകമാണു്. ശരിയായ ആസൂത്രണത്തോടെ, വിദഗ്ദ്ധമായി തയാറാക്കപ്പെടുകയും പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്യുന്ന പാഠപുസ്തകങ്ങൾ വിദ്യാഭ്യാസത്തിന്റെ കേന്ദ്രബിന്ദു വിദ്യാർത്ഥി ആയിരിക്കുന്നിടത്തോളം കാലം പ്രത്യേകപ്രാധാന്യമർഹിക്കുന്നുണ്ടു്.

★

## 17. അഭിപ്രായാവലി

ശാരീരികമോ മാനസികമോ ആയി ഒരേ തരത്തിലുള്ള രണ്ടുപേരെ എങ്ങും കണ്ടെത്താനാവില്ലെന്ന മനഃശാസ്ത്രതത്വം ജീവിതത്തിന്റെ ഏതൊരു തുറയെടുത്തു പരിശോധിച്ചാലും യാഥാർത്ഥ്യംതന്നെയായിരിക്കും. ഒരേ അഭിപ്രായം എല്ലാക്കാര്യങ്ങളിലും പുലർത്തുന്നവർ, ഒരേതരത്തിൽ എല്ലായ്പോഴും പെരുമാറുന്നവർ, ഒരേ കഴിവുള്ളവർ എന്നിങ്ങനെ ഐകരൂപ്യമുള്ളവരെ കണ്ടെത്താൻ സാധ്യമാണെന്നു തോന്നുന്നില്ല. മനുഷ്യസഹജമാണ് അഭിപ്രായവ്യത്യാസവും പെരുമാററഭേദവും. അതു് ഏതെങ്കിലും ഒരു മേഖലയിൽനിന്നു് ഒഴിച്ചുനിർത്താൻ കഴിയുകയുമില്ല. വിദ്യാഭ്യാസനിലവാരത്തെ സംബന്ധിച്ച അഭിപ്രായപ്രകടനവും ഏതാണ്ടിതുപോലെതന്നെ. നിലവാരം തകർന്നുപോയതായി ഒരു കൂട്ടർ കരുതുന്നു. മറെറാരു കൂട്ടരാകട്ടെ നിലവാരം മെച്ചപ്പെട്ടിട്ടുണ്ടെന്ന അഭിപ്രായക്കാരാണു്. സമഗ്രപരിശോധനയിലൂടെ മാത്രമേ നിഗമനങ്ങളിലെത്തിച്ചേരാനാകൂ എന്നു് വിശ്വസിക്കുന്നവരും ഒട്ടും കുറവല്ല. ഓരോരുത്തർക്കും താന്താങ്ങളുടേതായ വാദമുഖങ്ങളുമുണ്ടായിരിക്കും. ഇംഗ്ലീഷിന്റെ നിലവാരം പണ്ടത്തേതിനെ അപേക്ഷിച്ചു് ഇന്നു് കുറവാണെന്നു് മിക്കവരും സമ്മതിക്കുന്നുണ്ടു്. ചുരുക്കം ചിലരെങ്കിലും ഇംഗ്ലീഷിന്റെ ഇന്നത്തെ പ്രത്യേക പരിതസ്ഥിതിയിൽ നാം ലക്ഷ്യമാക്കുന്നതു് ആവശ്യത്തിനുള്ളത്രയാണെന്നു് കരുതുന്നുണ്ടാകും. പല ആളുകൾക്കും നിലവാരം എന്താണു്?, എന്തെല്ലാം ചേരുന്നതാണതു്?, എങ്ങനെയാണതു് നിർണ്ണയിക്കപ്പെടുക? എന്നൊക്കെയുള്ള സംഗതികളെപ്പററി ഭിന്നാഭിപ്രായങ്ങളുണ്ടാകും. ഒട്ടേറെപ്പേരുടെ

അഭിപ്രായങ്ങൾ സംഭരിച്ച് അപഗ്രഥിച്ചാൽ പൊതുവായ അഭിപ്രായഗതി എന്താണെന്ന് മനസ്സിലാക്കാൻ സാധിക്കും. പാഠ്യപദ്ധതി, ബോധനരീതികൾ, മൂല്യനിർണ്ണയരീതികൾ, ചോദ്യക്കടലാസ്സുകൾ, പാഠപുസ്തകങ്ങൾ, ഉത്തരക്കടലാസ്സുകൾ മുതലായവയെപ്പററിയും ഭിന്നാഭിപ്രായങ്ങളുണ്ടാവുക സഹജമാണ്. വിദ്യാഭ്യാസത്തെ സംബന്ധിച്ച് ആധികാരികമായി അഭിപ്രായം പറയാൻ കഴിവുള്ള ആളുകളിൽനിന്നും ഒരു 'സാമ്പിൾ' തിരഞ്ഞെടുത്ത് അവരുടെ അഭിപ്രായങ്ങൾ ശേഖരിച്ച് സാംഖ്യക (statistics) ത്തിന്റെ സഹായത്തോടെ വിശകലനം ചെയ്താൽ കിട്ടുന്ന നിഗമനങ്ങൾ പൊതുഅഭിപ്രായത്തെ പ്രതിനിധാനം ചെയ്യുന്നവയായിരിക്കും.

പ്രസക്തപഠനത്തിൽ റിപ്പോർട്ടുകളുടെയും വിദഗ്ദ്ധസമിതികളുടെ ശുപാർശകളുടെയും നിഗമനങ്ങളുടെയുംഅടിസ്ഥാനത്തിൽ ഏതാനും താൽക്കാലിക നിഗമനങ്ങളിലെത്തിച്ചേരാൻ കഴിഞ്ഞു. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ ഭരണറിപ്പോർട്ടുകളും വിവിധകാലഘട്ടങ്ങളിൽ ഉപയോഗിച്ചിരുന്ന സിലബസുകളും അപഗ്രഥിച്ചതിൽനിന്നും കുറെ നിഗമനങ്ങൾ ലഭിച്ചിട്ടുണ്ട്. അവയുടെ സാധുത, അദ്ധ്യാപകർ, ഹെഡ്മാസ്റ്റർമർ, വിദ്യാഭ്യാസവകുപ്പുദ്യോഗസ്ഥന്മാർ, വിദ്യാഭ്യാസവിദഗ്ദ്ധർ എന്നീ നാലുവിഭാഗക്കാരുടെ അഭിപ്രായത്തിൻെറ വെളിച്ചത്തിൽ, ഉറപ്പിക്കാനാണ് ശ്രമിച്ചിട്ടുള്ളത്. അദ്ധ്യേതാക്കളും രക്ഷിതാക്കളുമാണ് ഇക്കാര്യത്തിൽ സമീപിക്കാവുന്ന രണ്ട് കൂട്ടർ. വിദ്യാർത്ഥികൾ ഈ പ്രശ്നത്തെസംബന്ധിച്ച് അഭിപ്രായം പറയാനുള്ള പാകത നേടിയവരല്ല. രക്ഷകർത്താക്കളിൽ ഒട്ടുവളരെപ്പേർ വിദ്യാഭ്യാസരംഗവുമായി വിദൂരബന്ധംപോലും പുലർത്താത്തവരുമാണ്. നേരത്തേ സൂചിപ്പിച്ചിട്ടുള്ള നാലു വിഭാഗങ്ങളിൽ ഒട്ടേറെപ്പേർ

രക്ഷാകർത്താക്കളെ പ്രതിനിധീകരിക്കയും ചെയ്യും. അതു കൊണ്ട് ഈ നാലു വിഭാഗക്കാരുടെ അഭിപ്രായങ്ങൾ ശേഖരിച്ചാൽ മതിയെന്നു തീരുമാനിക്കപ്പെട്ടു.

ഇതിന് സ്വീകരിക്കാവുന്ന ഗവേഷണോപകരണങ്ങൾ (tools) ചോദ്യാവലി (questionnaire), അഭിപ്രായാവലി (opinionaire), ചെക്ക് ലിസ്റ്റ് (check list) റേറ്റിംഗ് സ്കേയിൽ (rating scale) എന്നിവയാണ്. ഇവയിൽ ആദ്യത്തെ രണ്ടും പ്രസക്ത പഠനത്തിന് സ്വീകരിക്കാവുന്ന മാർഗ്ഗങ്ങളാണെങ്കിലും പലതിലും അഭിപ്രായപ്രകടനത്തിന് മുൻതൂക്കം നൽകുന്നതുകൊണ്ട് അഭിപ്രായാവലിതന്നെ സ്വീകരിക്കാമെന്ന് നിശ്ചയിക്കയാണ് ചെയ്തത്. കൂടിക്കാഴ്ച (interview) മറ്റൊരു ടൂൾ (tool) ആണ്. പ്രായോഗികവശമാണ് ഇത് ഒഴിവാക്കാൻ ഗവേഷകരെ പ്രേരിപ്പിക്കുന്നത്. ഒട്ടേറെപ്പേരെ നേരിട്ടുകണ്ട് സംസാരിച്ച് വിവരങ്ങൾശേഖരിക്കുകയെന്നത് ധനവും സമയവും വളരെവേണ്ടിവരുന്ന ഒരു പ്രക്രിയയാണ്.

ഈ പഠനത്തിൽ നിശ്ചിതകാലയളവിലെ സിലബസ്, പരീക്ഷാഭേചാദ്യങ്ങൾ, പാഠപുസ്തകങ്ങൾ ഇവ പഠനവിധേയമാക്കിയതിനപുറമേ അയൽസംസ്ഥാനവുമായി ഒരു താരതമ്യ പഠനവും നടത്തിയിട്ടുണ്ട്. ഇവയിൽനിന്നെല്ലാം ലഭിച്ച നിഗമനങ്ങൾക്ക് കൂടുതൽ ബലം നൽകുന്നതിനും ചിലവയെ സംബന്ധിച്ച പൊതുധാരണ വെളിച്ചത്തുകൊണ്ടുവരുന്നതിനും ഉദ്ദേശിച്ചുള്ളതാണ് ഈ അഭിപ്രായാവലി. ഈ പഠനത്തിനുപയോഗിക്കുന്ന പല ടൂളുകളിൽ ഒന്നു മാത്രമാണിതെന്നാലും പ്രത്യേകം ശ്രദ്ധേയമാണ്.

## നിർവചനം

ഒരു പ്രത്യേക വിഷയത്തെ സംബന്ധിച്ച് വ്യക്തമായ ചിന്തയുടെയും പഠനത്തിന്റേയും വെളിച്ചത്തിൽ എഴുതി തയാറാക്കുന്ന ഏതാനും ചോദ്യങ്ങൾ അവയ്ക്കോരോന്നിനും ഉത്തരം എഴുതാനുള്ള സ്ഥലം അതാതിനു സമീപാതന്നെ നൽകി, ഒട്ടനവധിപേർക്ക് നൽകുന്നതിനെ ചോദ്യാവലി എന്നു പറയാമെന്നും ഇതു് സാധാരണയായി സർവ്വേ(survey) യിലും മനോഭാവങ്ങളും അഭിപ്രായങ്ങളും നിർണ്ണയിക്കുമ്പോഴും ഉപയോഗിക്കാറുണ്ടെന്നും വിദ്യാഭ്യാസനിഘണ്ടുവിൽ (Dictionary of Education)* രേഖപ്പെടുത്തിയിട്ടുണ്ട്. വസ്തുതകൾക്കുപകരം മനോഭാവമോ അഭിപ്രായമോ ആണു് നിർണ്ണയിക്കപ്പെടുന്നതെങ്കിൽ അതിനായി പ്രത്യേകം തയാർ ചെയ്യുന്ന ചോദ്യാവലിയാണ് അഭിപ്രായാവലി എന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഇതിനൊരു പ്രത്യേകതയുള്ളതു് മിക്ക ചോദ്യങ്ങൾക്കും സാദ്ധ്യമായ ഉത്തരങ്ങൾ അവിടവിടെത്തന്നെ നൽകുന്നു എന്നതാണ്. അതിൽ അവരവർക്കിഷ്ടപ്പെട്ടതു് അടയാളപ്പെടുത്തുക മാത്രമാണവർ ചെയ്യാനുള്ളതു്. ഈ രീതി കൂടുതൽ സഹകരണം ലഭിക്കാനും ചിന്തിച്ചിട്ടുള്ള അപഗ്രഥനം കാര്യക്ഷമമാക്കാനും സഹായിക്കും.

## ഉള്ളടക്കം

അഭിപ്രായാവലി പൂരിപ്പിക്കുന്ന ആളെ സംബന്ധിച്ച വിവരങ്ങൾ കൂടാതെ 32 സ്റ്റേറ്റുമെന്റുകൾകൂടി ഇതിലുണ്ട്.

---

* പേജ് 282.

വിദ്യാഭ്യാസനിലവാരമെന്നതിൻെറ അത്ഥത്തെക്കുറിച്ചുള്ളതാണ് ഒന്നാമത്തെ ഐറററം. സാധാരണയായി ആളുകൾ അതിനുകൊടുക്കുന്ന നിർവചനം അഥവാ അർത്ഥം 6 പിരിവുകളായി കൊടുത്തിട്ടുണ്ട്. ഇതിലൊന്നുമല്ലാതെ പുതിയതെന്തെങ്കിലുമാണെ് എഴുതാനുള്ളതെങ്കിൽ അതിന് സ്ഥലം നൽകിയിട്ടുമുണ്ട്. വിവിധ പിരിവുകളിൽ ഒന്നോ അതിലധികമോ യുക്തംപോലെ 'ടിക്' (tick) ചെയ്യുന്നതിനു സൗകര്യം നൽകിയിരുന്നു.

വ്യക്തികളുടെ അഭിപ്രായങ്ങൾ വിഭിന്നങ്ങളാകയാൽ ആപേക്ഷികമായ ഒരു പദമാണ് നിലവാരം എന്ന ചിന്താഗതിയെക്കുറിച്ചുള്ള വിവരങ്ങളാണ് രണ്ടാം സ്റ്റേററ്മെൻറ്.

മൂന്നാമത്തേതിൽ വിദ്യാഭ്യാസനിലവാരത്തിൻെറ ഘടകങ്ങളാണ് പരാമർശനവിഷയം. പൊതുവിജ്ഞാനം, പഠിക്കുന്ന വിഷയങ്ങളിലുള്ള ശേഷി, ഇംഗ്ലീഷിലുള്ള കഴിവ്, പരീക്ഷാഫലം, ജീവിതമൂല്യങ്ങൾ, ജീവിതത്തോടുള്ള മനോഭാവം, ഉൗജ്ജസ്വലതയും നേതൃത്വവും, അന്തർദേശീയമനോഭാവം തുടങ്ങി 14 ഇനമാണ് ഈ സ്റ്റേററുമെൻറിനുതാഴെ കൊടുത്തിട്ടുള്ളത്. ഇവയിലേതെങ്കിലും ഒന്നോ അധികമോ സ്വീകരിക്കാമെന്നും കൂടുതലായി വേണമെങ്കിൽഎഴുതാമെന്നും നിർദ്ദേശം നൽകിയിരുന്നു.

വിദ്യാഭ്യാസനിലവാരം നിർണ്ണയിക്കുന്നതിന് പലേ മാർഗ്ഗങ്ങളാകാം. വിജയശതമാനം താരതമ്യപ്പെടുത്തുക, പരീക്ഷയിലെ ശരാശരിനേട്ടം തുലനംചെയ്യുക, പെരുമാററരീതികൾ തുലനം ചെയ്യുക, ജീവിതവീക്ഷണം അപഗ്രഥിക്കുക, പാഠപദ്ധതി വിശകലനം ചെയ്യുക, മാതൃഭാഷയിലുള്ള കഴിവ്, നിഗമനങ്ങളിലെത്താനുള്ള ശേഷി മുതലായി 12 ഇനം ലിസ്റ്റിൽ നൽകിയിട്ടുണ്ട്. ഇവയിൽ പലതും നിലവാരം

നിർണ്ണയിക്കാനുപകരിക്കുമെന്നു് കരുതുന്നവരുണ്ടാകും. അതുകൊണ്ടു് ഇവയിൽ ഏതാണു് ഏററവും സ്വീകാര്യമായ മാർഗ്ഗമെന്നടയാളപ്പെടുത്താനാണു് ആവശ്യപ്പെട്ടിട്ടുള്ളതു്. ലിസ്റ്റിൽപെടാത്ത ഏതെങ്കിലുമാണു് മെച്ചപ്പെട്ട മാർഗ്ഗമെങ്കിൽ അതു് പതിമൂന്നാമതായി എഴുതാനും 4-ാം സ്റ്റേററുമെൻറു് സൗകര്യം നൽകുന്നു.

സ്വന്തം അഭിപ്രായത്തിൽ വിദ്യാഭ്യാസനിലവാരം താഴുകയാണോ, തരണപോലയോ, മെച്ചപ്പെട്ടോ, തൃപ്തികരമാണോ, കാലത്തിനൊത്തതാണോ അതോ മെച്ചപ്പെടുത്തേണ്ടതുണ്ടോ എന്നു് വ്യക്തമാക്കാനാണു് അടുത്ത സ്റ്റേററുമെൻറു്.

വിദ്യാഭ്യാസനിലവാരം താഴുന്നെന്ന അഭിപ്രായമുള്ളവർ അതു് പ്രൈമറി, സെക്കൻററി, ഡിഗ്രിതലങ്ങളിലെവിടെയാണു് മോശമെന്നും ഏതിനും കോഴ്സിലാണു് തകരാറെന്നും ഏതു കഴിവിലാണു് അതു് പ്രതിഫലിക്കുന്നതെന്നും എന്തിൻെറയടിസ്ഥാനത്തിലാണീ നിഗമനമെന്നും വ്യക്തമാക്കാനാവശ്യപ്പെടുന്നതാണു് 6-ാം സ്റ്റേററു്മെൻറു്.

വിദ്യാഭ്യാസനിലവാരം താണിട്ടുണ്ടെന്നഭിപ്രായപ്പെടുന്നവക്കു് അതിനുപോൽബലകമായി ചില കാരണങ്ങളും പറയാനുണ്ടാകും വിദ്യാഭ്യാസത്തിൻെറ വികാസം, സാമ്പത്തികപ്രശ്നങ്ങൾ, ജനസംഖ്യാവർദ്ധനവു്, പാഠ്യപദ്ധതിയിലെ തകരാറുകൾ, സിലബസിൽ ഭാഷകൾക്കുള്ള അമിതമായ സ്ഥാനം, സിലബസിൻെറ ജീവിതവുമായുള്ള ബന്ധക്കുറവു്, മോശപ്പെട്ട ബോധനരീതികൾ, പരീക്ഷാസമ്പ്രദായത്തിലെ തകരാറുകൾ, സിലബസിൻെറ ക്രടെക്കൂടെയുള്ള മാററം, ഭരണസംവിധാനത്തിൻെറ പോരായ്മകൾ, രാഷ്ട്രീയപാർട്ടികളുടെ ഇടപെടൽ തുടങ്ങി പതിനാറു് കാരണങ്ങൾ നൽകി അതിൽനിന്നും സ്വീകാര്യമായ ഒന്നോ അതിലധി

കമോ തിരഞ്ഞെടുക്കാനാണ് ഏഴാമത്തെ ഐററം നിർദ്ദേശിക്കുന്നത്. ഇവിടെയും മററന്തെങ്കിലും പ്രത്യേകകാരണമാണ് പറയാനുള്ളതെങ്കിൽ അതു് രേഖപ്പെടുത്താൻ സൗകര്യം നൽകിയിട്ടുണ്ട്.

എട്ടുമുതൽ പതിനൊന്നുവരെ സ്റ്റേററുമെൻറുകൾ വിദ്യാത്ഥികൾ, രക്ഷകത്താക്കൾ, അദ്ധ്യാപകർ, പാഠ്യപദ്ധതി ഇവയിലേതിലെങ്കിലുമാണ് തകരാറെങ്കിൽ അതിനുള്ള പ്രത്യേകകാരണംകൂടി സ്പഷ്ടമാക്കാൻ ഉദ്ദേശിച്ചിട്ടുള്ളവയാണ്.

പന്ത്രണ്ടാമത്തെ സ്റ്റേററുമെൻറ് കരിക്കുലവുമായി ബന്ധപ്പെട്ടതാണ്. ഇന്നത്തെ കരിക്കുലം മോശപ്പെട്ട നിലവാരം വിളിച്ചറിയിക്കുന്നുണ്ട് എന്നതും കഴിഞ്ഞ ഏതാനും വർഷങ്ങളായി സിലബസിൽ നേർപ്പിക്കൽ നടന്നുകൊണ്ടിരിക്കുന്നു എന്നതും അഭിപ്രായത്തിന് വയ്ക്കുകയാണ്. മുതിന്ന തലമുറയിലെ കുറേപ്പേരെങ്കിലും തങ്ങൾ ഇരുപതോ മുപ്പതോ വർഷം മുമ്പ് പഠിച്ചിരുന്നതിൻെറ പകുതിപോലും ഇന്നത്തെ കുട്ടികൾ പഠിക്കുന്നില്ലെന്ന് അഭിപ്രായപ്പെടാറുണ്ട്. ഇതേ സംബന്ധിച്ച ഉത്തരകത്താക്കളുടെ മനോഭാവവും ഈ സ്റ്റേററുമെൻറിലൂടെ വ്യക്തമാക്കാൻ ഉദ്ദേശിക്കുന്നു. ഏതുവിഷയത്തിലാണ് ഈ നിഗമനം സാധുവെന്നും മനസ്സിലാക്കാനായി ആറു വിഷയങ്ങളും അവിടെ രേഖപ്പെടുത്തിയിട്ടുണ്ട്.

പതിമൂന്നാമത്തെ സ്റ്റേററുമെൻറ് ഉത്തരക്കടലാസ്സുകളെ സംബന്ധിച്ചതാണ്. ഇക്കാര്യത്തിലും മുതിന്ന തലമുറ ഇന്നത്തെ വിദ്യാത്ഥികളെ പഴി പറയുന്നുണ്ട്. അതേപ്പററി പഠനത്തിൽ സഹകരിക്കുന്നവരുടെ അഭിപ്രായം അറിയുകയാണ് ഈ സ്റ്റേററുമെൻറിൻെറ ഉന്നം. ഏതു ഘടകത്തിന്റെ പേരി

ലാണ് ഈ ഗുണപരിമിതി എന്നു് വ്യക്തമാക്കാൻ ഈ സ്റ്റേറ്റുമെൻറിൻെറ രണ്ടാംഭാഗം ഉപയോഗിച്ചിട്ടുണ്ട്.

ക്ലാസ്സുമുറിയിലെ പ്രകടനമാണോ ക്ലാസ്സിനുപുറത്തെ പെരുമാററമാണോ പരീക്ഷകളിലെയും ചർച്ചകളിലെയും പ്രകടനമാണോ പെരുമാററരീതികളിലെയും പഠനശീലങ്ങളിലെയും ജീവിതവീക്ഷണത്തിലെയും പ്രത്യേകതകളാണോ നിലവാരക്കുറവെന്നു് വിവക്ഷിക്കപ്പെടുന്നതെന്നു മനസ്സിലാക്കാൻ ഉദ്ദേശിച്ചുള്ളതാണ് അടുത്ത സ്റ്റേറ്റുമെൻറ്.

പരീക്ഷയിലെ ചോദ്യക്കടലാസ്സുകളെ സംബന്ധിക്കുന്നതാണ് അടുത്തതു്. പ്രതീക്ഷിതനിലവാരത്തിൻെറ മുഖക്കണ്ണാടിയാണു് പരീക്ഷാചോദ്യക്കടലാസ്സെന്നു് ചിലർ അഭിപ്രായപ്പെടുന്നുണ്ട്. ഇതിനോടു ഉത്തരകർത്താക്കൾ യോജിക്കുന്നുണ്ടോ എന്നു് മനസ്സിലാക്കാനും,യോജിക്കുന്നെങ്കിൽ ചോദ്യക്കടലാസ്സിലൂടെ പ്രതിഫലിപ്പിക്കപ്പെടുന്ന നിലവാരം പഴയതിനേക്കാൾ കുറവോ കൂടുതലോ,പഴയതിനു് സമമോ എന്നു് വ്യക്തമാക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്.

കഴിഞ്ഞ മുപ്പതു വർഷത്തിനിടയ്ക്കു് രണ്ടുതവണ ഐച്ഛികസമ്പ്രദായം ആരംഭിച്ചു്, പരിശോധിച്ചു്, തിരസ്കരിക്കപ്പെട്ടിട്ടുണ്ട്. സ്പെഷ്യലൈസേഷൻ വരുംകാലത്തേക്കു് യോജിച്ചതാണോ എന്നും ആണെങ്കിൽ ഐച്ഛികസമ്പ്രദായം എവിടെ ആരംഭിക്കണമെന്നു് അറിയാനുമാണു് പതിനാറാം ചോദ്യം.

ഇംഗ്ലീഷിൽ ഇന്നു കാണുന്ന മോശപ്പെട്ടനിലവാരമാണു പലരും പൊതുവിലുള്ള നിലവാരത്തകർച്ചയായി വിശേഷിപ്പിക്കുന്നതു്. ഇംഗ്ലീഷിൻെറ നിലവാരം പൊതുനിലവാരത്തിൻെറ പ്രതീകമായി കണക്കാക്കണമോ വേണ്ടയോ എന്ന

തിനെപ്പററിയുള്ള അഭിപ്രായമാണു് പതിനേഴാം സ്റ്റേററ മെൻറു് ആരായുന്നതു്.

നിലവിലുള്ള സിലബസ് മുപ്പതു വർഷങ്ങൾക്കുമുമ്പുള്ളതുമായി താരതമ്യപ്പെടുത്തുമ്പോൾ എങ്ങനെയിരിക്കുമെന്ന ഉത്തരകർത്താവിൻെറ അഭിപ്രായമാണു് അടുത്ത ചോദ്യം ആവശ്യപ്പെടുന്നതു്. ഇവിടെയും ആറു വിഷയങ്ങളിൽ ഏതിൻെറ സിലബസാണു് മെച്ചപ്പെട്ടിട്ടുള്ളതു്, മോശപ്പെട്ടിട്ടുള്ളതു് അഥവാ സമനിലയിൽ നിൽക്കുന്നതു് എന്നു് വ്യക്തമാക്കുകയാണു് ചോദ്യത്തിൻെറ ഉദ്ദേശം.

19-ാം, 20-ാം ചോദ്യങ്ങൾ പാഠപുസ്തകങ്ങളെ സംബന്ധിച്ചവയാണു്. ഒരു പാഠപുസ്തകം ഒരിക്കൽ അംഗീകരിച്ചാൽ എത്ര വർഷത്തേക്കു് അതു തുടർന്നുപോകണമെന്നതിനെപ്പററി ഉത്തരകർത്താക്കളുടെ അഭിപ്രായം ആരായുന്നതിനാണു് ആദ്യത്തേതു്. പാഠപുസ്തകങ്ങൾ ദേശസാൽക്കരിക്കപ്പെട്ടതിൻെറ ഗുണദോഷഫലങ്ങൾ പരാമർശിക്കുന്നതാണു് അടുത്ത ചോദ്യം.

നിലവാരത്തകർച്ചയെന്നതു് യാഥാർത്ഥ്യമാണെന്ന അഭിപ്രായമുണ്ടെങ്കിൽ അതു് നമ്മുടെ രാജ്യത്തിന്റെ മാത്രം പ്രത്യേകതയാണോ എന്നു് നിർണ്ണയിക്കുന്നതിനു് ഇരുപത്തൊന്നാം ചോദ്യവും പണ്ടുമുതലേ ഈ മുറവിളി ഉണ്ടായിരുന്നോ എന്നു് നിശ്ചയിക്കുന്നതിനു് ഇരുപത്തിരണ്ടാം ചോദ്യവും ഉൾപ്പെടുത്തിയിട്ടുണ്ടു്. ഏതെങ്കിലും ചില വിഷയങ്ങളുടെ നിലവാരം മാത്രമാണു് മോശപ്പെട്ടിട്ടുള്ളതെന്നു് ഉത്തരകർത്താവിനു് അഭിപ്രായമുണ്ടെങ്കിൽ ഏതേതു് വിഷയങ്ങളിലെന്നു് വ്യക്തമാക്കുകയാണു് അടുത്ത ചോദ്യത്തിൻെറ ലക്ഷ്യം. നിർബന്ധിത വിദ്യാഭ്യാസപദ്ധതി നിലവാരം മോശപ്പെടുത്താൻ കാരണമായിട്ടുണ്ടോ എന്നു് നിർണ്ണയിക്കുന്നതിനാണു് 24-ാം ചോദ്യം.

വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ചില നിർദ്ദേശങ്ങളാണ് 25 മുതൽ 28 വരെ സ്റ്റേറമെൻറുകൾ ഉൾക്കൊള്ളുന്നത്. സെക്കൻററിഘട്ടത്തിൽ അഡ്മിഷൻ സെലക്ററീവ് ആക്കുക, അവശ്യയോഗ്യതാപരീക്ഷകൾ ഏർപ്പെടുത്തുക; സിലബസ് കൂടുതൽ വ്യാപ്തിയുള്ളതാക്കുക, പ്രവൃത്തികേന്ദ്രീതവും ജീവിതകേന്ദ്രീതവുമായ പാഠപദ്ധതി ആസൂത്രണം ചെയ്യുക എന്നീ നാലു നിർദ്ദേശങ്ങളോട് പൊതുവിലുള്ള അഭിപ്രായം അറിയാനാണ് ഈ ചോദ്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ജനറൽസയൻസ്, ദസാഷ്യൽസ്റ്റഡീസ് മുതലായ സങ്കരവിഷയങ്ങൾ തുടരണോ വേണ്ടയോ, പാഠ്യപദ്ധതിപരിഷ്ക്കാരങ്ങൾ നിലവാരം ഉയർത്താൻ സഹായകമാണോ അല്ലയോ, 1964 ൽ തുടങ്ങി വച്ച പ്രീഡിഗ്രികോഴ്സ് ഡിഗ്രി ക്ലാസ്സിൽ പ്രവേശിക്കുന്നവരുടെ നിലവാരം ഉയർത്താൻ സഹായിച്ചിട്ടുണ്ടോ ഇല്ലയോ എന്നീ പ്രശ്നങ്ങളാണ് 29 മുതൽ 31 വരെ ചോദ്യങ്ങളിൽ.

അഭിപ്രായാവലിയിലെ അവസാനത്തെ ഐററം വിദ്യാഭ്യാസനിലവാരം പുലർത്തുന്നതിനുള്ള പ്രായോഗികനിർദ്ദേശങ്ങൾ ഉത്തരകർത്താക്കളിൽ നിന്ന് ആവശ്യപ്പെടുന്നതാണ്. ഇവിടെ സ്വാതന്ത്ര്യമായ അഭിപ്രായപ്രകടനത്തിന് സൗകര്യം നൽകിയിരിക്കയാണ്.

ഉത്തരദാതാക്കളുടെ പേര്, ഉദ്യോഗപ്പേര്, അദ്ധ്യാപനപരിചയം, ഹൈസ്ക്കൂളിൽ പഠിച്ചകാലം, S. S. L. C. പരീക്ഷകനായിരുന്നോ എന്ന വിവരം, ഭരണരംഗത്തെ ഔദ്യോഗികസ്ഥാനം എന്നിവയാണ് അഭിപ്രായാവലിയിലെ ഒരു പ്രത്യേകഭാഗം. നേരിട്ടുള്ള അനുഭവത്തിന്റെയും അറിവിന്റെയും വെളിച്ചത്തിലാണോ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതെന്ന് നിർണ്ണയിക്കാനാണ് ഈ വിഭാഗം ഉൾപ്പെട

തിയിട്ടുള്ളത്. പേരെഴുതാൻ വൈമുഖ്യമുള്ളവരെ അതിന്ന് നിർബന്ധിച്ചിരുന്നില്ല.

ആറുപേജുള്ള ഒരു ചെറിയ ബുക്കിൻെറ മാതൃകയിലാണ് അഭിപ്രായാവലി തയാർ ചെയ്തത്. ഇതിൻെറ ഉദ്ദേശവും എഴുതുന്ന വിവരങ്ങൾ യഥാതഥമായിരിക്കേണ്ടതിന്റെ ആവശ്യകതയും ചൂണ്ടിക്കാണിച്ച് ആത്മാർത്ഥമായ സഹകരണം ആഹ്വാനം ചെയ്യുന്ന ഒരഭ്യർത്ഥന അഭിപ്രായാവലിക്ക് കേടു കൂടാതെ കീറിയെടുക്കത്തക്കവിധം അതിനോട് ചേർത്തിരുന്നു.

## സാമ്പിൾ (Sample)

അഭിപ്രായാവലി നൽകിയ സമയത്ത് സംസ്ഥാനത്ത് 1275 ഹൈസ്കൂളുകളാണ് ഉണ്ടായിരുന്നത്. ഇവയിലെല്ലാം അഭിപ്രായാവലിയെത്തിക്കുക, പല കാരണങ്ങളാലും പ്രായോഗികമല്ലാത്തതിനാൽ ഇരുന്നൂററിഅമ്പത്തഞ്ച് (20%) സ്കൂളുകൾ തിരഞ്ഞെടുക്കാനാണ് തീരുമാനിച്ചത്. എല്ലാവിദ്യാഭ്യാസജില്ലകളേയും പ്രതിനിധീകരിച്ച് ഗവണ്മെൻറും പ്രൈവററും വിദ്യാലയങ്ങൾ ഈ സാമ്പിളിൽ ഉൾപ്പെടുത്തി. റാൻഡം (Randam) സാമ്പിൾരീതിയനുസരിച്ച് ഒരു നിർദ്ദിഷ്ട സ്കൂളിൽ തുടങ്ങി ഓരോ അഞ്ചാമത്തെ സ്കൂളുമാണ് ഈ ആവശ്യത്തിനായി തിരഞ്ഞെടുത്തത്. അഭിപ്രായാവലിയുടെ രണ്ടു പ്രതിവീതം സ്കൂളിലയച്ച് പത്തുവർഷത്തെയെങ്കിലും അദ്ധ്യാപനപരിചയമുള്ള രണ്ടു അദ്ധ്യാപകർ വീതം അതു് പൂരിപ്പിച്ചു നൽകാൻ ആവശ്യപ്പെടുകയാണ് ചെയ്തത്.

അന്നുണ്ടായിരുന്ന 24 വിദ്യാഭ്യാസജില്ലകളിൽ ഓരോന്നിൽനിന്നും ആറ് ഹൈസ്കൂളുകൾവീതമാണ് ഹെഡ്മാ

സ്റ്റർമാരിൽനിന്നും അഭിപ്രായം ശേഖരിക്കാനായി തിരഞ്ഞെടുത്തതു്. അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസർമാർ, ഡിസ്ട്രിക്ററ് എഡ്യൂക്കേഷണൽ ഓഫീസർമാർ എന്നിവരിൽ നിന്നും 97 പേരെയാണു് സമീപിക്കാൻ നിശ്ചയിച്ചതു്. ആകെ അന്നു് സംസ്ഥാനത്തു് ഉണ്ടായിരുന്നതു് 147 അസിസ്റ്റന്റ് എഡ്യൂക്കേഷനൽ ഓഫീസർമാരും 25 ഡിസ്ട്രിക്ററ് എഡ്യൂക്കേഷനൽ ഓഫീസർമാരുമായിരുന്നു. സർവകലാശാലാവിദ്യാഭ്യാസവകുപ്പിലെ അദ്ധ്യാപകർ, ട്രെയിനിംഗ് കാളേജുകളിലെ പ്രിൻസിപ്പൽമാർ, പ്രൊഫസർമാർ, സീനിയർ ലക്ചറർമാർ, പെൻഷൻ പററിയ പ്രിൻസിപ്പൽമാർ, പ്രൊഫസർമാർ, ഡെപ്യൂട്ടി ഡയറക്ടറർമാർ എന്നിവരുൾപ്പെട്ട 50 പേരെയാണു് വിദ്യാഭ്യാസവിദഗ്ദ്ധർ എന്ന വിഭാഗത്തിലേക്കു് നയിച്ചതു്. അങ്ങനെ ആകെ 500 അദ്ധ്യാപകർ, 144 ഹെഡ്മാസ്റ്റർമാർ, 97 വിദ്യാഭ്യാസവകുപ്പുദ്യോഗസ്ഥന്മാർ, 50 വിദ്യാഭ്യാസ വിദഗ്ദ്ധർ എന്നിവരുൾപ്പെടെ 791 പേൎക്കാണു് അഭിപ്രായാവലി എത്തിച്ചു കൊടുത്തതു്.

തിരുവനന്തപുരം സിററിയിലും പരിസരത്തും ഉള്ളവരൊഴിച്ചു് മററെല്ലാവൎക്കും പോസ്ററുവഴിയാണു് അഭിപ്രായാവലി അയച്ചുകൊടുത്തതു്. പൂരിപ്പിച്ച പ്രതികൾ തിരിച്ചയയ്ക്കുന്നതിനു് സ്വന്തം മേൽവിലാസമെഴുതിയതും മതിയായ സ്റ്റാമ്പൊട്ടിച്ചതുമായ കവറുകൾ ഉള്ളടക്കം ചെയ്തിരുന്നു. രണ്ടാഴ്ചയ്ക്കകം ഇവ പൂരിപ്പിച്ചു് അയച്ചുതരണമെന്നാണു് അഭ്യൎത്ഥിച്ചിരുന്നതു്.

ആകെ സമീപിച്ചവരിൽ 25 % പേർ മാത്രമേ നിശ്ചിതസമയത്തിനുള്ളിൽ അഭിപ്രായാവലി പൂരിപ്പിച്ചയച്ചുതന്നുള്ളു. ശേഷിച്ചവരെ പ്രസക്തപഠനത്തിന്റെ പ്രാധാന്യവും

അവരുടെ അഭിപ്രായങ്ങൾകൂടി ലഭിക്കേണ്ടതിന്റെ ആവശ്യകതയും അനുസ്മരിപ്പിച്ചതിന്റെ ഫലമായി ഏതാണ്ട് 200-ഓളം പേർകൂടി അവ പൂരിപ്പിച്ചയച്ചുതന്നു. ഒരു മാസത്തിനുശേഷം ഒരിക്കൽകൂടി പൂരിപ്പിച്ചയച്ചുതരാത്തവരെ വിവരം അറിയിച്ചതിന്റെ ഫലമായി കുറേയെണ്ണംകൂടി പൂരിപ്പിച്ചുകിട്ടി. കൂടുതൽ കാത്തിരിക്കുന്നതു് സമയനഷ്ടംവരുത്തുകയല്ലാതെ പ്രയോജനപ്രദമല്ലെന്നു് ബോദ്ധ്യമായപ്പോൾ ലഭ്യമായവ വച്ചുകൊണ്ടു് വിശകലനം നടത്താൻ തീരുമാനിക്കുകയാണു് ചെയ്തതു്. 324 അദ്ധ്യാപകർ, 86 ഹെഡ്മാസ്റ്റർമാർ, 65 വിദ്യാഭ്യാസവകുപ്പുദ്യോഗസ്ഥന്മാർ, 30 വിദ്യാഭ്യാസവിദഗ്ദ്ധർ എന്നിവരുൾപ്പെടെ 505 പേരാണു് അഭിപ്രായാവലി പൂരിപ്പിച്ചയച്ചുതന്നതു്.

പൂരിപ്പിച്ചുകിട്ടിയ വിവരങ്ങൾ സംഗ്രഹിക്കുകയായിരുന്നു അടുത്ത ജോലി. അഭിപ്രായാവലിക്കു് ഉത്തരം നൽകിയ നാലു വിഭാഗക്കാരുടേയും അഭിപ്രായങ്ങൾ വെവ്വേറെ അപഗ്രഥിക്കത്തക്കവണ്ണമാണു് ടാബുലേഷൻ (tabulation) നടത്തിയതു്.

കേരളത്തിലെ 24 വിദ്യാഭ്യാസജില്ലകളിൽനിന്നും ഗവണ്മെന്റും പ്രൈവററും ഹൈസ്കൂളുകളെ പ്രതിനിധീകരിച്ചു് അദ്ധ്യാപകരും ഹെഡ്മാസ്ററർമാരും അഭിപ്രായാവലിക്കു് ഉത്തരം നൽകിയിട്ടുണ്ടു്. വകുപ്പുദ്യോഗസ്ഥന്മാരിൽനിന്നാകട്ടെ ഡിസ്ട്രിക്ട് എഡ്യൂക്കേഷനൽ ഓഫീസർമാരും അസിസ്ററൻറ് എഡ്യൂക്കേഷനൽ ഓഫീസർമാരും തങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടു്. വിദ്യാഭ്യാസരംഗത്തെ പരിചയത്തിന്റെയും പ്രശ്നങ്ങളിലുള്ള താല്പര്യത്തിന്റെയും അടിസ്ഥാനത്തിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരും പ്രവർത്തിച്ചിരുന്നവരുമായ വിദ്യാഭ്യാസവിദഗ്ദ്ധരും

തങ്ങളുടെ വിലയേറിയ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയുണ്ടായി. ഈ എല്ലാ വിഭാഗങ്ങളിലുമായി ഒട്ടേറെപേർ ഇരുപതു് വർഷങ്ങൾക്കുമുൻപു് ട്രൈനിസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞവരാണെന്നുള്ളതു് അവരുടെ അഭിപ്രായങ്ങളുടെ മാററു കൂട്ടുന്നുണ്ടു്. അടുത്തകാലത്തുമാത്രം ബിരുദംനേടി അദ്ധ്യാപകവൃത്തിയിൽ പ്രവേശിച്ച ഏതാനുംപേരും ഈ പഠനത്തിൽ ഭാഗഭാക്കുകളായിട്ടുണ്ടു്. ഈ രണ്ടു കൂട്ടരുടേയും സാന്നിദ്ധ്യം അഭിപ്രായാവലിയുടെ അടിസ്ഥാനത്തിലുള്ള നിഗമനങ്ങൾക്കു് സാധുത ഏററാൻ പര്യാപ്തമാണു്. നേരിട്ടുള്ള അനുഭവത്തിന്റെയും പരിചയത്തിന്റെയും പ്രതിഫലനമാണു് അഭിപ്രായാവലിയുടെ ഉത്തരങ്ങളിൽ ഒട്ടുമുക്കാലും എണ്ണത്തിൽ കാണുന്നതു്. അതുകൊണ്ടു് അപഗ്രഥനഫലമായി ലഭിക്കുന്ന നിഗമനങ്ങൾ സാധുവാണെന്നു് (valid) പറയാം.

## 18. അഭിപ്രായാവലിയുടെ അപഗ്രഥനം

അദ്ധ്യാപകർ, ഹെഡ്മാസ്റ്റർമാർ, വിദ്യാഭ്യാസവകുപ്പുദ്യോഗസ്ഥന്മാർ, വിദ്യാഭ്യാസവിദഗ്ദ്ധർ എന്നീ നാലുവിഭാഗക്കാർ പൂരിപ്പിച്ചു നൽകിയ 505 അഭിപ്രായാവലിയിൽ നിന്നും കിട്ടിയ വിവരങ്ങളാണ് ചുവടെ ചേർക്കുന്നത്. വിവിധ പ്രശ്നങ്ങളോട് ഓരോ വിഭാഗക്കാർക്കും ഉള്ള യോജിപ്പ് എത്രത്തോളമെന്ന് ഇതിൽനിന്ന് വ്യക്തമാകും. നിഗമനങ്ങൾ പ്രത്യേകമായി അടുത്ത അദ്ധ്യായത്തിൽ ചേർത്തിട്ടുണ്ട്. തുടന്ന് ഏതാനും നിർദ്ദേശങ്ങളും മുന്നോട്ടു വച്ചിട്ടുണ്ട്. നാലു വിഭാഗക്കാരുടെയും അഭിപ്രായങ്ങൾക്കു തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ വിശദപഠനത്തിന് വിധേയമാക്കിയെങ്കിലും അതിവിടെ കൊള്ളിച്ചിട്ടില്ല. അഭിപ്രായാവലിയിലെ സ്റ്റേറ്റമെൻറുകൾ ഓരോന്നായി പരിശോധിക്കാം.

1. വിവിധ വിഷയങ്ങളിൽ വിദ്യാർത്ഥികൾ നേടുന്ന കഴിവാണ് വിദ്യാഭ്യാസനിലവാരം എന്ന പദം കൊണ്ടർത്ഥമാക്കുന്നതെന്നാണ് നാലു കൂട്ടരും അഭിപ്രായപ്പെടുന്നത്. രണ്ടാംസ്ഥാനം പൗരത്വകഴിവുകൾക്കും മൂന്നാംസ്ഥാനം പൊതുവിജ്ഞാനത്തിനുമാണ് ലഭിച്ചിട്ടുള്ളത്. വിവിധ വിഭാഗക്കാരുടെ അഭിപ്രായം പട്ടികയായി ചേർക്കുന്നു.

## പട്ടിക 1

### വിദ്യാഭ്യാസനിലവാരത്തിന്റെ അർത്ഥം

| | അനുകൂലിക്കുന്നവരുടെ ശതമാനം | | | |
|---|---|---|---|---|
| | അദ്ധ്യാപകർ | ഹെഡ്മാസ്റ്റർമാർ | ഭരണാധികാരികൾ | വിദഗ്ദ്ധർ |
| a) വിവിധ വിഷയങ്ങളിൽ വിദ്യാർത്ഥികൾ നേടുന്ന കഴിവ് | 62 | 58 | 54 | 80 |
| b) സ്വഭാവരീതികളുടെയും താല്പര്യങ്ങളുടെയും പ്രത്യേകത | 35 | 40 | 25 | 20 |
| c) ചില പ്രത്യേകപ്രവർത്തനശേഷികളുടെ വികസനം | 31 | 23 | 23 | 37 |
| d) നേടിയിട്ടുള്ള പൊതുവിജ്ഞാനം | 45 | 44 | 35 | 43 |
| e) പൗരത്വകഴിവുകൾ | 42 | 44 | 38 | 67 |
| f) ഏതു ഘട്ടംവരെ പഠിച്ചിട്ടുണ്ടെന്നതു് | 7 | 7 | 4 | 0 |

2. വിദ്യാഭ്യാസനിലവാരത്തെ സംബന്ധിച്ച് പലർക്കും പല അഭിപ്രായങ്ങളും ധാരണകളുമാണുള്ളതു് എന്നും ആപേക്ഷികമാണാപദമെന്നും ആണ് ഭൂരിപക്ഷാഭിപ്രായം.

3. വിദ്യാഭ്യാസനിലവാരം ഏതെല്ലാം മാനദണ്ഡങ്ങളെ ആസ്പദമാക്കിയിരിക്കുന്നു എന്ന പ്രശ്നത്തിന് ഏതാണ്ട് ഏകാഭിപ്രായമാണ് നാലു വിഭാഗക്കാർക്കും ഉള്ളതു്.

അറിവ് സന്ദർഭാനുസരണം പ്രയോജനപ്പെടുത്താനുള്ള കഴിവ്, പൊതുവിജ്ഞാനം, പാഠ്യവിഷയങ്ങളിൽ നേടിയിട്ടുള്ള പാണ്ഡിത്യം ഇവയാണ് പ്രാമുഖ്യക്രമത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. പട്ടികയിൽ കൊള്ളിച്ചിരുന്ന 14 ഇനങ്ങളിൽ ഏററവും ഒടുവിലത്തെ സ്ഥാനമേ ഇംഗ്ലീഷിലുള്ള പരിജ്ഞാനത്തിന് നൽകിയിട്ടുള്ളു. അഭിപ്രായ വിശദീകരിക്കാൻ പട്ടിക 2 താഴെ ചേർക്കുന്നു.

പട്ടിക 2

വിദ്യാഭ്യാസനിലവാരത്തിന്റെ മാനദണ്ഡം

| | അനുകൂലിക്കുന്നവരുടെ ശതമാനം | | | |
|---|---|---|---|---|
| | അദ്ധ്യാപകർ | ഹെഡ്മാസ്റ്റർമാർ | ഭരണാധികാരികൾ | വിദഗ്ദ്ധർ |
| 1 പൊതുവിജ്ഞാനം | 62 | 65 | 58 | 67 |
| 2 ഇംഗ്ലീഷ്പരിജ്ഞാനം | 12 | 12 | 19 | 23 |
| 3 പാഠ്യവിഷയങ്ങളിൽ നേടിയിട്ടുള്ള വൈദഗ്ദ്ധ്യം | 58 | 65 | 69 | 77 |
| 4 ലിഖിതകഴിവ് | 32 | 35 | 50 | 43 |
| 5 വാചികകഴിവ് | 32 | 37 | 42 | 40 |
| 6 പരീക്ഷാഫലങ്ങൾ | 24 | 31 | 23 | 27 |
| 7 അറിവ് സന്ദർഭാനുസരണം പ്രയോഗിക്കാനുള്ള കഴിവ് | 77 | 72 | 69 | 73 |
| 8 ജീവിതമൂല്യങ്ങൾ | 36 | 33 | 27 | 47 |
| 9 പാണ്ഡിത്യം | 16 | 18 | 27 | 33 |
| 10 ഊർജ്ജസ്വലതയും നേതൃത്വശേഷിയും | 27 | 35 | 42 | 37 |
| 11 ജീവിതത്തോടുള്ള മനോഭാവം | 39 | 47 | 50 | 43 |
| 12 തൊഴിൽസാമർത്ഥ്യം | 20 | 18 | 31 | 30 |
| 13 പെരുമാററരീതികൾ | 30 | 28 | 35 | 27 |
| 14 അന്തർദേശീയവീക്ഷണം | 25 | 28 | 27 | 20 |

4. വിദ്യാഭ്യാസനിലവാരം നിർണ്ണയിക്കാനുള്ള ഏററവും വസ്തുനിഷ്ഠമായ മാർഗ്ഗം ഏതെന്നറിയാനുള്ള ചോദ്യത്തിനും അഭിപ്രായൈക്യം കാണാൻ കഴിയുന്നുണ്ട്. കുട്ടികളുടെ പൊതുനേട്ടങ്ങൾ തുലനം ചെയ്യുന്നതിന് ഒന്നാംസ്ഥാനവും തീരുമാനങ്ങളിലെത്തിച്ചേരാനുള്ള കഴിവ് താരതമ്യപ്പെടുത്തുന്നതിനു രണ്ടാംസ്ഥാനവുമാണ് ലഭിച്ചിട്ടുള്ളത്. ഒരെണ്ണം അടയാളപ്പെടുത്തുന്നതിനുപകരം പലരും രണ്ടും മൂന്നും മാർഗ്ഗങ്ങൾ സ്വീകാര്യമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 3-ാം പട്ടിക വിഭിന്നവിഭാഗക്കാരുടെ അഭിപ്രായം വിശദമാക്കാൻ പോന്നതാണ്.

### പട്ടിക 3

### വിദ്യാഭ്യാസനിലവാരം നിർണ്ണയിക്കുന്നതിനുള്ള വസ്തുനിഷ്ഠ സമീപനം

| താരതമ്യം ചെയ്യേണ്ടതു് | അഭിപ്രായപ്പെട്ടവരുടെ ശതമാനം | | | |
|---|---|---|---|---|
| | അദ്ധ്യാപകർ | ഹെഡ്മാസ്റ്റർമാർ | ഭരണാധികാരികൾ | വിദഗ്ദ്ധർ |
| 1 വിജയശതമാനം | 22 | 18 | 4 | 20 |
| 2 പരീക്ഷകളിലെ ശരാശരി മാർക്ക് | 25 | 28 | 15 | 23 |
| 3 തൊഴിൽരംഗത്തെ കഴിവ് | 25 | 26 | 11 | 37 |
| 4 പെരുമാററരീതികൾ | 21 | 21 | 15 | 40 |
| 5 ജീവിതത്തോടുള്ള മനോഭാവം | 29 | 35 | 19 | 30 |

| | | | | |
|---|---|---|---|---|
| 6 കാലാകാലങ്ങളിൽ നിർദ്ദേശിക്കപ്പെടുന്ന പാഠപദ്ധതി | 13 | 9 | 0 | 20 |
| 7 ഉപയോഗിക്കുന്ന പാഠപുസ്തകങ്ങൾ | 7 | 2 | 4 | 13 |
| 8 കുട്ടികളുടെ പൊതുനേട്ടങ്ങൾ | 72 | 79 | 85 | 73 |
| 9 ഇംഗ്ലീഷ്നിലവാരം | 8 | 0 | 4 | 20 |
| 10 മാതൃഭാഷാപരിജ്ഞാനം | 8 | 2 | 8 | 17 |
| 11 നിഗമനങ്ങളിലെത്തിച്ചേരാനുള്ള കഴിവ് | 38 | 28 | 31 | 40 |
| 12 സാമൂഹ്യമനോഭാവവും വീക്ഷണവും | 27 | 28 | 15 | 27 |

5. വിദ്യാഭ്യാസനിലവാരം താണുപോകുന്നതായി നാലു വിഭാഗങ്ങളിലെയും യഥാക്രമം 34, 33, 19, 37 ശതമാനം പേർ അഭിപ്രായപ്പെടുമ്പോൾ 71, 74, 85, 77 ശതമാനം പേരാണ് ഈ രംഗങ്ങളിൽ നിലവാരം ഉടനടി മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന അഭിപ്രായത്തോട് യോജിക്കുന്നത്. നിലവാരം മെച്ചപ്പെട്ടിട്ടുള്ളതായി ആരും തന്നെ അഭിപ്രായപ്പെടുന്നില്ല.

6. നിലവാരം മോശപ്പെടുന്നതു് പ്രധാനമായും പ്രൈമറി, സെക്കണ്ടറിഘട്ടങ്ങളിലാണെന്നാണ് ഭൂരിപക്ഷം പേരും അഭിപ്രായപ്പെടുന്നതു്. ഈ രണ്ടു രംഗങ്ങളിലും പോരായ്മയുണ്ടെന്നു കരുതുന്നവരും കുറവല്ല. പ്രൈമറിവിഭാഗത്തിലെ

നിലവാരം താഴുന്നുണ്ടെന്ന് യഥാക്രമം 76, 86, 81, 67ശതമാനം പേർ അഭിപ്രായപ്പെട്ടപ്പോൾ സെക്കൻററിഘട്ടത്തെപ്പററി ഇതേ അഭിപ്രായം പറയുന്നതു് യഥാക്രമം 52, 60, 61, 60 ശതമാനം പേരാണ്. ബിരുദാനന്തരതലത്തിൽ നിലവാരം മോശപ്പെട്ടുന്നുണ്ടെന്ന് വളരെ കുറച്ചു പേർക്കേ അഭിപ്രായമുള്ളു.

7. സ്പെഷ്യൽ കോഴ്സുകളെ അപേക്ഷിച്ച് ജനറൽകോഴ്സുകളിലാണ് പൊതുവേ നിലവാരം മോശമെന്നും നാലു കൂട്ടരും കരുതുന്നുണ്ടു്.

8. നിലവാരം മോശപ്പെടാൻ കാരണം അടിസ്ഥാനവിജ്ഞാനം മോശമായതുകൊണ്ടാണെന്നും കാര്യാകാര്യവിവേചനശേഷി മെച്ചപ്പെടാത്തതുകൊണ്ടാണെന്നും പലരും അഭിപ്രായപ്പെട്ടു കാണുന്നു. അഭിപ്രായപ്രകടനശേഷിയും വിജ്ഞാനതൃഷ്ണയും കുറയുന്നതും ഇതിനുപോൽബലകമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടു്.

9. എന്തിന്റെ അടിസ്ഥാനത്തിലാണ് ഇന്നത്തെ നിലവാരം മോശമെന്ന് പറയുന്നതു് എന്നതും അപഗ്രഥിക്കപ്പെട്ടിട്ടുണ്ടു്. മത്സരപരീക്ഷാഫലങ്ങൾ, ഉത്തരക്കടലാസ്സുകൾ, ഭാഷാപരമായ കഴിവുകേടു്, ആത്മാർത്ഥതക്കുറവു് എന്നിവ പ്രധാന സംഗതികളായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടു്. നാലാംപട്ടിക, വിവിധവിഭാഗങ്ങളുടെ അഭിപ്രായഗതി വ്യക്തമാക്കുന്നുണ്ടു്.

### പട്ടിക 4

### വിദ്യാഭ്യാസ നിലവാരം താഴുന്നതിൻെറ അടിസ്ഥാനങ്ങൾ

| | അഭിപ്രായപ്പെടുന്നവരുടെ ശതമാനം | | | |
|---|---|---|---|---|
| | അദ്ധ്യാപകർ | ഹെഡ്മാസ്റ്റർമാർ | ഭരണാധികാരികൾ | വിദഗ്ദ്ധർ |
| a) ഉത്തരക്കടലാസ്സുകൾ | 44 | 37 | 27 | 60 |
| b) തൊഴിൽരംഗത്തെ അനുയോജ്യത | 15 | 14 | 23 | 30 |
| c) മത്സരപരീക്ഷാഫലങ്ങൾ | 43 | 49 | 58 | 43 |
| d) പെരുമാററരീതികൾ | 26 | 16 | 31 | 33 |
| e) വിദ്യാർത്ഥി അസ്വാസ്ഥ്യങ്ങൾ | 19 | 33 | 19 | 43 |
| f) ആത്മവിശ്വാസക്കുറവ് | 19 | 21 | 38 | 23 |
| g) ഭാഷാപരമായ കഴിവുകേട് | 32 | 44 | 27 | 53 |
| h) പാഠഭാഗങ്ങളുടെ ഏകദേശ ജ്ഞാനം മാത്രമേയുള്ളു | 30 | 42 | 23 | 50 |
| i) ആത്മാർത്ഥതക്കുറവ് | 31 | 37 | 38 | 40 |
| j) സങ്കീർണ്ണമായ ജീവിതമൂല്യങ്ങൾ | 24 | 16 | 15 | 43 |

10. മുൻപറഞ്ഞവ നിലവാരം താഴുന്നതിൻെറ സൂചനകളാണ്. അവയ്ക്കുള്ള കാരണങ്ങൾ മററു പലതുമാകാം.

അവ എന്തെന്നറിയാനും ശ്രമം നടത്തിയിട്ടുണ്ട്. സാമ്പത്തിക പ്രശ്നങ്ങൾ, രാഷ്ട്രീയപ്പാർട്ടികളുടെ ഇടപെടലുകൾ, പാഠ്യ പദ്ധതിയിൽ ഭാഷകൾക്കുള്ള അമിതമായ സ്ഥാനം, അദ്ധ്യാപകരുടെ യോഗ്യതക്കുറവ് എന്നിവയാണ് ഭൂരിപക്ഷം പേരും ചൂണ്ടിക്കാണിച്ചിട്ടുള്ള പോരായ്മകൾ. ഓരോ വർഗത്തിലെയും എത്ര ശതമാനം പേർ വിവിധ കാരണങ്ങൾക്കനുകൂലമായി അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടെന്ന് കാണിക്കുന്ന പട്ടികയാണ് അടുത്തത്. നിർദ്ദേശിച്ചിരുന്ന 16 ഘടകങ്ങളിൽ ഓരോന്നിനുമുള്ള സ്വീകാര്യത വ്യക്തമാക്കാൻ ഇത് പര്യാപ്തമാകും.

## പട്ടിക 5

### വിദ്യാഭ്യാസനിലവാരം താഴാനുള്ള കാരണങ്ങൾ

| | അഭിപ്രായശതമാനം | | | |
|---|---|---|---|---|
| | അദ്ധ്യാപകർ | ഹെഡ്മാസ്റ്റർമാർ | ഭരണാധികാരികൾ | വിദഗ്ദ്ധർ |
| 1 വിദ്യാഭ്യാസവികസനം | 31 | 42 | 23 | 63 |
| 2 സാമ്പത്തികപ്രശ്നങ്ങൾ | 52 | 44 | 50 | 50 |
| 3 മനഃശാസ്ത്ര പ്രവണതകൾ | 16 | 9 | 8 | 13 |
| 4 ജനസംഖ്യാസ്ഫോടനം | 28 | 31 | 27 | 30 |
| 5 പാഠ്യപദ്ധതിയുടെ ദോഷങ്ങൾ | 26 | 31 | 19 | 37 |
| 6 പാഠപദ്ധതി അവഗാഢമായ ജ്ഞാനം ലക്ഷ്യമാക്കുന്നില്ല | 20 | 21 | 11 | 23 |

| | | | | | |
|---|---|---|---|---|---|
| 7 | പാഠ്യപദ്ധതിയിൽ ഭാഷകൾക്കുള്ള അമിതമായ പ്രാധാന്യം | 35 | 44 | 54 | 33 |
| 8 | പാഠഭാഗങ്ങളുടെ ആധിക്യം | 15 | 23 | 15 | 13 |
| 9 | പാഠപദ്ധതിയുടെ യാഥാർത്ഥ്യബോധക്കുറവ് | 25 | 18 | 27 | 30 |
| 10 | മോശപ്പെട്ട ബോധനരീതികൾ | 30 | 35 | 50 | 53 |
| 11 | അദ്ധ്യാപകരുടെയോഗ്യതക്കുറവ് | 33 | 42 | 54 | 57 |
| 12 | പരീക്ഷാസമ്പ്രദായത്തിന്റെ ദോഷങ്ങൾ | 31 | 26 | 27 | 40 |
| 13 | പാഠ്യപദ്ധതിയുടെ സാർവത്രികമായ പരിഷ്ക്കാരം | 43 | 51 | 27 | 33 |
| 14 | സാഹചര്യം | 40 | 42 | 23 | 43 |
| 15 | ഭരണസംവിധാനത്തിന്റെ തകരാറ് | 27 | 26 | 27 | 30 |
| 16 | രാഷ്ട്രീയപ്പാർട്ടികളുടെ ഇടപെടൽ | 34 | 49 | 35 | 53 |

11. വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം സാമ്പത്തികപരാധീനതകൾ, അച്ചടക്കരാഹിത്യം, പ്രേരണക്കുറവ്, തെററായ പഠനശീലങ്ങൾ എന്നിവയാണ് പോരായ്മകളായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അവ ശ്രദ്ധിക്കപ്പെട്ടാലേ നിലവാരം മെച്ചപ്പെട്ടതാനാകൂ എന്നും അഭിപ്രായമുണ്ട്. പട്ടിക നോക്കുക.

## പട്ടിക 6

## വിദ്യാർത്ഥികളുടെ പരാധീനതകൾ

| | അഭിപ്രായശതമാനം | | | |
|---|---|---|---|---|
| | അദ്ധ്യാപകർ | ഹെഡ്മാസ്റ്റർമാർ | ഭരണാധികാരികൾ | വിദഗ്ദ്ധർ |
| 1 ബുദ്ധിപരമായ കഴിവ് | 22 | 23 | 15 | 13 |
| 2 അച്ചടക്കരാഹിത്യം | 45 | 49 | 61 | 67 |
| 3 പ്രേരണക്കുറവ് | 37 | 47 | 27 | 63 |
| 4 തെററായ പഠനശീലങ്ങൾ | 50 | 47 | 65 | 50 |
| 5 സങ്കീർണ്ണജീവിതമൂല്യങ്ങൾ | 28 | 33 | 19 | 53 |
| 6 ഭേപകപത | 9 | 5 | 23 | 23 |
| 7 രാഷ്ട്രീയാഭിനിവേശം | 30 | 28 | 31 | 43 |
| 8 സാമ്പത്തിക പരാധീനത | 74 | 70 | 69 | 80 |
| 9 ആരോഗ്യശീലങ്ങൾ | 13 | 16 | 15 | 17 |
| 10 വീട്ടിലെ ഉത്തരവാദിത്വങ്ങൾ | 37 | 33 | 31 | 43 |
| 11 പാഠ്യവിഷയങ്ങളോടുള്ള വെറുപ്പ് | 19 | 14 | 4 | 20 |

12. വീട്ടിലെസാഹചര്യം മോശമായിരിക്കുന്നതാണ് രക്ഷിതാക്കളുടെ ഏററവും വലിയ പരാധീനതയായി ചൂണ്ടിക്കാണിച്ചിട്ടുള്ളതു്. രക്ഷകർത്താക്കൾക്ക് തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിൽ ശ്രദ്ധ പതിപ്പിക്കാൻ കഴിയാത്തതും അവരുടെ അറിവുകുറവും കുട്ടികളോടുള്ള അന്യമനസ്കതയും കുറെപ്പേരെങ്കിലും നിലവാരവുമായി ബന്ധപ്പെട്ട സംഗതികളായി കരുതുന്നുണ്ട്.

13. നിലവാരവുമായി അദ്ധ്യാപകർക്കും കാര്യമായ ബന്ധമാണുള്ളതു്. അവരുടെ ഭാഗത്തും പരാധീനതകളും

ഘോരായ്മകളും ഉണ്ടാകാം. അവക്ക് പദവിയും അംഗീകാരവും ലഭിക്കുന്നില്ലെന്ന അഭിപ്രായം മററുള്ളവരും അംഗീകരിച്ചുകൊടുക്കുകയാണ്. തയാറെടുക്കലിലുള്ള കുറവും താല്പര്യക്കുറവും മററു കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഏഴാംപട്ടിക വിവിധ വിഭാഗക്കാർ ഓരോ പരിമിതിയേയും കുറിച്ചുള്ള യോജിപ്പ് കാണിച്ചിരിക്കുന്നതു് പ്രകടമാക്കാനുദ്ദേശിച്ചുള്ളതാണ്.

## പട്ടിക 7

### അദ്ധ്യാപകരുടെ പരാധീനതകൾ

| | അഭിപ്രായശതമാനം | | | |
|---|---|---|---|---|
| | അദ്ധ്യാപകർ | ഹെഡ്മാസ്റ്റർമാർ | ഭരണാധികാരികൾ | വിദഗ്ദ്ധർ |
| 1 കുട്ടികളെ സംബന്ധിച്ച ധാരണക്കുറവും അവരോട് അനുകമ്പയില്ലായ്മയും | 19 | 28 | 35 | 30 |
| 2 വിജ്ഞാനപരിമിതി | 27 | 33 | 50 | 53 |
| 3 തൊഴിലിനോടുള്ള വിമനസ്കത | 46 | 53 | 61 | 87 |
| 4 തയാറെടുക്കലിലുള്ള കുറവ് | 37 | 47 | 73 | 57 |
| 5 ബോധനരീതികളുടെ അപര്യാപ്തത | 29 | 28 | 27 | 47 |
| 6 സങ്കീർണ്ണ പ്രവത്തനങ്ങളിൽ ഇടപെടുന്നതു് | 19 | 12 | 15 | 40 |
| 7 പദവിയും അംഗീകാരവും ലഭിക്കാത്തതു് | 66 | 56 | 54 | 50 |

14. പാഠ്യപദ്ധതിയിലുള്ള തകരാറുകളാണ് നിലവാരം താഴ്ത്തുന്നതെന്ന അഭിപ്രായം പലരും പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പാഠ്യപദ്ധതിയുമായി ഏററവും

കൂടുതൽ അടുപ്പമുള്ള അദ്ധ്യാപകർ, ഹെഡ്മാസ്റ്റർമാർ, വകുപ്പുദ്യോഗസ്ഥന്മാർ, വിദ്യാഭ്യാസവിദഗ്ദ്ധർ എന്നിവർക്ക് എന്താണ് പറയാനുള്ളതെന്ന് അറിയാനുള്ള ചോദ്യം വ്യത്യസ്തഅഭിപ്രായങ്ങളാണ് ഇക്കൂട്ടർ പുലർത്തുന്നതെന്ന് കാണിച്ചിരിക്കുന്നു. പരീക്ഷകൾക്ക് നൽകുന്ന അമിതപ്രാധാന്യം, പെട്ടെന്നുള്ള സിലബസ് പരിഷ്കാരങ്ങൾ, പാഠഭാഗങ്ങളുടെയും പാഠ്യവിഷയങ്ങളുടെയും ആധിക്യം, ജീവിതത്തോട് ബന്ധപ്പെടാതിരിക്കൽ എന്നിവയ്ക്ക് മുൻഗണന ലഭിച്ചിട്ടുണ്ട്. എട്ടാം പട്ടിക ഇതേപ്പററിയുള്ള അഭിപ്രായം വ്യക്തമാക്കുന്നുണ്ട്.

### പട്ടിക 8

### പാഠ്യപദ്ധതിയുടെ ദോഷങ്ങൾ

| | അഭിപ്രായശതമാനം | | | |
|---|---|---|---|---|
| | അദ്ധ്യാപകർ | ഹെഡ്മാസ്റ്റർമാർ | വകുപ്പുദ്യോഗസ്ഥന്മാർ | വിദഗ്ദ്ധർ |
| 1 ഭാഷകൾക്കുള്ള അമിതപ്രാധാന്യം | 32 | 21 | 42 | 43 |
| 2 പാഠ്യവിഷയങ്ങളുടെ ആധിക്യം | 44 | 51 | 58 | 53 |
| 3 ജീവിതവുമായി ബന്ധമില്ലായ്മ | 41 | 37 | 54 | 43 |
| 4 അടുക്കില്ലായ്മ | 25 | 21 | 11 | 23 |
| 5 ഉദ്ദേശ്യബോധമില്ലായ്മ | 27 | 23 | 19 | 30 |

| | | | | |
|---|---|---|---|---|
| 6 പാഠപദ്ധതി അനുക്രമം നേർപ്പിക്കപ്പെടുന്നു | 26 | 28 | 23 | 30 |
| 7 വിദ്യാർത്ഥികേന്ദ്രിതമല്ല | 27 | 18 | 23 | 33 |
| 8 പ്രവൃത്തികേന്ദ്രിതമല്ല | 12 | 26 | 11 | 27 |
| 9 പരീക്ഷകൾക്കുള്ള അമിതപ്രാധാന്യം | 56 | 60 | 54 | 77 |
| 10 പാഠപുസ്തകങ്ങൾക്കുള്ള അമിത സ്വാധീനം | 19 | 23 | 15 | 27 |
| 11 ഭാഷകൾ നേരത്തേ ആരംഭിക്കുന്നതുകൊണ്ടുള്ള ദോഷം | 25 | 26 | 46 | 27 |
| 12 കൂടെക്കൂടെയുള്ള സിലബസ് പരിഷ്ക്കാരം | 42 | 44 | 42 | 33 |
| 13 ഇംഗ്ലീഷിൽ സ്ട്രക്ചറൽരീതി സ്വീകരിച്ചതു് | 17 | 31 | 15 | 17 |
| 14 ചില വിഷയങ്ങൾ സംയോജിപ്പിച്ചു് സങ്കരവിഷയങ്ങൾ രൂപീകരിച്ചതു് | 12 | 9 | 15 | 17 |

15. വിദ്യാഭ്യാസവിദഗ്ദ്ധരൊഴികെ മററു മൂന്നുവിഭാഗക്കാരും 'സിലബസ് നേർപ്പിക്കൽ' നടന്നതായി അവകാശപ്പെടുന്നു. ഇന്നത്തെ പാഠ്യപദ്ധതി നിലവാരത്തെ സംബന്ധിച്ച് വ്യക്തമായ സൂചനകൾ ഒന്നും നൽകുന്നില്ലെന്നാണ് വകുപ്പുദ്യോഗസ്ഥന്മാരുടെ അഭിപ്രായം.

16. ഇരുപതോ മുപ്പതോ വർഷംമുമ്പ് വിദ്യാഭ്യാസം നേടിയ പലരും അവർ അന്നു പഠിച്ച വിഷയങ്ങളുടെ പകുതിപോലും ഇന്നത്തെ കുട്ടികൾ പഠിക്കുന്നില്ലെന്ന് ആരോപിക്കാറുണ്ട്. ഇതിൽ ഏത്രത്തോളം കഴമ്പുണ്ടെന്ന് പരിശോധിക്കാനാണ് ഒരു ചോദ്യം പ്രത്യേകമായിനൽകിയിരുന്നത്. പൊതുഭൂരിപക്ഷത്തിന്റെ അഭിപ്രായത്തിൽ ഇംഗ്ലീഷിന്റെ കാര്യത്തിൽ ആരോപണം ശരിയാണെന്നും മലയാളം ഒഴികെയുള്ള മററു വിഷയങ്ങളുടെ കാര്യത്തിൽ ഇതു് ശരിയല്ലെന്നുമാണ് കാണാൻ കഴിഞ്ഞതു്. ഹെഡ്മാസ്റ്റർമാരൊഴികെയുള്ള മൂന്നു വിഭാഗത്തിലെയും ഭൂരിപക്ഷം മലയാളത്തിന്റെ കാര്യത്തിൽ ആരോപണം ശരിയല്ലെന്ന അഭിപ്രായക്കാരാണ്.

17. പരീക്ഷയ്ക്കു ചേരുന്ന കുട്ടികളുടെ ഉത്തരക്കടലാസ്സുകൾ അവരുടെ താരതമ്യേന മോശപ്പെട്ട നിലവാരമാണ് പ്രതിഫലിപ്പിക്കുന്നതെന്നാണ് എല്ലാ വിഭാഗങ്ങളിലെയും ഭൂരിപക്ഷത്തിന്റെ അഭിപ്രായം. ഉത്തരക്കടലാസ്സുകൾക്കുണ്ടായിരിക്കേണ്ട വിവിധ യോഗ്യതകളിലെല്ലാം സ്പഷ്ടമായ പോരായ്മ കാണാനുണ്ടെന്നാണ് പൊതുവായ അഭിപ്രായം.

18. ക്ലാസ്സുമുറികളിലും പുറത്തും പരീക്ഷകളിലും വിദ്യാർത്ഥികളുടെ പ്രകടനം മോശമാണെന്നും ഗൃഹപാഠം, ചർച്ചകളിൽ പങ്കെടുക്കൽ, പൊതുപെരുമാററം, ജീവിതത്തോടുള്ള മനോഭാവം, പെരുമാററരീതികൾ, പഠനശീലങ്ങൾ എന്നിവയിലെല്ലാം പ്രകടമാകുന്നതു് നിലവാരത്തകർച്ചയുടെ ചിത്രമാണെന്നുമാണ് എല്ലാ വിഭാഗത്തിൽപെട്ടവരും ബഹുഭൂരിപക്ഷത്തോടെ അഭിപ്രായപ്പെടുന്നതു്.

19. പരീക്ഷാചോദ്യക്കടലാസ്സുകൾ പ്രതീക്ഷിതനിലവാരത്തിന്റെ പ്രതീകമല്ലെന്നു 52% അദ്ധ്യാപകരും 81% വകുപ്പുദ്യോഗസ്ഥന്മാരും 70% വിദഗ്ദ്ധരും അഭിപ്രായപ്പെട്ട

മ്പോൾ 53% ഹെഡ്മാസ്റ്റർമാർ അഭിപ്രായപ്പെടുന്നതു് അതു് നിലവാരത്തിന്റെ പ്രതീകമാണെന്നാണു്.

20. നിലവാരത്തിന്റെ പ്രതീകമാണു് ചോദ്യക്കടലാസ്സുകൾ എന്നഭിപ്രായമുള്ളവരിൽ ഏറിയകൂറും ഇന്നത്തെ അവയുടെ നിലവാരം പഴയതിൽനിന്നും മെച്ചമെന്നു് ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. അദ്ധ്യാപകരിൽ 47% അനുകൂലിക്കയും 37% പ്രതികൂലിക്കയും ചെയ്യുമ്പോൾ ഹെഡ്മാസ്റ്റർമാരിൽ 53% അനുകൂലിക്കയും 47% പ്രതികൂലിക്കയുമാണു് ചെയ്യുന്നതു്. പഴയ നിലവാരംതന്നെയാണു് ഇന്നത്തെ ചോദ്യക്കടലാസ്സുകളും നിലനിർത്തുന്നതു് എന്നഭിപ്രായമുള്ളവർ വളരെ കുറവാണു്.

21. എല്ലാ വിഭാഗങ്ങളിലെയും 90% ത്തിലധികം പേരും നിലവാരം മെച്ചപ്പെടുത്താൻ സ്പെഷ്യലൈസേഷൻ ഉപകരിക്കുമെന്നു് കരുതുന്നവരാണു്. പ്രീ-ഡിഗ്രിഘട്ടത്തിൽ ഐച്ഛികസമ്പ്രദായം ഏർപ്പെടുത്തിയാൽ മതിയെന്നാണു് നാലു് വിഭാഗത്തിലെയും യഥാക്രമം 47, 33, 58,67 ശതമാനംപേർ വ്യക്തമാക്കിയിട്ടുള്ളതു്. ആകെ അഭിപ്രായം പ്രകടിപ്പിച്ചവരിൽ 46 ശതമാനം പ്രീഡിഗ്രിയിലും 21 % എട്ടാംസ്റ്റാന്റേർഡിലും ഐച്ഛികസമ്പ്രദായം ആരംഭിക്കാൻ നിർദ്ദേശിക്കുമ്പോൾ 18 % പേർ ഒൻപതാംസ്റ്റാൻറാർഡിൽ ഇതു് തുടങ്ങാൻ അനുകൂലിക്കുന്നവരാണു്.

22. ഇംഗ്ലീഷ്പരിജ്ഞാനം നിലവാരത്തിന്റെ മാനദണ്ഡമായി കണക്കാക്കേണ്ടതില്ലെന്നാണു് നാലു് വിഭാഗത്തിലെയും 70% ത്തിലധികംപേർ അഭിപ്രായപ്പെട്ടിട്ടുള്ളതു്.

23. ഹിന്ദിയിലും സയൻസിലും മുമ്പത്തേതിനെ അപേക്ഷിച്ച് സിലബസ് മെച്ചപ്പെട്ടിട്ടുണ്ടെന്നും ഇംഗ്ലീഷിൽ മോശപ്പെട്ടിട്ടുണ്ടെന്നും എല്ലാക്കൂട്ടരും സമ്മതിക്കുന്നുണ്ടു്.

കണക്കിലും സോഷ്യൽസ്റ്റഡീസിലും ഇത്തരം നേർപ്പിക്കൽ അനുഭവപ്പെട്ടിട്ടുണ്ടെന്നാണ് ഭൂരിപക്ഷാഭിപ്രായം. മലയാളത്തിന്റെ കാര്യത്തിൽ നേർപ്പിക്കൽ നടന്നിട്ടുണ്ടെന്ന് അദ്ധ്യാപകരും ഭരണാധികാരികളും പറയുമ്പോൾ മററുള്ളവർ അതിനോട് യോജിക്കുന്നില്ല. ഒൻപതാം പട്ടികയിൽ അഭിപ്രായങ്ങളുടെ വിശദവിവരം ചേർത്തിരിക്കുന്നു.

പട്ടിക 9

## സിലബസ്

| ഇപ്പോഴത്തെ നിലവാരം മുൻപത്തേതിനെ അപേക്ഷിച്ച് | | അഭിപ്രായശതമാനം | | | |
|---|---|---|---|---|---|
| | | അദ്ധ്യാപകർ | ഹെഡ്മാസ്റ്റർമാർ | വകുപ്പുദ്യോഗസ്ഥന്മാർ | വിദഗ്ദ്ധർ |
| 1 ഇംഗ്ലീഷ് | കൂടുതൽ | 34 | 28 | 35 | 37 |
| | കുറവ് | 46 | 65 | 61 | 53 |
| | തുല്യം | 4 | 5 | 0 | 0 |
| 2 മലയാളം | കൂടുതൽ | 29 | 40 | 38 | 30 |
| | കുറവ് | 34 | 35 | 46 | 23 |
| | തുല്യം | 19 | 12 | 11 | 17 |
| 3 ഹിന്ദി | കൂടുതൽ | 44 | 51 | 46 | 60 |
| | കുറവ് | 18 | 14 | 19 | 13 |
| | തുല്യം | 12 | 9 | 15 | 7 |

| | | | | | |
|---|---|---|---|---|---|
| 4 കണക്കു് | കൂടുതൽ | 27 | 21 | 31 | 40 |
| | കുറവു് | 42 | 49 | 42 | 30 |
| | തുല്യം | 11 | 18 | 23 | 10 |
| 5 സയൻസ് | കൂടുതൽ | 53 | 42 | 50 | 67 |
| | കുറവു് | 24 | 31 | 31 | 20 |
| | തുല്യം | 11 | 14 | 11 | 3 |
| 6 സോഷ്യൽസ്റ്റഡീസ് | കൂടുതൽ | 33 | 5 | 38 | 53 |
| | കുറവു് | 37 | 44 | 46 | 20 |
| | തുല്യം | 8 | 14 | 4 | 3 |

24. എല്ലാ വിഭാഗങ്ങളിലെയും അമ്പതു് ശതമാനത്തിലധികംപേർ പാഠപുസ്തകങ്ങളുടെ കാലദൈർഘ്യം 3 വർഷമാക്കണമെന്ന അഭിപ്രായക്കാരാണു്.

25. പാഠപുസ്തകങ്ങളുടെ ദേശസാൽക്കരണം ഐകരൂപ്യം വരുത്താൻ സഹായിച്ചിട്ടുണ്ടെന്നതിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. വിവിധ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കു് തുല്യമായ നിലവാരം ലഭിക്കാൻ ഇതുപകരിക്കുമെന്നതുകൊണ്ടാണു് 60% പേർ ഇതിനെ സ്വീകരിക്കുന്നതു്. വില കുറയുന്നതുവഴി കൂടുതൽ പേർക്കു് പുസ്തകം വാങ്ങാൻ സാധിക്കുന്നു എന്നതും ഒരു പ്രധാന കാരണമായി ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.

26. വിദ്യാഭ്യാസനിലവാരത്തകർച്ചയെച്ചൊല്ലിയുള്ള മുറവിളി കേരളത്തിന്റെ മാത്രം പ്രത്യേകതയല്ലെന്നാണു് ഭൂരിപക്ഷം പേരും വിശ്വസിക്കുന്നതു്.

27. ഇരുപതാംനൂററാണ്ടിന്റെ ആരംഭത്തിൽ ഈ മുറവിളി മുഴങ്ങിയിരുന്നു. എന്നാൽ ഇതേപ്പററി എല്ലാവർക്കും അറിവുണ്ടെന്നു തോന്നുന്നില്ല. 159 അദ്ധ്യാപകർ ഈ അഭിപ്രായത്തോട് യോജിക്കുമ്പോൾ 150 പേർ വിയോജിക്കയാണ് ചെയ്യുന്നതു്. ഹെഡ്മാസ്റ്റർമാരിൽ 43 പേർ യോജിക്കുകയും 40 പേർ വിയോജിപ്പ് പ്രകടമാക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസവകുപ്പുദ്യോഗസ്ഥരിൽ 15 പേർ യോജിക്കുമ്പോൾ 37 പേർ വിയോജിക്കയാണ്. വിദഗ്ദ്ധരിൽ 19 പേർ അനുകൂലിക്കയും 10 പേർ വിയോജിക്കയുമാണ് ചെയ്യുന്നതു്. അങ്ങനെ ഈ പ്രശ്നത്തെ സംബന്ധിച്ച് വ്യക്തമായ നിഗമനത്തിലെത്താൻ പ്രയാസമായ സാഹചര്യമാണ് ഉള്ളതു്.

28. ചില പ്രത്യേകവിഷയങ്ങളുടെ നിലവാരമാണ് മോശപ്പെട്ടിട്ടുള്ളതെന്നും ഇംഗ്ലീഷിലാണ് അതു് വ്യക്തവും ഏററവും കൂടുതലുമെന്നും എല്ലാം വിഭാഗങ്ങളിലെയും 60% ത്തിലധികംപേർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

29 ആകെ അഭിപ്രായകർത്താക്കളിൽ 60% ത്തിലധികം നിർബന്ധിതവിദ്യാഭ്യാസം ഏർപ്പെടുത്തിയതു് നിലവാരം മോശപ്പെടാനുള്ള പ്രധാന കാരണങ്ങളിലൊന്നാണെന്നു് വിശ്വസിക്കുന്നവരാണ്.

30. സെക്കൻററിസ്കൂളുകളിലെ അഡ്മിഷൻ കുറച്ചൊന്നു് നിയന്ത്രിക്കുക, അവശ്യയോഗ്യതാപരീക്ഷകൾ ഓരോ ക്ലാസ്സിലും ഏർപ്പെടുത്തുക, സിലബസ് പ്രവൃത്തികേന്ദ്രിതവും ജീവിതകേന്ദ്രിതവും ആക്കുക എന്നീ നിർദ്ദേശങ്ങളോടും പൊതുവേ അനുകൂലമനോഭാവമാണു് വലിയൊരു വിഭാഗത്തിനുള്ളതു്. പത്താം പട്ടിക ഈ സ്ഥിതി വ്യക്തമാക്കുന്നു.

## പട്ടിക 10

### നിലവാരം മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ

| | അഭിപ്രായശതമാനം | | | |
|---|---|---|---|---|
| | അദ്ധ്യാപകർ | ഹെഡ്മാസ്റ്റർമാർ | വകുപ്പുദ്യോഗസ്ഥന്മാർ | വിദഗ്ദ്ധർ |
| 1 സെക്കൻററിസ്കൂളുകളിലെ അഡ്മിഷൻ നിയന്ത്രിക്കുക | 77 | 79 | 77 | 53 |
| 2 അവശ്യയോഗ്യതാപരീക്ഷകൾ ഏർപ്പെടുത്തുക | 95 | 93 | 100 | 93 |
| 3 സിലബസ് പ്രവൃത്തികേന്ദ്രിതവും ജീവിതകേന്ദ്രിതവും ആക്കുക | 92 | 86 | 96 | 90 |

31. സിലബസ് കൂടുതൽ വിഷയങ്ങളും പാഠങ്ങളും ഉൾപ്പെടുത്തി വികസിപ്പിക്കുന്നതു് നിലവാരം ഉയർത്താൻ സഹായകമാകയില്ലെന്നാണു് ബഹുഭൂരിപക്ഷത്തിന്റെയും അഭിപ്രായം. നാലു വിഭാഗങ്ങളിലെയും 75% ത്തിലധികം ഈ അഭിപ്രായക്കാരാണു്.

32. ജനറൽസയൻസ്, സോഷ്യൽസ്റ്റഡീസ് എന്നീ സങ്കരവിഷയങ്ങൾ തുടർന്നുപോകുന്നതിനനുകൂലമാണു് ബഹുഭൂരിപക്ഷം അദ്ധ്യാപകരും ഹെഡ്മാസ്റ്റർമാരും. ഭരണാധികാരികൾ ഈ സംവിധാനം ഉപേക്ഷിക്കുന്നതിനാണു് നിർദ്ദേശിച്ചിട്ടുള്ളതു്.

33. വിവിധ വിഭാഗങ്ങളിലെ 50% ത്തിലധികം പേരും പ്രീ-ഡിഗ്രി കോഴ്സ് നിലവാരം മെച്ചപ്പെടുത്താൻ

ഉപകരിച്ചിട്ടുണ്ടെന്നാണ് വിശ്വസിക്കുന്നത്. ബിരുദതലത്തിലേക്ക് കടന്നു ചെല്ലുന്നവരുടെ ഇംഗ്ലീഷ് നിലവാരം ഒട്ടും ആശാസ്യമല്ലെന്ന ആരോപണത്തിന് ഒട്ടാകെ അറുതി വരുത്താൻ ഈ പദ്ധതി സഹായിച്ചിട്ടുണ്ടെന്നാണ് ഈ അഭിപ്രായകർത്താക്കളുടെ അഭിപ്രായം.

34. അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ പുനഃസംവിധാനവും പാഠ്യപദ്ധതി നവീകരണവും വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്താൻ സഹായകമായിട്ടില്ലെന്നാണ് പൊതുവിലുള്ള അഭിപ്രായം.

35. അഭിപ്രായാവലിയുടെ അവസാനഭാഗമായി നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സ്വതന്ത്രനിർദ്ദേശങ്ങൾ സമർപ്പിക്കാൻ സൗകര്യം നൽകിയിരുന്നു. അഭിപ്രായാവലിയുടെ ഉള്ളടക്കത്തിൽ പല നിർദ്ദേശങ്ങളും ഉള്ളവയ്ക്കു പുറമേ വ്യക്തിപരനിലയിൽ നിർദ്ദേശങ്ങൾ നൽകാനാണ് അഭിപ്രായദാതാക്കളോട് ആവശ്യപ്പെട്ടിരുന്നത്. എല്ലാം അഭിപ്രായദാതാക്കളും ഈ വിഭാഗത്തിന് ഉത്തരം നൽകിയിട്ടില്ല. 275 അദ്ധ്യാപകരും 70 ഹെഡ്മാസ്റ്റർമാരും 50 ഭരണാധികാരികളും 25 വിദഗ്ദ്ധരുമാണ് വിവിധ നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചിട്ടുള്ളത്. ഇവയെല്ലാം ക്രമമായി രേഖപ്പെടുത്തിയതിൽ ചില പ്രധാന നിർദ്ദേശങ്ങൾ പൊന്തി വന്നിട്ടുണ്ട്. അവ ഇവയാണ്:

1) ഏഴാം സ്റ്റാൻഡാർഡിൽ ഒരു പൊതു പരീക്ഷ ഏർപ്പെടുത്തുക. 2) അദ്ധ്യാപകർക്ക് ഇൻസർവ്വീസ് പരിശീലനസൗകര്യം നൽകുക. 3) രക്ഷാകർത്തൃസഹകരണം പരമാവധി ഉറപ്പുചെയ്യുക. 4) അദ്ധ്യാപകരുടെ ശമ്പളനിരക്കും സേവനവ്യവസ്ഥകളും മെച്ചപ്പെടുത്തുക. 5) വിദ്യാലയങ്ങളിലെ സജ്ജീകരണങ്ങൾ മെച്ചപ്പെടുത്തുക. 6) രാഷ്ട്രീയ

പാർട്ടികളുടെ ഇടപെടൽ അവസാനിപ്പിക്കുക. 7) ആന്തരീകവിലയിരുത്തൽ രീതികളും മൂല്യനിർണ്ണയമാർഗ്ഗങ്ങളും മെച്ചപ്പെടുത്തുക. 8) അഡ്മിഷനും പ്രമോഷനും സെലക്റ്റീവാക്കുക. 9) പാഠ്യപദ്ധതി ഭാരിച്ചതാകാത്ത സൂക്ഷിക്കുക. 10) അദ്ധ്യാപകരെ അഭിരുചിയുടെയും കഴിവിന്റെയും അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുക. 11) ഓരോ ക്ലാസ്സ്ഡിവിഷനിലും മുപ്പതോ മുപ്പത്തഞ്ചോ കുട്ടികളിലധികമാകാതെ ശ്രദ്ധിക്കുക. 12) അഞ്ചാം സ്റ്റാൻഡാർഡുമുതൽ ഫീസ് ഏർപ്പെടുത്തുക.

പൊതുസഹകരണം ലഭിക്കാത്ത ഏതാനും നിർദ്ദേശങ്ങളും മുന്നോട്ടു വച്ചിട്ടുണ്ട്. അവ ഇവയാണ്:

1) **S. S. L. C.** ക്ലാസ്സിൽ സെലക്ഷൻ ഏർപ്പെടുത്തുക. 2) സാദ്ധ്യായദിവസങ്ങൾ വർദ്ധിപ്പിക്കുക. 3) ഹെഡ്മാസ്റ്റർപോസ്റ്റ് സെലക്റ്റീവാക്കുക. 4) ഓരോ ക്ലാസ്സിലും ചീഫ്മാസ്റ്റർസിസ്റ്റം ഏർപ്പെടുത്തുക. 5) ബുദ്ധിശക്തിക്കനുസരണമായി ക്ലാസ്സ്ഡിവിഷനുകൾ രൂപപ്പെടുത്തുക. 6) വിദ്യാഭ്യാസഭരണസംവിധാനം മെച്ചപ്പെടുത്തുക. 7) എട്ടുമുതൽ പത്തുവരെ സ്റ്റാൻഡാർഡുകളിൽ ഒരേ അദ്ധ്യാപകൻ തന്നെ പ്രത്യേകവിഷയങ്ങൾ പഠിപ്പിക്കാൻ വ്യവസ്ഥ ചെയ്യുക.

★

## 19. നിഗമനങ്ങൾ

1934 മുതൽ ഇന്നോളമുള്ള കാലത്ത് കേരളത്തിലെ വിദ്യാഭ്യാസരംഗത്തുണ്ടായ വിവിധ പരിവർത്തനങ്ങളുടെ ഒരു വിലയിരുത്തലാണ് പ്രകൃതപഠനത്തിൽ നടത്തിയിട്ടുള്ളത്. വിദ്യാഭ്യാസത്തിന്റെ വിവിധ മുഖങ്ങൾ അപഗ്രഥിച്ചതിൽ കിട്ടിയ നിഗമനങ്ങൾ ചുവടെ ചേർക്കുന്നു.

### a) വിദ്യാഭ്യാസത്തിന്റെ ഘടനയും രീതിയും

1 സാധാരണക്കാരനുകൂടി പ്രാപ്യവും ആകർഷകവുമായി ഇംഗ്ലീഷ് വിദ്യാഭ്യാസം സ്ഥാനം പിടിക്കുംവരെ കേരളത്തിൽ വെർണാക്കലർ സ്കൂളുകൾക്കായിരുന്നു പ്രാധാന്യം. വിദ്യാലയങ്ങളിലെ അദ്ധ്യയനമാദ്ധ്യമം മലയാളമാക്കിയതോടെ കാലക്രമത്തിൽ വെർണാക്കലർസ്കൂളുകൾ നിറുത്തലാക്കുകയും പകരം ലോവർപ്രൈമറി, അപ്പർപ്രൈമറി, സെക്കന്ററി എന്ന് മൂന്നിനം സ്കൂളുകൾ രൂപംകൊള്ളുകയും ചെയ്തു.

2. 1946 ലാണ് മലയാളം അദ്ധ്യയനമാദ്ധ്യമമാക്കിയത്. അന്നുവരെ ഒന്നാംഭാഷയും അദ്ധ്യയനമാദ്ധ്യമവുമായിരുന്ന ഇംഗ്ലീഷ് രണ്ടാംസ്ഥാനത്തേക്ക് തള്ളിമാററപ്പെട്ടു ദേശീയഭാഷയായി ഹിന്ദി അംഗീകരിക്കപ്പെട്ടതിനെത്തുടർന്ന് പാഠ്യപദ്ധതിയിൽ അതിന് നിർബന്ധിത മൂന്നാംഭാഷയുടെ സ്ഥാനം ലഭിച്ചു.

3. ത്രിഭാഷാപദ്ധതിയാണ് സംസ്ഥാനത്ത് ഇന്ന് നിലവിലുള്ളത്. പ്രാദേശികഭാഷ — മലയാളം, തമിഴ്, കന്നട ഇവയിലേതെങ്കിലും, ഔദ്യോഗികഭാഷ–ഇംഗ്ലീഷ്,

ദേശീയഭാഷ–ഹിന്ദി ഇവ കേരളത്തിലെ എല്ലാ വിദ്യാലയങ്ങളിലും പഠിപ്പിക്കുന്നുണ്ട്. നാലാം സ്റ്റാൻറാർഡിൽ ഇംഗ്ലീഷും അഞ്ചാംസ്റ്റാൻറാർഡിൽ ഹിന്ദിയും ആരംഭിക്കുന്നു. (1970-71 ലാണ് മൂന്നാം സ്റ്റാൻറാർഡിലെ ഇംഗ്ലീഷ് വേണ്ടെന്നു വച്ചത്) ഭാരതത്തിൻെറ പ്രത്യേകപരിതസ്ഥിതിയിൽ മൂന്നു ഭാഷകളും പഠിക്കേണ്ടിയിരിക്കയാണ്. എന്നാൽ സെക്കൻററിഘട്ടത്തിലെത്തുന്നതിനു മുൻപായി ഇവ മൂന്നും പഠിപ്പിച്ചു തുടങ്ങണമെന്നതു് ഒരു വിവാദപ്രശ്നമായിട്ടുണ്ട്. ഏതായാലും മററു വിഷയങ്ങളുടെ ബോധനത്തിന് ഉപയോഗിച്ചിരുന്ന സമയത്തിൽ നല്ലൊരു ഭാഗം ഇന്ന് ഭാഷാപഠനത്തിനായി വിനിയോഗിക്കപ്പെടുകയാണ്. [രണ്ടാംഭാഷ ആരംഭിക്കുന്നതു് നാലാംസ്റ്റാൻറാർഡിലോ അഞ്ചാംസ്റ്റാൻറാർഡിലോ മതിയെന്നും മൂന്നാംഭാഷ തുടങ്ങുന്നതു് വീണ്ടും രണ്ടുവർഷം കൂടി കഴിഞ്ഞു മതിയെന്നും അഭിപ്രായം ഉണ്ടായിട്ടുണ്ട്. അതുപോലെ തന്നെ ഭാഷാവിഷയങ്ങൾക്കുള്ള സ്ഥാനം പരിമിതപ്പെടുത്തി ഭാഷേതരവിഷയങ്ങൾക്ക് കൂടുതൽ സ്ഥാനം നൽകണമെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.]

4. ഭാരതത്തിലെ ചില സംസ്ഥാനങ്ങളിൽ പതിനൊന്നുവർഷത്തെ വിദ്യാലയപഠനത്തിനുശേഷമാണ് വിദ്യാർത്ഥികൾ സ്കൂൾലിവിംഗ് പരീക്ഷയ്ക്കു ചേരുന്നതു്. കേരളത്തിലാകട്ടെ പത്തുവർഷം മതിയാകും. എന്നാൽ ദ്വിവത്സരപ്രീഡിഗ്രികോഴ്സ് സമാരംഭിച്ചിട്ടുള്ളതു് ബിരുദതലത്തിലെത്തുന്നവരുടെ നിലവാരം ഉയർത്താൻ സഹായിക്കുമെന്നു കരുതപ്പെടുന്നു. അതായതു് പതിനൊന്നുവർഷവിദ്യാലയവും ഒരുവർഷപ്രീയൂണിവേഴ്സിററിയും നൽകുന്ന അറിവിനേക്കാൾ മെച്ചമാണ് പത്തു വർഷവിദ്യാലയവും ദ്വിവത്സരപ്രീഡിഗ്രിയും ചേർന്ന് നൽകുന്നതെന്ന് സാരം. വിദ്യാലയ

ഘട്ടത്തിൽ പത്താംവർഷത്തിന്റെ അവസാനത്തിൽ മാത്രമാണ് ഇപ്പോൾ പൊതുപരീക്ഷ നടത്തിവരുന്നത്. പ്രൈമറി, മിഡിൽഘട്ടങ്ങളുടെ അവസാനത്തിൽ മുമ്പ് പൊതുപരീക്ഷകൾ നടത്തിയിരുന്നു. പ്രായോഗികവൈഷമ്യങ്ങൾ മൂലമാണെന്നു പറയപ്പെടുന്നു, അവ ഇപ്പോൾ നടത്തുന്നില്ല. [ഇപ്പോഴത്തെ അപ്പർപ്രൈമറിഘട്ടത്തിന്റെ അന്ത്യം കുറിക്കുന്ന ഏഴാം സ്റ്റാൻറാർഡിൽ ഒരു പൊതുപരീക്ഷ നടത്തണമെന്ന അഭിപ്രായത്തിന് വമ്പിച്ച പൊതുജനപിന്തുണ ലഭിച്ചിട്ടുണ്ട്.]

## b) പാഠ്യപദ്ധതിയിലെ വ്യതിയാനങ്ങൾ

1. ഓരോ വിഷയത്തിനും ഭാഷാവിഷയമാണെങ്കിൽ ഗദ്യം, പദ്യം, വ്യാകരണം, ഉപപാഠപുസ്തകം ഇവയുടെ അടിസ്ഥാനത്തിലും ഭാഷേതരവിഷയങ്ങളാണെങ്കിൽ പാഠഭാഗങ്ങളുടെ എണ്ണത്തിലും ദൈർഘ്യത്തിലും കാര്യമായ മാററമൊന്നും പലേ പരിവർത്തനങ്ങളും നടന്നെങ്കിലും ഉണ്ടായിട്ടില്ലെന്നു കാണാം. എന്നാൽ ഓരോ വിഷയവും പഠിക്കുന്നതിലും പഠിപ്പിക്കുന്നതിലും ഒരു പ്രത്യേകവീക്ഷണം ഇന്ന് കാണാനുണ്ട്. കേരളത്തിലെ ഔദ്യോഗികഭാഷ, കലാശാലാമാദ്ധ്യമം എന്നീ നിലകളിലേക്ക് ഉയർത്തപ്പെടുന്ന മലയാളത്തിന് കൂടുതൽ നേട്ടങ്ങളുണ്ടാകണമെന്ന് അഭിലഷിക്കുക സ്വാഭാവികമാണ്. ആ വിഷയത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നതിന് ഇതു് കാരണമായിട്ടുണ്ടായിരിക്കാം. കാലാകാലങ്ങളിൽ മലയാളം സിലബസിൽ വരുത്തിയ മാററങ്ങൾ സ്വാഗതാർഹങ്ങളായിരുന്നു. ലഭ്യമാകാൻ പോകുന്ന പ്രത്യേകപദവി പരിഗണിക്കുമ്പോൾ മലയാളത്തിന് ഇന്നുള്ള നിലവാരം പോരെങ്കിലും താരതമ്യേന മോശപ്പെട്ട നിലവാരമല്ല അതി

ന്റേതെന്നും 1934 മുതലുണ്ടായിട്ടുള്ള ഓരോ സിലബസ് പരിഷ്ക്കാരത്തിലും മലയാളത്തിൽ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന നിലവാരം മെച്ചപ്പെടുത്താനുള്ള പ്രത്യക്ഷവും പരോക്ഷവുമായ ശ്രമങ്ങൾ ഉണ്ടായിരുന്നെന്നും വ്യക്തമാണു്.

2. ഇംഗ്ലീഷ്സാഹിത്യം ആസ്വദിക്കാനും തെററില്ലാത്ത ലളിതമായ ഇംഗ്ലീഷ്ഭാഷ എഴുതാനും സംസാരിക്കാനുമുള്ള കഴിവ് നേടാനും ആണ് ഇംഗ്ലീഷ്വിദ്യാഭ്യാസം കൊണ്ട് ഉദ്ദേശിച്ചിരുന്നതു്. 1946-ൽ രണ്ടാംഭാഷയുടെ സ്ഥാനത്തേയ്ക്ക് ഇംഗ്ലീഷ് തരം താഴ്ത്തപ്പെട്ടപ്പോൾ അതിന്റെ ലക്ഷ്യങ്ങളിലും മാററമുണ്ടായി. പഠിക്കാൻ വ്യവസ്ഥചെയ്തിരുന്ന ഭാഗങ്ങളിൽ ഗണ്യമായകുറവ് തുടർന്നുള്ള സിലബസിൽ വരുത്തിയിട്ടുണ്ട്. ഒന്നാംഭാഷയുടെ സ്ഥാനത്തുനിന്ന് രണ്ടാംഭാഷയുടെ സ്ഥാനത്തേക്ക് ഉണ്ടായമാററം ഇംഗ്ലീഷിന്റെ നിലവാരത്തെ സാരമായി ബാധിക്കുകയുണ്ടായി. ഉപരിവിദ്യാഭ്യാസത്തിനു ചെല്ലുന്നവരുടെ ഇംഗ്ലീഷ്നിലവാരം മോശമെന്നു കണ്ടതുകൊണ്ട് മൂന്നാം സ്റ്റാൻഡേർഡ്മുതൽ ഇംഗ്ലീഷ് പഠിപ്പിച്ചുതുടങ്ങി. കൂടാതെ ഭാഷാപഠനത്തിന് സ്ട്രക്ചർ രീതി സ്വീകരിക്കുകയും ചെയ്തു. [ഇംഗ്ലീഷ് നിലവാരം മെച്ചപ്പെടുത്താൻ ഈരണ്ട് നടപടികളും ഫലപ്രദമല്ലെന്ന് ഒരുകൂട്ടർ വാദിക്കുന്നുണ്ട്. എന്നാൽ ഇക്കാര്യത്തിൽ ഒരുതീരുമാനത്തിലെത്താനുള്ള കാലം ആയിട്ടില്ല].

ലളിതവും തെററില്ലാത്തതുമായ ഇംഗ്ലീഷ് എഴുതാനും വായിക്കാനും ശീലിക്കുകയും മററുള്ളവർ സംസാരിക്കുന്നതും എഴുതിയിട്ടുള്ളതും മനസ്സിലാക്കാൻ കഴിവ്നേടുകയുമാണ് ഇന്ന് ഇംഗ്ലീഷ്ബോധനത്തിന്റെ ലക്ഷ്യമായികരുതുന്നതു്. ഇതിനനുസരണമായിട്ടാണ് പുതിയസിലബസ് ആസൂത്രണം ചെയ്തിട്ടുള്ളതു്. [സ്ഥാനഭ്രംശം സംഭവിച്ച ഇംഗ്ലീഷിനോട്

പൊതുവിലുണ്ടായ അവജ്ഞയും താല്പര്യക്കുറവുമാണ് അതിന്റെ നിലവാരം മോശപ്പെടാൻ കാരണമായത്]. ശൈലിയും വ്യാകരണവും സ്പെല്ലിംഗും ഒപ്പിച്ചുള്ള ഇംഗ്ലീഷ് നമുക്കാവശ്യമില്ലെന്നും പറയുന്ന ആളിനും കേൾക്കുന്ന ആളിനും ആശയവിനിമയത്തിന് സഹായിക്കുന്നതായാൽമതി ഇംഗ്ലീഷെന്നും ഒരഭിപ്രായഗതി പൊന്തിവന്നിട്ടുണ്ട്. പഠനപാഠനങ്ങളിൽ ഈ അഭിപ്രായം പ്രതിഫലിപ്പിച്ചതും നിലവാരയിടിവിന് കാരണമായിട്ടുണ്ട്. വ്യാകരണംഉൾപ്പെടെയുള്ള പാഠഭാഗത്തിൽ ഓരോ സിലബസ് പരിഷ്കരണവേളയിലും കുറവ് വരുത്തിയിരുന്നതായി കാണാം. ഒരിണക്കഭാഷയോ ലൈബ്രറിഭാഷയോ ആയി ഇംഗ്ലീഷ് തുടരണ്ടതിരുഎന്ന കോഠാരികമ്മീഷന്റെ തീരുമാനം ഇംഗ്ലീഷ്പഠനം തുടർന്നുപോകാൻ പ്രചോദനം നല്കുന്നുണ്ട്. കലാശാലാമാദ്ധ്യമം മലയാളമായി മാറുന്നതോടെ ഇന്ന് ഇംഗ്ലീഷിന് ലഭിക്കുന്നസ്ഥാനം പോലും തുടർന്ന് ലഭിക്കുമെന്നുതോന്നുന്നില്ല. ഇന്നത്തെ പ്രത്യേകസാഹചര്യത്തിൽ നേരത്തേപഠിപ്പിച്ചുതുടങ്ങിയതുകൊണ്ടോ കൂടുതൽ പീരിയഡുകൾനൽകിയതുകൊണ്ടോ മെച്ചപ്പെട്ട ബോധനരീതികൾ സ്വീകരിച്ചതുകൊണ്ടോ, ദൃശ്യശ്രാവ്യോപകരണങ്ങൾ ധാരാളമായി ഉപയോഗിച്ചതുകൊണ്ടോ ഇംഗ്ലീഷിന്റെനിലവാരം മെച്ചപ്പെടുത്താൻകഴിയുമെന്നു തോന്നുന്നില്ല. ഇംഗ്ലീഷ്പഠനം ഒരാവശ്യമാണെന്നബോധം ഇല്ലാത്തിടത്തോളംകാലം അതിന്റെ നിലവാരം മെച്ചപ്പെടുന്ന കാര്യം സംശയമാണ്.

3. ഒരു നിർബന്ധിതമൂന്നാംഭാഷയുടെസ്ഥാനം ഹിന്ദിക്ക്ലഭിച്ചത് 1948–49–ൽ ആണ്. അതിനുമുമ്പ് അത് ഒരു ഐച്ഛികവിഷയമായി പഠിപ്പിച്ചുപോന്നു. 1962ലെ സിലബസ് 1948നുമുൻപുണ്ടായിരുന്ന ഐച്ഛിക

സിലബസിനു് സമാനമാണെന്നുപറയാം. ഹിന്ദി അഞ്ചാംസ്റ്റാൻറാർഡിൽ പഠിപ്പിച്ചുതുടങ്ങിയതു് ആ വിഷയത്തിനോടുള്ള പ്രത്യേകമമത സൂചിപ്പിക്കുന്നു. താരതമ്യേന ഭാരിച്ച ഒരു സിലബസും അതിനു് അനുയോജ്യമല്ലാത്ത സമയക്രമീകരണവുമാണു് ഇന്നത്തെ ഹിന്ദി പഠനത്തിൻെറ പ്രത്യേകത. മുൻപു് ആഴ്ചയിൽ അഞ്ചുപീരിയഡുകൊണ്ടു് പഠിപ്പിച്ചിരുന്നിടത്തോളം പാഠഭാഗം ഇന്നു് മൂന്നുപീരിയഡുകൊണ്ടു് പഠിപ്പിക്കേണ്ടിയിരിക്കുന്നു. കേരളത്തിൻെറ പ്രത്യേകസാഹചര്യം പൊതുവിൽ ഹിന്ദിക്കനുകൂലമാണു്. മലയാളത്തിലുള്ളതുപോലെ ഒട്ടേറെ സംസ്കൃതപദങ്ങൾ ഹിന്ദിയിലുള്ളതുകൊണ്ടു് ഉത്തരേന്ത്യൻസംസ്ഥാനങ്ങളിലേക്കു് തൊഴിലന്വേഷിച്ചു് പോകേണ്ടസ്ഥിതി നിലനില്ക്കുന്നതുകൊണ്ടും ആയിരിക്കാം ഈ പ്രത്യേക മനോഭാവം ഉണ്ടായിട്ടുള്ളതു്. നമ്മുടെ ഹിന്ദി സിലബസ്സ് ഇതരസംസ്ഥാനങ്ങളുടേതിനോടു് കിടനില്ക്കുന്നതും താരതമ്യേന മെച്ചവുമാണെന്നു് പറയാം.

4. പാഠഭാഗങ്ങളുടെ ഉള്ളടക്കം പരിശോധിച്ചാൽ 1946 ലേതിനേയും 1934 നേയും അപേക്ഷിച്ചു് കണക്കിൽ ഇന്നത്തെ പ്രതീക്ഷിതനിലവാരം മോശമാണു്. വിഷയത്തെ സംബന്ധിച്ച പൊതുവായ അറിവുകൊണ്ടു് ഒരു വിദ്യാർത്ഥിക്കു് S. S. L. C പരീക്ഷയിൽ കണക്കിനു് ജയിക്കാൻ കഴിയുന്ന സ്ഥിതിവിശേഷമാണു് ഇന്നുള്ളതു്. അങ്കഗണിതം, ബീജഗണിതം, ക്ഷേത്രഗണിതം എന്നിവയിലെല്ലാം പാഠഭാഗങ്ങൾതുടരെയുള്ള പരിഷ്കാരങ്ങളുടെഫലമായി കുറവുചെയ്തിട്ടുള്ളതായികാണാം. മുൻപുണ്ടായിരുന്ന അതതികക്ഷേത്രഗണിതത്തിൻെറ 50 % ത്തിലധികം ഭാഗം ഇന്നു് വേണ്ടെന്നുവച്ചിരിക്കയാണു്. ഇതു് ഒരു പക്ഷേ ന്യായീകരിച്ചാലും അങ്കഗണിതഭാഗത്തുനിന്നും സമയവും ജോലിയും, സമയവും ദൂരവും,

നാണയവിവർത്തനം, സ്റ്റോക്ക് എന്നിവ ഒഴിവാക്കിയിട്ടുള്ളതു് ന്യായീകരിക്കത്തക്കതല്ല. കണക്കിലെ പാഠഭാഗങ്ങൾ ദൈനംദിനജീവിതവുമായി ബന്ധപ്പെടുത്തിയതും വിവിധ പാഠ്യവിഷയങ്ങളുമായി പരസ്പരബന്ധം സ്ഥാപിച്ചതും ബുദ്ധിശക്തിയിൽ സാമാന്യനിലവാരമുള്ളവരെ ലാക്കാക്കി ജനറൽമാത്തമാററിക്സ് കോഴ്സ് രൂപീകരിച്ചതും കഴിഞ്ഞ ഒന്നോ രണ്ടോ ദശകങ്ങൾക്കുള്ളിലുണ്ടായ ശ്രദ്ധേയമായ പരിവർത്തനങ്ങളാണു്. ഇന്നത്തെ സാമൂഹികപ്രവണതകളുടെ അടിസ്ഥാനത്തിൽ ഗണിതശാസ്ത്രപഠനത്തിനു് കുറേക്കൂടി ശാസ്ത്രീയമായ ഒരു സമീപനം ഉണ്ടാകേണ്ടിയിരിക്കുന്നു. സ്കൂൾസഹകരണസംഘങ്ങളുടെ പ്രവർത്തനവും ബാങ്കിംഗ് സമ്പ്രദായവും ഇന്നത്തെ കുട്ടികൾ അവശ്യം അറിഞ്ഞിരിക്കണം. ഇന്നത്തെ വിദ്യാഭ്യാസത്തിലും ശാസ്ത്രസാങ്കേതികരംഗങ്ങളിലും ബീജഗണിതത്തിനുള്ള സ്ഥാനം പരിഗണിക്കുമ്പോൾ ഇന്നതിനു് ഹൈസ്കൂൾതലത്തിലുള്ള സ്ഥാനം തൃപ്തികരമല്ലെന്നു കാണാം. ഗണിതശാസ്ത്രനിലവാരം ഇനിയും താഴാതെനോക്കേണ്ടതു് അടിയന്തിരാവശ്യമാണു്. അല്ലെങ്കിൽ സാമൂഹികാംഗീകാരമില്ലാത്ത ഒരു വിഷയമായി അതു് അധ:പതിച്ചേക്കും. പ്രായോഗികവശത്തിനു് കൂടുതൽ പ്രാധാന്യം നൽകി ഉള്ളടക്കത്തിലുണ്ടായിട്ടുള്ള കുറവു് പരിഹരിക്കാവുന്നതേയുള്ളൂ. ത്രികോണമിതിയിലേയും (Trigonometry) സാംഖ്യകത്തിലേയും പ്രാരംഭഭാഗങ്ങൾക്കൂടി ഉൾപ്പെടുത്തി ഹൈസ്കൂൾ ഘട്ടത്തിലെ ഗണിതശാസ്ത്രപഠനം മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

5. കുറേനാൾമുമ്പുവരെ പ്രത്യേകവിഷയങ്ങളായിരുന്ന ഊർജ്ജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം, ഗൃഹശാസ്ത്രം, പൊതുജനാരോഗ്യം, പ്രകൃതിപാഠം, അന്തമനിവിജ്ഞാനം എന്നിവ

ഏകോപിപ്പിച്ച് ജനറൽസയൻസ് എന്ന സങ്കരവിഷയം രൂപീകരിച്ചതു് ഈ കാലഘട്ടത്തിൻെറ പ്രത്യേകതയാണ്. വെള്ളംകേടക്കാത്തഅറകളായി തിരിച്ച് പാഠഭാഗങ്ങൾ കൈകാര്യം ചെയ്തിരുന്ന പഴയരീതി ഉപേക്ഷിച്ച് ഇന്ന് പാഠഭാഗങ്ങൾ പരസ്പരം ബന്ധപ്പെടുത്തിയും ബാഹ്യലോകവുമായി ബന്ധപ്പെടുത്തിയുമാണ് പഠിപ്പിക്കുന്നതു്. ഒട്ടപേക്ഷ ഉള്ളടക്കത്തിൽ കുറവുണ്ടായാൽപോലും അതിനെ കവച്ചുവെയ്ക്കുന്നപരിഷ്കാരമാണ് ഈ സമീപനംകൊണ്ടു് ലഭിക്കുന്നതു്. സയൻസ് ബോധനത്തിൻെറ നൂതനലക്ഷ്യങ്ങൾക്കനുരൂപമാണ് പുതിയ സിലബസ്. പാഠഭാഗങ്ങളുടെ ക്രമീകരണത്തിൽ കാര്യമായ മാററം വരുത്തിയതുകൊണ്ടു് അതിനെമാത്രം ആശ്രയിച്ച് നിലവാരത്തെപ്പററി അഭിപ്രായം രൂപീകരിക്കുന്നതുശരിയല്ല. സിലബസിൻെറ പ്രായോഗികവശത്തേക്കുള്ള ചായ്‌വും നൂതനസാമൂഹികപ്രവണതകൾക്കനുസരണമായ സമീപനവും സമകാലീനമാണ് ഇന്നത്തെ സിലബസെന്ന് വിളിച്ചറിയിക്കുന്നു. പൊതുവിജ്ഞാനം മാത്രമേ ജനറൽസയൻസ് ലക്ഷ്യമാക്കുന്നുള്ളു. അതാണ് അതിൻെറ പരാധീനത ബുദ്ധിശാലികൾക്കും പ്രത്യേകതാല്പര്യമുള്ളവർക്കും സ്പെഷ്യലൈസേഷന് അവസരം നൽകുന്ന അഡ്വാൻസ്ഡ്കോഴ്സുകൾനൽകാൻ സിലബസിൽ വ്യവസ്ഥചെയ്തിട്ടുള്ളതു് ആശാസപ്രദമാണ്. ഇന്നത്തെ ശാസ്ത്രീയയുഗത്തിൽ, ശാസ്ത്രീയഭൂപടത്തിൽ ഭാരതത്തിൻെറ സ്ഥാനം പരിമിതമാണ്. അതു് ഉയർത്തിക്കാട്ടണമെങ്കിൽ ഇന്നത്തെ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട സൌകര്യങ്ങളും മെച്ചപ്പെട്ട ബോധനവും സയൻസിൽ നൽകിയേപററൂ. പുതിയശാസ്ത്രീയനേട്ടങ്ങളും സംഭവവികാസങ്ങളും യഥാവസരം പഠിപ്പിക്കുന്നതിന്ന് അദ്ധ്യാപകർക്ക് സൌകര്യം നൽകുന്ന ഒരു സിലബസാണിന്നത്തെ ആവശ്യം. ശാസ്ത്രാഭിരുചി

പരീക്ഷകളുടെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പുകൾ നൽകുന്നതു് ശാസ്ത്രപഠനത്തിലേക്കു് കൂടുതൽ കുട്ടികളെ ആകർഷിച്ചേക്കും. പാഠപദ്ധതി അനുയോജ്യമായ തരത്തിൽ പരിശോധിച്ചു് അന്തർദേശീയനിലവാരം സയൻസിൽ കൈവരുത്തേണ്ടതു് ഈ കാലഘട്ടത്തിന്റെ ഒരാവശ്യമാണു്.

6. ജനറൽ സയൻസിലെപ്പോലെതന്നെ വിവിധ വിഷയങ്ങളുടെ സമ്മിളിതരൂപമാണു് ഇന്നു് കാണുന്ന സോഷ്യൽസ്റ്റഡീസ്. ലോകത്തെ പ്രമുഖ ഭൂവിഭാഗങ്ങൾ പ്രത്യേകം തിരിച്ചു് പഠിക്കുന്നതിനുപകരം സാമൂഹിക, സാമ്പത്തിക, സാംസ്കാരിക പ്രവണതകളുടെ അടിസ്ഥാനത്തിൽ ലോകത്തെ നോക്കിക്കാണുകയാണു് ഇന്നത്തെ രീതി. പുരാതന ചരിത്രത്തിലെ ചില ഭാഗങ്ങൾ ഒഴിവാക്കിയിട്ടു് പകരം ആധുനിക ചരിത്രഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടു്. പൗരജനങ്ങളെ തങ്ങളുടെ ഉത്തരവാദിത്വം, കടമ, അവകാശം എന്നിവയെ സംബന്ധിച്ചു് ബോധമുള്ളവരാക്കാനാണു് ഇന്നത്തെ സിലബസ് യത്നിക്കുന്നതു്. പ്രായോഗിക വശത്തിനു് പ്രാധാന്യം നൽകുന്നതും ഉപയോഗക്ഷമതയും ഇതിന്റെ പ്രത്യേകതകളിൽപ്പെടുന്നു. പാഠഭാഗങ്ങളുടെ ഉള്ളടക്കം പഴയതുമായി തുലനം ചെയ്യാൻ പ്രയാസമാണെങ്കിലും മുമ്പത്തെ പ്രതീക്ഷിതനിലവാരത്തിൽ മോശമല്ലെ, ഇന്നത്തേതെന്നു് പറയാം. കാലികസംഭവവികാസങ്ങൾ പഠിപ്പിക്കാനുള്ള സ്വാതന്ത്ര്യം അദ്ധ്യാപകർക്കു നൽകുന്നതു് ബോധനം കുറെക്കൂടി മെച്ചപ്പെടുത്താൻ സഹായകമാകും. ഇവിടെയും അഡ്വാൻസ്ഡ് കോഴ്സിനു് സൗകര്യം നൽകിയിരിക്കുന്നതു് പ്രത്യേകാഭിരുചിയും കഴിവും ഉള്ളവർക്കു് സ്പെഷ്യലൈസേഷൻ നേടാൻ സഹായകരമാണു്. പൊതുവിജ്ഞാനം ആണു് ഇന്നത്തെ പാഠപദ്ധതി ലാക്കാക്കുന്നതു്. അതിനു് കുറെക്കൂടി വ്യാപ്തി നൽകുന്നതു് അഭികാമ്യമായിരിക്കും.

7. പ്രഖ്യാപിത ലക്ഷ്യങ്ങളുടെയും ഉദ്ദേശ്യങ്ങളുടെയും അടിസ്ഥാനത്തിൽ ഇന്നത്തെ സിലബസ് തൃപ്തികരമാണെന്നു പറയാം. അനുനിമിഷം ശാസ്ത്രവും സമൂഹവും പുരോഗമിച്ചുകൊണ്ടിരിക്കുന്നതുകൊണ്ട് അവ യഥാസമയം പാഠപദ്ധതിയിൽ ഉൾപ്പെടുത്തിയോ അല്ലാതെയോ വിദ്യാർത്ഥികൾക്ക് പകർന്നുകൊടുക്കാൻ വ്യവസ്ഥയുണ്ടാകേണ്ടിയിരിക്കുന്നു. അയവുള്ള ഒരു സിലബസും അധ്യാപകർക്ക് പ്രവർത്തനസ്വാതന്ത്ര്യവുമാണിതിനൊരു പോംവഴി.

## c) സ്കൂൾ ഫൈനൽ പരീക്ഷ

1. പുതിയ മൂല്യനിർണ്ണയരീതികൾ നമ്മുടെ സംസ്ഥാനത്ത് കൂടുതൽ പ്രാമുഖ്യം നേടുന്നതിന്റെ പ്രത്യക്ഷതെളിവുകളാണ് ഇപ്പോഴത്തെ ചോദ്യക്കടലാസ്സുകൾ. ഭാവിയിൽ ചോദ്യക്കടലാസ്സുകൾ തയ്യാറാക്കേണ്ടിവരുന്നവർക്കുവേണ്ടി സെമിനാറുകളും പണിപ്പുരകളും സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിട്യൂട്ട് ആസൂത്രണം ചെയ്യുന്നതു് പുതിയ രീതി ഇവിടെ അംഗീകരിക്കപ്പെട്ടതിന്റെ സൂചനയായി കണക്കാക്കാം.

2. വിവിധകാലഘട്ടങ്ങളിൽ S.S.L.C. പരീക്ഷയ്ക്കു് ഉൾപ്പെടുത്തിയ ചോദ്യങ്ങൾ ഏതിനം ചോദ്യങ്ങൾക്കും ഏതെല്ലാം പാഠഭാഗങ്ങൾക്കുമാണ് കൂടുതൽ പ്രാധാന്യം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുന്നവയാണ്. പ്രതീക്ഷിത നിലവാരത്തിന്റെ ഏകദേശരൂപമെങ്കിലും വ്യക്തമാക്കാൻ ഇവ സഹായിക്കുന്നുണ്ട്. വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസരണമായിരിക്കണം പഠനപാഠനങ്ങളും അവയോടൊപ്പം മൂല്യനിർണ്ണയ സംവിധാനവും എന്ന തത്വം ഇവിടെ പാലിക്കപ്പെടുന്നുണ്ടെന്ന് പറയാം.

3. മലയാളം ചോദ്യക്കടലാസ്സിൽ വർഷങ്ങൾ പിന്നിടുന്തോറും ഉള്ളടക്കം കൂടുതൽ പ്രതിനിധാനം ചെയ്യപ്പെടുന്നതായി കാണാം. 'ചോയിസ്' നൽകിയിരുന്ന രീതി ക്രമാനുഗതമായി നിർത്തിവരുന്നതു് പാഠഭാഗങ്ങളെല്ലാം പഠിക്കാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുവാൻ പോന്നതാണു്. കൂടുതൽ വസ്തുനിഷ്ഠമായ ചോദ്യങ്ങൾ ഉൾപ്പെടുത്തുന്നതു് മിക്ക ഭാഗങ്ങളിൽനിന്നും ചോദ്യം ഉൾപ്പെടുത്താൻ ഉപകരിക്കും. മുൻവർഷങ്ങളിൽ പ്രതീക്ഷിച്ചിരുന്ന നിലവാരത്തിൽനിന്നും ഒട്ടും മോശമല്ല ഇന്നത്തെ പ്രതീക്ഷിത നിലവാരമെന്നാണു് ചോദ്യക്കടലാസ്സ് പരിശോധിച്ചാൽ വ്യക്തമാവുക.

4. ചോദ്യങ്ങളുടെ എണ്ണം അടുത്തകാലത്തു് വർദ്ധിപ്പിച്ചതോടെ പാഠഭാഗങ്ങൾക്കെല്ലാം പ്രാതിനിധ്യം ലഭിക്കുന്നുണ്ടു്. ശരിക്കും പഠിച്ചവർക്കു് ഉയർന്ന മാർക്കു് നേടാൻ പര്യാപ്തമാണു് ഇന്നത്തെ ചോദ്യക്കടലാസ്സ്. കാണാതെ പഠിച്ചു ശീലിച്ചവർ ശിക്ഷിക്കപ്പെടുന്നതും ഇതിന്റെ പ്രത്യേകതയാണെന്നു പറയാം. സാധാരണക്കാർക്കു് നിശ്ചിത മിനിമം മാർക്കു് നേടാൻ വലിയ പ്രയാസമുണ്ടാകില്ല. എങ്കിലും വളരെപ്പേർ തോൽക്കുന്നതുകൊണ്ടു് പ്രതീക്ഷിത നിലവാരത്തിനനുസരണമല്ല യഥാർത്ഥനിലവാരമെന്നു് പറയേണ്ടിയിരിക്കുന്നു. വിദ്യാർത്ഥികൾക്കുള്ള ഇംഗ്ലീഷ് പരിജ്ഞാനം വളരെ പരിമിതമാണെന്നാണു് ഇതു് സൂചിപ്പിക്കുന്നതു്. സ്ട്രക്ചർ രീതിയും ന്യൂടൈപ്പ് ചോദ്യങ്ങളും ഇംഗ്ലീഷിന്റെ നിലവാരം മെച്ചപ്പെടുത്താനുദ്ദേശിച്ചുള്ളവയാണു്. പഴയ ഉപന്യാസ ചോദ്യങ്ങളുടെ സ്ഥാനം ഇന്നു് ചെറുചോദ്യങ്ങൾ കയ്യടക്കിക്കഴിഞ്ഞു. വ്യാകരണപരിജ്ഞാനം അവശ്യയോഗ്യതയായിട്ടുണ്ടെന്നു പറയാം. പ്രഖ്യാപിതലക്ഷ്യങ്ങൾക്കനുസരണമാണു് ചോദ്യക്കടലാസ്സ്; ഒപ്പം താരതമ്യേന മെച്ച

മല്ല വിദ്യാത്ഥികളുടെ നിലവാരമെന്നും അതു് വ്യക്തമാക്കുന്നുണ്ടു്.

5. ഹിന്ദിയിലെ ഉള്ളടക്കം മെച്ചപ്പെടുത്തിയതിനനുസരണമായി ചോദ്യക്കടലാസ്സും അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടു്. ചോദ്യക്കടലാസ്സുമാത്രം നോക്കുന്ന ഒരാൾക്കു് നമ്മുടെ S.S.L.C. വിദ്യാത്ഥികളിൽനിന്നും പ്രതീക്ഷിക്കുന്ന നിലവാരം ഭേദപ്പെട്ടതാണെന്നു് നിസ്സംശയം പറയാൻ കഴിയും. ന്യൂടൈപ്പ് ചോദ്യങ്ങൾ പൂണ്ണമായി സ്വാധീനിച്ചു കഴിഞ്ഞിട്ടില്ലാത്ത ഒരു വിഷയമാണു് ഹിന്ദി എന്നു് കരുതേണ്ടിയിരിക്കുന്നു.

6. ഗണിതശാസ്ത്രത്തിലെ മിക്കചോദ്യങ്ങളും ന്യൂടൈപ്പിലുള്ളതാണു്. $\frac{1}{2}$ മാക്കിനും 1 മാക്കിനും ഉള്ള ചോദ്യങ്ങൾ ഏറെയാണു്. ചോദ്യങ്ങളുടെ എണ്ണം വളരെ വർദ്ധിച്ചിരിക്കുന്നതുകൊണ്ടു് ഒരു ഭാഗവും ഉപേക്ഷിക്കപ്പെട്ടുന്നില്ല. പല ഘട്ടങ്ങളിലായി ചെയ്തുതീക്കേണ്ട ചോദ്യങ്ങൾ വളരെ കുറച്ചിട്ടുണ്ടു്. തിയറം കാണാതെ പഠിക്കുന്നവർക്കും വലിയ പ്രയോജനം സിദ്ധിക്കാൻ സൗകര്യം നൽകിയിട്ടില്ല ഇതൊക്കെയാണെങ്കിലും സാമാന്യനിലവാരം മാത്രമുള്ള കുട്ടിക്കു് ജയിക്കാൻ വേണ്ട മാക്കു് നേടാൻ കഴിയുമെന്നതു് ഇന്നത്തെ ചോദ്യക്കടലാസ്സിൻെറ പ്രത്യേകതയാണു്. എന്നാൽ മുഴവൻ മാർക്കും നേടുക എളുപ്പമുള്ള സംഗതിയല്ലതാനും. വിദ്യാത്ഥികൾ അധികവും ഇന്നു് കണക്കിൽ തോല്ക്കുന്നതുകൊണ്ടു് യഥാത്ഥനിലവാരം മോശമാണെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. പ്രതീക്ഷിതനിലവാരം മോശമല്ലെന്നു് ചോദ്യക്കടലാസ്സ് വ്യക്തമാക്കുന്നുണ്ടു്.

7. ഉള്ളടക്കം പരമാവധി ഉൾപ്പെടുത്തിക്കൊണ്ടുള്ള ചോദ്യക്കടലാസ്സാണു് സയൻസിൽ അടുത്ത കാലത്തു് ലഭി

ക്കുന്നതു്. മുൻവർഷങ്ങളിൽ തിരഞ്ഞെടുത്ത ഏതാനും ഭാഗങ്ങൾ പഠിച്ചാൽ ഉയന്ന മാർക്കു് നേടാൻ കഴിയുമായിരുന്നു. ഇന്നതു് സാദ്ധ്യമല്ല. എല്ലാ ഭാഗത്തെപ്പററിയും ഏകദേശജ്ഞാനമെങ്കിലും ഉള്ളവക്കു താരതമ്യേന മെച്ചപ്പെട്ട മാക്കു് ലഭിക്കയുള്ളു. ഉയന്ന മാക്കു് നേടണമെങ്കിൽ വ്യക്തമായ വിഷയജ്ഞാനവും വിവേചനശക്തിയും ചിന്താശീലവും കൂടിയേതീരൂ എന്നായിട്ടുണ്ടു്. മുമ്പിലത്തെ ചോദ്യക്കടലാസ്സുകളെക്കാൾ മോശമല്ല ഇപ്പോഴത്തേതെന്നു് വ്യക്തമായി പറയാം. എന്നാൽ പ്രതീക്ഷിതനിലവാരം എത്രത്തോളം മെച്ചപ്പെട്ടിട്ടുണ്ടെന്നു് പറയാനാവില്ല. യഥാർത്ഥനിലവാരം തീരെ മോശമല്ലെന്നു് പരീക്ഷാഫലങ്ങൾ സൂചിപ്പിക്കുന്നുണ്ടു്. ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമാണു് ഇന്നത്തെ സയൻസ് ചോദ്യക്കടലാസ്സുകൾ.

8. ചിന്താശീലം, വിവേചനാശക്തി എന്നിവയോടൊപ്പം അഗാധമായ വിഷയജ്ഞാനവുംകൂടി ഉണ്ടെങ്കിലേ സോഷ്യൽസ്റ്റഡീസിൽ ഉയന്നമാക്കു് നേടാൻ സാദ്ധ്യമാകൂ എന്ന സ്ഥിതിയാണിന്നുള്ളതു്. ഉപന്യാസചോദ്യങ്ങളുടെ എണ്ണം ഒന്നോരണ്ടോ ആയി കുറവു ചെയ്തിട്ടുണ്ടു്. ഏററവും പുതിയ സിലബസിലെ നിർദ്ദേശങ്ങൾക്കനുസരിച്ചാണു് ചോദ്യക്കടലാസ്സ്. പ്രതീക്ഷിതനിലവാരം തൃപ്തികരമാണെന്നാണു് ചോദ്യക്കടലാസ്സുകൾ സൂചിപ്പിക്കുന്നതു്.

9. ഓർമ്മശക്തിയിൽ അധികമായി വിശ്വസിച്ചിരുന്നതു് പുതിയ ചോദ്യരീതി തള്ളിക്കളഞ്ഞിട്ടുണ്ടു്, വിശദമായ വിഷയവിജ്ഞാനം ഉന്നതമാക്കു നേടാൻ ആവശ്യമായെന്നു് വന്നിട്ടുണ്ടു്. ഉള്ളടക്കം പരമാവധി പ്രതിനിധീകരിക്കുന്നവയാണു് മിക്ക ചോദ്യക്കടലാസ്സുകളും. പുതിയ മൂല്യനിർണ്ണയരീതികൾ കുറെക്കൂടി പ്രായോഗികതലത്തിൽ പ്രവർത്തിപ്പി

ച്ചാൽ മെച്ചപ്പെട്ട ഫലങ്ങൾ പ്രതീക്ഷിക്കാം. നിലവാരം മെച്ചപ്പെടുത്താൻ അതുപകരിക്കാതിരിക്കയില്ല.

d) പാഠപുസ്തകങ്ങൾ

1. പാഠപുസ്തകങ്ങൾ ദേശസാൽക്കരിക്കപ്പെട്ടതിനെത്തുടർന്ന് അവയുടെ വില ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഈ നീക്കം കൂടുതൽ വിദ്യാർത്ഥികൾ പുസ്തകങ്ങൾ വാങ്ങിക്കാൻ സഹായിച്ചേക്കും. ഇതു് വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്താനും ഉപകരിക്കുമെന്നു് പ്രതീക്ഷിക്കാം. പാഠപുസ്തകങ്ങൾ ദേശസാൽക്കരിച്ചതു് എല്ലാം വിദ്യാലയങ്ങളിലും ഒരേ പുസ്തകങ്ങൾ ഉപയോഗിക്കുന്നതു് ഉറപ്പു ചെയ്യുന്നു. ഉള്ളടക്കത്തിലും ഭാഷയിലും ചിത്രീകരണത്തിലും വിശദീകരണത്തിലുമെല്ലാം ഐകരൂപ്യം ഇതുവഴി ലഭ്യമാകുന്നു.

2. പുരോഗതി പ്രാപിച്ച രാജ്യങ്ങളിൽ ചെയ്യുമ്പോലെ പാഠപുസ്തകങ്ങൾ മെച്ചപ്പെടുത്താനുള്ള ശ്രമം നാമും തുടരേണ്ടിയിരിക്കുന്നു. ആധുനികസമൂഹം അനുനിമിഷം പുരോഗമിക്കുന്നതുകൊണ്ടു് പലഭാഗങ്ങളും കാലികമല്ലാതായിത്തീരും. അതു് ഒഴിവാക്കാൻ പാഠപുസ്തകങ്ങൾ പരിഷ്കരിക്കപ്പെടുകയോ സപ്ലിമെൻറുകൾ ഇറക്കുകയോ ചെയ്യണം. പെട്ടെന്നുള്ള മാററം അഭിലഷണീയമല്ലാത്തതുകൊണ്ടു് മൂന്നുവർഷം കൂടുമ്പോൾ പുസ്തകം പരിഷ്ക്കരിക്കപ്പെടണമെന്നു് നിർദ്ദേശിക്കുന്നതു് നന്നായിരിക്കും. ഇടവേളയിൽ വേണ്ട മാററങ്ങൾ വരുത്താൻ അദ്ധ്യാപകരെ അനുവദിക്കാവുന്നതാണു്. സോഷ്യൽസ്റ്റഡീസിലും ജനറൽസയൻസിലും പല സംഗതികളിലും പെട്ടെന്നു് 'പഴഞ്ചനാ'യി തീരാറുണ്ടു്.

3. പരിശീലനവും യോഗ്യതയുമുള്ള ഒരു ടീം പാഠപുസ്തകരചനയ്ക്കും പരിഷ്ക്കരണത്തിനുമായി ഉണ്ടാകുന്നതു് പുസ്ത

കങ്ങളുടെയും തദ്വാരാ നിലവാരത്തിൻെറയും നിലനില്പിനും മെച്ചപ്പെടുത്തലിനും ഉപകരിച്ചേക്കാം.

## e) കേരളം—തമിഴ്നാട്ട് താരതമ്യപഠനം

1. കേരളത്തിൽ 10 വർഷത്തെ വിദ്യാഭ്യാസത്തിനു ശേഷമാണ് വിദ്യാർത്ഥികൾ S. S. L. C. പരീക്ഷയ്ക്കു ചേരുന്നതെങ്കിൽ തമിഴ്നാട്ടിൽ 11 വർഷത്തെ പഠനത്തിനുശേഷമാണ് പരീക്ഷയ്ക്ക് ഹാജരാകുന്നത്. ഇത് അവിടത്തെ സ്ക്കൂൾലീവിംഗ് വിദ്യാർത്ഥികളുടെ നിലവാരം ഉയർത്താൻ പര്യാപ്തമാകാം. കേരളത്തിലെ 8, 9, 10 സ്റ്റാൻഡാർഡുകളാണ് സെക്കന്ററി വിഭാഗമായി അറിയപ്പെടുന്നത്. തമിഴ്നാട്ടിലാകട്ടെ 9, 10, 11 സ്റ്റാൻററാർഡുകളും. തമിഴ്നാട്ടിൽ 10-ം 11-ം സ്റ്റാൻററാർഡുകളിൽ ഐച്ഛികസമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിൽ 9-ം 10-ം സ്റ്റാൻഡാർഡുകളിൽ ആവശ്യക്കാർക്കായി അഡ്വാൻസഡ് കോഴ്സ് നൽകാൻ വ്യവസ്ഥചെയ്തിട്ടുണ്ട്. പാഠ്യവിഷയങ്ങളുടെ കാര്യത്തിൽ കാര്യമായ അന്തരം രണ്ടുസംസ്ഥാനങ്ങളും തമ്മിൽ കാണാനില്ല.

2. ഉള്ളടക്കത്തിൻെറയും വ്യാപ്തിയുടെയും അടിസ്ഥാനത്തിൽ നോക്കിയാൽ S. S. L. C. പരീക്ഷയ്ക്കു ചേരുന്ന രണ്ടു സംസ്ഥാനങ്ങളിലെയും വിദ്യാർത്ഥികളുടെ മലയാളത്തിലെ പ്രതീക്ഷിതനിലവാരം ഏതാണ്ട് തുല്യമാണെന്നു പറയാം.

3. രണ്ട് സംസ്ഥാനങ്ങളിലും 3-ാംസ്റ്റാൻററാർഡു മുതലാണ് ഇംഗ്ലീഷ് പഠിപ്പിച്ചുതുടങ്ങുന്നത്. കേരളത്തിലേതിനേക്കാൾ ഒരുവർഷം കൂടുതൽ ലഭിക്കുന്നതുതന്നെ തമിഴ്നാട്ടിലെ ഇംഗ്ലീഷ് നിലവാരം മെച്ചമായിരിക്കുമെന്ന് സൂചി

പ്പിക്കുന്നു. കേരളത്തിൽ 2500 പദങ്ങൾ പരിചയിക്കാനാവശ്യപ്പെടുമ്പോൾ തമിഴ്നാട്ടിൽ 3000 പദങ്ങളാണ് പഠിക്കേണ്ടതു്. രണ്ടിടത്തും സ്ട്രക്ചർരീതി സ്വീകരിച്ചിട്ടുണ്ട്. ഉള്ളടക്കത്തിന്റെ കാര്യത്തിൽ തമിഴ്നാടാണ് മുന്നിൽ. കേരളത്തിലെ സ്കൂൾലീവിംഗ് വിദ്യാർത്ഥിയിൽനിന്നും പ്രതീക്ഷിക്കുന്നതിൽനിന്നും അൽപ്പം മെച്ചപ്പെട്ട നിലവാരമാണ് തമിഴ്നാട്ടിലെ കുട്ടികളിൽനിന്നു് പ്രതീക്ഷിക്കുന്നതു്. ഒരുവർഷം അധികം ലഭിക്കുന്നതു് പരിഗണിച്ചാൽ ഈ വർദ്ധനവു് ഗണനീയമല്ലെന്നു പറയാം.

4. കേരളത്തിൽ ഹിന്ദിപഠനം അപ്പർപ്രൈമറിഘട്ടത്തിൽ ആരംഭിക്കുമ്പോൾ തമിഴ്നാട്ടിലതു് സെക്കൻററിഘട്ടത്തിൽ മാത്രമാണ് ആരംഭിക്കുന്നതു്. സ്വാഭാവികമായും കേരളത്തിന്റെ നിലവാരം മെച്ചപ്പെട്ടിരിക്കുമല്ലോ. ഉള്ളടക്കം അപഗ്രഥിച്ചാൽ ഈ നിഗമനം തന്നെയാണ് ലഭിക്കുക. തമിഴ നാട്ടിലേതിന്റെ ഏതാണ്ടിരട്ടിയോളംവരും കേരളത്തിലെ സിലബസ്. പഠിക്കാൻ നൽകുന്ന വർഷങ്ങൾകൂടി പരിഗണിച്ചാൽ ഇതു് കാര്യമാക്കാനുണ്ടെന്നു് തോന്നുന്നില്ല. തമിഴ്നാട്ടിലെ വിദ്യാർത്ഥികൾക്കു് S. S. L. C. പാസ്സാകാൻ ഹിന്ദിയിൽ ലഭിക്കുന്ന മാർക്ക് പ്രശ്നമാകുന്നില്ലെന്നതാണ് മറെറാരു പ്രത്യേകത.

5 തമിഴ്നാട്ടിൽ പൊതുവിഷയമായി പഠിപ്പിക്കുന്ന 'എലിമെൻററിമാത്തമാററിക്സ്'നെക്കാൾ മെച്ചപ്പെട്ടതാണ് കേരളത്തിലെ 'ജനറൽമാത്തമാററിക്സ്' സിലബസ്. പ്രായോഗികവശത്തിനു് മുൻതൂക്കം നൽകിയിട്ടുള്ളതു് തമിഴ്നാട് സിലബസിലാണ്. ഉള്ളടക്കത്തിലും ലക്ഷ്യത്തിലും അവിടത്തേതിനു് പരിമിതിയുണ്ടെങ്കിലും അതു് കൂടുതൽ ഉപയോഗക്ഷമമാണെന്നു പറയാം. താത്വികക്ഷേത്രഗണിതത്തിനു്

തമിഴ്നാട്ട് സിലബസിൽ സ്ഥാനം നൽകിയിട്ടില്ല. കേരള ത്തിനുള്ള 5 പിരിയഡിനുപകരം തമിഴ്നാട്ടിൽ 4 പിരിയ ഡാണുള്ളതു്. പ്രത്യേക വൈശേഷ്യവും താല്പര്യവുമുള്ള കുട്ടി കൾക്കായി നൽകുന്ന ഐച്ഛികഗണിതശാസ്ത്രത്തിൽ ബീജഗ ണിതവും ക്ഷേത്രഗണിതവുമാണ് പ്രധാനമായും ഉൾപ്പെടു ത്തിയിട്ടുള്ളതു്.

6. കണക്കിൻേറതുപോലെയാണ് സയൻസിൻെറ സ്ഥിതിയും രണ്ടു് സംസ്ഥാനങ്ങളിലും. സിലബസിൻെറ കാ ര്യത്തിൽ കാര്യമായ അന്തരമൊന്നും ദർശിക്കാനില്ല. ഇതിലും പ്രായോഗികവശത്തിന് കൂടുതൽ പ്രാധാന്യം തമിഴ്നാട്ട് സിലബസിനാണ്. രണ്ടിടത്തും ആനുകാലികവും ആധുനി കവുമായ പാഠഭാഗങ്ങൾ ഉൾപ്പെടുത്താൻ യാതൊരു വ്യവ സ്ഥയും ഉണ്ടാക്കിയിട്ടില്ല.

7. കേരളത്തിലെ സോഷ്യൽസ്റ്റഡീസ് സിലബസ്, തമിഴ്നാട്ടിലെ ചരിത്രം, ഭൂമിശാസ്ത്രം സിലബസിനെക്കാൾ മെച്ചമാണെന്നു പറയാം. ഒരു സങ്കരവിഷയമെന്ന നിലയിൽ ജീവിതവുമായും ഇതര പാഠ്യവിഷയങ്ങളുമായും പരസ്പരം ബന്ധിപ്പിച്ചാണ് കേരളത്തിലെ പഠനമെങ്കിൽ വെള്ളം കടക്കാത്ത അറകളായി തിരിച്ചാണ് തമിഴ്നാട്ടിൽ ചരിത്ര വും ഭൂമിശാസ്ത്രവും അവയുടെ അവാന്തരവിഭാഗങ്ങളും പഠി പ്പിക്കുന്നതു്. ഉള്ളടക്കത്തിൽ ഈ നിലയ്ക്കു് കാര്യമായ അന്ത രമുണ്ടു്. സിലബസിന്റെ അടിസ്ഥാനത്തിലും ജീവിതവുമായി ബന്ധപ്പെടുത്തുന്നതിൻെറ പേരിലും കേരളമാണ് മുൻപന്തി യിലെന്നു പറയാം.

8. മൊത്തത്തിൽ 11 വർഷത്തെ പഠനം ലഭിക്കുന്ന തമിഴ്നാട്ടിലെ വിദ്യാർത്ഥിയുടെ നിലവാരം 10 വർഷം പഠി ക്കുന്ന കേരളവിദ്യാർത്ഥികളുടേതിനേക്കാൾ വളരെയൊന്നും

മെച്ചമാണെന്നു പറയാനില്ല. ഇംഗ്ലീഷിൽ മാത്രമാണ് തമിഴ്നാട് മുൻപന്തിയിലെന്നു പറയാവുന്നതു്. ഹിന്ദിയിലും സോഷ്യൽസ്റ്റഡീസിലും കേരളം വ്യക്തമായും മുൻനിരയിലാണ്. മററുവിഷയങ്ങളുടെ കാര്യത്തിൽ ഏതാണ്ട് തുല്യനിലയെന്നു പറയാം. കണക്കും സയൻസും നിർബന്ധിത കോഴ്സ് മാത്രം കണക്കിലെടുത്താൽ കേരളത്തിന്റേതാണ് മെച്ചം. ഒരു വർഷം കൂടുതൽ പഠിക്കുന്നതിലുള്ള മെച്ചം സിലബസിൽ ഗണ്യമായ തോതിൽ കാണുന്നില്ലതന്നെ.

## f) അഭിപ്രായാവലി

അദ്ധ്യാപകർ, ഹെഡ്മാസ്റ്റർമാർ, വിദ്യാഭ്യാസവകുപ്പുദ്യോഗസ്ഥർ, വിദ്യാഭ്യാസ വിദഗ്ദ്ധർ എന്നിങ്ങനെ നാലു് വിഭാഗക്കാരിൽനിന്നും അഭിപ്രായാവലിക്ക് ലഭിച്ച ഉത്തരങ്ങളുടെ അടിസ്ഥാനത്തിൽ നാലുവിഭാഗക്കാരും യോജിക്കുന്നവയെന്നും അല്ലാത്തവയെന്നും രണ്ടായി തിരിച്ചാണ് നിഗമനങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതു്.

## g) ഐകരൂപ്യമുള്ള അഭിപ്രായങ്ങൾ

1. വിദ്യാഭ്യാസനിലവാരം എന്ന പദംകൊണ്ട് പലരും പലതാണ് അർത്ഥമാക്കുന്നതു്. ആപേക്ഷികമാണ് അതിനെക്കുറിച്ചുള്ള ധാരണ.

2. വിവിധ പാഠ്യവിഷയങ്ങളിൽ നേടിയിട്ടുള്ള കഴിവ് വിദ്യാഭ്യാസനിലവാരമായി പരിഗണിക്കപ്പെടാം.

3. അറിവ് യഥാസമയം ഉപയോഗപ്പെടുന്നതു്, പഠിച്ചവിഷയങ്ങളിൽ നേടിയിട്ടുള്ള പാണ്ഡിത്യം, പൊതുവിജ്ഞാനം എന്നിവയാണ് പൊതുനിലവാരത്തിന്റെ പ്രതീ

കങ്ങളുമായി കണക്കാക്കാവുന്നതു്.

4. വിദ്യാർത്ഥികളുടെ പൊതുനേട്ടങ്ങൾ, പ്രത്യേകിച്ചും പഠിക്കുന്ന വിഷയങ്ങളിലേതു്, തുലനം ചെയ്യുകയാണു് നിലവാരം നിർണ്ണയിക്കാനുള്ള ഏററവും മെച്ചപ്പെട്ട രീതി. നിഗമനങ്ങളിലെത്തിച്ചേരാനുള്ള കഴിവു് തുലനം ചെയ്യുന്നതിനാണു് രണ്ടാം സ്ഥാനം ലഭിച്ചിട്ടുള്ളതു്.

5. വിദ്യാഭ്യാസനിലവാരം താഴുന്നുണ്ടെന്ന അഭിപ്രായത്തിന് ഭൂരിപക്ഷമുണ്ടെങ്കിലും അതിനേക്കാൾ പ്രാധാന്യം നൽകേണ്ടതു് നിലവാരം ഉന്നതത്തിനെക്കാൾ മെച്ചപ്പെടുത്തണമെന്ന ചിന്താഗതിക്കാണു്. പ്രൈമറി, സെക്കന്റ റി ഘട്ടങ്ങളിലും ജനറൽകോഴ്സിലുമാണു് നിലവാരത്തിൽ പോരായ്മ അനുഭവപ്പെടുന്നതെന്നും തുടന്നു രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു.

6. നിലവാരത്തകർച്ച വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ, അദ്ധ്യാപകർ, പാഠ്യപദ്ധതി എന്നീ രംഗങ്ങളിലെ പരാധീനതകൾ മൂലമാണുണ്ടാകുന്നതു്. "മോശപ്പെട്ട സാമ്പത്തിക ചുററുപാടു്" വിദ്യാർത്ഥികളുടെ കാര്യത്തിലും അതിനോടു് ബന്ധപ്പെട്ട "വീട്ടിലെ സഹായക്കുറവു്" രക്ഷിതാക്കളുടെ കാര്യത്തിലും പ്രധാന പരാധീനതയായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

7 പരീക്ഷകൾക്കു് നൽകിപ്പോന്ന അനർഹമായ പ്രാധാന്യവും പാഠ്യവിഷയങ്ങളുടെയും ഭാഗങ്ങളുടെയും ആധിക്യവുമാണു് കരിക്കുലത്തിന്റെ പോരായ്മകളിൽ ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കിയതു്.

8. ഇരുപതോ മുപ്പതോ വർഷം മുമ്പുള്ള സിലബസുമായി താരതമ്യപ്പെടുത്തുമ്പോൾ ഇംഗ്ലീഷിൽ കാര്യമായ

കുറവ് വന്നിട്ടുണ്ടെന്നു പറയാം. ഹിന്ദി, സയൻസ് ഇവയിൽ പുരോഗതികൈവന്നിട്ടുണ്ടെന്നും, കണക്കിലും സോഷ്യൽ സ്റ്റഡീസിലും നിലവാരം നിലനിർത്തിപ്പോരുന്നെന്നുമാണ് ഭൂരിപക്ഷാഭിപ്രായം.

9. ഉത്തരക്കടലാസ്സുകൾ മുമ്പത്തേതിൽനിന്നും മോശപ്പെട്ട നിലവാരമാണിന്നു പുലർത്തുന്നതു്. സമീപനത്തിലുള്ള 'ഒറിജിനാലിററി'യിലും ഭാഷാപരകഴിവിലും ഇന്നു പോരായ്മ അനുഭവപ്പെടുന്നുണ്ടു്.

10. ക്ലാസ്സിലും പുറത്തുമുള്ള പ്രകടനത്തിലും പരീക്ഷയിലും ഗൃഹപാഠത്തിലും എന്നുവേണ്ട ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും പഠനശീലങ്ങളിലുമെല്ലാം വ്യക്തമായ പോരായ്മകൾ കാണാനുണ്ടു് എന്നാണ് പൊതു അഭിപ്രായം. സമൂഹത്തിന്റെ പ്രതീക്ഷകൾക്കനുസരണമായി വിദ്യാർത്ഥികളുടെ പ്രവൃത്തി മെച്ചപ്പെടാത്തതാകാം ഇതിനു കാരണം.

11. ചോദ്യക്കടലാസ്സുകളുടെ നിലവാരം പഴയതുപോലെ അല്ലെന്നും പണ്ടത്തേതിൽനിന്ന് മെച്ചപ്പെട്ടിട്ടുണ്ടെന്നും അഭിപ്രായപ്പെടുന്നതു് ചോദ്യക്കടലാസ്സുകൾ പ്രതീക്ഷിത നിലവാരത്തിന്റെ പ്രതീകങ്ങളല്ലാണെന്ന അഭിപ്രായത്തിന് പ്രാബല്യം നൽകുന്നതാണ്.

12. വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിന് ന്യൂഷ്യലൈസേഷൻ ഉപകരിക്കുമെന്നാണ് മിക്കവരുടേയും അഭിപ്രായം. പ്രീ-ഡിഗ്രി ഘട്ടംമുതൽ ഐച്ഛികസമ്പ്രദായം ആരംഭിക്കുന്നതിനോടാണ് കൂടുതൽപേർ യോജിക്കുന്നതു്.

13. ഇംഗ്ലീഷ് പരിജ്ഞാനം പൊതുവിദ്യാഭ്യാസനിലവാരത്തിന്റെ ഏകകമായി കണക്കാക്കാനുതില്ലെന്നാണ്

ഭൂരിപക്ഷാഭിപ്രായം. അതേസമയം ദ്വിവത്സര പ്രീ-ഡിഗ്രി കോഴ്സ് ഏർപ്പെടുത്തിയതു് നിലവാരം, പ്രത്യേകിച്ചും കലാശാലാതലത്തിൽ പ്രവേശിക്കുന്നവരുടേതു്, മെച്ചപ്പെടുത്താൻ ഉപകരിച്ചിട്ടുണ്ടെന്ന അഭിപ്രായവുമുണ്ടു്. ഇതു് പരോക്ഷമായി സൂചിപ്പിക്കുന്നതു് ഇംഗ്ലീഷ്പരിജ്ഞാനവും പൊതുവിദ്യാഭ്യാസനിലവാരത്തിന്റെ ഭാഗമാണെന്നു് അവർ അംഗീകരിക്കുന്നുണ്ടെന്നാണ്. കലാശാലാതലത്തിൽ ഇംഗ്ലീഷ്മീഡിയം തുടരുന്നിടത്തോളം ഇംഗ്ലീഷിന്റെ പ്രാധാന്യം നിശേഷം ഒഴിവാക്കുക പ്രയാസമാണു്. എന്നാൽ നിലവാരമാററം കാലതാമസമെന്യേ ഉണ്ടാകുമെന്നതുകൊണ്ടു് ഇംഗ്ലീഷിനു് പ്രാധാന്യം നൽകാൻ പൊതുവിൽ മടിയാണുള്ളതു്. ഇംഗ്ലീഷിന്റെ ഉള്ളടക്കത്തിൽ കുറവു വന്നിട്ടുണ്ടെന്നാണു് പൊതുവിലുള്ള അഭിപ്രായം.

14. പാഠപുസ്തകങ്ങളുടെ ജീവിതദൈർഘ്യം 3 വർഷമാക്കി ക്ലിപ്തപ്പെടുത്തണമെന്നാണു് മിക്കവരുടെയും അഭിപ്രായം. സംസ്ഥാനത്തിലെ വിദ്യാലയങ്ങളിൽ ഉള്ളടക്കത്തിലും വ്യാപ്തിയിലും ഐകരൂപ്യം വരുത്താൻ പാഠപുസ്തകങ്ങൾ ദേശസാൽക്കരിച്ചതു് സഹായിച്ചിട്ടുണ്ടെന്നും പൊതുവിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. പുസ്തകങ്ങളുടെ വില താരതമ്യേന കുറഞ്ഞിട്ടുള്ളതു് കൂടുതൽ പേർക്കു് പുസ്തകം വാങ്ങാൻ സൗകര്യം നൽകുമെന്നും അങ്ങനെ നിലവാരം മെച്ചപ്പെടുത്താൻ കഴിയുമെന്നും വിശ്വസിക്കപ്പെടുന്നു.

15. വിദ്യാഭ്യാസം സാർവത്രികവും നിർബന്ധിതവുമാക്കിയതാണു് നിലവാരം മോശപ്പെടാനുള്ള പ്രധാനകാരണങ്ങളിലൊന്നെന്നും കൂടെക്കൂടെ സിലബസിൽ വരുത്തിയ പരിവർത്തനങ്ങൾ നിലവാരം അഭിവൃദ്ധിപ്പെടുത്താൻ സഹായകമായിട്ടില്ലെന്നും കരുതപ്പെടുന്നു.

16. സെക്കൻററിസ്കൂളിലെ പ്രവേശനം നിയന്ത്രിക്കുക, അവശ്യയോഗ്യതാപരീക്ഷ ഏർപ്പെടുത്തുക, സിലബസ് ജീവിതകേന്ദ്രിതവും പ്രവൃത്തികേന്ദ്രിതവും ആക്കുക എന്നിവ നിലവാരമുയർത്താൻ പററിയ ഉപാധികളാണെന്നും സിലബസിൻെറ ഉള്ളടക്കം, വ്യാപ്തി ഇവ വർദ്ധിക്കുന്നതു് നിലവാരത്തെ പ്രതികൂലമായേ ബാധിക്കുകയുള്ളൂ എന്നും ആണു് പൊതുഅഭിപ്രായഗതി

## h) ഭിന്നാഭിപ്രായങ്ങൾ

1. അടിസ്ഥാനപരമായ സംഗതികളിലും വിവേചനശീലത്തിലും ചിന്താരീതിയിലും ഇന്നത്തെ വിദ്യാർത്ഥികൾ പിന്നോക്കമാണെന്നു് വിദ്യാഭ്യാസവിദഗ്ദ്ധരൊഴികെയുള്ള മൂന്നു വിഭാഗക്കാരും കരുതുമ്പോൾ ആശയപ്രകടനത്തിലും അവഗാഢമായ ജ്ഞാനത്തിലുമാണവർ പിന്നോക്കം നിൽക്കുന്നതെന്നാണു് വിദഗ്ദ്ധർ കരുതുന്നതു്.

2. തുടർച്ചയായുള്ള സിലബസ് പരിഷ്കാരങ്ങളിൽ നേർപ്പിക്കൽ പ്രക്രിയ അനസ്യൂതം നടന്നുപോന്നതായിവിദഗ്ദ്ധരൊഴികെയുള്ള മൂന്നു വിഭാഗക്കാരും അഭിപ്രായപ്പെടുന്നുണ്ടു്. ഒരു പക്ഷേ ഹൈസ്കൂൾ സിലബസുമായി ആദ്യ കൂട്ടർക്കുള്ള അടുപ്പമായിരിക്കും അവരെ ഈ നിഗമനത്തിനു് പ്രേരിപ്പിച്ചിട്ടുള്ളതു്.

3. മലയാളത്തിൻെറ സിലബസ് മുമ്പത്തേതിൽ നിന്നും മോശമാണെന്ന അഭിപ്രായമുള്ളതു് ഹെഡ്മാസ്റ്റർമാർക്കുമാത്രമാണു്. മററുള്ളവർ ഇതിനു കടകവിരുദ്ധമായ അഭിപ്രായമാണു് പുലർത്തുന്നതു്.

4. വിദ്യാഭ്യാസവിദഗ്ദ്ധരിൽ ഭൂരിപക്ഷവും ഇന്നത്തെ കണക്കിന്റെയും സോഷ്യൽസ്റ്റഡീസിന്റെയും സിലബസ് 30 കൊല്ലം മുമ്പുണ്ടായിരുന്നതിനേക്കാൾ ഭാരിച്ചതാണെന്ന അഭിപ്രായക്കാരാണ്. മററു മൂന്നു വിഭാഗക്കാരും ഇതിൽ നേർപ്പിക്കൽ നടന്നിട്ടുണ്ടെന്ന അഭിപ്രായക്കാരാണ്.

5. വിദ്യാഭ്യാസനിലവാരത്തകർച്ചയെപ്പററിയുള്ള മുറവിളി വർഷങ്ങളായി നിലനിന്നു പോരുന്നുവെന്ന അഭിപ്രായത്തോട് വിദ്യാഭ്യാസവകുപ്പുദ്യോഗസ്ഥന്മാർ യോജിക്കുന്നില്ല. മററു മൂന്നു കൂട്ടരും ഇതിനു വിരുദ്ധമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളതു്.

6. വിദ്യാഭ്യാസനിലവാരം താഴുന്നതിനുപോൽബലകമായി ഉത്തരക്കടലാസ്സുകളിലെ പോരായ്മയാണ് അദ്ധ്യാപകരും വിദഗ്ദ്ധരും ചൂണ്ടിക്കാണിക്കുന്നതെങ്കിൽ മത്സരപ്പരീക്ഷകളിലെ ഫലമാണ് മററു രണ്ടു വിഭാഗക്കാരും വ്യക്തമാക്കുന്നതു്.

7. അദ്ധ്യാപകരും ഹെഡ്മാസ്റ്റർമാരും തങ്ങൾക്കു ലഭിക്കുന്ന അംഗീകാരവും പദവിയും മോശമായതു് അവരുടെ പ്രധാനപോരായ്മയായി പറയുമ്പോൾ ജോലിയോടുള്ള താല്പര്യക്കുറവിന് രണ്ടാംസ്ഥാനം നൽകാനവർ മടിക്കുന്നില്ല. കാര്യമായി തയാറാകാത്തതും അദ്ധ്യാപകവൃത്തിയിലെ താല്പര്യക്കുറവുമാണ് വിദ്യാഭ്യാസവകുപ്പുദ്യോഗസ്ഥർ ചൂണ്ടിക്കാണിക്കുന്ന പ്രധാന ന്യൂനതകൾ. ഇവ രണ്ടും വിദ്യാഭ്യാസവിദഗ്ദ്ധരും സവിശേഷപ്രാധാന്യം നൽകുന്ന വസ്തുതകളാണ്. തങ്ങളുടെ പദവിയിലും ശമ്പളക്കുറവിലും അദ്ധ്യാപകർ വ്ലപിക്കുമ്പോൾ അവരുടെ താല്പര്യക്കുറവിലും ശ്രദ്ധക്കുറവിലുമാണ് മററുള്ളവർ വിരൽചൂണ്ടുന്നതു്. പുറമേനിന്നു നോക്കുന്ന

ളൊക്ക് വിവിധ അനുപാതത്തിലാണെങ്കിലും ഇവയെല്ലാം നിലവാരത്തെ ബാധിക്കുന്ന ഘടകങ്ങളായി നിലകൊള്ളുന്നതു കാണാം.

8. വിദ്യാഭ്യാസനിലവാരം താഴാൻ കാരണം നിലവാരം കുറഞ്ഞ അദ്ധ്യാപകരും മോശപ്പെട്ട ബോധനരീതികളുമാണെന്നാണ് വകുപ്പുദ്യോഗസ്ഥരും വിദഗ്ദ്ധരും വ്യക്തമാക്കുന്നതു്. അതേ സമയം കൂടെക്കൂടെയുള്ള സിലബസ് പരിഷ്ക്കാരത്തെയും രാഷ്ട്രീയപ്പാർട്ടികളുടെ ഇടപെടലിനെയുമാണ് ഹെഡ്മാസ്റ്റർമാർ അപലപിക്കുന്നതു്. സാമ്പത്തികപ്രശ്നങ്ങളുടെ കൂടെക്കൂടെയുള്ള വിദ്യാഭ്യാസരീതിയുടെയും സിലബസിൻറയും മാററങ്ങളും ആണ് അദ്ധ്യാപകർ ഉയർത്തിക്കാട്ടുന്ന കാരണങ്ങൾ.

9. മാതൃഭാഷയുടെ സിലബസ് നേർപ്പിക്കപ്പെട്ടതായി അദ്ധ്യാപകരും ഭരണാധികാരികളും അഭിപ്രായപ്പെടുമ്പോൾ മറിച്ചാണ് മററു കൂട്ടർ വിധിയെഴുതുന്നതു്.

10. അദ്ധ്യാപകരും ഹെഡ്മാസ്റ്റർമാരും ഇന്നത്തെ രീതിയിൽ ജനറൽസയൻസും സോഷ്യൽസ്റ്റഡീസും തുടർന്നു പോകുന്നതിനെ അനുകൂലിക്കയാണ്. മററു രണ്ടുകൂട്ടരും ഈ രീതി അവസാനിപ്പിച്ചു് പഴയതിലേക്ക് തിരിച്ചു പോകാനാണ് നിർദ്ദേശിക്കുന്നതു്.

## i) നിലവാരം മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ

വിവിധ വിഭാഗക്കാർ തങ്ങളുടെ വീക്ഷണകോണുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളാണ് ഇക്കാര്യത്തിൽ മുന്നോട്ടു വച്ചിട്ടുള്ളതു്. അദ്ധ്യാപകരുടെ ശമ്പളത്തോതും സേവനവ്യവസ്ഥകളും മെച്ചപ്പെടുത്തുക, ക്ലാസ്സ്ഡിവിഷനിലെ കുട്ടിക

ളുടെ എണ്ണം 30–35 ആയി പരിമിതപ്പെടുത്തുക, വിദ്യാലയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ആന്തരികവിലയിരുത്തൽ ഏർപ്പെടുത്തുക, അദ്ധ്യാപകരുടെ തെരഞ്ഞെടുപ്പ് കാര്യക്ഷമമാക്കുക എന്നി നിർദ്ദേശങ്ങളാണ് മുൻഗണനാക്രമമനുസരിച്ച് അദ്ധ്യാപകരുള്ളതെങ്കിൽ ഹെഡ്മാസ്റ്റർമാർ അഭിപ്രായപ്പെടുന്നത് വിദ്യാലയസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ക്ലാസ്സിലെ കുട്ടികളുടെ എണ്ണം 30–35 എന്ന് നിജപ്പെടുത്തുക, അദ്ധ്യാപകനിയമനം കാര്യക്ഷമമാക്കുക, രക്ഷാകർതൃ സഹകരണം ഉറപ്പുചെയ്യുക എന്നിവയാണ്. വിദ്യാഭ്യാസ വകുപ്പുദ്യോഗസ്ഥരാകട്ടെ അദ്ധ്യാപകരുടെ ശമ്പളത്തോടും പദവിയും ഉയർത്തുക, അദ്ധ്യാപകനിയമനം കാര്യക്ഷമമാക്കുക, ഇൻ–സർവീസ് പരിശീലനം മെച്ചപ്പെടുത്തുക, പ്രൈമറി സ്കൂളിലെ ഷിഫ്റ്റ് സിസ്റ്റം നിർത്തലാക്കുക, രക്ഷാകർതൃ സഹകരണം ഉറപ്പുവരുത്തുക, വിദ്യാലയസൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നിവയ്ക്കാണ് മുൻഗണന നൽകുന്നത്. മൂല്യനിർണ്ണയരീതികൾ മെച്ചപ്പെടുത്തുക, ആന്തരികവിലയിരുത്തൽ സ്വീകരിക്കുക, അദ്ധ്യാപകനിയമനം മെച്ചപ്പെടുത്തുക, എന്നിവയാണ് അടിയന്തിരപ്രാധാന്യമുള്ള നിർദ്ദേശങ്ങളായി വിദ്യാഭ്യാസവിദഗ്ദ്ധർ മുന്നോട്ടുവയ്ക്കുന്നത്.

## ഋ) പൊതുനിഗമനങ്ങൾ

1. മാറിക്കൊണ്ടിരിക്കുന്ന പരിതസ്ഥിതികൾക്കും വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കും അനുസരണമായി ഓരോ പാഠ്യവിഷയത്തിന്റെയും നിലവാരം മെച്ചപ്പെടുത്താനുള്ള ശ്രമം ഉടനടി നടത്തേണ്ടിയിരിക്കുന്നു.

2. നിലവാരത്തകർച്ച ഏററവും കൂടുതൽ അനുഭവപ്പെടുന്നത് ഇംഗ്ലീഷിന്റെ കാര്യത്തിലാണ്. ദേശീയഭാഷയും

മാദ്ധ്യമവുമായിരുന്ന അതു് ഇണക്കഭാഷയുടെ സ്ഥാനത്തേക്കു് പുറന്തള്ളപ്പെട്ടുകയാണു്. അന്തർദേശീയ ഭാഷയായ ഇതിനു് ലൈബ്രറിഭാഷയുടെ സ്ഥാനമെങ്കിലും നൽകാതിരിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടു് ഈ ഭാഷാപഠനത്തിനു് കൂടുതൽ പ്രാധാന്യം നൽകേണ്ടിയിരിക്കയാണു്. ഇംഗ്ലീഷിന്റെ നിലവാരക്കുറവാണു് പൊതുനിലവാരത്തകർച്ചയായി അറിയപ്പെടുന്നതു്. അതൊരു പ്രധാനഘടകമല്ലെങ്കിൽക്കൂടി ഘടകങ്ങളിലൊന്നാണു്. സ്ട്രക്ചർ രീതിയും നേരത്തെ കൂട്ടി ഇംഗ്ലീഷ് പഠിപ്പിച്ചു തുടങ്ങുന്നതിനുള്ള തീരുമാനവും ഇംഗ്ലീഷ് നിലവാരം മെച്ചപ്പെടുത്താനുള്ള പരിപാടികളായി കണക്കാക്കാം. സിലബസും പാഠപുസ്തകങ്ങളും സൂചിപ്പിക്കുന്നതു് ഇംഗ്ലീഷിന്റെ നിലവാരം ഗണ്യമായി കുറഞ്ഞിട്ടുണ്ടെന്നാണു്. എന്നാൽ പരീക്ഷാചോദ്യങ്ങൾ നിലവാരം മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ സൂചിപ്പിക്കുന്നുണ്ടു്.

3. സിലബസ് പരിഷ്ക്കാരങ്ങളധികവും മാറിക്കൊണ്ടിരിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമാണെന്നു പറയാം. ഐച്ഛികസമ്പ്രദായം, സെഷനൽ സമ്പ്രദായം, പ്രൈമറിക്ലാസ്സുകളിലെ ഷിഫ്റ്റ് സമ്പ്രദായം, ഹയർസെക്കൻററി, പ്രീഡിഗ്രികോഴ്സുകൾ എന്നിവ അതതു് കാലഘട്ടത്തിന്റെ ആവശ്യങ്ങളായിരുന്നു. തുടർച്ചയായുള്ള പരിശോധനകൾ പലപ്പോഴും പരാജയങ്ങളായിരുന്നതുകൊണ്ടാണു് പൊതുവിൽ അവയ്ക്കെതിരായ അഭിപ്രായം രൂപം കൊണ്ടതു്. പരിമിതമായ തലത്തിൽ പരിശോധിച്ചുനോക്കി ഫലവത്താണെന്നുകണ്ടശേഷം സംസ്ഥാനാടിസ്ഥാനത്തിൽ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നതാണു് അഭികാമ്യം. ഓരോ പരിഷ്ക്കാരവും നിലവാരം മെച്ചപ്പെടുത്താൻ കൂടി ഉദ്ദേശിച്ചുള്ളതായിരുന്നു. അനുയോജ്യതയും സമകാലീനതയും മിക്കപ്പോഴും

പരിഗണിക്കപ്പെട്ടിരുന്നു. കാലത്തിനൊത്തു് നിലവാരം നിർണ്ണയിത്തുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യണമെങ്കിൽ ഇനിയും പരിഷ്ക്കാരങ്ങളും പരിവർത്തനങ്ങളും ഉണ്ടായേ മതിയാകൂ. ഉന്നതമായ ലക്ഷ്യങ്ങൾ വച്ചതുകൊണ്ടായില്ല, അവ നേടുകയും വേണം. അല്ലെങ്കിൽ പ്രതീക്ഷയും യാഥാർത്ഥ്യവും തമ്മിലുള്ള വിടവു് വർദ്ധിച്ചുകൊണ്ടേയിരിക്കും. ഇതാണു് നിലവാരത്തകർച്ചയെന്ന മുറവിളിയിലെത്തിക്കുന്നതു്.

3. ഇംഗ്ലീഷിലെ നിലവാരക്കുറവു് സ്പഷ്ടമാണു്. ഒരു പരിധിവരെ കണക്കിലും നേർപ്പിക്കൽ നടന്നിട്ടുണ്ടെന്നു പറയാം. ഹിന്ദിയുടെ കാര്യത്തിൽ ഗണ്യമായ നേട്ടം കൈവന്നിട്ടുണ്ടു്. സങ്കരവിഷയങ്ങളായി ജനറൽസയൻസും സോഷ്യൽസ്റ്റഡീസും രൂപീകരിക്കപ്പെട്ടതോടെ അവയുടെ നില മെച്ചപ്പെട്ടിട്ടുണ്ടെന്നു പറയാം. മലയാളത്തിന്റെ നിലവാരം തൃപ്തികരമാണെങ്കിലും അതിനു കൈവരാൻപോകുന്ന മെച്ചപ്പെട്ട സ്ഥാനം പരിഗണിക്കുമ്പോൾ മെച്ചപ്പെട്ട നേട്ടങ്ങൾ ആശിക്കുന്നതു് സ്വാഭാവികമാണല്ലോ. തൊട്ടയൽ സംസ്ഥാനമായ തമിഴ്നാട്ടിലേതുമായി തുലനംചെയ്താൽ ഭാഷേതരവിഷയങ്ങളിൽ നമ്മുടെ സിലബസ് ഒട്ടും പിന്നിലല്ലെന്നു കാണാം.

5. ചോദ്യക്കടലാസ്സുകളും പാഠപുസ്തകങ്ങളും കാലാനുസൃതമായി പരിഷ്കരിക്കപ്പെടുന്ന കാഴ്ചയാണു് നമുക്കു് കാണാൻ കഴിയുന്നതു്. അറിവു്, ധാരണ, ഉപയോഗം, അപഗ്രഥനശേഷി മുതലായ വിവിധ സംഗതികൾ പരിശോധിക്കപ്പെടാനുതകുന്ന വസ്തുനിഷ്ഠമായ മൂല്യനിർണ്ണയരീതിയാണിന്നു് സ്വീകരിച്ചിരിക്കുന്നതു്. നിലവാരം പൊതുവിൽ നിലനിർത്തുന്നതിനും പാവങ്ങൾക്കുകൂടി പുസ്തകം വാങ്ങുന്നതിനും സൗകര്യപ്രദമായിട്ടുണ്ടു് അവയുടെ ദേശസാൽക്കരണം. ദേശീ

യവിദ്യാഭ്യാസ ഗവേഷണസമിതി അഖിലേന്ത്യാതലത്തിൽ പുസ്തകങ്ങൾ തയാറാക്കുന്നതിനുള്ള ശ്രമത്തിൽ ഏർപ്പെട്ടിരിക്കയാണു്. ഇതും ഗുണഫലങ്ങൾ പ്രദാനം ചെയ്യുമെന്നാശിക്കാം.

6. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷകർത്താക്കൾ, ഭരണാധികാരികൾ എന്നിവരുടെയും പാഠപദ്ധതി, പാഠപുസ്തകം, പരീക്ഷാസമ്പ്രദായം എന്നിവയുടെയും തകരാറുകൾ പരിഹരിച്ചല്ലാതെ നിലവാരം ഉയർത്താനുള്ള ഒററപ്പെട്ട ശ്രമങ്ങൾ ഫലിക്കുമെന്നു തോന്നുന്നില്ല. ഈദൃശ സംഗതികളിൽ ഗവൺമെൻറിന്റെ സത്വരശ്രദ്ധ പതിയേണ്ടിയിരിക്കയാണു്.

7. ഒരു സ്ഥിരം കമ്മിററിയോ കമ്മിററികളോ രൂപീകരിച്ചു് പാഠപദ്ധതി, പാഠപുസ്തകം, ചോദ്യക്കടലാസ്സുകൾ എന്നിവ അനുസ്യൂതമായ പരിശോധനയ്ക്കും വിലയിരുത്തലിനും വിധേയമാക്കേണ്ടതും നിലവാരം മെച്ചപ്പെടുത്താൻ ഉതകുന്ന പരിപാടിയായി കണക്കാക്കാം. അദ്ധ്യാപകസംഘടനകൾ, വിദ്യാർത്ഥിപ്രതിനിധികൾ, രക്ഷാകർത്താക്കൾ എന്നിങ്ങനെ വിവിധ രംഗങ്ങളിൽനിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ യഥാസമയം അപഗ്രഥിച്ചു് വേണ്ട പരിവർത്തനങ്ങൾ വരുത്താനുള്ള ഉത്തരവാദിത്വം ഇത്തരം വിദഗ്ദ്ധസമിതികൾക്കു് നൽകയാണു് കരണീയമെന്നു് തോന്നുന്നു. ലോകം പുരോഗമിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു് നിലവാരം മെച്ചപ്പെടുത്താനുള്ള ശ്രമം ഒരിക്കൽ നടത്തിയതുകൊണ്ടായില്ല; അതു് അനുസ്യൂതം തുടരുകതന്നെ വേണം.

★

## 20. നിർദ്ദേശങ്ങൾ

പാഠ്യപദ്ധതികളും വിദ്യാഭ്യാസനിലവാരവും തമ്മിലുള്ള ബന്ധം കേരളത്തിന്റേതായ പ്രത്യേകപശ്ചാത്തലത്തിൽ അപഗ്രഥിച്ചതിൽ കിട്ടിയ വിവരങ്ങളാണ് മുൻ അദ്ധ്യായത്തിൽ ചേർത്തിട്ടുള്ളതു്. അവയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ വിദ്യാഭ്യാസരംഗവുമായി ബന്ധപ്പെട്ട എല്ലാവരുടേയും സജീവപരിഗണനയ്ക്കായി താഴെ പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുകയാണു്.

1. കേന്ദ്രത്തിലെ ഡിപ്പാർട്ടുമെൻറ് ഓഫ് കരിക്കുലം ആൻഡ് ഇവാല്യുവേഷൻെറ മാതൃകയിൽ പാഠ്യപദ്ധതികൾ, പാഠപുസ്തകങ്ങൾ, പരീക്ഷകൾ എന്നിവയുമായി ബന്ധപ്പെട്ട പ്രത്യേക ഡിപ്പാർട്ടുമെൻറുകൾ സംസ്ഥാനതലത്തിൽ ഉണ്ടാകണം. സെക്കൻഡറിഘട്ടത്തിനപ്പുറമേ കലാശാലാതലത്തിലും ഈ രംഗങ്ങളിൽ പ്രവർത്തിക്കാൻ ഈ ഡിപ്പാർട്ടുമെൻറിനു് അധികാരം നൽകണം. വിദ്യാഭ്യാസത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള നിലവാരവുമായി ബന്ധപ്പെട്ട സംഗതികൾ ഇതിന്റെ പ്രവർത്തനപരിധിയിൽപെടുത്താം. ഇന്നു് നിലവിലുള്ള സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിററ്യൂട്ടുകൾ അവിടത്തെ പാഠപുസ്തകവും മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട വിഭാഗങ്ങൾ ഏകോപിപ്പിച്ചു് ഇത്തരം ഡിപ്പാർട്ടുമെൻറുകളായി രൂപീകരിക്കാവുന്നതേയുള്ളു. സമൂഹത്തിൽ അനുനിമിഷം ഉണ്ടാകുന്ന പുരോഗതിയ്ക്കനുസരണമായി വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യങ്ങളിലും ലക്ഷ്യങ്ങളിലും വരുന്ന മാററങ്ങൾ അറിയുന്നവരും അതിനനുസരിച്ചു് പ്രവർത്തിക്കുന്നവരുമായിരിക്കണം ഈ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥർ.

അദ്ധ്യാപകർ, ഹെഡ്മാസ്റ്റർമാർ, വിദ്യാഭ്യാസവകുപ്പുദ്യോഗസ്ഥന്മാർ, വിദ്യാഭ്യാസവിദഗ്ദ്ധർ എന്നിവരുമായി ഇവർ തുടർച്ചയായ സമ്പർക്കത്തിലേർപ്പെടുന്നതിനുപുറമേ രക്ഷകർത്താക്കളുടേയും വിദ്യാർത്ഥികളുടെയും അഭിപ്രായങ്ങൾ അറിയാനും ശ്രമിക്കണം. ജനതയുടെ അഭിലാഷങ്ങൾക്കനുസരണമായി വിദ്യാഭ്യാസം നിലനിർത്തിക്കൊണ്ടുപോവുകയാകണം ഇവരുടെ ലക്ഷ്യം. പരിഷ്ക്കാരങ്ങൾ നടപ്പിലാക്കും മുമ്പ് അവ പരിശോധനാവിധേയമാക്കാൻ കഴിയുമെങ്കിൽ ഓരോ ഡിസ്ട്രിക്റ്റിലും ഓരോ പരീക്ഷണവിദ്യാലയം (experimental school) തുറക്കണം. പാഠപദ്ധതികൾ, പാഠപുസ്തകങ്ങൾ, ചോദ്യക്കടലാസ്സുകൾ ഇവയിലെ മാററങ്ങൾ ഇത്തരം വിദ്യാലയങ്ങളിൽ പരിശോധിച്ചു നോക്കുകയും അതിനുശേഷം സംസ്ഥാനാടിസ്ഥാനത്തിൽ വ്യാപിപ്പിക്കുകയും ചെയ്യുന്നതു് അഭിലഷണീയമായിരിക്കും.

2. അദ്ധ്യാപകർക്കു് ഇൻസർവീസ് പരിശീലനം നിർബന്ധിതമാക്കണം. ഓരോ വിഷയത്തിൻേറയും ഉദ്ദേശ്യലക്ഷ്യങ്ങൾ കാലാനുസൃതമായി മാറുക സഹജമാണു്. ഇവയെപ്പററി അദ്ധ്യാപകരെ ബോധമുള്ളവരാക്കുന്നതിനും നൂതനമൂല്യനിർണ്ണയരീതികൾ അവരെ പരിശീലിപ്പിക്കുന്നതിനും വിജ്ഞാനവിസ്ഫോടനംമൂലമുണ്ടാകുന്ന അറിവിലെ വിടവു് നികത്തുന്നതിനും ഇത്തരം പരിശീലനം അത്യന്താപേക്ഷിതമാണു്. സംസ്ഥാനവിദ്യാഭ്യാസഇൻസ്റ്റിററ്യൂട്ടിനോടു് ചേർന്നു് ഇൻസർവീസ് പരിശീലനം നൽകാനായി ഒരു സ്ഥിരം സമിതി അഥവാ ഏർപ്പാടു് ഉണ്ടാക്കണം.

3. ലോവർപ്രൈമറി, അപ്പർപ്രൈമറിഘട്ടങ്ങളുടെ അവസാനം കുറിക്കുന്ന നാലും ഏഴും സ്റ്റാൻഡേർഡുകളുടെ അവ

സ്ഥാനം സംസ്ഥാനതലത്തിലോ ജില്ലാതലത്തിലോ ഉള്ള പൊതു പരീക്ഷകളേർപ്പെടുത്തിയാൽ അതു് നിലവാരം മെച്ചപ്പെടുത്താൻ ഉപകരിക്കാതിരിക്കയില്ല. പാഠ്യപദ്ധതിയിൽ വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തിയതിൻെറ ഉദ്ദേശ്യങ്ങൾ നേടിയിട്ടുണ്ടോ എന്നു് പരിശോധിക്കുന്നതിനും പൊതുവിൽ അംഗീകരിക്കപ്പെട്ട അവശ്യയോഗ്യതയെങ്കിലും കുട്ടികൾക്കുണ്ടോ എന്നു് പരിശോധിക്കുന്നതിനും ഇത്തരം പരീക്ഷകൾ ഉപകരിക്കും. അപ്പർപ്രൈമറി വിഭാഗത്തിൻെറ അന്ത്യത്തിൽ ഒരു പൊതുപരീക്ഷ നടത്തിയാൽ അതു് ഹൈസ്കൂളിൽ പ്രവേശിക്കുന്നവരുടേയും തദ്വാരാ S. S. L. C. പാസ്സാകുന്നവരുടേയും നിലവാരം ഉയർത്താൻ ഉപകരിക്കും. ഓരോ ക്ലാസ്സിലും തോൽക്കുന്ന വിദ്യാർത്ഥികൾക്കായി അടുത്ത സ്കൂൾവർഷാരംഭത്തിനുമുമ്പ് ഒന്നോ രണ്ടോ അവസരം കൂടി നൽകിയാൽ തോൽവിയും അതിനോടനുബന്ധിച്ചുണ്ടാകുന്ന മററു പ്രശ്നങ്ങളും ഒട്ടൊക്കെ ദൂരീകരിക്കാൻ കഴിഞ്ഞേക്കും. മററു ക്ലാസ്സുകളിൽ അവശ്യയോഗ്യതാപരീക്ഷകൾ (Minimum Essentials Tests) ഏർപ്പെടുത്തുന്നതും നിലവാരം മെച്ചപ്പെടുത്താൻ ഉപകരിക്കുമെന്നു തോന്നുന്നു.

5. ഓരോ വർഷവും പലപ്പോഴായി പാഠ്യവിഷയങ്ങളെ സംബന്ധിച്ചു് അതാതു് വിഷയം പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ അഭിപ്രായങ്ങൾ ശേഖരിക്കാൻ ഒരു സർവേ നടത്തുന്നതു് കൊള്ളാം. ഏതെല്ലാം പാഠഭാഗങ്ങൾ കാലാനുകൂലമല്ലെന്നും ഏതെല്ലാം പുതുതായി ഉൾക്കൊള്ളിക്കണമെന്നും നിർദ്ദേശിക്കാൻ അദ്ധ്യാപകർക്കവസരം നൽകണം. വിവിധ പാഠഭാഗങ്ങളെ സംബന്ധിച്ചു് കുട്ടികളുടെ അഭിപ്രായം അറിയുന്നതിനു് അവരിൽനിന്നും റാൻഡം (random) ആയി തിരഞ്ഞെടുത്ത ഒരു 'സാമ്പിളി'നു് (sample) ഒരു ചോദ്യാ

വലി നൽകുന്നതു് നന്നായിരിക്കും. ഓരോ ഭാഗത്തിന്റെയും ഉപയോഗക്ഷമതയും പ്രായോഗികതയും സംബന്ധിച്ച് വിദഗ്ദ്ധാഭിപ്രായം തേടുന്നതും പാഠ്യപദ്ധതി പരിഷ്കരിക്കുമ്പോൾ സ്വീകരിക്കാവുന്ന മാർഗ്ഗങ്ങളിലൊന്നാണ്. സാമൂഹ്യപാഠത്തിന്റെയും സാമാന്യശാസ്ത്രത്തിന്റെയും പാഠപദ്ധതികൾ ഏതുസമയത്തും തിരുത്തപ്പെടത്തക്കവണ്ണം അയവുള്ളതായിരിക്കണം. ഈ രംഗങ്ങളിൽ ഏതുസമയത്തും പുതിയ വിവരങ്ങൾ ഉൾപ്പെടുത്തുകയും ചിലവ തിരുത്തപ്പെടുകയും വേണ്ടിവരുമല്ലോ. വരുത്തേണ്ട മാററങ്ങളെക്കുറിച്ച് വിദ്യാഭ്യാസവകുപ്പ് നിർദ്ദേശങ്ങൾ നൽകാൻ സന്നദ്ധരായിരിക്കണം. അതേസമയം അവ പ്രാവർത്തികമാക്കേണ്ടതു് അദ്ധ്യാപകരാണ്. അവരുടെ പൊതുനിലവാരം മെച്ചപ്പെടുത്തേണ്ടതും വായനശീലം വളർത്തേണ്ടതും വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്താൻ ആവശ്യമാണ്. അതിന് സേവനവ്യവസ്ഥകൾ മെച്ചപ്പെടുത്തിയും പ്രത്യേകകഴിവുകളും വാസനയും പ്രദർശിപ്പിക്കുന്നവർക്ക് അംഗീകാരം നൽകിയും അദ്ധ്യാപകരെ തങ്ങളുടെ ജോലിയിൽ കൂടുതൽ ശ്രദ്ധാലുക്കളാക്കണം.

5. മെച്ചപ്പെട്ട യോഗ്യതകളും പരിശീലനവും നേടിയിട്ടുള്ള പ്രഗത്ഭരായ വ്യക്തികളെ അദ്ധ്യാപകവൃത്തിയിലേക്ക് ആനയിക്കുന്നതു് നിലവാരം അഭിവൃദ്ധിപ്പെടുത്താൻ സഹായകമാകും. ഒന്നാംക്ലാസ്സ് ബിരുദങ്ങളുള്ളവരെ ആകർഷിക്കത്തക്കവിധം അദ്ധ്യാപകന്റെ ശമ്പളത്തോതും പദവിയും മെച്ചപ്പെടുത്തുകയാണ് വേണ്ടതു്. ഒരാൾ എവിടെ പഠിപ്പിക്കുന്നു എന്നതു് വിസ്മരിച്ച് അയാൾ നേടിയിട്ടുള്ള യോഗ്യതയനുസരണമായി ശമ്പളം നൽകണമെന്ന കോഠാരിക്കമ്മീഷന്റെ ശുപാർശ അംഗീകരിച്ചാൽ ഇന്നത്തെ നില മെച്ച

പ്പെടുകതന്നെ ചെയ്യും. കൂടുതൽ യോഗ്യതയുള്ള ആളുകൾ വിവിധ വിദ്യാലയഘട്ടങ്ങളിൽ അദ്ധ്യാപകവൃത്തിയിലേർപ്പെടുന്നതു് ഓരോ ഘട്ടത്തിലെയും നിലവാരം ഉയർത്താൻ സഹായകമാകും. മെച്ചപ്പെട്ട സാമൂഹികസാമ്പത്തികഘടകങ്ങളിൽനിന്നും കൂടുതലാളുകളെ വിദ്യാഭ്യാസരംഗത്തേയ്ക്കു് ആകർഷിക്കുന്നതു് പരോക്ഷമായി അദ്ധ്യാപകവൃത്തിയുടെ മാന്യത വർദ്ധിപ്പിക്കാനും അങ്ങനെ നിലവാരം തൃപ്തികരമാക്കാനും സഹായകമാകും. തങ്ങൾ വിദ്യാഭ്യാസം നേടിയകാലത്തു് ഉണ്ടായിരുന്ന സാമൂഹികാരക്ഷിതാവസ്ഥ സമൂഹത്തിലെ താഴേക്കിടയിൽനിന്നും വരുന്ന അദ്ധ്യാപകർ പ്രതിഫലിപ്പിക്കുന്നതാണു് അദ്ധ്യാപകന്റെ പദവിക്കു് ഹാനികരമെന്ന ആരോപണം ഇല്ലാതാക്കുന്നതിനും ഈ നീക്കം കാരണമാകും. വിദ്യാലയങ്ങളിലെ ലൈബ്രറിയും ലാബറട്ടറിയും സജ്ജീകരണങ്ങൾ മെച്ചപ്പെടുത്തുകയും വ്യക്തിപരശ്രദ്ധ, കുട്ടികൾക്കുറപ്പുചെയ്യത്തക്കവിധം അദ്ധ്യാപകരെ കൂടുതലായി നിയമിക്കുകയും ചെയ്യുന്നതു് അടിയന്തിരപ്രാധാന്യം നൽകേണ്ട വസ്തുതകളാണു്. സംതൃപ്തനായ ഒരദ്ധ്യാപകൻ തന്റെ കഴിവിന്റെപരമാവധി പ്രയോഗിക്കുകയും അങ്ങനെ നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യും. അതുകൊണ്ടു് അദ്ധ്യാപകരുടെ പദവി ഉയർത്തുകയും മററു പ്രശ്നങ്ങളിലേക്കു് അവരെ വലിച്ചിഴയ്ക്കാതിരിക്കുകയും വേണം.

6. തങ്ങളുടെ വിദ്യാലയപരിധിക്കുള്ളിൽ നിന്നുകൊണ്ടുതന്നെ സ്വതന്ത്രമായ പഠനവും ഗവേഷണവും നടത്താൻ അദ്ധ്യാപകർക്കവസരം നൽകണം. പുതിയ ബോധനരീതികൾ കണ്ടെത്താനും പഠനസഹായികൾ ആവിഷ്കരിക്കാനും അദ്ധ്യാപകർക്കു വേണ്ട പ്രചോദനം നൽകണം. വിദ്യാഭ്യാസ

ഗവേഷണത്തിൽ താല്പര്യവും കഴിവും ഉള്ള ഒരു സംഘം ആളുകളെ സംസ്ഥാനവിദ്യാഭ്യാസഇൻസ്റ്റിറ്റ്യൂട്ടിന്റേയോ ഒന്നാംഖണ്ഡികയിൽ പരാമർശിച്ച ഡിപ്പാർട്ടുമെന്റിന്റെയോ അംഗമായി സംഘടിപ്പിക്കുന്നതു നന്നായിരിക്കും. ജില്ലാകേന്ദ്രങ്ങളിൽ സ്ഥാപിക്കുന്ന പരീക്ഷണവിദ്യാലയങ്ങൾ ഗവേഷണകേന്ദ്രങ്ങൾ കൂടിയായി വർത്തിക്കണം. ശാസ്ത്രീയപഠനത്തിലൂടെ പ്രാദേശികപ്രശ്നങ്ങൾക്കു് പരിഹാരം കാണാൻ ഈ കേന്ദ്രങ്ങൾക്കു കഴിയുമെന്നു് അനുഭവത്തിലൂടെ തെളിയിക്കാൻ പററിയ സാഹചര്യം ഉണ്ടാക്കുകയും വേണം.

7. സംസ്ഥാനവിദ്യാഭ്യാസവകുപ്പും സർവകലാശാലയും തമ്മിൽ മെച്ചപ്പെട്ട സഹകരണം ഉറപ്പുചെയ്യുന്നതു് നിലവാരം നിലനിർത്താൻ ഉപകരിക്കും. വിവിധ ഉദ്യോഗങ്ങൾക്കു വേണ്ട യോഗ്യതകൾ നിശ്ചയിക്കാനും ഉപരിവിദ്യാഭ്യാസത്തിനും ഗവേഷണത്തിനും വേണ്ട മിനിമം യോഗ്യത നിജപ്പെടുത്താനും ഇവ രണ്ടിന്റേയും പ്രതിനിധികൾ അടങ്ങിയ ഒരു സമിതി ഉണ്ടാകണം. പാഠ്യപദ്ധതിക്കു് ജീവിതവുമായി എത്രത്തോളം ബന്ധമുണ്ടാകണമെന്നു് നിശ്ചയിക്കാനും ഇങ്ങനെ രൂപീകരിക്കപ്പെടുന്ന ഏകോപനസമിതിക്കു് അധികാരം നൽകണം. ഗവേഷണരംഗത്തെ ചിലവു് ഇരട്ടിക്കാതെ നോക്കുന്നതിനും പരസ്പരം സഹകരിച്ചു് കൂടുതൽ ഗുണഫലങ്ങൾ കൈവരുത്തുന്നതിനും ഈ സഹകരണം അത്യന്താപേക്ഷിതമാണു്.

8 പൊതുപരീക്ഷാചോദ്യങ്ങൾ നിലവാരത്തിന്റെ പ്രതീകങ്ങളാകണം. സ്കൂൾഫൈനൽ പരീക്ഷയ്ക്കുചേരുന്ന വിദ്യാർത്ഥിയിൽനിന്നു് നാം എന്തെല്ലാമാണു് പ്രതീക്ഷിക്കുന്നതെന്നു് S. S. L. C. ചോദ്യക്കടലാസ്സു് പരിശോധിച്ചാൽ വ്യക്തമാകണം. കാലത്തിനൊത്തു് മാറാവുന്ന അയവുള്ള

ഒരു തോതായിരിക്കണം ഇതു്. ഓരോ വർഷവും ഈ തോതു് മാററിയാലും തരക്കേടില്ല. പൊതുജനങ്ങൾക്കും രക്ഷകർത്താക്കൾക്കും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും അതേപ്പററി കാലേകൂട്ടി അറിവു് നൽകണമെന്നേയുള്ളു.

9. ഒരുകാലത്തു് സമൂഹത്തിന്റെ മേലക്കിടയിലുള്ളവർക്ക് മാത്രമായി നീക്കിവച്ചിരുന്ന വിദ്യാഭ്യാസം ഇന്നു് സമൂഹത്തിന്റെ എല്ലാ തലങ്ങളിലുമുള്ളവർക്കും ലഭ്യമാണു്. അതുകൊണ്ടു് പ്രത്യേക വൈദഗ്ദ്ധ്യമുള്ളവർക്കും തീരെ കഴിവു കുറഞ്ഞവർക്കും പ്രത്യേക പരിഗണന നൽകേണ്ടതുണ്ടു്. കഴിവിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളെ പല ഡിവിഷനുകളായി തിരിക്കുന്നതു് നന്നായിരിക്കും. എന്നാൽ ഇങ്ങനെ ചെയ്യുമ്പോൾ ഏതെങ്കിലും പ്രത്യേക സമുദായത്തിലെ കുട്ടികൾമാത്രം ഒരു ഡിവിഷനിൽപെടാമെന്നതു് ഒഴിവാക്കപ്പെടണം. വിഭിന്നവിഷയങ്ങൾക്കു് പ്രത്യേകം പ്രത്യേകം ക്ലാസ്സു ഡിവിഷനുകളാകുന്നതു് പ്രായോഗികവിഷമതകൾ ഉണ്ടെങ്കിൽക്കൂടിയും നിലവാരം മെച്ചപ്പെടുത്താൻ അഭിലഷണീയമാണു്. വ്യക്തിതാവ്യത്യാസം, സാമൂഹികനീതി ഇവ അംഗീകരിച്ചുകൊണ്ടുതന്നെ വിദ്യാർത്ഥികൾക്കു് തങ്ങളുടെ കഴിവിനും വാസനയ്ക്കും അനുസരണമായി ഏററവും അനുയോജ്യമായ വിദ്യാഭ്യാസം മെച്ചപ്പെട്ട രീതിയിൽ നൽകുകയാകണം നമ്മുടെലക്ഷ്യം.

<u>തുടർപഠനത്തിനുള്ള നിർദ്ദേശങ്ങൾ:-</u>

പാഠ്യപദ്ധതിഗവേഷണം അനുസ്യൂതം തുടർന്നുപോകേണ്ട ഒരു പ്രക്രിയയാണു്. സമൂഹം ചലനാത്മകമായിരിക്കുന്നിടത്തോളം കാലം ഇതും തുടർന്നുപോയേ പററൂ. സാമൂഹികസാമ്പത്തികസാംസ്കാരികരംഗങ്ങളിൽ ഉണ്ടാകുന്ന വ്യതി

യാനങ്ങൾ അവയുടെ പ്രതിഫലനം സമൂഹത്തിൽ ഏല്പിക്കാതിരിക്കയില്ല. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇൻഡ്യയ്ക്ക് അതിന്റേതായ ഒരു വീക്ഷണം ഉണ്ടായിക്കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസത്തിന്റെ താത്വികവും സാമൂഹികവുമായ രംഗങ്ങളിൽ ഒരു പൊതുവീക്ഷണം ഉണ്ടാകേണ്ടതു് നമ്മുടെ ജനാധിപത്യസംവിധാനം നിലനിറുത്താനും വിജയിപ്പിക്കാനും ആവശ്യമാണ്. അതുകൊണ്ടു് പാഠ്യപദ്ധതി കാലാനുസൃതമായി പരിഷ്ക്കരിക്കുക എന്ന ലക്ഷ്യത്തോടെ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഭാരതത്തിലെ വിദ്യാഭ്യാസത്തിന്റെ താത്വികവും സാമൂഹികവുമായ അടിസ്ഥാനങ്ങൾ വ്യക്തമാക്കാനുള്ള ഗവേഷണപഠനങ്ങളാണ് ഏററവും മുൻഗണന അർഹിക്കുന്നതു്.

ജനാധിപത്യഭരണക്രമത്തിൽ പൗരത്വ പരിശീലനത്തിനു് ഉതകുന്നതാണോ നമ്മുടെപാഠ്യപദ്ധതി എന്നു് അറിവിന്റേയും പ്രവർത്തനസാമർത്ഥ്യത്തിന്റേയും മനോഭാവങ്ങളുടേയും അടിസ്ഥാനത്തിൽ നിർണ്ണയിക്കാനുള്ള പഠനങ്ങളും പ്രാധാന്യം അർഹിക്കുന്നു. പാഠപുസ്തകങ്ങളിലും പാഠപദ്ധതിയിലും പരീക്ഷാചോദ്യങ്ങളിലും ഓരോ പാഠഭാഗത്തിനും നൽകിയിരിക്കുന്ന ആനുപാതിക പ്രാധാന്യം നിർണ്ണയിക്കുന്നതു് മറെറാരു പഠനമാകാം.

പാഠപദ്ധതിയിലെ വിവിധഭാഗങ്ങളുടെ അനുയോജ്യത നിർണ്ണയിക്കാൻ അദ്ധ്യാപകർ, രക്ഷകർത്താക്കൾ, വിദ്യാർത്ഥികൾ എന്നിവർക്കിടയിൽ ഒരു സർവേ നടത്തി അഭിപ്രായങ്ങൾ ക്രോഡീകരിക്കേണ്ടതുണ്ടു്. ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽ നിലവിലുള്ള പാഠ്യപദ്ധതികളപഗ്രഥിച്ചു് മെച്ചപ്പെട്ട ഭാഗങ്ങൾക്രൂട്ടിച്ചേർത്തു് അഖിലേന്ത്യാതല

ത്തിൽ ഒരു പൊതുപാഠപദ്ധതി ആവിഷ്കരിക്കാനുള്ള ശ്രമങ്ങളും സംഘടിതഗവേഷണത്തിലൂടെ നടത്താവുന്നതേ ഉള്ളൂ.

1964 ൽ ആരംഭിച്ച ദ്വിവത്സര പ്രീഡിഗ്രികോഴ്സ് കലാശാലാതലത്തിൽ നിലവാരം മെച്ചപ്പെടുത്താനുപകരിച്ചിട്ടുണ്ടോ എന്ന് വിശകലനം ചെയ്യുന്നതും, ഈ രീതി മററു സംസ്ഥാനങ്ങളിൽ കൂടി വ്യാപിപ്പിക്കാമോ ഇവിടെയും വേണ്ടെന്നുവയ്ക്കാമോ എന്നും മററും സഹായകമായേക്കാം.

അദ്ധ്യാപകരക്ഷാകർത്തൃസംഘടനകൾ കേരളത്തിലെ വിദ്യാലയങ്ങളിലും കാളേജുകളിലും എങ്ങനെ പ്രവർത്തിക്കുന്നു എന്നും വിഭിന്നതലങ്ങളിൽ അദ്ധ്യാപകർക്ക് വേണ്ടിയുള്ള ഇൻസർവീസ് എഡ്യൂക്കേഷൻ നടത്തുന്നതെങ്ങനെയെന്നും അന്വേഷിക്കുന്നതു് നിലവാരം ഉയർത്താനുള്ള യത്നത്തിൻെറ ഭാഗമാകാം. വ്യക്തിപരപഠനങ്ങളായോ സംഘടിതഗവേഷണമായോ ഈ തരം വിഷയങ്ങൾ എത്രയും നേരത്തെ വിശകലനം ചെയ്യപ്പെടുന്നതു് വിദ്യാഭ്യാസനിലവാരം ഇന്നത്തേതിൽനിന്നു് മെച്ചപ്പെടുത്താൻ സഹായിക്കാതിരിക്കയില്ല.

★

# സഹായകഗ്രന്ഥങ്ങൾ

## A. Books

1. Alberty, H. B. and Alberty, E. J. *Reorganising the High School Curriculum.* 3rd edition, Macmillan, New York, 1962.
2. Alcorn, M. D. and Linley, J. M. *Issues in Curriculum Development.* World book co., New York, 1959.
3. Anderson, V. E. *Principles and Procedures of Curriculum Improvement.* Ronald Press, New York.
4. Beauchamp, G.A. *The curriculum of the Elementary School.* Allyn and Bacon Inc., Boston, 1964.
5. Beck, R. H. and others. *Curriculum in the Modern Elementary School.* Prentice Hall, 1953.
6. Benne, Kenneth, D. and Muntyn, Bozidar (ed) *Human Relations in Curriculum Change.* Dryden, 1951.
7. Bloom, Benjamin (ed). *Taxonomy of Educational Objectives* Longmans, 1956.
8. Bobbit, J Franklin. *How to make a Curriculum.* Houghton, 1924.
9. Bostwick, Prudence and others. *One hundred years of Curriculum Improvement.* (1857–1957) ASCD, 1957.
10. Broudy, H. S. and others. *Democracy and Excellence in American Secondary Education.* University of Illinois. Rand Mcnally and Co., Chicago, 1965.
11. Brubacher, J. S. *A History of the problems of Education* Mc Graw Hill, 1947.
12. Chari, Ahalya. *Priorities in Curriculum Research.* Central Institute of Education, N.C.E.R.T., New Delhi, 1962.
13. Charters, W.W., *Curriculum Construction.* Macmillan, 1923.
14. Clark, Klein and Burks. *The American Secondary School Curriculum.* Macmillan, New York, 1965.
15. Clement, John, A. *Manual for analysing and selecting Text books.* Garrard, 1942.

16. Cook, W. W. *Curriculum Research.* Revised edition, 1953.
17. Dotterns, Robert. *The Primary School Curriculum.* Unesco Monograph on Education, France, 1962.
18. Douglass, H. R. *The High School Curriculum.* The Ronald Press, New York.
19. Faunce, R. C. and Bossing, N. L. *Developing the Core Curriculum.* Prentice Hall, 1951.
20. Ford, G. W. and Lawrence, P (ed). *The Structure of Knowledge and the Curriculum.* Rand Mcnally and Co., Chicago, 1964.
21. Franzen, R. H. and Knight, E. B. *Text-book-selection.* Warwick and York, 1922.
22. Fuller, Florence, D. *Scientific Evaluation of Text books.* Houghton, 1928.
23. Good, C. V. (ed). *Dictionary of Education.* McGraw Hill Book Co. Inc., New York, 1965.
24. Good, C. V. and Scates, D. E. *Methods of Research.* Appleton Century Crofts. Inc., New York, 1954.
25. Gulliksen Harold, O. *Theory of Mental Tests.* Wiley, 1950.
26. Gwynn, J. M. *Curriculum principles and Social trends.* Macmillan, 1943.
27. Hall-Quest, Alfred, L. *The Text book, How to use it and judge it.* Macmillan, 1918.
28. Harris, C. W. (ed). *Encyclopaedia of Educational Research.* 3rd edition, Macmillan, 1960.
29. Harap, Henry and others. *The Changing Curriculum.* Appleton, 1937.
30. Harap, Henry. *Improvement of Curriculum in Indian Schools.* Ministry of Education, New Delhi, 1959.
31. Hopkins, L. T. *Curriculum-principles and Practices.* Benjamin, H Sanborn and Co., Chicago, 1929.
32. Huebner Dwayna (ed). *A Reassessment of the Curriculum.* Bureau of Publications. Teachers College, Columbia University, New York, 1964.
33. James, Eric. *An Essay on the content of Education.* George G. Harap and Co., London, 1949.

34. Jeffreys, M. V. C. *Glaucon-An Enquiry into the aims of Education.* Pitman, reprinted 1961.
35. Kabir, Humayun. *Education in New India.* George Allan and Unwin., London, 1956.
36. Krug, E. A. *The Secondary School Curriculum.* Harper Bros., New York, 1960.
37. Krug, E. A. *Curriculum Planning.* Harper Bros., New York, 1957.
38. Leonard, J. Paul. *Developing the Secondary School Curriculum.* Rinehart and Co., New York.
39. Lindquist, E. F. (ed) *Educational Measurement.* A.C.E. 1951
40. Livingstone, Sir Richard. *On Education.* The Cambridge Universiry Press, 1956.
41. Maxwell, C. R. *The Selection of Text-books.* Houghton, 1921.
42. Menon, T.K.N. (ed). *Recent Trends in Education.*
43. Monroe, W.S. (ed). *Encyclopaedia of Educational Research* Revised edition. Macmillan, 1952.
44. Mukerji, S. N. *History of Education in India.* Acharya Book Depot., Boroda, 1955.
45. Nunn, T. P. *Education-Its Data and First Principles.* Edward Arnold Ltd., London, 1960.
46. Nurulla, Syed and Naik, J. P. *A History of Education in India* (during the British period) Macmillan, 1951.
47. Pillai, N. P. *The Educational Aims of Mahatma Gandhi.* Kalyanamandir Publications, Trivandrum, 1959.
48. Pires, E. A. (ed). *Experiment in Secondary Education.* Ministry of Education, New Delhi, 1956.
49. Premnath. *The Bases of Education.* S. Chand & Co., 1957.
50. Pritzkan, P. T. *Dynamics of Curriculum Improvement.* Prentice Hall, 1959.
51. Ragan, W. B. *Modern Elementary Curriculum.* The Dryden Press, 8th Printing, 1957.
52. Ramanathan, G. *Education from Dewey to Gandhi.* Asia Publishing House, Bombay, 1962.
53. Robbitt, J. F. *The Curriculum.* Houghton, 1958.
54. Robbitt J. F. *The Curriculum of Modern Education.* McGraw Hill Book Co., 1941.

55. Romine, Stephen, A, *Building the High School Curriculum.* Ronald, 1954.
56. Rosenbloom, P. C. (ed). *Modern viewpoints in the Curriculum.* McGraw Hill Book Co., 1964.
57. Ross, C.C. *Measurement in today's Schools.* Prentice Hall, 1954.
58. Ryburn, W. M. *The Progressive School.* Oxford University Press, Bombay, 1955.
59. Saiyidain, K. G. *Problems of Educational Reconstruction.* Asia Publishing House, Bombay, 1962.
60. Saylor, J. Galen and Alexander, William, M. *Curriculum Planning for better Learning and Teaching* Rinehart, 1951.
61. Siqueria, T. N. *Modern Indian Education.* Oxford University Press, Calcutta, 1960.
62. Smith, B. Othanel and others. *Fundamentals of Curriculum Development.* World Book Co., 1950.
63. Spears, Harold. *Curriculum Planning through in service Programmes.* Prentice Hall, 1957.
64. Stratemeyer, F.B. and others. *Guide to Curriculum for better living.* Teachers College, Columbia University.
65. Stratemeyer, F.B and others. *Developing a Curriculum for Modern Living.* Teachers College, Columbia University 1957.
66. Taba, Hilda. *Curriculum Development-Theory and Practice.* Harcourt Brace and World, New York, 1962.
67. Thornton, J. W. and Wright J. R. (ed) *Secondary School Curriculum.* Charles E. Merrill Books, Inc., Ohio, 1963.
68. Travers, R.M.W. *An Introduction to Educational Research.* 2nd Edition, Macmillan, 1964.
69. Unesco–*World Survey of Education.* 2nd edition, Switzerland, Vol. III, 1961.
70. Velu Pillai, T. K. *Travancore State Manual.* Vol. II.
71. Venable, T. C. *Patterns in Secondary School Curriculum.* Harper Bros., New York, 1958.
72. Whitehead, A. N. *The Aims of Education.* Williams and Norgate Ltd., London.
73. Whitney, F. L. *The Elements of Research.* Asia Publishing House, Bombay, 1961.

## B. Year books, Journals and Pamphlets


1. First year book of Education—A review of Education in India (1947–1961), Govt. of India, Delhi, 1961.
2. Educational Investigations in Indian Universities (1939–1961), NCERT, Delhi, 1963.
3. Review of Educational Research, Vol. XXX No. 3, American Educational Research Association, June 1960.
4. Review of Educational Research, Vol. XXX No. 5, AERA December 1960.
5. Review of Educational Research, Vol. XXX No. 3, AERA, June 1962.
6. Review of Educational Research, Vol. XXXIII No. 3, AERA, June 1963.
7. Journal of Educational Psychology, 29, 1948.
8. Journal of Educational and Psychology, Vol. XVIII No. 3 Baroda, October 1960.
9. Educational India, Vol. 32, No. 5, Masulipatom, November 1965.
10. Educational India, Vol. 32, No. 9, Masulipatom, March 1966.
11. The Education Quarterly, Ministry of Education, Govt. of India, March 1964.
12. The Education Quarterly, Ministry of Education, Govt. of India, June 1966.
13. Secondary Education, Ministry of Education, Govt. of India, April 1957.
14. Secondary Education, Ministry of Education, Govt. of India, October 1957.
15. Secondary Education, Govt. of India, January, March 1962.
16. The South Indian Teacher, Vol. XXXXX, No. 9, Madras, September 1966.
17. A hand book for teachers of Basic Schools, Ministry of Education, Govt. of India.
18. Circular–Our Academic Schools–Change in pattern-Education Department, Govt. of Travancore–Cochin, 1956.
19. Essentials of writing Research Reports–monograph–Centre for Advanced study in Education, Baroda, September, 1964.

20. Statement on the concept of "Falling Educational Standards", Forum of Educational Research and Studies, Kerala, No. 3' December 1963 to July 1964.
21. Standards in Secondary Education-Extension Service Department, Govt. Training College, Trivandrum, 1963.
22. Studies in Education. Publication No. 3, University Department of Education, Trivandrum, January 1965.
23. Guide Book-Dept. of Education, Govt. of Kerala, 63-64
24. " " " 64-65
25. " " " 65-66
26. List of High and Training Schools in Kerala State as on 15-6-1966. Govt. Press, Trivandrum, 1966.
27. Newsletter-Commonwealth Education Laison Committee, Vol. I, No. 4, London, March 1967.

## C. Reports

1. Administration Report, Dept. of Edn., Govt. Travancore, 1105 ME to 1124 ME
2. Administration Report, Dept. of Edn., Govt. of Cochin, 1108 ME to 1124 ME.
3. Administration Report, Dept. of Edn., Govt. of Travancore Cochin, 1949 to 1957.
4. Administration Report, Dept. of Edn., Govt. of Kerala, 1957 to 1963.
5. Report of the University Education Commission, Ministry of Education, Govt. of India, New Delhi, 1948.
6. Report of the Secondary Education Commission (1953), Govt. of India Press, New Delhi, 1958.
7. Report of the Travancore Education Reforms Committee, 1933.
8. Report (Interim) of the Indian Statutory Commission, September 1929, Calcutta, 1930.
9. Report of the Eighth Conference of the National Association of Teacher Educators held at Taradevi, 12 to 14, June 1965.
10. Report of the Travancore Education Reorganisation Committee, 1945.

11. Report of the Education Survey Committee-Govt. of Cochin, 1934.
12. Report of the Elementary Vernacular Education Committee, Govt. of Cochin, 1931.
13. Report of the Regional Seminar on Secondary Education 27-12-59 to 2-1-1960 held at Govt. Training College, Pudukottai, Madras.
14. Proceedings of the Second meeting of the All India Council for Secondary Education held at New Delhi, on the 11th January 1956.
15. An account of the first All India Seminar for Headmasters, Pamphlet No. 150, Ministry of Education, 1954.
16. Report of the Committee of the Secondary School Examination Council-Her Majesty's Stationery Office, 1959.
17. Interim Report of the Council of Curriculum Reform-The Content of Education-University of London Press, May 1946
18. Report of the Workshop for Paper Setters held at S. S. T. College of Music, Trivandrum (Sept. 2 to 11, 1966)
19. Report of the Education Commission (1964-66), Govt. of India Press, New Delhi, 1966.

## D. Syllabuses

1. Curriculum of Studies for boy's Schools—The Cochin Education Code, Vol. II, Cochin Govt. Press, 1922.
2. Revised Syllabus for English Schools, Travancore Education Department, 1932.
3. Syllabus for Secondary School Leaving Certificate Examination, Govt. of Travancore, 1936.
4. Revised Syllabi in Mathematics, Science and Formal Geography, 1936–37.
5. Curriculum of Studies for boy's Schools-The Cochin Education Code, Vol. II, Cochin Govt. Press, 1939.
6. Syllabi for Middle and High Schools-Govt. of Travancore, 1941.
7. Consolidated Syllabus, Govt. Press, Trivandrum, 1946.
8. Syllabi for Form IV, Unified Course of Studies, 1949–50

9. „ „ 1950-51
10. Syllabi for primary schools, Unified Course of Studies, 1951
11. Syllabi for Form VI, Unified Course of Studies 1951-52
12. „ „ 1952-53
13. Syllabi for Form V, Unified Course of Studies 1952-53
14. The Middle School Syllabus, Govt. of Travancore-Cochin, 1952-53.
15. Consolidated Syllabi for Primary, Middle and High Schools-Unified Course of Studies-Govt. of Travancore Cochin, 1954.
16. Syllabus for Form I to III, Reorganised Secondary School Course-Govt. Press, Madras, 1954.
17. Syllabus for Forms IV to VI, Subjects under the reorganised Secondary School Course, Govt. Press, Madras, 1954.
18. Draft Syllabus for Elementary School Course, Govt. of Travancore-Cochin, 1955.
19. Draft Syllabi for the High-School Course-First Year Form IV. Govt. of Travancore-Cochin, 1956.
20. Syllabi for the Elementary School in non-language subjects in classes 4 to 6, 1956.
21. Syllabi for Form IV in the three non-language-subjects, 1956.
22. Syllabi for Standard IX, Govt. of Travancore-Cochin, 1956.
23. Syllabi for lower and upper primary schools, standards I to VIII, Govt. of Travancore-Cochin, 1956.
24. Supplementary revised Syllabi-Standard IX,,Govt. of Kerala, 1957.
25. Syllabus for Std. X, Govt. of Kerala, 1957.
26. Syllabi for lower primary schools (Standards I to V), Govt. of Kerala, 1957.
27. Syllabi for Upper Primary Schools (Stds. VI to VIII), Govt. of Kerala 1957.
28. Revised syllabi for standard IX, Govt. of Kerala, 1957.
29. Draft Syllabuses for Higher Secondary Schools-All India Council for Secondary Education—1957.
30. Syllabi for Primary Classes-Standards I to VII, 1958.
31. Syllabus for Standards VIII and IX, 1958.
32. Syllabus for Standard X (S.S.L.C.), 1959.

7944



33. Revised Syllabi for Secondary Schools (Draft), 1960.
34. Syllabi for Basic Schools (7 years), 1960.
35. Syllabi for Primary Schools–Upper Primary Class, 1962.
36. Syllabi for Primary Schools–Lower Primary Schools, 1962.
37. Syllabi for Secondary Schools, 1962.
38. Draft Syllabi under the revised pattern of School Education for Standards I to XI–Supplement to Part II Section 3 of the Fort St. George Gazette, dated September 30, 1964.

## E

1. S.S.L.C. Question Papers in all examination subjects 1949 to 1966.
2. Text-books of high school classes in all school subjects 1949 to 1966.
3. Gazette notifications regarding prescription of text books.

PC Library & Research Center

PG Library & Research Center

# കേരളത്തിലെ പാഠ്യപദ്ധതിയും വിദ്യാഭ്യാസനിലവാരവും

ഡോക്ടർ കെ. ശിവദാസൻപിള്ള

'1934 മുതലിങ്ങോട്ട് കേരളത്തിലെ പ്രൈമറി, സെക്കന്ററി വിദ്യാലയങ്ങളിലെ പാഠ്യപദ്ധതിയിൽ വരുത്തിയ മാററങ്ങൾ വിദ്യാഭ്യാസനിലവാരത്തെ എങ്ങനെ ബാധിച്ചിരിക്കുന്നു' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഗവേഷണപ്രബന്ധമാണിത്. വിദ്യാഭ്യാസരംഗത്തെക്കുറിച്ച സമഗ്രമായ പരിശോധനയും അപഗ്രഥനവും ആണിതിൽ നിർവ്വഹിക്കപ്പെട്ടിരിക്കുന്നത്. പാഠപദ്ധതിയുടെ ഉള്ളടക്കം, സ്വീകരിക്കപ്പെടേണ്ട ബോധനരീതികൾ, സ്ഥാപിക്കപ്പെടേണ്ട വിദ്യാലയങ്ങളുടെ രീതി, ഓരോ കുട്ടിക്കും നല്കേണ്ട അറിവിന്റെ തോത് എന്നിവയെല്ലാം ചർച്ച ചെയ്യപ്പെടുന്നുണ്ട്. അതാതുകാലത്തു വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളിലുണ്ടായ മാററങ്ങൾക്കനുസൃതമായാണോ പരിഷ്കാരങ്ങൾ നടപ്പിലാക്കിയതെന്നും സിലബസിൽ വരുത്തിയ ഏററക്കുറച്ചിലുകൾ ന്യായയുക്തമായിരുന്നോ എന്നും മാററങ്ങളുടെ ഫലമായി നിലവാരം എങ്ങനെ ബാധിക്കപ്പെട്ടു എന്നും പരിശോധിക്കാൻ ഈ പഠനത്തിൽ ശ്രദ്ധിച്ചിട്ടുണ്ട്. കേരളത്തിലെ ആധുനികപാഠ്യപദ്ധതിയും അയൽ സംസ്ഥാനമായ തമിഴ്നാട്ടിലേതുമായി ഒരു താരതമ്യപഠനവും ഇതിലുണ്ട്. പാഠ്യപദ്ധതിയിലുണ്ടായിട്ടുള്ള മാററങ്ങൾ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്താൻ പര്യാപ്തമായിട്ടില്ലെങ്കിൽ നിലവാരം ആഗ്രഹത്തിനൊത്തുയർത്താനോ, ഇന്നുള്ളതിൽ താഴാതെ സൂക്ഷിക്കാനോ പര്യാപ്തമായ നിർദ്ദേശങ്ങൾ ഈ പഠനവിവരങ്ങളുടെ അടിസ്ഥാനത്തിൽ മുന്നോട്ടുവച്ചിട്ടുണ്ട്. ഗവേഷണപഠനത്തിലെ നിഗമനങ്ങളും അവയുടെ അടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങളും സാമാന്യജനങ്ങൾക്കുകൂടി ലഭ്യമാകാൻ ഈ കൃതി സഹായിക്കുന്നു.

വില 8·00

# കേരളത്തിലെ പാഠ്യപദ്ധതിയും വിദ്യാഭ്യാസ നിലവാരവും

371·20954
83

ഡോ. കെ. ശിവദാസൻപിള്ള

Indic Digital Archive Foundation
gpura.org